: 11 3254.1
...sa Iyer:
...ngram

MUL
171510

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number O:3H99:11 32J4.1

Accession Number 171510

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| 29 FEB 1960 | 24 JUN 1975 | | |
| 4 NOV 1960 | 15 DEC 1979 | | |
| 11 NOV 1960 | | | |
| 2 MAR 1961 | | | |
| 9 JUL 1962 | | | |
| 24 AUG 1964 | | | |
| 14 JUL 1967 | | | |

O. 61

# സൽക്കഥാസാഗരം

അഥവാ

# അത്താഴാനന്തരസല്ലാപം.

★

ഒന്നാം ഭാഗം.

(ഇംഗ്ലീഷിൽനിന്നും തർജ്ജിമ)

മൂലഗ്രന്ഥകർത്താ,

എ. എസ്. പഞ്ചാപകേശയ്യർ,

എം. എ., ഐ. സി. എസ്., എഫ്. ആർ. എസ്. എൽ.,

ബാർ-അററ്-ലാ.

UNIVERSITY LIBRARY
14 SEP 1955
MADRAS

★

പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

★

കാപ്പിറൈററ് പ്രകാശകരിൽ.

വില 1 രൂ. 12 ണ.

1130

171510
39499
0:3M99:11
32J4.1

UNIV... 14 SEP 1955 MADRAS

# സൽക്കഥാസാഗരം

അഥവാ

# അത്താഴാനന്തരസല്ലാപം.

## പ്രാചീനകഥകൾ.

### ൧. അസൂയയ്ക്കു് അടി.

വൃന്ദാവനത്തിലെ ഓമനക്കുട്ടനാണു ശ്രീകൃഷ്ണൻ. അവിടത്തെ ഗോപസ്ത്രീകളെല്ലാം ആ ഗോപകിശോരനെ അതിയായിസ്നേഹിച്ചു. ആ മായാമാനുഷനാൽ അപഹൃതമായ ചിത്തവൃത്തിയോടുകൂടിയവരായിത്തീൎന്ന ഗോപവധൂടികൾ, കൃഷ്ണനുമൊന്നിച്ചു് യമുനാതീരത്തിൽ ആടിയും പാടിയും ദിനാന്ത്യങ്ങൾ കഴിച്ചുകൂട്ടുക പതിവായിരുന്നു. തങ്ങളെത്തന്നെ മറന്നും കേവലാനന്ദത്തിൽ ആമജ്ജനം ചെയ്തും, കൃഷ്ണന്റെ വേണുഗാനം കേട്ടു് മദോന്മത്തരായും അവർ അവിടെ അധികനേരം കഴിച്ചുകൂട്ടി. തങ്ങളുടെ ഗൃഹം, പരിതഃസ്ഥിതി, ഭർത്താവു് എന്നുവേണ്ട തങ്ങളുടെ സ്വന്തം സന്താനം ഇവയെക്കൂടിയും അവർ മറന്നു.

ഇവരുടെ കൂട്ടത്തിൽ സുന്ദരി എന്നുപേരായ ഒരു ഗോപബാലിക ഉണ്ടായിരുന്നു. കിട്ടു എന്നുപേരായ ഭർത്താവും പത്മിനി എന്നുപേരായ അമ്മാവിയുംകൂടി ഈ സ്ത്രീ അടുത്തു് ഒരു ഗൃഹത്തിലായിരുന്നു താമസിച്ചിരുന്നതു്. ആ ഗൃഹം അധികമായ വായുസഞ്ചാരമുള്ള ഒന്നായിരുന്നില്ല. എന്നാൽ പഴകിയ വെണ്ണയുടേയും സമൃദ്ധമായ പാറ്റകളുടെയും ദുഷിച്ച ഗന്ധത്തിനും ഉണ്ടായിരുന്നില്ല കുറവൊന്നും. അവളുടെ ഭർത്താവു തടിച്ചുകൊഴുത്ത ഒരു പശുപാലൻ; പശുക്കളെ കറക്കുവാൻമാത്രംകൊള്ളാം. മറ്റു സുകുമാരകലകൾ ഒന്നിലും അവന്നു് ഒരുബോധവും ഇല്ല, രുചിയും ഇല്ല. അവന്റെ സ്വന്തംഭാൎയ്യയെക്കൂടി അനുരഞ്ജിപ്പിച്ചു സ്വാധീനമാക്കുന്നതിനുകൂടിയും അവൻ സമൎത്ഥനായിരുന്നില്ലെന്നു പറയാം. എങ്കിലും അവന്റെ ഭാൎയ്യയായ സുന്ദരിയാകട്ടെ, ഒരു ഹൈന്ദവസഹധൎമ്മചാരിണിയെപ്പോലെതന്നെ അവനെ ആത്മാൎത്ഥം സ്നേഹിച്ചുംപൂജിച്ചുംവന്നു

സായാഹ്നങ്ങൾതോറും യമുനാതീരത്തിൽ നടന്നുകൊണ്ടിരുന്ന നൎത്തനാദിവിനോദങ്ങളിൽ പങ്കുകൊള്ളുവാനായി, ഈ സുന്ദരിയും, അവളുടെ ഭൎത്താവിനേയും പശുക്കളേയുംമററും വിട്ടു് അങ്ങോട്ടുപോകപതിവാണു്. കിട്ടുവിന്നും പത്തുവിന്നും ഇതൊട്ടും രസമായില്ല. അതുകൊണ്ടു് അങ്ങനെ ചെയ്യരുതെന്നു് അവർ അവളോടു നിർബ്ബന്ധമായി പറഞ്ഞു. "എന്തൊരു ക്രൂരത്താണിതു്! ആ പട്ടവികൃതിക്കു നല്ല കുമയൽതന്നെ കൊടുക്കണം. നമ്മുടെയെല്ലാം നേതാവിന്റെ മകനാണെന്നുവച്ചു് അവന്നു് ഈവക നിൎമ്മൎയ്യാദകളെല്ലാം കാണിക്കാമോ!" എന്നിങ്ങനെ ഒരുദിവസം കിട്ടു, പത്തുവിനോടു ചോദിച്ചു. പത്തുവിന്നു് ഈ ചോദ്യം വളരെപത്ഥ്യമായി. അദ്ദേഹത്തിന്നു് ഞങ്ങളെക്കൊണ്ടൊന്നും ഒരുകാൎയ്യവും സിദ്ധിക്കുവാനില്ല. ഞങ്ങൾക്കാണു് അദ്ദേഹത്തെക്കൊണ്ടു കാൎയ്യമുള്ളതു്. ഒരു പശു അതിന്റെ ശരീരം ഒരു കല്ലിന്മേൽച്ചേൎത്തു് ഉരസുന്നതുകൊണ്ടു് ആ കല്ലിന്നു് വല്ല സുഖവും ഉണ്ടാകുന്നുണ്ടോ; ഇല്ല. കല്ലിന്നല്ല, പ്രത്യുത പശുവിന്നാണു് അതുകൊണ്ടുണ്ടാകുന്ന ഗുണം ഈ വള്ളങ്ങളെല്ലാം സഞ്ചരിക്കുന്നതുകൊണ്ടു യമുനയ്ക്കുണ്ടോ വല്ല പ്രയോജനവും. പ്രയോജനമെല്ലാം വള്ളങ്ങൾക്കല്ലേ?" എന്നായിരുന്നു സുന്ദരിയുടെ സമാധാനം. 'ഞങ്ങൾക്കു നിന്റെ വേദാന്തങ്ങൾ ഒന്നും കേൾക്കണ്ടാ. നീ അവിടെ പൊയ്ക്കോകരുതു് എന്നേ ഞാൻ ശാസിക്കുന്നുള്ളു' എന്നായി കിട്ടു. പിന്നെ അമ്മയോടായി:—'പിന്നെ്യ! അമ്മേ ആ കള്ളകൃഷ്ണനുണ്ടല്ലോ; അവൻ നമ്മുടെ വീട്ടിൽഎങ്ങും കടന്നുപോകരുതു്. അവൻ ഏതെങ്കിലും വേഷംകെട്ടി കടന്നുവരും. അതു് അമ്മ സൂക്ഷിച്ചുകൊള്ളണം. വേഷംമാററി ആളുകളെ തോല്പിക്കുവാൻ അവൻ ബഹുവിരുതനാണു്' എന്നു പറഞ്ഞു. അതിന്നു് അമ്മയുടെ സമാധാനം ഇങ്ങനെ ആയിരുന്നു:—"അതു ഞാൻ നോക്കിക്കൊള്ളാം കിട്ടു. അവന്റെ നയവഞ്ചനങ്ങളെല്ലാം എന്നോടാണോ പററുവാൻപോകുന്നതു്? ഞാൻ ഈ വാതിലിന്റെ പിന്നിൽ ഒളിച്ചിരുന്നേക്കാം. അവൻ എന്നോടു കളിക്കുവാൻവരുമ്പോൾ നല്ല വീക്കു് നാലു കൊടുത്തേയ്ക്കുന്നുണ്ടു്." ഇതുകേട്ടു സംതൃപ്തനായ കിട്ടു പശുക്കളേയുംകൊണ്ടു് അവിടെനിന്നു യാത്രയായി. പത്തു അകത്തുകടന്നു വാതിൽ അടച്ചു് ഒരു വലിയ വടിയുമായി വാതിലിന്റെ പുറകിൽ ഒളിക്കുകയും ചെയ്തു.

ഇതെല്ലാം തന്റെ ദിവ്യദൃഷ്ടികൊണ്ടു് കണ്ടറിഞ്ഞ ശ്രീകൃഷ്ണൻ ഉച്ചതിരിഞ്ഞു് ഏകദേശം മണി അഞ്ചു് ആകാറായപ്പോൾ കിട്ടുവിന്റെ രൂപം ധരിച്ചു്, അവന്റെ പശുക്കളുടെമാതിരിതന്നെയുള്ള പശുക്കളെ ഉണ്ടാക്കി, അവയെ തെളിച്ചുംകൊണ്ടു് കിട്ടുവിന്റെ വീട്ടു

വാതില്ക്കൽച്ചെന്നു മുട്ടി. പത്തു വാതിൽതുറന്നു് ആ കള്ളക്കുട്ടനേയും, അവന്റെ പശുക്കളേയും അകത്തുകടത്തിവിട്ടു.

കള്ളക്കിട്ടു:—"ആ കള്ളക്കൃഷ്ണൻ ഇങ്ങോട്ടെങ്ങാനും വന്നിരുന്നോ അമ്മേ!"

പത്തു:—"അവനോ! ഇങ്ങോട്ടു് എങ്ങാനോ? ഇല്ലേ ഇല്ല. ഞാൻ ഇന്നു മുഴുവനും ഇവിടെത്തന്നെ ഒളിച്ചിരിക്കുക ആയിരുന്നു. ഇവിടെ വന്നിട്ടുവേണം അവന്റെ തലമണ്ട അടിച്ചുടയ്ക്കാൻ. നീ അകത്തുപോയി വല്ലതും കഴിക്കു്; വിശക്കുന്നില്ലേ."

കള്ളക്കിട്ടു:—"പോകാം അമ്മേ! ആ കള്ളൻ അകത്തു് കടക്കാതെ സൂക്ഷിച്ചുകൊള്ളണേ. അവൻ ഏതുവേഷം കെട്ടുന്നതിനും അതിവിരുതനാണു്. അതിനുവേണ്ട കള്ളത്തരങ്ങളും ജാലവിദ്യകളുമെല്ലാം അവന്നറിയാം. ഈ പച്ചപ്പരമാൎത്ഥികളായ ഭൎത്താക്കന്മാരെല്ലാം മഹാപാവങ്ങൾ ആണു്. ഞങ്ങൾ എല്ലുമുറിയെ പണിചെയ്തു് ഉണ്ടാക്കുന്ന പണംകൊണ്ടു്, ഈ പെണ്ണുങ്ങൾക്കു്, നല്ല ആഹാരങ്ങളും വസ്ത്രങ്ങളും എല്ലാം വാങ്ങിക്കൊടുക്കുന്നു. എന്നിട്ടും അവൾക്കുണ്ടോ വല്ല നന്ദിയും? ഞങ്ങളൊക്കെ കേവലം നിസ്സാരന്മാരാണെന്നാണു് അവരുടെഭാവം. ആടുകയും പാടുകയും പരദാരങ്ങളെ പറഞ്ഞുവഞ്ചിച്ചുകൊണ്ടു ചാടുകയും ചെയ്യുന്ന വിരുതൻ വിടന്നാണു് അവർ അവരുടെ ആരോഗ്യത്തേയും സൌന്ദൎയ്യത്തേയും സമ്മാനിക്കുന്നതു്."

പത്തു—"മകനേ! നീ ഇതുകൊണ്ടൊന്നും പരിഭ്രമിക്കേണ്ട. അകത്തുപോയി നിന്റെ ഭാൎയ്യയുമായി വിനോദിച്ചു ഇരുന്നുകൊള്ളുക. ഞാൻ ഇവിടെത്തന്നെ കാത്തുനിന്നുകൊള്ളാം. ആ കള്ളൻ വരുമ്പോൾ വേണ്ടതുപോലെയെല്ലാം പ്രവൎത്തിക്കുകയുംചെയ്യാം."

കള്ളക്കിട്ടു ഇതുകേട്ടു്, അകത്തുപോയി, ഊണുകഴിച്ചു്, സുന്ദരിയുമായി അവളുടെ ഭൎത്താവിനെപ്പോലെതന്നെ, ഓരോ നൎമ്മസല്ലാപംചെയ്തുകൊണ്ടിരുന്നു സുന്ദരിക്കു തെല്ലുപോലും സംശയമേ ഉണ്ടായില്ല.

മണി ആറു് അടിച്ചു. യഥാൎത്ഥകിട്ടു, അവന്റെ പശുക്കളുമായി വന്നു. വാതിൽക്കൽമുട്ടി. പത്തു വാതിൽതുറന്നു. ആ മായക്കാരന്റെ സൂത്രങ്ങളാണു് ഇവയെല്ലാം എന്നു് ഉടനെ തീൎച്ചയാക്കിക്കഴിഞ്ഞു. വടിയെടുത്തു ചട ചടാ എന്നു് അടിയും തുടങ്ങി. "എട കള്ളാ! നീ എന്റെ കയ്യിൽ അകപ്പെട്ടുകഴിഞ്ഞു. യഥാൎത്ഥ ഭൎത്താക്കന്മാരുടെ കള്ളവേഷം കെട്ടിച്ചെന്നു്, അവരുടെ പതിവ്രതകളായ ഭാൎയ്യമാരെ ദുഷിപ്പിക്കുവാൻ ഞാൻ ഇനി നിന്നെ വിട്ടയയ്ക്കയില്ല."

അമ്മേ! ഇതുകേട്ടു് കിട്ടു പറയുകയാണു്, "അമ്മെ! ഞാൻ നിങ്ങ

ളുടെ മകൻ കിട്ടുവല്ലേ? നിങ്ങൾ എന്തിനാണ് എന്നെ ഇങ്ങിനെ അടിക്കുന്നതു്?"

"എന്റെ മകനോ?" പത്തു അടി വിടാതെ കൊടുത്തുകൊണ്ടു പറയുന്നു, "എന്റെ മകൻ കിട്ടു അകത്തുണ്ടു്. നീ വന്നു് ഏതൊരു സുന്ദരിയെ വശീകരിച്ചുകൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നുവോ, ആ സുന്ദരിയുമായി അവൻ അവിടെ വിനോദിച്ചുകൊണ്ടിരിക്കുന്നു. അവൻ വന്നതു് നിന്റെ വരവിനു മുമ്പായിപ്പോയതു ഭാഗ്യമായി."

"അവൻ കൃഷ്ണനായിരിക്കും, അമ്മേ!" കിട്ടു പരിഭ്രമിച്ചുകൊണ്ടു പറയുന്നു, "അമ്മേ! നിങ്ങൾ നിങ്ങളുടെ ഈ പാത്രക്കളെ അറിയുന്നില്ലയോ?"

"ഞങ്ങളുടെ പാത്രക്കളുംകൂടി അകത്തു കടന്നുപോയിട്ടുണ്ടു്. അവൻ വരുമ്പോൾ പാത്രക്കളേയും കൊണ്ടുവന്നിരുന്നു. നീ ഇപ്പോൾ വേറെ ഒരുകൂട്ടം പാത്രക്കളെ കപടമായി ഉണ്ടാക്കിക്കൊണ്ടുവന്നിരിക്കയാണു്. നിന്റെ ഈ വിദ്യകൾ ഒന്നും ഞാൻ അറികയില്ലെന്നാണോ നിന്റെ വിചാരം?"

പത്തു നിൎത്താതെപ്രഹരിക്കുന്ന പ്രഹരങ്ങൾഏററു് കിട്ടു വല്ലാതെ വിഷമിച്ചു:—"അമ്മേ! അമ്മയ്ക്കു് എന്റെ ശബ്ദം കേട്ടിട്ടുംമനസ്സിലാകുന്നില്ലേ. ഞാൻ അമ്മയുടെ മകൻ യഥാൎത്ഥകിട്ടുവാണു്. അകത്തുള്ളവനാണു കള്ളൻ."

പത്തു:—"നിന്റെ വിദ്യകൾ എല്ലാം എനിക്കു് അറിയാം. നീ എന്റെ സാധു കിട്ടുന്റെ ശബ്ദംകൂടെ സ്വാധീനമാക്കിയിരിക്കുകയാണു്."

പത്തുവിന്റെ അടികൊണ്ടു നിവൃത്തിയില്ലാതായി. "അയ്യോ! എന്നെ ജീവനോടുകൂടി വിട്ടയയ്ക്കുകയെങ്കിലും ചെയ്യണേ. എനിക്കു എന്റെ ഭാൎയ്യയും വേണ്ട, അമ്മയും വേണ്ട" എന്നിങ്ങനെ ഉറക്കെ നിലവിളിക്കുവാൻ തുടങ്ങി.

"ഞാൻ നിന്നെ അത്ര എളുപ്പമൊന്നും വിട്ടയയ്ക്കുകയില്ല. നോക്കിക്കോ. മാനവും മൎയ്യാദയുമായി കഴിഞ്ഞുകൂടുന്നവരുടെ വീടുകളിൽ ചെന്നുകയറി, അവിടെ എട്ടും പൊട്ടും തിരിച്ചറിയുവാൻ കഴിവില്ലാത്ത കൊച്ചുപെൺകുട്ടികളെ പറഞ്ഞു വശീകരിച്ചുകൊണ്ടുപോകുന്ന നിന്നെ അത്ര എളുപ്പം വിട്ടയയ്ക്കുകയോ?"

പത്തുവിന്റെ അടിക്കു സമാധാനം ഒന്നും ഉണ്ടാകുന്നില്ല. കിട്ടു വിഷമിച്ചു; ഒടുവിൽ, "അല്ലയോ ശ്രീകൃഷ്ണഭഗവാനേ! നിന്തിരുവടി നിസ്സഹായന്മാരുടേയും നിരപരാധികളുടേയും ബന്ധുവാണല്ലോ. എന്നെ രക്ഷിക്കണേ. എനിക്കു മിത്രമായി നിന്തിരുവടിയല്ലാതെമററാരുമില്ല. ഞാൻ സ്നേഹിക്കുകയും, അമ്മയെയെന്നപോലെ വിശ്വസിക്കുകയും ചെയ്ത ഈ 'മുത്തുക്കി'കൂടെ എനിക്കു ബന്ധുവാകുന്നില്ല."

എന്നിങ്ങനെ പ്രാൎത്ഥിക്കുകയായി. "എടാ ആരാമുതുക്കി? ഞാൻ നിൻെറമുതുക്കിയോ?" എന്ന ചോദ്യത്തോടുകൂടി പുറപ്പെട്ട പത്തുവൻെറ ലാത്തിപ്രയോഗം പൂൎവ്വാധികം ഉഗ്രമായിത്തീരുകയാണു് ഉണ്ടായതു്.

കിട്ടുവിൻെറ ഏവംവിധമുള്ള ദാരുണവിലാപംകേട്ടു് അങ്ങോട്ടു് ഓടിച്ചെല്ലുന്ന കൃഷ്ണനേയും സുന്ദരിയേയും നോക്കി പത്തു പറയുന്നു:—"മകനേ! കള്ളനെ പിടികിട്ടിപ്പോയി; അവനു് നല്ല കണക്കിൽക്കൊടുക്കുകയുംചെയ്തു. വേഗം വന്നു് നീയുംകൂടി ഈ കള്ളനു് നാലു് കൊടുത്തോ ഈ അഹങ്കാരി നിൻെറ അമ്മയെ 'മുതുക്കി' എന്നു് വിളിക്കുന്നതു് കേട്ടില്ലേ. കൊടുക്കു നല്ല കണക്കിനരണ്ടു്." ഇതുകേട്ടു് കിട്ടു:—"കൃഷ്ണ! അനാഥരക്ഷക! നിന്തിരുവടി തന്നെ അടിയനെ രക്ഷിച്ചുകൊള്ളണേ. ഞാൻ ഇനിമേൽ ഒരിക്കലും അസൂയാലുവും മറയനും ആയിരിക്കയില്ല" എന്നിങ്ങനെ വീണ്ടും പ്രാൎത്ഥിച്ചു. ഭഗവാൻ തൃപ്തനായി; തൻെറ സാക്ഷാൽ സ്വരൂപം സ്വീകരിച്ചു് പത്മിനിയോടു് ഇങ്ങനെ പറഞ്ഞു:—"അവനെ വിട്ടേയ്ക്കുക. അവനാണു് നിങ്ങളുടെ മകൻ സാക്ഷാൽ കിട്ടു. അവനെ ബാധിച്ചിരിക്കുന്ന അസൂയ, അല്ലെങ്കിൽ ദുശ്ശങ്ക എന്നഉഗ്രഭൂതത്തെ നിഷ്കാസനം ചെയ്യണം എന്നുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. ഞാൻ ഏതൊരുപ്രകാരം പ്രപഞ്ചത്തിനു് ആകമാനം പിതാവും, മാതാവും, സഹോദരനും, സഹോദരിയും, പുത്രനും, പുത്രിയും ആയിരിക്കുന്നുവോ അതുപോലെതന്നെ പ്രപഞ്ചത്തിനു് ഏകനായ ഭൎത്താവും ആയിരിക്കുന്നു. ഒരു പുത്രനു് എന്നോടുള്ള ഭക്തി അവൻെറ പിതാവിനോടുള്ള സ്നേഹത്തെ ഏതൊരുപ്രകാരം ബാധിക്കാതിരിക്കുന്നുവോ, അതുപോലെതന്നെ ഒരു സ്ത്രീക്കു് എന്നിൽ ഉണ്ടാകുന്ന പ്രേമം അവളുടെ ഭൎത്താവിലുള്ളപ്രേമത്തിനും ബാധകമായി നില്ക്കുന്നില്ല. ഈ അലൌകികപ്രേമം ലൌകികപ്രേമത്തിനു് ദാൎഢ്യവും മാഹാത്മ്യവും വൎദ്ധിപ്പിക്കുകകൂടെയാണു് ചെയ്യുന്നതു്. തങ്ങളുടെ ഭാൎയ്യമാരുടെ ശരീരവും മനസ്സും ആത്മാവുംകൂടിയും തങ്ങൾക്കു അധീനമായിരിക്കണം എന്നു് വിചാരിക്കുന്നവരാരോ അവർ കേവലം അജ്ഞന്മാരും അവിവേകികളും ആകുന്നു. സമസ്തവസ്തുക്കളിലും ഈശ്വരനു് ഒരുപങ്കുണ്ടു് എന്നും ഈശ്വരസാന്നിദ്ധ്യമില്ലാത്ത യാതൊന്നിനും അസ്തിത്വഭാവം ഉണ്ടായിരിക്കയില്ല എന്നും, ഈശ്വരനെ തടുക്കുവാനോ മടക്കുവാനോ യാതൊന്നിനാലും സാദ്ധ്യമല്ലെന്നും അവർ ധരിച്ചിരിക്കട്ടെ. ഹേ കിട്ടു! ഈ സതീരത്നത്തെ സൎവ്വാത്മനാ നിൻെറ സഹധൎമ്മചാരിണിയായി സ്വീകരിച്ചു് നീ അവളെ യഥായോഗ്യം ഉപചരിച്ചുകൊള്ളുക."

കിട്ടു ഇതുകേട്ടു്, ശ്രീകൃഷ്ണഭഗവാനെ ദണ്ഡനമസ്കാരംചെയ്തു.

ഭഗവാൻ അവനെ പിടിച്ചു് എഴുന്നേല്പിച്ചു് ആലിങ്ഗനം ചെയ്യുകയും, അവനെ അവന്റെ സർവ്വദുഃഖങ്ങളിൽനിന്നും നിവർത്തിപ്പിക്കുകയും ചെയ്തു.

"ഇവൻ എന്നെ മുതുക്കി എന്നു വിളിച്ചില്ലേ; എന്റെ മകൻ എന്നെ മുതുക്കി എന്നു് വിളിച്ചില്ലേ?" എന്നിങ്ങനെ പത്തു പിന്നേയും പിന്നേയും ജല്പിച്ചും അരിശംതുള്ളിയും നില്ക്കുന്നതുകണ്ടു് ഭഗവാൻ പറഞ്ഞു:—"ഹേ പത്മിനി! അതു് സാരമില്ല; നീ അതിനെ മറന്നുകളഞ്ഞേക്കണം. അവൻ സത്യരാജ്യകവാടം നിനക്കു് അല്പം തുറന്നുതന്നു എന്നു മാത്രമേ ഉള്ളു." ഭഗവാൻ പത്മിനിയെപ്പിടിച്ചു് ആശ്ലേഷിക്കുകയും അതോടുകൂടി ആ ഭാഗ്യവതിയായ ഗോപസ്ത്രീക്കു ശാന്തിയും സമാധാനവും കൈവരുത്തിക്കൊടുക്കുകയും ചെയ്തു. അവസാനമായി ഭഗവാൻ സുന്ദരിയെ ആലിംഗനംചെയ്തുകൊണ്ടു പറഞ്ഞതു് ഇങ്ങനെആയിരുന്നു:—"അയി ഭക്തേ! നിന്റെ ഭർത്തൃനേത്രങ്ങൾ ഇപ്പോൾ ഉന്മീലിതങ്ങളായിക്കഴിഞ്ഞിരിക്കുന്നു; മേലിൽ സുഖമായി ഇരുന്നുകൊള്ളുക"

ഇങ്ങനെ അവർ മൂന്നുപേരേയും അനുഗ്രഹിച്ചശേഷം ആ ഭക്തദാസൻ അവിടെ അന്തർദ്ധാനം ചെയ്തു.

---

## ൨. ധീരന്മാർമാത്രം.

---

കൗശികൻ സത്യനിഷ്ഠനായ ഒരു മഹർഷിയാണു്. കാര്യം എത്രതന്നെ ഗൗരവമേറിയതായാലും ശരി; എത്രതന്നെ നിസ്സാരമായതായാലും ശരി; ഫലം നന്മ ആയാലും ശരി; തിന്മ ആയാലുംശരി; ആ മഹർഷി സത്യംമാത്രമേ പറയുകയുള്ളു. ഈ സ്വഭാവവൈശിഷ്ട്യംനിമിത്തം അദ്ദേഹം തെല്ലൊരു അഹംഭാവികൂടെ ആയിത്തീർന്നു. മാത്രമല്ല, തന്നെത്താൻ "കൌശികസത്യവാദി" എന്നുംമറ്റും സാഹങ്കാരം അഭിസംബോധനചെയ്യുകൂടിയും പതിവായി. ഇങ്ങനെയിരിക്കെ ഒരുദിവസം ഇദ്ദേഹം തന്റെ പർണ്ണശാലയിൽ ധ്യാനനിഷ്ഠനായി ഇരിക്കുമ്പോൾ, അത്യന്തം ഭയാക്രാന്തനായ ഒരു വഴിയാത്രക്കാരൻ ആ വഴി ഓടിവന്നു് അടുത്തുള്ള ഒരു കുററിക്കാട്ടിൽ ഒളിച്ചിരിക്കുന്നതായി കണ്ടു. ചുററുപാടും അത്തരത്തിലുള്ള അനേകം കുററിക്കാടുകൾ ഉണ്ടായിരുന്നതുകൊണ്ടു് അവനെ അവിടെ കണ്ടുപിടിക്കുകയെന്നതു് അത്ര സുസാദ്ധ്യമായിരുന്നതുംഇല്ല.

അല്പസമയത്തിനകം എവിടുന്നോ ഒരു ഡസൻ കള്ളന്മാർ അവിടെ വന്നെത്തി അവനെ തിരയുകയായി കുണ്ടിലും കുളത്തിലും

മരത്തിലും മാർഗ്ഗത്തിലും എന്നുവേണ്ടാ സർവ്വത്ര തിരച്ചിൽതന്നെ. പക്ഷേ അതുകൊണ്ടൊന്നും ഒരു പ്രയോജനവും ഉണ്ടായില്ല. എന്നാൽ ഈ തിരച്ചിലിന്നിടയിൽ അവർക്ക് അവിടെ ഇരിക്കുന്ന കൌശികസത്യവാദിയെ കണ്ടെത്തുവാൻ സാധിച്ചു. ആളെ അറിഞ്ഞ ഉടനെ അവരിൽ പ്രമാണി അദ്ദേഹത്തോട് ചോദിക്കുകയാണ്:—"സ്വാമി! ഈവഴി വന്ന ഒരു യാത്രക്കാരനെ അങ്ങ് കാണുകയുണ്ടായോ? ഒളിച്ചിരിക്കുന്നത് എവിടെയാണവൻ? എന്തായാലും സത്യം മാത്രം സംസാരിക്കുന്ന ആളാണല്ലോ അവിടുന്ന്. പറഞ്ഞാട്ടെ"

ഇതു കേട്ട് കൌശികസത്യവാദി—ഇവിടെ ഞാൻ എന്താണ് വേണ്ടത്? സത്യം പറഞ്ഞാൽ ഈ പരമദുഷ്ടന്മാർ തീർച്ചയായും അവനെ പിടിച്ച് ഹിംസിക്കും. ഇല്ലെങ്കിലോ? ഞാൻ ഈ ജീവകാലം മുഴുവനും ദീക്ഷിച്ചതായ എന്റെ സത്യവ്രതത്തെ ഇവനുവേണ്ടി ബലികഴിക്കണം. ഇവനുവേണ്ടി കളവു പറഞ്ഞ് ഞാൻ എന്റെ നിഷ്ഠയെ ഭംഗം ചെയ്യേണ്ടതായ കാര്യം എന്തുണ്ട്." എന്നിങ്ങനെ വിചാരിച്ച് ആ തസ്കരപ്രമാണിയെ നോക്കി—"അവൻ, അതാ ആ വള്ളിക്കുടിലാരത്തിൽ ഇരിപ്പുണ്ട്" എന്നു പറഞ്ഞു. കേട്ടതുപകുതി, കേൾക്കാത്തതുപകുതി, അവർ ഓടിച്ചെന്ന് അവനെ ആ കാട്ടിൽനിന്ന് വലിച്ചു പുറത്തിട്ട് നിർദ്ദയം ഹിംസിക്കുകയും അവന്റെ കൈവശം ഉണ്ടായിരുന്ന ധനമെല്ലാം നിശ്ശേഷം അപഹരിച്ചെടുക്കുകയും ചെയ്തു. കൌശികൻ 'അരുത്, അരുത്' എന്ന് പല തവണ തടുത്തുനോക്കിയതുകൊണ്ടൊന്നും ഒരു പ്രയോജനവും ഉണ്ടായില്ല.

കുറെ ചെന്നപ്പോൾ ഈ കൌശികനും കാ[illegible]ക്ക് അധീനനായിത്തീർന്നു. എന്നാൽ ആഗ്രഹിച്ചും വിശ്വസിച്ചും ഇരുന്നതുപോലെ, സ്വർഗ്ഗത്തിലേയ്ക്കല്ല കൌശികൻ കല്പിക്കപ്പെട്ടത്. 'സത്യവാദികൌശികൻ' നരകത്തിൽ വീണ് കിടപ്പായി. അവിടെ കിടന്നുകൊണ്ട് കോപാവിഷ്ടനായ ആ ഋഷിവര്യൻ, നരകാധിപനായ യമധർമ്മരാജാവോട് ചോദിക്കുന്നു:—

കൌശികൻ:—"ഞാൻ ഇവിടെ വരുവാനുള്ള കാരണം?"

യമൻ:—"ആ വഴിയാത്രക്കാരൻ ഒളിച്ചിരുന്ന സ്ഥലം തസ്കരന്മാർക്ക് കാണിച്ചുകൊടുത്തതും അങ്ങനെ ആ വഴിയാത്രക്കാരന്റെ വധത്തിന് അങ്ങ് കാരണമായിത്തീർന്നതുംകൊണ്ട് പതിനായിരം സംവത്സരം നരകത്തിൽ കിടക്കണമെന്നാണ് കൃഷ്ണസ്വാമിയുടെ ആജ്ഞ."

കൌശികൻ:—"എന്ത്! സത്യം പറഞ്ഞതോ കുററം?"

യമൻ:—"അത് എന്നോടു ചോദിക്കേണ്ട കാര്യമല്ല. പറഞ്ഞത് കേൾക്കുക എന്നേ എനിക്കുള്ളു. അങ്ങേയ്ക്ക് ചോദിക്കുവാനു

ള്ളതെല്ലാം, വേണമെങ്കിൽ, സ്വാമിയോടുതന്നെ ചോദിച്ചു കൊള്ളണം"

കൌശികൻ വിട്ടില്ല; ആ ഋഷിപ്രമാണി കൃഷ്ണസന്നിധിയിൽ ചെന്നു ചോദിക്കുകയാണ്:—"പ്രഭോ! സത്യം പറഞ്ഞു എന്ന കാരണത്താൽ, എന്നെ പതിനായിരം കൊല്ലം നരകവാസത്തിൽ വിധിക്കുവാൻ ന്യായമെന്ത്? സത്യംതന്നെയല്ലേ ദൈവം. ഒരു ഋഷിക്കു വല്ല സംഗതിവശാലും സത്യമാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുവാൻ പാടുള്ളതാണോ?"

കൃഷ്ണൻ:—"അന്യായത്തെ തടുക്കുവാൻ ശക്തനായിരിക്കുന്നവൻ യാതൊരു കാരണവശാലും സത്യഭംഗം ചെയ്തുപോകരുത്. മററുള്ളവരുടെ കാര്യം അങ്ങനെയല്ല. ഈശ്വരൻ സർവ്വശക്തനും അന്യായത്തെ തടയുവാൻ സർവ്വഥാ ശേഷിമാനും ആയതുകൊണ്ടു് ഈശ്വരനു് ഏതു് അവസരത്തിലും സത്യം പറയാവുന്നതാണ്. എന്നാൽ അധർമ്മത്തെ തടുക്കുവാൻ സാധിക്കുന്നദിക്കിൽമാത്രമേ മനുഷ്യൻ സത്യവ്രതം അനുഷ്ഠിക്കേണ്ടതായുള്ളു. അധർമ്മത്തെ തടയുവാൻ ശേഷിയില്ലാത്ത സ്ഥലങ്ങളിൽ അവൻ സത്യം പറയുവാൻ വിസമ്മതിക്കുകയും അതുകൊണ്ടു് ഉണ്ടായേക്കാവുന്ന ഫലം എന്തുതന്നെയായാലും അതു് അനുഭവിക്കുവാൻ സന്നദ്ധനായിത്തന്നെ ഇരിക്കുകയും വേണം. നിങ്ങൾ സത്യം പറഞ്ഞാൽ അവർ അവനെ ഒളിവിൽനിന്നും പിടിച്ചു വലിച്ചു കൊണ്ടുവന്നു കൊന്നുകളയുമെന്നും, അവർ അങ്ങനെ ചെയ്യുമ്പോൾ, ആ അധർമ്മത്തെ തടുക്കുവാൻവേണ്ട ശക്തി നിങ്ങൾക്കു് ഉണ്ടായിരിക്കയില്ലെന്നും നിങ്ങൾക്കു നല്ലപോലെ അറിവുണ്ടായിരിക്കെ, ആ സാധു ഒളിച്ചിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ചു്, ഇത്രമാത്രം ദൃഢമായി സത്യവ്രതം ആചരിക്കേണ്ടതായ കാര്യം നിങ്ങൾക്കു് എന്തുണ്ടായിരുന്നു? നിങ്ങൾ മൗനംതന്നെ അവലംബിച്ചു് ഇരിക്കുകയല്ലേ വേണ്ടിയിരുന്നതു്. അവർ ഒരുപക്ഷേ നിങ്ങളെ പിടിച്ചു കൊല്ലുമായിരിക്കാം; ആകട്ടെ. നിങ്ങൾ മൌനം ദീക്ഷിച്ചിരുന്നുവെങ്കിൽ ആ കള്ളന്മാർക്കു്, ആ യാത്രക്കാരനെ കണ്ടുപിടിക്കുവാൻ സാധിക്കുമായിരുന്നില്ലല്ലോ. നിങ്ങൾ ഡംഭിനു മാത്രംവേണ്ടിയാണു സത്യം പറഞ്ഞതു്. അതിനുള്ള ശിക്ഷ ഇതുതന്നെയും ആകുന്നു. ധീരന്മാർക്കുമാത്രമേ എല്ലായ്പ്പോഴും സത്യം പറയുവാൻ സാധിക്കുകയുള്ളു."

കൌശികനെ വീണ്ടും നരകത്തിലേക്കുതന്നെ തള്ളി.

---

## ൩. ഓങ്കാരമുനി.

പണ്ട് ഒരു രാജ്യത്തിൽ അതിവിശിഷ്ടനായ ഒരു സന്ന്യാസി ഉണ്ടായിരുന്നു. അദ്ദേഹം സൎവ്വജ്ഞനാണെന്നായിരുന്നു സകലരുടേയും വിശ്വാസം ഈ സന്ന്യാസിയുടെ വിനയം, സത്യനിഷ്ഠ മുതലായ സൽഗുണങ്ങളെ പരിശോധിക്കുവാനായി ഒരുദിവസം ഈശ്വരൻ തന്നെ, ഒരു ബ്രാഹ്മണന്റെ വേഷത്തിൽ ആ സന്ന്യാസിയുടെ മുമ്പിൽ ചെന്ന് "അങ്ങയ്ക്കു്, ഈശ്വരനെപ്പററിയെല്ലാം എന്നെ പഠിപ്പിക്കാമോ?" എന്നു ചോദിച്ചു അതുകേട്ട് സന്ന്യാസി "ഓ! അതിനെന്താ പ്രയാസം?" എന്നുപറയുവാൻ തുടങ്ങുന്നവനെപ്പോലെ, സാഹങ്കാരം വായ് തുറന്നപ്പോൾ ആദ്യമായി "അ" എന്ന ഒരു ശബ്ദം പുറപ്പെട്ടു. അതേസമയംതന്നെ ഈശ്വരനെപ്പററിയുള്ളതെല്ലാം പറഞ്ഞുകൊടുക്കുവാൻ തന്നാൽ സാധിക്കുമോ എന്ന ഒരുസംശയവും അദ്ദേഹത്തിൽ ജനിക്കാതിരുന്നില്ല. അതിനാൽ ആ തുറന്ന വായ് അല്പമൊന്നു കൂട്ടുവാൻതുടങ്ങിയപ്പോൾ 'ഇ' എന്ന മററൊരു ശബ്ദംകൂടെ ജാതമായി. നിമിഷാന്തരത്തിൽ സംശയം പിന്നേയും വൎദ്ധിച്ചു എന്നുമാത്രമല്ല, അതോടുകൂടിത്തന്നെ വായ് നിശ്ശേഷം അടഞ്ഞുപോകുകയും ചെയ്തു. ആ സമയമുണ്ടായ ശബ്ദമാണ് 'ഉം' എന്നുള്ളതു്. ഇങ്ങനെ ആ സന്ന്യാസി, ഒന്നിനൊന്നു തുടൎച്ചയായി പുറപ്പെടുവിച്ച മൂന്നു ശബ്ദങ്ങളാണ് ആ, ഇ, ഉം എന്നുള്ളവ. ഇവചേൎന്നാണ് "ഓം" എന്നപ്രണവം ഉണ്ടായിരിക്കുന്നതു്.

ഈ പ്രണവശബ്ദധ്വനികേട്ടു മോഹിതനായും, ഈശ്വരനെപ്പററി ആ ബ്രാഹ്മണനെ പഠിപ്പിക്കുവാൻ തന്നെക്കൊണ്ടുസാധിക്കുമോ എന്നുള്ള സംശയാധിക്യത്താൽ മന്ദപ്രജ്ഞനായുംതീൎന്ന സന്ന്യാസി മൗനിയും ലജ്ജിതനും ആയി പിന്നെ തലകുനിച്ച് ഇരിക്കുകയാണു ചെയ്തതു്.

ഈശ്വരൻ ഈ സന്ന്യാസിയുടെ വിനയാതിരേകവും സത്യനിഷ്ഠയും കണ്ടു് അത്യന്തം സന്തുഷ്ടനായി, അവിടെ പ്രത്യക്ഷനായി നിന്നുകൊണ്ടു പറഞ്ഞു:—"അല്ലയോ മുനിവൎയ്യ! നീ ലജ്ജിതനായിരിക്കേണ്ട കാൎയ്യമില്ല. നിന്റെ മൗനം എനിക്കു് അതിയായ സന്തോഷം നൽകുന്നുണ്ടു്. ഇനിമേൽ "മുനി" എന്നതിനു "മഹൎഷി" എന്നുതന്നെ അൎത്ഥമായിരിക്കുന്നതാണു്. മാത്രമല്ല, തെററു പററിപ്പോയെങ്കിലോ എന്ന ഭയംനിമിത്തം, ഇനിമേൽ നിന്നെപ്പോലെയുള്ളവിദ്വാന്മാർ ആരുംതന്നെ മൌനം ദീക്ഷിക്കേണ്ടതായ ആവശ്യവും ഇല്ല. സത്യമാണെന്നു തങ്ങൾക്കു വിശ്വാസമുള്ളതിനെ, അവർ

ജിജ്ഞാസുക്കളായ ശിഷ്യന്മാൎക്ക് ഉപദേശിച്ചുകൊടുക്കട്ടെ. എല്ലാററിനുംമുമ്പിൽ, നീ ഇപ്പോൾ ഉച്ചരിച്ചതും ദിവ്യമായതും ആയ ഈ പ്രണവം, ഓം ചേൎത്തുകൊണ്ടാൽമാത്രം മതി. അതുമറെറല്ലാ ദോഷങ്ങളേയും ഇല്ലായ്മചെയ്തുകൊള്ളും.”

അതിന്നുശേഷം ഈ പ്രണവത്തെ ഭാരതത്തിൽ എങ്ങും ഏററവും മഹത്തായ ബീജമന്ത്രമായി കണക്കാക്കിപ്പോരികയാണ്. ഈശ്വരനെലക്ഷ്യമാക്കിയുള്ള എല്ലാ ഉപദേശങ്ങൾക്കും മുമ്പിൽ “ഓം” എന്നുചേൎത്ത് ഉപയോഗിച്ചുകൊള്ളണം. ഈശ്വരനെപ്പററി മാത്രമല്ല, ഏതിനെപ്പററിപ്രസ്താവിക്കുമ്പോഴും—ഈശ്വരൻ ഇല്ലാതെയാതൊന്നും ഇല്ലാത്തതുകൊണ്ട്—ഈ മൂലമന്ത്രംതന്നെ ചേൎത്ത് ഉപയോഗിക്കുന്ന പതിവുണ്ട്. ഈ മന്ത്രത്തിൻെറ അൎത്ഥം—“ഞാൻ ഇപ്പോൾ നിങ്ങളോടു പറയുവാൻ പോകുന്നത് ഒരുപക്ഷേ വളരെ അപൂൎണ്ണമായതായിരുന്നേക്കാം; ആത്യന്തികപരിശോധനയിൽ അതു ഒരുപക്ഷേ സാധുവായി പരിഗണിക്കപ്പെട്ടില്ലെന്നുംവരാം; ആദിമുനിയെപ്പോലെ, മൌനമായിരിക്കുന്നതുകൂടെ ഇതിനേക്കാളും ഭേദമാണെന്നുകൂടെയും വന്നേക്കാം. എന്നാൽ മനഃപൂൎവ്വമായി തങ്ങൾ സത്യമെന്നു വിചാരിക്കുന്നതിനെ ജിജ്ഞാസുക്കളായ ശിഷ്യന്മാൎക്ക് ഉപദേശിച്ചുകൊടുക്കണമെന്ന് ഈശ്വരൻതന്നെ ഞങ്ങളോട് ആജ്ഞാപിച്ചിട്ടുണ്ട്. അതിനെ ആധാരമാക്കി ഇപ്പോൾ ആ മൌനത്തെ ഭഞ്ജനംചെയ്യുന്നു എന്നേയുള്ളു.”

---

## ൪. പൊതുവിലുള്ള ദുഃഖം.

പൂരുവംശത്തിലെ സാധുവൃത്തനായ ഒരു മഹാരാജാവായിരുന്നു ദുഷ്യന്തൻ. ഇദ്ദേഹം ഒരിക്കൽ ഒരു ഋഷ്യാശ്രമത്തിൽവച്ച് സൎവ്വാംഗസുന്ദരിയായ ശകുന്തളയെ കാണുവാൻസംഗതിയായി. ഈ യുവതീയുവാക്കന്മാർ തൽക്ഷണംതന്നെ പ്രേമപാശത്താൽ ദൃഢവേഷ്ടിതരായിത്തീൎന്നു എന്നു മാത്രമല്ല, അവരുടെ ആ പ്രേമബന്ധം അചിരേണ ഗാന്ധൎവ്വവിവാഹത്തിൽ പൎയ്യവസാനിക്കുകയും ചെയ്തു. ഇങ്ങനെ ഇരിക്കെ ഒരുദിവസം ഈ നവദമ്പതികൾ അന്യോന്യാനുരാഗത്താൽ മതിമറന്നും, ബാഹ്യലോകത്തെ കേവലം വിസ്മരിച്ചും ലീലാവിനോദങ്ങളിൽ സ്വച്ഛന്ദം വിഹരിച്ചുകൊണ്ടിരിക്കുമ്പോൾ, ക്ഷുത്തുകൊണ്ടും പിപാസകൊണ്ടും ആൎത്തനായ ദുൎവ്വാസസ്സ് മഹൎഷി ആതിത്ഥ്യകാമനായി ആശ്രമദ്വാരത്തിൽഎത്തിച്ചേൎന്നു. അപ്പോൾ

ശകുന്തളയുടെ വളൎത്തച്ഛനായ കണ്വൻ ആശ്രമത്തിലില്ലാതിരുന്ന കാലമായതിനാൽ ദുൎവ്വാസസ്സിനെ സ്വീകരിക്കേണ്ടതും അദ്ദേഹത്തിന് ആതിഥ്യം ചെയ്യേണ്ടതും ശകുന്തളയുടെ ഗൃഹജോലികളിൽ ഉൾപ്പെട്ടവ ആയിരുന്നു. എന്നാൽ, ശകുന്തളയാകട്ടെ തന്റെ നവ്യപ്രേമപ്രസൂതിദശയിൽ ദുൎവ്വാസസ്സിന്റെ ആഗമനകഥ അറിഞ്ഞതേയില്ല. നവദമ്പതികളുടെ ഈ താരുണ്യാന്ധമായ താണ്ഡവത്തിൽ അവരെ അലട്ടണമെന്നു ദുൎവ്വാസസ്സും വിചാരിച്ചില്ല. എങ്കിലും അകാരണകോപമൂൎത്തിയായ ആ ഋഷിപുംഗവൻ വിശപ്പിനും ദാഹത്തിനും ഉപശാന്തിനേടാതെ മടങ്ങിപ്പോകുമ്പോൾ ആ ദമ്പതികളെ ഒന്നു ശപിക്കാതെയും ഇരുന്നില്ല. "എനിക്കു ശകുന്തളയുടെ സാഹായ്യം ആവശ്യമായിവന്ന അവസരത്തിൽ ശകുന്തള എന്നെ അനുസ്മരിക്കാതിരുന്നതുപോലെ, ശകുന്തള ദുഷന്തന്റെ സാഹചൎയ്യം അഭ്യൎത്ഥിക്കുന്ന അവസരത്തിൽ ദുഷന്തൻ ശകുന്തളയേയും അനുസ്മരിക്കാതിരിക്കട്ടെ" എന്നു ശകുന്തളയേയും "ദുഷന്തൻകാരണം ഞാൻ ഇന്നു ക്ഷുധാൎത്തനായിരിക്കുന്നതുപോലെ അന്ന് അപത്യംനിമിത്തം ദുഷന്തനും ആൎത്തനായിത്തീരട്ടെ" എന്നു ദുഷന്തനേയും ശപിച്ചുകൊണ്ടാണ് അദ്ദേഹം യാത്രയായതു്.

കണ്വമഹൎഷി മടങ്ങിവന്നതിനുശേഷം ശകുന്തളയെ രാജകൊട്ടാരത്തിലേയ്ക്കു് അയയ്ക്കുമ്പോൾ, യഥായോഗ്യം, രാജമഹിഷിയായി അവളെ സ്വീകരിച്ചുകൊള്ളാം എന്നു വാഗ്ദാനം ചെയ്തുകൊണ്ടാണ് ദുഷന്തൻ തന്റെ തലസ്ഥാനനഗരിയായ ഹസ്തിനപുരത്തിലേയ്ക്കു് മടങ്ങിയതു്. ശകുന്തളയ്ക്കു് അപ്പോൾ ഗൎഭമുണ്ടായിരുന്നു; എങ്കിലും ആ കഥ രാജാവിനോ, ശകുന്തളയ്ക്കുതന്നെയോ അറിവുണ്ടായിരുന്നില്ല. രാജാവു് ആശ്രമംവിട്ടു പോകുമ്പോൾ; തന്റെ വാഗ്ദാനത്തിന്റെ സജീവപ്രമാണമായി, രാജസദസ്സിൽ കാണിക്കുവാൻ രാജാവു തന്റെ തിരുനാമാങ്കിതമായ മുദ്രമോതിരംകൂടെ ശകുന്തള കയ്യിൽ കൊടുത്തിരുന്നു.

താതകണ്വൻ മടങ്ങിയെത്തി; ശകുന്തളമുഖാന്തിരംതന്നെ അവളുടെ വിവാഹവൎത്തമാനം മുഴുവനും അദ്ദേഹം ഗ്രഹിച്ചു. യഥാകാലം ശകുന്തള ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. പിന്നീടു ഭരതൻ എന്നപേരിൽ പുരാണപ്രസിദ്ധനായിത്തീൎന്ന രാജപുംഗവൻ ഈ ശകുന്തളാപുത്രനല്ലാതെ മററാരുമല്ല

അല്പം മാസങ്ങൾക്കുശേഷം ശകുന്തളയേയും ശകുന്തളാപുത്രൻ ഭരതനേയും, കണ്വമഹൎഷി, തന്റെ ഏതാനും ശിഷ്യന്മാരുമൊന്നിച്ചു് രാജസന്നിധിയിലേയ്ക്കു് അയച്ചു. മാൎഗ്ഗമദ്ധ്യേ ശകുന്തള പ്രഭാസതീൎത്ഥത്തിൽ ഇറങ്ങി വെള്ളംമുക്കി മുഖക്ഷാളനംചെയ്തുകൊണ്ടിരുന്ന സമയം, രാജാവിനാൽ കൊടുക്കപ്പെട്ടതും ശകുന്തളയുടെ അംഗു-

ലിയിൽ അണിഞ്ഞിരുന്നതുമായ മുദ്രമോതിരം, ആ മൃദുകരാംഗുലിയെ വെടിഞ്ഞു് ആ വെള്ളത്തിൽ ചാടി താണുപോയി. ഒരുമത്സ്യം ആ മോതിരത്തെ കൊത്തിവിഴുങ്ങുകയും, ആ വഴി ആ മോതിരം നഷ്ടപ്പെട്ടുപോകുകയുമാണുണ്ടായതു്.

രാജസന്നിധിയിൽ ചെന്നപ്പോൾ, ദുർവ്വാസസ്സിന്റെ ശാപവും മുദ്രമോതിരത്തിന്റെ തിരോധാനവും നിമിത്തം, ദുഷ്ഷന്തമഹാരാജാവിനു ശകുന്തളയെയാകട്ടെ, അവളുടെപുത്രനെയാകട്ടെ പണ്ടുകണ്ട പരിചയംപോലും തോന്നിയില്ല. ശകുന്തളയുടെ അനിതരവനിതാസാധാരണമായ സൌന്ദര്യവും, ഭരതന്റെ അന്യാദൃശമായ കോമളിമയുംകണ്ടു് ദുഷ്ഷന്തൻ അപഹൃതചിത്തനായിത്തീർന്നു എന്നു വരികിലും, ആര്യപ്രഭാവനായ ആ രാജശിഖാമണി, തന്റേതല്ലാത്തതിനെ തന്റേതാണെന്നു് അവകാശവാദം ചെയ്യുവാനോ, നിഷ്കളങ്കമഹിമാവോടുകൂടിപ്രശോഭിക്കുന്ന തന്റെ വംശതരുവിൽ, സന്ദർഭവശാൽ കൈവന്നിട്ടുള്ള ഇത്തിൾക്കണ്ണിയെ ഒട്ടിച്ചുചേർക്കുവാനോ സന്നദ്ധനായില്ല. അതിനാൽ തന്നാൽ കേവലം വിസ്മരിക്കപ്പെട്ടവരായിത്തീർന്ന അവർ, 'ശകുന്തളയും ഭരതനും' ആ രാജാധിരാജനാൽ പരിത്യജിക്കപ്പെട്ടവരായും തീർന്നു. ഇങ്ങനെ അപമാനിതയും, ദുഃഖിതയും, ശപിക്കപ്പെട്ടവളും ശാസിക്കപ്പെട്ടവളും ആയിത്തീർന്ന ശകുന്തള ഭരതനോടുകൂടി, ഗത്യന്തരമില്ലാതെ, ഭരദ്വാജാശ്രമത്തിലേയ്ക്കു തിരിച്ചുപോകുകയാണു് ഉണ്ടായതു്.

ദുഷ്ഷന്തമഹാരാജാവും മഹാദുഃഖിതനായിത്തന്നെ തീർന്നിരിക്കുന്നു. പുത്രനില്ലാത്ത ദുഃഖംകൊണ്ടും ഭരതനെ ഉപേക്ഷിച്ചതുകൊണ്ടുണ്ടായ ഖേദംകൊണ്ടും ആ രാജശ്രേഷ്ഠന്റെ ഹൃദയം യഥാർത്ഥത്തിൽ വെന്തു് ഉരുകുകതന്നെയായി. ഇങ്ങിനെ ഇരിക്കെ ഒരു ദിവസം മഹാരാജാവു തന്റെ ആസ്ഥാനമണ്ഡപത്തിൽ എഴുന്നള്ളി. അവിടെ ചിന്താകുലനായും ദുഃഖാക്രാന്തനായും ഇരിക്കുമ്പോൾ പ്രധാനമന്ത്രി പ്രവേശിച്ചു്, ആ രാജ്യത്തിലെ ഒരുവലിയവണിഗ്വരൻ മരിച്ചുപോയിരിക്കുന്നു എന്നും അദ്ദേഹത്തിനു ഗർഭവതിയായ ഒരു ഭാര്യയല്ലാതെ മററാരും അവകാശികളായി ഇല്ലെന്നും അതിനാൽ ആ വണിഗ്വരന്റെ സ്വത്തെല്ലാം, രാജ്യത്തിലെ വ്യവസ്ഥിതനിയമപ്രകാരം രാജാവിനു ചേരേണ്ടതാണെന്നും അറിയിച്ചു.

"ആ ഗർഭസ്ഥനായ ശിശുവിന്റെ ഗതി എന്താണു്?" എന്നായി ദുഷ്ഷന്തമഹാരാജാവു്.

"പൊന്നുതിരുമേനി!" മന്ത്രി അറിയിക്കുന്നു, "ഭൂജാതനാകുന്ന സമയം ജനയിതാവു ജീവിച്ചിരിപ്പില്ലാത്തശിശുവിനു പിതാവിന്റെ യാതൊരു സ്വത്തിനുംഅവകാശമില്ലെന്നാണു വ്യവസ്ഥിതനിയമം."

“ഭൂജാതരാകാത്തകുട്ടികളുടെ ശത്രുവായിത്തന്നെ ഞാൻ എന്നും ഇരുന്നുകൊള്ളണമെന്നോ? ഇല്ല; അതുപാടില്ല. ‘ഭൂജാതരാകാത്ത എല്ലാ കുട്ടികളുടേയും പിതാവു രാജാവാകുന്നു’ എന്നു് ഇക്ഷണം പ്രഖ്യാപനംചെയ്യട്ടെ. അപ്പോൾ അച്ഛന്റെ മരണശേഷം ജനിക്കുന്ന എല്ലാ പുത്രന്മാൎക്കും, അവരുടെ ജനനസമയത്തു ജീവിച്ചിരിക്കുന്ന ഒരു പിതാവു് ഉണ്ടായിരിക്കുന്നതും ആ കുട്ടികൾ പിതൃസ്വത്തിനു് അവകാശികളായിരിക്കുന്നതും ആണല്ലൊ.”

അന്നു രാത്രി ആ പ്രധാനമന്ത്രി തന്റെ ഭാൎയ്യയോടു പറയുകയാണു്:—“ഇങ്ങനെ ഭരതരാജകുമാരൻനിമിത്തം എല്ലാ ഭാരതകുമാരന്മാരും അനുഗൃഹീതരായിത്തീൎന്നു. പൊതുവിൽ ഉണ്ടാകുന്ന ദുഃഖം സമസ്തലോകത്തേയും ഏകോപിക്കുന്നു”

## ൫. ശുകന്റെ ശിഷ്യൻ.

വംശവിശ്രുതനായ ശുകബ്രഹ്മൎഷി മിഥിലാപട്ടണപ്രാന്തത്തിൽ ഉണ്ടായിരുന്ന തന്റെ ആശ്രമത്തിൽവച്ചു ജനകമഹാരാജാവിനും മററു് അഞ്ചു ബ്രാഹ്മണശിഷ്യന്മാൎക്കും ജ്ഞാനോപദേശം ചെയ്തുകൊണ്ടിരുന്നു. ജനകമഹാരാജാവു വല്ല കാരണവശാലും പഠനത്തിനുവരുവാൻ അല്പം താമസിച്ചുപോയാൽ, ഗുരുവൎയ്യൻ ആ ശിഷ്യനുവേണ്ടി അല്പസ്വല്പം സമയം കാത്തിരിക്കുക പതിവാണു്. എന്നാൽ ഈ സൗജന്യം മറെറാരു ശിഷ്യനോടും കാണിച്ചിരുന്നതും ഇല്ല. മാത്രമല്ല; ആദ്ധ്യാത്മികവിഷയമായ സംഭാഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ, ആ ക്ഷത്രിയശിഷ്യന്റെ മുഖത്തുതന്നെ പലപ്പോഴും നോക്കിക്കൊണ്ടിരിക്കും. ഇതും ഒരു പ്രത്യേകതയായിത്തന്നെയാണു് മററുള്ള ശിഷ്യന്മാരാൽ ഗണിക്കപ്പെട്ടതു്. ഒരുദിവസം ആ ബ്രാഹ്മണശിഷ്യന്മാർ അന്യോന്യം ഇങ്ങനെ പിറുപിറുക്കയായിരുന്നു. “നമ്മുടെ ഗുരുനാഥൻ ഒരുപാടു വേദാന്തമെല്ലാം പറയുന്ന ആളാണല്ലോ പണവും പ്രതാപവും എല്ലാം നിസ്സാരങ്ങളാണെന്നും, അവയെ അലക്ഷ്യമാക്കിത്തന്നെ തള്ളണമെന്നും അദ്ദേഹം പലപ്പോഴും പറയാറുള്ളതല്ലെ. എന്നാൽ അനുഭവത്തിൽ അദ്ദേഹവും മററുള്ള സാധാരണക്കാരുംതമ്മിൽ യാതൊരുവ്യത്യാസവുമില്ല. അദ്ദേഹം ജനകനുവേണ്ടിമാത്രം കാത്തിരിക്കുന്നതു് കാണാറില്ലേ; ജനകനെ ലക്ഷ്യമാക്കിമാത്രം ഉപദേശിക്കുന്നതു കേൾക്കാറില്ലേ. ഇങ്ങിനെയെല്ലാം ചെയ്യുന്നതു ജനകൻ രാജാവായതുകൊ-

ങ്ങളും, വിലപിടിച്ച സമ്മാനങ്ങൾ എല്ലാം കൊടുക്കുവാൻ ശേഷിയുള്ള ആളായതുകൊണ്ടും അല്ലയോ? പ്രത്യുത, നമ്മൾ വെറും പാവങ്ങളായ ബ്രാഹ്മണർ, നിസ്സാരന്മാർ.” തന്റെ ബ്രാഹ്മണശിഷ്യന്മാരുടെ ഏവംവിധമുള്ള സംഭാഷണം ശുകബ്രഹ്മർഷി മറവിൽ ഇരുന്നു കേൾക്കുന്നുണ്ടായിരുന്നു. ഈ പക്ഷഭേദത്തിന്റെ യഥാർത്ഥകാരണം ഇന്നതാണെന്നു് അവൎക്കു മനസ്സിലാക്കിക്കൊടുക്കണം എന്നു് അദ്ദേഹം നിശ്ചയിച്ചു. അടുത്ത ഒരു ദിവസം ബ്രഹ്മത്തിന്റെ സ്വഭാവത്തെപ്പററി ഒരു സംഭാഷണം തുടങ്ങി. സംഭാഷണമദ്ധ്യേ, അദ്ദേഹം അദ്ദേഹത്തിന്റെ ദിവ്യശക്തികൊണ്ടു് മിഥിലാപുരി മുഴുവനും കത്തിക്കാളുന്നതായി ശിഷ്യന്മാൎക്കു തോന്നിക്കുകയും ചെയ്തു.

ശുകൻ പറയുകയായിരുന്നു:—‘പ്രപഞ്ചമാസകലം ബ്രഹ്മമയമാണു്. ബ്രഹ്മത്തിൽനിന്നു പ്രപഞ്ചം ഉത്ഭവിക്കുന്നു; അതിൽത്തന്നെ പ്രപഞ്ചം നിലനില്ക്കുന്നു; അതിൽത്തന്നെ പ്രപഞ്ചം വിലയം പ്രാപിക്കുകയുംചെയ്യുന്നു. വിദ്വാനായവൻ അവന്റെ ഇന്ദ്രിയങ്ങളെ അവന്റെ മനസ്സിലും, അവന്റെ മനസ്സിനെ അവന്റെ ബുദ്ധിയിലും, അവന്റെ ബുദ്ധിയെ അവന്റെ ജീവാത്മാവിലും, അവന്റെ ജീവാത്മാവിനെ പരമാത്മസ്വരൂപമായ ബ്രഹ്മത്തിലും യഥാക്രമം വിലയം ചെയ്യിച്ചുകൊള്ളട്ടെ. ഗംഗാ, സിന്ധു, ബ്രഹ്മപുത്രാ എന്നീ നദികൾ മഹാസമുദ്രത്തിൽപ്പതിച്ചു സ്വന്തം അസ്തിത്വത്തെ നാമാവശേഷമാക്കിത്തീൎക്കുന്നതുപോലെ, അവൻ അവന്റെ ജീവാത്മാവിനെ പരമാത്മാവിൽ ലയിപ്പിച്ചു് അവന്റെ സ്വന്തം അസ്തിത്വത്തേയും നാമാവശേഷമാക്കിച്ചെയ്യട്ടേ.”

ഈ സംഭാഷണവിഷയത്തിൽ ബദ്ധശ്രദ്ധരല്ലാതിരുന്ന ബ്രാഹ്മണശിഷ്യന്മാൎക്കു്. കത്തിക്കാളുന്ന മിഥിലാപുരി പെട്ടെന്നു ദൃഷ്ടിഗോചരമായിത്തീൎന്നു.

“മിഥില കത്തുന്നേ! മിഥില വെന്തു് എരിയുന്നേ!” എന്നിങ്ങനെ അവർ അന്യോന്യം പിറുപിറുക്കുകയായി.

“എന്റെ നല്ല മാൻതോലു കത്തിപ്പോകും, ഓടിച്ചെന്നു് അതിനെ എങ്ങിനെയെങ്കിലും രക്ഷിക്കണം” എന്നായി ഒരാൾ.

“എന്റെ സോമൻ” എന്നായി മറേറവൻ.

“എന്റെ ശംഖെ! ശംഖ്!” എന്നായി വേറെ ഒരാൾ.

“അയ്യോ എന്റെ കമണ്ഡലു” എന്നു നാലാമൻ.

“എന്റെ മരവിരിയും ഓലക്കെട്ടും!” എന്നു് അഞ്ചാമൻ ധൃതഗതിയിൽ ഒരു ഗൂഢാലോചന നടത്തി എല്ലാവരുംകൂടി ഇങ്ങനെ നിശ്ചയിച്ചു:—“ഇവിടെനിന്നു മെല്ലെ ചാടിപ്പോയി കിട്ടുന്നതിനെ രക്ഷിക്കണം. നമ്മൾ പോയാലൊന്നും, തന്നെത്താൻ മറന്നു സംസാരിച്ചുകൊണ്ടിരിക്കുന്ന ഗുരുനാഥൻ അറിയുകയില്ലേ.”

ഓരോരുത്തരായി ബ്രാഹ്മണശിഷ്യന്മാർ അഞ്ചുപേരും കടന്നു; ഒടുവിൽ ശുകദേവനും ജനകനുംമാത്രം ശേഷിച്ചു അതുകണ്ടു്, തൻെറ ഉപദേശത്തിൽ അനുസ്യൂതം ബദ്ധശ്രദ്ധനായിരിക്കുന്ന ജനകനോടായി ശുകൻ പറയുന്നു.

ശുകൻ—"ഹേ രാജൻ! മിഥിലാപുരിയിതാ കത്തിക്കാളുന്നു അങ്ങയുടെ സതീർത്ഥ്യന്മാരെല്ലാം അവരവരുടെ സാമാനങ്ങൾ രക്ഷിക്കുവാനായി പോയിക്കഴിഞ്ഞു. അങ്ങയുടെ സ്വത്തുക്കൾ രക്ഷിക്കുവാനായി അങ്ങയ്ക്കും പോകേണ്ടയോ? അതിലേയ്ക്കായി ഞാൻ എൻെറ സംഭാഷണം നിറുത്തിക്കളയുകയല്ലേ ഭേദം?"

ഇതുകേട്ടു ഒന്നുമന്ദഹസിച്ചുകൊണ്ടു ജനകൻ—"എനിക്കുസ്വത്തു് അനവധിയാണു്. എന്നാൽ അവ ഒന്നുംതന്നെ മിഥിലയിൽ ഇല്ല. ജനകൻെറ വിലപിടിച്ച സ്വത്തെല്ലാം ജനകനിൽത്തന്നെയാണു് ഇരിപ്പു്. അല്ലാതെ ജനകനിൽനിന്നു് പുറത്തു് ഒന്നുംതന്നെ ഇല്ല. മിഥിലവെന്തുപോയാൽ അതുകൊണ്ടു ജനകനു് ഒന്നും വരാനില്ലാം. അതിനാൽ പൂജ്യപാദനായ ഗുരോ! ദയയുണ്ടായി സംഭാഷണം തുടന്നാലും."

ഇതുകേട്ടുശുകനും മെല്ലെയൊന്നുപുഞ്ചിരിയിട്ടുകൊണ്ടു് വീണ്ടും സംഭാഷണം തുടങ്ങി. ഒടുവിൽ അദ്ദേഹം ആ സംഭാഷണം അവസാനിപ്പിച്ചതു് ഇങ്ങനെ ആയിരുന്നു:—"അവൻ ശ്രോത്രത്തിൻെറ ശ്രോത്രവും, നേത്രത്തിൻെറ നേത്രവും, ജിഹ്വയുടെ ജിഹ്വയും,മനസ്സിൻെറ മനസ്സും, ആത്മാവിൻെറ ആത്മാവും ആകുന്നു. അവൻ ശബ്ദ,സ്പർശ, രസ, ഗന്ധ, രൂപഭേദങ്ങൾക്കും, ബുദ്ധിക്കുകൂടിയും അതീതനാണു്. അജ്ഞാനത്താൽ ആവൃതനായും, എന്നാൽ തങ്ങൾ വിദ്വാന്മാരും സമർത്ഥന്മാരും ആണെന്നു് സ്വന്തമനസ്സിൽ വിശ്വസിച്ചും ഇരിക്കുന്ന അജ്ഞാനിയാണു്, സംശയഗ്രസ്തനായി ദുഃഖം അനുഭവിക്കേണ്ടിവരുന്നതു്. സൂര്യൻെറ അസ്തിത്വത്തെപ്പററി ഒരു ജന്മാന്ധനു് ഉണ്ടാകാവുന്ന സംശയംപോലെയുള്ള സംശയങ്ങൾ ആണു് അവനെ പിടികൂടുക. അവരാകട്ടെ, അവരുടെ ഈവക സംശയങ്ങളെ ഒരു കുരുടൻ മററൊരു കുരുടനെ വഴികാണിക്കുന്നതുപോലെ,മററുള്ളവരിൽ കുത്തിവയ്ക്കുകയും ചെയ്യുന്നു. ഹേ! പുത്ര! ജ്ഞാനമാകുന്ന വില്ലെടുത്തു്, അതിന്മേൽ നിശ്ചഞ്ചലമായ വിശ്വാസം എന്ന കൂർത്തബാണത്തെ അനുസന്ധാനംചെയ്തു സനാതനബ്രഹ്മത്തെ ലക്ഷ്യമാക്കി പ്രയോഗിച്ചാലും."

ഇങ്ങിനെ പറഞ്ഞു് അവസാനിപ്പിച്ചപ്പോഴേയ്ക്കും മുമ്പു കടന്നുകളഞ്ഞ ബ്രാഹ്മണവിദ്യാർത്ഥികൾ അഞ്ചുപേരും വിഷണ്ണന്മാരാ

യി മടങ്ങിവന്നിരിക്കുന്നു. മിഥിലയിൽ ഒരേടത്തും അഗ്നിബാധയുണ്ടായില്ലെന്നും, അവർ മിത്ഥ്യാബോധംനിമിത്തം വഞ്ചിതരായിത്തീരുകയാണു് ഉണ്ടായതെന്നും അറിയിച്ചു.

"ഇപ്പോഴം നിങ്ങൾക്കു മനസ്സിലായോ?" അവരോടു ശുകദേവൻ ചോദിച്ചു, "ഞാൻ ജനകനുവേണ്ടി കാത്തിരിക്കുന്നതും എൻെറ സംഭാഷണങ്ങളെല്ലാം ജനകനെ ലക്ഷ്യമാക്കി ചെയ്യുന്നതും എന്തുകൊണ്ടാണെന്നു്?" ബ്രാഹ്മണർ അഞ്ചുപേരും ലജ്ജിച്ചു, തലതാഴ്ത്തി ഒന്നും മിണ്ടാതെ ഇരുന്നതേയുള്ളു.

---

## ൯. യഥാർത്ഥധർമ്മം

ധർമ്മിഷ്ഠനായ ഒരു മഹാരാജാവായിരുന്നു യുധിഷ്ഠിരൻ. പതിനാറായിരത്തിഎട്ടു ബ്രാഹ്മണർക്കു ദിവസേന മൂന്നുനേരവും, അദ്ദേഹം ചതുർവിധവിഭവങ്ങളോടുകൂടി മൃഷ്ടാന്നഭോജനംകൊടുക്കപതിവാണു്. വിചാരിച്ചതെല്ലാം യഥേഷ്ടംകിട്ടുന്ന അക്ഷയപാത്രത്തിൽ നിന്നായിരുന്നു ഇതിനുവേണ്ട വിഭവങ്ങളെല്ലാം സിദ്ധിച്ചിരുന്നതു്. യുധിഷ്ഠിരൻ പോകുന്നേടത്തെല്ലാം ഈ ബ്രാഹ്മണരുംചെല്ലും; ചെല്ലുന്നേടത്തെല്ലാം അവർക്കു സൗജന്യമായി മൃഷ്ടാന്നഭോജനവും കിട്ടും. യുധിഷ്ഠിരൻെറ ഈ ധർമ്മബുദ്ധിയെ എല്ലാവരും പുകഴ്ത്തി; എന്നുമാത്രമല്ല യുധിഷ്ഠിരൻകൂടെയും ഇതുനിമിത്തം അല്പം അഹംഭാവിയായിത്തീൎന്നു. ശ്രീകൃഷ്ണനു് ഇതു് അത്രപഥ്യമായില്ല; യുധിഷ്ഠിരൻെറ അഹംഭാവം നശിപ്പിച്ചു്, ആ രാജശ്രേഷ്ഠനെ വിനീതനാക്കിത്തീർക്കണമെന്നുതന്നെ അദ്ദേഹം നിശ്ചയിച്ചു.

ഒരുദിവസം ശ്രീകൃഷ്ണനും യുധിഷ്ഠിരനുംകൂടി പാതാളലോകത്തിലേയ്ക്കു പുറപ്പെട്ടു. അവിടെ അക്കാലത്തു രാജ്യഭാരംചെയ്തിരുന്നതു മഹാബലി ആയിരുന്നു. ആ പാതാളാധിപൻ ശ്രീകൃഷ്ണനെ സബഹുമാനം സ്വീകരിച്ചു. ശ്രീകൃഷ്ണൻ തൻെറ പിതാവിൻെറ ഭാഗിനേയനായ യുധിഷ്ഠിരനെ മഹാബലിക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും, മഹാബലി ഉടനേതന്നെ അദ്ദേഹത്തെ സബഹുമാനം സ്വീകരിച്ചു തൻെറ രാജധാനിയിലേക്കു് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു.

"ഹേ! മഹാബലി! നിനക്കു് എൻെറ ഈ സുഹൃത്തിൻെറ സ്വഭാവവിശേഷങ്ങളെല്ലാം നല്ലപോലെ അറിവില്ലല്ലോ. ഇദ്ദേഹം

സാക്ഷാൽ കരുണാനികേതനംതന്നെയാണു്. ഈ മഹാനുഭാവൻ പോകുന്നേടത്തെല്ലാം അനുപദം പിന്തുടരാറുള്ള പതിനാറായിരത്തിഎട്ടു ബ്രാഹ്മണർക്കു ഇദ്ദേഹം ദിവസേന മൂന്നുനേരവും മൃഷ്ടാന്നഭക്ഷണം കൊടുക്കുന്നു. ഇങ്ങനെ ഒരു ധർമ്മിഷ്ഠൻ "എങ്ങാനുമുണ്ടോവേറെ!" എന്നിങ്ങനെ ശ്രീകൃഷ്ണൻ മഹാബലിയോടു പറഞ്ഞു. ഇതുകേട്ടു് മഹാബലി കേവലം നിസ്സാരമായ ഭാവത്തിൽ നിലത്തു തുപ്പിക്കൊണ്ടു്—"ഓ! സ്വാമി! തന്റെ പൊങ്ങച്ചത്തെ നിലനിർത്തുവാൻ മാത്രംവേണ്ടി പതിനാറായിരത്തിഎട്ടു് ആളുകളെ സദാ പിന്നാലെ കെട്ടിവലിച്ചു്, അവരുടെ സ്വാശ്രയബുദ്ധിയെ നിശ്ശേഷം നശിപ്പിച്ചു്, തന്നെമാത്രം ആശ്രയിപ്പിച്ചു നിർത്തുന്ന ഒരുവൻ എന്തൊരു മുഠാളനായിരിക്കണം! ഞാൻ ഒരു രാജ്യം മുഴുവനുംതന്നെ കൊടുക്കാമെന്നു പറഞ്ഞാലും, കേവലം ലജ്ജയില്ലാതെ, ദിവസേന മൂന്നുനേരവും ആഹാരത്തിനായി ഒരൊററക്കുഞ്ഞുപോലും എന്റെ അടുത്തു വരികയില്ല. പ്രഭോ! അങ്ങയുടെ ഈ സുഹൃത്താണോ കരുണാവരുണാലയം! ഞാൻ ഒട്ടൊക്കെയെല്ലാം പറഞ്ഞുകേട്ടിട്ടുള്ള മാതൃകാപുരുഷൻ!"

താൻ ന്യായമായി അർഹിക്കുന്ന ഈ ശകാരധോരണികേട്ടു് യുധിഷ്ഠിരൻ നിലത്തോടൊപ്പം താണുപോയി.

---

## ൭. പ്രാചീനകാലത്തിലെ മഹാരഥന്മാർ.

---

മഹാഭാരതയുദ്ധം ആരംഭിക്കുന്നതിനല്പംമുമ്പു് ഒരുദിവസം ശ്രീകൃഷ്ണനും അർജ്ജുനനുംകൂടി യമുനാതീരത്തിൽ ഉലാത്തിക്കൊണ്ടിരിക്കയായിരുന്നു. താനൊരു വലിയ വില്ലാളിയാണെന്നുള്ള അഹംഭാവം അർജ്ജുനനു് ധാരാളം ഉണ്ടു്.

"ഭഗവാനേ!" അർജ്ജുനൻ ശ്രീഷ്ണനോടു ചോദിക്കുകയാണു്, "ശ്രീരാമൻ സേതുബന്ധനംചെയ്വാൻ ഇത്രയൊക്കെ ബുദ്ധിമുട്ടിയതു് എന്തിനാണു്? സമുദ്രത്തിനുമീതേ അസ്ത്രംകൊണ്ടൊരു പാലംകെട്ടി, സൈന്യങ്ങളെയെല്ലാം അതിന്മേൽക്കൂടെ ലങ്കയിലേയ്ക്കു് കടത്തിക്കൊണ്ടുപോയിക്കൂടായിരുന്നുവോ?" പക്ഷേ, അർജ്ജുനൻ തുടർന്നുപറയുകയാണു്, "ശ്രീരാമൻ അത്ര വലിയ അസ്ത്രജ്ഞനൊന്നും അല്ലായിരുന്നിരിക്കാം; അല്ലേ? ഞാനായിരുന്നുവെങ്കിൽ അസ്ത്രംകൊണ്ടു് ഒരു പാലം കെട്ടി സൈന്യങ്ങളെയെല്ലാം അതിന്മേൽക്കൂടിത്തന്നെ ലങ്കയിലേക്കു് കടത്തിക്കൊണ്ടു പോകുമായിരുന്നേനേ."

കൃഷ്ണൻ—“അങ്ങിനെയാണോ, അർജ്ജുന! അസ്ത്രപ്പാലത്തിന്മേൽക്കൂടെ കടത്തിക്കൊണ്ടു പോകായിരുന്നു; അല്ലേ? ശ്രീരാമന്റെ വാനരഭടന്മാരെല്ലാം ഭീമാകാരന്മാരായിരുന്നു എന്നു് കേട്ടിട്ടുണ്ടു്.”

“അതുകൊണ്ടെന്താ?”

“ഒന്നും ഉണ്ടായിട്ടല്ലാ—” അർജ്ജുനന്റെ ഈ അഹങ്കാരത്തിനു് അവനെ ഒരു നല്ലപാഠംപഠിപ്പിക്കേണമെന്നു വിചാരിച്ചുകൊണ്ടു്, കൃഷ്ണൻ പറയുകയാണു്, “എന്നാൽ ശ്രീരാമന്റെ ഒരു ഭടൻ ഇന്നും ജീവനോടെഇരിപ്പുണ്ടു്. നീ ഈ യമുനയ്ക്കുമീതേ അസ്ത്രംകൊണ്ടു് ഒരു പാലംകെട്ടി അവനെ അക്കരകടത്തിയാലും; കാണട്ടെ.”

“അതിനെന്താ പ്രയാസം!”എന്നു് അർജ്ജുനൻ സാടോപം ജല്പിച്ചുകൊണ്ടു് ഒരു പാലം കെട്ടി. ശ്രീകൃഷ്ണൻ ഹനുമാനെ ധ്യാനിച്ചുഉടനെ ആ ശ്രീരാമഭക്തനും അവിടെ പ്രത്യക്ഷനായി. തദനന്തരം ആ പാലത്തിൽക്കൂടെ അക്കരകടക്കുവാനായി ശ്രീകൃഷ്ണൻ ഹനുമാനോടു് ആവശ്യപ്പെട്ടു; എങ്കിലും അതുകേട്ടു് ഹനുമാൻ സ്കന്ധസങ്കോചംചെയ്തുകൊണ്ടു് അവിടെത്തന്നെ നിന്നതേയുള്ളു. അതു കണ്ടു്,

ശ്രീകൃഷ്ണൻ:—“അർജ്ജുനാ! ഈ പാലത്തിനു് ബലംപോരെന്നു് പക്ഷേ ഹനുമാൻ വിചാരിക്കുന്നുണ്ടായിരിക്കാം. നിന്റെ പാലത്തിനു് ന്യൂനതയൊന്നും ഇല്ലല്ലോ. വേണമെങ്കിൽ ഒരിക്കൽക്കൂടെ നോക്കിയാട്ടെ.”

അർജ്ജുനൻ:—“നോക്കാൻ ഒന്നുമില്ല. എല്ലാം ശരി. ഹനുമാനു് ഈവക സംഗതികളിലുള്ള പരിചയക്കുറവാണു് ഈവക ശങ്കകൾക്കു കാരണം.”

അർജ്ജുനൻ ഇങ്ങനെ പറഞ്ഞതുകേട്ടു്—

കൃഷ്ണൻ:—“ഹനുമൻ! ഭയപ്പെടാതെ പാലം കടന്നാട്ടെ” എന്നു് ആജ്ഞാപിച്ചു. ആ ആജ്ഞാനുസരണം ഹനുമാൻ തന്റെ ഒരുപാദംമാത്രം എടുത്തു് അതിന്നുമീതെ ഒന്നു മെല്ലെ വെച്ചപ്പോഴേയ്ക്കും ആ പ്രതാപിയായ പാണ്ഡവന്റെ അസ്ത്രപ്പാലം ചടപടഎന്നു പൊളിഞ്ഞു് യമുനയിൽ വീണുകഴിഞ്ഞു. ഹനുമാൻ നിരാശനെന്നപോലെ കരയിലേയ്ക്കും മാറി.

അതുകണ്ടു് ലജ്ജിതനായിത്തീർന്ന അർജ്ജുനൻ തന്റെ വിശ്വവിഖ്യാതമായ ഗാണ്ഡീവചാപത്തേയും, പാശുപതാസ്ത്രത്തോടുകൂടിയ തൂണീരത്തേയും ദൂരെ ത്യജിച്ചു് ‘ഞാൻ മേലിൽ അസ്ത്രമെടുക്കുവാൻ യോഗ്യനല്ല’ എന്നു പറഞ്ഞുകൊണ്ടു് തലതാഴ്ത്തിനില്പായി.

കൃഷ്ണൻ:—“ഹേ! പാണ്ഡവ! നീ ഇങ്ങനെ അധൈര്യപ്പെടേണ്ടതില്ല. സാക്ഷാൽ പരമാത്മാവായ ശ്രീരാമനെത്തന്നെയും സാദ്ധ്യ

മല്ലാത്ത ഒരു് കാൎയ്യമാണു് അതു്. ആ സ്ഥിതിക്കു് നീ അതിന്നു യോഗ്യനായിത്തീരാതിരുന്നതിൽ അതിശയിക്കുവാനെന്തുള്ളു! എഴുന്നേററാലും. നീ ചെന്നു് നിൻെറ വില്ലും അമ്പും എല്ലാംപെറുക്കി എടുത്തുകൊണ്ടുവന്നാലും. പ്രാചീനകാലത്തിലെമഹാരഥന്മാരെ നിസ്സാരമാക്കി മേലിൽ കരുതാതിരുന്നുകൊള്ളണം.”

## വ്യ. നാസാദ്വാരത്തിൽ കുടുങ്ങി.

പാണ്ഡവന്മാരിൽ രണ്ടാമനായ ഭീമസേനനു്, താൻ ഒരുമഹാശക്തനാണെന്നുള്ള അഹംഭാവം ധാരാളമുണ്ടു്. മൂന്നുലോകത്തിലും തന്നെ ജയിക്കുവാൻ ആരും ഇല്ലെന്നാണു് വിചാരം. ഒരു ദിവസം ശ്രീകൃഷ്ണനും പാണ്ഡവന്മാരും പാഞ്ചാലിയുംകൂടി സ്വർഗ്ഗം കാണുവാൻ പുറപ്പെട്ടു. ഭീമസേനൻ ഒഴികെയുള്ള നാലു പാണ്ഡവസഹോദരന്മാരെയും പാഞ്ചാലിയേയും ശ്രീകൃഷ്ണൻതന്നെ ഒന്നിച്ചു കൂട്ടിക്കൊണ്ടുപോയി. ദ്വാരപാലന്മാർ ഒരുസമയം വല്ല തടസ്സവുംപറയുന്നതായാൽ തന്നെ അവരെ ജയിച്ചു്, ഉള്ളിൽ കടക്കുവാൻ വേണ്ട ശക്തി ഭീമസേനനു് ഉണ്ടല്ലോ എന്നുവച്ചാണു് ഭീമസേനൻ പിന്നാലെ വന്നുകൊള്ളട്ടെ എന്നു തീർച്ചയാക്കി മററുള്ളവർ മുമ്പേപോയതു്. സ്വർഗ്ഗദ്വാരത്തിൽ എത്തി ശ്രീകൃഷ്ണൻ, ആ വർ അഞ്ചുപേരെയും ഉള്ളിൽ കടത്തിക്കൊണ്ടുപോയി കൃഷ്ണനെക്കണ്ടതുകൊണ്ടു് ദ്വാരപാലകന്മാർ ആരും തടസ്സമൊന്നും പറഞ്ഞില്ല. എല്ലാവരും വഴങ്ങി ഒതുങ്ങി വഴികൊടുത്തതേയുള്ളു. ഇങ്ങിനെ അവർ അകത്തു കടന്നു്, അവിടെ കാണുവാനുള്ളതെല്ലാം കണ്ടുകഴിഞ്ഞു. എന്നിട്ടും ഭീമസേനൻ വന്നുകാണാതിരുന്നതുകൊണ്ടു്, ആ വിവരം ദ്രൗപദി ശ്രീകൃഷ്ണനെ ധരിപ്പിച്ചു “ആ സാധുക്കളായ ദ്വാരപാലകന്മാരെ അവൻ ഇപ്പോഴേയ്ക്കു കൊന്നിരിക്കാനുംമതി” എന്നു പറഞ്ഞുകൊണ്ടു പുറത്തുവന്നുനോക്കിയപ്പോൾ, ദ്വാരപാലന്മാർ രണ്ടുപേരും, അവരവരുടെ സ്ഥാനത്തുതന്നെ സുഖമായി കിടന്നുറങ്ങുന്നുണ്ടു്. ഭീമസേനനുണ്ടു് ആ വലിയ ഗദയോടുകൂടി അവരുടെ മൂക്കിൽകയറിയും ഇറങ്ങിയും കളിക്കുന്നു. അവർ ഉച്ഛ്വസിക്കുമ്പോൾ ആ വായുവേഗത്തിൽ കുടുങ്ങി മൂക്കിൽ കയറുകയും, നിശ്വസിക്കുമ്പോൾഅതിൽപ്പെട്ടു താഴോട്ടു് ഇറങ്ങുകയും, വീണ്ടും ഇതുപോലെതന്നെ കയറുകയും ഇറങ്ങുകയുംചെയ്തുകൊണ്ടാണു് ഇരിക്കുന്നതു്. അവരുടെ ശ്വാസവേ

ഗത്തിൽനിന്നു രക്ഷപ്പെടുവാൻ ബലാഢ്യനായഭീമസേനനെക്കൊണ്ടു സാധിക്കുന്നില്ല. എന്നാൽ ഈവക സംഗതികൾ ഒന്നുംതന്നെ കിടന്നുറങ്ങുന്ന കാവൽക്കാർ അറിയുന്നതുപോലെയും തോന്നുന്നില്ല. സാധുഭീമൻ മഹാദയനീയാവസ്ഥയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഭീമസേനന്റെ അഹംഭാവമെല്ലാം പാടേ നശിച്ചിരിക്കുന്നതായി ശ്രീകൃഷ്ണൻ കണ്ടു ആ സാധുവിൽ ദയതോന്നി, ആ ദ്വാരപാലകന്മാരെ വിളിച്ചുണൎത്തി ഭീമസേനനെ ആ അസഹ്യദുഃഖത്തിൽനിന്നു മോചിപ്പിച്ചു.

---

## ൯. ഗാൎഗ്ഗിയും ബ്രഹ്മജ്ഞാനിയും.

---

പ്രാചീനാൎയ്യാവൎത്തത്തിലെ സുപ്രസിദ്ധയായ ഒരു സന്യാസിനി ആയയാണു് ഗാൎഗ്ഗി. ഈ യോഗിനി ഉപരിജ്ഞാനസമ്പാദനത്തിൽ ആസക്തചിത്തയായി സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്തു്, ഒരു ദിവസം അകലത്തു് ഒരു വനാന്തരത്തിൽ ഒരു യഥാൎത്ഥബ്രഹ്മജ്ഞാനി ഇരിപ്പുള്ളതായി കേട്ടു. അദ്ദേഹത്തെ കണ്ടു് സംസാരിക്കുവാനുള്ള അത്യാഗ്രഹംനിമിത്തം ഗാൎഗ്ഗി ഉടനേതന്നെ അങ്ങോട്ടു തിരിച്ചു. ട്ടേറെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിച്ചു് വളരെദ്ദൂരം സഞ്ചരിച്ചാണു് ഉദ്ദേശിച്ച സ്ഥലത്തു് എത്തിച്ചേൎന്നതു്. ഗുരുപാദദൎശനത്തിനായി ഒരു ജിജ്ഞാസു വന്നുനിൽക്കുന്നുണ്ടെന്നുള്ള വിവരം ഒരു ശിഷ്യൻമുഖേന ആ ബ്രഹ്മജ്ഞാനിയെ അറിയിച്ചപ്പോൾ, അതേ ശിഷ്യൻമുഖേനതന്നെ കിട്ടിയ സമാധാനം, അദ്ദേഹം ഒരു സന്യാസിയാകയാൽ സ്ത്രീകളെ കണ്ടു സംസാരിക്കുവാൻ നിവൃത്തിയില്ല എന്നായിരുന്നു. ഗാൎഗ്ഗി അതുകേട്ടു് ചിരിച്ചു. "അങ്ങിനെയാണോ! എന്നാൽ എനിക്കു് അദ്ദേഹത്തെ ഒട്ടു കാണുകയും വേണ്ട" എന്നുപറഞ്ഞുകൊണ്ടു് അവിടെനിന്നു യാത്രയാകുകയും ചെയ്തു. ശിഷ്യൻ വീണ്ടും അകത്തുചെന്നു് ഈ വിവരം ഗുരുദേവനെ അറിയിച്ചപ്പോൾ അദ്ദേഹത്തിന്നു് അതിയായ അത്ഭുതമാണു തോന്നിയതു്. തന്നെ കാണുവാൻവേണ്ടി, സീമാതീതം ക്ലേശിച്ചും ദുഃഖിച്ചും ഇത്രവളരെദ്ദൂരം നടന്നുവന്ന അവൾക്കു് തന്റെ നിഷേധം തെല്ലുപോലും ഇച്ഛാഭംഗത്തിന്നു് ഇടയാക്കാതിരിക്കുവാനുള്ള കാരണം എന്തായിരിക്കും എന്നു് അറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. ആ ബ്രഹ്മജ്ഞാനി അവിടെനിന്നു് എഴുന്നേററു ഗാൎഗ്ഗിയുടെ പിന്നാലെ ഓടിയെത്തി ചോദിക്കുകയാണു്:—

സന്ന്യാസി:—"ഹേ, ഗാർഗ്ഗി! നിങ്ങൾക്കു് എന്നെ കാണുകയേവേണ്ടാ എന്നു പറയുവാനുള്ള കാരണം എന്താണു്? എന്നെ കാണുവാൻവേണ്ടി വളരെയെല്ലാം കഷ്ടപ്പെട്ടു്, ഈ ദൂരമെല്ലാം തരണംചെയ്തു വന്നിരിക്കയല്ലേ?"

ഗാർഗ്ഗി—"സ്വാമി! നിങ്ങൾ ഒരു യഥാർത്ഥബ്രഹ്മജ്ഞാനിയാണു് എന്നാണു് ആരോ എന്നെ തെറ്റിദ്ധരിപ്പിച്ചിരുന്നതു്. അതുകൊണ്ടു്, എത്രതന്നെ ബുദ്ധിമുട്ടിയാലും നിങ്ങളെ വന്നുകാണണമെന്നുതന്നെ ഞാൻ തീർച്ചയാക്കി. ഇപ്പോൾ നിങ്ങൾ ഒരു യഥാർത്ഥബ്രഹ്മജ്ഞാനിയല്ലെന്നു് എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചിരിക്കുന്നു. അതുകൊണ്ടു് നിങ്ങളുമായി സംസാരിക്കേണ്ടതായ ആവശ്യം എനിക്കില്ല."

സന്ന്യാസി—"ഞാൻ ഒരു ബ്രഹ്മജ്ഞാനിയല്ലെന്നുപറയുവാൻ നിങ്ങൾ ധൈര്യപ്പെടുന്നതെങ്ങിനെ?"

ഇതിനു് ഗാർഗ്ഗി പറഞ്ഞസമാധാനം ഇങ്ങിനെ ആയിരുന്നു:—"നിങ്ങൾക്കുള്ളതുപോലെയുള്ള ഈ സ്ത്രീപുരുഷഭേദം ഒരു യഥാർത്ഥ ബ്രഹ്മജ്ഞാനിക്കു് ഉണ്ടായിരിക്കയില്ല എന്നുള്ളതുകൊണ്ടുതന്നെ."

## ൧൦. വിജയി സമ്മാനം വിട്ടുകൊടുക്കുന്നു.

മിഥിലാധിപനായ ജനകമഹാരാജാവു് ഒരിക്കൽ അഞ്ഞൂറു് വിദ്വാന്മാർ അടങ്ങിയ ഒരു വിദ്വൽസദസ്സു് വിളിച്ചുകൂട്ടുകയുണ്ടായി. അവരിൽ അഗ്രാസനം സ്വീകരിക്കുന്ന മഹാജ്ഞാനിക്കു്, ഒന്നാം തരത്തിൽ ആയിരം പശുക്കളെ സംഭാവന ചെയ്യുമെന്നായിരുന്നു നിശ്ചയം. യാജ്ഞവൽക്യൻ തീർച്ചയാക്കി താൻതന്നെയാണു് സർവ്വജ്ഞൻ എന്നു്. അതനുസരിച്ചു ഈ ഓരായിരം പശുക്കളേയും ആശ്രമത്തിലേക്കു തെളിച്ചുകൊണ്ടുപൊയ്ക്കൊള്ളുവാൻ ആ തപോധനൻ തന്റെ ശിഷ്യന്മാരോടാജ്ഞാപിച്ചു. അദ്ദേഹത്തിന്റെ അവകാശാധികാരത്തെ ചോദ്യംചെയ്യുവാൻ അവിടെ കൂടിയിരുന്നവരിൽ ആരുംതന്നെ സന്നദ്ധരായതും ഇല്ല. "ഈ പശുക്കളെ നമുക്കു കിട്ടിയാൽ എത്ര നന്നായിരുന്നു. ഓരോരുത്തർക്കു് ഈരണ്ടുകണ്ടു് കിട്ടിയാലും എത്രഭേദം. ഹിമവാനെത്തന്നെ ഒരുപക്ഷേ ഇളക്കുവാൻ സാധിച്ചു എന്നു വന്നാൽക്കൂടെയും യാജ്ഞവൽക്യനെ തർക്കത്തിൽ തോല്പിക്കുകയെന്നതു് അത്ര എളുപ്പമായ വിദ്യയല്ല. അങ്ങി-

ന്നെ പശുക്കളെ കൈവശപ്പെടുത്തുവാൻ നമ്മാൽ സാധിക്കുകയും ഇല്ല" എന്നെല്ലാം അവിടെ കൂടിയിരുന്ന വിദ്വാന്മാർ തമ്മിൽത്തമ്മിൽ സംസാരിക്കുകയായി. അപ്പോൾ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഗാർഗ്ഗി എന്ന താപസി മുന്നോട്ടുവന്നു് ഇങ്ങിനെ പറഞ്ഞു:—

ഗാർഗ്ഗി—"അല്ലയോ മഹാനുഭാവന്മാരേ! യാജ്ഞവൽക്യന്റെ അവകാശത്തെ ചോദ്യംചെയ്യാൻ ത്രാണിയുള്ളവനായി നിങ്ങളുടെ കൂട്ടത്തിൽ ഒരാളുപോലും ഇല്ലേ? വാദം ഒന്നും കൂടാതെ ഈ പശുക്കളെ അദ്ദേഹത്തിന്നു് വിട്ടുകൊടുക്കുക എന്നതു് കേവലം ലജ്ജാവഹംതന്നെയാണു്."

ഇതിന്നു് ആരും ഒരു സമാധാനവും പറഞ്ഞില്ല. അതുകണ്ടു്

യാജ്ഞവൽക്യൻ—"ഗാർഗ്ഗി! എന്നോടു വാദപ്രതിവാദം ചെയ്യാൻ ധൈര്യമുള്ളവൻ ആരാണു്?"

ഗാർഗ്ഗി—"ആരും ഇല്ലെന്നോ! പുരുഷന്മാർ പരാജിതരായി മടങ്ങുന്നേടത്തു സ്ത്രീകൾ വേണം തള്ളിക്കയറി ഏററുമുട്ടുവാൻ. പരാജയം സംഭവിക്കും എന്ന ഉറപ്പുണ്ടായാലും, കീഴടങ്ങുന്നതിലുള്ള മാനക്ഷയംനിമിത്തം, കാശിരാജനോ, മിഥിലാധിപനോ, തന്നെക്കാൾ വലിയവനായ ശത്രുവിനോടു് യുദ്ധംചെയ്യാൻ പുറപ്പെടുന്നതുപോലെ, ഞാൻ രണ്ടു കൂർത്തചോദ്യങ്ങൾകൊണ്ടു് അങ്ങയോടു് എതിരിടുവാൻ സന്നദ്ധയായിരിക്കുകയാണു്"

"ഗാർഗ്ഗി! ചോദിച്ചുകൊള്ളുക."

"താഴെ കിടക്കുന്ന ഭൂമിക്കും, മീതെ നില്ക്കുന്ന സ്വർഗ്ഗത്തിന്നും മദ്ധ്യേ എന്താണു് ഉള്ളതു്? സ്വർഗ്ഗവും ഭൂമിയും തമ്മിൽ ഒഴിഞ്ഞ സ്ഥലംകൊണ്ടു് അന്യോന്യം വേർതിരിക്കപ്പെട്ടിരിക്കുകയാണോ? അതോ വല്ലതുംകൊണ്ടും അന്യോന്യം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ?"

"ഹേ ഗാർഗ്ഗി! അവ കാഴ്ചയിൽ തോന്നുന്നതുപോലെ അന്യോന്യംവിഭിന്നമായവയല്ല. പ്രത്യുത, കേവലസ്വരൂപനായ ഈശ്വരനോടുചേർന്നു് കലന്നും ഇരിക്കുന്ന ആകാശത്താൽ അവ അന്യോന്യം സംയോജിപ്പിക്കപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. അല്ലയോ ഗാർഗ്ഗി! ഈ ഈശ്വരന്റെ ആജ്ഞാനുസരണമാണു് സൂര്യചന്ദ്രന്മാർ അവരവരുടെ സ്ഥാനത്തു് നില്ക്കുന്നതും സമസ്തലോകങ്ങളും ജനിക്കുന്നതും, നശിക്കുന്നതും. ഈ കേവലസ്വരൂപനെ കാണുവാൻ കഴിയുകയില്ല; എങ്കിലും ആ ഈശ്വരൻ സർവ്വത്തേയും കാണുന്നുണ്ടു്. ആ കേവലസ്വരൂപനെ കേൾക്കുവാൻ സാധിക്കുകയില്ല, എങ്കിലും ആ ഈശ്വരൻ സർവ്വത്തെയും കേൾക്കുന്നുണ്ടു്. ആ കേവലസ്വരൂപൻ ഇന്ദ്രിയവിഷയങ്ങൾക്കു് അതീതനാണു്; എങ്കിലും ആ ഈശ്വരൻ

സവ്വരുടേയും ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു ആ കേവലസ്വരൂപൻ ബുദ്ധിക്കു വിഷയമല്ല; എങ്കിലും ആ ഈശ്വരൻ സവ്വജ്ഞൻ ആകുന്നു. കേവലസ്വരൂപനായ ആ ഈശ്വരൻതന്നെയാണു്, ഈ ലോകത്തേയും, നക്ഷത്രങ്ങളേയും, സൂൎയ്യചന്ദ്രന്മാരെയും എന്നുവേണ്ട ഈ പ്രപഞ്ചത്തിലുള്ള സവ്വവസ്തുക്കളേയും സൃഷ്ടിച്ചിട്ടുള്ളതു്."

"ആ ഈശ്വരനെ സൃഷ്ടിച്ചതു് ആരാണു്?"

"ഈ ഈശ്വരനെ ആരും സൃഷ്ടിച്ചതല്ല. ഒരു ലൂതം അതിന്റെ വലയെ എന്നപോലെ, ഈ ഈശ്വരൻ സമസ്തപ്രപഞ്ചത്തേയും ഈശ്വരനിൽനിന്നുതന്നെ ഉണ്ടാക്കിയതാകുന്നു ഈശ്വരൻ സനാതനനും, ആദ്യന്തവിഹീനനും, ജനനമരണാദി വികാരഭേദങ്ങളൊന്നും ഇല്ലാത്തവനും, പുരാതനനും ആകുന്നു. എന്നും ഉണ്ടായിരുന്നു ഇന്നും ഉണ്ടു്; എന്നും ഉണ്ടായിരിക്കുകയും ചെയ്യും"

"ഇനി ഞാൻ എന്റെ രണ്ടാമത്തെ ചോദ്യം ചോദിക്കാം. ലോകത്തിലെ ധനമെല്ലാം കൊടുത്താലും ഈശ്വരനേയോ മോക്ഷത്തേയോ സമ്പാദിക്കുവാൻ ഒരുവനു് സാധിക്കുമോ?"

"നിശ്ചയമായും സാധിക്കുകയില്ല പണംകൊണ്ടു്, ഒരുവൻ ജീവിച്ചിരിക്കുന്നേടത്തോളംകാലം സുഖമായിരിക്കാം. അല്ലാതെ പണംകൊണ്ടു് മോക്ഷം സമ്പാദിക്കുവാൻ സാധിക്കുന്നതല്ല."

"എന്നാൽ ഈ പശുക്കളെല്ലാം അങ്ങയ്ക്കു് എന്തിനാണു്? ഞങ്ങൾക്കെല്ലാം ഈരണ്ടു പശുക്കളെ തന്നാൽ എന്താ?"

"സന്തോഷമായി തരാമല്ലോ സ്നേഹിതന്മാരേ! അവരവൎക്കു് വേണ്ടുന്ന ഈരണ്ടുപശുക്കളെ നിങ്ങൾതന്നെ തിരഞ്ഞെടുത്തുകൊള്ളുക. അവസാനം ശേഷിക്കുന്ന രണ്ടെണ്ണത്തെമാത്രം എന്റെ ശിഷ്യന്മാർ ആശ്രമത്തിലേയ്ക്കു് തെളിച്ചുകൊണ്ടുപൊയ്ക്കൊള്ളും."

## ൧൧. അതിമോഹി ചക്രം ചുമക്കും.

ഒരുകാലത്തു് ഒരു വിശിഷ്ടനായ ബ്രാഹ്മണൻ ഉണ്ടായിരുന്നു. ആ ഭൂദേവൻ മരിച്ചപ്പോൾ, അദ്ദേഹം ചെയ്തിട്ടുള്ള പുണ്യകമ്മങ്ങളുടെ ഫലമായി അദ്ദേഹത്തെ സ്വൎഗ്ഗത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി, ആ ബ്രാഹ്മണനു് അവിടെയുള്ള വിശേഷങ്ങൾ എല്ലാം ഓരോന്നോരോന്നായി വിഷ്ണു കാണിച്ചുകൊടുത്തു. അവസാനം ബ്രാഹ്മണൻ ചോദിക്കുകയാണു്:—"ഭഗവാനേ! ഇവയെല്ലാം അത്യന്താ,

മനോഹരങ്ങളായിത്തന്നെ ഇരിക്കുന്നു. എന്നാൽ ഇതിലും ഉപരിയായസ്വർഗ്ഗം വേറെ വല്ലതും ഉണ്ടോ?" "ഇല്ലായ്കയില്ല," എന്നു പറഞ്ഞുകൊണ്ടു് വിഷ്ണുഭഗവാൻ ആ ബ്രാഹ്മണനെ, അതിന്നുമുകളിലെ രണ്ടാംസ്വർഗ്ഗത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. ആ സ്വർഗ്ഗം ഒന്നാമത്തേതിനെക്കാളും നൂറിരട്ടി അധികം മനോഹരമായതായിരുന്നു. അവിടെ ചെന്നശേഷം "നിനക്കു് ഇപ്പോൾ തൃപ്തിയായോ?" എന്നു് വിഷ്ണു ചോദിച്ചതിന്നു് ബ്രാഹ്മണൻ പറഞ്ഞതു് "തൃപ്തിയാകായ്ക ഒന്നും ഇല്ല; എങ്കിലും, ഇതിലും ഉപരിയായ സ്വർഗ്ഗം വേറെ ഇല്ലേ?" എന്നായിരുന്നു. "ഉണ്ടു്" എന്നു് പറഞ്ഞുകൊണ്ടു് വിഷ്ണു ആ ബ്രാഹ്മണനെ അവിടെനിന്നും അതിന്നു് ഉപരിയുള്ളതും, രണ്ടാംസ്വർഗ്ഗത്തെക്കാൾ നൂറു് ഇരട്ടി അധികം മനോഹരമായതുംആയ മൂന്നാം സ്വർഗ്ഗത്തിലേക്കു് നയിച്ചു. അതുകൊണ്ടും ബ്രാഹ്മണൻ തൃപ്തനായില്ല. ഓരോന്നും കൊണ്ടുചെന്നു കാണിക്കുമ്പോഴും "ഇതിന്നുപരി വേറേഇല്ലേ?"എന്നുതന്നെ ആ അതിമോഹിബ്രാഹ്മണൻ ചോദിച്ചുകൊണ്ടിരുന്നു. അതിനാൽ മഹാവിഷ്ണു ആ ബ്രാഹ്മണനെ പടിപടിയായി നാലാമത്തേതും അഞ്ചാമത്തേതും ആറാമത്തേതും ഏഴാമത്തേതും ആയ സ്വർഗ്ഗങ്ങൾ കാണിച്ചുകൊടുത്തു. ഈ സപ്തസ്വർഗ്ഗങ്ങളും ഒന്നിനൊന്നു് ഉപരി, നൂറീതുമടങ്ങു് അധികമധികം മെച്ചംകൂടിയവ ആയിരുന്നു. ഒടുവിൽ ആ ബ്രാഹ്മണന്നു് ഏഴാമത്തെ സ്വർഗ്ഗവും തുറന്നു കാണിച്ചുകൊടുത്തശേഷം "നിനക്കു് ഇതുകൊണ്ടെങ്കിലും തൃപ്തിയായോ?" എന്നു് വിഷ്ണു ഒരിക്കൽക്കൂടെ ആവർത്തിച്ചു ചോദിച്ചു. "നമുക്കു് ഇതിന്നുംമീതേ കയറി നോക്കാം" എന്നായി ബ്രാഹ്മണൻ. "അങ്ങിനെആകട്ടെ" എന്നു് അനുസരിച്ചുകൊണ്ടു് ആ ബ്രാഹ്മണനെക്കൂട്ടി വിഷ്ണുഭഗവാൻ ഏഴാമത്തെ സ്വർഗ്ഗത്തിന്നു മുകളിലും കയറിച്ചെന്നു. അവിടെ അസ്തിത്വമഹാചക്രം ഒന്നൊഴിയ്ക്കെ മറ്റൊന്നുംതന്നെ ഉണ്ടായിരുന്നില്ല. പ്രപഞ്ചം ആസകലം ഈ മഹാചക്രത്തിൽ കുടുങ്ങി വട്ടംതിരിയുന്നതായി അവർ കണ്ടു. എന്നുമാത്രമല്ല, ആ ദുർമ്മോഹിബ്രാഹ്മണൻ അവിടെ കയറിച്ചെന്ന ഉടനേതന്നെ അദ്ദേഹത്തിന്റെ അംസങ്ങൾ രണ്ടും ആ ചക്രത്തിന്മേൽ തട്ടുകയും, അതിൽനിന്നു വിട്ടുമാറി രക്ഷപ്പെടുവാൻ സാദ്ധ്യമല്ലാത്തവിധം അദ്ദേഹം അതിന്മേൽ കുടുങ്ങി മറിയുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇത്രയും ആയപ്പോൾ "അതിമോഹി ചക്രം ചുമക്കും" എന്നു അരുളിച്ചെയ്തുകൊണ്ടു മഹാവിഷ്ണു അവിടെ അന്തർദ്ധാനം ചെയ്തു.

## ൫൨. അപൂൎണ്ണത അറിഞ്ഞു.

---

വാരാണസിയിലെ ബ്രഹ്മദത്തനും കോസലത്തിലെ മല്ലീകനും സമകാലിനന്മാരായ രണ്ടു മാതൃകാമഹാരാജാക്കന്മാർ ആയിരുന്നു. ഇവരുടെ കീൎത്തിധാവള്യംകൊണ്ടു് ആശ്ലിഷ്ടമാകാത്ത ഭൂവിഭാഗം അന്നു ഭാരതത്തിൽ എങ്ങും തന്നെ ഉണ്ടായിരുന്നില്ല. തങ്ങളുടെ രാജ്യത്തിൽ, നിശ്ശേഷം മാൎജ്ജനം ചെയ്യപ്പെടാത്ത ഒരു സങ്കടം നിലവിൽ ഉള്ളേടത്തോളം സമയം അവർ നിദ്രയെ വരിച്ചില്ല; ഒരൊററ മഹാദരിദ്രൻപോലും ഭക്ഷണംകഴിക്കാതെ കിടപ്പുള്ളേടത്തോളം അവർ ആഹാരത്തെ സ്വാഗതംചെയ്തില്ല. അവരുടെ ഭരണവൈശിഷ്ട്യത്തിന്റെ മഹനീയതയും, അവരുടെ ഉദാരബുദ്ധിയുടെ മാഹാത്മ്യവും നിരന്തരം അനുഭവപ്പെടാത്ത ഒരു പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, കുട്ടിയാകട്ടെ, അവരുടെ വിസ്താരമേറിയ രാജ്യത്തിൽ ഒരേടത്തും ഒരിക്കലും ഉണ്ടായിരുന്നില്ല. പ്രജാവലിയുടെ സന്തോഷത്തിലും സന്താപത്തിലും അവരെപ്പോലെതന്നെ രാജാക്കന്മാരും ഭാഗഭാക്കുകളായിത്തീൎന്നു. അവരുടെ കവാടം സാധുക്കളുടെ മുമ്പിൽ ഒരിക്കലും ബന്ധിക്കപ്പെട്ടതായിരുന്നില്ല. അവരുടെ രാജകൊട്ടാരങ്ങൾ ആകട്ടെ ധൎമ്മശാലകളായും രാജാക്കന്മാരാകട്ടെ ആ ധൎമ്മശാലകളിലെ അവസാനഭക്ഷണക്കാരായും തീൎന്നു.

പരിഹരിക്കപ്പെടാത്തതായ വല്ല ന്യൂനതയും തങ്ങളിൽ അവശേഷിച്ചുകിടപ്പുണ്ടോ എന്നു് അറിയുവാനുള്ള ഒരാഗ്രഹം ഈ രണ്ടു രാജാക്കന്മാൎക്കും ഒരേസമയം ഉത്ഭവിച്ചു. അവർ ആദ്യമായി, തങ്ങളുടെ ധൎമ്മദാരങ്ങളുടെ അടുത്തു ചെന്നാണു് സംശയം ചോദിച്ചതു്. അവരെക്കാളും യോഗ്യന്മാരായ ഭൎത്താക്കന്മാരെ ഈ ലോകം മുഴുവൻ തിരഞ്ഞാലും കണ്ടുകിട്ടുകയില്ലെന്നായിരുന്നു ഭാൎയ്യമാരുടെ സമാധാനം. പിന്നെ അവരുടെ മന്ത്രിമാരോടു് ചോദിച്ചപ്പോൾ, “ഇത്രയും ധൎമ്മിഷ്ഠന്മാരായ രാജാക്കന്മാർ ഒരിക്കലും ഒരേടത്തും ഉണ്ടായിട്ടില്ല” എന്നു അവരും പ്രശംസിച്ചു. ചന്തസ്ഥലങ്ങളിൽ പോയി ബഹുജനങ്ങളോടു് ചോദിച്ചപ്പോഴും “ന്യൂനതകളൊന്നും ഞങ്ങൾ കാണുന്നില്ലേ”എന്നായിരുന്നു അവരുടേയും ഐകകണ്ഠ്യേനയുണ്ടായ സമാധാനം. നാട്ടുമ്പുറങ്ങളിൽ ഇറങ്ങി അന്വേഷിച്ചപ്പോഴും “ന്യൂനത ഒന്നുംതന്നെ ഇല്ല” എന്നു് അവിടുത്തുകാരും അറിയിച്ചു. അവസാനമായി തടവുമുറികളിൽ പോയി ജയിൽപ്പുള്ളികളോടുചോദിച്ചപ്പോൾ അവർ പറഞ്ഞതും “രാജാക്കന്മാൎക്കന്യൂ

നതയൊന്നും ഇല്ല. ഞങ്ങളുടെ കുററംകൊണ്ടാണു് ഞങ്ങൾ ഇവിടെ വരേണ്ടിവന്നതു്" എന്നായിരുന്നു.

ഇങ്ങനെ എല്ലാവരും സ്തുതികുസുമങ്ങൾകൊണ്ടുതന്നെ അൎച്ചന ചെയ്തിട്ടും അവരുടെ ഹൃദയത്തിൽ സമാധാനമേതും ഉണ്ടായില്ല. ന്യൂനത ഉണ്ടാകാതെയിരിക്കയില്ലെന്നും ആ ന്യൂനത കണ്ടുപിടിക്കുവാൻ തങ്ങൾ അശക്തന്മാരായിത്തീൎന്നിരിക്കുകയാണെന്നും വിചാരിച്ചു് അവർ അത്യന്തം ദുഃഖിച്ചു. ഒടുവിൽ തങ്ങളുടെ രാജ്യം വിട്ടു് പുറത്തിറങ്ങുവാനും തങ്ങളുടെ ന്യൂനതകൾ കണ്ടെത്തുന്നതുവരെ ചുററിസ്സഞ്ചരിക്കുവാനും അവർ തീൎച്ചയാക്കി. അതനുസരിച്ചു് രാജ്യഭാരം തങ്ങളുടെ മന്ത്രിമാരിൽ സമൎപ്പിച്ചു് രണ്ടു രാജാക്കന്മാരും ദേശാടനത്തിന്നിറങ്ങിക്കഴിഞ്ഞു. സ്വന്തംരഥത്തിൽതന്നെയായിരുന്നു സഞ്ചാരം. കൂട്ടുകാരനായി സാരഥിമാത്രമേ ഉണ്ടായിരുന്നതുമുള്ളു. എതിർരാജ്യത്തിലെ പ്രജാവലി തങ്ങളുടെ ന്യൂനതകളെ ചൂണ്ടിക്കാണിക്കുവാൻ കഴിവുള്ളവരായിരിക്കും എന്നു വിചാരിച്ചു് കാശിരാജാവായ ബ്രഹ്മദത്തൻ തലസ്ഥാനം വിട്ടു് കോസലത്തിന്റെ തലസ്ഥാനമായ അയോദ്ധ്യയേയും, അയോദ്ധ്യാധിപനായ മല്ലീകൻ കോസലം വിട്ടു കാശിയേയും അഭിമുഖീകരിച്ചായിരുന്നു സഞ്ചാരം.

കാശിക്കും കോസലത്തിനും മദ്ധ്യേ ഒരു ഇടുങ്ങിയ റോഡു് ഉണ്ടു്. എതിർമുഖമായി വരുന്ന രാജാക്കന്മാരുടെ രഥങ്ങൾ രണ്ടും ഈ ഇടുക്കുപാതയിൽ ഒരേസമയം ചെന്നുകയറി. ഒരു രഥത്തിനു് സുഖമായി കടന്നുപോകുവാൻ വേണ്ടുന്നത്ര വിസ്താരംമാത്രമേ ആ റോഡിനു് ഉണ്ടായിരുന്നുള്ളു. രണ്ടു വണ്ടികൾ എതിർമുഖമായി വന്നു മുട്ടിയാൽ അവയിൽ ഒന്നിനെ നിൎത്തി, അതിലെ തുരഗങ്ങളെ അഴിച്ചുമാററി, അതിനെ പിന്നോക്കം പിടിച്ചു് വഴിതെളിച്ചതിനു ശേഷം വേണം മറേറതിനു കടന്നുപോകുവാൻ. ഈ ഇടുക്കിന്റെ മദ്ധ്യത്തിൽവച്ചാണു രണ്ടു തേരുകളും അടുത്തു മുട്ടിയതു്. രണ്ടു സാരഥികളും അന്യോന്യം വീക്ഷിതരായപ്പോൾ, മല്ലീകന്റെ സാരഥി:—"രാജരഥം വരുന്നു; വഴിമാറിക്കൊടുക്കുക" എന്നിങ്ങനെ ഉറക്കെ വിളിച്ചുപറഞ്ഞു.

മറേറസാരഥി:—"ഇവിടെനിന്നും ഒരു രാജാവുതന്നെയാണു് എഴുന്നള്ളുന്നതു്."

"ഇതു് കോസലത്തിലെ മല്ലീകമഹാരാജാവാണു്."

"ഇതു് വാരാണസിയിലെ ബ്രഹ്മദത്തമഹാരാജാവാണു്"

"സൂൎയ്യവംശകുലാലങ്കാരമാണു് ഞങ്ങളുടെ രാജാവു്."

"സോമവംശകുലാവതംസമാണു് ഞങ്ങളുടെ രാജാവു്."

"ഞങ്ങളുടെ രാജാവു്, മുന്നൂറുയോജന വിസ്താരമുള്ള രാജ്യത്തിന്നധിപതിയാകുന്നു."

"ഞങ്ങളുടെ രാജാവിൻെറ രാജ്യത്തിനുമുണ്ട് മുന്നൂറുയോജന വിസ്താരം."

"ഞങ്ങളുടെ രാജാവിൻെറ തലസ്ഥാനം സരയൂനദീതീരത്തിലുള്ളതും ശ്രീരാമപട്ടണവും ആയ അയോദ്ധ്യയാണ്."

"ഞങ്ങളുടെ രാജാവിൻെറ തലസ്ഥാനം ഗംഗാനദീതീരത്തിലുള്ളതും ശ്രീശങ്കരപട്ടണവുമായ കാശിയാകുന്നു."

"ഞങ്ങളുടെ രാജാവ് അറുപതുവയസ്സ പ്രായമുള്ള ഒരു വയോധികനാണ്. വാൎദ്ധക്യത്തെ ബഹുമാനിക്കുക"

"ഞങ്ങളുടെ രാജാവിനും ആയിരിക്കുന്നു ആ പ്രായം."

"ഞങ്ങളുടെ രാജാവ് നൂറായിരം വഴിക്കിണറു കുഴിപ്പിച്ച ആളാണ്."

"ഞങ്ങളുടെ രാജാവും കുഴിപ്പിച്ചിട്ടുണ്ട് നൂറായിരം വഴിക്കിണറ്."

"ഞങ്ങളുടെ രാജാവിന്ന് നൂറുകോടി വരാഹൻ കെട്ടിയിരിപ്പുണ്ട്"

"അത്ര ഞങ്ങളുടെ രാജാവിനും ഉണ്ട്."

"ഞങ്ങളുടെ രാജ്യത്തിൽ ഒരു കിളിക്കുഞ്ഞിനുപോലും ഇല്ല ദാരിദ്ര്യം."

"ഞങ്ങളുടെ രാജ്യത്തിലും ഇല്ല"

"ഞങ്ങളുടെ രാജാവ്, തിരുമേനിയുടെ ന്യൂനതകൾ കണ്ടുപിടിക്കുവാനായി അടിയന്തിരയാത്ര ചെയ്യുകയാണ്. അതുകൊണ്ട് വേഗം വഴി മാറിത്തരണം" എന്ന് മല്ലീകൻെറ സാരഥി അറിയിച്ചപ്പോൾ, "ഞങ്ങളുടെ രാജാവുംഅങ്ങനെതന്നെയാണ്,"എന്നായിരുന്നു ബ്രഹ്മദത്തൻെറ ഭാഗത്തുനിന്നുണ്ടായ സമാധാനം. "എന്നാൽ ഈ അവകാശവാദം തീരുമാനിക്കേണ്ടതു് എങ്ങനെയാണ്? നിങ്ങളുടെ രാജാവും, ഞങ്ങളുടെ രാജാവും, എല്ലാ സംഗതികളിലും സമന്മാരായിത്തന്നെ ഇരിക്കുന്നപ്രകാരമാണല്ലോ കാണപ്പെടുന്നതു്." എന്നായി മല്ലീകമഹാരാജാവിൻെറ സാരഥി. ഇതിന്ന് ബ്രഹ്മദത്തൻെറ ഭാഗത്തുനിന്ന് ഇങ്ങനെ സമാധാനം പറഞ്ഞു:—"എല്ലാ സംഗതികളിലും, ഒരാൾമറെറാരാളെപ്പോലെതന്നെ ഇരിക്കുകയെന്നുള്ളതു് കേവലം അസംഭാവ്യമാകുന്നു. മനുഷ്യർ യന്ത്രങ്ങൾ ഒന്നും അല്ലല്ലോ. ചില വ്യത്യാസങ്ങൾ എല്ലാം ഉണ്ടാകാതെ ഇരിക്കയില്ല; നിശ്ചയം."

"എന്നാൽ വ്യത്യാസം എവിടെ?"

"മനുഷ്യപ്രകൃതിയെ സമാശ്രയിച്ചു് പരിശോധിച്ചുനോക്കണം. അതായതു്, സ്വഭാവഗുണങ്ങളെവേണം താരതമ്യപ്പെടുത്തി

ന്നോക്കുവാൻ. നിന്റെ രാജാവിന്റെ ഗുണഗണങ്ങൾ എന്തെല്ലാമാണെന്നുകേൾക്കട്ടെ.”

മല്ലീകന്റെ സാരഥി:—“ഞങ്ങളുടെരാജാവു് ശാന്തന്മാരോടു ശാന്തനും, ക്രൂരന്മാരോടു ക്രൂരനും, ധർമ്മികളോടു ധർമ്മിയും, കൃപണന്മാരോടു് കൃപണനും, നണയന്മാരോടു നണയനും, സാധുക്കളെ പരിത്രാണനം ചെയ്യുന്നവനും, ദുഷ്കൃത്തുകളെ വിനാശം ചെയ്യുന്നവനും, നല്ലവരോടു നല്ലവനും, ദുഷ്ടന്മാരോടു ദുഷ്ടനും, ആകുന്നു. അതുകൊണ്ടു് വഴി മാറിത്തരിക.”

ബ്രഹ്മദത്തന്റെ സാരഥി:—“ശംഭോ! മഹാദേവ! ഇതെല്ലാമാണു് നിങ്ങളുടെ രാജാവിന്റെ സ്വഭാവവൈശിഷ്ട്യങ്ങൾ എങ്കിൽ സ്വഭാവവൈകല്യം പിന്നെ വേറെ എന്താണു് ഉണ്ടാകുവാനുള്ളതു്!”

മല്ലീകന്റെ സാരഥി:—(പരിഭ്രമിച്ചുകൊണ്ടു്)“എന്തു്! ഇവ ഒന്നും സൽഗുണങ്ങൾ അല്ലെന്നോ! എന്നാൽ നിങ്ങളുടെ രാജാവിന്റെ സൽസ്വഭാവങ്ങൾ എന്തെല്ലാമാണെന്നു കേൾക്കട്ടെ.”

ബ്രഹ്മദത്തസാരഥി:—“ഞങ്ങളുടെ രാജാവു് ക്രൂരന്മാരോടു ശാന്തനും, ദുഷ്ടന്മാരോടും നല്ലവനും, അഗതികൾക്കു കല്പതരുവും, ദുഷ്കൃത്തുകളെ സംരക്ഷിക്കുന്നവനും, ദുഷ്ടതയെ ശിഷ്ടതകൊണ്ടും, കൃപണതയെ ദാനംകൊണ്ടും, വൈരത്തെ പ്രേമംകൊണ്ടും, യുദ്ധത്തെ സമാധാനംകൊണ്ടും, കാപട്യത്തെ സത്യംകൊണ്ടും, അക്രമത്തെ അക്രമരാഹിത്യംകൊണ്ടുംജയിക്കുന്നവനും ആകുന്നു.”

ഇത്രയും കേട്ടയുടനേ മല്ലീകമഹാരാജാവും അദ്ദേഹത്തിന്റെ സാരഥിയും താഴത്തിറങ്ങി, കുതിരകളെ അഴിച്ചുമാററി, രഥത്തെ ഒരു ഭാഗത്തേയ്ക്കു് ഒഴിച്ചുനിർത്തി, ബ്രഹ്മദത്തമഹാരാജാവിന്റെ രഥത്തിനുമാർഗ്ഗം കൊടുത്തു. എന്നാൽ ബ്രഹ്മദത്തമഹാരാജാവാകട്ടെ. ഇവരെ തന്റെ രഥത്തിൽ കയററി, മല്ലികനെ പിടിച്ചു് ആലിംഗനം ചെയ്തു് അദ്ദേഹത്തിന്റെ മേൽപ്പറയപ്പെട്ട സിദ്ധാന്തങ്ങളിൽഉള്ള ന്യൂനതകളെ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. തദനന്തരം മല്ലീകൻ പറയുന്നു:—“ഞാൻ എന്റെ ന്യൂനതകൾ കണ്ടെത്തിക്കഴിഞ്ഞു. എന്നാൽ പ്രിയസഹോദര! നിങ്ങൾക്കു് നിങ്ങളുടെ ന്യൂനതകൾ കണ്ടെത്തുവാൻ ഒരിക്കലും സാധിക്കുകയില്ലെന്നു് എനിക്കു അറിയാം. കാരണം നിങ്ങൾക്കു് ന്യൂനത ഒന്നും ഇല്ലാത്തതുതന്നെ.”

ബ്രഹ്മദത്തൻ:—“പ്രിയസഹോദര! അങ്ങിനെയല്ല. നിങ്ങളെപ്പോലെഞാനും എന്റെ ന്യൂനതയെ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. സ്വന്തംകാഹളം സ്വയം മുഴക്കുക എന്നുള്ളതാണതു്. നമ്മൾ രണ്ടുപേരുടേയും ഗുണഗണങ്ങളെ അന്യോന്യം താരതമ്യപ്പെ

ട്ടത്തി യോഗ്യതായോഗ്യത നിൎണ്ണയിക്കുവാൻ നില്ക്കാതെയും അങ്ങയെ നിൎത്തി താമസിപ്പിക്കാതെയും ഞാൻ അങ്ങയ്ക്കു് വഴിതരികയായിരുന്നു വേണ്ടിയിരുന്നതു്. അതു് ഞാൻ ചെയ്തില്ലല്ലോ. ഇപ്പോൾ ഇരുകൂട്ടൎക്കും അവരവരുടെ ന്യൂനത ബോദ്ധ്യമായിരിക്കുന്ന സ്ഥിതിക്കു് ഇനി സ്വരാജ്യത്തിലേയ്ക്കു തന്നെമടങ്ങാം."

---

## ൧൩. രക്ഷ പ്രാപിച്ചു.

---

സിദ്ധാൎത്ഥൻ സ്ഥാനമാനങ്ങളെല്ലാം ഉപേക്ഷിച്ചു്, സന്ന്യാസം വരിച്ചശേഷം, ഒരുദിവസം രാജഗൃഹത്തിനരികിൽ ഉള്ള "പാണ്ഡവൻപാറ"യിൽ ഇരുന്നു് വിശ്രമിക്കുകയായിരുന്നു. സിദ്ധാൎത്ഥന്റെ ഓജസ്സും തേജസ്സും കണ്ടു് ബഹുമാനപരതന്ത്രനായിത്തീൎന്ന മഗധാധിപൻബിംബിശാരൻ, ആ യുവസന്ന്യാസിയെ സമീപിച്ചു്, അദ്ദേഹത്തിനു തന്റെ പുത്രിയേയും പകുതിരാജ്യത്തേയുംകൊടുക്കാമെന്നു് അറിയിച്ചു അതിനു സിദ്ധാൎത്ഥൻ:—"ഞാൻ ജന്മനാ ഒരു രാജകുമാരനാണു്." വേണമെന്നുണ്ടായിരുന്നു എങ്കിൽ മററാരുടേയും സഹായംകൂടാതെതന്നെ ഒരു രാജ്യം ഭരിക്കുവാൻ എനിക്കു് അനായാസേന സാധിക്കുമായിരുന്നു. എന്നാൽ ജരാനര, ജനനമരണം എന്നിങ്ങനെ മനുഷ്യസാധാരണമായ രോഗങ്ങൾക്കു് ഔഷധം കണ്ടുപിടിക്കുവാനും, മനുഷ്യരെ ബാധിച്ചുപദ്രവിക്കുന്ന ദുഃഖകോടികൾക്കു ശമനോപായമാരായുവാനുമായി, അല്ലയോ രാജൻ! ഞാൻ എന്റെ സിംഹാസനംവിട്ടു പുറത്തിറങ്ങിയിരിക്കുകയാണു്."

ബിംബിശാരൻ:—"അതിസുന്ദരിയാണു് എന്റെ പുത്രി."

സിദ്ധാൎത്ഥൻ:—"ആയിരിക്കാം. എന്നാൽ രാഹുലന്റെ മാതാവായ യശോധരയെക്കാൾ സുന്ദരിയായിരിക്കയില്ല; നിശ്ചയം. ഞാൻ അവളേയും അവനേയും വിട്ടു്; അച്ഛൻ, അമ്മ, പുത്രൻ രാജ്യം ഇവയെല്ലാം ഉപേക്ഷിച്ചു്, ശാന്തിയെത്തേടി പുറപ്പെട്ടിരിക്കുകയാണു്. അതിനാൽ അല്ലയോ രാജൻ! ഞാൻ അങ്ങയുടെ സംഭാവനയെ നന്ദിപൂൎവ്വം നിരസിച്ചുകൊള്ളട്ടെ"

ബിംബിശാരൻ:—"അങ്ങു് ഈ പരുക്കൻതുണി ധരിക്കുന്നതെങ്ങിനെ? ഭിക്ഷതേടി കിട്ടുന്ന വല്ലതുമൊക്കെ ഭക്ഷിക്കുന്നതെങ്ങിനെ?

സിദ്ധാൎത്ഥൻ:— "അതൊന്നും അത്ര സാരമുള്ള സംഗതികൾ അല്ല.

പ്രാരംഭത്തിൽ ഇതെല്ലാം അല്പം ബുദ്ധിമുട്ടായി തോന്നി. ഇപ്പോഴാകട്ടെ, അവയുമായി നല്ലപോലെ പരിചയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. 'പുരുഷനെ ഉണ്ടാക്കുന്നതു വസ്ത്രമല്ല' എന്ന തത്വത്തെ, ഭിക്ഷുവിൻെറ കേവലമായ വസ്ത്രം എന്നെ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. നമ്മെ അധികമായി ബാധിക്കുന്നതു് നാം കഴിക്കുന്ന ആഹാരം അല്ല; എന്നാൽ വിചാരിക്കുന്ന വിചാരമാകുന്നു എന്നും എനിക്കു് അറിയാറായിട്ടുണ്ടു്. തേൻ മധുരമുള്ളതുതന്നെ; എങ്കിലും കൊള്ളയുടേയും കൊലയുടേയും ഫലമായി സമ്പാദിക്കുന്നതല്ലേ അതു്. ആററുവെള്ളത്തിനു് എത്ര മാധുര്യം കൂട്ടം! എന്തുകൊണ്ടു്? അതിൽ കൊലയും ഇല്ല; കൊള്ളയും ഇല്ല."

ബിംബിശാരൻ:—"അങ്ങു് സത്യം കണ്ടുപിടിച്ചാൽ എന്നെക്കൂടെ അറിയിക്കണേ"

സിദ്ധാൎത്ഥൻ:—"അതിനു് കാലം കുറേ പിടിക്കും."

ബിംബിശാരൻ:—"അതുകൊണ്ടൊന്നും വിരോധമില്ല. സത്യം പറയുകയാണെങ്കിൽ, എനിക്കു് ഇന്നും അന്യസ്ത്രീകളിൽ വലിയ ഭ്രമംതന്നെയാണു്. അതു് കുറേക്കാലത്തേയ്ക്കുകൂടി നിലനിന്നേയ്ക്കുവാനും മതി. അങ്ങയുടെ 'സത്യ'ങ്ങളെ സ്വീകരിക്കുന്ന പക്ഷം, ഈ നിഷിദ്ധങ്ങളായ സുഖങ്ങളെ ഉപേക്ഷിക്കേണ്ടിവരുമെന്നു് ഞാൻ ഊഹിക്കുന്നു. വരട്ടെ!" എന്നു പറഞ്ഞുകൊണ്ടു്, ആ ഭോഗേച്ഛു അവിടെനിന്നും പൊയ്ക്കളഞ്ഞു.

അരാവലിവനത്തിൽ, നിരഞ്ജനനദിക്കരയിൽ സിദ്ധാൎത്ഥൻ തൻെറ അതികഠിനമായ തപസ്സു് ആരംഭിച്ചു ശരീരമെല്ലാം ശോഷിച്ചു് അസ്ഥിമാത്രകളേബരനായിക്കഴിഞ്ഞു. ഈ വിവരം ഗ്രഹിച്ചു് പിതാവായ ശുദ്ധോദനൻ പുത്രസന്നിധിയിലേയ്ക്കു ഒരു ദൂതനെ നിയോഗിച്ചു്, പട്ടിണികിടന്നു് ശരീരത്തെ ഈവിധം ശോഷിപ്പിക്കരുതെന്നും, ഭിക്ഷതെണ്ടി തൻെറ കുടുംബത്തിനും വംശത്തിനുംകൂടി മാനഹാനി വരുത്തിവയ്ക്കരുതെന്നും, ഉടനേതന്നെ കൊട്ടാരത്തിലേയ്ക്കു മടങ്ങി അച്ഛനേയും ഭാൎയ്യയേയും പുത്രനേയും രാജ്യത്തേയും സ്വീകരിച്ചുകൊള്ളണമെന്നും അറിയിച്ചു. മാത്രമല്ല, സിദ്ധാൎത്ഥനെ ഈ ഭയങ്കരപ്രസ്ഥാനത്തിൽനിന്നു് വിരമിപ്പിച്ചു്, കൊട്ടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവരുവാനായി, ശാക്യരാജാക്കന്മാരുടെ ഒരു നിവേദനസംഘത്തെക്കൂടെ ശുദ്ധോദനൻ നിയോഗിക്കാതിരുന്നില്ല. ഈ സംഘത്തോടു് സിദ്ധാൎത്ഥൻ പറഞ്ഞ മറുപടി:—"തടവുചാടിയ പുള്ളി, കാരാഗൃഹത്തിലേയ്ക്കുതന്നെ മടങ്ങിച്ചെല്ലുകയെന്നുള്ളതു് ഉണ്ടാകുന്ന കാൎയ്യമാണോ? എന്നു് അച്ഛനോടു ചോദിക്കുക. കാമമാകുന്ന മഹാഗ്നി കത്തിജ്ജ്വലിക്കുന്നു; ക്രോധമാകുന്ന കാളസൎപ്പം കോപാക്രാന്ത

നായി നടമാടുന്നു; ജനനം, മരണം, രോഗം, ജരാനര ഇവയെ—ഇവ് തങ്ങളുടെ സാധുക്കളായ ഇരകളെ അപ്രതീക്ഷിതമായി പിടികൂടുന്ന തുവരെ—അഗണ്യമായി തള്ളുന്നു; ഇങ്ങനെയുള്ള കാരാഗൃഹത്തിൽ നിന്നാണു് ഞാൻ രക്ഷപ്പെട്ടിരിക്കുന്നതു്. കത്തിക്കാളുന്ന വീട്ടിൽനിന്നു് ദൂരം ഓടി രക്ഷപ്പെട്ടവൻ, തനിക്കു് ഏറ്റവും പ്രിയപ്പെട്ട ബന്ധുമിത്രാദികളെ രക്ഷിക്കുവാനായി, അതിനുവേണ്ട സംഭാരങ്ങൾ ശേഖരിക്കുന്നതിനുമുമ്പു് മടങ്ങിച്ചെല്ലുന്നതാണോ? ദുഃഖത്തെ കീഴടക്കുവാനുള്ള ഉപായം ഞാനും കണ്ടെത്തും. അതിനുശേഷം കപിലവസ്തുവിൽ പോയി എന്റെ പ്രിയപ്പെട്ട അച്ഛനേയും അമ്മയേയും പുത്രനേയും എന്റെ ശാക്യസഹോദരങ്ങളേയും രക്ഷിക്കുകയുംചെയ്യും.”

ശാക്യന്മാർ:—സിദ്ധാൎത്ഥ! നിനക്കു് അങ്ങിനെ ഒരു മാൎഗ്ഗം കണ്ടുപിടിക്കുവാൻ സാധിച്ചില്ലെന്നുവന്നുകൂടേ? അങ്ങിനെയായാൽ നീ ഈ വനാന്തരാളത്തിലുള്ള അരുവിക്കരയിൽക്കിടന്നു് വെറുതേ മരിച്ചുപോകുമല്ലോ.”

സിദ്ധാൎത്ഥൻ:—“അതു് സാരമില്ല. എന്റെ രക്തമെല്ലാം വററിവരളുകയും, മാംസമെല്ലാംഉണങ്ങി പൊടിയുകയും, ഞാൻ മരിക്കുകതന്നെയുംചെയ്താൽക്കൂടി, ഞാൻ സ്വീകരിച്ചിരിക്കുന്ന ഈ മാൎഗ്ഗത്തിൽനിന്നു് തെല്ലുപോലും വ്യതിചലിക്കയില്ല. ആ മരണംതന്നെ ഇന്നത്തെ സാർവ്വത്രികമായിരിക്കുന്ന കാമത്തിൽനിന്നും, ഔദാസീന്യത്തിൽനിന്നും, അശ്രദ്ധയിൽനിന്നുംഉള്ള രക്ഷയാകുന്നു. പരാജിതനായി ജീവിതം നയിക്കുന്നതിൽഭേദം രണാങ്കണത്തിൽ വീണു് മരിക്കുന്നതുതന്നെയാണു്.”

---

## ൧൪. എന്തുകൊണ്ടു് പിതൃബലി പാടില്ല?

---

ബിംബിസാരൻ ഒരു മഹായാഗം കഴിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണു്. അൻപതു് ആടുകളെവേണം അതിൽ ഗളച്ഛേദം ചെയ്യുവാൻ. എല്ലാം തയ്യാറാക്കിക്കഴിഞ്ഞു. കൊട്ടാരംപുരോഹിതൻ വെണ്മഴവുമേന്തി നില്പായി.

തൽക്ഷണം ബുദ്ധദേവൻ ആ യാഗശാലയിൽ കയറിച്ചെന്നു് “നില്ക്കട്ടെ യാഗം” എന്നു ആജ്ഞാപിച്ചു. “എല്ലാ ജന്തുക്കളേയും, മനുഷ്യരേയും അതുപോലെതന്നെ ആടുകളേയും സൃഷ്ടിച്ചിരിക്കുന്നതു് ഈശ്വരനാണു്. ശക്തികൂടിയ ഈശ്വരസന്താനം ശക്തികുറഞ്ഞ ഈശ്വരസന്താനങ്ങളെ നിർദ്ദയം ഗളച്ഛേദം ചെയ്കയെന്നതു് ഒരിക്കലുംവിഹിതമല്ല; അതു് ഈശ്വരനു് ഇഷ്ടമായിരിക്കയുംഇല്ല. അതി

ന്നാൽ ഉപേക്ഷിക്കുക ഈ ദുഷ്കർമ്മം” എന്നായിരുന്നു ബുദ്ധദേവന്റെ ഉപദേശം ബിംബിസാരന് ഒന്നിനും നിവൃത്തിയില്ലാതായി; അദ്ദേഹം ഒടുവിൽ ഇങ്ങനെ പറഞ്ഞു:—“അങ്ങ് ഈ സംഗതിയെപ്പറ്റി പുരോഹിതൻമായി സംസാരിക്കണം. നിങ്ങളിൽ ആരുടെ അഭിപ്രായം പ്രബലപ്പെടുന്നുവോ, അതിനെ ഞാൻ സ്വീകരിച്ചുകൊള്ളാം.”

അതുകേട്ട ബുദ്ധദേവൻ പുരോഹിതപ്രമാണിയോടായി ചോദിക്കുന്നു:—“അല്ലയോ മഹാനുഭാവ! അങ്ങ് ഈ സാധുജീവികളെ ബലികഴിക്കുന്നതു് എന്തിനാണു്?”

പുരോഹിതൻ:—“വിഡ്ഢി! ഈ യാഗംകൊണ്ടു മൂന്നുപേർക്ക ഗുണം കിട്ടുന്നു. ദോഷം ആർക്കുംതന്നെ ഇല്ലതാനും. യാഗം കഴിപ്പിക്കുന്നതുകൊണ്ടു് ബിംബിസാരരാജാവിനു പുണ്യം; യാഗം കഴിക്കുന്നതുകൊണ്ടു് എനിക്കു പുണ്യം; ഈ യാഗത്തിൽ ബലികഴിക്കപ്പെടുന്നതുകൊണ്ടു് ആടുകൾക്കു സ്വർഗ്ഗം. ഇങ്ങനെ കഴിപ്പിക്കുന്നവനും, കഴിക്കുന്നവനും, കഴിക്കപ്പെടുന്നവനും ഗുണമേ ഉള്ളു ദോഷം ആർക്കുംതന്നെ ഇല്ലതാനും.”

ബുദ്ധൻ:—“ബലികഴിക്കപ്പെടുന്നവക്കെല്ലാം സ്വർഗ്ഗം കിട്ടുമോ?”

പുരോഹിതൻ:—“തീർച്ചയായും കിട്ടും; അതിനു് എന്തു സംശയമാണുള്ളതു്?”

ബുദ്ധൻ:—“അങ്ങയുടെ പിതാവു് ജീവിച്ചിരിപ്പില്ലേ?”

പുരോഹിതൻ:—“ഉണ്ടു്; അതുകൊണ്ടെന്താ?”

ബുദ്ധൻ:—“അദ്ദേഹം സ്വർഗ്ഗത്തിൽ പോകണം എന്നുതന്നെയാണല്ലോ നിങ്ങളുടെ ആഗ്രഹം?”

പുരോഹിതൻ:—“അതെ; അദ്ദേഹം സ്വർഗ്ഗത്തിൽ പോകണം എന്നുതന്നെയാണു് എന്റെ ആഗ്രഹം.

ബുദ്ധൻ:—“സാധാരണഗതിയിൽ അദ്ദേഹം തീർച്ചയായും സ്വർഗ്ഗത്തിൽ പോകുമെന്നു് ഉറപ്പിക്കുവാൻ നിവൃത്തിയില്ലല്ലോ?”

പുരോഹിതൻ:—“ശരിതന്നെ; അങ്ങനെ ഉറപ്പിച്ചുകൂടാ”

ബുദ്ധൻ:—എന്നാൽ നിങ്ങൾക്കു് അദ്ദേഹത്തെ ബലികഴിച്ചു് എന്തുകൊണ്ടു സ്വർഗ്ഗം കരസ്ഥമാക്കിക്കൊടുത്തുകൂടാ’

പുരോഹിതൻ കോപംകൊണ്ടു മൂർച്ഛിതനായി “എന്തെടാ നീ പറഞ്ഞതു്; എന്റെ അച്ഛനെ ബലികഴിക്കുകയോ?” എന്നു് അലറിക്കൊണ്ടു്, കയ്യുംമടക്കി ബുദ്ധന്റെ നേരേചെന്നു.

ബിംബിസാരനു കാര്യം മനസ്സിലായി; വാഗ്വാദത്തിൽ ജയിച്ചതാരാണെന്നു് അദ്ദേഹം അറിഞ്ഞു; യാഗം വേണ്ടെന്നുവച്ചു; പുരോഹിതനെപ്പിരിച്ചുവിട്ടു; അദ്ദേഹം ബുദ്ധമതംസ്വീകരിക്കുകയുംചെയ്തു.

---

## ൧൩. പകുതി മാതളമ്പഴം.

നിർഭാഗ്യവാന്മാരെയും നിർധനന്മാരെയും സഹായിക്കുവാനായി ബുദ്ധദേവൻ സ്വന്തകൈകൾകൊണ്ടു് ഒരുദിവസം പരസ്യമായി ഭിക്ഷ സ്വീകരിക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തിരുന്നു. തങ്ങളാൽ ആകുന്നതു കൊണ്ടുവന്നു കൊടുക്കണമെന്നു് എല്ലാവരോടും അഭ്യർത്ഥിച്ചിട്ടുമുണ്ടു്.

നിശ്ചിതദിവസം ബുദ്ധദേവൻ മഗധാരാജ്യത്തിന്റെ പ്രാചീനതലസ്ഥാനമായ രാജഗൃഹത്തിൽ ഒരു പ്രധാനസ്ഥലത്തു് എഴുന്നള്ളിയിരുന്നു നിശ്ചയപ്രകാരം ഭിക്ഷ സ്വീകരിക്കുവാൻ തുടങ്ങി. ഒന്നാമതായി വന്നതു മഗധരാജാവായ ബിംബീശ്വരൻതന്നെ ആയിരുന്നു. ഒട്ടുവളരെ ഭൂസ്വത്തുക്കളും, വിശാലമായ കെട്ടിടങ്ങളും, മററു് അനേകം വിലപിടിച്ച സാമാനങ്ങളും ആ ധർമ്മിഷ്ഠൻ സപ്രമാണം ദാനംചെയ്തു, ബുദ്ധദേവൻ ഒരുകൈ നീട്ടിയാണു് ആ പ്രമാണത്തെ സ്വീകരിച്ചതു്. പിന്നാലെവന്നു ബിംബീശ്വരന്റെ പുത്രനായ അജാതശത്രുരാജകുമാരൻ. ഇദ്ദേഹംചെയ്ത സംഭാവനയേയും ബുദ്ധദേവൻസ്വീകരിച്ചതു് ഒരുകൈകൊണ്ടുമാത്രം ആയിരുന്നതേഉള്ളു. അതിനുശേഷം അനേകം പ്രഭുക്കന്മാരും, കച്ചവടക്കാരും, മററു ധനികന്മാരുംകൊണ്ടുവന്നു കാഴ്ചവച്ച നിരവധിപദാർത്ഥങ്ങൾ എല്ലാം ബുദ്ധദേവൻ സ്വീകരിച്ചതു് ഒററക്കൈകൊണ്ടുമാത്രം ആയിരുന്നതേഉള്ളു. ഒടുവിൽ ഉണ്ടു് ഓടിവരുന്നു ഒരു വൃദ്ധസ്ത്രീ, പകുതി തിന്നുതീർന്ന ഒരു മാതളംപഴവും കൈയിൽപ്പിടിച്ചുകൊണ്ടു്. ആ കിഴവിപറയുന്നു:—“അങ്ങുന്നു ഭിക്ഷ സ്വീകരിക്കുന്നവിവരം കേട്ടതു് ഇപ്പോൾ മാത്രമാണു്; ഈ മാതളംപഴത്തിന്റെ പകുതി ഞാൻ തിന്നുപോയി; ഇനി പകുതി മാത്രമേ ശേഷിപ്പുള്ളു. ഇതൊന്നു് അല്ലാതെ എനിക്കു മറെറാരു സ്വത്തുംഇല്ലതന്നെ. അതുകൊണ്ടു ഞാൻ ഇതുംകൊണ്ടു ഓടിവന്നിരിക്കയാണു്. ഇതിനെ സ്വീകരിക്കുവാൻ ദയയുണ്ടാകണം.”

ബുദ്ധദേവൻ ഇതുകേട്ടു വർദ്ധിച്ച സന്തോഷത്തോടുകൂടി, രണ്ടുകൈകളും നീട്ടി, ആ സാധുവൃദ്ധയുടെ കയ്യിൽനിന്നു ഭിക്ഷ വാങ്ങി. ബിംബീശ്വരനും, അജാതശത്രുവും, അവിടെ കൂടിയിരുന്ന മററുമഹാജനങ്ങളും ഇതുകണ്ടു് അത്ഭുതപ്പെട്ടു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ബിംബീശ്വരൻ:—“പ്രഭോ! പുണ്യാത്മാവേ! അങ്ങയുടെ മാർഗ്ഗങ്ങൾ എല്ലാം ദുർഗ്രാഹ്യങ്ങളത്രേ. ഞങ്ങളുടെ വിലപിടിച്ച സം

ഭാവനകൾ എല്ലാം അങ്ങു് ഒററക്കൈകൊണ്ടുമാത്രം സ്വീകരിച്ചിരിക്കെ, ഈ സാധുകിഴവിയുടെ ഉച്ഛിഷ്ടമായ പകുതിപ്പഴം രണ്ടുകൈകളുംനീട്ടി വാങ്ങുവാനുള്ള കാരണം എന്താണു്?"

അതുകേട്ടു ചിരിച്ചുകൊണ്ടു ബുദ്ധദേവൻ പറഞ്ഞതു് ഇങ്ങനെ ആയിരുന്നു:—"അല്ലയോ രാജൻ! നിങ്ങളുടെ സംഭാവനകളെല്ലാം വിലപിടിച്ചവയാകുന്നു എന്നുള്ളതു പരമാർത്ഥംതന്നെ. എന്നാൽ നിങ്ങളിൽ ആരുംതന്നെ അവരവൎക്കു് ഉള്ളതിന്റെ പത്തിൽഒരുഭാഗംപോലും ത്യാഗംചെയ്യുകയുണ്ടായില്ലല്ലോ. മിച്ചമുള്ളതിൽ കുറേ പോകട്ടെ എന്നുവച്ചതല്ലേയുള്ളു. അതുതന്നെ പ്രതാപത്തെ ഉദ്ദേശിച്ചുമാത്രമാണുചെയ്തിട്ടുള്ളതു്. യഥാൎത്ഥധൎമ്മമായിരിക്കട്ടെ എന്ന വിചാരത്തോടുകൂടി ചെയ്തതല്ല. ഈ സ്ത്രീയാകട്ടെ, അവൾക്കു് ഈ ലോകത്തിലുള്ള സർവ്വസ്വവുമാണു് ത്യാഗംചെയ്തിട്ടുള്ളതു്. അതു് ആത്മാൎത്ഥതയോടുകൂടിയും ആകുന്നു. നിങ്ങളുടെ സംഭാവനകളെ ഞാൻ ഒററക്കൈമാത്രം നീട്ടിയും, ഈ കിഴവിയുടെ സംഭാവനയെ രണ്ടുകൈകളും നീട്ടിയും വാങ്ങിയതിന്റെ കാരണം ഇപ്പോൾ മനസ്സിലായോ?"

---

## ൨൩. യുവതിയായ മാതാവു്.

---

ഒരുദിവസം ശ്രീബുദ്ധദേവൻ, ഒരു ആൽച്ചുവട്ടിൽ വിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു ചെറുപ്പക്കാരിയായ സ്ത്രീ, കയ്യിൽ ഒരു ശിശുവിന്റെ മൃതശരീരം വഹിച്ചും അതിദാരുണമായി കരഞ്ഞുകൊണ്ടും അവിടെ ചെന്നു് ഇങ്ങിനെ അറിയിച്ചു. "എന്റെ കടിഞ്ഞൂൽകുഞ്ഞു്, എന്റെ ഏകസന്താനം, പ്രഭോ! ഇതാ മരിച്ചുപോയിരിക്കുന്നു. എന്നിൽ ദയതോന്നണേ. ഈ കുട്ടിയെ എനിക്കു ജീവിപ്പിച്ചുതരണേ." പിന്നെയും അവൾ ഹൃദയംപിളരുമാറു കരയുകയാണു്. ദുഃഖംകൊണ്ടു് ഏവംവിധം പരതന്ത്രയായിരിക്കുന്ന അവളോടു് യുക്തിവാദംചെയ്യുന്നതുകൊണ്ടും, അവൾക്കു തത്വോപദേശംചെയ്യുന്നതുകൊണ്ടും പ്രയോജനമൊന്നും ഉണ്ടാകുവാനില്ലെന്നു് ആ മഹാപുരുഷൻ നിശ്ചയിച്ചു് ഇങ്ങനെ പറഞ്ഞു:— "മകളേ! വ്യസനിക്കേണ്ട. നിന്റെ കുഞ്ഞിനെ ഞാൻ ജീവിപ്പിച്ചുതരാം. എവിടെയെങ്കിലുംചെന്നു് ഒരുപിടി എള്ളു് വാങ്ങിക്കൊണ്ടുവരു. എന്നാൽ നീ ആരുടെ കയ്യിൽനിന്നു് എള്ളു വാങ്ങുന്നുവോ, ആ ആളുടെ ബന്ധുക്കളും സ്വജനങ്ങളും ആരും മരിച്ചിട്ടുണ്ടായിരിക്കരുതു് എന്നുള്ളകാൎയ്യംമാത്രം ഓൎമ്മിച്ചുകൊള്ളണം."

പ്രഥമശ്രവണത്തിൽ നിഷ്പ്രയാസം സാധിക്കാമെന്നു തോന്നിയ
ഈ ആവശ്യം കേട്ടപ്പോൾ അതിയായി സന്തോഷിച്ചു ആ മാതാവു്,
തൻെറ ശിശുവിൻെറ മൃതശരീരം ബുദ്ധസന്നിധിയിൽ കിടത്തി,
എള്ളു് അന്വേഷിച്ചുകൊണ്ടു പുറപ്പെട്ടു അലഭ്യമായ സാധനം
അന്വേഷിച്ചുകൊണ്ടാണു താൻ പോകുന്നതെന്നുമനസ്സിലാക്കുവാൻ
വേണ്ട ലോകപരിചയം ആ സാധുമാതാവിന്നു് ഉണ്ടാകാതെപോയ
തു്, ഒരുസമയം അവളുടെ തൽക്കാലത്തെ ദുഃഖാധിക്യംകൊണ്ടായി
രിക്കാം. ഏതായാലും ആ സാധു അടുത്തുള്ള ഗ്രാമത്തിൽ ഓടിഎ
ത്തി ഒരു വാതുക്കൽ മുട്ടി. ഒരു യുവതി വന്നു വാതിൽ തുറന്നു ഉട
നെ അവരോടു് ദുഃഖിതയായ മാതാവു്:—"ദയയുണ്ടായി നിങ്ങൾ
എനിക്കു് ഒരുപിടി എള്ളുതരുമോ?" എന്നു ചോദിച്ചു. "തരാമ
ല്ലോ" എന്നു പറഞ്ഞുകൊണ്ടു വേഗം അകത്തുപോയി ഒരുപിടി
എള്ളെടുത്തുകൊണ്ടുവന്നു കൊടുത്തു. അതുവാങ്ങി യാത്രയ്ക്കു് ആരം
ഭിച്ചപ്പോൾ ആ ദുർഭഗയായ മാതാവു്:—"നിങ്ങളുടെ ബന്ധുക്കൾ
ആരും മരിച്ചിട്ടില്ലല്ലോ" എന്നു് അനാസ്ഥയായി അന്വേഷിച്ചു.
ഇതു കേട്ടതും എള്ളു കൊണ്ടുവന്നു കൊടുത്ത യുവതി പൊട്ടിക്കരഞ്ഞ
തും ഒന്നായി കഴിഞ്ഞു. "ആ ഉണങ്ങാത്ത വ്രണം കുത്തിച്ചിനക്കി
രക്തം ഒലിപ്പിക്കുന്നതു് എന്തിനാണു്? എൻെറ ഏകസഹോദരൻ
മരിച്ചിട്ടു ഒരുമാസംകൂടെആയിട്ടില്ലെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടെ?
അച്ഛൻ മരിച്ചിട്ടാണെങ്കിൽ കൊല്ലം ഇനിയും ഒന്നു തികഞ്ഞില്ല."

യുവതിയായ മാതാവു്:—"നിങ്ങളുടെ അവസ്ഥ അറിഞ്ഞു ഞാനും
വ്യസനിക്കുന്നു. അതിരിക്കട്ടെ; ഈ സ്ഥിതിക്കു് നിങ്ങളുടെ
എള്ളുകൊണ്ടു് എനിക്കു പ്രയോജനമില്ല" എന്നുപറഞ്ഞു
യാത്രയായി. മറെറാരുവീട്ടിൽ ചെന്നപ്പോൾ അവിടെ കണ്ട
തു് കുറെ പ്രായംചെന്ന ഒരു സ്ത്രീയെയാണു്. അവരോടു് എ
ള്ളു് ആവശ്യപ്പെട്ടു. അതനുസരിച്ചു് ആ സ്ത്രീയും എള്ളെടുത്തു
കൊണ്ടുവരികയും ചെയ്തു. എന്നാൽ അതു വാങ്ങുന്നതിനുമുമ്പു്
യുവതിയായ മാതാവു്:—"നിങ്ങളുടെ ബന്ധുക്കൾ ആരും മരി
ച്ചിട്ടില്ലല്ലോ?" എന്നു് അന്വേഷിക്കാതിരുന്നില്ല. ഇതുകേട്ടു
മററേ സ്ത്രീ വാവിട്ടു കരഞ്ഞുകൊണ്ടു പറഞ്ഞതു് ഇങ്ങിനെയാ
യിരുന്നു:—"എനിക്കു് ഒരേ ഒരു മകനേ ഉണ്ടായിരുന്നുള്ളു. മി
ടുമിടുക്കൻ കുട്ടി. അവൻ എൻെറ കണ്ണിൽനിന്നു് ഇന്നും
മറഞ്ഞിട്ടില്ല. ഇരുപതുകൊല്ലം തീററിപ്പോററി വളത്തിക്കൊ
ണ്ടുപോന്നു. അവൻ മരിച്ചിട്ടു് ഇതാ മാസം ആറുകൂടെ
ആയിട്ടില്ല."

യുവതിയായ മാതാവു്:—"നിങ്ങളുടെ കഥയോർത്തു എനിക്കും വല്ല-

തായ വ്യസനം ഉണ്ടു്. ഈ സ്ഥിതിക്കു് എനിക്കു നിങ്ങളുടെ എള്ളുകൊണ്ടു പ്രയോജനമില്ല” എന്നു പറഞ്ഞു് അവിടെനിന്നും പോയി. മൂന്നാമതു് ഒരു വീട്ടിൽചെന്നുകയറി. അവിടെ കണ്ടതു് ഒരു വിധവയെ. പ്രായമാണെങ്കിൽ പത്തറുപതു വയസ്സിൽ കുറവല്ല. അവരോടു നമ്മുടെ ചെറുപ്പക്കാരിയായ മാതാവു്:—“അമ്മേ! നിങ്ങളുടെ സ്വജനങ്ങളിൽ ആരും മരിച്ചിട്ടില്ലെങ്കിൽ, ദയയുണ്ടായി നിങ്ങൾ എനിക്കു് ഒരുപിടി എള്ളുതരണം” എന്നു് അപേക്ഷിച്ചു. ഇതുകേട്ടു് ആ വയോവൃദ്ധയായ വിധവ ചിരിച്ചുകൊണ്ടു്:—“മകളേ! നിനക്കു് പത്തുപിടി എള്ളു വേണമെങ്കിലും തരാം. എന്നാൽ എന്റെ സ്വജനങ്ങളിൽ പലരും മരിച്ചുപോയിട്ടുണ്ടു്. എന്തിന്നു് എന്റെ പ്രിയപ്പെട്ട ഭർത്താവുതന്നെ മരിച്ചിട്ടു കൊല്ലം മുപ്പതു് ഇതാ കഴിഞ്ഞതേയുള്ളു. അദ്ദേഹത്തിന്റെ വേർപാടു ഒരു തീരാദുഃഖമായാണു ഞാൻ അന്നു കരുതിയിരുന്നതു്. എന്നാൽ ഇതെല്ലാം അപരിഹാര്യങ്ങളാണെന്നു് ഇന്നു് എനിക്കു ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ഞാൻ വളരെയൊന്നും ദുഃഖിക്കുന്നില്ല. ജനങ്ങൾ മരിക്കുന്നില്ലെങ്കിൽ, ദിവസംതോറും ജനിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കു ഭൂമിയിൽ സ്ഥലം മതിയാകുമോ? ലോകത്തിൽ എങ്ങും, നരകത്തിലെന്നപോലെ, തിക്കും തിരക്കും ആകുമായിരുന്നില്ലയൊ? ഇന്നു നിന്റെ അച്ഛൻ എവിടെ? അദ്ദേഹത്തിന്റെ അച്ഛൻ എവിടെ? അദ്ദേഹത്തിന്റെ അച്ഛൻ എവിടെ? ഇവരിൽ ചിലരെല്ലാം നിശ്ചയമായും മരിച്ചിരിക്കുമല്ലോ. ലോകത്തിൽ ജനിച്ചവൎക്കെല്ലാം തീൎച്ചയായും മരണം ഉണ്ടാകാതെ കഴികയില്ല. ‘ജാതസ്യ ഹി ധ്രുവോ മൃത്യുഃ’ എന്നില്ലേ.”

ഇപ്പോഴാണു താൻ അന്വേഷിച്ചു നടക്കുന്നതു യാതൊന്നോ, അതു് കേവലം അലഭ്യമായ ഒരു വസ്തുവാണു് എന്നു് ആ യുവതിയായ മാതാവിനു മനസ്സിലായതു്. അതുകൊണ്ടു് ബുദ്ധസന്നിധിയിലേക്കുതന്നെ തിരിച്ചുചെന്നു്, തന്റെ അന്വേഷണം പരാജയപ്പെട്ട വിവരമെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു.

“മകളേ!” അതുകേട്ടു് ഗൌതമൻ പറയുന്നു “സ്ഥായിയായി ഒന്നുംതന്നെ ഇല്ല. രൂപാന്തരപ്രാപ്തി, ക്ഷയം, വിനാശം ഇവ എല്ലാററിനുംഉണ്ടു്. ഈ അവസ്ഥാന്തരങ്ങളാണു് ദുഃഖത്തിനു കാരണം. ഇവകളിൽനിന്നു് രക്ഷപ്പെടുവാനുള്ള ഏകോപായം അവയുമായി സംഗംകൂടാതെയിരിക്കുക എന്നുള്ളതുമാത്രം ആകുന്നു. ഈ അവസ്ഥാന്തരങ്ങളെപ്രകൃതിവൈഭവംമാത്രമായി കരുതിക്കൊണ്ടാൽ മതി. എല്ലാ ദുഃഖങ്ങളിൽനിന്നും ദീനതകളിൽനിന്നുംഉള്ള വിരാമ

ത്തിലേക്കു നയിക്കുന്ന ആൎയ്യന്മാരുടെ അഷ്ടസിദ്ധാന്തങ്ങൾ നീ സ്വീകരിച്ചുകൊള്ളുക."

അമ്മ:—"പ്രഭോ! ഈ! ദുർഗ്ഗയ്ക്കു് ആ മാർഗ്ഗങ്ങൾ ഉപദേശിച്ചുതരണേ!"

ബുദ്ധൻ:—"ശരി. നീ പോയി നിൻെറകുട്ടിയെ മറവുചെയ്തുവരിക."

അവൾ ഗുരു നിർദ്ദേശിച്ചതുപോലെ പ്രവൎത്തിച്ചു മടങ്ങിവന്നതിനുശേഷം, ഉപദേശംവാങ്ങി, കാലക്രമേണ ഒരു സുപ്രസിദ്ധ ബുദ്ധഭിക്ഷുകിയായിത്തീൎന്നു.

---

## ൧൦. മാനംരക്ഷിക്കൽ.

ശ്രീബുദ്ധദേവനു് അമൃതോദനൻ എന്ന പേരായി ഒരു ചിററപ്പൻ ഉണ്ടായിരുന്നു. ബുദ്ധപുത്രനായ രാഹുലൻ ജാതമായ അതേദിവസംതന്നെ, അമൃതോദനനും ഒരു ദിവ്യസന്താനം ജാതനായി. 'ഹോളി' എന്നു പറയപ്പെടുന്ന ആ വിശേഷദിവസമായിരുന്നു ഈ കുട്ടികളുടെ ജനനം. പരമശിവൻ ഒരിക്കൽ തപസ്സുചെയ്തുകൊണ്ടിരുന്നുഎന്നും, കാമദേവൻചെന്നു് ആ തപസ്സിനെ മുടക്കി എന്നും, പരമശിവൻ കോപിച്ചു കാമദേവനെ തൻെറ മൂന്നാംതൃക്കണ്ണിൽ ദഹിപ്പിച്ചുകളഞ്ഞുഎന്നുംമററുമുള്ളതു് പുരാണപ്രസിദ്ധമായ കഥയാണല്ലോ. ഈ കന്ദൎപ്പദഹനത്തിൻെറ സ്മരണയ്ക്കായി കൊണ്ടാടുന്ന ഒരു ഉത്സവമാണു് 'ഹോളി.' അന്നു കപിലവസ്തുവിൽ എങ്ങും സന്തോഷവും ആനന്ദവും നിറഞ്ഞിരുന്നതുകൊണ്ടു്, അമൃതോദനപുത്രനു് ആനന്ദൻ എന്നു പേരിട്ടു. പിതാവു് ഒരു വിദഗ്ദ്ധനായ ജ്യോതിശ്ശാസ്ത്രമൎമ്മജ്ഞനെ വരുത്തി ബാലൻെറ ജാതകം പരിശോധിപ്പിച്ചപ്പോൾ ആ ദൈവജ്ഞൻ അഭിപ്രായപ്പെട്ടതു് "ആനന്ദകുമാരൻെറ ജനനം കന്ദൎപ്പദഹനദിവസമായതുകൊണ്ടു് ആ രാജകുമാരൻ കാമവികാരശൂന്യനായിത്തീരുമെന്നും, ശാക്യസന്ന്യാസിയായ ബുദ്ധൻെറ ഒരു അന്തേവാസിയായി പരിണമിക്കുമെന്നും" ആയിരുന്നു. തൻെറ പുത്രൻ ഒരു സന്ന്യാസിയായിത്തീരുന്നതു് അമൃതോദനനു് ഒട്ടുംതന്നെ പഥ്യമായ കാൎയ്യമായിരുന്നില്ല. അതുകൊണ്ടു് ആ രാജകുമാരനെ വളരെ ഭദ്രമായാണു വളൎത്തിക്കൊണ്ടുപോന്നതു്.

ആനന്ദനു് ഇരുപതുവയസ്സു പ്രായമായി. ഇതുവരെ ബുദ്ധനും ആനന്ദനും തമ്മിൽകാണുവാൻ സംഗതിയായിട്ടില്ല. ബുദ്ധൻ കപിലവസ്തുവിൽ പോയപ്പോൾ, ആനന്ദൻ ഉടൻതന്നെ വൈശാലി

യിൽ അയയ്ക്കപ്പെട്ടും. ബുദ്ധൻ വൈശാലിയിൽ പോയാൽ ആനന്ദൻ കപിലവസ്തുവിലും എത്തിക്കഴിയും. ഇങ്ങനെ കഴിഞ്ഞുകൂടി വരുന്നതിനിടയിൽ ഒരുദിവസം ബുദ്ധദേവനു് അടിയന്തിരമായി, ഏതോ ഒരു സംഗതിവശാൽ പെട്ടെന്നു്, കപിലവസ്തുവിലേയ്ക്കു് വരേണ്ടതായി വന്നു. യാത്രാക്ലേശം തീർക്കുവാനായി ആ ശാക്യസിംഹം അമൃതോദനൻെറ ഗൃഹത്തിൽകയറി വരാന്തയിൽ ചെന്നിരുന്നു. ആദ്യം വന്നു് വാതിൽതുറന്നതു് ആനന്ദനാണു്. വെയിൽകൊണ്ടു് ക്ഷീണിച്ചും വിയർത്തു് ഒലിച്ചുമിരിക്കുന്ന ബുദ്ധനെ കണ്ടക്ഷണത്തിൽ ആനന്ദൻ അകത്തുപോയി ഒരു വിശറി എടുത്തുകൊണ്ടുവന്നു് ബുദ്ധൻെറ സമീപം വീശിക്കൊണ്ടു് നില്പായി. ദൈവജ്ഞൻെറ ദീർഘദർശനം യഥാർത്ഥമായും തീർന്നു.

ബുദ്ധദേവൻ ആനന്ദനു് തൻെറ നാലു സിദ്ധാന്തങ്ങളും ഉപദേശിച്ചുകൊടുത്തു. ദുഃഖം, ദുഃഖകാരണം, ദുഃഖനിവൃത്തി, അഷ്ടോപായം ഇവയാണു് ബുദ്ധദേവൻെറ നാലു് മഹാസിദ്ധാന്തങ്ങൾ. ആനന്ദൻ ഇവയെല്ലാം സശ്രദ്ധം കേട്ടു് മനസ്സിലാക്കി. അല്പം കഴിഞ്ഞു്, ബുദ്ധദേവൻ എഴുന്നേററു യാത്രയായപ്പോൾ, ആനന്ദനും അദ്ദേഹത്തെ അനുഗമിക്കുകയായി. അതുകണ്ടു് അമൃതോദനൻ പുറത്തിറങ്ങിവന്നു് ആനന്ദനോടു് വീട്ടിലേയ്ക്കു് മടങ്ങിപ്പോകുവാൻ ആവശ്യപ്പെട്ടു.

ആനന്ദൻ:—"പൂജ്യനായ പിതാവേ! അല്ല; അതു് സാദ്ധ്യമല്ല. ഈ സംഗതിയിൽ അങ്ങയെ അനുസരിക്കുവാൻ നിവൃത്തിയില്ലാതെവന്ന എൻെറ തെററിനെ സദയം ക്ഷമിച്ചു് എനിക്കു് മാപ്പുതരണേ"

അമൃതോദനൻ:—"എൻെറസമ്മതംകൂടാതെ നിനക്കു് സന്ന്യസിക്കുവാൻ പാടില്ല."

ആനന്ദൻ:—"എന്നാൽ എനിക്കു് അതിനു് സമ്മതം തരണം."

ഇത്രയുമായപ്പോൾ ശുദ്ധോദനനും യാദൃച്ഛികമായി അവിടെ വന്നുചേർന്നു. അദ്ദേഹം അമൃതോദനനെനോക്കിപറഞ്ഞു—എൻെറ സമ്മതംകൂടാതെയാണു് എൻെറ മകൻ സന്ന്യസിച്ചതു്. അവനെ ആ കൃത്യത്തിൽനിന്നു് വിരമിപ്പിക്കുവാൻ ഞാൻ എന്നാലാകുന്നതെല്ലാം ചെയ്തുനോക്കി; ഫലമൊന്നും ഉണ്ടായില്ല. നിങ്ങൾ എന്തെല്ലാം പറഞ്ഞാലും എന്തെല്ലാം പ്രവൃത്തിച്ചാലും നിങ്ങളുടെ മകനും അവൻ വിചാരിച്ചതുപോലെതന്നെ ചെയ്യാതിരിക്കയില്ല. അതിനാൽ അവനെ അവൻെറ ഇഷ്ടപ്രകാരം ഭിക്ഷു ആകുവാൻ അനുവദിക്കുകയാണു് ഉത്തമം. അങ്ങിനെയായാൽ നമ്മുടെ മക്കളെല്ലാം 'ഗുരുത്വംകെട്ടവരാണു്—താന്തോന്നികളാണു്' എന്നെല്ലാം നാട്ടുകാർ ആക്ഷേപിക്കാതിരിക്കുകയെങ്കിലും ചെയ്യും."

അമൃതോദനൻ:—"സമ്മതംകൊടുക്കുന്നതുകൊണ്ടു് ഉണ്ടാകുവാനുള്ള ഗുണം എന്താണു്?"

ശുദ്ധോദനൻ:—"മററൊന്നും ഇല്ലെങ്കിലും, നമുക്കു് നമ്മുടെ മാനം രക്ഷിക്കുകയെങ്കിലും ആകാമല്ലോ"

അമൃതോദനനു് കാര്യം മനസ്സിലായി. 'തോണിമുങ്ങിയാൽ പുറംഭേദം' എന്നു് അദ്ദേഹം കണ്ടു. തെളിച്ചവഴിക്കു നടക്കാത്ത മകനെ നടന്നവഴിക്കു് തെളിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. ആനന്ദനു് സമ്മതവും കൊടുത്തു.

പിറേറദിവസംതന്നെ ആനന്ദനെ ന്യഗ്രോധവനത്തിലേയ്ക്കു് കൊണ്ടുപോയി, അവിടെ അമൃതോദനൻ, ശുദ്ധോദനൻ മുതലായവരുടെ സന്നിധിയിൽവച്ചു് ആ ധീരബാലൻ ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു.

ഇങ്ങനെയാണു് അമൃതോദനന്റെ മാനംരക്ഷിച്ചതു്.

## ൧൮. ആക്ഷേപക്കാരെ സമാധാനിപ്പിച്ചു.

ശ്രീബുദ്ധദേവനു് വയസ്സു് അൻപതായിരിക്കുന്നു. വളരെ ക്ഷീണിച്ചും ശോഷിച്ചും ഇരിക്കയാണു്. ഇങ്ങിനെ ഇരിക്കെ ഒരുദിവസം അദ്ദേഹം തന്റെ സഹോദരഭിക്ഷുക്കളോടായി ഇങ്ങിനെ പറഞ്ഞു:—"അല്ലയോ സഹോദരന്മാരേ! ഞാൻ വൃദ്ധനായിക്കഴിഞ്ഞു. രോഗങ്ങളും വന്നു പിടികൂടി. വളരെ ക്ഷീണിച്ചും ഇരിക്കുന്നു ഇനി എന്നെ ശുശ്രൂഷിക്കുവാൻ ഒരു പ്രത്യേക അന്തേവാസി കൂടിയേകഴിയൂ. അതിനു് നിങ്ങൾ ആരെയെങ്കിലും ഒരാളെ നിയമിക്കണം."

ഇതുകേട്ടു് സാധുവായ കൗണ്ഡിന്യൻ:—"പൂജ്യപാദനായ ഗുരോ! എന്നെ അവിടുത്തെ പരിചാരകനായി സ്വീകരിക്കുവാൻ ദയയുണ്ടാകണേ" എന്നു് അപേക്ഷിച്ചു

ബുദ്ധദേവൻ:—"അല്ലയോ കൗണ്ഡിന്യ! നീയും എന്നെപ്പോലെ തന്നെ വൃദ്ധനായിരിക്കുന്നുവല്ലോ. നിന്നെ ശുശ്രൂഷിക്കുവാനും കൂടി വേണ്ടിവരുമല്ലോ മററാരു അന്തേവാസി ആ സ്ഥിതിക്കു് നീ എങ്ങിനെയാണു് എന്നെ ശുശ്രൂഷിക്കുവാൻ സമത്ഥനായിത്തീരുന്നതു്?"

തദനന്തരം അശ്വജിത്തു്, സുബാഹുമുതലായ വൃദ്ധശിഷ്യന്മാരും തങ്ങളെ സ്വാമിശുശ്രൂഷയ്ക്കു് അന്തേവാസികളായി സ്വീകരിക്കേണമെന്നു് അപേക്ഷിച്ചുനോക്കി. എങ്കിലും ബുദ്ധദേവൻ, മേൽപ്പറ

ഞ്ഞപോലെയുള്ള സമാധാനംതന്നെ പറഞ്ഞു് അവരുടേയെല്ലാം അപേക്ഷകളെ നിരസിക്കുകയാണു ചെയ്തതു്. ഈ സ്ഥിതിക്കു് ആനന്ദൻ ഒരു ഉചിതനായ പരിചാരകൻ ആയിരുന്നേയ്ക്കുമെന്നും, അവനെ ഗുരുവര്യൻ അങ്ങിനെ സ്വീകരിച്ചേയ്ക്കുമെന്നും വിചാരിച്ചു്, നിഷേധിക്കപ്പെട്ടവരിൽ ഒരുവനായ മൂൽഗലായനൻ, ശാരിപുത്രനേയും കൂട്ടിക്കൊണ്ടു്, ആനന്ദന്റെ അടുത്തുചെന്നു്, ഈ പൂജ്യതമമായ സ്ഥാനംസ്വീകരിച്ചുകൂടെയോഎന്നു് ആ യുവഭിക്ഷുവിനോടു ചോദിച്ചു. ആനന്ദൻ ആദ്യം ഈ അപേക്ഷയെ നിശ്ശേഷം നിരസിക്കുകയാണു ചെയ്തതു്. അവൻ പറഞ്ഞു:—"പൂജ്യപാദനായ ശാരിപുത്ര! ഭഗവാന്റെ പാദശുശ്രൂഷകനായി എന്നെ തിരഞ്ഞെടുക്കരുതു്. ഷഷ്ട്യബ്ദപൂർത്തിവന്നവനും, ബലിഷ്ഠനും, ദീർഘങ്ങളായ വക്രദന്തങ്ങളോടുകൂടിയവനും, പീനവക്ഷസ്സും, മദാക്രാന്തനും ആയിരിക്കുന്ന മാതങ്ഗവനഗജത്തെ ഉപചരിക്കുന്നതിൽ കൂടുതൽ പ്രയാസമുള്ളതാണു് ഗുരുദേവനെ ശുശ്രൂഷിക്കുക എന്നുള്ളതു്." എങ്കിലും മറ്റുള്ളവരുടെ നിർബ്ബന്ധവും, വേറെ തക്ക ആളുകൾക്കുള്ള ദാരിദ്ര്യവുംകൊണ്ടു് ആനന്ദൻ ആ സ്ഥാനം സ്വീകരിക്കാമെന്നുതന്നെ ഒടുവിൽ സമ്മതിച്ചു. എന്നാൽ, താൻ ഗുരുവിന്റെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയാകട്ടെ, ഗുരുവിന്റെ വസ്ത്രങ്ങൾ ധരിക്കുകയാകട്ടെ ചെയ്കയില്ല; അന്യഗൃഹത്തിൽ ഗുരുവിനെ അനുഗമിക്കുകയില്ല; ഏതു സമയവും ഗുരുവിനെ കാണുവാൻ തടസ്സം ഉണ്ടായിരിക്കുകയും അരുതു് എന്നിങ്ങനെയുള്ള മൂന്നു് നിശ്ചിതവ്യവസ്ഥകളോടുകൂടിയാണു് സമ്മതിച്ചതു്.

ഈ വിവരം ബുദ്ധദേവനെ അറിയിച്ചപ്പോൾ അദ്ദേഹം ആ വ്യവസ്ഥകളെ സമ്മതിക്കുകയും ആനന്ദനെ തന്റെ പ്രത്യേക അംഗശുശ്രൂഷകനായി സ്വീകരിക്കുകയും ആണു് ഉണ്ടായതു്. യാതൊരു വ്യവസ്ഥയും കൂടാതെ ഉപചരിച്ചുകൊള്ളാം എന്നു് അറിയിച്ച അഞ്ഞൂറു് ശിഷ്യന്മാരെയും നിരസിച്ചു് ഈവക വ്യവസ്ഥകളോടുകൂടി ആനന്ദനെ സ്വീകരിച്ചതുകണ്ടപ്പോൾ, ആ ശിഷ്യന്മാർ അസൂയാലുക്കളായിത്തീരുകയും ഈ പക്ഷഭേദത്തിനു കാരണം എന്താണെന്നു് ഗുരുവിനോടു് ചോദിക്കുകകൂടിയും ചെയ്തു. ഇതിനു സമാധാനമായി അദ്ദേഹം പറഞ്ഞതു്:—"ആനന്ദന്റെ ആ വ്യവസ്ഥകൾ എല്ലാം അവന്റെ വിനയത്തെമാത്രം തെളിയിക്കുന്നതേയുള്ളു. ഞാൻ കഴിക്കുന്ന ഭക്ഷണംതന്നെ ഭക്ഷിക്കുവാനും, ഞാൻ ധരിക്കുന്ന വസ്ത്രംതന്നെ ധരിക്കുവാനും, അന്യഗൃഹത്തിൽപ്പോയി എന്നോടൊന്നിച്ചിരുന്നു് ഭക്ഷണം കഴിക്കുവാനും അവൻ യോഗ്യനല്ല എന്നാണു് അവന്റെ വിനയം അവനെ ഉൽബോധിപ്പിക്കുന്നതു്. അവനു് സംശയം നേരിടുമ്പോൾ എല്ലാം ഓടിവന്നു് എന്നോടു ചോദിച്ചു സംശ

യനിവൃത്തി വരുത്തുവാൻ വേണ്ടസൌകര്യമുണ്ടാകണം എന്നല്ലാതു് അവൻെറ ജ്ഞാനതീഷ്ണതയെ കാണിക്കുന്ന സംഗതിയും ആകുന്നു" എന്നായിരുന്നു. എന്നാൽ അഞ്ഞൂറോളംവരുന്ന പൃച്ഛകന്മാൎക്കു് ഇതുകൊണ്ടു് തൃപ്തിയായില്ല. ബുദ്ധദേവനു് ഇതു മനസ്സിലായി. അതുകൊണ്ടു് താൻ പോകുന്നേടത്തെല്ലാം ഒന്നിച്ചുവരാൻ ബുദ്ധദേവൻ അവരോടു് ആവശ്യപ്പെട്ടു. ആനന്ദൻെറനടപടികൾ എല്ലാം മററുള്ളവർ നോക്കിക്കാണട്ടെ എന്നും, അങ്ങിനെ, അവനു് മററുള്ളവരെ അപേക്ഷിച്ചുള്ള അധികയോഗ്യത, അവർ മനസ്സിലാക്കിക്കൊള്ളട്ടെ എന്നും ആയിരുന്നു ബുദ്ധദേവൻെറ അന്തൎഗ്ഗതം.

ഇതുകഴിഞ്ഞു് അധികം ചെല്ലുന്നതിനു മുമ്പായി ബുദ്ധദേവൻ തൻെറ ശിഷ്യന്മാരായ അഞ്ഞൂറോളം ഭിക്ഷുക്കളോടും ആനന്ദനോടുംകൂടി രാജഗൃഹത്തിലേയ്ക്കു് പുറപ്പെട്ടു. ബുദ്ധദേവൻെറ മാതുലപുത്രനും, പരമവിരോധിയും ആയ ദേവദത്തൻ, ഈ വിവരം അറിഞ്ഞു് ഒരു വലിയ സംഖ്യ കോഴകൊടുത്തു്, അജാതശത്രുവിൻെറ ലായംവിചാരിപ്പുകാരനെ പാട്ടിലാക്കി, ബുദ്ധനും ബുദ്ധൻെറ സംഘവും വന്നു കയറുന്നസമയം കൊട്ടാരത്തിലെ ഭയങ്കരഗജമായ രത്നപാലനെ മദ്യം കൊടുത്തു മദിപ്പിച്ചു് അവരുടെനേരെ അഴിച്ചുവിടുവാൻ ശട്ടംകെട്ടി. ആ ദുൎഗ്ഗൻ അങ്ങിനെതന്നെ ചെയ്യുകയും ചെയ്തു.

കൊട്ടാരത്തിലെ ഗജരാജാവായ രത്നപാലൻ മദമെടുത്തു് ഓടിവരുന്നതുകണ്ടപ്പോൾ "ബുദ്ധദേവനെ ശരണംഗമിച്ച" ഭിക്ഷുക്കൾ അഞ്ഞൂറും, ഗുരുവിനെ ഗുരുവിൻെറ പാട്ടിനു വിട്ടു്, ജീവരക്ഷയ്ക്കായി അങ്ങുമിങ്ങും ഓടി ഒളിച്ചു ആനന്ദൻമാത്രം ഒരു അണുവും പിഴയ്ക്കാതെ തൻെറ ഗുരുവയ്യൻെറ പിന്നാലെതന്നെ നിന്നതേയുള്ളൂ. അതുകണ്ടു്:—

ബുദ്ധൻ: "ആനന്ദ! നീയുംകൂടെ ഓടാത്തതെന്താ?"

ആനന്ദൻ:—"ഞാനോ! സ്വാമിയെവിട്ടു് ഓടുകയോ? അതു് ഒരിക്കലും ഉണ്ടാകുന്നകാൎയ്യമല്ല എൻെറസ്ഥാനം സദാ അവിടുത്തെ പുറകിൽ ആകുന്നു ഓടിഒളിച്ചു് തങ്ങളുടെ തൊലി രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ അങ്ങിനെചെയ്തുകൊള്ളട്ടെ."

മഹാനായ ശ്രീബുദ്ധദേവൻ ഇതുകേട്ടു് മെല്ലെ ഒന്നു ചിരിച്ചുകൊണ്ടു് വീണ്ടും പറയുകയാണു്—"ആനന്ദ! മദയാന അതാ ഓടിവരുന്നു. നീ എന്തുചെയ്വാനാണു വിചാരിക്കുന്നതു്?"

ആനന്ദൻ:—"എന്തു് വിചാരിക്കുവാനാണു്! അല്ലെങ്കിൽതന്നെ എനിക്കു വിചാരിക്കുവാൻ എന്തുണ്ടു്? ഞാൻ ബുദ്ധനിൽ ശരണം പ്രാപിച്ചു കഴിഞ്ഞില്ലേ? വേണ്ടതു എന്താണെങ്കിൽ അതു് അദ്ദേഹം ചെയ്തുകൊള്ളട്ടെ."

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കു് മദഗജം അടുത്തെത്തിയിരിക്കുന്നു. ബുദ്ധദേവൻ യാതൊരു സങ്കോചവുംകൂടാതെ അ മദകരിയെ അഭിമുഖീകരിച്ചു്—താൻ കപിലവസ്തുവിൽ രാജകുമാരനായി വളൎന്നകാലത്തു് അവിടത്തെ ഗജശ്രേഷ്ഠന്മാരോടു് സാധാരണചെയ്യാറുണ്ടായിരുന്നതുപോലെ—അതിനോടു് ചില ചാടുവാകങ്ങളെല്ലാം പറഞ്ഞു. രത്നപാലൻ നിമിഷാന്തരത്തിൽ തലതാഴ്ത്തി, ആ ശാക്യകേസരിയെ വണങ്ങി, ഒരു ആട്ടിൻകുട്ടിയെന്നപോലെ ശാന്തനായി അതിൻെറ പന്തിയിലേയ്ക്കു ചെന്നു. ഓടിഒളിച്ചിരുന്ന ഭിക്ഷുക്കളെല്ലാം, ബുദ്ധദേവൻെറ ഈ അമാനുഷികപ്രഭാവംകണ്ടു് അത്ഭുതപരതന്ത്രരായി, മെല്ലെമെല്ലെ പതുങ്ങി ഒതുങ്ങി ഓരോരുത്തരായി പിന്നാലെ കൂടി. അതുകണ്ടു്:—

ബുദ്ധദേവൻ:—"സഹോദരന്മാരേ! നിങ്ങൾ എവിടെപ്പോയിരുന്നു? ആനന്ദനേയുംകൂടി കൂടെക്കൊണ്ടുപോകാഞ്ഞതെന്തു്?"

ഇതുകേട്ടു് അവർ ഊമകളെപ്പോലെ സ്തംഭിച്ചുനിന്നുപോയി തങ്ങളെ അപേക്ഷിച്ചു് ആനന്ദനുള്ള അധികയോഗ്യതയെ അവർ തലതാഴ്ത്തി സമ്മതിക്കുകയുംചെയ്തു.

---

## ൧൫. യുദ്ധംകൂടാതെ കഴിച്ചു.

---

കപിലവസ്തുവിലെ ശാക്യന്മാരും കോളിയിലെ കോളികളും അടുത്ത അയൽവാസികളാണു്. രോഹിണീനദി ഇവരെ വേർതിരിക്കുന്നു. രോഹിണീനദിയുടെ ഒരുകരയിൽ ഒരുകൂട്ടരും മറേറക്കരയിൽ മറേറ കൂട്ടരും താമസിക്കുന്നു എന്നേ വ്യത്യാസമുള്ളു. ഈ രണ്ടു ഗ്രാമങ്ങളിലേയും നിവാസികൾ കൂടിച്ചേൎന്നു്, അവിടെ രോഹിണീനദിയിൽ ഒരു ചിറകെട്ടീട്ടുണ്ടു്. ഇരുകൂട്ടരും കൃഷി ചെയ്യാറുള്ളതു് ഈ ചിറയിൽനിന്നു വെള്ളം എടുത്താണു്. ഒരുകൊല്ലം, അനാവൃഷ്ടിനിമിത്തം നദിയിൽ വെള്ളം വളരെ കുറവായി. കെട്ടിനില്പുള്ളഅല്പമാത്രവെള്ളത്തെ മറേറകക്ഷിക്കുകൊടുക്കാതെ, തങ്ങൾക്കുതന്നെ ഉപയോഗിക്കണം എന്നു് ഇരുഭാഗത്തിലുമുള്ള ഏതാനംകൃഷിക്കാർ വിചാരിച്ചു ഇവർ തമ്മിൽ തുടങ്ങി ഒരു മത്സരം. മത്സരംമൂത്തു് അന്യോന്യം ശകാരമായി; ഇരുകൂട്ടരും മറുഭാഗക്കാരെ പൊതുവിൽ അതികഠിനമായി ശകാരിച്ചു. ഈ ലഹളശബ്ദംകേട്ടു് ഓടിവന്ന ശാക്യന്മാരെല്ലാം ശാക്യന്മാരുടെ കൂട്ടത്തിലും കോളികൾ

എല്ലാം കോളികളുടെ കൂട്ടത്തിലും യോജിച്ച് ശണ്ഠകൂട്ടകയായി. കാൎയ്യം എന്താണെന്നു് ആൎക്കും ഇല്ല അന്വേഷണം. ലഹളക്കാൎയ്യം രാജാവുവരെ എത്തി; എന്നു മാത്രമല്ല, സാമുദായികപ്രാമാണ്യം പരിപാലിക്കുവാനായി, ഇരുകക്ഷികളും അവരവരുടെ രാജാക്കന്മാരുടെ കീഴിൽ നിന്നുകൊണ്ടു് ഒരു വമ്പിച്ച യുദ്ധത്തിനുതന്നെസന്നദ്ധരായിക്കഴിഞ്ഞു. എന്നാൽ ഇതിനെല്ലാം കാരണം എന്താണെന്നുള്ള അറിവും അന്വേഷണവും ആൎക്കും ഉണ്ടായിരുന്നതുമില്ല

ഇങ്ങനെയിരിക്കെ, ശാക്യന്മാരും കോളികളും സംഘം ചേൎന്നു യുദ്ധത്തിനു് ഒരുമ്പെട്ടിരിക്കുന്നുഎന്നുള്ള വിവരം ബുദ്ധദേവൻ കേട്ടു, അദ്ദേഹം അവിടെ ഓടിയെത്തി. ശാക്യന്മാരും കോളികളും എല്ലാം ബുദ്ധമതക്കാർ ആണു്. അവർ ബുദ്ധദേവനെ കണ്ടമാത്രയിൽ യുദ്ധസാമഗ്രികളെല്ലാം ഒളിച്ചുവച്ചു് അവിടെ വെറുതെ കൂടിനില്ക്കുകയാണെന്നുള്ളമട്ടിൽ മൎയ്യാദക്കാരായിനിന്നു.

അതുകണ്ടു് ബുദ്ധദേവൻ—"സഹോദരന്മാരേ! നിങ്ങൾ ഇവിടെ രോഹിണീദേവിയുടെ ഉത്സവം കൊണ്ടാടുവാൻവേണ്ടി വന്നുചേൎന്നു നിൽക്കുകയാണോ?"എന്നു ചോദിച്ചു. ഇതു കേട്ടപ്പോൾ അവൎക്കു് സത്യം പറയാതിരിക്കുവാൻ നിവൃത്തിയില്ലാതായി. അതിനാൽ തങ്ങൾ അന്യോന്യം യുദ്ധത്തിനായി ഒരുങ്ങിവന്നു നിൽക്കുകയാണെന്നുള്ള പരമാൎത്ഥം ബുദ്ധദേവനെ സബഹുമാനംഅറിയിച്ചു. "ഈ വഴക്കിനെല്ലാം കാരണം എന്താണു്?" എന്ന ബുദ്ധദേവന്റെ ചോദ്യത്തിനുള്ള സമാധാനം ഇരുപക്ഷത്തുള്ള രാജാക്കന്മാൎക്കും അറിഞ്ഞുകൂടാ;പറഞ്ഞുംകൂടാ അവർ സൈന്യാധിപന്മാരോടു് ചോദിക്കുകയായി. ആ രാജാക്കന്മാരുടെ ഉദ്യോഗസ്ഥന്മാരല്ലേ, അവർ! 'സസേമിര.' അവൎക്കും അറിഞ്ഞുകൂടാ. അവർ ഉപസേനാനായകന്മാരോടു ചോദിച്ചു. അപ്പൊഴും 'സസേമിര' തന്നെ. ഇങ്ങനെ ആ അന്വേഷണം ക്ഷണേന കീഴോട്ടു് ഇറങ്ങിയിറങ്ങി, അല്പം ചില കൃഷിക്കാർ മാത്രം അടങ്ങിയ ഒരു വലയത്തിൽച്ചെന്നു നില്പായി അവരെ ബുദ്ധസന്നിധിയിൽ ഹാജരാക്കിയപ്പോൾആണു് സ്ഥിതിഗതികളെല്ലാം പുറത്താകുന്നതു്.

ബുദ്ധദേവൻ:—"വെള്ളത്തിനു് വില എന്തുണ്ടു്? അതു് മനുഷ്യരക്തത്തെക്കാൾ വിലകൂടിയതാണോ?"

ലഹളക്കാർ:—"അതു് ഒരിക്കലും അല്ല. വെള്ളം എവിടെ? രക്തം എവിടെ? അവയ്ക്കുതമ്മിൽ വല്ല സാമ്യവും ഉണ്ടോ? വെള്ളം എത്ര എത്രയോ നിസ്സാരം."

ബുദ്ധൻ:—"എന്നാൽ ഈ നിസ്സാരമായ വെള്ളത്തിനുവേണ്ടി വിലയേറിയ രക്തത്തെ ചിന്തിക്കളയാം എന്നു് വിചാരിക്കുന്നതു് വെറും മൌഢ്യമല്ലയോ?"

ഇതുകേട്ടു് ഇരുകക്ഷികളും ലജ്ജിച്ചു. ഇരുകൂട്ടരും യോജിച്ചു് ഉള്ളവെള്ളം ഭാഗിച്ചെടുക്കുവാൻ തീർച്ചയാക്കി. യുദ്ധത്തിന്നു് ഒരുങ്ങിവന്ന സൈന്യങ്ങൾ എല്ലാം സമാധാനമായി പിരിഞ്ഞുപോകുകയും ചെയ്തു.

---

## ൨൦. വിശുദ്ധനാക്കപ്പെട്ട അശുദ്ധൻ.

---

പണ്ടു് അങ്ഗുലാമലൻ എന്നപേരായി അതിഭയങ്കരനായ ഒരു തസ്കരപ്രമാണി ഉണ്ടായിരുന്നു. അയോദ്ധ്യയ്ക്കും രാജഗൃഹത്തിന്നും മദ്ധ്യേയുള്ള ഘോരാരണ്യത്തിലായിരുന്നു അവന്റെ സഞ്ചാരം. വഴിയാത്രക്കാർ എല്ലാം അങ്ഗുലാമലൻ എന്നുകേട്ടാൽ കിടുകിടെ വിറയ്ക്കും. കയ്യിൽ വല്ലതും ഉള്ള യാത്രക്കാരനാണെങ്കിൽ അതു് അപഹരിക്കുവാനായി അവനെക്കൊല്ലും; കയ്യിൽ ഒന്നും ഇല്ലാത്തവനാണെങ്കിൽ ഒന്നുംകൂടാതെ വന്ന കുററത്തിന്നു് അവനെയും കൊല്ലും. ലഗ്നാലും, ചന്ദ്രാലും വഴിയാത്രക്കാൎക്കു മരണംതന്നെ. അങ്ഗുലാമലന്റെ കയ്യാൽ മരണമേററ ഒരു പിതാവോ, സഹോദരനോ, പുത്രനോ, അമ്മാവനോ, ഭാഗിനേയനോ ഇല്ലാത്ത ഒരു ഭവനംപോലും ആ പ്രദേശത്തിൽചുരുക്കം. അവൎക്കെല്ലാം ഈ തസ്കരപ്രമാണിയെ വലിയ ഭയമാണു്. അവനോടുള്ള വെറുപ്പിനേക്കാൾ അവനെപ്പററിയുള്ള ഭയമായിരുന്നു അവൎക്കു് അധികമുണ്ടായിരുന്നതു്. എന്നിട്ടും അവനോടു പകരംചോദിക്കുവാൻ അവർ ആരുംതന്നെ ശേഷിയുള്ളവരായിത്തീൎന്നതുമില്ല.

ഒരുദിവസം ശ്രീബുദ്ധദേവനു് അയോദ്ധ്യയിൽനിന്നു് രാജഗൃഹത്തിലേയ്ക്കു് പോകേണ്ടതായിവന്നു. ഈ കാട്ടിൽക്കൂടി വേണമല്ലോ കടന്നുപോകുവാൻ. എന്നാൽ ആ വഴിയേ പോകരുതെന്നും മറേറതെങ്കിലുംമാൎഗ്ഗത്തിൽക്കൂടെ കുറെയേറെ വളഞ്ഞുപോയാലും തരക്കേടില്ലെന്നും അയോദ്ധ്യാവാസികൾ ബുദ്ധദേവനോടു് അപേക്ഷിച്ചുനോക്കി. “പ്രഭോ! ആ മഹാപാപിക്കു് വിശുദ്ധനെന്നും അശുദ്ധനെന്നും ഉള്ള വ്യത്യാസം ഏതുമില്ല. ശുദ്ധനും ശ്വപചനും അവനു് ഒരുപോലെയാണു്. അങ്ങുന്നു് ആ വഴി പോകരുതു്; അബദ്ധമാണു്” എന്നെല്ലാം പലവിധം പറഞ്ഞു. അതിനു്—“അങ്ങിനെ ഒന്നും വിചാരിക്കുവാൻ ഇല്ല. ലോകത്തിൽ ഇത്തരക്കാരെ കണ്ടെത്തുക എന്നതു് ദുൎല്ലഭമായ സംഗതിയാകയാൽ, ഈ ദുൎല്ലഭാവസരത്തെ ഉപയോഗപ്പെടുത്താതെ തള്ളിക്കളയുന്നതു് കഷ്ടാൽകഷ്ട

തരം ആകുന്നു. ഏററവും അശുദ്ധനെക്കൂടെ ശുദ്ധനാക്കാവുന്നതേ ഉള്ളൂ. ഞാൻ ഏതായാലും ശ്രമിച്ചുനോക്കട്ടെ." എന്നിങ്ങനെ പറഞ്ഞുകൊണ്ടു് ബുദ്ധദേവൻ, ആനന്ദനോടുകൂടി ആ വഴിക്കുതന്നെ പുറപ്പെട്ടു.

ബുദ്ധദേവനും ആനന്ദനും ഘോരാരണ്യത്തിൽ എത്തി. അങ്ഗുലാമലൻ ഒരു വലിയ ഗദയുംധരിച്ചു് അവരുടെ മുമ്പിൽ ചാടിവീണും കഴിഞ്ഞു. നിങ്ങളുടെ കയ്യിൽ ഉള്ളതെല്ലാം ഇവിടെവെച്ചു്, ഓടിക്കൊള്ളുവിൻ. അല്ലാത്തപക്ഷം മരണത്തിനു് സന്നദ്ധരായിക്കൊള്ളുവിൻ" എന്നു് ആ മഹിഷാസുരപ്രതാപി ഉച്ചത്തിൽ ഗജ്ജിച്ചു.

ബുദ്ധദേവൻ:—"എന്റെ കൈവശം നാലു് രത്നങ്ങൾ ആണുള്ളതു്. ദുഃഖം, ദുഃഖകാരണം, ദുഃഖനിവൃത്തി, അഷ്ടമാൎഗ്ഗങ്ങൾ എന്നിവയാകുന്ന ആ രത്നചതുഷ്ടയം. ഇവ ഒരുവനെ സംസാരശൃംഖലയിൽനിന്നു് നിരാക്ഷേപം രക്ഷിക്കുന്നതാണു്. ഞാൻ ഈ രത്നങ്ങൾ നിനക്കു തരാം. നീ സന്തോഷത്തോടുകൂടി സ്വീകരിച്ചാൽമതി."

അങ്ഗുലാമലൻ:—"പണവും കാശുമൊന്നുമില്ലെങ്കിൽ ഞാൻ നിന്റെ തലമണ്ട അടിച്ചുടയ്ക്കുന്നുണ്ടു്."

ബുദ്ധദേവൻ:—"സ്നേഹിത! ഈ നാലു് തത്വരത്നങ്ങളും നിനക്കു് കേവലം നിസ്സാരങ്ങൾ എന്നോ! നിങ്ങൾക്കു കിട്ടാറുള്ള സാധാരണരത്നങ്ങളെപ്പോലെ അല്ല ഇവ. വേറെ ഒരാൾക്കു് ദാനം ചെയ്യുന്നതുകൊണ്ടു് ഇവ നഷ്ടപ്പെടുന്നില്ല. സ്നേഹിത! സ്വീകരിച്ചുകൊള്ളുക."

അങ്ഗുലാമലൻ:—"നിന്റെ ഈ വായിറാണങ്ങൾ ഒന്നും എനിക്കു് കേൾക്കണ്ട. തയ്യാറായിക്കൊൾക മരണത്തിനു്" എന്നു പറഞ്ഞുകൊണ്ടു് ആ തസ്കരപ്രമാണി അവന്റെ വലിയ ഗദയെ ബുദ്ധദേവന്റെ തലയ്ക്കുമീതെ ഓങ്ങി.

ഇതുകണ്ടിട്ടും ബുദ്ധദേവൻ തെല്ലുപോലും അക്ഷോഭ്യനായി സാവധാനം പറഞ്ഞു.— "സ്നേഹിത! നിന്നോടുള്ള സ്നേഹംനിമിത്തമാണു് ഞാൻ ഇവിടെ വന്നിട്ടുള്ളതു്. എനിക്കു് നിന്നെ പേടിയില്ല. മററുള്ളവരെ കയ്യേററംചെയ്യാൻവയ്യാത്ത ഒരു കാലം നിനക്കു് വരികയില്ലെന്നാണോ നിന്റെ വിചാരം. അന്നു് നിന്റെ കഥ എന്തായിരിക്കും എന്നുള്ളതിനെപ്പററി നീ എപ്പോഴെങ്കിലും വിചാരിച്ചിട്ടുണ്ടോ? ആരോഗ്യം നിലനില്ക്കുന്നകാലത്തോളം നിന്റെ ഈ തൊഴിൽ നിനക്കു പക്ഷേ ആകഷ്ണീയമായിരുന്നേക്കുവാനുംമതി എന്നാൽ വാദ്ധ്ക്യം നിന്നെ ആക്രമിക്കുമ്പോൾ നീ എന്തുചെയ്യാനാണു്? നീ മരണത്തിനു് അധീനനായിക്കഴിഞ്ഞാൽപ്പിന്നെ നിന്റെ

പ്രപഭ്രയിഷ്ടവും നിഷ്ഠൂരവും ആയ ഈ ജീവിതത്തിൻെറ ഫലമായി നിനക്കു് എന്തെല്ലാം സംഭവിക്കും എന്നുള്ളതിനെപ്പററി നിനക്കു വല്ല ബോധവും ഉണ്ടോ? ന്യൂറായിരംകൊല്ലം നരകവാസം! ഈ നിസ്സാരവും ക്ഷണഭങ്ഗുരവും ആയ സുഖലേശത്തെ കൊതിച്ചു് അതീവ പൈശാചികങ്ങളായ നിരവധി നരകദുഃഖങ്ങളെ അനേകകാലത്തേയ്ക്കു നീ വരിക്കുന്നതെന്തിനു്? സത്യജീവിതം സ്വീകരിച്ചു് സനാതനസുഖത്തെ പ്രദാനംചെയ്യുന്ന ശാന്തിയെത്തന്നെ എന്തുകൊണ്ടു് വരിച്ചുകൂടാ? ഞാൻ എങ്ങും ഉപദേശിക്കാറുള്ള ജ്ഞാനമാർഗ്ഗത്തെ നീ ശ്രദ്ധിച്ചു് ധരിച്ചുകൊള്ളുക. നിനക്കു് വിശ്വാസവും തൃപ്തിയും വരുന്നില്ലെങ്കിൽ പിന്നെ യഥേഷ്ടം നടന്നുകൊള്ളാം."

അങ്ഗുലാമലൻ സമ്മതിച്ചു. ബുദ്ധദേവൻ അവനു് നാലു തത്വങ്ങൾ ഉപദേശിച്ചുകൊടുക്കുകയായി. ജീവിതവൈഷമ്യം, അനുപദം മനുഷ്യനെ തുടർന്നുകൊണ്ടിരിക്കുന്ന ദുഃഖം, കാമക്രോധാദികളിൽ വേരുറച്ചുകൊണ്ടുള്ള ദുഃഖത്തിൻെറ നില, ഈ മൂന്നു് മഹാഭൂതങ്ങളേയും ഉച്ചാടനംചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ദുഃഖനിവൃത്തി, ശ്രേഷ്ഠങ്ങളായ അഷ്ടമാർഗ്ഗങ്ങൾ ഇവയെയെല്ലാംപററി ബുദ്ധദേവൻ സവിസ്തരം ഉപദേശംകൊടുത്തു. അങ്ഗുലാമലൻ അത്യന്തശ്രദ്ധയോടുകൂടി കേട്ടുകൊണ്ടും ഇരുന്നു. ഇങ്ങനെ കേട്ടുകൊണ്ടിരിക്കുമ്പോൾ അവൻെറ നേത്രങ്ങളിൽനിന്നു് അശ്രുധാര മുറിയാതെ ഒഴുകിക്കൊണ്ടിരുന്നു. ഗുരുദേവൻ ഉപദേശം അവസാനിപ്പിച്ചപ്പോൾ, ആ തസ്കരപ്രമാണി, ഒരു ശിശു എന്നപോലെ വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടു് ബുദ്ധദേവൻെറ കാല്ക്കൽവീണു്, തന്നെയും ബൌദ്ധധർമ്മത്തിൽച്ചേർത്തു് ഒരു ഭിക്ഷുവാക്കണം എന്നു് അപേക്ഷിച്ചു. മഹാത്മാവായ ബുദ്ധദേവൻ അങ്ങിനെചെയ്തു് അവനേയും കൂട്ടിക്കൊണ്ടു് അവിടെനിന്നു പോയി. അല്പകാലത്തിനകം ആ പുതിയ ഭിക്ഷു ധർമ്മസിദ്ധാന്തങ്ങൾ എല്ലാം ധരിച്ചു്, അവയെ അനുസരിച്ചുതന്നെ നടന്നു് ഒരു വിശുദ്ധസന്ന്യാസിയായിത്തീരുകയുംചെയ്തു. മുമ്പു് കയ്യൂക്കിൽ വിശ്വസിച്ചു്, പരോപദ്രവം തൊഴിലായി സ്വീകരിച്ചു് ഉപജീവിച്ചിരുന്ന ആ അങ്ഗുലാമലൻ അഹിംസയുടെ ഉത്തമോദാഹരണമായും അഹിംസാധർമ്മത്തിൻെറ ഉപദേഷ്ടാവായുംതീർന്നു.

ഇങ്ങനെ ഒരു ഘോരപാതകിയെ ഉത്തമഭിക്ഷുവാക്കിത്തീർത്തശേഷം, ഒരിക്കൽ ബുദ്ധദേവൻ അവനേയും കൂട്ടി രാജഗൃഹത്തിലേയ്ക്കു് ചെല്ലുകയുണ്ടായി. ഈ കൊള്ളക്കാരനെ കണ്ടമാത്രയിൽ നാട്ടുകാർ എല്ലാം പേടിച്ചു് ഓടിത്തുടങ്ങി; എങ്കിലും അവൻെറ സൽസ്വഭാവവും അഹിംസാനിഷ്ഠയും കാണ്മാൻ തുടങ്ങിയപ്പോൾ അവർക്കു് അവനിൽ ഉണ്ടായിരുന്ന ഭയമെല്ലാം നീങ്ങി. അങ്ഗുലാമലൻ ഇങ്ങിനെ നിരുപദ്രവിയായി സ്വഭാവാന്തരപ്പെട്ടിരി

ക്കുന്ന വിവരം പരക്കെ അറിവായപ്പോൾ മുമ്പു് അവന്റെ ഹിംസയ്ക്കു് അധീനരായി ഭവിച്ചവർ, അവനോടു് പകവീട്ടുവാൻ ഇതൊരു തക്കമാണെന്നു വിചാരിച്ചു് വടിയും ഗദയുമായി അടുത്തുകൂടി രാജഗൃഹത്തിലെ രാജവീഥിയിൽവച്ചുതന്നെ അതികഠിനമായി അടികലശൽചെയ്തു. ആ ഭീമാകാരൻ തിരിഞ്ഞുനിന്നുനോക്കുമോ എന്നു് ഒരു ശങ്ക ഉണ്ടായിരുന്നതുകൊണ്ടും ആദ്യമാദ്യം ഒഴിഞ്ഞൊഴിഞ്ഞു് നിന്നും, മെല്ലെമെല്ലെയും ആണു് പ്രഹരാദികഷായം ശീലിപ്പിച്ചിരുന്നതു്. എന്നാൽ ഒന്നിനും ഒരു പ്രതിക്രിയയ്ക്കും ഭാവമില്ലെന്നു കണ്ടപ്പോൾ എല്ലാവരും അടുത്തുകൂടി നല്ല കുമയൽ തുടങ്ങി.

ഒരാളെ വെറുതേ തല്ലുവാൻ കിട്ടുന്നതായാൽ, കൈത്തരിപ്പുള്ള ബഹുജനങ്ങൾക്കു് അതു വളരെ വിനോദമായാണല്ലോ കാണാറുള്ളതു്. അവൻ കുറേതടിയനും ദുഷ്ടനുംകൂടെ ആയിരുന്നാലത്തെ കഥ പിന്നെ പറയേണ്ടതുമില്ല. കാരണമൊന്നുംവേണ്ട പ്രഹരത്തോടുപ്രഹരംതന്നെ. അവൻ ഒരുപൂർവ്വവിരോധികൂടെ ആയിരുന്നാൽ എല്ലാം തികഞ്ഞു! എന്തിനു് ഏറെപ്പറയുന്നു; ആ ക്ഷുഭിതമായ ജനക്കൂട്ടം വല്ലാതെ അക്രമം പ്രവർത്തിച്ചു; ആ സാധു ഭിക്ഷുവിന്റെ തലയിൽനിന്നും ദേഹത്തിൽനിന്നും അനർഗ്ഗളമായി രക്തം പ്രവഹിക്കുകയായി. ഈ അവശാവസ്ഥയിൽത്തന്നെ ബുദ്ധദേവന്റെസന്നിധിയിൽച്ചെന്നപ്പോൾ ആ ഗുരുവര്യൻ, വളരെ മനസ്താപത്തോടുകൂടെയെങ്കിലും, പറഞ്ഞതു ഇങ്ങനെയായിരുന്നു:—"സഹോദര! പരമശാന്തതയോടുകൂടി അതിനെ സഹിച്ചുകൊള്ളുക. നിന്റെ പൂർവ്വകാലാർജ്ജിതകർമ്മഫലം നീ ഇപ്പോൾ അനുഭവിക്കുകയാണു്. ഇപ്പോൾ ഇവിടെവച്ചായതിനാൽ ഇതുകൊണ്ടുകഴിഞ്ഞു. അല്ലാത്തപക്ഷം, അനവധി നൂററാണ്ടുകൾ ഒന്നായി അനുഭവിച്ചുതീർക്കേണ്ടതിനുള്ളതായിരുന്നു ഇതു്. നിന്നാൽ മുമ്പു് ഉപദ്രവിക്കപ്പെട്ട ആളുകൾ എത്രമാത്രം ദുഃഖം സഹിച്ചിട്ടുണ്ടായിരിക്കണം എന്നു നീ ഇപ്പോൾ അറിയുന്നുണ്ടോ?"

ഇത്രയും പറഞ്ഞുതീർന്നപ്പോഴേയ്ക്കും ഒരു പുതിയജനക്കൂട്ടം വടിയും തടിയുമായി പാഞ്ഞെത്തിക്കഴിഞ്ഞിരിക്കുന്നു. ഇവർ ആദ്യത്തെ സംഘക്കാരെക്കാളും അധികം കുപിതരായിട്ടാണു കാണപ്പെട്ടതു്. കയ്യിൽക്കിട്ടിയാൽ അവന്റെ കഥകഴിച്ചുകളയണം എന്നായിരുന്നു അവരുടെ നിശ്ചയം. ഇവരെ നോക്കി ബുദ്ധദേവൻ പറയുന്നു:—

ബുദ്ധദേവൻ—"പ്രിയസഹോദരന്മാരേ! പരിശുദ്ധനായിത്തീർന്നിരിക്കുന്ന ഈ സാധുവെ കയ്യേററംചെയ്തു നിങ്ങൾ മഹാപാപം ആർജ്ജിക്കുന്നതു് എന്തിനാണു്?"

അവർ—"ഒരു പെരുംതസ്കരൻ ഒരിക്കലും പരിശുദ്ധനാകയില്ല."

ബുദ്ധദേവൻ—"അവൻ പരിശുദ്ധനാകതന്നെ ചെയ്തിരിക്കുന്നു.

എനിക്കുതോന്നുന്നതു നിങ്ങളാണു്, ഈ നഗരവാസികളാണു്, ഒരിക്കലും പരിശുദ്ധിയെ പ്രാപിക്കുവാൻ സാധിക്കാത്തവിധം അശുദ്ധന്മാരായിത്തീൎന്നിരിക്കുന്നതു് എന്നാണു്"

ഇതുകേട്ടു ലജ്ജിതന്മാരായിത്തീൎന്ന അവർ വടിയും തടിയുമെല്ലാം വലിച്ചെറിഞ്ഞു ശാന്തന്മാരായി അവരുടെ പാട്ടിനു പൊയ്ക്കളഞ്ഞു.

---

## ൨൫. അവിടേയും ജാതിവഴക്കു്.

---

കോസലത്തിൽ പണ്ടു് 'ഇക്ഷുകല' എന്നു് പേരായി ഒരു പ്രാചീനഗ്രാമം ഉണ്ടായിരുന്നു. "ഗോക്ഷുധി" എന്നു പേരായ അവിടത്തെ ബ്രാഹ്മണപുരോഹിതനു് ഈ ഗ്രാമം സൎവ്വാവകാശങ്ങളോടുകൂടി കോസലത്തിലെ പ്രശ്നജിത്തു് എന്ന രാജാവിനാൽ ദാനംചെയ്യപ്പെട്ടതും ആയിരുന്നു. ബുദ്ധദേവൻ ഒരു ദിവസം ഈ ഗ്രാമത്തിൽ വിശ്രമിക്കുവാൻ ചെന്നു. ഇങ്ങനെ ബുദ്ധദേവൻ ആഗതനായിട്ടുണ്ടെന്നുള്ള വിവരം കേട്ടപ്പോൾ ഗോക്ഷുധി, തന്റെ പ്രധാനശിഷ്യനായ അംബസ്ഥനെ വിളിച്ചു ഇങ്ങനെ പറഞ്ഞു:—

ഗോക്ഷുധി—"അംബസ്ഥാ! ബുദ്ധൻ നമ്മുടെ ഗ്രാമത്തിൽ വന്നിട്ടുണ്ടെന്നുകേട്ടു മുപ്പത്തിരണ്ടു മഹാപുരുഷലക്ഷണങ്ങളും തികഞ്ഞിട്ടുള്ള മഹാജ്ഞാനിയാണത്രേ അദ്ദേഹം. നീ ചെന്നു പരിശോധിച്ചു അതൊന്നു അറിഞ്ഞുവരണം. ആളുകൾ പറയുമ്പോലെ അദ്ദേഹം ഒരു മഹാപുരുഷൻതന്നെയാണെങ്കിൽ എനിക്കു് അദ്ദേഹത്തെ ഒന്നു ചെന്നുകണ്ടാൽക്കൊള്ളാമെന്നുണ്ടു്."

അംബസ്ഥൻ ഇതനുസരിച്ചു, വേറെ പത്തുപന്ത്രണ്ടു ബ്രാഹ്മണരേയുംകൂട്ടി ബുദ്ധദേവനെ കാണുവാൻ പുറപ്പെട്ടു. ഈ അംബസ്ഥൻ നാലു വേദങ്ങളും നല്ലപോലെ അഭ്യസിച്ച ഒരു ചെറുപ്പക്കാരനാണു്. എന്നാൽ ഗൎവ്വിനും ഔദ്ധത്യത്തിനും കുറവൊട്ടും ഇല്ലതാനും. ബ്രാഹ്മണർ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു നേരിട്ടു ഇറങ്ങിവന്നവരാണു് എന്നാണു് ആ ബ്രാഹ്മണയുവാവിന്റെ വിശ്വാസം. അങ്ങനെയുള്ള ബ്രാഹ്മണരെ ബുദ്ധദേവനെപ്പോലെയുള്ള ഒരു ക്ഷത്രിയൻ എന്തുപഠിപ്പിക്കുവാനാണു്! തന്റെ ഗുരുവിന്റെ ശാസനയെ നിഷേധിക്കരുതല്ലോ എന്നുവച്ചുമാത്രം ആ യുവാവു് ബുദ്ധദേവനെ കാണുവാൻ പുറപ്പെട്ടിരിക്കുന്നു എന്നേയുള്ളു.

അംബസ്ഥനും അദ്ദേഹത്തിന്റെ ബ്രാഹ്മണക്കൂട്ടുകാരും ബുദ്ധദേവൻ വിശ്രമിക്കുന്ന സത്രം സ്ഥിതിചെയ്യുന്ന തോപ്പിൽ എത്തി

അന്വേഷിച്ചപ്പോൾ ബുദ്ധശിഷ്യന്മാർ:—"അതാ അംബസ്ഥാ! അവിടെക്കാണുന്ന ആ കെട്ടിടത്തിലാണ് അദ്ദേഹം വിശ്രമിക്കുന്നതു്. അതിൻെറ വാതിൽ ചാരിയിരിക്കുന്നതേയുള്ളു. മെല്ലെ ചെന്ന്, പൂമുഖത്തുകയറി മെല്ലെ ഒന്നു ചുമച്ചാൽമതി; അദ്ദേഹംവന്നു വാതിൽ തുറക്കും" എന്നു പറഞ്ഞു ബുദ്ധദേവൻെറ വാസസ്ഥലം ചൂണ്ടിക്കാണിച്ചുകൊടുത്തു. അംബസ്ഥൻ അങ്ങനെതന്നെ പ്രവത്തിച്ചു; ബുദ്ധദേവൻ വന്നു വാതിലുംതുറന്നു. അംബസ്ഥനും മററു ബ്രാഹ്മണരും ഉള്ളിൽക്കടന്നു. ബുദ്ധദേവൻ അവിടെ ഒരുഭാഗത്തു് ഇരുന്നു മററുള്ളവരോടും ഇരിക്കുവാൻ ആവശ്യപ്പെട്ടു. അംബസ്ഥൻെറ സഹചാരികൾ എല്ലാം ബുദ്ധദേവനെ വണങ്ങി ഒരുഭാഗത്തു ഒതുങ്ങി ഇരിപ്പായി. അംബസ്ഥൻമാത്രം ഇരുന്നില്ല. ആ യുവാവ്, കേവലം അലക്ഷ്യമായ ഭാവത്തിൽ അങ്ങുമിങ്ങും നടന്നും, ബുദ്ധസന്നിധിയിൽ കാൽവിറപ്പിച്ചുകൊണ്ടുനിന്നും കഴിച്ചുക്രൂട്ടുവാനാണ് ആരംഭിച്ചതു്. അതുകണ്ടു് ബുദ്ധദേവൻ ചോദിച്ചു:—

ബുദ്ധൻ—"അംബസ്ഥാ! ഇതാണോ മര്യാദ! ഗുരുക്കന്മാരും, നിങ്ങളുടെ ഗുരുക്കന്മാരുടെ ഗുരുക്കന്മാർക്കൂടിയുമായ വൃദ്ധന്മാർ ഇരിക്കുമ്പോൾ അവരുടെ മുമ്പിൽ ഇങ്ങനെ മര്യാദയില്ലാതെ നിന്നുകൊണ്ടു ഓരോന്നു സംസാരിക്കുന്നതു ശരിയാണോ?"

അംബസ്ഥൻ—"അല്ല; ആചാര്യന്മാർ ബ്രാഹ്മണർആണെങ്കിൽ അങ്ങനെയുള്ള പൂജ്യന്മാർഇരിക്കുമ്പോൾ ഞാനും ഇരിക്കണം; നില്ക്കുമ്പോൾ ഞാനും നില്ക്കണം; കിടക്കുമ്പോൾ ഞാനും കിടക്കണം; നടക്കുമ്പോൾ ഞാനും നടക്കണം. എന്നാൽ മുണ്ഡനമാത്രംകൊണ്ടു സന്യാസികളായിത്തീന്ന തുണജാതിശാക്യരുടെമുമ്പിൽ ഈവക മര്യാദകൾ ഒന്നും അനുഷ്ഠിക്കേണ്ടതായ കാര്യമില്ല. അവിടെ എനിക്കു തോന്നിയപോലെയെല്ലാം ചെയ്യാം. അതുകൊണ്ടാണു ഞാൻ ഇങ്ങനെ പ്രവത്തിക്കുന്നതു്."

ഇതുകേട്ടു് അംബസ്ഥൻെറക്രൂടെ വന്നിരുന്ന മററു ബ്രാഹ്മണർ വായ്പൊത്തി രഹസ്യമായി ചിരിക്കുകയാണുചെയ്തതു്. എന്നാൽ അതുകേട്ടു ബുദ്ധദേവൻ പറഞ്ഞു:—"അംബസ്ഥാ! ശാക്യന്മാർ നിനക്കു് എന്തൊരപരാധമാണു ചെയ്തതു്?"

അംബസ്ഥൻ—"അവരോ! എന്തൊരഹങ്കാരികൾ! ഞാൻ ഇന്നാൾ ഒരുദിവസം അവരുടെ യോഗത്തിൽ പോകയുണ്ടായി. ഹോ! ഇരിക്കുന്നു എല്ലാവരും അഴകുരാവണന്മാരെപ്പോലെ ഞെളിഞ്ഞങ്ങനെ! ഈയുള്ളവനെ കണ്ടഭാവമെങ്കിലും വേണ്ടേ. ഇരുന്നേടത്തുനിന്നു ഒന്നു എഴുനേറേക്കുക! അങ്ങനെ ഒന്നും ചെയ്യാതെ, ആ അഹംഭാവികളായ, ഹീനജാതിഭൃത്യന്മാർ, ഇരു

ന്നേടത്തുതന്നെ ഇരുന്നുകൊണ്ട് ഒരു ആസനം ചൂണ്ടിക്കാണിച്ചുതന്നതേയുള്ളു. ഞാൻ ദേഷ്യപ്പെട്ടപ്പോൾ അവർ ഉണ്ട് എന്നെ കളിയാക്കുന്നു, ആ ഹീനജാതിഭൃത്യന്മാർ!"

ബുദ്ധൻ—"അങ്ങനെയാണോ? ആട്ടെ, നീ ഏതുവംശത്തിൽ ഉൾപ്പെട്ടവനാണ്? കേൾക്കട്ടെ."

അംബസ്ഥൻ—(അഹംഭാവത്തോടുകൂടെ) "ഞാൻ 'കാങ്കായനൻ' ആണ്."

ബുദ്ധൻ—"ങ്ഹാ! എന്നാൽ കാങ്കായനന്മാർ, ആ ഹീനജാതിഭൃത്യന്മാരായ ശാക്യന്മാരുടെ വംശത്തിൽനിന്ന്, നീ ഇത്രയെല്ലാം ആക്ഷേപമായി സംസാരിക്കുന്ന ആ ഹീനജാതിഭൃത്യന്മാരുടെ വംശത്തിൽനിന്ന്, ഒരു അടിമപ്പെൺകുട്ടിയിൽ ഉത്ഭവിച്ചവരാണ് എന്നു നിനക്കു അറിയാമോ?"

അംബസ്ഥൻ ഇതുകേട്ടു മഹാകുപിതനായി, എങ്കിലും ഒന്നും മിണ്ടാതെ ഇരുന്നതേയുള്ളു. അതുകണ്ട് മററു ബ്രാഹ്മണർ ബുദ്ധദേവനോടു പറയുന്നു:—

ബ്രാഹ്മണർ—"അവിടുന്ന് അംബസ്ഥനെ ഇങ്ങനെ അപമാനിക്കരുത്. അവൻ നല്ലവംശത്തിൽ പിറന്ന ഒരു ബ്രാഹ്മണനല്ലേ? വേദങ്ങളെല്ലാം നല്ലപോലെ അഭ്യസിച്ചിട്ടുണ്ടു. പോരെങ്കിൽ പുരോഹിതാചാര്യനായ ശോക്ഷുദിയുടെ പ്രധാനശിഷ്യൻകൂടെയും ആകുന്നു."

ബുദ്ധൻ—സ്നേഹിതന്മാരേ! അവൻ ഒരു യഥാർത്ഥവിദ്വാൻ ആണെങ്കിൽ, അവൻതന്നെ പറയട്ടെ. ഹേ! അംബസ്ഥാ! പണ്ഡിതന്മാരായ വൃദ്ധബ്രാഹ്മണരിൽനിന്ന്, കാങ്കായനവംശത്തിൻെറ ഉത്ഭവത്തെപ്പററി പറഞ്ഞുകേട്ടിട്ടുള്ളതു് എന്താണ്? 'ഓകാക' രാജാവിൻെറ കൊട്ടാരത്തിൽ 'അടിച്ചുതളി'യായി പാർത്തിരുന്ന അടിമപ്പെൺകുട്ടിയിൽ ഒരു ശാക്യപ്രമാണിക്കു് ഉണ്ടായ സന്താനങ്ങളുടെ പാരമ്പര്യമാണ് കങ്കായനന്മാരെന്നു് അവർ പറഞ്ഞുകേട്ടിട്ടില്ലേ? സ്നേഹിത! നിൻെറ സമാധാനം കേൾക്കട്ടെ. നീ മഹാബ്രാഹ്മണനായ ശോക്ഷുദിയുടെ ശിഷ്യനാകുവാൻ യോഗ്യതയുള്ള ഒരു യഥാർത്ഥബ്രാഹ്മണൻ ആണെന്നു് കഴിയുമെങ്കിൽ തെളിയിക്കുക. കാണട്ടെ നിൻെറ സാമർത്ഥ്യം."

അംബസ്ഥൻ മൌനം അവലംബിച്ചുകൊണ്ടുതന്നെ നില്ക്കുന്നതേയുള്ളു. ബുദ്ധദേവൻ അതുകണ്ടു് വീണ്ടുംചോദിക്കുന്നു:—"അംബസ്ഥാ! പറഞ്ഞുവാലും. അല്ലാത്തപക്ഷം പരമാർത്ഥം മറച്ചുവെച്ച കുററത്തിനു നിൻെറ തല എട്ടായി പൊട്ടിത്തെറിച്ചുപോകുമേ!"

അതുകേട്ടു അംബസ്ഥൻ മെല്ലെ പറയുകയാണ്—"വയോവൃദ്ധന്മാരായ ബ്രാഹ്മണർ ഇങ്ങനെതന്നെയാണ് പറഞ്ഞുകേട്ടിട്ടുള്ളതു്.

കാങ്കായനന്മാർ കങ്കൻെറ സന്തതികൾ ആണെന്നും, കങ്കൻ ഒരു അടിമപ്പെൺകുട്ടിയായ ദേശിയിൽ ഒരു സാംഖ്യൻ ജനിച്ച സന്താനമാണെന്നുമാണു് അവർ പറഞ്ഞുകേട്ടിട്ടുള്ളതു്.

ഇതുകേട്ടു് അംബഷ്ഠൻെറ ബ്രാഹ്മണസ്നേഹിതന്മാർ—"ഓ! അടിമപ്പെണ്ണിൻെറ പുത്രനായ ഈ പതിതനെ സേവിച്ച ഞങ്ങൾ എത്ര മറയന്മാരായിപ്പോയി."

ബുദ്ധൻ—"മാന്യന്മാരേ! നിങ്ങൾ അങ്ങിനെ പറയരുതു്. ആ അടിമപ്പെൺകുട്ടിയുടെ പുത്രനായ കങ്കൻ ഒരു മഹാഋഷിയായിരുന്നു. അദ്ദേഹം ദക്ഷിണഖണ്ഡത്തിൽ എങ്ങും സഞ്ചരിച്ച പല രഹസ്യവിദ്യകളും ഗൂഢസമ്പ്രദായങ്ങളും മനസ്സിലാക്കി. അതിനുശേഷം ഓകാകസന്നിധിയിൽവന്നു് അദ്ദേഹത്തിൻെറ പുത്രിയെ വിവാഹംചെയ്യാൻ ആവശ്യപ്പെട്ടു. ഇതു ഓകാകനു് ഒട്ടും രസിച്ചില്ല. 'ഒരു അടിമപ്പെണ്ണിൻെറ പുത്രൻ തൻെറ പുത്രിയെ വിവാഹത്തിനു് ആവശ്യപ്പെടുകയോ?' എന്നാണു് ആ ഗർവിഷ്ഠനു് തോന്നിയതു്. അതിനാൽ കുപിതനായി ഒരു അസ്ത്രം എടുത്തു് വില്ലിൽത്തൊഴുത്തു് കങ്കൻെറ നേരേ പ്രയോഗിക്കുവാൻ ലാക്കു് ഉറപ്പിച്ചു. പക്ഷേ എത്രതന്നെ വലിച്ചുവിട്ടിട്ടും അസ്ത്രം ഞാൺവിട്ടുപോകുന്നില്ല മാത്രമല്ല, ലാക്കു് ഉറപ്പിച്ചുപിടിച്ചിരിക്കുന്ന കൈകൾ ഇളക്കുവാനോ, ചാപബാണങ്ങളെ താഴെ ഉപേക്ഷിച്ചുകളയുവാൻകൂടിയോ സമർത്ഥനായിത്തീർന്നതും ഇല്ല കങ്കൻെറ പ്രാഗത്ഭ്യം, അത്രയ്ക്കായിരുന്നു.

ഒടുവിൽ രാജ്യത്തിലെ പ്രഭുക്കന്മാരും മററുമഹാജനങ്ങളും വന്നു് രാജാവിൻെറപേരിൽ കനിവുണ്ടാകുവാൻ കങ്കനോടു് അപേക്ഷിച്ചു. ആ ഋഷിവര്യൻ, അതുകേട്ടു്, രാജാവു തൊടുത്തുവച്ചിരിക്കുന്ന അസ്ത്രം അദ്ദേഹത്തിൻെറ പുത്രനെ ലക്ഷ്യമാക്കിപ്രയോഗിച്ചുകൊള്ളുവാനും അതുകൊണ്ടു് യാതൊരുവിധ അനിഷ്ടസംഭവങ്ങളും ഉണ്ടാകയില്ലെന്നും പറഞ്ഞു. രാജാവാകട്ടെ അതുകേട്ടു് അത്യന്തം ഭയപ്പെട്ടു വിറച്ചുകൊണ്ടു് ആ ബാണത്തെ തൻെറപുത്രൻെറനേരേ പ്രയോഗിച്ചു. അഹോ! അത്ഭുതം, അത്ഭുതം! ആ അസ്ത്രം, യാതൊരു ആപത്തും വരുത്താതെ രാജകുമാരനിൽ പ്രവേശിച്ചു് അന്തർദ്ധാനം ചെയ്തതേയുള്ളു പിന്നെ ഓകാകൻ തൻെറ പുത്രിയെ കങ്കനു് വിവാഹംചെയ്തുകൊടുത്തു. കങ്കായനന്മാർ ഈ ദമ്പതികളുടെ സന്താനങ്ങളായി ഉണ്ടായിട്ടുള്ളവരാണു്. അതുകൊണ്ടു് നിങ്ങൾ കങ്കനെയോ കങ്കായനന്മാരെയോ ആക്ഷേപിക്കരുതു്."

ബ്രാഹ്മണയുവാക്കന്മാർ അംബഷ്ഠനെ അപഹസിച്ചുകൊണ്ടു തുടങ്ങിയ ചിരി നിർത്തി. ജാതിനിർബ്ബന്ധത്തിൽ അന്തർഭവിച്ചിരി

ക്കുന്ന അൎത്ഥശൂന്യതയെ അംബസ്ഥനും മനസ്സിലാക്കി. പിന്നെ ബുദ്ധദേവനെ വണങ്ങി ഒരുഭാഗത്തു് ഒതുങ്ങിയിരുന്നു് അദ്ദേഹവും ആയി സംസാരിക്കുവാൻ തുടങ്ങി. കങ്കാണികജാതിയുടെ ഉത്ഭവം അടിവരെ ചുഴിഞ്ഞുചെന്നു് കാണിച്ചുകൊടുത്തതു് അംബസ്ഥനു് അവന്റെ ജാതിമാഹാത്മ്യത്തിലുള്ള അഹങ്കാരബുദ്ധിയെ നശിപ്പിക്കുവാനും അവനിൽ തെല്ലൊക്കെ ബോധം ജനിപ്പിക്കുവാനും പൎയ്യാപ്തമായിത്തീൎന്നു. മുപ്പത്തിരണ്ടു് മഹാപുരുഷലക്ഷണങ്ങളും ബുദ്ധദേവനിൽ അംബസ്ഥൻ കണ്ടു. ഈ വിവരം അദ്ദേഹംചെന്നു് തന്റെ ഗുരുവിനെ അറിയിക്കുകയും ചെയ്തു. തനിക്കു് ആദ്യം ഉണ്ടായിരുന്ന ജാതിഗൎവ്വിന്റേയും അതിനു തന്റെ തലയ്ക്കുകിട്ടിയ ഇടിയുടേയും കഥകൂടി ആ ശിഷ്യൻ ഗുരുവിനെ പറഞ്ഞുകേൾപ്പിച്ചു. ബുദ്ധദേവനെ തന്റെ ശിഷ്യൻ വേണ്ടതുപോലെ മാനിച്ചില്ലെന്നു് കേട്ടപ്പോൾ ആ ഗുരുവൎയ്യന്നു് കലശലായകോപമാണു് ഉണ്ടായതു്. അദ്ദേഹം ആ ശിഷ്യനെ ഒരുപാടു് പ്രഹരിച്ചുകൊണ്ടു പറഞ്ഞതു് ഇങ്ങിനെ ആയിരുന്നു:—"മറയ!, മണ്ട! ഗുരുക്കന്മാരുടെ മാനംവിററുതിന്നുന്ന വികൃതി! അഹംഭാവിപ്പട്ടി! ഇതാണോ നിന്റെ യോഗ്യത! നീ എന്നെ അപമാനിക്കുകയല്ലേ ചെയ്തതു്! ഇനി ചെന്നു് നിനക്കുവേണ്ടി മാപ്പുചോദിക്കട്ടെ; വേണ്ടിവന്നില്ലേ"

അന്നു് നേരം വളരെ വൈകിയിരുന്നതുകൊണ്ടു് ഗോക്ഷുപനു് ബുദ്ധദേവനെ ചെന്നു കാണുവാൻ സൌകൎയ്യപ്പെട്ടില്ല. പിറേറദിവസം കാലത്തേ അദ്ദേഹം ബുദ്ധസന്നിധിയിൽ എത്തി അദ്ദേഹത്തെ നമസ്കരിച്ചുകൊണ്ടു പറഞ്ഞു:—

ഗോക്ഷുപൻ:– 'ഗൌതമമഹാത്മൻ! ആ ബ്രാഹ്മണയുവാവു് അംബസ്ഥൻ ഒരുവെറും മറയനാണു്. വിവേകം ഇല്ലാ. അങ്ങുന്നു് ക്ഷമിച്ചു അവനു മാപ്പുകൊടുക്കണം'

ബുദ്ധദേവൻ:—"ബ്രാഹ്മണശ്രേഷ്ഠ! ആ ബ്രാഹ്മണയുവാവു്, അംബസ്ഥൻ സന്തോഷമായിത്തന്നെ ഇരിക്കട്ടെ. ഞാൻ അവനു് അപ്പൊഴേ മാപ്പുകൊടുത്തിരിക്കുന്നുവല്ലോ. വംശപാരമ്പൎയ്യത്തിൽ അഭിമാനം വച്ചുകൊണ്ടിരിക്കുന്നതും, ജന്മനാ ഉള്ള ജാതിശ്രേഷ്ഠതയിൽ പൂജ്യത്വം കല്പിക്കുന്നതും തെററാണെന്നു് ഞാൻ അവനെ പറഞ്ഞുമനസ്സിലാക്കിക്കൊടുത്തു. ജ്ഞാനത്തിലും സദാചാരത്തിലും പരിപൂൎണ്ണമായ പ്രാഗത്ഭ്യത്തോടു കൂടിയവൻ മനുഷ്യരിലും ദേവന്മാരിലുംവച്ചു് ഉത്തമനാകുന്നു എന്നു് അവനെ ബോദ്ധ്യപ്പെടുത്തി."

ഗോക്ഷുപൻ: – "ഇതുതന്നെയാണു് പരമാൎത്ഥം അവനെപ്പോലെ അല്പബുദ്ധിയായ ഒരു മുറാളനെ പറഞ്ഞുസമ്മതിപ്പിക്കുവാൻ,

അവൻെറ ജാതിയെ അതിൻെറ ഉത്ഭവസ്ഥാനംവരെ ചുഴിഞ്ഞുകൊണ്ടുപോകുന്നതുപോലെ നല്ലതായി മററൊന്നുംതന്നെ ഇല്ല.

---

## ൨൨. പൊളവൻസമ്പ്രദായം.

---

ഒരു പൊതുജനയോഗത്തിൽവച്ചു് 'പൊളവൻ'സമ്പ്രദായക്കാരനായ ഒരു പ്രസംഗകത്താവു്, ശ്രോതാക്കന്മാരുടെ ചോദ്യങ്ങൾക്കു് സമാധാനം പറയുകയാണു്.

ഒരു ശ്രോതാവു് ചോദിക്കുന്നു:—"സേർ പരലോകം ഉണ്ടോ? സമ്പ്രദായി:—'പരലോകം ഉണ്ടെന്നു് എനിക്കു വിശ്വാസമുണ്ടെങ്കിൽ ഞാൻ അങ്ങനെതന്നെ പറയും. എന്നാൽ ഞാൻ അങ്ങിനെ പറയുന്നില്ല."

"അപ്പോൾ പരലോകം ഇല്ലെന്നാണു് നിങ്ങളുടെ വിശ്വാസം; അല്ലേ?"

അല്ല, ഞാൻ അങ്ങിനെ പറഞ്ഞില്ല. പരലോകം ഉണ്ടെന്നു് ഞാൻ പറഞ്ഞില്ല എന്നേ ഞാൻ പറഞ്ഞുള്ളു. പരലോകം ഇല്ലെന്നു ഞാൻ പറഞ്ഞില്ല. പരലോകത്തിൻെറ അസ്തിത്വത്തെ ഞാൻ സമ്മതിക്കുന്നില്ല; അതിൻെറ അസ്തിത്വത്തെ ഞാൻ നിഷേധിക്കുന്നതും ഇല്ല. എന്നായി സമ്പ്രദായി.

"അതുകൊണ്ടു്, പരലോകം ഉണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി; അതു് നമുക്കു വലിയ ബാധകം ഒന്നും അല്ല എന്നു് നിങ്ങൾ വിചാരിക്കുന്നു; അല്ലേ?" എന്നായി പൃച്ഛകൻ.

"ഞാൻ അങ്ങിനെ പറഞ്ഞില്ല ഞാൻ അങ്ങിനെ വിചാരിക്കുന്നു എങ്കിൽ അങ്ങിനെ പറയുമായിരുന്നു. ഞാൻ അങ്ങിനെ പറയുന്നില്ല. ഞാൻ അങ്ങിനെ സമ്മതിക്കുന്നതുമില്ല; നിഷേധിക്കുന്നതും ഇല്ല"

"പിന്നെ, നിങ്ങൾ എന്താ സേർ! പറയുന്നതു്?"

ഞാൻ അതോ ഇതോ ഒന്നും പറയുന്നില്ല അങ്ങിനെയാണെന്നു ഞാൻ വിചാരിക്കുന്നില്ല; മററൊരുപ്രകാരമാണെന്നും ഞാൻ വിചാരിക്കുന്നില്ല."

പുളവൻസമ്പ്രദായം തരക്കേടുണ്ടോ!

---

# ൨൩. സൌന്ദൎയ്യവ്യവച്ഛേദം.

ശുഭയ്ക്കു് ഇരുപത്തിരണ്ടു വയസ്സു് പ്രായം കാണും. അവൾ ഒരു സൌഭാഗ്യവതിയായ ബ്രഹ്മചാരിണിയാണു്. ഈ സുന്ദരി ഒരുദിവസം ജീവകൻെറ മാന്തോപ്പിൽ വിഹരിച്ചുകൊണ്ടിരിക്കുമ്പോൾ, സ്ത്രീലമ്പടനായ ഒരു രാജാവു് അവളെ അവിടെവച്ചു് കണ്ടെത്തുവാൻ ഇടയായി. അദ്ദേഹം അവളെ നോക്കി ഇങ്ങിനെ പറഞ്ഞു:—

രാജൻ:—“നീ അതിസുന്ദരിയായ ഒരു യുവതിയാണല്ലോ. ഇങ്ങിനെ ബ്രഹ്മചാരിണിയായി ഈ ജീവിതത്തെ വൃഥാ കളയുന്നതെന്തിനു്? ആ മഞ്ഞവസ്ത്രം അങ്ങു് ഉപേക്ഷിച്ചുംവെച്ചു് എൻെറകൂടെ വന്നാലും. അപ്പോൾ പ്രേമലോകത്തിലെ ആനന്ദകവാടങ്ങൾ ഓരോന്നോരോന്നായിതുറക്കുന്നതുകാണാം. മന്ദമാരുതൻ വീശുന്നതു നീ അറിയുന്നില്ലേ? പക്ഷികൾ കൂജനംചെയ്യുന്നതു് കേൾക്കുന്നില്ലേ? സുരഭികളായ പുഷ്പങ്ങൾ നമ്മെനോക്കി മന്ദഹസിക്കുന്നതുപോലെ നില്ക്കുന്നതു് നീ കാണുന്നില്ലേ? നമുക്കു് അവിടെക്കാണുന്ന ആ ഉദ്യാനത്തിലേയ്ക്കു പോകാം; ആ താമരപ്പൊയ്കയിൽ ഇറങ്ങി ക്രീഡിക്കാം; ഹൃദയം തുറന്നു് അന്യോന്യം നർമ്മസല്ലാപം ചെയ്യാം. ഞാൻ നിനക്കു് താമസിക്കുവാനായി ഒരു ഒന്നാന്തരം ഗൃഹം പണിചെയ്യിച്ചുതരുന്നുണ്ടു്; നിൻെറ ശുശ്രൂഷയ്ക്കായി അനവധി ദാസികളെ നിയമിക്കുന്നുണ്ടു്. ഉടുക്കുവാൻ ഏററവും മിനുസമായ ‘ബനാറിസ്’ പട്ടുകൾ വാങ്ങിത്തരുന്നുണ്ടു്; ആഹാരത്തിനു ഏററവും രുചിയുള്ള ഭക്ഷണസാധനങ്ങൾ സജ്ജമാക്കിത്തരുന്നുണ്ടു്.”

ഈ ചാപല്യപ്രലപനങ്ങൾ എല്ലാംകേട്ടു് ആ ബ്രഹ്മചാരിണി “മാറിപ്പോകുക. ഞാൻ ശ്രീബുദ്ധഭഗവൻെറ കയ്യിൽനിന്നു് ഉപദേശം വാങ്ങിയ ബ്രഹ്മചാരിണിയാണു്. എന്നിൽ പ്രേമഭാവം തെല്ലുപോലും ശേഷിച്ചിരിപ്പില്ല. ഞാൻ കേവലം പരിശുദ്ധയായിത്തീൎന്നിരിക്കുന്നു. നിങ്ങളുടെ മനസ്സു് കേവലം പങ്കപങ്കിലമായതത്രേ. എൻെറ മനസ്സാകട്ടെ കേവലം സ്വച്ഛവും ആകുന്നു. കാമത്തിൽനിന്നു ഞാൻ നിശ്ശേഷം സ്വതന്ത്രയാണു്. അതിനാൽ പൊയ്ക്കൊള്ളുകയേ വേണ്ടൂ.”

രാജാവു്:—“അല്ലയോ സുന്ദരി! നിൻെറ ഈ അനിതരവനിതാസാധാരണമായിരിക്കുന്ന സൌന്ദൎയ്യം ഒരു ഭിക്ഷുമഠത്തിൽ പാഴാ

ക്കിക്കളയേണ്ടതല്ല. ഒരു രാജകൊട്ടാരത്തിനലങ്കാരമായിരിക്കേണ്ടവളാണു നീ. അല്ലയോ സുന്ദരി! നീ എന്നെ ഒന്നു കടാക്ഷിച്ചാലും. നിൻെറ ഒരൊററകടാക്ഷത്തിനുവേണ്ടി ഞാൻ എൻെറ ജീവിതസർവ്വസ്വവും പാദകാണിക്കവെയ്ക്കുവാൻ തയ്യാറാണു്. നിൻെറ മനോമോഹനമായ നേത്രങ്ങൾ എന്നെ സദാ അഭിഗമിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. അവയെ അനവരതം കണ്ടുകൊണ്ടേ ഇരിക്കുവാൻവേണ്ടി ഞാൻഎന്തുതന്നെ ത്യാഗം ചെയ്യാതിരിക്കയില്ല."

ശുഭ:—"എന്തൊരസംബന്ധമാണിതു്. അവ വെറും മാംസവും രക്തവും അശ്രുവും അല്ലാതെ മററെന്താണു്? അതിൽ ഇത്രയൊക്കെ ഭ്രമിക്കുവാൻ എന്തുണ്ടു?"

രാജാവു്: "മാംസമോ, രക്തമോ, ബാഷ്പമോ, എന്തോ. അതൊന്നും എനിക്കു് അറിഞ്ഞുകൂടാ. ഞാൻ അതിനാൽ അപഹൃതനായിക്കഴിഞ്ഞിരിക്കുന്നു. എനിക്കതു കൂടിയേകഴിയൂ. ഞാൻ സ്വർഗ്ഗത്തെക്കാൾ അധികമായി കാമിക്കുന്നതു് അതിനെയാണു്."

"എന്നാൽ ഒന്നു് കൊണ്ടുപോയി സുഖിച്ചുകൊള്ളുക" എന്നു പറഞ്ഞു് ആ സാധ്വീസ്ത്രീ, നിർദ്ദാക്ഷിണ്യം തൻെറ ഒരുകണ്ണു ചൂഴ്ന്നെടുത്തു് ഒഴുകുന്ന വെള്ളത്തോടും രക്തത്തോടുംകൂടി രാജാവിനു് നീട്ടിക്കൊടുത്തു. ആ വിടപ്രഭു ഭീതികൊണ്ടുംഅത്ഭുതംകൊണ്ടും കിടുകിടെ വിറച്ചു് അവളുടെ കാല്ക്കൽവീണു് ഇങ്ങനെ പറഞ്ഞു:—

രാജാവു്—"സഹോദരി! എനിക്കു മാപ്പുതരണേ! നിങ്ങൾ പറഞ്ഞതിനു് ഞാൻ ഇത്രയൊന്നും അർത്ഥമാക്കിയില്ല."

ശുഭ:—"രാജൻ! ബുദ്ധപുത്രി ഒരിക്കലും അസത്യവാദിനിയായിരിക്കയില്ല."

ഇതിനുശേഷം ആ രാജപ്രമുഖൻ ബുദ്ധസന്നിധിയിൽച്ചെന്നു് ഈ വിവരങ്ങൾ എല്ലാം അദ്ദേഹത്തെ ധരിപ്പിക്കയും, ആ പരിശുദ്ധയായ ബ്രഹ്മചാരിണിക്കു നഷ്ടമായനേത്രം വീണ്ടും പൂർവ്വവൽഉണ്ടാക്കിക്കൊടുക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്തു.

ശ്രീബുദ്ധദേവൻ തൻെറ സിദ്ധിവൈഭവംകൊണ്ടു് ശുഭയുടെ കണ്ണു് പൂർവ്വസ്ഥാനത്തുവച്ചു് പൂർവ്വാധികം സ്വസ്ഥവും മനോഹരവും ആക്കിത്തീർത്തു.

# ൨൪. സ്വൎണ്ണം സുലഭം; മഹാന്മാർ ദുൎല്ലഭം.

വൈശാലിയിലെ ഒരു സുപ്രസിദ്ധ നൎത്തകിയാണു് 'അംബപാലി' എന്ന ദാസി. സൌന്ദൎയ്യത്തിനു് വളരെ കേൾവിപ്പെട്ടിരുന്ന ആ യുവതീരത്നം, അതിവിശാലമായ ഒരു ഉദ്യാനത്തിൻനടുവിലുള്ള ഒരു മാവിൻതോട്ടത്തിൽ സ്ഥിതിചെയ്യുന്ന ഒരു മനോഹരഹൎമ്മ്യത്തിൽ ആയിരുന്നു താമസിച്ചിരുന്നതു്. രാജാക്കന്മാരും, പ്രഭുക്കന്മാരും ധനവാന്മാരും എല്ലാം ഒരുപോലെ അവളുടെ കടാക്ഷവീക്ഷണത്തെ സാദരം ശരണീകരിച്ചിരുന്നു. മാഗധത്തിലെ ബിംബീശാര മഹാരാജാവുംകൂടെ അവളുടെ കാമുകന്മാരിൽ ഒരാളാണു്.

ബിംബിശാരൻ, അംബപാലിയുടെ സമീപംചെന്നിരുന്ന ഒരു അവസരത്തിൽ അദ്ദേഹം ബുദ്ധദേവനെപ്പററി അവളോടു ചിലതെല്ലാം പറയുകയുണ്ടായി. അതു കലാശിപ്പിച്ചിരുന്നതു് ഇങ്ങിനെയായിരുന്നു:—

ബിംബീശാരൻ പറഞ്ഞു:—"അദ്ദേഹം നിന്നേക്കാൾ സുന്ദരിയായ ഒരു ഭാൎയ്യയെ ഉപേക്ഷിച്ചു; വൈശാലിയെക്കാൾ വലുതായ ഒരു രാജ്യത്തെ ഉപേക്ഷിച്ചു; തങ്കക്കട്ടയെപ്പോലെകോമളനായ ഏകസന്താനത്തെ ഉപേക്ഷിച്ചു; എന്തിനു്, വിലപിടിച്ച വസ്ത്രങ്ങളും വിശേഷമായ അന്നപാനാദികളുംകൂടെ ഉപേക്ഷിച്ചു എല്ലാം എന്തിനുവേണ്ടി? ജനനം, രോഗം, വാൎദ്ധക്യം, മരണം മുതലായ ലോകമഹാദുഃഖങ്ങൾക്കു് പോംവഴി കണ്ടുപിടിക്കുവാൻ. അദ്ദേഹത്തിൻെറ പ്രേമം അത്രയ്ക്കു ലോകോത്തരമായതാണു്."

അംബപാലി.—"എന്തൊരുമാതിരി പ്രേമമാണതു്! നിങ്ങളുടെ പ്രേമത്തിൽനിന്നു വളരെഭിന്നമായ ഒന്നായിരിക്കണമല്ലോ."

ബിംബീശാരൻ:—"തീൎച്ചയായും. എൻെറ പ്രേമം കേവലം സ്വാൎത്ഥപരമായ ഒന്നുമാത്രം ആകുന്നു. പ്രത്യുത, ബുദ്ധൻെറ പ്രേമത്തിൽ സ്വാൎത്ഥതയുടെ കണികപോലും കാണുകയില്ല. അദ്ദേഹത്തിൻെറ അഗ്നി തപിപ്പിക്കും, എന്നാൽ ദഹിപ്പിക്കയില്ല; അദ്ദേഹത്തിൻെറമനസ്സു് വ്യാപരിക്കും, എന്നാൽ മോഹിക്കയില്ല; അദ്ദേഹത്തിൻെറ ഹൃദയം പ്രേമിക്കും, എന്നാൽ കാമിക്കയില്ല; അദ്ദേഹത്തിൻെറ മതം വിജയിക്കും, എന്നാൽ വെറും ബാഹ്യവേഷ്ടനംമാത്രമായും ഇരിക്കയില്ല.

ഇതെല്ലാം സശ്രദ്ധം കേട്ടുകൊണ്ടിരുന്ന അംബപാലി, അടുത്ത അവസരത്തിൽ ബുദ്ധദേവനെച്ചെന്നു കാണണം എന്നു തീൎച്ചയാക്കി.

ഒരുദിവസം ശ്രീബുദ്ധദേവൻ വൈശാലിയിലേക്കു പോകുകയായിരുന്നു. അംബപാലി ആ വൎത്തമാനം കേട്ട് അദ്ദേഹത്തെ വഴിക്കുചെന്നുകണ്ടു ഗുരുദേവൻെറ തേജോമയമായ മുഖകമലവും ദിവ്യതപ്രചുരിമ തുളുമ്പുന്ന കാന്തിപൂരവും, പ്രേമാൎദ്രങ്ങളായ നയനകമലങ്ങളും കണ്ടമാത്രയിൽത്തന്നെ, അദ്ദേഹത്തിൻെറ ഉത്തമോത്തമമായ ജീവിതവും തൻെറ നിന്ദ്യാൽനിന്ദ്യതരമായ കുത്സിതജീവിതവും തമ്മിലുള്ള വ്യത്യാസം, അവളുടെ മനോദൎപ്പണത്തിൽ വ്യക്തമായി പ്രതിഫലിച്ചുകഴിഞ്ഞു. ആ യുവതി, തൽക്ഷണംതന്നെ ബുദ്ധദേവനെ സാഷ്ടാംഗം നമസ്കരിച്ച്, അദ്ദേഹത്തിന് സമ്മതവും സൌകൎയ്യവും ഉള്ളപക്ഷം, പിറേറദിവസം ഭിക്ഷയ്ക്ക് അവളുടെ ഗൃഹത്തിൽ ചെന്നുചേരുവാൻ കരുണയുണ്ടാകേണമെന്ന് അപേക്ഷിച്ചു. അദ്ദേഹം സാധാരണപോലെ, മൌനംകൊണ്ട് അവളുടെ അപേക്ഷയെ അനുവദിക്കുകയും ചെയ്തു.

അംബപാലി അവിടെനിന്നു മടങ്ങി പത്തുമിനിട്ടു കഴിഞ്ഞപ്പോഴേയ്ക്കും, വൈശാലിയിലെ വലിയ ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരും ധനാഢ്യന്മാരും എല്ലാം അവരവരുടെ ദിവ്യദുകൂലാഭരണങ്ങളാൽ അലംകൃതരായി, സ്വൎണ്ണപ്പല്ലക്കിൽകയറി, ബുദ്ധദേവൻെറ അടുത്തുചെന്ന് ഗുരുവിനെ വന്ദിച്ചു. അവരും പിറേറദിവസത്തെ ഭിക്ഷയ്ക്ക് ഗുരുദേവനെ ക്ഷണിക്കാതിരുന്നില്ല. അതിന്—

ബുദ്ധദേവൻ:—"ഞാൻ മറെറാരു ക്ഷണം സ്വീകരിച്ചുകഴിഞ്ഞു."

അവർ ആശ്ചൎയ്യത്തോടുകൂടി—"ആരുടെ ക്ഷണം?"

ബുദ്ധദേവൻ:—"അംബപാലിയുടെ ക്ഷണം."

അവർ:—"എന്ത്! ആ മാവിൻതോട്ടത്തിലെ തേവിടിശ്ശിയുടേയോ! അങ്ങെയ്ക്കു വേശ്യാഗൃഹത്തിൽ ഭിക്ഷയ്ക്കു പോകാമോ?"

ബുദ്ധൻ:—"സദാചാരത്തിൻെറ അത്യാവശ്യം അവളെപ്പോലെ മററാൎക്കും ഇല്ല. അതുകൊണ്ട് അവിടെത്തന്നെയാണു പോകേണ്ടതു് എന്നു ഞാൻ വിചാരിക്കുന്നു"

അവർ—"അങ്ങിനെ വേണമെങ്കിൽ ആകട്ടെ ഏതായാലും ഞങ്ങളുടെ ക്ഷണത്തിനു തീൎച്ചയായും മുൻഗണന തന്നേ മതിയാകൂ."

ബുദ്ധൻ:—"ഈവക ബാഹ്യവ്യത്യാസങ്ങൾ ഒന്നും ഞാൻ പരിഗണിക്കുന്നില്ല. ആദ്യമായി സ്വീകരിച്ച ക്ഷണത്തിന്നുതന്നെ ഞാൻ മുൻഗണന കൊടുക്കുന്നതാണ്."

അവർ:—"അവളുടെ അവകാശം ഞങ്ങൾക്ക് ഒഴിഞ്ഞുതന്നാലോ?"

ബുദ്ധൻ.—"അവർ അവരുടെ സ്വന്തമനസ്സാലെ അങ്ങിനെ ചെയ്യുന്നയാണെങ്കിൽ എനിക്കു യാതൊരു വിരോധവും ഇല്ല."

ഇതു കേൾക്കാത്ത താമസം, ഉദ്യോഗസ്ഥപ്രമാണികൾ തുരുതു

രെ അംബപാലിയുടെ മാവിൻതോട്ടത്തിൽ ഓടി എത്തുകയായി. "മാങ്ങാപ്പെണ്ണിന്ന ഞങ്ങളെ ജയിക്കുവാനൊന്നും സാധിക്കയില്ലേ!" എന്നു ഹുങ്കാരത്തോടുകൂടി ജല്പിച്ചുകൊണ്ടാണ് അവർ ഓടിച്ചെന്നതു്. അവർ അവിടെ എത്തി അംബപാലിയോടു പറയുന്നു—

ഉദ്യോഗസ്ഥന്മാർ - "ബുദ്ധദേവനെ ഉപചരിക്കുവാൻ നാളത്തേയ്ക്കുള്ള നിന്റെ അവകാശം ഞങ്ങൾക്കു് വിട്ടുതരണം. ആദ്യമായി ഞങ്ങൾതന്നെ അദ്ദേഹത്തെ ഉപചരിക്കട്ടെ നിനക്കു വേണമെങ്കിൽ പിന്നാലെയാകാം"

അംബപാലി—"അതു് ഉണ്ടാകുന്നകാര്യമല്ല നാളത്തേയ്ക്കു് എനിയ്ക്കു് അദ്ദേഹത്തെ ലഭിച്ചുകഴിഞ്ഞു. ഞാൻ അദ്ദേഹത്തെ നാളത്തന്നെ സല്ക്കരിക്കുകയും ചെയ്യും, നിശ്ചയം."

ഉദ്യോഗസ്ഥന്മാർ—"വാശിപിടിക്കേണ്ട, ഒഴിഞ്ഞേക്കു്. നിനക്കു വേണമെങ്കിൽ ഒരായിരംവരാഹൻ തന്നേയ്ക്കാം."

അംബപാലി—"ആയിരമല്ല, ലക്ഷംതന്നാലും ഞാൻ ഒഴിയുകയില്ല. ഇന്നു് സ്വർണ്ണം സുലഭം; മഹാന്മാർ ദുർല്ലഭം"

ഉദ്യോഗസ്ഥന്മാർ—"നീ എന്താണു പറയുന്നതു്?"

അംബപാലി—"മറെറാന്നുമല്ല. നിങ്ങളുടെ മാഹാത്മ്യമെല്ലാം അറിയാത്തവളല്ല ഞാൻ. എന്റെ ഒരു വെറും കടാക്ഷംമാത്രം കൊതിച്ചു് ആയിരമായിരം ആളുകൾ എന്റെ പാദത്തിൽ വീണിട്ടുണ്ടു്—രാജാക്കന്മാരും, പ്രഭുക്കന്മാരും, കോടീശ്വരന്മാരുമെല്ലാം. എന്റെ ഈ മാംസപിണ്ഡംകണ്ടു മോഹിച്ചു്, അവർ എത്രഎത്ര പണമാണു്, എന്റെ ദാസീദാസന്മാരെയും, അവരുടെദാസീദാസന്മാരെയും സ്വാധീനമാക്കുവാൻവേണ്ടി അവരുടെയിടയിൽ വലിച്ചുവാരി വിതറീട്ടുള്ളതു്. ഇതാണോ പണത്തിനുള്ള വിലയുടെ ലക്ഷണം. സ്വർണ്ണവും രത്നവും എനിക്കെന്തുസാരം? അവയിൽ എല്ലാം എനിക്കു് വേണ്ടിടത്തോളം തൃപ്തിവന്നിട്ടുണ്ടു്. ഈ പുരുഷരത്നം എന്റെ ആത്മാവിനെ തേടിവന്നിരിക്കയാണു്. എന്റെ ശരീരത്തെപ്പററി ആ അതിമാനുഷനു് യാതൊരു ചിന്തയും ഇല്ല. അങ്ങിനെയുള്ള അദ്ദേഹത്തെ ഈ പൊണ്ണപ്രഭുക്കളായ നിങ്ങൾക്കു വേണ്ടി ഞാൻ കൈവെടിയണമെന്നോ? എനിക്കു് നിങ്ങളെയെല്ലാം നല്ലപോലെ അറിയാം. എന്റെ കാലടി പണിയാത്തവരാരും നിങ്ങളുടെകൂട്ടത്തിൽ ഇല്ല. എന്നെ ഭയപ്പെടുത്തുകയൊന്നുംവേണ്ട. "ഞങ്ങൾ മാങ്ങാപ്പെണ്ണിനെ തോല്പിച്ചു" എന്നൊന്നും അഹംഭാവിക്കയുംവേണ്ട. പ്രസ്തുത മാങ്ങാപ്പെണ്ണു് നിങ്ങളെ തോല്പിക്കുന്നതു് ഇന്നു് ആദ്യമായിട്ടല്ല, എന്നു് നിങ്ങൾ മറക്കാതിരുന്നാൽ മതി. എന്നാൽ മറെറാരാൾ

171510
39499
O:3M99:11
32.J4.1



മാങ്ങാപ്പെണ്ണിനെ തോല്പിക്കുന്നതു ഇപ്പോൾ ആവശ്യമായിട്ടാണു്. നാളെ ഞാൻ ബുദ്ധദേവനെ സ്വീകരിക്കുകയും സല്ക്കരിക്കുകയും തന്നെ ചെയ്യും.

ഇതുകേട്ടു് ഉദ്യോഗസ്ഥപ്രമാണികളും കൂട്ടുകാരും അസന്തുഷ്ടരായി ബുദ്ധദേവന്റെ സന്നിധിയിലേയ്ക്കു് മടങ്ങിച്ചെന്നു് ഉണ്ടായ വിവരങ്ങൾ എല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു.

അവർ:—"അവൾ അവളുടെ അവകാശം വിട്ടുതരുവാൻ വിസമ്മതിക്കുന്നു"

ബുദ്ധദേവൻ:—"അതു് ഞാൻ മുൻകൂട്ടിത്തന്നെ വിചാരിച്ചതാണു്. അവളെ മാനസാന്തരപ്പെടുത്തിക്കളയാം എന്നു് എനിക്കു് ഇപ്പോൾ നല്ല ഉറപ്പു വന്നിട്ടുണ്ടു്."

പിറേറദിവസം അംബപാലി ബുദ്ധദേവനേയും അദ്ദേഹത്തിന്റെ അനുചരന്മാരായ ഭിക്ഷുക്കളേയും കൂട്ടിക്കൊണ്ടുവന്നു് കെങ്കേമമായി സല്ക്കരിച്ചു ബുദ്ധദേവൻ തന്റെ ജലപാത്രവും കയ്യും ക്ഷാളനംചെയ്തു് ഇരുന്നശേഷം അംബപാലി അദ്ദേഹത്തെ ദണ്ഡനമസ്കാരംചെയ്തു് ഒരുഭാഗത്തു് ഒതുങ്ങിയിരുന്നുകൊണ്ടു് ബുദ്ധദേവനോടു് ഉപദേശംയാചിച്ചു. ആ ദിവ്യപ്രഭാവനായ ഗുരു അവൾക്കു് ഉപദേശംകൊടുത്തു് അവളെ ഒരുദിവ്യബ്രഹ്മചാരിണിയാക്കിത്തീർത്തു.

അംബപാലിയുടെ വിസ്തൃതോദ്യാനവും, അതിലെ മനോഹരമായ തോപ്പും, . തോപ്പിലെ രമണീയമായ കെട്ടിടവും ബൌദ്ധസംഘത്തിലേയ്ക്കായി അവൾ വിട്ടുകൊടുത്തു. ആ സ്ഥലം പിന്നീടു് ബുദ്ധന്മാരുടെ ഒരു പ്രധാനവിഹാരമായിത്തന്നെ പരിണമിക്കുകയും ചെയ്തു.

---

MUL
171510

## ൨൫. നിസ്തുല്യനായ മഹാചാര്യൻ

---

ശ്രീബുദ്ധദേവൻ അദ്ദേഹത്തിന്റെ മഹാസമാധിക്കു് അല്പം മുമ്പു് 'പൌരിക' എന്നുപേരായ പ്രസിദ്ധ മാവിൻതോപ്പിലുള്ള വിഹാരത്തിൽ വിശ്രമിച്ചുകൊണ്ടിരിക്കയാണു്. അദ്ദേഹത്തിന്റെ പ്രധാനശിഷ്യനും പ്രസിദ്ധനും ആയ ശാരിപുത്രൻ ഗുരുവിനെ കാണുവാൻ വന്നിട്ടുണ്ടു്. ഈ ശിഷ്യൻ ഗുരുവിനെ സബഹുമാനം നമസ്കരിച്ചു്, ഗുരുസമീപം ഒരിടത്തു് ഒതുങ്ങി ഇരുന്നുകൊണ്ടു് പറഞ്ഞു:—"മഹാപ്രഭാവനായ ഗുരോ! ആചാര്യന്മാരിലെല്ലാംവച്ചു് മഹാചാര്യൻ അങ്ങുതന്നെ ആകുന്നു. അങ്ങയെപ്പോലെ ഒരു മഹാ

ചാര്യൻ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല; ഇന്ന് ഇല്ല; ഇനി മേലൽ ഉണ്ടാകുകയും ഇല്ല"

അതുകേട്ട് ബുദ്ധദേവൻ:—"നിൻെറ വാക്കു കെങ്കേമംതന്നെ. ശാരിപുത്ര! നീ എത്ര ധൈര്യമായി പറയുന്നു! ഈ അസംബന്ധപ്രലപനങ്ങൾ എല്ലാം എന്തിന്? ഇതിനുമുമ്പ് ഉണ്ടായിട്ടുള്ള ആചാര്യന്മാരെയെല്ലാം നിനക്കു പരിചയമാണോ? അവരുടെ ജീവിതരീതി, അറിവ്, അനുഭവം, സിദ്ധി മുതലായവയെല്ലാം നീ വേണ്ടതുപോലെ മനസ്സിലാക്കീട്ടുണ്ടോ?"

ശാരിപുത്രൻ:—"ഇല്ല"

ബുദ്ധദേവൻ:—"എന്നാൽ അതു പോകട്ടെ. മേലാൽ ഉണ്ടാകുന്ന മഹാത്മാക്കൾ ഇന്നിന്നവരായിരിക്കുമെന്നും, അവരുടെ ജീവിതരീതി, അറിവ്, അനുഭവം, സിദ്ധി മുതലായവ ഇന്നിന്നപ്രകാരം ആയിരിക്കുമെന്നും നീ വേണ്ടതുപോലെ മനസ്സിലാക്കീട്ടുണ്ടോ?"

ശാരിപുത്രൻ:—"അതും ഇല്ല"

ബുദ്ധദേവൻ:—"അതുംപോകട്ടെ. നീ എന്നെത്തന്നെയും പൂർണ്ണമായി മനസ്സിലാക്കിയോ? എൻെറ ജീവിതരീതി എൻെറ അറിവ്, എൻെറ അനുഭവം, എൻെറസിദ്ധി മുതലായവയെ വേണ്ടതുപോലെ ധരിച്ചുവെച്ചിട്ടുണ്ടോ."

ശാരിപുത്രൻ:—"അതും ഇല്ല സ്വാമി."

ബുദ്ധദേവൻ:—"എന്നാൽ ശാരിപുത്ര! പിന്നെ നി എന്തിനാണ് ഇങ്ങനെയുള്ള അസംബന്ധങ്ങൾ എല്ലാം വലിയകാര്യത്തിൽ തട്ടിവിടുന്നതു്. നീ എന്തിനായിട്ടാണ് ഇങ്ങനെ എന്നെ മഹാചാര്യനെന്നുംമററുംപറഞ്ഞു പുകഴ്ത്തുന്നതു്."

---

## ൨൩. മാരൻെറ വിജയം.

ബുദ്ധദേവൻ നിർവാണാവസ്ഥ പ്രാപിച്ചുകഴിഞ്ഞു; ജീവിതത്തിൽ താൻ വിചാരിച്ച വലിയകാര്യം സാധിച്ചു.

മരണം തന്നെ സമീപിക്കുന്നതായി അദ്ദേഹത്തിന് തോന്നി.

ദുഷ്ടമാരൻ, ബുദ്ധദേവനോട്ട് പറയുന്നു:—"പ്രഭോ! ഇനി യാത്രയായാലും. നിർവാണത്തെക്കാൾ ഉപരിയായി ആക്കും ഒന്നും സാധിക്കുവാനില്ലല്ലോ. ആ സ്ഥിതിക്ക് നിർവാണപ്രാപ്തനായ അങ്ങയ്ക്കു് ഇനി യാത്രയാകാം."

ബുദ്ധ:—"മാര! അങ്ങിനെയല്ല. എനിക്കു്, മററുള്ളവരെ രക്ഷനേട്ടുവാൻ സഹായിക്കാതെ, എന്നെത്തന്നെ രക്ഷപ്പെട്ടുത്തിക്കൊണ്ടു്, ഒരു പ്രത്യേകബുദ്ധനായി മരണമടയണം എന്നില്ല. ഞാൻ അന്തർഭവപ്പെട്ടുത്തിയിരിക്കുന്ന മഹത്തരങ്ങളായ തത്ത്വങ്ങളെ, സ്ത്രീപുരുഷഭേദംകൂടാതെ സകലക്കും ഒരുപോലെ ഉപദേശിക്കുന്നതുവരെയും, അവയെ ധരിക്കുവാനും, വ്യാഖ്യാനിക്കുവാനും, പിൻകാലങ്ങളിൽനിലനിത്തുവാനും, അനുയായികളെ സംരക്ഷിക്കുവാനും അവരെ പഠിപ്പിക്കുന്നതുവരെയും ഞാൻ മരിക്കയില്ല."

യമൻ:—അങ്ങയുടെ ഈ കഠിനവും കണ്ടകഭ്രൂയിഷ്ടവും ആയ മാർഗ്ഗം ഇന്നു് ആക്കും ആവശ്യമില്ല. യാതൊരു പ്രയാസവും കൂടാതെ സമ്പാദിക്കപ്പെട്ടുന്നവനും, സവ്വാഭീഷ്ടങ്ങളും ദാനം ചെയ്യാൻ സദാ സന്നദ്ധനായിരിക്കുന്നവനും, സ്തുതികൊണ്ടും പൂജകൊണ്ടും സന്തോഷിക്കുന്നവനും, മോക്ഷത്തേയും സമസ്തേന്ദ്രിയങ്ങൾക്കും പൂണ്ണാനന്ദം കൊടുക്കുന്ന ഭൌതികസുഖങ്ങളേയും കൊടുക്കുവാൻ ത്രാണിയുള്ളവനും ആയ ഒരു ഈശ്വരനെയാണു് ഇന്നു് എല്ലാവക്കും വേണ്ടതു്. അല്ലാതെ അങ്ങയുടെ ഈ ദുർഘടംപിടിച്ച പണികളൊന്നും അവക്കു വേണ്ട. അതിനാൽ ഇങ്ങിനെ കിടന്നു വെറുതെ വലയുന്നതു് ആക്കുവേണ്ടിയാണു്."

ബുദ്ധൻ:—"അല്ല, യമധമ്മൻ! നീ പറയുന്നതു ശരിയല്ല. ഞാനും ആദ്യം ഇങ്ങിനെയൊക്കെത്തന്നെയായിരുന്നു വിചാരിച്ചിരുന്നതു്. "ഇന്ദ്രിയസുഖങ്ങളിലും പ്രാപഞ്ചികപ്രതിപത്തിയിലും നിതരാം മുങ്ങിക്കിടക്കുന്ന ഈ ലോകം, സാശിക്ഷണത്തിലും, കാമ്യകമ്മന്യാസത്തിലും അടിയുറച്ചിരിക്കുന്ന എൻെറ ധാമ്മികസിദ്ധാന്തങ്ങളെ സ്വീകരിക്കുമോ? ഈവക കണ്ടാമണ്ടികളിലെല്ലാം കൊണ്ടുചെന്നു തലയിട്ടു്, വേണ്ടാത്ത ബദ്ധപ്പാട്ടുകളെല്ലാം ഉണ്ടാക്കിവയ്ക്കുന്നതിൽ ഭേദം മിണ്ടാതിരിക്കുകയല്ലേ?" എന്നെല്ലാം ഞാൻ എന്നോട്ടുതന്നെ ചോദിക്കാതിരുന്നില്ല. എന്നാൽ ബ്രഹ്മാവുതന്നെ പ്രത്യക്ഷനായിവന്നു്, എന്നോട്ടു് എൻെറ സിദ്ധാന്തങ്ങളെ ലോകസമക്ഷം ആവിഷ്കരിച്ചുകൊള്ളണമെന്നും, അവയെ സ്വീകരിക്കുവാൻ ധാരാളം ആളുകൾ ഉണ്ടായിരിക്കുമെന്നും പറയുകയുണ്ടായി. അതിനാൽ നീ ഇപ്പോൾ നിൻെറ പാട്ടിനു പൊയ്ക്കൊള്ളുകയേവേണ്ടു" എന്നു പറഞ്ഞു. ഇങ്ങനെ തീവ്രമായ ആത്മശക്തിപ്രഭാവംകൊണ്ടു്, ആസന്നമായ മരണത്തെ അദ്ദേഹം നിവാരണംചെയ്യുകയും ചെയ്തു.

വൎഷങ്ങൾ നാല്പതു് പിന്നെയും കഴിഞ്ഞു. ഇപ്പോഴേയ്ക്കു് അനേകായിരം ഭിക്ഷുക്കളേയും ഭിക്ഷുകികളേയും അദ്ദേഹം സംഘമതത്തിൽ ചേൎത്തു് അവരെ പരിശീലിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ലക്ഷക്കണക്കിനു സാധാരണന്മാരായ അനുയായികളും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ബുദ്ധദേവനു യമാഗമനം ഒരിക്കൽക്കൂടെ അനുഭവമായി യമൻ വീണ്ടും ബുദ്ധദേവനെ സമീപിച്ചു പറയുന്നു:—

യമൻ:—“ഇനിയെങ്കിലും യാത്രയായിക്കൂടെ? ഇനി ദേഹത്യാഗം ചെയ്യാൻ വിസമ്മതം ഉണ്ടായിരിക്കേണ്ടതായ കാൎയ്യം ഇല്ലല്ലോ. അവിടുത്തെ സിദ്ധാന്തങ്ങളെല്ലാം ലോകസമക്ഷം ആവിഷ്കരിച്ചുകഴിഞ്ഞില്ലേ?” എന്നു ചോദിച്ചു.

അതുകേട്ടു് ബുദ്ധദേവൻ:—“ഇല്ല. എല്ലാചോദ്യങ്ങൾക്കും ഊഹങ്ങൾക്കും സമാധാനംകൊടുത്തു എതിർപക്ഷക്കാരോടു വിജയകരമായി എതിരിടുവാൻ ഞാൻ എന്റെ എല്ലാ ഭിക്ഷുക്കളേയും ഭിക്ഷുകികളേയും, സാധാരണന്മാരെക്കൂടെയും വ്യക്തമായും സമൎത്ഥമായും അഭ്യസിപ്പിക്കുന്നതിനുമുമ്പായി എനിക്കു് വരാൻ തരമില്ല. എന്റെ ഭിക്ഷുക്കൾക്കു് എന്നെക്കൊണ്ടു് ഉപകാരം ഉണ്ടായിരിക്കുന്നേടത്തോളംകാലം, എന്നെ അവൎക്കു വേണ്ടിടത്തോളംകാലം, എനിക്കു അവരെ ശിക്ഷണംചെയ്തുകൊണ്ടുതന്നെ ഇരിക്കണം.”

യമൻ:—“അങ്ങയുടെ പ്രിയശിഷ്യനാണല്ലോ ആനന്ദൻ അവനു് അടിക്കടി കാണിച്ചുകൊടുക്കുന്ന പതിനാറു സൂചനകളേയും അഗണ്യമാക്കി, അങ്ങയോടു് ഈ ജീവിതം അവസാനിപ്പിക്കരുതേ എന്നു് അഭ്യൎത്ഥിക്കുവാൻ അവൻ അമാന്തിക്കുമ്പോൾ അങ്ങുന്നു് യാത്രയാകുവാൻ സന്നദ്ധനാകുന്നതാണെന്നെങ്കിലും വാഗ്ദാനംചെയ്യാമോ?”

ബുദ്ധൻ:—“ശരി, ഞാൻ അങ്ങിനെതന്നെ വാഗ്ദാനം ചെയ്യുന്നു.”

ഇതുകഴിഞ്ഞു് വളരെ ആയിട്ടില്ല. ബുദ്ധദേവൻ രാജഗൃഹത്തിലെ ‘കഴുകൻമല’ എന്നു് പ്രസിദ്ധമായ വിഹാരത്തിൽ വിശ്രമിക്കുകയാണു്. ആനന്ദനും ഉണ്ടു് കൂടെ. അദ്ദേഹം ആ സ്ഥലത്തിന്റെ പ്രകൃതിരമണീയകതയെപ്പററി വളരെയൊക്കെ പുകഴ്ത്തിക്കൊണ്ടു പറഞ്ഞു:– “ഞാൻ ഇവിടെവച്ചു് സിദ്ധികളെല്ലാം വേണ്ടതുപോലെ പഠിച്ചിട്ടും പരിശീലിച്ചിട്ടും ഉണ്ടു്. ഞാൻ വിചാരിക്കുന്നപക്ഷം ഇനിയും ഒരു കല്പകാലം മുഴുവനുമോ, ഈ കല്പത്തിന്റെ ശേഷംകാലം മുഴുവനെങ്കിലുമോ ജീവിച്ചിരിക്കുവാൻ എനിക്കു് നിഷ്പ്രയാസം സാധിക്കും” എന്നു ആനന്ദനോടു് പറഞ്ഞു. അതിൽ പ്രസ്പഷ്ടമായിരുന്ന സൂചന ആനന്ദൻ മനസ്സിലാക്കിയില്ല അതിനാൽ ലോകത്തോടുള്ള ദയകൊണ്ടും, ദേവന്മാരുടെയും മനുഷ്യരുടെയും ഗുണത്തിനുവേണ്ടിയും, ജനങ്ങളുടെ ഗുണത്തിനും സുഖ

ത്തിന്നും ആയുസ്സും ഒരുകല്പകാലംതന്നെ ജീവിച്ചിരിക്കണമെന്നു് ആനന്ദൻ ആവശ്യപ്പെട്ടതും ഇല്ല. പിന്നെ "ആൽത്തോപ്പു്" "തസ്കരക്കൊട്ടുമുടി" "സപ്തപർണ്ണിഗുഹ" "കരിങ്കല്ലു്" "സീതാവനഗുഹ" "താപോദ്യാനം" "വേണുവനം" "ചൂതവനം" "മാൻതോപ്പു്" എന്നീ സ്ഥലങ്ങളിലെല്ലാംവച്ചു വീണ്ടുംവീണ്ടും ഈ സൂചനയെത്തന്നെ ആവൎത്തിച്ചാവൎത്തിച്ചു പുറപ്പെടുവിച്ചുനോക്കി. പക്ഷേ, ആനന്ദൻ, അതിനെ ഗ്രഹിച്ചതുമില്ല: അപേക്ഷയെ പ്രകടിപ്പിച്ചതും ഇല്ല.

ബുദ്ധദേവനു് ഇപ്പോൾ വയസ്സു് എൺപതോടടുത്തിരിക്കുന്നു. വില്വവനത്തിൽ വിശ്രമിക്കുകയാണു്. വയറുകടിനിമിത്തമുള്ള അസ്വാസ്ഥ്യം ധാരാളമുണ്ടു്. അപ്പോൾ യമൻ തന്നെ സമീപിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. അദ്ദേഹം തന്നെത്താൻ ഇങ്ങനെ പറഞ്ഞു:—"ഇപ്പോഴും എനിക്കു് മരിക്കുവാൻസൗകൎയ്യമായിട്ടില്ല. ഭിക്ഷുക്കളെല്ലാം ഇപ്പോൾ അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുകയാണു്. മാത്രമല്ല എൻെറ ശിഷ്യന്മാരെയെല്ലാം കണ്ടു്, അവരോടു യാത്രപറയാതെ വിട്ടുപോകുന്നതും ശരിയല്ല." എന്തിനേറെപ്പറയുന്നു; ഇക്കുറിയും ബുദ്ധദേവൻ അദ്ദേഹത്തിൻെറ തീവ്രാൽതീവ്രതരമായ ആത്മശക്തികൊണ്ടു് യമനെ തോല്പിച്ചു് മടക്കിഅയയ്ക്കുകതന്നെചെയ്തു

ബുദ്ധദേവൻെറ രോഗം അപ്രതീക്ഷിതമായവിധം വേഗത്തിൽ സുഖപ്പെട്ടുവരുന്നുണ്ടു്. അതുകണ്ടു് ആനന്ദൻ പറയുകയാണു്:—"പ്രഭോ; അങ്ങയുടെ രോഗം പൂൎവ്വാധികം വൎദ്ധിച്ചുവന്നതുകണ്ടപ്പോൾ ഞാൻ വളരെ ദുഃഖിച്ചു. ഒരു ശുഷ്കലത എന്നപോലെ എൻെറ ശരീരം ക്ഷീണിച്ചു; ചക്രവാളം എൻെറദൃഷ്ടികൾക്കു് അപ്രത്യക്ഷമായിത്തീൎന്നു. പഠിച്ചതെല്ലാം ഓൎമ്മയില്ലാതായി. നാലു ദിവ്യമാൎഗ്ഗങ്ങൾകൂടെ വിസ്മൃതിയിൽ ആണ്ടു. ആഴ്ചകൂടെ ഓൎമ്മയില്ലാതെ വന്നു. ബുദ്ധസംഘത്തെപ്പററി ഏതാനും ഉപദേശങ്ങൾ എല്ലാം കൊടുക്കുന്നതിനുമുമ്പായിട്ടെങ്കിലും അവിടുന്നു് അന്തൎദ്ധാനം ചെയ്യരുതു് എന്നുമാത്രമായിരുന്നു എൻെറ അഭിലാഷം"

ബുദ്ധൻ:—"ആനന്ദ! തഥാഗതനു് ഗുരുജനസഹജമായ മുഷ്ടി ഒന്നും ഇല്ല. ഞാൻ ഒന്നും മറച്ചുവയ്ക്കാതെ എല്ലാം നിങ്ങളെ പഠിപ്പിച്ചിട്ടുണ്ടു്. എനിക്കു് വയസ്സു് എൺപതോളമായി. ഇപ്പോൾ ജരപഴയ വണ്ടിപോലെ ആയിത്തീൎന്നിരിക്കുകയാണു്. നിന്നേടത്തുനിന്നു് നീങ്ങണമെങ്കിൽ ചാട്ടവാറുകൊണ്ടു് ആസനം ചൂടാക്കണം. തഥാഗതൻെറ ശരീരം കെട്ടിപ്പൊതിഞ്ഞു് സൂക്ഷിച്ചാൽമാത്രമേ, അതിനെ അല്പമൊക്കെക്കൂടെ നിലനിൎത്തിക്കൊണ്ടുപോകുവാൻ ഇനി സാധിക്കുക

യുള്ളു. അല്ലയോ ആനന്ദ! ഞാൻ പോയിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾതന്നെ നിങ്ങൾക്കു് വിളക്കായിരിക്കണം. നിങ്ങൾക്കു് അഭയസ്ഥാനവും നിങ്ങൾതന്നെ ആയിരിക്കണം. നിങ്ങൾ ബാക്കിയുള്ളവരെ ആശ്രയിച്ചു് നില്ക്കുന്നവരായിത്തീരരുതു്. സത്യത്തെ ഒരു വിളക്കു് എന്നപോലെ മുറുകെ പിടിച്ചുകൊള്ളുക. അതിനെ ഒരു അഭയസ്ഥാനമായിത്തന്നെ ശരണീകരിച്ചുംകൊള്ളുക നിങ്ങളിൽനിന്നു് ബാഹ്യമായിരിക്കുന്ന യാതൊന്നിനേയും നിങ്ങൾ അഭയസ്ഥാനമായി പരിഗണിച്ചുപോകരുതു്. ലോകസാധാരണമായ ആഗ്രഹത്തേയും അതിനെത്തുടൎന്നുള്ള വിഷാദത്തേയും കീഴടക്കി, നിങ്ങളുടെ ശരീരത്തേയും അനുഭവത്തേയും സ്വഭാവത്തേയും ആശയത്തേയും സംരക്ഷിച്ചു് ഉത്സാഹിയായും, തന്നിൽത്തന്നെ അടങ്ങിയവനായും, തന്നിൽത്തന്നെ ശ്രദ്ധയോടുകൂടിയവനായും ഇരുന്നുകൊള്ളുക. അങ്ങനെ നിങ്ങൾക്കു് സർവ്വ സിദ്ധികളുടേയും അത്യുന്നതാവസ്ഥയെ പ്രാപിക്കുവാൻ കഴിയും; അങ്ങനെ നിങ്ങൾക്കു് സന്ന്യാസത്തിന്റെ അത്യുന്നതാവസ്ഥയിലും എത്തിച്ചേരുവാൻ സാധിക്കും ഈ അത്യന്താവസ്ഥയിയിൽ, ശരീരം, മററു ബാഹ്യവസ്തുക്കൾ ഒന്നുമായി ബന്ധപ്പെടാതിരിക്കുന്നതിനാൽ—അന്യാനുഭവങ്ങളിൽനിന്നുള്ള വിരാമംനിമിത്തം, ഹൃദയത്തിന്റെ ഏകാന്തചിന്തയിൽ ആണ്ടുപോകുന്നു. മാത്രമല്ല, ഈ ഹൃദയത്തിനു് മറേറതെങ്കിലും ഭൗതികവസ്തുവുമായി ബന്ധം ഉണ്ടായിരിക്കുന്നതും അല്ല. അപ്പോൾ നിന്റെ ശരീരം ശാന്തമായും, നിർവ്വാണം സമീപസ്ഥമായും ഇരിക്കുന്നതാകുന്നു.

അതിനുശേഷം, ശ്രീബുദ്ധദേവനും ആനന്ദനുംകൂടി വൈശാലിയിലേയ്ക്കു് തിരിച്ചു. അവിടെയുള്ള ഉദയനക്ഷേത്രം, ഗൌതമക്ഷേത്രം, സപ്തമൂതക്ഷേത്രം, ഭ്രപുത്രക്ഷേത്രം, ശാർങ്ഗധരക്ഷേത്രം, കാപാലികക്ഷേത്രം എന്നിസ്ഥലങ്ങളിൽഎല്ലാംവച്ചു്, മുമ്പു ചെയ്തതുപോലെതന്നെ ബുദ്ധദേവൻ ആനന്ദനോടു് വൈശാലിയും വളരെ മനോഹരമായും, അവിടുത്തെ ക്ഷേത്രങ്ങൾ എല്ലാം വളരെവിശേഷമായും ഇരിക്കുന്നു എന്നും പറഞ്ഞു. മാത്രമല്ല, അവിടങ്ങളിലെല്ലാം വച്ചു്, താൻ തന്റെ സിദ്ധികളിൽ വളരെവളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും, താൻ ആഗ്രഹിക്കുന്നപക്ഷം തനിക്കു് ഈ കല്പകാലം മുഴുവനും ജീവിച്ചിരിക്കുവാൻ സാധിക്കുമെന്നും പറയാതിരുന്നില്ല. ആനന്ദൻ ഇപ്പൊഴും അതിൽ അടങ്ങിയിരിക്കുന്ന സൂചനയെ ഗ്രഹിച്ചതുമില്ല; പൊതുജനരക്ഷയ്ക്കായി കല്പാന്തംവരെ ജീവിച്ചിരിക്കണമെന്നു് അപേക്ഷിച്ചതും ഇല്ല. യമധർമ്മൻ ആ ശിഷ്യനെ ബാധി

ച്ച് അവന്റെ സ്മൃതിപഥം നിശ്ശേഷം നിഗ്രഹനംചെയ്യവച്ചിരുന്നു. കാപാലികക്ഷേത്രത്തിൽവച്ച് നിർദ്ദിഷ്ടമായ പതിനാറാമത്തെ സൂചനയേയും ആനന്ദൻ ഗ്രഹിക്കാതെയും അത്യാവശ്യകമായ പ്രാത്ഥനയെ പുറപ്പെട്ടവിക്കാതെയും ഇരുന്നതുകണ്ടു് ബുദ്ധദേവൻ ആനന്ദനോട്ട് പറഞ്ഞു:— "ഹേ! ആനന്ദ! നീ ഇനി എന്നെ വിട്ടുപോയി, നിനക്കു യുക്തമെന്നുതോന്നുന്നതെന്താണെന്നാൽ അതു് ചെയ്തുകൊള്ളണം."

ആനന്ദൻ അതുകേട്ടു്—"എന്നാൽപ്രഭോ! അങ്ങിനെയാകട്ടെ" എന്നുപറഞ്ഞുകൊണ്ടു് ബുദ്ധദേവനോട്ട വിടവാങ്ങി അടുത്തു് ഒരു മരച്ചുവട്ടിൽ ചെന്നിരിപ്പായി.

യമൻ ആ തക്കംനോക്കി ബുദ്ധദേവനെ സമീപിച്ചു പറയുന്നു:—"അങ്ങയുടെ വാഗ്ദാനപ്രകാരം പ്രഭോ! ഇനി പുറപ്പെട്ടുകയല്ലേ? ബുദ്ധദേവൻ ഇപ്പോൾ നിര്യാതനാകട്ടെ."

ബുദ്ധദേവൻ:—"ഹേ! ദുർഭ്രതമേ! നീ വിജയിച്ചാലും. തഥാഗതന്റെ നിർവ്വാണം താമസംവിനാ സംഭവിക്കും. ഇന്നുമുതൽ മൂന്നുമാസത്തിനകം തഥാഗതൻ നിർവ്വാതനാകുന്നതാണു്."

യമധമ്മൻ ഇതുകേട്ടു് സന്തോഷത്തോടുകൂടി മടങ്ങിപ്പോയി.

ആനന്ദൻ ബുദ്ധനെ കാണുവാൻ വന്നിരിക്കുന്നു. തന്റെ ഭാവിജീവിതത്തെപ്പററിച്ചെയ്ത വ്യവസ്ഥയെ ബുദ്ധദേവൻ ആ ഭിക്ഷുവെ അറിയിച്ചു. "മൂന്നുമാസങ്ങൾക്കുള്ളിൽ തഥാഗതൻ നിർവ്വാതനാകും" എന്നു് കേട്ടപ്പോൾ ആനന്ദൻ ഹൃദയംപിളരുമാറുള്ള വേദനയോടുകൂടി കരഞ്ഞുകൊണ്ടു്പറഞ്ഞു:—"പ്രഭോ! ലോകശ്രേയസ്സിനുവേണ്ടി അങ്ങു് ഒരു കല്പകാലം; ഈ കല്പാന്തംവരെയെങ്കിലും ജീവിച്ചിരിക്കണം എന്നു് അടിയൻ പ്രാത്ഥിക്കുന്നു."

"വളരെ താമസിച്ചുപോയി, ആനന്ദ!" എന്നിങ്ങനെ സംബുദ്ധിചെയ്തുകൊണ്ടു് തഥാഗതൻ, കഴിഞ്ഞകഥകൾ എല്ലാം വിവരമായി പറഞ്ഞുമനസ്സിലാക്കിക്കൊടുത്തുകൊണ്ടു് ഇങ്ങനെ അവസാനിപ്പിച്ചു:—"തെററും കുററവും നിന്റെ കയ്യിൽത്തന്നെ ആകുന്നു."

അതുകേട്ടു് ആനന്ദൻ നിലവിളിച്ചുകൊണ്ടു് നിലത്തുകിടന്നുരുളുന്നതേയുള്ളു. "ഗുരുവര്യൻ അതിവേഗം ദേഹത്യാഗം ചെയ്യുമല്ലോ; ആ ഭാഗ്യയശോരാശി വേഗം ഭൂലോകം വെടിയുമല്ലോ; ആ ലോകദീപം അതിവേഗം അണഞ്ഞുപോകുമല്ലോ; സവ്വസൌഭാഗ്യനിധിയായ ആ തേജോരാശി അസ്തമിച്ചുപോയാൽ പിന്നെ സവ്വത്ര തിമിരംതന്നെ. ദിവ്യപ്രഭാവനായ തിരുമേനി! ഈ ആനന്ദനുവേണ്ടി ഈ കല്പാന്തംവരെയെങ്കിലും ജീവിച്ചിരിക്കണേ!"

ബുദ്ധദേവൻ:—"അതു് അസാദ്ധ്യംതന്നെയാണു്. ഞാൻ എന്റെ

ജീവിതത്തിൽ ശേഷമുള്ള കാലം മുഴുവനും യമന്ന് വിട്ടുകൊടു ത്തുകഴിഞ്ഞിരിക്കുന്നു. തഥാഗതൻ പറഞ്ഞ വാക്ക് തിരി ച്ചെടുക്കുകയില്ല."

ആനന്ദൻ ദുഃഖാർത്തനായി നിലത്തുകിടന്ന് ഉരുളുന്നതുകണ്ട്, ബുദ്ധദേവൻ അവനെ പൊക്കിയെടുത്ത് വീണ്ടും ഇങ്ങനെ പറ യുന്നു:—"ആനന്ദ! ഇങ്ങിനെ വ്യസനിക്കുന്നതെന്തിന്? സമസ്തവസ്തു ക്കളുടേയും—നമ്മുടെ അരികിലും അകലേയും ഉള്ള സമസ്തവസ്തുക്ക ളുടേയും—പ്രകൃതിയാണ്, ലയം എന്നുള്ളത്. നാം അവയെ, ഇന്ന ല്ലെങ്കിൽ നാളെ തീർച്ചയായും ഉപേക്ഷിക്കേണ്ടിവരും, വിട്ടുപിരിയേ ണ്ടിവരും, പരിത്യജിക്കേണ്ടിവരും. ജനിച്ചതും വളർന്നതും ആയ ഏതിനും നാശം അടയാതിരിക്കുവാൻ കഴിയുകയില്ല. നാശബീജം തന്നിൽത്തന്നെ അടങ്ങിയിരിക്കുകയാകുന്നു. ഉത്ഭവം, വർദ്ധനം, വി നാശം ഇവ എന്നും എങ്ങും സാധാരണം."

## ൨൦. അത്യാഗ്രഹിബ്രാഹ്മണൻ.

സോമദത്തൻ വലിയ വിദ്യാഭ്യാസമൊന്നും ഇല്ലാത്ത ഒരുബ്രാ ഹ്മണനാണ്. വലിയ ഒരാളാണെന്നാണ് ഭാവം. പ്രകൃത്യാ ബഹു മടിയൻ; എന്നാൽ സകലസുഖങ്ങളും സൌഭാഗ്യങ്ങളും കൂടാതെ കഴികയുമില്ല. ഈ ബ്രാഹ്മണന്റെ താമസം വൈശാലിയിലാണ്.

ജയിൻമതക്കാരുടെ മഹാദീർഘദർശിയായ മഹാവീരനും വൈ ശാലിയിൽത്തന്നെ താമസിച്ചിരുന്ന കാലമായിരുന്നു അത്. അദ്ദേ ഹത്തിന്റെ സകലസ്വത്തുക്കളും അദ്ദേഹം തന്റെ മുപ്പതാമത്തെ വയസ്സിൽ ദാനംചെയ്തുതീർത്തു. തനിക്ക് ശാരീരികമായ സുഖങ്ങ ളിൽ യാതൊരാസക്തിയും ഇല്ലെന്നു കാണിക്കുവാനായി, തന്റെരോ മങ്ങളെയെല്ലാം സ്വന്തകൈകൾകൊണ്ടുതന്നെ പിഴുതെടുത്തുകള ഞ്ഞതീവ്രവൈരാഗിയായ മഹാവീരനാണ് മഹാവീരൻ. ഇദ്ദേഹം കാമ്യകർമ്മങ്ങൾ എല്ലാം ത്യജിച്ച് സന്യസിച്ചുകഴിഞ്ഞിരിക്കുന്നു.

ഇങ്ങനെ സർവ്വസ്വവും, നഗ്നതയെ മറയ്ക്കുവാനുള്ള അല്പവ സ്ത്രം കൂടിയും ദാനംചെയ്തുതീർന്നപ്പോൾ ദേവേന്ദ്രൻ അവിടെ പ്രത്യ ക്ഷനായി അദ്ദേഹത്തിന് ഒരു ദിവ്യാംബരം സമ്മാനിച്ചു. മഹാവീ രൻ അതു വാങ്ങിധരിച്ചതും, ദേവേന്ദ്രൻ മറഞ്ഞതും, സോമദത്തബ്രാ ഹ്മണൻ അവിടെ ഭിക്ഷയാചിച്ചുചെന്നതും ഒന്നായിക്കഴിഞ്ഞു.

സോമദത്തൻ:—"പ്രഭോ! ഞാൻ വരുവാൻ താമസിച്ചുപോയി. എനിക്കു് ഒന്നും കിട്ടിയില്ല. അങ്ങു് അനേകം ആളുകൾക്കു് അനേകം ദാനങ്ങൾ ചെയ്ത പുണ്യവാനാണല്ലോ. എനിക്കുകൂടെ വല്ലതുംതരണം."

മഹാവീരൻെറ കയ്യിൽ, ദാനംചെയ്യാനായി മററൊന്നും ഇല്ലാതിരുന്നതുകൊണ്ടു് അദ്ദേഹത്തിനു് ഇന്ദ്രനാൽ നൽകപ്പെട്ട ആ ദിവ്യാംബരം രണ്ടായി കീറി, അതിൽനിന്നു് ഒരു കഷണം സോമദത്തനുകൊടുത്തു. ബ്രാഹ്മണനു് തല്ക്കാലത്തേയ്ക്കു് ഒരു സന്തോഷം തോന്നി. അതും വാങ്ങിക്കൊണ്ടു് അവിടെനിന്നു് തിരിച്ചു് കുറേദൂരം ചെന്നു്, തെല്ലൊരഹംഭാവത്തോടുകൂടി, ആ ദിവ്യാംബരഖണ്ഡം തൻെറ ഒരു നെയ്ത്തുകാരൻസ്നേഹിതനു് കാണിച്ചുകൊടുത്തു അതുകണ്ടു് ആ സ്നേഹിതൻ പറയുന്നു:—

നെയ്ത്തുകാരൻ:—"വസ്ത്രം അതിവിശേഷമായ ഒന്നുതന്നെ. പക്ഷേ നീളം പോരാ. ഈ പകുതിത്തുണ്ടുകൊണ്ടു് നിങ്ങൾ എന്തുചെയ്യാനാണു്. മറേറ കഷണംകൂടെ കിട്ടിയിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു വേഗംചെന്നു് മഹാവീരനോടു് മറേറ പകുതികൂടി ചോദിച്ചുനോക്കുക."

മഹാവീരനു് ആ ഒരു കഷണം വസ്ത്രംമാത്രമേ ഈ ഭൂലോകത്തു് ഒരു സ്വത്തായി ഉള്ളു എന്നു് സോമദത്തനു് അറിയാമായിരുന്നു. അതിനാൽ അതുകൂടെ ചെന്നു ചോദിക്കുന്നതിൽ ആ ബ്രാഹ്മണനു് തെല്ലു ലജ്ജതോന്നാതിരുന്നില്ല. എങ്കിലും നോക്കണേ ദുരാഗ്രഹത്തിൻെറ മൂപ്പു്! മഹാവീരൻ ഇരിക്കുന്നേടത്തേയ്ക്കു് പതുങ്ങി ഒതുങ്ങി ചെല്ലുകയായി. ആ ത്യാഗിവര്യൻ ഒരു കള്ളിമുള്ളിൻകാട്ടിൽ ധ്യാനനിഷ്ഠനായി ഇരിക്കുകയാണു്. ചുററുപാടുമുള്ള സംഗതികളെപ്പററി ബോധമൊന്നും ഇല്ല അദ്ദേഹത്തിൻെറ വസ്ത്രഖണ്ഡം, മററു വസ്ത്രഖണ്ഡങ്ങൾ എന്നപോലെതന്നെ അരയിൽനിന്നഴിഞ്ഞു് മുള്ളുകൾക്കുമീതേ വീണുകിടക്കുന്നുണ്ടു്, സോമദത്തൻ ഇഴഞ്ഞിഴഞ്ഞു് അവിടെ എത്തി. മഹാവീരൻ ഗാഢസമാധിയിൽ നിമഗ്നനായിരിക്കുയാണെന്നും, ചുററും നടക്കുന്നവയൊന്നും മനസ്സിലാക്കുവാൻ സമർത്ഥനായിരിക്കുന്നില്ലെന്നും മനസ്സിലാക്കി, മെല്ലെ ആ വസ്ത്രഖണ്ഡം കയ്യിലാക്കി. ഈ ചൗര്യത്തിനിടയിൽ, പത്തുപന്ത്രണ്ടു മുള്ളു് കയ്യിൽ കൊണ്ടുകയറിയതും ആ മുറിവുകളിൽനിന്നു് രക്തം ഒലിക്കുന്നതും ആ തിരുടബ്രാഹ്മണൻ അറിഞ്ഞതും സാരമാക്കിയതും ഇല്ല. അയാൾ കയ്യിൽക്കിട്ടിയതുംകൊണ്ടു് യാത്രയായി. അപ്പോഴേയ്ക്കും മഹാവീരൻ സമാധിയിൽനിന്നു് വിരമിച്ചുകഴിഞ്ഞിരിക്കുന്നു. ആ ത്യാഗിവര്യൻ ബ്രാഹ്മണൻെറ തസ്കരവൃത്തികണ്ടു് സാവധാനം, തന്നെത്താൻ ഇങ്ങിനെ പറഞ്ഞതേ ഉള്ളു. മററെല്ലാം ഉപേക്ഷിച്ചതിൽ

പിന്നെ, അവസാനമായി എന്നെ ഒട്ടിനിന്നിരുന്ന ഒന്നാണു് ആ ഹീനമായ തുണിക്കഷ്ണണം. അയ്യോ! അതുംകൂടിയും ഒരുവനെ തസ്കരനാക്കിത്തീക്കുവാൻ മതിയായല്ലോ. എനിക്കിനി യാതൊന്നും വേണ്ട.

മഹാവീരൻ അവിടെനിന്നെഴുന്നേററു് കേവലം നഗ്നനായി ത്തന്നെ സഞ്ചരിക്കുവാൻ തീച്ച്യാക്കി.

സോമദത്തനാകട്ടെ ആ ദിവ്യാംബരം കൊണ്ടുചെന്നു് ഒരു ധനികനു വിററു. കിട്ടിയ പണംകൊണ്ടു് താനും തൻെറ ഗണികയും കൂടെ സുഖമായി തിന്നുംകുടിച്ചും മദിച്ചുംരമിച്ചും കുറേക്കാലം കഴിച്ചുകൂട്ടി. മാസം ഒന്നുകഴിഞ്ഞപ്പോഴേയ്ക്കും പണമെല്ലാം അവസാനിച്ചു. അപ്പോൾ, ഗർഭിണിയായ ഗണിക പറയുകയാണു്:—"ഒരുമാസത്തിനകം ഞാൻ പ്രസവിക്കും. പ്രസവച്ചെലവിനുതന്നെ എത്ര ചുരുങ്ങിയാലും രണ്ടുവരാഹൻ എങ്കിലും ഉണ്ടായേ മതിയാകൂ. പിന്നെ കുഞ്ഞിൻെറ സംരക്ഷയ്ക്കും പ്രതിമാസം ഓരോ വരാഹൻ വീതമെങ്കിലും വേണ്ടിവരുമല്ലോ."

സോമദത്തൻ:—"അയ്യോ എൻെറ കയ്യിൽ ഒരു കാശുപോലും ഇല്ല. ഇനി എന്തുചെയ്യാനാണു്!

ദാസി:—"ഒരുവഴിയേ ഉള്ളു. ശ്രീപുരത്തിലെ രാജാവായ ശ്രീവർദ്ധനൻ വലിയ ധർമ്മിഷ്ഠനാണെന്നു കേട്ടിട്ടുണ്ടു്. ദിവസേന കാലത്തു കണികാണപ്പെടുന്ന ബ്രാഹ്മണനു് അദ്ദേഹം പത്തുവരാഹൻവീതം സംഭാവനചെയ്യു പതിവാണത്രെ. അവിടെച്ചെന്നു് അതു സമ്പാദിക്കുവാൻനോക്കണം അതാണു്വിദ്യ."

ഇതൊരു നല്ല വിദ്യയാണെന്നുതന്നെ സോമദത്തനും നിശ്ചയിച്ചു.

സോമദത്തൻ ശ്രീപുരത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അന്വേഷണത്തിൽനിന്നു തൻെറ ഉപപത്നി പറഞ്ഞതെല്ലാം പരമാർത്ഥമാണെന്നും അദ്ദേഹം ധരിച്ചുകഴിഞ്ഞിട്ടുണ്ടു്. 'കണികാണാൻ എത്തിച്ചേരണം; അതിനെന്താ വേണ്ടതു്' എന്നേ ആലോചിക്കുവാനുള്ളു. പത്തുവരാഹൻകരസ്ഥമാക്കണം എന്നുള്ള അത്യാഗ്രഹം ഒരു ഭാഗത്തു്; മററു വല്ലവരേയും രാജാവു് കണികണ്ടെങ്കിലോ എന്നുള്ള ഭീതി മറെറാരേടത്തു്. അതിനാൽ മററുവല്ലവരും ചെന്നു ചാടുന്നതിനുമുമ്പിൽ അവിടെ എത്തി തയ്യാറായിരിക്കണം എന്ന വിചാരത്തോടുകൂടി, സോമദത്തബ്രാഹ്മണൻ അർദ്ധരാത്രിതന്നെ കൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. ആ അർദ്ധരാത്രിസമയത്തു്, അപരിചിതനായ ഒരുവൻ കൊട്ടാരവളപ്പിൽ കടന്നുചെല്ലുന്നതുകണ്ടപ്പോൾ അവൻ ഒരുകള്ളനായിരിക്കും എന്നു സംശയിച്ചു്, പാറാവുകാർ ആ ബ്രാഹ്മണനെപ്പിടികൂടി ബന്തവസ്സിൽ വയ്ക്കുകയും, യഥാവസരം രാജസ

ന്നിധിയിൽ ഹാജരാക്കുകയും ചെയ്തു. ആ ശനിദശക്കാരൻ പരമാൎത്ഥമെല്ലാം തിരുമുമ്പിൽ ബോധിപ്പിച്ചു. "ഞാൻ കള്ളനല്ല, കക്കുവാനാഗ്രഹിച്ച് കൊട്ടാരവളപ്പിൽ പ്രവേശിച്ചതും അല്ല. ഭാൎയ്യ പരിപൂൎണ്ണഗൎഭിണിയായി ഇരിക്കുകയാണ്. പ്രസവം വളരെസമീപിച്ചിരിക്കുന്നു. അതുസംബന്ധിച്ചുള്ള ചെലവുകൾ നിവൎത്തിക്കുവാൻ മാൎഗ്ഗമൊന്നും ഇല്ല. രാജാവ് രാവിലെ കണികാണുന്നബ്രാഹ്മണന് പത്തു വരാഹൻ സംഭാവനചെയ്യു പതിവുണ്ടെന്നു കേട്ടിട്ടുണ്ട്. ഞാൻ വൈശാലിക്കാരനായ ഒരു ബ്രാഹ്മണനാണ്. എങ്ങിനെയെങ്കിലും ആ സംഭാവന കൈവശപ്പെടുത്തിയാൽകൊള്ളാം എന്ന ആഗ്രഹത്തോടുകൂടി ശ്രീപുരത്തിൽ വന്നിരിക്കയാണ്. മററു വല്ലവരും തട്ടിക്കൊണ്ടുപോയാൽ മഹാസങ്കടമായിത്തീരുമല്ലോ എന്നുവിചാരിച്ച് ഒന്നാമന്റെ സ്ഥലം പിടിക്കുവാൻവേണ്ടി രാത്രിതന്നെ പുറപ്പെട്ടു എന്നേ ഉള്ളൂ. അപ്പോൾ പാറാവുകാർ പിടിച്ച് ബന്ധനത്തിൽ ആക്കിയിരിക്കുകയാണ്" എന്നിങ്ങനെയുള്ള പരമാൎത്ഥമെല്ലാം ആ ബ്രാഹ്മണൻ ദയനീയമാംവിധം രാജാവിനെ കേൾപ്പിച്ചു. രാജാവിന് ഈ ബ്രാഹ്മണൻ പറയുന്നതെല്ലാം പരമാൎത്ഥമാണെന്ന് ബോദ്ധ്യം വന്നു;ആ സത്യനിഷ്ഠയിൽ അദ്ദേഹം സന്തോഷിച്ച് ഇങ്ങിനെ പറഞ്ഞു:—

രാജാവ്—"ആവശ്യമുള്ളത് എന്തെങ്കിലും ചോദിച്ചുകൊള്ളുക. എന്നെക്കൊണ്ട് ആകുന്നതു് എന്തുതന്നെ ആയാലും, തരുവാൻ ഞാൻ തയ്യാറാണ്."

സോമദത്തന്റെ ദുരാഗ്രഹം വീണ്ടും തലയുയൎത്തി. അദ്ദേഹം പറഞ്ഞു:—"എന്താണ് വേണ്ടതെന്ന് ഞാൻ നല്ലപോലെ ആലോചിച്ച് അറിയിച്ചുകൊള്ളാം."

രാജാവ് സമ്മതിച്ചു. കൊട്ടാരത്തിൽ ഒരുമൂലയിൽ ചെന്നിരുന്ന് ആലോചനയായി. പത്തുവരാഹൻ ചോദിച്ചാലോ, ഇരുപതു ചോദിച്ചാലോ,നൂറ് ആയാലോ, ആയിരമായാലോ, പതിനായിരമായാലോ, അതോ ഒരു ലക്ഷം വേണോ, എന്തുകൊണ്ടുപത്തു ലക്ഷംതന്നെ ആയിക്കൂടാ; ഒരുകോടിവരാഹൻ ചോദിച്ചാൽഎന്താ; എന്നിങ്ങനെ, ദുൎമ്മോഹം ഒന്നിനൊന്ന് ഉപരിയായി പൊങ്ങിക്കൊണ്ടുവരുന്നു. ഇനിയും അതിന്റെ ഗതി നിലച്ചിട്ടില്ല; എന്തുവേണമെന്ന് ആ ദുരാഗ്രഹിബ്രാഹ്മണൻ ഇനിയും തീൎച്ചയാക്കിക്കഴിഞ്ഞിട്ടുമില്ല.

ഒരു സംസാരം; തൽസമയം ആരോ ചിലർ അടുത്തു് മറെറാരുഭാഗത്തിരുന്നു സംസാരിക്കുന്നതു് അദ്ദേഹം കേട്ടു. അതു് മഹാവീരനും അദ്ദേഹത്തിന്റെ ശിഷ്യന്മാരും അല്ലാതെ മററാരും ആയിരുന്നില്ല. മഹാവീരൻ രാജാവിനെ മുഖംകാണിച്ച്, മടങ്ങിവന്ന്

ശിഷ്യന്മാരുമായി സംസാരിക്കുകയാണു്. "അത്യാഗ്രഹവും കോപവും, തൃപ്തിപ്പെടുത്തുവാൻ പ്രയാസംകൂടിയ രണ്ടുദുർഭൂതങ്ങളാണു്. അവയ്ക്കു തീററികൊടുക്കുന്നേടത്തോളം അവ തടിച്ചുകൊഴുത്തുവരും. അതിനാൽ ശാന്തിയും സമാധാനവും ആഗ്രഹിക്കുന്ന വിദ്വാന്മാർ— ഭിക്ഷുക്കൾ അവരുടെ രോമങ്ങളെയെന്നപോലെ—ഇവയെ സമൂലം പിഴുതെടുത്തു കളയുകയാണു ചെയ്യുന്നതു്."

ഇത്രയുമാണു സോമദത്തൻകേട്ടതു് ആ ബ്രാഹ്മണൻ മാനസാന്തരപ്പെട്ടുകഴിഞ്ഞു. "ഈ ദുരാശയ്ക്കു ഞാൻ ഒരു അടിമയായിത്തീൎന്നുപോയല്ലോ" എന്ന പശ്ചാത്താപത്തോടുകൂടിയും, എന്തെങ്കിലും യാചിച്ചു സമ്പാദിക്കണം എന്ന ആഗ്രഹത്തെ പാടേ വിപാടനംചെയ്തും, ആ വൈശാലിബ്രാഹ്മണനായ സോമദത്തൻ മഹാവീരനെ ശരണംപ്രാപിച്ചു്, അദ്ദേഹത്തോടു് ഉപദേശംവാങ്ങി ഒരുഭിക്ഷുവായിത്തീൎന്നു.

---

## ൨൮. വിനാശകാരണമായ കോപം.

കുന്തളഗ്രാമത്തിൽ ഒരുകാലത്തു രണ്ടു സന്ന്യാസിമാർ തപസ്സുചെയ്തുകൊണ്ടു് ഇരിപ്പുണ്ടായിരുന്നു. അക്കൊല്ലം ആ ഗ്രാമത്തിൽ മഴയുണ്ടായില്ല. അയൽഗ്രാമങ്ങളിൽ എല്ലാം മഴ ധാരാളം പെയ്യുകയുംചെയ്തു. അനാവൃഷ്ടിനിമിത്തം ഗ്രാമവാസികളെല്ലാം വളരെ വിഷമിച്ചു. ഒരുദിവസം ഏതാനും കൃഷിക്കാർ ഈ രണ്ടു സന്ന്യാസിമാരുടേയും മുമ്പിൽവച്ചു് അനാവൃഷ്ടിയുടെകാരണത്തെപ്പററി ഓരോന്നു പറഞ്ഞുകൊണ്ടിരുന്ന കൂട്ടത്തിൽ "നമ്മുടെ ഗ്രാമത്തിൽ മഴപെയ്യാതിരിക്കുവാനുള്ള കാരണം, ഇവിടെയിരുന്നുകൊണ്ടുള്ള ഈ രണ്ടുസന്ന്യാസികളുടെ തപസ്സാണു്; അല്ലെങ്കിൽ, നമ്മുടെ തലയ്ക്കുമീതേ സദാതുങ്ങിക്കളിക്കുന്ന മേഘം, ഇവിടെ വൎഷിക്കാതെ മറുഗ്രാമങ്ങളിലേയ്ക്കുപോകുമായിരുന്നുവോ?" എന്നുകൂടെ പറയുകയുണ്ടായി. ഈ സംഭാഷണം ഈ താപസന്മാർ കേട്ടു. അവൎക്ക് അസഹ്യമായകോപംതോന്നി അവരിൽ ഒരാൾ:—"ഹേ! മേഘങ്ങളേ! നിങ്ങൾ കഠിനമായി വൎഷിക്കുക!" എന്നും, മറേറആൾ—"പതിനഞ്ചുദിവസം രാവും പകലും ഇടവിടാതെ മഴ ഉണ്ടാകട്ടെ" എന്നും ആജ്ഞാപിച്ചു. അവരുടെ ദിവ്യപ്രഭാവംനിമിത്തം, ഈ കല്പനകളെ നിരസിക്കുവാൻ മേഘങ്ങൾക്കു സാദ്ധ്യമായില്ല. മഴയുംതുടങ്ങി 'ഒരുതുള്ളി ഒരുകുടം' എന്നകണക്കിൽ പതിനഞ്ചുദിവസം രാവും പകലും ഇടവിടാതെയുള്ള അതിവൎഷംതന്നെ.

അറുപതടി വെള്ളമെങ്ങും പൊങ്ങി; കെട്ടിടങ്ങളെല്ലാം നിലം പതിച്ചു; ജീവജാലങ്ങളെല്ലാം നശിച്ചു. ആ കൂട്ടത്തിൽ ആ കൃഷിക്കാരും, കോപിഷ്ഠന്മാരും അവിവേകികളുമായ ആ രണ്ടു സന്യാസിമാരും തീൎന്നു

## ൨൯. അവസാനക്കണ്ണി പൊട്ടി.

മഹാവീരൻെറ ശിഷ്യനാണു് ഇന്ദ്രഭൂതി. അദ്ദേഹവും അദ്ദേഹത്തിൻെറ പത്തു സഹോദരന്മാരും, കൎമ്മമാൎഗ്ഗാനുസാരികളും മൃഗബലി മുതലായ കൎമ്മകാണ്ഡവിധിയിൽ വിശ്വാസമുള്ളവരുമായ ആൎയ്യഗോത്രക്കാരായിരുന്നു. ഇവരെല്ലാം ജൈനാചാൎയ്യനായ മഹാവീരൻെറ ഉപദേശം സ്വീകരിച്ചു് അദ്ദേഹത്തിൻെറ ശിഷ്യന്മാരായിത്തീൎന്നു. ഇവരിൽ ഇന്ദ്രഭൂതി ഗുരുദേവൻെറ ആദൎശങ്ങളെല്ലാം ക്ഷണേന മനസ്സിലാക്കി അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ പ്രധാനിയായി. എങ്കിലും മറെറല്ലാം ത്യജിക്കുവാൻ കഴിഞ്ഞ ആ ശിഷ്യനു്, ഗുരുവിനോടുള്ള വാത്സല്യബന്ധം ഒന്നുമാത്രം വിച്ഛേദിക്കുവാൻ സാദ്ധ്യമായില്ല. അതിനാൽ അദ്ദേഹത്തിനു് ഒരു 'മഹാവിദ്വാൻ' ആയിത്തീരുവാൻ സാധിച്ചതുമില്ല. മഹാവീരൻ ഇതു മനസ്സിലാക്കി ഒരു ദിവസം തൻെറ ശിഷ്യനോടു് ഇങ്ങിനെ പറഞ്ഞു:— "അല്ലയോ ഇന്ദ്രഭൂതി! മനുഷ്യനായി ജനിക്കുകയെന്നുള്ളതു വളരെ പ്രയാസമായ ഒരു അവസ്ഥയാണു്; മനുഷ്യജന്മം എത്രയോ ഉൽകൃഷ്ടം, എത്രയോ ദുൎല്ലഭം. മുൻജന്മകൎമ്മവാസനകളെ നശിപ്പിക്കുവാനും. ജനനമരണശൃംഖലയെ ഭേദിച്ചു് അതിൽനിന്നു രക്ഷപ്രാപിക്കുവാനും സാധിക്കുന്നതു മനുഷ്യജന്മത്തിൽനിന്നുമാത്രം ആകയാലാണു്, മനുഷ്യജന്മത്തിനു് സൎവ്വപ്രാധാന്യം സിദ്ധിച്ചിട്ടുള്ളതു്. നിന്നെപ്പോലെയിരിക്കുന്ന ഒരു ആൎയ്യനു് പ്രത്യേകിച്ചും അങ്ങിനെതന്നെയാകുന്നു. നീയൊരു മഹാസമുദ്രം നീന്തിക്കടന്നിരിക്കുന്നവൻ;കരയടുത്തപ്പോഴാണു് ഇങ്ങനെ അമാന്തിച്ചുകൊണ്ടു നില്ക്കുന്നതു്. അതെന്തിനു്! എത്ര ഭോഷത്തം! വേഗം കരകയറി പരിപൂൎണ്ണശാന്തിയുംസമാധാനവുമായ ലോകത്തെ വരിച്ചുകൊള്ളുക ഒന്നിനോടും ബന്ധപ്പെട്ടിരിക്കരുതു്. എന്നോടുള്ള ബന്ധത്തെക്കൂടിയും നിശ്ശേഷം ഛേദിച്ചുകളയണം. നിനക്കു് അങ്ങിനെ ഒരു 'അഹംബുദ്ധി' ഇപ്പോഴും തെല്ലൊന്നു അവശേഷിച്ചുകിടപ്പുണ്ടെന്നു എനിക്കറിയാം. അതുംകൂടെ ഉപേക്ഷിച്ചേ

മതിയാകും. ഈ 'ഞാനും എൻെറതും' എന്നുള്ളതെല്ലാം വെറുതേയാണ്."

ഇന്ദ്രഭൂതി പലവിധത്തിലും ശ്രമിച്ചുനോക്കി. എങ്ങനെയൊക്കെ ശ്രമിച്ചിട്ടും 'എൻെറ ഗുരുനാഥൻ' എന്നുള്ള ആ മമതാബന്ധത്തെ നിശ്ശേഷം നിരാകരിക്കുവാൻ ആ ശിഷ്യനെക്കൊണ്ടു സാധിച്ചില്ല. ഗുരുവിന് ഏതെങ്കിലും രോഗമെന്നോ ബുദ്ധിമുട്ടെന്നോ കേട്ടാൽ, സർവ്വം ഉപേക്ഷിച്ച് അവിടെ പാഞ്ഞെത്തുകയായി.

മഹാവീരൻ ആസന്നമരണനായി പാപാനഗരത്തിൽ കിടക്കുന്നകാലത്തു ഒരുദിവസം ഇന്ദ്രഭൂതിയെ വരുത്തി, ആ ശിഷ്യന് തന്നോടുള്ള ദൃഢബന്ധത്തെവിച്ഛേദംചെയ്യേണ്ടതിൻെറ ആവശ്യത്തെപ്പററി ഒരിക്കൽക്കൂടെ ഉൽബോധിപ്പിച്ചതിൻെറശേഷം, അവിടെനിന്ന് ഏതാനുംനാഴിക അകലെയുള്ള ഒരു ഗ്രാമത്തിലേക്കു ഒരു കാര്യ്യവശാൽ പറഞ്ഞയച്ചു. പുറപ്പാടായപ്പോൾ ഗുരു, ശിഷ്യനോടുപദേശിച്ചതു് ഇങ്ങനെയായിരുന്നു:—"ഹേ ഇന്ദ്രഭൂതി! എൻെറ ഈ ശരീരം അചിരേണ നിർജ്ജീവമായിത്തീരും. അതിനുമുമ്പായി നീ, നിൻെറ സർവ്വശക്തികളും ഉപയോഗിച്ചു എന്നോടുള്ള ബന്ധത്തെ വിച്ഛേദനംചെയ്തു ജ്ഞാനിയായിത്തീരണം." ഇതുകേട്ടു ചിന്താകുലതയോടുകൂടിയാണ് ഇന്ദ്രഭൂതി കുരുഗ്രാമത്തിലേക്കു പുറപ്പെട്ടതു്.

പാപായിലെ രാജാവായ ഹസ്തിപാലൻ മഹാവീരൻെറ അനുചരന്മാരിൽ ഒരാൾ ആയിരുന്നതിനാൽ ആ രാജഗുരു കൊട്ടാരത്തിലെ മന്ത്രശാലയിൽ ഇരുന്നു രാജാവിനും തൻെറ മററുശിഷ്യന്മാർക്കും അന്തിമസന്ദേശം ഉപദേശിക്കുകയാണ്. അവസാനിക്കാറായപ്പോൾ ഒരു ദ്വാരപാലൻ പ്രവേശിച്ച്—"ഗുരോ! ഇന്ദ്രഭൂതി മടങ്ങിവന്നിരിക്കുന്നു. അദ്ദേഹം പുരദ്വാരത്തിലുണ്ടു്. അവിടെ ചിന്താകുലനെന്നപോലെ അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കുകയാണ്" എന്നു അറിയിച്ചു. പത്തുമിനിട്ടു കഴിഞ്ഞപ്പോഴേക്കും, മററൊരു ദ്വാരപാലൻ വന്ന് വണങ്ങി ഒതുങ്ങിനിൽപ്പായി.

അവനെ നോക്കി മഹാവീരൻ—"ഇപ്പോൾ ഇന്ദ്രഭൂതി അവിടെ എന്തുചെയ്യുകയാണ്?" എന്നു ചോദിച്ചു.

"അദ്ദേഹം വലിയ ചിന്താഗ്രസ്തനെന്നപോലെ സ്തംഭിച്ചു നില്ക്കുന്നു"

പത്തുമിനിട്ടുകൂടി കഴിഞ്ഞപ്പോഴേയ്ക്കു മൂന്നാമത്തെ കാവൽക്കാരനും വന്നു. മഹാവീരൻ അവനോടായി—"ഇപ്പോൾ ഇന്ദ്രഭൂതി അവിടെ എന്തുചെയ്യുകയാണ്?" എന്നുചോദിച്ചു.

"അദ്ദേഹം കുരുഗ്രാമത്തിലേക്കുതന്നെ മടങ്ങി" എന്നായിരുന്നു മറുപടി.

മഹാവീരൻ—"അതു് നന്നായി. അവന് എന്നോടുള്ള

ബന്ധം ഇപ്പോൾ ഛേദിക്കപ്പെട്ടിരിക്കുന്നതായി ഇതുകൊണ്ടു നിശ്ച യിക്കാം. അവൻെറ അവസാനത്തെ ആ മമതാബുദ്ധികൂടിയും നഷ്ട മായിക്കഴിഞ്ഞു. അവൻ ഇപ്പൊഴേയ്ക്കു് ഒരു ജ്ഞാനിയായും തീൎന്നി രിക്കുന്നു.'

തദനന്തരം ആ മഹാചാൎയ്യൻ, കൊട്ടാരാന്തർഭാഗത്തിൽ പ്ര വേശിച്ചു്, മഹാസമാധിയിൽ മുഴുകി ദേഹത്യാഗംചെയ്തു്, ജനനമര ണസ്വരൂപമായ സംസാരശൃംഖലയെ ഭേദിച്ചു. ഈ വിവരം ചുററു പാടുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും എല്ലാം കാട്ടുതീപോലെ പെട്ടെന്നു പരന്നുകഴിഞ്ഞു. കൂട്ടത്തിൽ ഇന്ദ്രഭൂതിയും കേട്ടു. അദ്ദേ ഹം പാപായിൽവന്നു തൻെറ ഗുരുവൎയ്യൻെറ മൃതശരീരം ദൎശനം ചെയ്യാതിരുന്നില്ലെങ്കിലും, അദ്ദേഹത്തിനു് അതുനിമിത്തം യാതൊ രുഭാവഭേദവുമുണ്ടായില്ല. ഇന്ദ്രഭൂതിയുടെ ആ പ്രേമക്കുനിവു നിശ്ശേ ഷം വററിയിരുന്നു. ജ്ഞാനദീപം പൊലിഞ്ഞുകഴിഞ്ഞു. "നമുക്കു ഭൗതികപദാൎത്ഥങ്ങളെക്കൊണ്ടു് ഇനിയൊരു ദീപക്കാഴ്ച ഉണ്ടാക്കാം" എന്നാണു് അദ്ദേഹം പറഞ്ഞതു്. അതനുസരിച്ചു് ഒരു ദീപോത്സ വം നടത്തി, മഹാവീരമഹാചാൎയ്യൻെറ ശവദാഹവും നിൎവ്വഹിച്ചു.

ജൈനരുടെ, 'ദീപാളി'മഹോത്സവത്തിൻെറ ആഗമം ഇങ്ങി നെ ആകുന്നു.

---

## ൨൦. തുളസീദാസനും അദ്ദേഹത്തിൻെറ സഹധൎമ്മചാരിണിയും.

---

സുപ്രസിദ്ധഹിന്ദികവിയും, രാമഭക്തശിരോമണിയും ആയ തുളസീദാസൻ, കുട്ടിക്കാലത്തു് ഒരു കവിയും ആയിരുന്നില്ല; ഒരു ഭക്തനും ആയിരുന്നില്ല. തൻെറ ഭാൎയ്യയിലുള്ള അതിയായ ആസ ക്തി, അല്ലെങ്കിൽ വിടപ്രേമം, ഇതൊന്നുമാത്രം ആയിരുന്നു, തുളസീ ദാസയുവാവിനുണ്ടായിരുന്ന അനിതരസാധാരണമായ വിശേഷം.

തുളസീദാസൻെറ ഭാൎയ്യ അവളുടെ പിതൃഗൃഹത്തിൽ പോയിരി ക്കുകയാണു്. തുളസിക്കാകട്ടെ, ഒരുദിവസത്തേക്കുപോലും അവളെ പിരിഞ്ഞിരിക്കുക എന്നതു് കേവലം അസഹ്യമായും തോന്നി. അ തിനാൽ അദ്ദേഹവും പുറപ്പെട്ടു ഭാൎയ്യപോയവഴി. നേരം രാത്രി അസമയം; മാൎഗ്ഗമദ്ധ്യേ തരണംചെയ്യാനുള്ള യമുനാ; കൂൎത്താക്കൂരിരു ട്ടു്; പോരെങ്കിൽ യമുനാനദിയിൽ വെള്ളപ്പൊക്കം. ആററിൻകര

യിൽച്ചെന്ന നോക്കിയപ്പോൾ അവിടെ ഒരു പൊങ്ങുതടി കിടക്കുന്നതായി ആ വിരഹിബ്രാഹ്മണനൻ കണ്ടു. അതിന്മേൽ കയറി വളരെയെല്ലാം അധ്വാനിച്ച് അക്കരപററി എന്നുപറഞ്ഞാൽമതിയല്ലോ.

തപ്പിപ്പിടിച്ച് അവിടെനിന്നുംതിരിച്ച് ഒരുവിധം ശ്വശ്ശുരഗൃഹത്തിൽ എത്തിച്ചേൎന്നപ്പോഴേക്കും അവിടെ എല്ലാവൎക്കും നല്ല ഉറക്കമായിരിക്കുന്നു തുളസീദാസൻ ഒരു കയറിൽ പിടിച്ചു തൂങ്ങി, കയറി അകത്തു ചാടിവീണു ഒരുവിധം ഭാൎയ്യയുടെ ശയനമുറിയിൽ എത്തിച്ചേൎന്നു. അൎദ്ധരാത്രി—അസമയത്ത്—തന്റെ ഭൎത്താവ് ഏവംവിധം ആഗതനായിരിക്കുന്നതു കണ്ടപ്പോൾ, ആ സഹധൎമ്മചാരിണി, തന്റെ സഹശയനം കാമിച്ച് ആ കാമിയായ യുവാവ് എട്ക്കേണ്ടതായിവന്ന നിരവധി ബുദ്ധിമുട്ടുകളേയും സഹിക്കേണ്ടതായിവന്ന അനവധി കഷ്ടപ്പാടുകളേയും ഓൎത്ത് അത്ഭുതപ്പെട്ടുപോയി. അവൾ പിന്നെ ഏതാണ്ട് നേരംപോക്കായി പറഞ്ഞതു് ഇങ്ങിനെയായിരുന്നു:—"എന്റെ പ്രിയഭൎത്താവേ! അങ്ങ് എന്നോടു കാണിക്കുന്ന ഈ പ്രേമത്തിന്റെ ഒരു പകുതിഭാഗമെങ്കിലും ശ്രീരാമനോടു കാണിച്ചിരുന്നു എങ്കിൽ അങ്ങേയ്ക്കു പുനരാവൃത്തിരഹിതമായ മോക്ഷവും അനശ്വരമായ ഖ്യാതിയും കിട്ടുമായിരുന്നല്ലോ!"

തന്റെ ഭാൎയ്യയുടെ ഈ വാക്കുകൾ, തുളസിയുടെ ഹൃദയത്തിൽ കൊണ്ടുകയറി ആ ദിവസംമുതൽ തുളിസിയുടെ മനസ്സു മുഴവനും ശ്രീരാമനിൽത്തന്നെ ഉറച്ചു നില്പായി. ഇതിന്റെ ഫലമായാണു് തുളസീദാസൻ വിശ്വവിഖ്യാതനായ കവിയും ഭക്തനുമായിത്തീൎന്നതു്.

---

## ൩൧. വില്ലാളിയായ കാവൽക്കാരൻ.

---

തുളസീദാസൻ ശ്രീരാമദേവന്റെ ഉത്തമഭക്തനായിത്തീൎന്നിരിക്കുന്നു. ആ പരമഭക്തൻ അതിതീവ്രമായ നിഷ്ഠയിൽ ഇരിപ്പാണു്. എത്രയൊക്കെ ധ്യാനിച്ചിട്ടും, എന്തൊക്കെയായിട്ടും ഇതുവരെ ഇഷ്ടദേവദൎശനം കിട്ടുവാൻ സാധിച്ചിട്ടില്ല. രാത്രിയെല്ലാം വാതിൽ അടച്ചിരുന്നു് രാമനാമം ജപിക്കും, ശ്രീരാമന്റെ കീൎത്തനങ്ങൾ പാടും; ശ്രീരാമനെധ്യാനിക്കും. ഇങ്ങനെയെല്ലാമായിട്ടും, ആ ഭക്തോത്തമനു് ഇതുവരെയായി സിദ്ധിച്ചിട്ടില്ല രാമദൎശനം. മമതാഹങ്കാരാദികളെ കളയുവാനായി തുളസീദാസൻ ഏററവുംനിസ്സാരന്മാരും സാധുക്കളും ആയവരുടെ ഗൃഹങ്ങളിൽ കയറിച്ചെന്നു് അവൎക്കു ഭൃത്യവേല ചെയ്യു പതിവാണു്. "എല്ലാവരും അവരവരുടെ ഭൃത്യനായി

രിക്കണം" എന്നാണു തുളസീദാസന്റെ ഒരു സാരമായ ഉപദേശം. ഇങ്ങിനെയൊക്കെയായിട്ടും ഇത്രയൊക്കെ ദിവ്യത്വം സിദ്ധിച്ചിട്ടും ആ ഭക്തശിരോമണിക്കു്, ഇത്രനാളായി ഇഷ്ടദർശനം സിദ്ധിച്ചിട്ടില്ല.

ഒരുദിവസം രാത്രി ഏതാനും കള്ളന്മാർ ഒത്തുചേന്നു് തുളസീദാസന്റെ വീട്ടിൽ കവച്ചയ്ക്കു ചെന്നു അപ്പോൾ ഉണ്ടു് കറുത്തു് ഇരുണ്ട ഒരു പടുക്രൂരൻ, ഒരുവില്ലുമായി അവിടെ കാവൽനില്ക്കുന്നു. ആ കാവൽക്കാരന്റെ ആകൃതിയും പ്രകൃതിയും കണ്ടപ്പോൾത്തന്നെ, അവനോടു വഴക്കിനു പോകുന്നതു് സാഹസമായിരിക്കുമെന്നു് അവക്കു തോന്നി. അവിടെനിന്നു പിൻതിരിഞ്ഞു്, വേറെ ഒരു ഭാഗത്തിൽക്കൂടെ അകത്തു കടക്കാമെന്നു വിചാരത്തോടുകൂടി അവർ വേറെ ഒരുഭാഗത്തു ചെന്നുനോക്കി; അതാ അവിടേയും ഉണ്ടു് അവൻ നില്ക്കുന്നു. ആട്ടെ, അവൻ പോകട്ടെ, പിന്നെയാകട്ടെ എന്നുവിചാരിച്ചു് ആ തസ്കരന്മാർ മാറിനിന്നു നോക്കി. കുറേക്കഴിഞ്ഞു ചെന്നപ്പോഴും ഉണ്ടു് അവൻ നില്ക്കുന്നു. എപ്പോഴൊക്കെ ചെന്നുനോക്കിയാലും, എപ്പോഴും എവിടേയും അവൻ ആയുധപാണിയായി നില്ക്കുന്നതു് അവർ കണ്ടു. ഒരു വാക്കുപോലും സംസാരിക്കുന്നതുമില്ല; ഒരസ്ത്രംപോലും തൊടുക്കുന്നതും ഇല്ല. എങ്കിലും ആത്മവിശ്വാസത്തോടും സുസ്ഥിരതയോടും ധൈര്യത്തോടുംകൂടിയുള്ള ആ കാവൽക്കാരന്റെ അസാധാരണനില, കള്ളന്മാരുടെ ധൈര്യത്തെ അശേഷം നശിപ്പിക്കുകതന്നെയാണു ചെയ്തതു്. അതിനാൽ അവർ ഉള്ളിൽ കടക്കുവാൻ ശ്രമിക്കാതെ തിരിച്ചുപോയതേയുള്ളു.

പതിവുപോലെ പിറേറദിവസവും തുളസീദാസൻ ഒരിടത്തു പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. തലേദിവസം രാത്രിയിലെ കള്ളന്മാരിൽ ഒരാൾ എഴുന്നേററു്:—"സ്വാമി! രാത്രിസമയം അവിടുത്തെ മഠം കാക്കുന്ന ആ കാവൽക്കാരൻ ആരാണു്? അവൻ ഒരു അസാധാരണക്കാരനായിരിക്കുന്നുവല്ലോ. അവനെപ്പോലെ ഒരു കാവൽക്കാരനെ രാത്രിമുഴുവനും ഉറക്കമൊഴിച്ചു നിത്തി കാത്തു സൂക്ഷിക്കുവാൻ അങ്ങു് എന്തൊരു നിധിയാണു് അവിടെ ശേഖരിച്ചുവച്ചിട്ടുള്ളതു്?"

തുളസീദാസൻ അത്ഭുതത്തോടുകൂടി:—"കാവൽക്കാരനോ! ഏതു കാവൽക്കാരൻ! നിങ്ങൾ എന്താ പറയുന്നതു്! അവിടെ കാവൽക്കാരാരും ഇല്ല; ഒരുവനെ ഉപചരിക്കുവാൻ മറെറാരുവനെ ഭൃത്യനാക്കിവയ്ക്കുന്നതു ശരിയല്ലെന്നുള്ള സിദ്ധാന്തക്കാരനാണു ഞാൻ. എനിക്കു കാവൽക്കാരനാരു്?"

"സ്വാമി! ആ വിദ്യയങ്ങു വച്ചേക്കണം! എന്തൊന്നാണു പറയുന്നതു്. അങ്ങു് അറിയാതെയും അങ്ങു നിയമിക്കാതെയും ആണു് ആ വിൽക്കാരനായ കരിംക്രൂരൻ, രാത്രിമുഴുവനും അങ്ങയുടെ വീട്ടു്

"അതിനിഷ്കർഷയായി കാത്തുകൊണ്ടു നില്ക്കുന്നതു് എന്നാണോ പറയുവാൻ ഭാവം!"

തുളസീദാസൻ അന്ധാളിച്ചു:—"ആ രാത്രികാവൽക്കാരന്റെ മാതിരിയെല്ലാം ഒന്നു വിസ്തരിച്ചുപറഞ്ഞുതന്നാട്ടെ" എന്നു പറഞ്ഞു.

"കറുത്തു നീണ്ട ഒരാളേ, ഒരു വലിയ വില്ലും പിടിച്ചുകൊണ്ടല്ലേ നില്ക്കുന്നതു്. കറുത്തുകറുത്തു് ഏതാണ്ടു നീലനിറം ആയിരിക്കുന്നു. രാത്രി മുഴുവനും മഠത്തിനു ചുററും സഞ്ചരിച്ചുകൊണ്ടേ ഇരിക്കും. ഞാൻ എന്റെ ഈ കണ്ണുകൾകൊണ്ടു കണ്ടതല്ലേ!"

തുളസീദാസൻ:—"സ്നേഹിതാ! അങ്ങുന്നു് എനിക്കു വലിയ ഉപകാരം ചെയ്ത ആളാണു്. വേഗം വന്നു് എന്റെ വീട്ടിൽനിന്നു വേണ്ടതെല്ലാം എടുത്തു കൊണ്ടുപോയിക്കൊള്ളണം" എന്നു് അപേക്ഷിച്ചുകൊണ്ടു്, മഠത്തിൽച്ചെന്നു് അവിടെ ഉണ്ടായിരുന്ന സമസ്തസാമാനങ്ങളും എടുത്തു സാധുക്കൾക്കു ദാനം ചെയ്തു. അന്നുരാത്രി സകലവാതിലുകളും തുറന്നുമലർത്തിയിട്ടു്, ശ്രീരാമകീർത്തനങ്ങളും പാടിക്കൊണ്ടിരിപ്പായി. "കേവലം നിസ്സാരങ്ങളായ എന്റെ ചില സാമാനങ്ങളെ കട്ടുകൊണ്ടു പോകുവാൻ വരുന്ന തസ്കരന്മാരെ തടയുന്നതിനോടുകൂടി ഞാൻ രാമ! എന്റെ ശ്രീരാമ! എന്റെ കാവൽക്കാരനായ രാമ! എന്റെ ഹൃദയത്തെ കവരുവാൻ വരുന്ന അങ്ങയേയും പുറത്തു തടഞ്ഞു നിർത്തിയോ? ഇന്നുമുതൽ തുളസി തസ്കരന്മാരെ പുറത്തിട്ടു വാതിൽ അടയ്ക്കുകയില്ല. അങ്ങു വന്നു് ഹൃദയം കവർന്നുകൊണ്ടു പോയാലും" എന്നിങ്ങിനെ ആയിരുന്നു തുളസീദാസൻ പാടിയിരുന്നതു്.

ശ്രീരാമൻ ആ ഭക്തശിരോമണിയുടെ മുമ്പിൽ പ്രത്യക്ഷനായി അദ്ദേഹത്തെ അനുഗ്രഹിച്ചു.

തലേദിവസത്തെ തസ്കരന്മാർ അന്നും അവിടേയ്ക്കു് പുറപ്പെട്ടു. അത്ഭുതപ്രഭാവനായ ആ വിൽക്കാരൻ ഇന്നും അവിടെ പാറാവുണ്ടോ എന്നു് പരിശോധിക്കുവാനാണു് പ്രധാനമായി പുറപ്പെട്ടതു്. അവനെ കാണുന്നില്ല; എന്നുമാത്രമല്ല, വാതിലുകൾ എല്ലാം ഇന്നു തുറന്നു് മലർന്നു കിടക്കുന്നതും ഉണ്ടു്. തുളസീദാസനാകട്ടെ, ഈശ്വരാനുഭൂതിയിൽ മദോന്മത്തനായി പാടിയും ആടിയുംകൊണ്ടിരിക്കുകയാണു്. അതുകണ്ടു് തസ്കരപ്പരിഷ ചോദിക്കുന്നു:—"ഗുരോ! അങ്ങയുടെ കാവൽക്കാരൻ ഇന്നു് എവിടെ?"

തുളസീദാസൻ:—"സഹോദരന്മാരേ! ആ വിൽക്കാരൻ ശ്രീരാമനാണു്. ഈ മഹാപാപി അയോദ്ധ്യാരാമനെ ഇത്രകാലവും പുറത്തിട്ടു വാതിൽ അടച്ചു. ഇന്നു് വാതിൽ തുറന്നു് ഉള്ളിൽ കടത്തിയിരിക്കുന്നു. ഇതിനു് മാറ്റം കാണിച്ചുതന്നതു് മഹാ

ത്മാക്കളായ നിങ്ങൾ അല്ലാതെ മററാരും അല്ല. നിങ്ങൾക്ക് നമസ്കാരം. "രാമ-രാമ" എന്നു ജപിക്കുവിൻ. നിങ്ങൾക്കു ശ്രേയസ്സുണ്ടാകും."

എല്ലാവരും ഒരേശബ്ദത്തിൽ രാമനാമം ഉച്ചരിച്ചു തുളസീദാസമഠം രാമമന്ത്രദ്ധ്വനികൊണ്ടു് മുഖരീകൃതമായി.

---

## ൩൨. സമുദ്രഗുപ്തനും സ്തുതിപാഠകന്മാരും.

---

സമുദ്രഗുപ്തചക്രവർത്തി ഒരുദിവസം വീണവായിച്ചുകൊണ്ടിരിക്കുമ്പോൾ, ഏതാനും സ്തുതിപാഠകന്മാർ തിരുമുമ്പിൽ ചെന്നു് "തിരുമേനി, എല്ലാ രാഗങ്ങളും രാഗിണികളും പരിപൂർണ്ണമായി സ്വാധീനമാക്കിയിരിക്കുന്നു," എന്നും മററും വാഴ്ത്തി പറഞ്ഞുകൊണ്ടുനിന്നു. ഇതു് വെറും മുഖസ്തുതിയാണെന്നു് ചക്രവർത്തിക്കു് മനസ്സിലായി. അദ്ദേഹം പറഞ്ഞു:—"ആ പരിപൂർണ്ണജ്ഞാനത്തിൻെറ കഥ നിങ്ങൾ തീർച്ചയായും കേട്ടിട്ടില്ലെന്നാണു് തോന്നുന്നതു്. മേലിൽ ഈവിധം ആരേയും നിങ്ങൾ മുഖത്തുനോക്കി സ്തുതിക്കാതിരിക്കണം. അതിലേയ്ക്കായി ഞാൻ ആ കഥ പറഞ്ഞുതരാം."

നിങ്ങൾ നാരദനെ കേട്ടിട്ടില്ലേ. ആ മഹാമുനി നാരദൻ സംഗീതത്തിൽ അപാരവിദ്വാനാണു്. രാഗങ്ങളും രാഗിണികളും എല്ലാം അദ്ദേഹത്തിൻെറ കയ്യിൽനിന്നുപോയതേ ഉള്ളു. സംഗീതത്തിൽ അദ്ദേഹം പരിപൂർണ്ണജ്ഞാനിയാണെന്നും മററും നിങ്ങളെപ്പോലെയുള്ള സ്തുതിപാഠകന്മാരെല്ലാം മുഖത്തുനോക്കി പുകഴ്ത്തും. എല്ലാ ഇടത്തുമുണ്ടല്ലോ ഈ കൂട്ടർ. അതിനാൽ ചെല്ലുന്നേടത്തെല്ലാംവച്ചു്, താൻ അപാരജ്ഞാനിയാണു്, എന്നും മററും മററുള്ളവർ പുകഴ്ത്തുന്നതു കേട്ടപ്പോൾ നാരദനും തോന്നി 'അമ്പട ഞാനേ!' എന്ന ഒരു അഹംഭാവം. മാത്രമല്ല, തൻെറ യോഗ്യതയെപ്പററി താൻതന്നെ ഒട്ടൊക്കെ പ്രശംസിക്കുവാനും തുടങ്ങി. നാരദൻെറ ഈ ദുസ്സ്വഭാവം ശ്രീകൃഷ്ണൻ മനസ്സിലാക്കി, ആ മുനിയെ ആ ദോഷത്തിൽനിന്നും രക്ഷിക്കണമെന്നു നിശ്ചയിച്ചു്, ഒരു ദിവസം നാരദനോടു് ഇങ്ങനെ പറഞ്ഞു:—

ശ്രീകൃഷ്ണൻ:—"മാമുനേ! ശിവനും പാർവ്വതിയും, അങ്ങയുടെ അപാരമായ സംഗീതജ്ഞാനത്തെപ്പററി കേട്ടു് വളരെ അതിശയിക്കുന്നു അവർക്കു് അല്പം കേട്ടാൽ കൊള്ളാം എന്നുകൂടെ ഉണ്ടു്. എന്താ! അവിടെപ്പോയി ഒരു 'കച്ചേരി' നടത്തിക്കൂടേ."

ഇതുകേട്ടപ്പോൾ നാരദൻ ഒന്നുകൂടെ തെളിഞ്ഞു. പിറേറദിവസംതന്നെ ശ്രീകൃഷ്ണനുമൊന്നിച്ച് കൈലാസത്തിലേയ്ക്ക് പുറപ്പാടു മായി. മാർഗ്ഗമദ്ധ്യേ ഒരു വലിയ രാജഗൃഹം സ്ഥിതിചെയ്യുന്നതായി അവർ കണ്ടു. അവിടത്തെ പാർപ്പുകാരികളെല്ലാം അതിസുന്ദരികളായ യുവതീരത്നങ്ങൾ ആണു്. എന്നാൽ അവർ എല്ലാവരുംതന്നെ, അസഹ്യമായ വേദനനിമിത്തം നിലവിളിച്ചുകൊണ്ടും ഇരിക്കുന്നു. മാത്രമല്ല അംഗത്തിനു് കേടില്ലാത്തവരായി അവരുടെ കൂട്ടത്തിൽ ആരുംതന്നെ ഇല്ല. ഒരു സുന്ദരിക്കു് ഒരു കണ്ണില്ല; മറേറവൾക്കൊരു കാതില്ല; മറേറവൾക്കൊരു മൂക്കില്ല; നാലാമത്തവൾക്കൊരുകയ്യില്ല; അന്യസ്ത്രീക്കു് ഒരുമുലയില്ല; അപ്പുറത്തവൾക്കൊരു കാലില്ല; ഏഴാമത്തവൾക്കൊരു വിരലില്ല; എന്നുവേണ്ട, ഒരുവിധത്തിൽ അല്ലെങ്കിൽ മററൊരുവിധത്തിൽ അപകടംനേരിടാത്തവരൊററ സുന്ദരിയെങ്കിലും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. ഇതു കണ്ടപ്പോൾ നാരദനു് വലിയ വ്യസനം തോന്നി. ശ്രീകൃഷ്ണനോടു് പറഞ്ഞു:— "അല്ലയോ കൃഷ്ണ! ഇതു് കാണുന്നില്ലേ? ഏതൊരു മഹാപാപി ചെയ്ത കടുംകയ്യായിരിക്കും ഇതു്!"

കൃഷ്ണൻ:— "അവരോടു തന്നെ ചോദിക്കാം".

നാരദൻ:- (അവരോടായി) "സഹോദരികളേ! ഈ സ്ഥലം ഏതാണു്? നിങ്ങൾ എല്ലാം ആരാണു്? നിങ്ങളോടു് ഇത്രയെല്ലാം ക്രൂരമായി പ്രവൎത്തിച്ചവനാരാണു്?"

അവർ:— 'സംഗീതസൌധം' ആണു് ഇതു്. ഇവിടെ താമസക്കാരായ ഞങ്ങളെല്ലാം, രാഗങ്ങളും രാഗിണികളും ആകുന്നു. നാരദൻ എന്നു പേരായ ഒരു ലോകോപദ്രവിയുണ്ടു്. അവനാണു ഞങ്ങളെയെല്ലാം ഇങ്ങനെ അവൻെറ വീണമേൽവച്ചു് അംഗവിച്ഛേദംചെയ്തു വിട്ടിരിക്കുന്നതു്.

നാരദൻെറ ഭള്ളു നശിച്ചു. ശ്രീകൃഷ്ണൻ ഇതെല്ലാം കണ്ടും കേട്ടും ഒരുഭാഗത്തു ചിരിച്ചുകൊണ്ടു നിൽക്കുന്നതേ ഉള്ളൂ.

നാരദൻ.— "ഞാൻ എൻെറ വീണയെ ഇക്ഷണംതന്നെ തല്ലിക്കീറുന്നുണ്ടു്. എനിക്കു് ഇനി വീണയുംവേണ്ട സംഗീതവുംവേണ്ട."

കൃഷ്ണൻ:— "അങ്ങിനെ ഒന്നും ചെയ്യരുതു്. അങ്ങു വീണവായിച്ചുകൊണ്ടേയിരിക്കണം. എന്നാൽ ന്യൂനതകളെ മനസ്സിലാക്കി അവയെയെല്ലാം ശരിപ്പെടുത്തുകയും വേണം. അങ്ങയുടെ ന്യൂനതകൾ പരിഹരിക്കപ്പെടുമ്പോൾമാത്രമാണു് അവരുടെ ദുഃഖത്തിനു പരിഹാരമുണ്ടാകുന്നതും അവരുടെ അംഗങ്ങൾ വീണ്ടും പൂൎത്തിയാകുന്നതും. അതിനാൽ അങ്ങു സംഗീതം ഉപേക്ഷിക്കുന്നതു ശരിയല്ല. മുഖസ്തുതി ചെയ്യുന്നവരെ വിശ്വ

സിക്കാതിരിക്കുകയും താൻ പരിപൂൎണ്ണനാണെന്നു് അഹങ്കരിക്കാതിരിക്കുകയും ചെയ്താൽ മതി."

നാരദൻ:—"ശരിതന്നെ! ഞാൻ ഒരു പാഠംപഠിച്ചു. പാർവ്വതീപരമേശ്വരന്മാരോടു ഞാൻ ക്ഷമായാചനംചെയ്തിരിക്കുന്നതായി പറയണം. അല്പംകൂടെ നന്നായി അഭ്യസിച്ചതിനുശേഷം അവിടെച്ചെന്നു് അവരെ പാടിക്കേൾപ്പിച്ചുകൊള്ളാം. ഇപ്പോൾ ഞാനതിന്നു് യോഗ്യനായില്ല."

ഇങ്ങിനെ പറഞ്ഞു കൈലാസത്തിലേയ്ക്കു പുറപ്പെട്ട നാരദൻ തിരിച്ചുപോരികയാണു് ചെയ്തതു്. എന്നിട്ടാണു് നിങ്ങൾ ഇന്നു പറയുന്നതു് ഞാൻ പരിപൂൎണ്ണനായിക്കഴിഞ്ഞിരിക്കുന്നു എന്നു്."

സമുദ്രഗുപ്തൻ ഇങ്ങിനെ പറഞ്ഞതുകേട്ടു് അദ്ദേഹത്തിന്റെ തിരുമുമ്പിൽസേവന്മാർ ലജ്ജിച്ചു തലതാഴ്ത്തി.

## ൩൩. ഹർഷന്റെ പരിശോധന.

ശ്രീഹർഷചക്രവൎത്തി ഏതും, സ്വയമേവ പരിശോധിച്ചറിയുന്ന ഒരു ധീരരാജ്യാധിപതിയാണു്. ആ കാലത്തു് ഇന്ത്യയിൽ ധാരാളം പ്രാബല്യം ഉണ്ടായിരുന്ന മതങ്ങളായിരുന്നു ശൈവമതം, ബുദ്ധമതം, സൂൎയ്യാരാധനം എന്നിവ മൂന്നും. ജനങ്ങൾക്കു ഇവയിൽ ഏററവും നല്ലതു് ഏതാണു എന്നാൽ അതിൽചേൎന്നാൽക്കൊള്ളാം എന്നായി വിചാരം. ശ്രീഹർഷനാകട്ടെ, ഈ മൂന്നു് മതങ്ങളിലുമുള്ള ഉത്തമാംശങ്ങളെ ഒന്നിച്ചു് സമ്മേളിപ്പിക്കുകയാണു ചെയ്തതു്:

'ഹർഷചക്രവൎത്തി ശിവാരാധകനായിത്തന്നെ ഇരിക്കണം' എന്നായി ബാണൻ; 'അല്ല, സൂൎയ്യാരാധകനായി ഇരിക്കുകയാണു വേണ്ടതു്' എന്നു സിദ്ധാന്തിച്ചു കുമാരപാലൻ. 'ഇവ രണ്ടും വേണ്ട, ബുദ്ധമതംതന്നെ സ്വീകരിച്ചേമതിയാകൂ' എന്നായി യാങ്ചാങ്. ചക്രവൎത്തിക്കു ഇവരെക്കൊണ്ടുള്ള ഉപദ്രവം സഹിക്കവെയ്യാതായി; അവരെ എങ്ങിനെയെങ്കിലും ഒഴിച്ചുവിടണം എന്നു് അദ്ദേഹം നിശ്ചയിച്ചു. അതിനാൽ ഒരുദിവസം രാവിലെ ബാണനെവരുത്തി പറയുകയാണു്:—

ഹർഷൻ:—"ഞാൻ ബുദ്ധമതം സ്വീകരിക്കണം എന്നാണു് വിചാരിക്കുന്നതു്."

അതുകേട്ടു്, ബാണൻ:—"അതു് ഒരിക്കലും പാടില്ല. അതിൽ ഭേദം ഇതുപോലെതന്നെ ഇരിക്കുന്നതാകുന്നു. സൌകൎയ്യമുള്ളപ്പോഴെല്ലാം ശിവനെ ആരാധിച്ചുകൊള്ളുക."

"അങ്ങിനെയാകട്ടെ" എന്നു് പറഞ്ഞു ബാണനെ യാത്രയാക്കിയശേഷം, കുമാരപാലനെ ആളയച്ചുവരുത്തി പറഞ്ഞു:—

ഹർഷൻ:—"ഞാൻ ബുദ്ധമതം സ്വീകരിച്ചാൽക്കൊള്ളാം എന്നു് വിചാരിക്കുന്നു."

കുമാരപാലൻ:—"അതു് ഒരിക്കലും പാടില്ല. അതിൽഭേദം, തിരുമേനി ഇതുപോലെതന്നെ മേലിലും ഇരിക്കുന്നതാണു്. സൌകര്യമുള്ളപ്പോഴെല്ലാം സൂര്യനെ ആരാധിക്കുകയും ചെയ്യാമല്ലോ." ഹർഷചക്രവർത്തി "ആട്ടെ" എന്നു പറഞ്ഞു കുമാരപാലനേയും യാത്രയാക്കിയശേഷം യാങ്ചാങിനെ വരുത്തി.

ഹർഷൻ:—"എൻെറ പൂർവ്വികന്മാർ ആരാധിച്ചുപോന്ന ശിവനെത്തന്നെ ഞാനും മേലിൽ ആരാധിക്കാമെന്നു് വിചാരിക്കുന്നു" എന്നു പറഞ്ഞു. അതുകേട്ടു് യാങ്ചാങ്:—"അതു വേണ്ട. അതിൽഭേദം തിരുമേനി ഇതുപോലെതന്നെ ഇരിക്കുന്നതാണു് എന്നു് ഞാൻ വിചാരിക്കുന്നു. സൌകര്യംപോലെ ശിവനേയും സൂര്യനേയും ആരാധിക്കുകയും ആകാം. ഹൃദയത്തിലും കൊട്ടാരത്തിലും ബുദ്ധമതത്തിനു് ഒരു പ്രധാനസ്ഥാനം കല്പിച്ചുകൊടുക്കുകയും ആകാം."

ഇതുകേട്ടശേഷം ശ്രീഹർഷചക്രവർത്തി ബാണനേയും കുമാരപാലനേയും യാങ്ചാംഗിനേയും വരുത്തി അവരോടായി ഇങ്ങനെ പറഞ്ഞു:—"നിങ്ങളെല്ലാം ആവശ്യപ്പെട്ടതുപോലെ ഞാൻ ശിവനേയും ബുദ്ധനേയും സൂര്യനേയും ആരാധിച്ചുകൊണ്ടു മേലിലും ഇതുപോലെ തന്നെ ഇരുന്നുകളയാം എന്നാണു വിചാരിക്കുന്നതു്. എനിക്കു മുമ്പേതന്നെ ഉണ്ടായിരുന്ന ഈ അഭിപ്രായത്തോടു നിങ്ങളും യോജിച്ചുകാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ആര്യസിദ്ധാന്തങ്ങൾ അടങ്ങിയ ഈ മതങ്ങൾ എല്ലാം തമ്മിൽ ഇത്രവളരെ ഭിന്നിപ്പുണ്ടാകേണ്ട കാര്യം എന്തുണ്ടു്? ഒരുവനു് അവൻെറ അമ്മയോടോ അമ്മയുടെ അമ്മയോടോ ഉള്ള സ്നേഹം, അവൻെറ അമ്മയോടോ സന്താനങ്ങളോടോ ഉള്ള സ്നേഹത്തിനു പ്രതിബന്ധമായിരിക്കേണ്ട കാര്യം ഒന്നുംതന്നെ ഇല്ല.

എല്ലാവരും സശിരഃകമ്പം സമ്മതിച്ചു

അല്പകാലത്തിനുശേഷം, രാജസദസ്സിൽവച്ചു്, രാജ്യത്തിലെങ്ങും സുഭിക്ഷവും രാജ്യനിവാസികൾക്കെല്ലാം ക്ഷേമവും വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കുവാൻ ഒരു മഹായോഗം കൂടുകയുണ്ടായി. പല പഞ്ചവാർഷികവ്യവസ്ഥകളും നിർദ്ദിഷ്ടങ്ങളായിത്തീർന്നു. ഒരാൾ രാജ്യത്തെങ്ങും വൃക്ഷം നട്ടുപിടിക്കുകയാണു വേണ്ടതു് എന്നു അഭിപ്രായപ്പെട്ടു; കിണറുവെട്ടിക്കുകയാണു വേണ്ടതു് എന്നായി മറെറാരാൾ; കുളം നന്നാക്കിക്കുന്നതാണു് ആവശ്യം എന്നു

ഭിപ്രായപ്പെട്ട വേറെ ഒരാൾ; വനം തെളിപ്പിക്കുന്നതു കൊള്ളാം എന്നായി നാലാമൻ; ഗൃഹം, സത്രം, ക്ഷേത്രം ഇവ പണിചെയ്യിക്കുകയാണു് വേണ്ടതു് എന്നായി അഞ്ചാമൻ. ആറാമന്റെ അഭിപ്രായമായിരുന്നു റോഡു വെട്ടിക്കുകയാണു വേണ്ടതു് എന്നുള്ളതു്.

"ശുഭത്തെ സൂചിപ്പിക്കുന്ന സംഖ്യ "ഏഴ്" ആണു്. അതിനാൽ ഒരു പഞ്ചവാർഷികവ്യവസ്ഥകൂടെ അഭിപ്രായപ്പെടേണ്ടതായിരിക്കുന്നു. ഏഴാമത്തേതായതുകൊണ്ടു് ചക്രവത്തിതന്നെ അഭിപ്രായപ്പെടട്ടെ" എന്നു് ബാണൻ അറിയിച്ചു.

അതു കേട്ടു് ശ്രീഹഷൻ പറഞ്ഞു:—"ശരിതന്നെ. ഞാനും ഒന്നു പറയാം. അയ്യഞ്ചുകൊല്ലം കൂടുമ്പോൾ രാജഭണ്ഡാരത്തിലെ പണമെല്ലാം എടുത്തു് സാധുക്കൾക്കു ധമ്മം ചെയ്യണം. പിന്നെ ധനികന്മാരിൽനിന്നു പണം സ്വീകരിച്ചു് പൂവ്വവൽ ഭണ്ഡാരം വീപ്പിക്കുകയും വേണം. ഇങ്ങിനെ ധനികന്മാരിൽനിന്നെടുത്തു് സാധുക്കൾക്കു കൊടുത്തു് ഏകദേശം ഒരു സമത്വം വരുത്തുന്നതാകുന്നു."

"ഒരു മഹനീയമായ നവീനാശയംതന്നെ" എന്നു പറഞ്ഞുകൊണ്ടു് ബാണൻ ചക്രവത്തിയെ വാഴ്ത്തി.

"ആയിരിക്കാം, ആശയം നവീനമായതുകൊണ്ടു് ഞാൻ ലജ്ജിക്കുന്നില്ല" ശ്രീഹഷൻ പറഞ്ഞു, "മാത്രമല്ല, പുതിയ ആശയങ്ങളോടു നമുക്കു് അനാസ്ഥ ഉണ്ടായിരിക്കേണ്ടതായ ആവശ്യവും ഇല്ല. മഴയ്ക്കു് നമ്മുടെ ജലാശയങ്ങളെ പൂരിപ്പിക്കുവാൻ സാധിക്കുമെങ്കിൽ, ധനികന്മാക്കു് എന്തുകൊണ്ടു് അവരുടെ പണസ്സഞ്ചി തുറന്നു് സാധുക്കളുടെ ഉദരപൂരണം ചെയ്തുകൂടാ?"

ചക്രവത്തിയുടെ നിഷ്കൃഷ്ടയായ നിർബ്ബന്ധംനിമിത്തം ഈ നിർദ്ദേശംതന്നെ സ്വീകരിക്കപ്പെട്ടു. അയ്യഞ്ചു സംവത്സരങ്ങൾ ഇടവിട്ടു വന്ന മൂന്നു ഉത്സവങ്ങളിൽ ചക്രവത്തി തന്റെ ഭണ്ഡാരം തുറന്നു്, അതിലെ ധനം മുഴുവനും സാധുക്കൾക്കായി ദാനം ചെയ്യുകയും, പിന്നെയും ധനികന്മാരിൽനിന്നും പ്രഭുക്കന്മാരിൽനിന്നും പണം വാങ്ങി പൂവ്വവൽ ഭണ്ഡാരം നിറയ്ക്കുകയും ചെയ്തു. എന്നാൽ താൻ ദാനം ചെയ്ത സ്വത്തിൽ ഭൂരിപക്ഷവും ബൌദ്ധപുരോഹിതന്മാരും ബ്രാഹ്മണപുരോഹിതന്മാരും തട്ടിക്കൊണ്ടുപോയതായും യഥാത്ഥസാധുക്കൾക്കു പറയത്തക്കതായി ഒന്നും കിട്ടാതിരുന്നതായും ചക്രവത്തികണ്ടു. അതിനാൽ ആ സമ്പ്രദായം പിന്നീടു നിത്തലാക്കി, ധമ്മത്തിനുള്ള സംഖ്യ കിണറു കുഴിക്കുന്നതിനായി തിരിച്ചുവിടുകയാണു ചെയ്തതു്. "മഴവെള്ളം സമുദ്രത്തിൽ ചേന്നു് ഉപയോഗശൂന്യമായിത്തീരുന്നതിനു പകരം കിണറുകളിൽ ചേന്നു ലോകോപകാരകമായിത്തീരട്ടെ" എന്നു ഹഷചക്രവത്തി അരുളിച്ചെയ്തു അതിനുശേഷം പഞ്ചവാഷികപ്രസ്ഥാനങ്ങൾ ഒന്നും സ്വീകരിച്ചതുമില്ല.

# ൩൪. പരാജിതനായ മുസ്ലിംഗവൎണ്ണർ.

ബങ്കാളിലെ പ്രസിദ്ധവൈഷ്ണവഭക്തനായ ചൈതന്യൻ ഭജനകളും സങ്കീൎത്തനങ്ങളും ആരംഭിച്ചിരിക്കുകയാണു്. തന്റെ സംഘത്തിൽ ചേരുവാൻ അദ്ദേഹം ജാതിമതഭേദമെന്യേ സകലരേയും ക്ഷണിച്ചു. പണ്ഡിതന്മാരുടെ വെറും പഠിപ്പിനെമാത്രമേ ചൈതന്യദേവൻ ആക്ഷേപിച്ചുള്ളു. വിശ്വാസമെന്ന ലോഹകിട്ടത്തെ ചുട്ടു് അടിക്കുമ്പോൾ അതിൽനിന്നുതെറിക്കുന്ന വെറും പൊരികൾമാത്രമാണു് അവ എന്നു് അദ്ദേഹം വിചാരിച്ചു. "ബ്രാഹ്മണൻ മുതൽ ചണ്ഡാളൻവരെയുള്ള സകലരേയും കൃഷ്ണസന്ദേശം പഠിപ്പിക്കുക" എന്നു് ഉപദേശിക്കുകയും ചെയ്തു. ഈ ഉപദേശപ്രചരണംകൊണ്ടും, ഏററവും താണതരക്കാൎക്കുകൂടെ അനുവദിച്ചുകൊടുത്ത സമത്വംകൊണ്ടും ബ്രാഹ്മണരും പണ്ഡിതന്മാരും വളരെ ക്ഷോഭിച്ചു വശായി. എന്നാൽ ചൈതന്യദേവനെ സ്വയമേവ എതിൎക്കുവാൻ അവൎക്കാൎക്കും ശേഷി മതിയായതും ഇല്ല. സ്വാൎത്ഥബുദ്ധികളായ അവരുടെ സംഖ്യ അല്പംമാത്രം ആയിരുന്നതേഉള്ളു. ബാക്കി ഭൂരിപക്ഷം ഹിന്ദുക്കളും ചൈതന്യദേവന്റെ പിന്നാലെ ആയിരുന്നു.

ചൈതന്യദേവന്റെ സൎവ്വജനീനമായ ഭക്തിമാൎഗ്ഗപ്രസ്ഥാനത്തെ, അനിവാരിതമായി വളരുവാൻ അനുവദിച്ചാൽ, അവരുടെ സൎവ്വാധികാരങ്ങളും,മിഥ്യാപ്രാഭവങ്ങളും എല്ലാം തീൎച്ചയായും നശിച്ചു പോകുകതന്നെ ചെയ്യും എന്നു് അവർ ദീൎഘദൎശനം ചെയ്യാതിരുന്നില്ല. അതിനാൽ മുസൽമാൻഭരണാധികാരിയുടെ സഹായം ആവശ്യപ്പെടുവാൻ അവർ തീൎച്ചയാക്കി. അവരുടെ ഏവംവിധമുള്ള പരിഭ്രമത്തിനിടയിൽ, ആ മുസ്ലീമിങ്ങൾ, തങ്ങളുടെ ചെറിയ ശാഖകൂടെ ഉൾപ്പെട്ടിരിക്കുന്ന ഹിന്ദുമതത്തിനു് പൊതുവെയുള്ള ശത്രുക്കൾ ആണെന്നു് മറന്നുപോയിരിക്കുന്നു. അവർ മുസ്ലീംഗവൎണ്ണരുടെ അടുത്തുചെന്നു്—ചൈതന്യൻവിഗ്രഹാരാധനയെ സകലരോടും,മുസൽമാന്മാരോടുകൂടിയും ഉപദേശിക്കുന്നു എന്നും അതിനെ നിറുത്തൽചെയ്യേണ്ടതു് മുസൽമാൻഗവൎണ്ണരുടെ ധൎമ്മമാണെന്നും അറിയിച്ചു. ഈ അപവാദകന്മാരുടെ സ്വഭാവവും, അവരെ അങ്ങനെ അപവാദവ്യവഹാരവുംകൊണ്ടു് പുറപ്പെടുവിക്കുവാൻപ്രേരിപ്പിച്ച അവരുടെ ചിന്താഗതിയും ഗവൎണ്ണൎക്കു് അറിയാമായിരുന്നു. എന്നുമാത്രമല്ല, ചൈതന്യദേവന്റെ പരിശുദ്ധിയെപ്പററിയും ഭക്തിയെപ്പററിയും സൂക്ഷ്മമായി അറിഞ്ഞിരുന്ന ഒരു ആൾകൂടെ ആയിരുന്നു. എങ്കിലും ഒരു മുസൽമാൻഗവൎണ്ണർ എന്നനിലയിൽ, ആ നുണയന്മാർ പറയു

ന്നതു് കേൾക്കാതിരിക്കുവാൻ തല്ക്കാലം നിവൃത്തിയില്ലാതായിത്തീരുകയാണുണ്ടായതു്. അതിനാൽ 'പട്ടണത്തിൽ എങ്ങും യാതൊരു ഭജനസംഘവും സഞ്ചരിച്ചുകൂടാ' എന്നു് ആ ഭരണാധികാരി ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചു. ആ ആജ്ഞയെ ലംഘിച്ചുപോയ ഒരു സംഘത്തിലെ ഒരു ഭക്തന്റെ കയ്യിൽനിന്നു് അവൻ വായിച്ചുകൊണ്ടുനടന്ന വീണ ബലാൽ പിടിച്ചെടുത്തു്, തല്ലിക്കീറി, വലിച്ചെറിയുകകൂടിയും ചെയ്തു. ഈ വിവരം കേട്ട ഉടനെ ചൈതന്യദേവൻ മൂന്നു വലിയ ഭജനസംഘങ്ങൾ രൂപീകരിച്ചു. അവയിൽ പ്രധാനമായ സംഘത്തിന്റെ നേതൃത്വം താൻതന്നെ വഹിച്ചുകൊണ്ടു് ആ ഗവർണ്ണരുടെ വസതിയിലേയ്ക്കുതന്നെ പുറപ്പെട്ടു. ഗവർണ്ണർ തെല്ലൊന്നു് വിഷമിക്കാതെ എന്തുചെയ്യും! ഭജനസംഘം തന്റെ മുമ്പിൽ ചാടിവീഴുകയും, അവരെ താൻ തന്റെ കണ്ണിനു മുമ്പിൽ കാണുകയും ചെയ്താൽ, സർക്കാർ ഉത്തരവിനെ പരസ്യമായി നിഷേധിച്ച കുററത്തിനു് അവരെ അറസ്റ്റ്ചെയ്യാതിരിക്കുവാൻ നിവൃത്തിയില്ലെന്നുവരും. എന്നാൽ ചൈതന്യദേവന്റെ പരിശുദ്ധിയെപ്പററിയും അദ്ദേഹത്തിന്റെ ദിവ്യത്വത്തെപ്പററിയും ശരിയായുള്ളവിവരം കേൾക്കുകയും അവയെ വിശ്വസിക്കുകയും ചെയ്തിരുന്ന അദ്ദേഹം, അങ്ങനെ അധർമ്മം പ്രവർത്തിക്കുവാൻ ഇഷ്ടപ്പെട്ടതും ഇല്ല. അതിനാൽ ചൈതന്യദേവന്റെ വരവു് ഉണ്ടെന്നറിഞ്ഞപ്പോൾ, കണ്ടില്ല എന്നു വരുത്തുവാൻവേണ്ടി തന്റെ ഭവനത്തിനുള്ളിൽ കടന്നു് സകലവാതിലുകളും ജനൽവാതിലുകളും അടച്ചു് ഭദ്രമാക്കി, അവിടെ ഒളിച്ചിരിപ്പായി.

ചൈതന്യദേവൻ അവിടെ ചെന്നു്, വാതിൽ തുറക്കുവാനും, ഒരു യഥാർത്ഥമുസൽമാനെപ്പോലെ തന്നെ സ്വീകരിക്കുവാനും ഉച്ചത്തിൽ വിളിച്ചാവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞതു് ഇങ്ങനെ ആയിരുന്നു:—"ഏക ദൈവത്തിലും ഭാവിജീവിതത്തിലും വിശ്വസിക്കുന്നവൻ അവന്റെ അതിഥികളെ ബഹുമാനിക്കട്ടെ. വാതിൽദ്വാരത്തിലേയ്ക്കു് സ്വീകരിക്കുന്നവനും സ്വീകരിക്കപ്പെടുന്നവനും ഒന്നിച്ചു വരണം എന്നുള്ളതു് എന്റെ മാർഗ്ഗങ്ങളിൽ ഒന്നാകുന്നു എന്നിങ്ങനെ ദീർഘദർശിതന്നെ പ്രവചനംചെയ്തിട്ടില്ലേ. ആ ശാസനയെ അങ്ങയ്ക്കു് എങ്ങനെ നിഷേധിക്കാം."

ഇതു കേട്ടു് ഗവർണ്ണർ വാതിൽ തുറന്നു്, പുറത്തുവന്നു് ചൈതന്യദേവനെ യഥായോഗ്യം സ്വീകരിച്ചു. അപ്പോൾ ചൈതന്യദേവൻ ചോദിക്കുകയാണു്:—

ചൈതന്യദേവൻ:—"എന്റെ സ്നേഹിതൻ ഈശ്വരപ്രാർത്ഥനയിൽ അവന്റെ വീണയെ ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ, അതിനു് ബലാല്ക്കാരേണ അപഹരിച്ചെടുത്തു് തച്ചു

പൊളിക്കുവാൻ നിങ്ങൾ ആജ്ഞാപിച്ചതു് എന്തിനാണു്? ഈശ്വരഭജനത്തെ തടയുകയും, പാപത്തെ ചെയ്വാൻ അനുകൂലിക്കുകയും ചെയ്യുന്നവൻ ആരായാലും, അവൻ ഈശ്വരനിൽനിന്നു് വളരെവളരെ അകന്നേ നില്ക്കുകയുള്ളൂ, എന്നു് പ്രവാചകൻ തന്നെ ഉപദേശിച്ചിട്ടില്ലേ?"

ഗവണ്ണർ:—"അതുണ്ടു്. ഇങ്ങിനെയുള്ള സങ്ഗീതമാണോ ഈശ്വരാരാധനം?"

ചൈതന്യദേവൻ:—"നീ ഈശ്വരനെ പ്രത്യക്ഷമായി കണ്ടാൽ ഏതൊരുപ്രകാരം പൂജിക്കുമോ അപ്രകാരംതന്നെ സങ്കല്പത്തിലും പൂജിച്ചുകൊള്ളുക. നീ ഈശ്വരനെ കാണുന്നില്ലെങ്കിലും ഈശ്വരൻ നിന്നെ കാണുന്നുണ്ടു്. അതിനാൽ ഈശ്വരൻ കാണുന്നില്ലല്ലോ, ഈശ്വരൻ അറിയുന്നില്ലല്ലോ എന്നു വിചാരിച്ചു്, ഈശ്വരസന്നിധിയിൽ ചെയ്വാൻ പാടില്ലാത്തതു് ഒന്നും ഒരിക്കലും ചെയ്കയും അരുതു്, ചെയ്യേണ്ടുന്നവയൊന്നും ഒരിക്കലും ചെയ്യാതിരിക്കുകയും അരുതു് എന്നു് നബിദേവൻ തന്നെ അരുളിച്ചെയ്തിട്ടില്ലേ. ജനങ്ങൾ നിങ്ങളെ വാദ്യഘോഷത്തോടുകൂടി ആദരിക്കുന്ന പതിവുണ്ടല്ലോ. പൂജ്യന്മാരെ അങ്ങനെ ബഹുമാനിക്കണം, പൂജിക്കണം എന്നൊക്കെയല്ലേ അതിന്റെ സാരം. ആ സ്ഥിതിക്കു് ഈശ്വരസന്നിധിയിൽ സ്തുതിഗാനംചെയ്യുന്നതിനെന്താവിരോധം. അതു് ആ മഹാപ്രഭുവിനു് ഇഷ്ടമാകയില്ലെന്നു് എങ്ങിനെ വിചാരിക്കാം!"

ഗവണ്ണർ:—"ഈ ഭജനകൾ എല്ലാം നിൎത്തൽചെയ്വാനും, വീണ തുടങ്ങിയ സംഗീതയന്ത്രങ്ങൾ എല്ലാം, പിടിച്ചുവാങ്ങി, തല്ലിപ്പൊളിച്ചുകളയുവാനും എന്നോടു് ഉപദേശിച്ചതു് നിങ്ങളുടെ സ്വന്തം ആളുകൾതന്നെയാണല്ലോ."

ചൈതന്യദേവൻ:—"പരോപദ്രവം ചെയ്യുന്നതിനു് മററുള്ളവരുടെ സഹായം ആവശ്യപ്പെടുന്നവർ നമ്മുടെ കൂട്ടത്തിൽ പെട്ടവരല്ല, എന്ന നബിയുടെ ഉപദേശം നിങ്ങൾ മറന്നുപോയോ?"

ഗവണ്ണർ, സ്വരക്ഷയ്ക്കു മററുപായങ്ങൾ ഒന്നും കാണാതെ, ഏതാണ്ടു് ഇളിഭ്യനായ ഭാവത്തിൽ:—അവർ വിദ്വാന്മാർകൂടെയാണല്ലോ!"

ചൈതന്യദേവൻ:—"വേണ്ടതുപോലെ വിദ്യാഭ്യാസംചെയ്യാത്ത ദുർവ്വിദഗ്ദ്ധന്മാരാണു്, സർവ്വജന്തുക്കളിലുംവച്ചു് മഹാഭയങ്കരന്മാർ എന്നു് നബി അരുളിച്ചെയ്തിട്ടില്ലേ?"

ഗവണ്ണൎക്കു് വഴികൾ എല്ലാം മുട്ടി. അദ്ദേഹം പറഞ്ഞു:—"സഹോദരാ! ഞങ്ങളുടെ ധൎമ്മത്തെപ്പററി എനിക്കു് അറിവുള്ളതിൽ അധികം അങ്ങേയ്ക്കു് അറിവുള്ളതുപോലെതോന്നുന്നു. ഇഷ്ടംപോലെ

ചെയ്തുകൊള്ളുക. അങ്ങയുടെ ഭജനവും സങ്കീർത്തനവും എല്ലാം യഥേഷ്ടം നടത്തിക്കൊള്ളുകയേ വേണ്ടു. അവയുടെയെല്ലാം ഫലം, ഗുണമായാലും ശരി, ദോഷമായാലും ശരി, അനുഭവിക്കുകയും ചെയ്തുകൊള്ളണം."

ഇതിനുശേഷം ചൈതന്യദേവനു്, ആ മുസൽമാൻഗവർണ്ണരെയും, ഗവർണ്ണർക്കു് ചൈതന്യദേവനെയും വലിയ ബഹുമാനമായിരുന്നു.

---

## ൩൫. രാജാവിനെയും രക്ഷിക്കാം.

ഒറീസായിലെ രാജാവായിരുന്ന പ്രതാപരുദ്രൻ, ശ്രീചൈതന്യദേവൻെറ ഒരു വലിയ ഭക്തനായിരുന്നു. ചൈതന്യദേവനെ കാണണം, അദ്ദേഹത്തിൽനിന്നു് ഉപദേശം സ്വീകരിക്കണം, ആ ഉപദേശപ്രകാരം നടന്നു മോക്ഷം സമ്പാദിക്കണം, ഇത്രയുമായിരുന്നു അദ്ദേഹത്തിൻെറ അത്യാഗ്രഹം. മററെല്ലാം ചിന്തകളും ഇതൊന്നിന്നു് അധീനമായിത്തീർന്നു.

അങ്ങിനെയിരിക്കെ, ചൈതന്യദേവൻ പുരിയിൽഎത്തിവിശ്രമിക്കുന്നുണ്ടെന്നുള്ള വിവരം അദ്ദേഹം കേട്ടു. ഉടനെതന്നെ,സ്വാമിയെ കാണണമെന്നും അതിനു സൗകര്യം എപ്പോഴാണെന്നറിയിക്കുവാൻ ദയയുണ്ടാകണമെന്നു് അപേക്ഷിച്ചുകൊണ്ടു്, പ്രതാപരുദ്രൻ, ഒരു ആജ്ഞാവാഹകനെ ചൈതന്യസന്നിധിയിൽ നിയോഗിച്ചു. എന്നാൽ രാജാവിൻെറ അപേക്ഷയെ ചൈതന്യദേവൻ നിഷേധിക്കുകയാണുണ്ടായതു്. "ഞാൻ ഒരു സന്ന്യാസിയാണു്, സർവ്വവും ത്യജിച്ചു് ഈശ്വരനെമാത്രം ശരണീകരിച്ചിരിക്കുന്നു. 'രാജാവാകട്ടെ ഭയങ്കരസർപ്പത്തിൻെറ വെറും രൂപാന്തരംമാത്രം. എനിക്കു് അങ്ങിനെയുള്ള രാജാക്കന്മാരുമായി ബന്ധമൊന്നുമില്ല; അവരെകട്ടു കാണുകയുംവേണ്ട" എന്നു പറഞ്ഞുകൊണ്ടാണു് ആ ഭക്തശിരോമണി രാജാഭീഷ്ടത്തെ നിഷേധിച്ചതു്. ഇതു കേട്ടപ്പോൾ പ്രതാപരുദ്രനു വലിയ വ്യസനമായി. അദ്ദേഹം ആ ദൂതനെത്തന്നെ വീണ്ടും പറഞ്ഞയച്ചു് ഇങ്ങിനെക്കൂടെ അപേക്ഷിച്ചുനോക്കി:—"ജോഗി, മാധിമുതലായ ദസ്യുപ്രമാണികളെക്കൂടി ആലിംഗനംചെയ്ത അങ്ങയ്ക്കു് പ്രതാപരുദ്രമഹാരാജാവിനെ കാണുന്നതിലുള്ള വിരോധം എന്താണു്. അദ്ദേഹം ആകൊള്ളക്കാരെക്കാളും കൊള്ളരുതാത്തവനാണോ? പ്രതാപരുദ്രനെമാത്രം ഇങ്ങിനെ പരിത്യജിക്കുവാൻ കാരണമെന്തു്?

അദ്ദേഹത്തെക്കൂടെ രക്ഷിക്കുന്നതിൽനിന്നു് എന്തൊരു ദോഷമാണു് സംഭവിക്കുവാൻപോകുന്നതു്?"

ചൈതന്യദേവൻ—"എനിക്കു വളരെ വ്യസനമുണ്ടു്; പക്ഷേ എന്തു കാട്ടാം! ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. പ്രതാപരുദ്രനു് അനേകം ഗുണങ്ങളെല്ലാം ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഒരുകുടം പാലിൽ, ഒരുതുള്ളി മദ്യം വീണു പോയാൽ അതു മുഴുവനും ഏതൊരുപ്രകാരം നികൃഷ്ടമായിത്തീരുന്നുവോ, അതുപ്രകാരംതന്നെ പ്രതാപരുദ്രൻ ഒട്ടുവളരെഗ്ഗുണങ്ങളെല്ലാമുള്ള ഒരാളാണെങ്കിലും ഒരു രാജാവായതുകൊണ്ടു നിന്ദ്യനായിത്തന്നെതീൎന്നിരിക്കുന്നു."

രാജാവിനു് ഇതുകേട്ടപ്പോൾ വലിയ ദുഃഖം ഉണ്ടായി. എങ്കിലും ചൈതന്യദേവനെ കാണുവാനുള്ള അദ്ദേഹത്തിൻെറ മോഹം പ്രതിനിമിഷമെന്നവണ്ണം വൎദ്ധിച്ചുവന്നതേയുള്ളു. അതുകൊണ്ടു് ഒരു സാധാരണ തീൎത്ഥയാത്രക്കാരൻെറ വേഷത്തിൽ പ്രതാപരുദ്രൻ ജഗന്നാഥത്തിലെ രഥോത്സവം കാണുവാൻചെന്നു. അവിടെ കീൎത്തനങ്ങൾ പാടിയും സ്തോത്രങ്ങൾ ചൊല്ലിയും, നാമങ്ങൾ ജപിച്ചും നടക്കുന്നതിനിടയിൽ അദ്ദേഹത്തിനു് ചൈതന്യദേവനെ കണ്ടെത്തുവാൻ ഇടയായി. തൻെറ ചില സ്തോത്രങ്ങൾ കേട്ടപ്പോൾ, ഭക്തിലഹരിയിൽ മുഴുകിക്കളിക്കുന്ന ആചാര്യവൎയ്യൻ ഒരു അലൌകികാവസ്ഥയെ പ്രാപിച്ചിരിക്കുന്നതായി പ്രതാപരുദ്രൻ കണ്ടു. ഉടനെതന്നെ ഒരു വിശറിയുമെടുത്തു വീശിക്കൊണ്ടു അരികിൽതന്നെ ആ ഭക്തനും നില്പായി.

കുറേക്കഴിഞ്ഞു ചൈതന്യദേവനു ബോധംവന്നപ്പോൾ അദ്ദേഹം ആ വേഷച്ഛന്നനായ രാജാവിനെ പിടിച്ചു് ആലിംഗനംചെയ്തുകൊണ്ടു പറഞ്ഞതു് ഇങ്ങിനെയായിരുന്നു:—"നീ സസ്നേഹം ചെയ്ത ഉപചാരത്തിനെല്ലാം പ്രതിഫലമായി എനിക്കൊന്നു തരുവാനുള്ളതു് എൻെറ ഈ ആലിംഗനം ഒന്നുമാത്രമാണു്."

പ്രതാപരുദ്രൻ—"സ്വാമി! ഞാൻ ഒട്ടേറെക്കാലമായി അഭിലഷിച്ചിരുന്നതും ഇതൊന്നിനെത്തന്നെ ആയിരുന്നു. ഞാൻ പ്രതാപരുദ്രനാണു്."

ചൈതന്യൻ—"എനിക്കു രാജാക്കന്മാരുമായി ഇടപാടു് ഒന്നുമില്ല. എന്നാൽ രാജാവിൻെറ നിലയിൽ അല്ലല്ലോ അങ്ങു് എന്നെ സമീപിച്ചതു്. കേവലം ഒരു സഹോദരഭക്തൻെറ നിലയിൽ അല്ലേ. അതിനാൽ ഗോവിന്ദ! ഗോവിന്ദ! എന്നു ജപിക്കുക"

അതുകേട്ടു പ്രതാപരുദ്രമഹാരാജാവും, അവിടെ കൂടിയിരുന്ന മററെല്ലാവരും ജപിക്കുന്നു—"ഗോവിന്ദ! ഗോവിന്ദ!"

## ൯൩. മരണഭീതിയില്ലായ്മ.

ചൈതന്യദേവൻ തൻെറ ശിഷ്യന്മാരോടു് ഇങ്ങിനെ ഉപദേശിക്കപതിവായിരുന്നു:—"നിങ്ങൾക്കു് ഈശ്വരനെ കാണണമെന്നുണ്ടെങ്കിൽ നിങ്ങൾ മരണഭീതിയില്ലാത്തവരായിരിക്കണം. വെള്ളത്തിൽമുങ്ങി ചത്തുപോകുമെന്നോ, അഗ്നിയിൽവീണു വെന്തുപോകുമെന്നോ, പട്ടിണികിടന്നു മരിച്ചുപോകുമെന്നോ വിചാരിച്ചു ഭയപ്പെടരുതു്. ഈ ജീവിതത്തെ ഈശ്വരനായി അപ്പിച്ചേക്കണം. അങ്ങിനെ ഒരിക്കൽഅപ്പിച്ചുകഴിഞ്ഞാൽപ്പിന്നെ അതു നിങ്ങളുടേതേഅല്ല. അതിനെ സൂക്ഷിക്കുകയോ നശിപ്പിക്കുകയോ എന്താണ് വേണ്ടതു് എന്നു നിശ്ചയിച്ചു് അതുപോലെ പ്രവത്തിക്കുവാനുള്ള ഭാരം അദ്ദേഹത്തിനാണു്. അതിനാൽ ഒന്നുംതന്നെ നാളെയ്ക്കായി സൂക്ഷിച്ചുവയ്ക്കുകയുംവേണ്ട ആരേയുംതന്നെ പേടിച്ചുവിരളുകയുംവേണ്ട." ഈ ഉപദേശമനുസരിച്ചു ചൈതന്യദേവനും അദ്ദേഹത്തിൻെറ ശിഷ്യന്മാരും അതാതുദിവസം വല്ല ഭക്തന്മാരും കൊണ്ടുവന്നു കൊടുക്കുന്ന ഭിക്ഷകൊണ്ടുമാത്രം തൃപ്തിപ്പെട്ടുപോന്നു. പിറേറദിവസത്തേയ്ക്കു് എന്തെങ്കിലും സൂക്ഷിച്ചുവയ്ക്കുക എന്ന ഒരു സമ്പ്രദായമേ അവക്കു് ഉണ്ടായിരുന്നില്ല.

ശ്രീചൈതന്യദേവനും ശിഷ്യന്മാരും ഏവംവിധം ഈശ്വരാപ്പണബുദ്ധിയിൽ നിശ്ശേഷം നിമഗ്നരായിക്കഴിഞ്ഞുകൂടിയകാലത്തു് ഒരു ദിവസം അവർ ഒരു മുസ്ലിംനഗരത്തിൽ ചെന്നുചേരേണ്ടതായിവന്നു. അന്നു ശോപിക്കു വേണ്ട കുങ്കുമം അവക്കു് അവിടെ ലഭ്യമായില്ല. അതുകണ്ടു് ഒരുപുതിയ ശിഷ്യൻ ഗുരുസന്നിധിയിൽച്ചെന്നു്:—"ഗുരോ! എൻെറ കയ്യിൽ അല്പം ഉണ്ടു്" എന്നു അറിയിച്ചു. അതുകേട്ടു് "ആരാണു് ഇതു കൊണ്ടുവന്നതു്?" എന്നു ഗുരു ചോദിച്ചതിനു് സമാധാനമായി ആ ശിഷ്യൻ പറഞ്ഞതു്:—"ആരും കൊണ്ടുവന്നതല്ല, ഇതൊരു മുസൽമാൻഗ്രാമമാണു്; ഇവിടെയെങ്ങും കുങ്കുമംകിട്ടുകയില്ല, എനിക്കു് ഈ വിവരം മുമ്പേതന്നെ അറിയാമായിരുന്നു. അതിനാൽ ഇന്നലെ ആ ഹിന്ദുഗ്രാമത്തിൽനിന്നു കിട്ടിയ കുങ്കുമത്തിൽനിന്നു ഒരു ഭാഗം എടുത്തു ഇന്നെയ്ക്കു സൂക്ഷിച്ചുവച്ചതാണു്" എന്നായിരുന്നു.

ചൈതന്യദേവൻ—"മകനേ! ഭാവിയിലേയ്ക്കു എന്തെങ്കിലും സൂക്ഷിച്ചുവയ്ക്കുകയാകട്ടെ, ഭാവിയെപ്പററി എന്തെങ്കിലും ചിന്തിച്ചു് ഉറപ്പിക്കുകയാകട്ടെ അരുതു്" എന്നു ഞാൻ പറയാറില്ലേ. അതു കേൾക്കാതിരുന്നതെന്തു്? നീ ഒരു സന്യാസിയാകുവാൻ ഉചി

തനല്ലം നിനക്കു പററിയതു ഗാർഹസ്ഥ്യമാണു്. അതിനാൽ എന്നെവിട്ടുപോയി, വിവാഹംചെയ്തു് എവിടെയെങ്കിലും സുഖമായും സ്ഥിരമായും ഇരുന്നുകൊള്ളുക."

ഇതുകേട്ടപ്പോൾ ആ ശിഷ്യനു് വലിയ സങ്കടമായി. അയാൾ ബാഷ്പംനിറഞ്ഞ നേത്രങ്ങളോടുകൂടി ഇങ്ങിനെ യാചിച്ചു:— "ഞാൻ ചെയ്ത അപരാധം ക്ഷമിച്ചു് എനിക്കു് ഇക്കുറി മാപ്പുതരണം. മേലിൽ ഞാൻ ഇങ്ങിനെ ബുദ്ധിശൂന്യമായി പ്രവൎത്തിക്കുകയില്ല. ഗൃഹസ്ഥനാകുവാൻ എന്നെ പറഞ്ഞയയ്ക്കരുതു്."

ചൈതന്യദേവൻ—"നിവൃത്തിയില്ല; ഞങ്ങളുടെ നിയമങ്ങൾ ഭേദിച്ചു നിന്നെ ഇവിടെ നിൎത്തുവാൻ പാടില്ല. അതിനാൽ നീ ഇവിടെനിന്നു് പോയേമതിയാകു. എന്നാൽ നീ അതുകൊണ്ടു വ്യസനിക്കേണമെന്നില്ല. നീ ആഗ്രഹിക്കുമ്പോഴെല്ലാം നിനക്കു് എന്നെ കാണാറാകും. നീ പോയി വിവാഹംചെയ്തു് വളരെക്കാലം സുഖമായിരുന്നശേഷം ഒടുവിൽ സന്യസിക്കാം."

ഇങ്ങിനെ പറഞ്ഞു് ആ ശിഷ്യനെ സമാധാനപ്പെടുത്തി പിരിച്ചുവിട്ടു.

അല്പദിവസങ്ങൾകൂടെ കഴിഞ്ഞു ഇപ്പോൾ ചൈതന്യദേവനും ശിഷ്യന്മാരും 'നുദിയാ' എന്ന സ്ഥലത്തു വിശ്രമിക്കുകയാണു്. ഈ നുദിയായിൽ പാൎപ്പുകാരായി അക്കാലത്തു് ജഗന്നാഥൻ എന്നും, മാധവൻ എന്നും പേരായി രണ്ടു വലിയ തസ്കരപ്രമാണികളുണ്ടായിരുന്നു. ജനങ്ങൾക്കു് ഇവരെ വലിയഭയമാണു്. അതുകൊണ്ടു് അവരുടെ പേരുതന്നെ മുഴുവൻ അവർ പറയാറില്ല 'ജോഗി' എന്നു പേരിൽ ജഗന്നാഥനും, 'മാധി' എന്ന പേരിൽ മാധവനും അറിയപ്പെട്ടു. അവർ ജന്മനാ ബ്രാഹ്മണർ; എങ്കിലും ഇപ്പോഴേയ്ക്കും മുഴുക്കുടിയന്മാരും മാംസഭുക്കുകളും ആയിത്തീൎന്നിരിക്കുന്നു. ക്രൌൎയ്യം അവരുടെ കയ്യിൽനിന്നുപോയതേ ഉള്ളു. ഇതിന്നിടയ്ക്കു തന്നെ അനേകായിരം ആളുകളെ കൊള്ളചെയ്തുകഴിഞ്ഞിട്ടുണ്ടു്.

നിത്യാനന്ദനെന്നും ഹരിദാസനെന്നും പേരായ രണ്ടു ചൈതന്യശിഷ്യന്മാർ, ഈ കള്ളന്മാരെ പറഞ്ഞു നേരെയാക്കുവാനും, കഴിയുമെങ്കിൽ വീണ്ടെടുക്കുവാനുമായി പുറപ്പെട്ടു. അവരുടെ വീട്ടിന്റെ പടിക്കലുണ്ടു് അവർ മണ്ണിൽ കിടന്നു ഉരുണ്ടുകൊണ്ടു് ലഹള കൂട്ടുന്നു. ഒരു തരിമ്പും ബോധമില്ല ഒരു വലിയ മദ്യകലശം അവരുടെ അരികിൽത്തന്നെ ഇരിപ്പുണ്ടു്. അരക്കുടം മദ്യം ഉള്ളിൽ ആക്കിയതുകഴിച്ചു് ബാക്കി അതിൽത്തന്നെ ഇരിക്കുന്നു. അതെല്ലാം കണ്ടു് അവരോടു് ആ സാധുക്കൾ, ഈ ദുർവൃത്തികളെല്ലാം വിട്ടു് യോഗ്യന്മാരായിത്തീരുവാൻ ഉപദേശിച്ചു 'കള്ളുകുടി ചീത്തയാണു്. അതു് മനുഷ്യനെ ഭ്രാന്തനാക്കുന്നു. അവന്റെ സൽഗുണങ്ങളേയും

നശിപ്പിക്കുന്നു. നിങ്ങൾ അതിനെ ഉപേക്ഷിക്കണം. മേലിൽ ദുഷ്പ്രവൃത്തികൾ ഒന്നും ചെയ്യരുതു്.' എന്നെല്ലാമായിരുന്നു സസ്നേഹംചെയ്ത ഉപദേശം. സസ്നേഹമെങ്കിലും അതു് അസ്ഥാനത്തായിപ്പോയി. ഇതുകേട്ടപ്പോൾ കുടിയന്മാൎക്കു് കോപമാണു വന്നതു്. 'ഞങ്ങളോടു് ഉപദേശിക്കുവാൻ നിങ്ങൾ ആരു്?' എന്നു് അലറിക്കൊണ്ടു് അവർ എഴുനേററു കഴിഞ്ഞു. ജോഗി മദ്യകുംഭമെടുത്തു വച്ചുകൊടുത്തു നിത്യാനന്ദന്റെ തലയ്ക്കു് ഒരു വീക്കു്. അടികൊണ്ടു് ജോഗിയുടെ കുടവും ഉടഞ്ഞു നിത്യാനന്ദന്റെ തലയും ഉടഞ്ഞു. കുടത്തിൽനിന്നു് ചാൎന്ന മദ്യവും തലയിൽനിന്നൊലിച്ച ചോരയും കൊണ്ടു് നിത്യാനന്ദന്റെ ശരീരം മൂടി. അങ്ങിനെ ഗുരുദക്ഷിണ വൃത്തിയായി നിൎവ്വഹിക്കപ്പെട്ടു. മാധി ഹരിദാസനെ പിടികൂടി ശരവൎഷം അങ്ങു് ചാൎത്തി. എന്തിനേറെപ്പറയുന്നു; നിത്യാനന്ദനും ഹരിദാസനും ബോധരഹിതരായി നിലംപതിച്ചുകഴിഞ്ഞു.

ഇതെല്ലാം കണ്ടുകൊണ്ടുനിന്നിരുന്നവരിൽ ചിലർ വേഗം ഓടിച്ചെന്നു വിവരങ്ങൾ എല്ലാം ചൈതന്യദേവനെ അറിയിക്കുകയും, മുസ്ലീംഗവർണ്ണരെ ചെന്നുകണ്ടു്, വേണ്ടപോലീസുകാരുടെ സഹായത്തോടുകൂടി, ആ ശിഷ്യന്മാരുടെ രക്ഷയ്ക്കായി വേഗം അങ്ങോട്ടു ചെല്ലണമെന്നു് അദ്ദേഹത്തോടു് അപേക്ഷിക്കുകയും ചെയ്തു. അതുകേട്ടു് ചൈതന്യദേവൻ :—"എനിക്കു് പോലീസുകാരുടെ സഹായം ഒന്നും വേണ്ട; ഞാൻ ഇപ്പോൾത്തന്നെ അങ്ങോട്ടു പോകുകയാണു്" എന്നു പറഞ്ഞുകൊണ്ടു് പുറപ്പെട്ടുകഴിഞ്ഞു. മററാരുടേയും സഹായംകൂടാതെ താൻ ഏകാകിയായിത്തന്നെ ഇതാ വരുന്നു എന്നും എല്ലാ കള്ളുകുടങ്ങളും വടികളും തയ്യാറാക്കിവച്ചുകൊള്ളണമെന്നും മുന്നറിവുകൊടുക്കുവാൻ മുൻകൂട്ടിത്തന്നെ ഒരാളെ അങ്ങോട്ടു് അയച്ചുകൊണ്ടാണു് ആ ധീരഗുരു പുറപ്പെട്ടതു് ഇതുകേട്ടപ്പോൾ ജോഗിക്കും മാധിക്കും ആ ദിവ്യപ്രഭാവന്റെ ധൈൎയ്യത്തെപ്പററി ആത്മാൎത്ഥമായ ബഹുമാനമാണു് ഉണ്ടായതു്. അവർ ഈ വെല്ലുവിളി കേട്ടു് അത്ഭുതപ്പെടുകതന്നെ ചെയ്തു. അദ്ദേഹം അതാഎത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ ആ ദിവ്യാകാരസുഷമ, നേത്രങ്ങളിൽനിന്നു് അനൎഗ്ഗളം പ്രവഹിക്കുന്ന പ്രേമാശ്രുധാര, പ്രകൃതിയിലെ ധൈൎയ്യപ്രചുരിമ ഇവയെല്ലാം കണ്ടപ്പോൾ ആ തസ്കരപ്രമാണികളുടെ മനസ്സിൽ ഇച്ഛാഭംഗവും പശ്ചാത്താപവും ആണു് ഉണ്ടായതു്. എന്നിട്ടും ജോഗി ചൈതന്യദേവനോടു് ചോദിക്കുകയാണു്:—

ജോഗി:—"നീ ഞങ്ങളുടെ മുമ്പിൽ ചാടിക്കടന്നുവന്നതു് എന്തിനായിട്ടാണു്. അതു തെല്ലു് ആലോചിച്ചു ചെയ്യേണ്ട കാൎയ്യമായിരുന്നില്ലേ. ഞങ്ങൾ നിന്നെ കൊന്നുകളയുവാൻകൂടി മടിക്കാതിരുന്നേക്കും എന്നു വിചാരിക്കാതിരുന്നതെന്തു്?"

ചൈതന്യൻ:—"ഞാൻ എൻെറ ധൎമ്മം നിൎവ്വഹിക്കുന്നതിൽ മരണത്തെപ്പററി-പേടിക്കയില്ല. ഈ ശരീരത്തിൻെറ ഉടമസ്ഥൻ കൃഷ്ണനാണ്. അതിനെ സൂക്ഷിക്കുകയോ നശിപ്പിക്കുകയോ എന്താണു യുക്തമായിട്ടുള്ളതു് എന്നുവച്ചാൽ അതു ചെയ്യേണ്ടതു കൃഷ്ണനാണ്. നിങ്ങളെ, ദുഷ്ടന്മാരായിരിക്കുന്ന നിങ്ങളെ, ഒരു കൃഷ്ണഭക്തൻ പേടിക്കുമെന്നാണോ നിങ്ങളുടെ വിചാരം. കൃഷ്ണനു നിങ്ങളെപ്പോലെയുള്ള ഒരുലക്ഷം കൊള്ളക്കാരെ വേണമെങ്കിലും നിഷ്പ്രയാസം അമൎത്തുവാൻ കഴിയും. ഭഗവൽ ഭക്തന്മാരെ ഈവിധം അന്യായമായി ഉപദ്രവിക്കുന്നതിനു കൃഷ്ണഭഗവാൻ നിങ്ങളെ ഒന്നുംചെയ്യാതെ വിട്ടുകളയുമെന്നാണോ നിങ്ങളുടെ വിചാരം?"

ഇത്രയും ആയപ്പോഴേക്കു നിത്യാനന്ദനു ബോധം വന്നുകഴിഞ്ഞിരിക്കുന്നു. അടുത്തു നില്ക്കുന്ന ഗുരുവേ നോക്കി ആ ശിഷ്യൻ പറയുകയാണു്:—"സ്വാമി! അവൎക്കു മാപ്പു കൊടുക്കണേ. ബോധമില്ലാത്ത വെറും പാവങ്ങൾ. എനിക്കു് അധികമായി ഒന്നും പററിയിട്ടില്ല."

ഹരിദാസനും ബോധം തെളിഞ്ഞു. ആ ശിഷ്യൻ പറയുന്നു: "അവരുടെ കുടിയാണു് ഈ അക്രമങ്ങൾ എല്ലാം കാണിച്ചതു്; അവർ സാധുക്കൾ; അവൎക്കു മാപ്പുകൊടുക്കണം."

ഇത്രയും കേട്ടതുകൊണ്ടുതന്നെ ആ തസ്കരപ്രമാണികളുടെ മനഃസ്ഥിതിക്കു ഗണ്യമായ പ്രകാരാന്തരം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. അവർ ചൈതന്യദേവൻെറ കാൽക്കൽവീണു നമസ്കരിച്ചുകൊണ്ടു പറയുകയാണു്:—"സ്വാമി! അവിടെയ്ക്കു യുക്തമെന്നു തോന്നുന്നവിധം ഞങ്ങളെ ശിക്ഷിച്ചുകൊള്ളണം. അങ്ങയുടെ കൈകൊണ്ടു് മരണം സിദ്ധിക്കുന്നതുകൂടെ ഞങ്ങൾക്കു് ഭൂഷണമായേ ഇരിക്കയുള്ളൂ. ഒരു മാന്യമായ ബ്രാഹ്മണകുടുംബത്തിൽ പിറന്നവരാണു് ഞങ്ങൾ; വിധിവശാൽ മദ്യക്കടലിൽ ആണ്ടുപോയി. എന്നുമാത്രമല്ല, മനുഷ്യരാൽ അറിയപ്പെട്ടിട്ടുള്ള സകലനികൃഷ്ടകൃത്യങ്ങളും ഞങ്ങൾ ധാരാളം ചെയ്തിട്ടുണ്ടു്. സ്വാമി! ഈ മഹാപാപികളായ ഞങ്ങൾക്കു് എന്തൊരൌഷധമാണു് ഉള്ളതു്?"

ചൈതന്യദേവൻ—"മനുഷ്യരുടെ സൎവ്വരോഗങ്ങൾക്കും പററിയ ഒരു ദിവ്യൌഷധം ഉണ്ടു്. "ഗോവിന്ദ" എന്നു് പറയുവിൻ. ജീവജാലങ്ങൾക്കു് വേണ്ടിടത്തോളം സൌഖ്യം കൊടുക്കുവാൻ ഭഗവാനു് സാധിക്കും. അവിടുത്തെ വൈഭവത്തിനു് ദാരിദ്ര്യമൊന്നും വന്നിട്ടില്ല. ഇടിമിന്നൽ ഉണ്ടാകുമ്പോൾ, കൂരിരുട്ടു് അടഞ്ഞ രാത്രികൂടിയും പ്രകാശംനിറഞ്ഞ പകൽപോലെ ആയിത്തീരുന്നു."

ഇങ്ങിനെ ഉപദേശിച്ചുകൊണ്ടു്, തന്റെ കാല്ക്കൽ ദണ്ഡനമസ്കാരം ചെയ്തു കിടക്കുന്ന അവരെ പിടിച്ചു് എഴുന്നേല്പിച്ചു് ആലിംഗനം ചെയ്തു ഈ തസ്കരപ്രമാണികൾ ആകട്ടെ, അതുമുതൽ അവരുടെ ദുർഗ്ഗുണങ്ങൾ ത്യജിച്ചു് ചൈതന്യദേവന്റെ ഭക്തശിഷ്യന്മാരായിത്തീരുകയും ചെയ്തു.

വാസുദേവൻ ഒരുബ്രാഹ്മണനൻ ആണു്. കുഷ്ഠരോഗം പിടിപെട്ടു് അത്യന്തം കഷ്ടാവസ്ഥയിൽ ആയിരിക്കുന്നു. ദർശനമാത്രത്തിൽത്തന്നെ ഉണ്ടാകുന്ന വെറുപ്പുകൊണ്ടും, വ്രണങ്ങളിൽനിന്നു് ഉത്ഭവിക്കുന്ന ദുർഗ്ഗന്ധംകൊണ്ടും, പകന്നേക്കുമോ എന്നുള്ള ഭയം നിമിത്തവും, അങ്ങേയററത്തെ ചണ്ഡാളൻകൂടെ, ഈ കുഷ്ഠരോഗിയെ കാണുമ്പോൾ വഴിതിരിഞ്ഞുപോകയാണു പതിവു്. ചൈതന്യദേവന്റെ സഞ്ചാരകാലത്തു് ഒരിക്കൽ ഈ വാസുദേവൻ അദ്ദേഹത്തെ കാണുവാൻ ചെന്നു. ഗുരുദേവനെ അകലെ കണ്ടപ്പോൾത്തന്നെ ആ രോഗിബ്രാഹ്മണൻ 'ഗോവിന്ദ!, ഗോവിന്ദ!' എന്നു് ഉറക്കെ വിളിച്ചു പറഞ്ഞു. 'അതു് ആരു്?' എന്നു് അറിയുവാനായി നോക്കിയപ്പോളുണ്ടു് വാസുദേവൻ നിന്നു വിറയ്ക്കുന്നു. ആ വിറയൽ, തന്നെക്കണ്ടതുകൊണ്ടുണ്ടായ സ്തോഭത്തിൽനിന്നു് ഉത്ഭവിച്ചതാണെന്നു് ആ ഭക്തശിരോമണിക്കു് ഉടനെ മനസ്സിലായി. ചൈതന്യദേവൻ, ആ കരുണൈകമൂർത്തി, ഓടിച്ചെന്നു് വാസുദേവനെ പിടിച്ചു് ആലിംഗനം ചെയ്തു.

വാസുദേവൻ—"എന്റെ ജഗദീശ്വര! ഞാനൊരു ദയനീയനായ കുഷ്ഠരോഗിയല്ലേ! ചണ്ഡാലന്മാർകൂടെ എന്റെ അടുത്തുവരുവാൻ മടിക്കുന്നു. അങ്ങുന്നു് എന്നെ പിടിച്ചു് ആലിംഗനം ചെയ്തു അനുഗ്രഹിച്ചുവല്ലോ. ഇതെന്തൊരു കഥ!"

ചൈതന്യദേവൻ—"ശ്രീകൃഷ്ണഭക്തന്മാർ ഒന്നിലും ഭയപ്പെടുന്നവരല്ല സഹോദര! നിന്റെ ശരീരത്തിനല്ലേ കുഷ്ഠരോഗം. അതു് അത്ര സാരമില്ല. നിനക്കു് ആദ്ധ്യാത്മികമായ ജിജ്ഞാസ ഉണ്ടല്ലോ. അതുമതി; അതു് നിന്നെരക്ഷിച്ചുകൊള്ളും. എന്നാൽ മാനസികകുഷ്ഠരോഗികൾ ചിലരുണ്ടു്. അവർ സൂക്ഷിച്ചുകൊള്ളട്ടെ."

മറെറാരവസരത്തിൽ ചൈതന്യദേവൻ പൂരിയിൽനിന്നുവൃന്ദാവനത്തിലേക്കു പോകുകയായിരുന്നു. വഴിക്കു് ഒരിടത്തുവച്ചു അദ്ദേഹം ബോധാതീതാവസ്ഥയെ പ്രാപിക്കുകയുണ്ടായി ആവഴിപോയിരുന്ന ചില യാത്രക്കാർ അതുകണ്ടു് ഓടിച്ചെന്നു് അദ്ദേഹത്തെ താങ്ങി. അപ്പോഴേയ്ക്കും അതാവരുന്നു ഒരുകൂട്ടം പട്ടാണിപ്പടയാളികൾ! സമാധി, ബോധാതീതാവസ്ഥ, ധ്യാനം എന്നെല്ലാം അവർ പണ്ടു് കണ്ടതോ കേട്ടതോ! അവർ വിചാരിച്ചു, ഈ താങ്ങിനിൽക്കു

ന്നവർ കൊള്ളക്കാരാണെന്നു് അവരുടെ ആക്രമണത്തിനു ലാക്കായി ബോധംകെട്ടു കിടക്കുന്നവനാണു മറേറവൻ എന്നും. ആ സാധുക്കളെ ബന്ധനസ്ഥരാക്കി കൊണ്ടുപോകുവാനുള്ള ഭാവമായി. അപ്പോഴേയ്ക്കും ചൈതന്യദേവൻ കണ്ണുതുറന്നു് ആ ഭടന്മാരോടായി "ഇവർ ശിക്ഷാർഹരല്ല; പ്രത്യുത സമ്മാനാർഹരാണു്" എന്നു പറഞ്ഞുകൊണ്ടു് മുസൽമാൻഭടന്മാരും അവരുടെ ഒരു മൌല്വിയും ആയി സംസാരിക്കുവാൻ തുടങ്ങി; എന്നു മാത്രമല്ല, അവരെയെല്ലാം മാനസാന്തരപ്പെടുത്തുവാൻകൂടെ അദ്ദേഹത്തിനു ക്ഷണേന സാധിച്ചു

ഇതെല്ലാം കണ്ടുകൊണ്ടുനിന്ന ഒരാൾ:—"മുസൽമാന്മാരെ മാനസാന്തരപ്പെടുത്തുന്നതു് ശിക്ഷാർഹമായ ഒരു കുററമാണു്; അതിനാൽ അവരെ വെറുതേ വിട്ടേക്കുകയാണുഭേദം" എന്നു പറഞ്ഞപ്പോൾ ഉണ്ടായചൈതന്യദേവന്റെ സമാധാനം ഇങ്ങിനെയായിരുന്നു:—"ഇവരെ മാനസാന്തരപ്പെടുത്തുന്നതുകൊണ്ടു് ഒരുവന്റെജീവൻ പോകുകയാണെങ്കിൽ അതങ്ങു പൊയ്ക്കൊള്ളട്ടെ. ഇവരെ മാനസാന്തരപ്പെടുത്താതിരുന്നാൽ എത്രയെണ്ണത്തിന്റെ ജീവിതമാണുപാഴായിപ്പോകുക! 'ഗോവിന്ദ' എന്നു ഉച്ചരിക്കുക; നിന്റെഭയങ്ങൾ എല്ലാം ഇല്ലാതാകും."

എല്ലാവരും 'ഗോവിന്ദാ, ഗോവിന്ദാ' എന്നു ജപിച്ചു. ഈ പട്ടാണിശിഷ്യന്മാരാണു പിന്നീടു് "പത്താണിവൈഷ്ണവർ" എന്ന പേരിൽ വിഖ്യാതന്മാരായി തീൎന്നതു്.

ഒരുവനത്തിൽവച്ചു് ഒരിക്കൽ ചൈതന്യദേവനും ഒരുബൗദ്ധഭിക്ഷുവുമായി ഉണ്ടായ വാഗ്വാദത്തിൽ ഭിക്ഷു നിശ്ശേഷം തോററുപോയി. ആ ദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും അതുകൊണ്ടു വളരെ ക്രോധിച്ചു. ചൈതന്യദേവനെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും എങ്ങിനെയെങ്കിലും അടിപെടുത്തണമെന്നുള്ളവിചാരത്തോടുകൂടി, 'ഗോവിന്ദനു നിവേദിച്ചതാണു്' എന്ന് പറഞ്ഞുകൊണ്ടു് വിഷം കലൎത്തിയ അവിൽ അവൎക്കു സല്ക്കരിച്ചു ഗുരുദേവൻ അതെടുത്തുഭക്ഷിക്കുവാൻ പുറപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെശിഷ്യന്മാരിൽ ഒരാൾ — "സ്വാമി! ഇവർ വിശ്വാസയോഗ്യന്മാരാണെന്നു തോന്നുന്നില്ല. അതുകൊണ്ടു് അവിൽ ഭക്ഷിക്കുന്നതു സൂക്ഷിച്ചു വേണം."

ചൈതന്യദേവൻ:—"എന്തസംബന്ധമാണു നിങ്ങൾ പറയുന്നതു്. ഗോവിന്ദനാമോച്ചാരണംകൊണ്ടു് ദഗ്ദ്ധമായിത്തീരാത്തവിഷം എതുണ്ടു്! ഗോവിന്ദ! ഗോവിന്ദ! എന്നു ജപിച്ചു് തിന്നുകൊള്ളുക."

എല്ലാവരും ഏകസ്വരത്തിൽ 'ഗോവിന്ദ! ഗോവിന്ദ' എന്നുജപിക്കയായി. പിന്നെ ചൈതന്യദേവൻ അവിൽവാരി ഭക്ഷിക്കു

വാൻ പുറപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ ഭക്തിയും വിശ്വാസവും കണ്ടു് അത്ഭുതപരതന്ത്രരായിത്തീൎന്ന ബുദ്ധന്മാർ ചൈതന്യദേവന്റെ കാല്ക്കൽ വീണു് ഇങ്ങിനെ അപേക്ഷിച്ചു:—"സ്വാമി! ഞങ്ങൾക്കു മാപ്പുതരണം. അവിടുന്നു് ഈ പലഹാരം തൊട്ടുപോകരുതു്. അതു വിഷം കലൎത്തപ്പെട്ടതാണു്." തൽക്ഷണംതന്നെ അതു് അവിടെനിന്നു നീക്കപ്പെടുകയും വേറെ പുതിയ അവിൽ കൊണ്ടുവരപ്പെടുകയുമാണുണ്ടായതു്. ഗോവിന്ദനാമോച്ചാരണത്തോടുകൂടി അവരെല്ലാം ആ അവിൽ ഭക്ഷിച്ചു. അന്നുതന്നെ ആ ബുദ്ധഭക്തന്മാർ ചൈതന്യദേവന്റെ അനുയായികളായിത്തീൎന്നു എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ചൈതന്യദേവനു് ഇപ്പോൾ നാല്പത്തിയെട്ടു വയസ്സു പ്രായമായിരിക്കുന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികസ്ഥിതി അതിന്റെ അത്യുച്ചാവസ്ഥയെ പ്രാപിച്ചിരിക്കുന്ന കാലമാണിതു്. ഇക്കാലത്തു് ഒരിക്കൽ ഈ ഹരിഭക്തജനാവതംസം നാരായണനെ കാണുവാനായി കീൎത്തനങ്ങളും ചൊല്ലിക്കൊണ്ടു സമുദ്രത്തിൽ ഇറങ്ങി പോകുവാൻ പുറപ്പെട്ടിട്ടുണ്ടു്. ശിഷ്യവൎഗ്ഗം വളരെയെല്ലാം പണിപ്പെട്ടാണു് അദ്ദേഹത്തെ അതിൽനിന്നും വിരമിപ്പിച്ചതു്. മറെറാരു അവസരത്തിൽ ഈശ്വരനെ നേരിട്ടു കാണുവാൻവേണ്ടി ആ ഭക്തിഭ്രാന്തൻ തന്റെ തലയെ, ജഗന്നാഥക്ഷേത്രത്തിലെ കരിങ്കൽസ്തംഭങ്ങളോടുചേൎത്തു് അടിക്കുകയുണ്ടായിട്ടുണ്ടു്. "സ്തംഭത്തിൽ ഘട്ടനംചെയ്തപ്പോൾ അങ്ങു് ഹിരണ്യന്റെമുമ്പിൽ പ്രത്യക്ഷനായില്ലേ! പിന്നെ ഭക്തന്റെ മുമ്പിൽ എന്തുകൊണ്ടു പ്രത്യക്ഷനാകുന്നില്ല" എന്നു ചോദിച്ചുകൊണ്ടായിരുന്നു ഈ ദാരുണകൃത്യം ചെയ്തുകൊണ്ടിരുന്നതത്രേ. മാൎഗ്ഗം കുണ്ടാണെന്നോ സമയം രാത്രിയാണെന്നോ ഇരുട്ടാണെന്നോ ഉള്ള വിവേകം ഒന്നും കൂടാതെ, ചൈതന്യദേവൻ തന്റെ ഭജനസംഘത്തോടുകൂടി ആടിയും പാടിയുംകൊണ്ടു് എങ്ങും നടക്കുക പതിവായി. ഇങ്ങിനെ സഞ്ചരിക്കുന്നതിനിടയിൽ ഒരിക്കൽ അദ്ദേഹത്തിന്റെ കാൽവിരൽ ഒരു ചുടുകട്ടമേൽതട്ടി അല്പം വ്രണപ്പെട്ടുപോയി. ആ വ്രണത്തിൽകൂടെ രക്തത്തിൽ കലൎന്ന വിഷമായിരുന്നുവല്ലോ ആ ഭക്തോത്തമനായ ലോകഗുരുവിന്റെ നിൎയ്യാണത്തിനു കാരണമായിത്തീൎന്നതു്.

ഗുരുവൎയ്യൻ മരണശയ്യയിൽ നിപതിച്ചിരിക്കുകയാണു് അപ്പോൾ ഒരു അന്തേവാസി ചോദിക്കുന്നു:—"തിരുമേനി! അങ്ങു് ഇങ്ങിനെ മരണഭയമില്ലാത്തവനായിരിക്കുന്നതു് എന്താണു്?" എന്നു്. അതിനു് ശ്രീ ചൈതന്യദേവൻ:—"വെള്ളം ശേഖരിച്ചു സൂക്ഷിച്ചു വെയ്ക്കുവാനാണു കുളം ഉണ്ടാക്കുന്നതു്. അതുപോലെതന്നെ ശരീരം ഈശ്വരാനുഭൂതിക്കായിട്ടുമാകുന്നു. വെള്ളമില്ലാത്ത കുളവും ഈശ്വര

സാക്ഷാല്ക്കാരമില്ലാത്ത ശരീരവും വെറുതേ. എന്റെ പ്രിയപ്പെട്ട ശിഷ്യന്മാരേ! അതുകൊണ്ടു നിങ്ങൾ മരണഭീതിയില്ലാത്തവരായിരിക്കുക. ഭീരുത്വം അസാമൎത്ഥ്യത്തിന്റെ അടയാളമാണ്. ബ്രാഹ്മണൻ മുതൽ ചണ്ഡാളൻവരെയുള്ളവൎക്കെല്ലാം ശ്രീകൃഷ്ണഭക്തി ഉപദേശിച്ചുകൊടുക്കുവിൻ. ആരുദോഷങ്ങളെയും ഉപേക്ഷിക്കണം. ഭാവിയെപ്പററി ചിന്തിക്കുകയേ അരുതു്. എന്തുവേണമെങ്കിലും വന്നുകൊള്ളട്ടെ. ക്ഷണഭംഗുരമായ ഈ ശരീരത്തെ കാൎയ്യമാക്കരുതു്. ശാശ്വതമായ ജീവിതത്തെ പ്രദാനംചെയ്യുന്ന ഗോവിന്ദനെത്തന്നെ ശരണംപ്രാപിച്ചുകൊള്ളുക"

ഇങ്ങിനെ ഉപദേശിച്ചുകൊണ്ടു് ആ ലോകദീപം പൊലിഞ്ഞുപോയി.

---

## ൩൦. ഈശ്വരന്റെ കളി.

---

ബലരാമൻ എന്നു പേരായ ഒരു ഹിന്ദു, തന്റെ ആദ്ധ്യാത്മികഗുരുവിന്റെ സന്നിധിയിൽ ചെന്നു ചോദിക്കുകയാണ്,—"സ്വാമി! ക്ഷേത്രങ്ങൾ എല്ലാം തച്ചുടച്ചുനശിപ്പിച്ച മുസ്ലീമിങ്ങളെ നാം വെറുക്കേണ്ടതല്ലേ?" എന്നു്. അതിനു സമാധാനമായി ഗുരു ചിരിച്ചുകൊണ്ടു്:—"അല്ല; നാം വെറുക്കേണ്ടതില്ല, ദക്ഷിണേശ്വരത്തിലെ പരമഹംസനായ രാമകൃഷ്ണനു് ഉണ്ടായ ഒരു അനുഭവം ഞാൻ നിനക്കു പറഞ്ഞുതരാം. ഒരു ദിവസം അദ്ദേഹം എവിടെയോ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ, ജീൎണ്ണിച്ചുകിടന്ന ഒരു കാളീക്ഷേത്രം കണ്ടു് അദ്ദേഹത്തിനു വളരെ വ്യസനമുണ്ടായി. അന്വേഷിച്ചപ്പോൾ, പണ്ടെങ്ങാണ്ടോ മുസ്ലീമിങ്ങൾ വന്നു തല്ലിപ്പൊളിച്ചുകളഞ്ഞതാണെന്നും അതിൽപ്പിന്നെ ആരുംതന്നെ, അതിനെ പുതുക്കി പണിചെയ്യിക്കുവാൻ ശ്രമിക്കുക ഉണ്ടായില്ലെന്നും അദ്ദേഹത്തിനു മനസ്സിലായി. രാമകൃഷ്ണനു് ഇതറിഞ്ഞപ്പോൾ കഠിനമായ ദുഃഖമുണ്ടായി എന്നുമാത്രമല്ല, പരമഹംസദേവന്റെ നേത്രങ്ങളിൽനിന്നു് അശ്രുധാരമുറിയാതെ പ്രവഹിക്കുകയും ചെയ്തു. അങ്ങിനെ ദുഃഖിച്ചുകൊണ്ടു പറയുകയാണ്:—"എന്റെ അമ്മേ! അന്നു ഞാൻ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്നുവരികിൽ തീൎച്ചയായും അമ്മയുടെ ആ ദിവ്യക്ഷേത്രത്തെ രക്ഷിക്കുമായിരുന്നേനെ" എന്നു്. എളുപ്പത്തിൽ സമാധിയെ പ്രാപിക്കുന്ന സ്വഭാവത്തോടുകൂടിയവനായിരുന്ന രാമകൃഷ്ണൻ ഇങ്ങനെ പറഞ്ഞയുടനെ സമാധി പ്രാപിച്ചുകഴിഞ്ഞു. ആ അവസ്ഥയിൽ കാളി പ്രത്യക്ഷയായി അദ്ദേഹത്തോടു് ഇങ്ങിനെ ചോദിച്ചു:-

കാളി:—“അധികം ശക്തി ആൎക്കാണു്; നിനക്കോ എനിക്കോ?”
രാമകൃഷ്ണൻ:—“അവിടേയ്ക്കുതന്നെ മാതാവേ! അതിനു വല്ല സംശയവുമുണ്ടോ? അങ്ങയുടെ പരിപൂൎണ്ണശക്തിയെവിടെ? എന്റെ നിസ്സാരശക്തിയെവിടെ!”
കാളി:—“എന്നാൽ എനിക്കു് എന്റെ ക്ഷേത്രം രക്ഷിക്കണമെന്നുണ്ടായിരുന്നുവെങ്കിൽ. നിന്റെ സഹായമൊന്നുംകൂടാതെതന്നെ ഞാൻ അതു തനിയേ നിൎവ്വഹിക്കുമായിരുന്നില്ലേ? നിനക്കു് എന്തു തോന്നുന്നു?”
രാമകൃഷ്ണൻ:—“തീൎച്ചയായും രക്ഷിക്കുകതന്നെ ചെയ്യുമായിരുന്നു. എന്നാൽ അമ്മേ! അതങ്ങിനെ തല്ലിപ്പൊളിച്ചുകളയുവാൻ അമ്മ അവരെ അനുവദിച്ചതു് എന്തിനാണു്?”
കാളി:—“കാരണം മറ്റൊന്നുമല്ല ചില കുട്ടികൾ എനിക്കുവേണ്ടി വീടുകെട്ടി ഉണ്ടാക്കുന്നതും എനിക്കു് ഇഷ്ടമാണു്; വേറെ ചില കുട്ടികൾ എനിക്കുവേണ്ടി അവ പൊളിച്ചു നിരത്തുന്നതും എനിക്കു് ഇഷ്ടമാണു്”

ഇങ്ങിനെയായിരുന്നു രാമകൃഷ്ണദേവന്റെ അനുഭവം. അതുകൊണ്ടു് നീ ഈ കാരണത്താൽ മുസ്ലീമിങ്ങളെ വെറുക്കുകയൊന്നും വേണ്ട”

ഹിന്ദു:—“എന്നാൽ ഒരുക്കൂട്ടം ഭക്തന്മാരാൽ ഉണ്ടാക്കപ്പെട്ട ക്ഷേത്രങ്ങളെ അവരുടെ ശത്രുക്കളായ മറ്റൊരുക്കൂട്ടക്കാരെക്കൊണ്ടു് ഇങ്ങിനെ തല്ലിപ്പൊളിച്ചു നശിപ്പിക്കുവാൻ അനുവദിക്കുന്നതു ഒരു ഈശ്വരനും ഈശ്വരിക്കും യോജിച്ചതല്ല.”
ഗുരു:—“അല്ല; അല്ലേ? അപ്പോൾ നന്മയും തിന്മയും എല്ലാം, ഈശ്വരൻ ഭക്തന്റെ അഭിപ്രായമനുസരിച്ചു തീൎച്ചയാക്കിക്കൊള്ളണം! അല്ലേ? എന്നാൽ എന്റെ മനുഷ്യ! സ്തുതിപാഠകന്മാരായ തിരുമുമ്പിൽ സേവന്മാരുടെ വാക്കു കേട്ടു നടക്കുന്ന ഇന്നത്തെ രാജാക്കന്മാരെപ്പോലെ ഒന്നും അല്ല ഈശ്വരൻ. ആരാധിക്കപ്പെട്ട വാടിയപുഷ്പങ്ങൾ ഒന്നും ഈശ്വരൻ സൂക്ഷിക്കയില്ല. ഭക്തന്മാരുടെ സൽകൎമ്മവും അവരുടെ ദുഷ്കൎമ്മവും ഈശ്വരനു് ആവശ്യമില്ല. അവരുടെ ഉപകാരവും അപകാരവും വേണ്ടാ ഈശ്വരനു്. ഈശ്വരനു് ഈശ്വരൻതന്നെ മതി. സോമനാഥത്തിലെ ക്ഷേത്രം, കാർഡോവായിലെ പള്ളി, ജറുസലേമിലെ കോവിൽ ഇവയെല്ലാം പോകുകയാണെങ്കിൽ പൊയ്ക്കൊള്ളട്ടെ. പോകുന്നതെല്ലാം ഭക്തന്മാൎക്കേ ഉള്ളു. ഈശ്വരനു് അവയെല്ലാം ഉണ്ടായിരുന്നാലുംശരി; ഇല്ലാതിരുന്നാലും ശരി.”

# ൩൮. സർവ്വഗനായ ഈശ്വരൻ.

"സ്വാമി! നമുക്കു് ഇഷ്ടമുള്ളതെല്ലാം ഭക്ഷിക്കുന്നതിനു് എന്താ വിരോധം? ഈശ്വരൻ സർവ്വത്തിലും നിറഞ്ഞിരിക്കുന്നുണ്ടല്ലോ. അതുകൊണ്ടു് സസ്യം ഭക്ഷിക്കാമെങ്കിൽ എന്തുകൊണ്ടു് മാംസം ഭക്ഷിച്ചുകൂടാ; വെള്ളം കുടിക്കാമെങ്കിൽ എന്തുകൊണ്ടു് മദ്യം കുടിച്ചുകൂടാ; ഭാര്യയെ സ്വീകരിക്കാമെങ്കിൽ എന്തുകൊണ്ടു് വേശ്യയെ പ്രാപിച്ചുകൂടാ? എന്നിങ്ങനെ ബലരാമൻ ഒരു ദിവസം അദ്ദേഹത്തിന്റെ ഗുരുവിനോടു ചോദിച്ചു അതു കേട്ടു് ആ തപോധനൻ പറഞ്ഞതാണിതു്:—

"മകനേ! 'ഈശ്വരൻ സർവ്വത്തിലും നിറഞ്ഞിരിക്കുന്നവനാണു്' എന്നുള്ള സിദ്ധാന്തം ഖണ്ഡിക്കപ്പെട്ടിട്ടു് കാലം കുറച്ചേറെയായി. ശ്രീരാമകൃഷ്ണദേവന്റെ ആ പ്രസിദ്ധമായ ഉപദേശകഥ നീ കേട്ടിട്ടില്ലെന്നു തോന്നുന്നു. എന്നാൽ പറഞ്ഞുതരാം; കേട്ടോ—

'ജീവനുള്ള സമസ്തവസ്തുക്കളിലും ഈശ്വരൻ സ്ഥിതിചെയ്യുന്നുണ്ടു്' എന്നു് ഒരു മഹാചാര്യൻ തന്റെ ശിഷ്യന്മാരോടു് ഉപദേശിച്ചിട്ടുണ്ടായിരുന്നു. ഈ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു വെറുംമറയൻ, ഈ ഉപദേശത്തെ, അതിന്റെ യഥാർത്ഥതാത്പര്യത്തിൽത്തന്നെ വിശ്വസിച്ചുപോയി. ഒരു ദിവസം ഈ ശിഷ്യൻ മറ്റേതാനും സതീർത്ഥ്യന്മാരുമായി, ഇടുങ്ങിയ ഒരു വഴിയിൽ കൂടെ പൊയ്ക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഇവർക്കു് എതിർമുഖമായി ഒരു ആന വരുന്നതായി കാണപ്പെട്ടു. ആനക്കാരൻ 'വഴിയിൽനിന്നു മാറണേ' എന്നു് ഉറക്കെ വിളിച്ചുപറയുന്നുണ്ടു്. മറ്റുള്ളവരെല്ലാം ഇതുകേട്ടയുടനെ വഴിയിൽനിന്നു മാറി. ഇവനോടും മാറുവാനായി ഒട്ടേറെ പറഞ്ഞുനോക്കി. അവൻ കൂട്ടാക്കിയില്ല. നിങ്ങളെല്ലാം ഗുരൂപദേശത്തിൽ വിശ്വാസമില്ലാത്ത ദുഷ്ടശിഷ്യന്മാരാണു്. ഈശ്വരൻ എല്ലാററിലും ഉണ്ടെന്നു ഗുരുദേവൻ നമ്മോടു് ഉപദേശിച്ചിട്ടില്ലേ. അതു് ഒരിക്കലും അസത്യമാകയില്ല. ഈ ആനയിലും ഉണ്ടല്ലോ ഈശ്വരൻ. ഈശ്വരൻ ഉപദ്രവമൊന്നും ചെയ്കയില്ലെന്നുള്ളതും നിശ്ചയംതന്നെ. അതുകൊണ്ടു് ഈ ആനഈശ്വരനും നമ്മെ ഒന്നും ഉപദ്രവിക്കയില്ല" എന്നായിരുന്നു അവന്റെ സമാധാനം. അവൻ വഴിതെററിയില്ല, ആന അടുത്തെത്തി അവനെപിടികൂടി ഒട്ടൊക്കെ ഉപദ്രവിച്ചു. ശരീരത്തിൽ അങ്ങിങ്ങായി ഏതാനും ചില മുറിവുകളും സംഭവിച്ചു. അത്രയും ആയതിനുശേഷമേ ആനക്കാരനു് അവനെ രക്ഷപ്പെടുത്തുവാൻ സാധിച്ചുള്ളു. ആ മറയശിഷ്യൻ പിന്നെ മററുള്ളവരേയുംകൂട്ടി ഗുരുസന്നിധാന

ത്തിലേക്കുതന്നെ ചെന്നു. തനിക്കുപററിയ പരുക്കുകളെല്ലാം ഗുരുദേവനെ കാണിച്ചുകൊണ്ടു് ഇങ്ങനെ ബോധിപ്പിച്ചു:—

ശിഷ്യൻ:—"ഗുരോ! ഈശ്വരൻ സർവ്വഗനാണു്, എല്ലാററിലും നിറഞ്ഞിരിക്കയാണു് എന്നൊക്കെ അവിടുന്നു് ഉപദേശിച്ചതല്ലേ. ഞാൻ അതനുസരിച്ചു് ആ ആനയിലും ഈശ്വരത്വം വിശ്വസിച്ചുപോയി. അതുകൊണ്ടുപററിയ ആപത്താണിതു്."

ഗുരു:—"മകനേ! ആനയിൽ ഈശ്വരൻ ഉണ്ടെന്നു വിചാരിച്ചതു ശരിതന്നെ. എന്നാൽ ആനക്കാരനിലും ഈശ്വരൻ ഉണ്ടെന്നു വിശ്വസിക്കാതിരുന്നതു് എന്തുകൊണ്ടു്? നിൻെറ സതീർത്ഥ്യന്മാരിലും ഈശ്വരൻ ഉണ്ടെന്നു നീ വിചാരിച്ചില്ലല്ലോ. ആനക്കാരൻഈശ്വരൻ പറഞ്ഞതു കേൾക്കാതെ ആന ഈശ്വരനെ മാത്രം വിശ്വസിച്ചതെന്തിനു്? നിൻെറ ആപത്തിനെല്ലാം ഉള്ള കാരണം അതാണു്."

ഒരു കാൎയ്യം കേട്ടാൽ അതു ശരിയായി മനസ്സിലാക്കണം. അതിനു സാധിക്കയില്ലെങ്കിൽ, അതിനെ വിട്ടുകളയുന്നതാണു നല്ലതു്. 'മുറിവൈദ്യൻ ആളെക്കൊല്ലും' എന്നു കേട്ടിട്ടില്ലേ."

ബലരാമൻ ഗുരുവിനെ വന്ദിച്ചു മടങ്ങിപ്പോയി.

---

## ൩൯. ഗുരുവിൻെറ ആവശ്യകത.

---

ബലരാമൻ മറെറാരുദിവസം ഗുരുസന്നിധിയിൽ ചെന്നു് ഇങ്ങനെ ചോദിച്ചു:—"സ്വാമി! ഒരു ആദ്ധ്യാത്മികഗുരുവിൻെറ ആവശ്യം എന്തുണ്ടു്? അങ്ങിനെയുള്ള ഒരു ഗുരുവിനു് എന്തു ഗുണം ചെയ്യാൻ കഴിയും."

ഗുരു:—"ഇതിനെപ്പററിയും ശ്രീരാമകൃഷ്ണദേവൻ ഒരുഉദാഹരണകഥ പറഞ്ഞിട്ടുണ്ടു് ഒരു ദിവസം ഇതേ ചോദ്യംതന്നെ ഒരു ശിഷ്യൻ അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. ശ്രീരാമകൃഷ്ണദേവനും ആ ശിഷ്യനും അപ്പോൾ ഗംഗാതീരത്തു് ഇരിക്കുകയായിരുന്നു. നദിയിൽക്കൂടെ ഒരു കപ്പൽ പോകുന്നുണ്ടു്. ആ കപ്പലിൻെറ പിന്നാലെ അതിനോടുചേർത്തു് ഒരു കെട്ടുവള്ളം കെട്ടിയിട്ടിട്ടുണ്ടു്. അതിനെ തൻെറ ശിഷ്യനു കാണിച്ചുകൊടുത്തുകൊണ്ടു് ഗുരു ചോദിച്ചു:—

"ആ വള്ളം എത്ര വേഗത്തിലാണു് പോകുന്നതെന്നു നിനക്കു പറയാമോ?"

"തീച്ചയായും ആ കപ്പൽ പോകുന്ന വേഗത്തിൽത്തന്നെ. മണിക്കൂറിൽ ഏറെക്കുറെ പതിനഞ്ചു നാഴികകണ്ടുള്ള വേഗംകാണും."

"കപ്പലിനോട് കൂട്ടിക്കെട്ടിയിട്ടില്ലായിരുന്നു എങ്കിലോ?"

"കവിഞ്ഞപക്ഷം മണിക്കൂറിൽ നാലുനാഴിക."

"കപ്പലിനോടു ചേർന്നു പോകുമ്പോഴോ, അതോ തനിയേപോകുമ്പോഴോ എപ്പോഴാണു വള്ളത്തിനു അധികം രക്ഷയുള്ളതു്?"

"സംശയിക്കുവാനുണ്ടോ! കപ്പലിനോടു ചേർന്നു പോകുമ്പോൾ തന്നെ."

"ശരി," രാമകൃഷ്ണദേവൻ പറഞ്ഞു:—"ആദ്ധ്യാത്മികമാൎഗ്ഗത്തിൽ ഇദംപ്രഥമമായി കാലെടുത്തുവെക്കുന്ന ശിഷ്യൻ ആ കെട്ടുവള്ളത്തെപ്പോലെയാണു്. ആ കപ്പൽ എന്നപോലെ, ഗുരുദേവൻ അവൻെറ ഗതിയെ സുരക്ഷിതമാക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു"

ഇതുകേട്ട ബലരാമൻ: "എന്നാൽ സ്വാമി! ചില ഗുരുക്കന്മാരെക്കൊണ്ടു് ഇത്രയൊന്നും രക്ഷ ഉണ്ടാകുന്നതും ഇല്ല; അവർ ശിഷ്യന്മാരുടെ ഗതിയെ അത്രയൊക്കെ ത്വരിതപ്പെടുത്തുന്നതുമില്ല."

ഗുരു:—"അതിശയിപ്പാനെന്തുണ്ടു്! ഗുരുക്കന്മാർ പലതരത്തിലല്ലേ. കാളവണ്ടിഗ്ഗുരുക്കന്മാർ, ജഡ്ക്കാവണ്ടിഗ്ഗുരുക്കന്മാർ, മോട്ടാർവണ്ടിഗ്ഗുരുക്കന്മാർ, ഏറോപ്ലെയിൻഗുരുക്കന്മാർ, ഇലക്ട്രിക്കു് ഗുരുക്കന്മാർ, തീവണ്ടിഗ്ഗുരുക്കന്മാർ, ആവിക്കപ്പൽഗ്ഗുരുക്കന്മാർ എന്നുവേണ്ട, പിന്നോക്കം ഓട്ടുന്ന ഗുരുക്കന്മാർകൂടെ ഉണ്ടു്. അതിനാൽ ഗുരുവിനെ തിരഞ്ഞെടുക്കുമ്പോൾ നല്ലപോലെ സൂക്ഷിച്ചുകൊള്ളണം. ഗുരുവിനെ ആശ്രയിച്ചിരിക്കും നിങ്ങളുടെ പുരോഗമനം. ഗുരുവേ ഇല്ലെങ്കിൽ നിങ്ങൾ ഏകാകിയായിത്തന്നെ വഴിമുഴുവനും സഞ്ചരിക്കേണ്ടതായിവരും. ഒരു സമയം മാൎഗ്ഗമദ്ധ്യേ വീണുപോയെന്നുംവരാം; അഥവാ, പ്രാപ്യസ്ഥാനത്തു എത്തിച്ചേൎന്നില്ലെന്നുകൂടിയുംവരാവുന്നതാണു്."

---

## ൪൦. അക്ബറും പശുവും.

---

അക്ബർചക്രവൎത്തി ഒരുദിവസം തൻെറ പ്രൌഢികളും പ്രതാപങ്ങളും എല്ലാം ഓൎത്തു് തന്നെത്താൻ ഒന്നു ഞെളിഞ്ഞു. തന്നെപ്പോലെ പരമയോഗ്യനായി വേറെ ആരുംതന്നെ ഇല്ലെന്നും, തനിക്കു് അസാദ്ധ്യമായി ഒന്നുംതന്നെ ഇല്ലെന്നുംവിചാരിച്ചു് ആ രാജപ്ര

വീണനൻ, തനിക്കു ചെയ്യാൻ സാധിക്കാത്തതായി വല്ലതുമുണ്ടോ എന്നു് രാജസദസ്സിൽവച്ചു സാടോപം ചോദ്യംചെയ്തു. അതുകേട്ടു് വിദൂഷകൻ ഗിരിബാലൻ, സാദരം വായ്പൊത്തിക്കൊണ്ടു് ഇങ്ങിനെ അറിയിച്ചു:—"ഒരു കൊച്ചുകുട്ടി ആവശ്യപ്പെടുന്നതുപോലും സാധിപ്പിച്ചുകൊടുക്കുവാൻ തിരുമേനിയെക്കൊണ്ടു സാധ്യമല്ല."

അക്ബർ കോപാവിഷ്ടനായി:—"എന്തു്! ഒരു കുട്ടിയുടെ ഇഷ്ടംപോലും സാധിച്ചുകൊടുക്കുവാൻ അക്ബർചക്രവത്തി സമത്ഥനല്ലെന്നോ!"

ഗിരിബാലൻ:—"അതേ തിരുമേനി! തിരുമേനിയെക്കൊണ്ടു സാധ്യമല്ല. വേണമെങ്കിൽ നാളെത്തന്നെ ഒന്നു പരിശോധിച്ചുനോക്കിക്കൊള്ളണം. അടിയൻ കുഞ്ഞായിക്കൊള്ളാം."

അക്ബർ:—"അങ്ങിനെതന്നെ."

പിറേറദിവസം സമയമായപ്പോഴേക്കും, ചക്രവത്തിയുടെ കല്പനപ്രകാരം, ഒരു കുഞ്ഞിനു് ആവശ്യമുള്ളതും ആവശ്യപ്പെട്ടേക്കാവുന്നതുമായ സകലസാമാനങ്ങളും, ഒരു ലോഭവുംകൂടാതെ കൊട്ടാരത്തിൽ സജ്ജമാക്കിക്കഴിഞ്ഞു. വലിയ വലിയ തൊട്ടികരം നിറയെ പാലു്, കുട്ടകുട്ടയായി പലഹാരം, പെട്ടിപെട്ടിയായിപഴങ്ങരം, കെട്ടുകെട്ടായി ഉടുപ്പുകരം, ഡസൻഡസൻ കണക്കായി കളിക്കോപ്പുകരം എന്നുവേണ്ട, ഏതും എത്രയെങ്കിലും തയ്യാർ. നിശ്ചിതസമയമായി. ഗിരിബാലനെ ഒരു തൊട്ടിലിൽ കിടത്തി, ഒരു ശിശുവെ എന്നപോലെ, ചക്രവത്തിസന്നിധിയിൽ ഹാജരാക്കി.

ചക്രവത്തി:—"നിനക്കെന്തുവേണം?"

ഗിരിബാലൻ:—"ഇപ്പോരം കറന്നെടുത്ത പാലു്."

ഇതു കേട്ടു് ചക്രവത്തി "അത്രയേ വേണ്ടു" എന്നു് ചോദിച്ചുകൊണ്ടു് വിജയസൂചകമായി ഒന്നുചിരിച്ചു. ഉടനെ ഒരു ഒന്നാന്തരം പശുവെ കൊണ്ടുവന്നു് ഒരിടങ്ങഴി പാലു് അവിടെവച്ചു് കറന്നെടുത്തുകഴിഞ്ഞു.

ചക്രവത്തി:—"ഇതാ പാലു്. ഇനി എന്തു വേണം?"

"ഓ! ഈ പാലു് പശുവിൻെറ അകിട്ടിലേയ്ക്കുതന്നെ ആക്കിത്തരണം" എന്നായി ഗിരിബാലൻ, ഒരു കൊച്ചുകുട്ടി എന്നപോലെ കരഞ്ഞുംകൊണ്ടു്.

അക്ബർ വായ്മൂടി നില്പായി. അങ്ങിനെ മൗനംകൊണ്ടു് തൻെറ പരാജയത്തെ സമ്മതിക്കുകയും ചെയ്തു.

---

## ൪൨. രാജപഞ്ജരശുകം.

---

വിഖ്യാതനായ ദാസൻ, അക്ബർചക്രവത്തിയുടെകാലത്തു് മുകിലകൊട്ടാരത്തിലെ രാജഗായകനായിരുന്നു. ഈ ഗായകപ്രമാണിയുടെ ഹൃദയാവജ്ജകമായ സംഗീതമാധുരി അനുഭവിച്ചു് ആനന്ദതുന്ദിലനായിത്തീൎന്ന ചക്രവത്തി ഒരുദിവസം ആ ദിവ്യഗായകനെ നോക്കി:—“സംഗീതത്തിൽ നിന്നെ ജയിക്കുവാൻ ഇന്നു് ലോകത്തിൽ ആരും ഇല്ല” എന്നു് അരുളിച്ചെയ്തു. ഇതിനു്—“എന്നേക്കാൾ മഹാനിപുണന്മാരായി തിരുമേനിയുടെ രാജ്യത്തിൽത്തന്നെ പലരുമുണ്ടു്. അടുത്തുള്ള ഒരു ഉദാഹരണമാണു് വൃന്ദാവനത്തിലെ എന്റെ ഗുരുനാഥൻ ഹരിദാസസ്വാമികൾ” എന്നായിരുന്നു ദാസന്റെ സമാധാനം. “കേട്ടേ ഞാൻ വിശ്വസിക്കു. കേൾക്കാൻ വലിയ താല്പൎയ്യവും ഉണ്ടു്” എന്നായി അക്ബർ.

“രാജാക്കന്മാൎക്കുവേണ്ടിയൊന്നും പാടുന്ന ആളല്ല അദ്ദേഹം. തിരുമേനിക്കു് അദ്ദേഹത്തിന്റെ പാട്ടു് കേൾക്കണം എന്നുണ്ടെങ്കിൽ വേഷച്ഛന്നനായി എന്റെകൂടെ വന്നുകൊള്ളണം.” ഇതനുസരിച്ചു് ദാസന്റെ ശിഷ്യവേഷത്തിലാണു് ചക്രവത്തി പുറപ്പെട്ടതു്. രണ്ടുപേരും ഹരിദാസസന്നിധിയിൽ എത്തി. ദാസൻ തന്റെ ഗുരുനാഥനെ യഥാവിധി വണങ്ങി ഇരുന്നശേഷം, സ്വാമികളോടു്, അദ്ദേഹത്തിനു പ്രിയമുള്ള ഏതെങ്കിലും ഒരു പാട്ടു് പാടുവാനാവശ്യപ്പെട്ടു. സ്വാമികൾ ആ അപേക്ഷയെ സ്വീകരിച്ചില്ല. “ഇന്നു് എനിക്കു പാട്ടുപാടുവാൻ ഉത്സാഹം തോന്നുന്നില്ല” എന്നു് പറഞ്ഞുകൊണ്ടാണു് നിഷേധിച്ചതു്. എങ്കിലും ശിഷ്യൻ ഒരു വിദ്യയെടുത്തു. അവിടെ ഇരുന്നുകൊണ്ടു്, ഗുരുവിനു് പ്രിയമുള്ളതെന്നു് തനിക്കു് അറിയാവുന്ന ഒരു പാട്ടു് താളവും സ്വരവും മനഃപൂൎവ്വം പിഴപ്പിച്ചു് പാടുവാൻ തുടങ്ങി. അപ്പോഴേക്കും ഗുരുവിനു ദേഷ്യം വന്നുകഴിഞ്ഞു “എന്തു്! ആ ഏററവും നികൃഷ്ടമായ രാജസദസ്സിൽ പോയതോടുകൂടി, നിനക്കു് പ്രിയമായിരുന്ന ആ പാട്ടുകൂടെ ശരിക്കു പാടുവാൻ വയ്യെന്നായിപ്പോയോ? ഭയങ്കരം പതനം! കേട്ടോ, ഞാൻ പാടിക്കേൾപ്പിക്കാം. നിനക്കു് പററിപ്പോയ അധഃപതനത്തിന്റെ അഗാധത മനസ്സിലാക്കിക്കൊള്ളണം” എന്നു പറഞ്ഞുകൊണ്ടു് സ്വാമികൾ, അതേ പാട്ടുതന്നെ ഒരിക്കൽ പാടി കേൾപ്പിച്ചു. സ്വാമികളുടെ സ്വരമാധുൎയ്യവും അഗാധജ്ഞാനവും കണ്ടു് അക്ബർ അത്ഭുതപ്പെട്ടു; എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ കാല്ക്കൽ വീണു വണങ്ങി പൂജിക്കുകകൂടിയും ചെയ്തു.

അതിനുശേഷം അക്ബരും ദാസുംകൂടി അവിടെനിന്നു് ഡൽഹിയിലേയ്ക്കു പുറപ്പെട്ടപ്പോൾ—

അക്ബർ:—"നീ അതുപോലെ പാടാതിരിക്കുവാനുള്ള കാരണം എന്താണു്?"

ദാസൻ:—"കാരണം മറെറാന്നുമല്ല. ചക്രവത്തിയുടെ ഒരു പഞ്ജരശുകമാണു് ഞാൻ. അദ്ദേഹം ആവശ്യപ്പെട്ടമ്പോഴെല്ലാം ഞാൻ പാടിക്കൊള്ളണം. എനിക്കു് ഇഷ്ടമായാലും ശരി; ഇല്ലെങ്കിലും ശരി. അദ്ദേഹം അങ്ങനെയാണോ? അദ്ദേഹത്തിന്റെ യജമാനൻ അദ്ദേഹംതന്നെ അദ്ദേഹത്തിനു് വേണമെന്നു തോന്നുമ്പോഴേ അദ്ദേഹം പാടുകയുള്ളു."

---

## ൪൫. ചരിത്രം സൃഷ്ടിച്ച മുതല.

---

ആര്യാദേവി അന്തജ്ജനത്തിന്റെ ഏകസന്താനമാണു് ശങ്കരൻ; സാക്ഷാൽ ശ്രീശങ്കരാചാര്യസ്വാമികൾ. ഉണ്ണിക്കു് മൂന്നുവയസ്സു മാത്രം പ്രായമായിരുന്നപ്പോൾ പിതാവായ ശിവഗുരുനമ്പൂതിരി അന്തരിച്ചുപോയി. പിന്നെ മാതാവുതന്നെയാണു്, ശങ്കരനെ ഏററവും വാത്സല്യത്തോടുകൂടി വളത്തിക്കൊണ്ടുപോന്നതു്. ആര്യാദേവിയുടെ കണ്ണിലുണ്ണിതന്നെ ആയിരുന്നു ശങ്കരൻ. ആ മാതാവിന്റെ സവ്വാഗ്രഹങ്ങളും ആ ശങ്കരനുണ്ണിയെമാത്രം വലയംചെയ്തുനിന്നു. പലപല ആകാശക്കോട്ടകളും ആ അസ്ഥിവാരത്തിന്മേൽ ആ മാതാവു് കെട്ടിപ്പടുത്തുയത്തി.

അവരുടെ ഇല്ലത്തിനടുത്തുള്ള കാലടിക്ഷേത്രത്തിൽവച്ചാണു് ഉണ്ണി വിദ്യ ആരംഭിച്ചതു്. ഏഴുവയസ്സു പ്രായമായപ്പോൾ പതിവുപോലെ ഉപനയനം കഴിച്ചു് യജ്ഞോപവീതം ധരിച്ചു. ഒരു കൊല്ലംകൂടെ കഴിഞ്ഞു്, എട്ടുവയസ്സു പ്രായമായപ്പോഴേയ്ക്കുതന്നെ, ശങ്കരനിൽ വദ്ധമാനമായ ആദ്ധ്യാത്മികചിന്തകളുടെ പൂണ്ണലക്ഷണങ്ങൾ പ്രസ്പഷ്ടമായി കണ്ടുതുടങ്ങി. സന്ന്യാസിയാകുവാനുള്ള ആഗ്രഹം ഉണ്ണിനമ്പൂതിരി അന്നേ പുറപ്പെടുവിക്കുവാൻ തുടങ്ങിയതാണു്. "അമ്മേ! ഈശ്വരൻ ഒന്നുമാത്രമേ സത്യമായിട്ടുള്ളു അതുകൊണ്ടു് അന്യവിഷയങ്ങളിൽ സമയം വൃഥാ പാഴാക്കിക്കളയാതെ, ഞാൻ ഈശ്വരനെത്തന്നെ അന്വേഷിക്കുവാനാണു് തീച്ചയാക്കിയിരിക്കുന്നതു്" എന്നു് ഒരു ദിവസം അമ്മയോടു പറഞ്ഞു. അതു കേട്ടപ്പോൾ അമ്മ പുത്രനെ പിടിച്ചു് ആലിംഗനം ചെയ്തു്, ശിരസ്സിൽ

ചുംബിച്ചുകൊണ്ടു് പറഞ്ഞു:—"ശങ്കരാ! നീ കൊച്ചുകുഞ്ഞല്ലേ, ഇപ്പോഠംത്തന്നെ നീ സന്ന്യാസിയായി പോയാൽ പിന്നെ നിന്റെ അമ്മയ്ക്കു് സഹായി ആരുണ്ടു്. വിവാഹം ചെയ്തു്, സന്താനങ്ങളെ ജനിപ്പിച്ചശേഷം പ്രായമാകുമ്പോഠം—അന്നും നിനക്കു് ഈ ആഗ്രഹംതന്നെ നിലനില്ക്കുന്നപക്ഷം—സന്ന്യസിക്കുകയാണു വേണ്ടതു്. ആദ്യം ബ്രഹ്മചര്യ്യം, പിന്നെ ഗാർഹസ്ഥ്യം, മൂന്നാമതായി വാനപ്രസ്ഥം, അവസാനത്തിൽ സന്ന്യാസം എന്നിങ്ങനെ നാലു് ആശ്രമങ്ങളാണല്ലോ ബ്രാഹ്മണക്കു് വിധിച്ചിട്ടുള്ളതു്."

ഉണ്ണി:—"അമ്മേ! ഞാൻ ഒരു സാധാരണഹിന്ദുവാണെന്നല്ല എനിക്കുതോന്നുന്നതു്. ഈശ്വരനു് അർപ്പിക്കപ്പെട്ട ഒരുവനെപ്പോലെ ഇരിക്കുന്നു ഞാൻ. സ്വപ്നങ്ങളിൽ ഈശ്വരൻ എന്നെ എന്നും വിളിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു ഞാൻ സന്ന്യസിച്ചേ മരിയാവൂ. അമ്മ എന്നെ സന്ന്യസിക്കുവാൻ അനുവദിക്കണം."

ആര്യ്യാദേവി:—"ഞാൻ മരിക്കുമ്പോഠം എന്നെ ദഹിപ്പിക്കുവാൻ ആരുണ്ടു്? എന്റെ ഉദകക്രിയാദികഠം ചെയ്യാൻ എനിക്കു് ആരുണ്ടു്? എന്റെ ഓമനക്കുഞ്ഞേ! ഞാൻ ഇതിനെല്ലാം നിന്നെയാണല്ലോ കരുതിയിരുന്നതു്. ഒരു സന്ന്യാസിക്കു് ഇതൊന്നുംചെയ്യാൻ പാടുള്ളതല്ലല്ലോ."

ഉണ്ണി:—"അമ്മേ! അതെല്ലാം ഞാൻ ചെയ്തുകൊള്ളാം. എന്റെ വാക്കിനെ വിശ്വസിച്ചുകൊള്ളുക. ഇനിയും എനിക്കു് അനുമതി തന്നുകൂടേ?"

ആര്യ്യാദേവി പിന്നെയും നിഷേധിച്ചതേ ഉള്ളൂ. പുത്രൻ ദിവസേന അപേക്ഷയെ പുതുക്കുകയും, മാതാവു് അപ്പോഴെല്ലാം ഉപേക്ഷിക്കുകയും പിന്നീടു് ദിവസേന പതിവായിത്തീർന്നു.

അല്പം മാസങ്ങഠംക്കുശേഷം ഒരുദിവസം ആര്യ്യാദേവിയും ശങ്കരനുംകൂടി, ഇല്ലത്തിനടുത്തുള്ള ആലുവാനദിയിൽ സ്നാനത്തിനു പോയി. ധാരാളം മുതലകളുള്ള ഒരു നദിയാണു് അതു്. ഇവർ കുളിക്കുവാൻ ചെന്നിറങ്ങിയപ്പോഠം, ഒരു മുതല മെല്ലെ വന്നു് ശങ്കരനേയും തട്ടിക്കൊണ്ടു് പുഴയുടെ മദ്ധ്യത്തിലേയ്ക്കു പോയി. അമ്മ അവിടെ കിടന്നു് നെഞ്ചത്തടിച്ചു് നിലവിളിച്ചതുകൊണ്ടൊന്നും ഒരു പ്രയോജനവും ഉണ്ടായില്ല. മുതല ശങ്കരനെ പൊക്കിപ്പിടിച്ചെടുത്തുകൊണ്ടു പോകുന്നതു് മാതാവു കാണുന്നുണ്ടു്. നിവൃത്തി എന്താ! ഉണ്ണി കൈമോശം വന്നുപോയതായിത്തന്നെ അന്തർജ്ജനം തീർച്ചയാക്കി. "അമ്മേ! ഇപ്പോഴെങ്കിലും എനിക്കു് സന്ന്യസിക്കുവാൻ സമ്മതം തരുമോ. ഞാൻ ഒരു സന്ന്യാസിയായിമരിക്കുകയെങ്കിലും ചെയ്യട്ടെ" എന്നു് നക്രഗ്രസ്തനായ ശങ്കരൻ നിലവിളിച്ചു ചോദിച്ചു.

വ്യസനാക്രാന്തയായ മാതാവു് സമ്മതിക്കാതിരുന്നതുകൊണ്ടു് പ്രയോജനമെന്താ.

തൽക്ഷണംതന്നെ ശങ്കരൻ വേണ്ട മന്ത്രങ്ങൾ എല്ലാം ജപിച്ചു് സന്യാസം വരിച്ചുകഴിഞ്ഞു. അഹോ! അത്ഭുതം! ശങ്കരൻ സന്യാസം സ്വീകരിച്ചതും, മറെറാരു നക്രം ഓടിവന്നു് ശങ്കരനെ ഗ്രസിച്ചുകൊണ്ടുപോകുന്ന നക്രത്തോടെതിർത്തതും ആ നക്രം ശങ്കരനെ വിട്ടുംവച്ചു് ഓടിക്കളഞ്ഞതും ഒന്നായിക്കഴിഞ്ഞു. ശങ്കരൻ നീന്തി കരയ്ക്കുകയറി. എന്നാൽ സന്യാസി എന്നും സന്യാസിതന്നെ. അദ്ദേഹം തൻെറ സ്വത്തെല്ലാം അമ്മയ്ക്കായി ദാനംചെയ്തുംവച്ചു് പുറപ്പെട്ടു. ലോകഗുരു, പരമഹംസ പരിവ്രാജകാചാര്യ പൂജ്യപാദ ശ്രീമത് ശങ്കരാചാര്യസ്വാമികളുടെ ദിഗ്വിജയചരിത്രം സുപ്രസിദ്ധമായതാണല്ലൊ. ഈ യാത്രയിലാണു് ആ ലോകാചാര്യൻ ഹിന്ദുമതത്തെ ശുദ്ധിചെയ്തു പുതുക്കിയതും വിസ്തൃതമാക്കിയതും. മുതല ചരിത്രം സൃഷ്ടിച്ചതും, ഹിന്ദുമതത്തെ അതിൻെറ പുരോഗമനത്തിൽ സഹായിച്ചതും ഇങ്ങനെയാണു്. ഹിന്ദുവിനു് മുതല ഇന്നും ദിവ്യജന്തുവായിരിക്കുവാനുള്ള കാരണവും ഇതുതന്നെ. വടക്കു് പുഷ്കരം തുടങ്ങി തെക്കു് കന്യാകുമാരിവരെ, ഇന്ത്യ മുഴുവനും ഇന്നു് ഹിന്ദുക്കൾ മുതലയെ ദിവ്യജന്തുവായിത്തന്നെ കരുതി പൂജിച്ചുവരുന്നുണ്ടു്.

---

## ൪൩. അമ്മയെ ത്യജിച്ചുകൂടാ.

---

കാലക്രമേണ ശങ്കരസന്യാസി, പരമഹംസപരിവ്രാജകാചാര്യനായിത്തീൎന്നു. അദ്ദേഹത്തിൻെറ ഖ്യാതി ദിക്കെങ്ങും പരന്നു. ഹിമവൽസേതുപര്യന്തം സ്വാമികൾ പലതവണ സഞ്ചരിച്ചു. ഇങ്ങിനെയിരിക്കെ ശൃംഗേരിയിൽ ഒരു മഠം സ്ഥാപിച്ചു് അവിടെ തൻെറ ശിഷ്യസഞ്ചയത്തോടുകൂടി വിശ്രമിക്കുന്ന കാലത്താണു്, മാതാവായ ആര്യാദേവിഅന്തൎജ്ജനം, കാലടിയിൽ ആസന്നമരണയായി കിടക്കുന്നു എന്ന വിവരം അദ്ദേഹം അറിഞ്ഞതു്. അവസാനകാലത്തു് താൻ ഒന്നിച്ചു് ഇരുന്നുകൊള്ളാം എന്നും മരണാനന്തരം ശേഷക്രിയാദികൾ നടത്തിക്കൊള്ളാമെന്നും അമ്മയോടു വാഗ്ദാനം ചെയ്തിട്ടുള്ള വിവരം ആചാര്യസ്വാമികൾ ഓൎത്തു. ഒരു സന്യാസിക്കു് ചെയ്യാവുന്നവയല്ല അവ എങ്കിലും സ്വാമികൾ കാലടിയിലേയ്ക്കു പോകുവാൻതന്നെ തീൎച്ചയാക്കി. ശിഷ്യന്മാരെയെല്ലാം ശൃംഗേരിയിൽ വിട്ടു്, ഏകാകിയായിട്ടാണു് തെക്കോട്ടു പുറപ്പെട്ടതു്. "അമ്മയെ തനിയേ ചെന്നു

കണ്ടാൽ മതി. ഇതുവരെ കേരളത്തിൽ ശിഷ്യന്മാർ ആരുംതന്നെ ഉണ്ടായിട്ടില്ല" എന്നു് അദ്ദേഹം പറഞ്ഞു.

ആചാര്യസ്വാമികൾ കാലടിയിൽ എത്തിക്കഴിഞ്ഞു അദ്ദേഹത്തിൻെറ പൂർവ്വാശ്രമബന്ധുക്കളും കേരളബ്രാഹ്മണരും ആയ നമ്പൂതിരിമാർ സ്വാമികളുടെ മാഹാത്മ്യത്തെപ്പററി ഒന്നുംതന്നെ കേട്ടിരുന്നില്ല. സന്ന്യാസിയുടെ കാഷായവസ്ത്രത്തിലുള്ള അദ്ദേഹം അമ്മയുടെ കാല്ക്കൽ വീണു് നമസ്കരിക്കുന്നതും, പാദംതൊട്ടു ശിരസ്സിൽവയ്ക്കുന്നതും ആ നമ്പൂതിരിമാർ കണ്ടു. അതു് അവൎക്കു് ഒട്ടും തന്നെ പിടിച്ചില്ല

"സന്ന്യാസിക്കു് വല്ലവരുടേയുംമുമ്പിൽ നമസ്കരിക്കാമോ? ഈ കാഷായക്കാരൻ പെണ്ണിൻെറ മുമ്പിൽ നമസ്കരിക്കുന്നതു കണ്ടില്ലേ? എന്തൊരു അസംബന്ധമാണു് ഈ കാണിച്ചതു്?" എന്നായി അവർ.

"ഒരു പുത്രനു് അമ്മയുടെ പാദത്തേക്കാൾ ശ്രേഷ്ഠമായി ലോകത്തിൽ യാതൊന്നുംതന്നെ ഇല്ല" എന്നു് അതിനു് ശങ്കരാചാര്യൻ സമാധാനം പറഞ്ഞു.

"ഇതു് നിൻെറ പുതിയ മതമാണോ?" എന്നു അവർ വീണ്ടും ചോദിച്ചു.

"അല്ല; ഇതു് എൻെറ പുതിയ മതമൊന്നും അല്ല. എല്ലാ മതങ്ങളിലുംവച്ചു് പുരാതനമായ വേദാന്തമതത്തിലെ മതമാണിതു്. "മാതാ പ്രത്യക്ഷദൈവതം" എന്ന ആപ്തവചനമെങ്കിലും നിങ്ങൾ കേട്ടിട്ടില്ലേ?" എന്നു് ശങ്കരൻ സമാധാനിച്ചു.

"ഞങ്ങൾക്കു നിൻെറ ആപ്തവാക്യങ്ങൾ ഒന്നും കേൾക്കണ്ട. നീ ഒരു യഥാൎത്ഥസന്ന്യാസിയാണെങ്കിൽ സന്ന്യാസത്തിൻെറ വിധികൾ എല്ലാം അനുസരിച്ചിരിക്കണം ന്യാസമൊന്നും കൂടാതെ, കേവലം സന്ന്യാസിയുടെ വേഷം കെട്ടിയിരിക്കുകമാത്രമാണെങ്കിൽ, അതിനു നിന്നെ കഠിനമായി ശിക്ഷിച്ചേമതിയാകൂ" എന്നു പറഞ്ഞുകൊണ്ടു് അവർ എല്ലാം ഇല്ലംവിട്ടു് ഇറങ്ങിപ്പോയി ആര്യാദേവിക്കു് ഇതത്ര സുഖമായില്ല. അതിനാൽ "ഉണ്ണി! അവരെ മുഷിപ്പിക്കരുതു്" എന്നും മററും ആ മാതാവു പുത്രനോടുപദേശിച്ചുനോക്കി.

"അമ്മേ!" അതുകേട്ടു ശങ്കരാചാര്യർ പറയുകയാണു്, "ഞാൻ ആരേയും മുഷിപ്പിക്കുകയില്ല എന്നാൽ അറിവില്ലാത്തവരെ സ്തുതിക്കുകയോ, ഒത്തതിനുമൂളി സേവപിടിക്കുകയോ ഞാൻ ചെയ്കയില്ല. ഇതിനെപ്പററി അമ്മ ഒന്നും വിചാരിക്കുകയേവേണ്ട. ഞാൻ നോക്കിക്കൊള്ളാം."

അതുകേട്ടു് അമ്മ—"മകനേ! നീ ഒരു സന്ന്യാസി ഞാനോ, നിൻെറ അമ്മ, ഇതാ മരിക്കാറായും ഇരിക്കുന്നു. എനിക്കാണെങ്കിൽ

ഈ മതസിദ്ധാന്തങ്ങളെപ്പററി ഒന്നും ഒരു ബോധവും ഇല്ല. അതി നാൽ അതിലെ ആദ്ധ്യാത്മികതത്വരത്നങ്ങളെ എനിക്കു് ഉപദേശി ച്ചുതരണം"

ആചാൎയ്യസ്വാമികൾക്കു് ഇതുകേട്ടപ്പോൾ തെല്ല വ്യസനം തോന്നാതിരുന്നില്ല. അദ്ദേഹം തൻെറ ശുഷ്കാൽശുഷ്കതരമായ അദ്വൈതവേദാന്തം അമ്മയ്ക്കു് ഉപദേശിച്ചുനോക്കി; പക്ഷേ അതി നെ ധരിക്കുവാൻ അവരെക്കൊണ്ടു സാധിച്ചില്ലെന്നേയുള്ളു. ആചാ ൎയ്യസ്വാമികൾ അതറിഞ്ഞു തൻെറസുപ്രസിദ്ധമായ 'ശിവഭുജംഗം' ഉണ്ടാക്കി അമ്മയെ ചൊല്ലിക്കേൾപ്പിച്ചു. അപ്പോൾ "മകനേ!" അമ്മ പറയുകയാണു്, "മകനേ! ത്രിപുരാന്തകനായ പരമശിവൻ അതാ എൻെറ നേരേ വരുന്നു. എനിക്കു പേടിയാകുന്നുവല്ലോ. ധൈൎയ്യത്തോടുകൂടി പരമശിവനെ വീക്ഷിക്കുവാൻ ഈ പാപിയായ എനിക്കു ശേഷി മതിയാകുന്നില്ല"

അമ്മ ഇങ്ങനെ പറഞ്ഞതു കേട്ടപ്പോഴാണു് ആചാൎയ്യസ്വാമി കൾ തൻെറ സുപ്രസിദ്ധമായ'വിഷ്ണുഭുജംഗം'ഉണ്ടാക്കിചൊല്ലിക്കേൾ പ്പിച്ചതു്. ആൎയ്യാദേവിക്കു സന്തോഷമായി. അവർ ചിരിച്ചുകൊ ണ്ടു പറയുന്നു:—"ഇപ്പോൾ എനിക്കു സന്തോഷമായി. ലോകരക്ഷ കനായ ശ്രീവിഷ്ണുഭഗവാൻ എൻെറ അരികിലേയ്ക്കു വരുന്നതായി ഞാൻ കാണുന്നു ആ കരുണാവാരിരാശി--കോമളകളേബരൻ— എന്നെ വിളിക്കുന്നതുമുണ്ടു്. ഞാൻ സന്തോഷത്തോടുകൂടി പൊ യ്ക്കൊള്ളാം. ഇപ്പോൾ യാത്രപറഞ്ഞുകൊള്ളട്ടെ. ഞാൻ മരിച്ച ശേഷം നീ എന്നെ ദഹിപ്പിക്കുകയും വേണ്ട ശേഷക്രിയാദികളെല്ലാം ചെയ്യുകയും വേണം."

ആ മഹാഭാഗ്യവതിയായ ആൎയ്യാദേവി ദിവംഗതയായി. ആചാ ൎയ്യസ്വാമികൾ തൻെറ ബന്ധുജനങ്ങളെയെല്ലാം വരുത്തി, അമ്മ യുടെ മരണവൃത്താന്തം അറിയിച്ചുംകൊണ്ടു്, മൃതശരീരത്തെ ശ്മശാന ത്തിലേയ്ക്കു് എടുത്തുകൊണ്ടുപോകുന്നതിലും, അവിടെവച്ചു സംസ്ക രിക്കുന്നതിലും തന്നെ സഹായിക്കണമെന്നു് അവരോടപേക്ഷിച്ചു. ആ അല്പബുദ്ധികൾ അതൊന്നും കേട്ടില്ല. "ഒരു സ്ത്രീയുടെ മുമ്പിൽ നമസ്കരിച്ചതുകൊണ്ടുതന്നെ നീ സന്യാസനിയമത്തെ അതിലംഘി ച്ചു കഴിഞ്ഞിരിക്കുന്നു. ആ ശവശരീരത്തെ തൊടുവാൻകൂടെ നി നക്കു് അധികാരമില്ല. ലൌകികങ്ങളായ സമസ്തബന്ധങ്ങളേയും ഭേദിച്ചവനാണു സന്യാസി. അവനു പിന്നെ അച്ഛനെന്നോ, അമ്മ യെന്നോ, സഹോദരനെന്നോ, സഹോദരിയെന്നോ, പുത്രനെന്നോ, പുത്രിയെന്നോ ഒന്നുമില്ല എല്ലാം ഏകമയം. അതിനാൽ ആ സ്ത്രീയെ ദഹിപ്പിച്ചു ദുഷ്കീൎത്തി ആൎജ്ജിക്കരുതു്. ഞങ്ങളെ എല്ലി

ച്ചാൽ, ആ ഭാരം ഞങ്ങൾ വഹിച്ചുകൊള്ളാം" എന്നു് അവർ പറഞ്ഞു.

"അതുപാടില്ല. അമ്മയെ ഞാൻതന്നെ ദഹിപ്പിച്ചുകൊള്ളാമെന്നു പണ്ടേ ഏററതാണു്. മാത്രമല്ല, അങ്ങിനെതന്നെ ചെയ്യണം എന്നു് അവർ, അന്തിമശ്വാസത്തിൽക്കൂടെ എന്നോടു് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു. അമ്മയുടെ ശാസനം ഈശ്വരാജ്ഞതന്നെയാണു്. എല്ലാം ത്യജിച്ചാലും പെററഅമ്മയെ ഒരിക്കലും ത്യജിക്കാവുന്നതല്ല" എന്നു ശങ്കരാചാര്യർ സിദ്ധാന്തിച്ചതു കേട്ടപ്പോൾ അവൎക്കു ദേഷ്യമാണുണ്ടായതു്.

"കള്ളസ്സന്ന്യാസി അവിടെ മിണ്ടാതിരി. അതൊന്നും ഞങ്ങൾക്കു കേൾക്കണ്ട. ഞങ്ങളെക്കൊണ്ടു സഹായമൊന്നും ഉണ്ടാകുകയും ഇല്ല. നീ നിന്റെ ഇഷ്ടംപോലെ നടന്നുകൊള്ളണം; ആരു വേണ്ടെന്നുപറയുന്നു!" എന്നെല്ലാം പറഞ്ഞുകൊണ്ടു് അവരെല്ലാം ഇറങ്ങിപ്പോയി.

ഇതെല്ലാം കണ്ടുംകേട്ടും ശങ്കരനു തരിമ്പും ക്രുസൽ ഉണ്ടായില്ല. അദ്ദേഹം തനിയേതന്നെ ശവദാഹം നിർവ്വഹിക്കുവാൻതീർച്ചയാക്കി. ശവം എടുത്തുകൊണ്ടുപോകുന്ന കാൎയ്യത്തിൽമാത്രമേ അല്പം വിഷമം തോന്നിയുള്ളൂ. അതു് അദ്ദേഹത്താൽത്തന്നെ സാധിക്കുന്ന കാൎയ്യമാണോ! മററാരും സഹായിക്കുവാനില്ലെങ്കിൽ നിവൃത്തിയെന്താ! ശവത്തെ ഖണ്ഡം ഖണ്ഡമായി ഖണ്ഡിക്കാമെന്നുതന്നെ അദ്ദേഹം ഉറച്ചു. ദൂരത്തുള്ള ശ്മശാനത്തിലേയ്ക്കു് ഈ കഷ്ണങ്ങൾ പെറുക്കിക്കൊണ്ടുപോകുന്നതു വിഷമം. അതിനാൽ ഇല്ലപ്പറമ്പിൽ, തെക്കേ അററം, ഒഴിഞ്ഞ ഒരു മൂലയിൽത്തന്നെ ശവദാഹം നടത്തുന്നതിനു വേണ്ട ഏൎപ്പാടുകൾ എല്ലാം ചെയ്തു. അവിടെ സ്വന്തകൈകൾകൊണ്ടുശേഖരിച്ചുകൊണ്ടുവന്ന കാഷ്ഠങ്ങൾകൊണ്ടു നല്ലൊരു ചിതതീൎത്തു് മാതൃശവത്തെ നാലായി ഖണ്ഡിച്ചു്, ഓരോ കഷണത്തേയും വെവ്വേറെ എടുത്തുകൊണ്ടുപോയി ദഹിപ്പിക്കുകയാണു ചെയ്തതു്. ഇതുകണ്ടു്, ഭയവിഹ്വലനായിത്തീൎന്ന ഒരു ബന്ധുനമ്പൂതിരി—"അയ്യോ! അമ്മയെ കൊത്തിമുറിച്ചതു വലിയ കഷ്ടമായിപ്പോയില്ലേ?" എന്നു ചോദിക്കുകയുണ്ടായി അതിനു് ആചാൎയ്യസ്വാമികൾ പറഞ്ഞ സമാധാനം ഇങ്ങിനെ ആയിരുന്നു:—"എന്തൊരസംബന്ധമാണു് ഈ പറയുന്നതു്! ജീവൻ പോയിക്കഴിഞ്ഞാൽ പിന്നെ ശരീരം ഒരു വെറും ജഡപദാൎത്ഥം മാത്രമല്ലയോ? ദഹിപ്പിക്കാമെങ്കിൽ അതിനെ ഛേദിച്ചാലെന്താണു്? ദഹിപ്പിക്കുന്നതിൽ കഷ്ടമാണോ ഛേദിക്കുന്നതു്?"

തദനന്തരം ശേഷക്രിയാദികളെല്ലാം നിർവ്വഹിച്ചു തന്റെ പരിവ്രാജകവൃത്തിയെത്തന്നെ തുടരുവാനായി, ആചാൎയ്യസ്വാമി

കരം ശൃംഗേരിയിലേയ്ക്കു മടങ്ങി. പിന്നീടു വളരെക്കഴിഞ്ഞു, സർവ്വജ്ഞപീഠം കയറി, ഹിന്തുമതത്തിൻെറ മഹാചാര്യനായി പരിണമിച്ചശേഷം, രാജാക്കന്മാർ അഹമഹമികയാ മുന്നോട്ടുവന്നു പൂജിക്കുന്നതിൽ അന്യോന്യം മത്സരിക്കുവാൻ തുടങ്ങിയതിനുശേഷമാണു്, കേരളത്തിലെ രാജാവു്, നമ്പൂതിരിമാരുടെയെല്ലാം പൂർണ്ണസമ്മതത്തോടുകൂടി സ്വന്തം പുരയിടങ്ങളിൽത്തന്നെ ശവദാഹം നടത്തുന്ന സമ്പ്രദായം കേരളത്തിലെ ഒരു ആചാരമായി സ്വീകരിച്ചതു്.

ഇതുകഴിഞ്ഞു് ഇപ്പോഴേയ്ക്കു് കൊല്ലം ആയിരത്തിഒരുന്നൂറായി. എങ്കിലും ഈ സമ്പ്രദായം കേരളത്തിൽ ഇന്നും നടന്നുവരുന്നുണ്ടു്.

---

## ൪൪. അധർമ്മിക്കാപത്തു്.

---

ആചാര്യസ്വാമികൾ ഭാഷ്യങ്ങൾ എല്ലാം നിർമ്മിച്ചു്, തൻെറ അദ്വൈതസിദ്ധാന്തം പ്രഖ്യാപനംചെയ്തുകഴിഞ്ഞിരിക്കുന്നു. അതോടുകൂടി തൻെറ ജീവിതോദ്ദേശ്യം നിർവ്വഹിക്കപ്പെട്ടതായി അദ്ദേഹത്തിനുതോന്നി. അതിനുപുറമേ അതികഠിനമായ അർശോരോഗം നിമിത്തം അത്യന്തം കഷ്ടപ്പെട്ടുന്ന കാലവുമാണു്. ഈവക കാരണങ്ങളാൽ സ്വാമികൾ ലോകംതന്നെ ഏതാണ്ടു വെറുത്ത മട്ടിലായിരിക്കുന്നു.

നവരാത്രിക്കാലം; സ്വാമികൾ ദക്ഷിണഖണ്ഡത്തിലാണു്. ഒരുദിവസം സ്വാമികൾ അദ്ദേഹത്തിൻെറ ശിവഭുജംഗവും, വിഷ്ണുഭുജംഗവും പാടി ആനന്ദമഗ്നനായിരിക്കുന്ന അവസരത്തിൽ, 'തൻെറ സ്വാധീനത്തിൽ ഉള്ളതെന്തും ആർക്കും എപ്പോഴും കൊടുക്കുവാൻ തയ്യാറാണു്"എന്നു് അദ്ദേഹം പരസ്യമായി പ്രസ്താവിക്കുകയുണ്ടായി.

അന്നു വൈകുന്നേരം സ്വാമികൾ ഏകാകിയായി അയൽപ്രദേശത്തു് ഉലാത്തിക്കൊണ്ടിരുന്നപ്പോൾ ഒരു കാപാലികൻ സ്വാമിയെ സമീപിച്ചു് ഇങ്ങിനെ അറിയിച്ചു:—

കാപാലികൻ:—"സ്വാമി! അവിടുത്തെ ശിരസ്സു് എനിക്കുതരണം. എൻെറ കാളിക്കു ബലികൊടുക്കുവാനാണു് സ്രവിച്ചുകൊണ്ടിരിക്കുന്ന രക്തത്തോടുകൂടി അങ്ങയുടെ ഉത്തമാംഗം ദേവിക്കു ബലികൊടുത്താൽ ദേവി എന്നിൽ പ്രസാദിച്ചു സർവ്വാഭീഷ്ടങ്ങളും ദാനം ചെയ്യും."

ശങ്കരൻ:—"സഹോദര! അത്തരം ബലികൾവിധിനിഷിദ്ധങ്ങളുംഹീനങ്ങളും ആകുന്നു. ആവക അധർമ്മങ്ങൾ ഒന്നും ചെയ്യരുതു്."

കാപാലികൻ:—"അങ്ങയുടെ അഭിപ്രായമല്ലേ അതു്. എൻേറതല്ലല്ലോ. ഒരു ഉത്തമബ്രാഹ്മണനെ ബലികഴിക്കുന്നതുകൊണ്ടു് സർവ്വാഭീഷ്ടങ്ങളുംസാധിക്കും എന്നാണു് എൻെറവിശ്വാസം. അതു് എങ്ങിനെ ആയാലും ഞാൻ അങ്ങയോടു് ഉപദേശമല്ലല്ലോ അൎത്ഥിച്ചതു്; അങ്ങയുടെ ശിരസ്സല്ലേ. സമ്മതമാണെങ്കിൽ തരണം; അല്ലെങ്കിൽവേണ്ട"

ശങ്കരൻ:—"സമ്മതമോ അസമ്മതമോ, അക്കാൎയ്യം ഇരിക്കട്ടെ മനുഷ്യജന്മം സിദ്ധിച്ചിട്ടും, ജന്മസിദ്ധി വരുത്തുവാൻഉദ്ദേശിക്കാതെ, കേവലം ക്ഷണഭംഗുരങ്ങളായ ഐഹികസുഖങ്ങളെ, സ്വാൎത്ഥപ്രതിപത്തിമൂലം, തെണ്ടിനടക്കുന്നവനേക്കാൾ മഠയനായി ലോകത്തിൽ മററാരാനും ഉണ്ടോ? ഈ ഭൌതികസുഖാനുഭവത്തിനുള്ള നിൻെറ സ്വാൎത്ഥപ്രേമം നീ ഉപേക്ഷിച്ചാലും"

കാപാലികൻ:—"ഒരുവൻെറ ബന്ധമോചനം അവനെക്കൊണ്ടുതന്നെയല്ലാതെ മറെറാരുവനെക്കൊണ്ടു വരുത്താവുന്നതല്ല എന്നു് അങ്ങുതന്നെ പറയാറില്ലേ? അതിനാൽ എൻെറ ബന്ധമോക്ഷം വരുത്തുവാൻ, ഞാൻതന്നെ വിചാരിച്ചേ സാദ്ധ്യമായിത്തീരുകയുള്ളൂ. ഭൌതികസുഖാനുഭവത്തിനുള്ള ആഗ്രഹം തരണം ചെയ്യുവാൻ എനിക്കു് ഇതേവരെ സാധിച്ചിട്ടില്ല. 'മോക്ഷോപായങ്ങളിൽ പ്രധാനമായതു ഭക്തിയാണു്' എന്നു് അങ്ങയ്ക്കും പക്ഷമല്ലേ. ഞാൻ ഒരു ഭക്തനാണു്; ഒരു ഒന്നാംതരം കാളീഭക്തൻ. എന്നെ ഈ ബലിക്കു പ്രേരിപ്പിക്കുന്നതു് എൻെറ ആ ഭക്തിതന്നെയും ആകുന്നു. ജീവിതോദ്ദേശ്യം സഫലമാക്കിവച്ചിരിക്കുന്ന അങ്ങേയ്ക്കും ഇതുകൊണ്ടു ദോഷമൊന്നും വരാനില്ല. അങ്ങേയ്ക്കു മോക്ഷപ്രാപ്തി നിശ്ചയംതന്നെ. ജനനമരണസ്വരൂപമാകുന്ന സംസാരസാഗരത്തെ അങ്ങു് തരണംചെയ്തു കഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു് ഈ കഠിനരോഗംതന്നെ സഹിക്കുന്നതെന്തിനു്?

"ന മൃത്യുൎന്ന ശംകാ ന മേ ജാതിഭേദഃ
പിതാ നൈവ മേ നൈവ മാതാ ച ജന്മ
ന ബന്ധുൎന്ന മിത്രം ഗുരുൎന്നൈവ ശിഷ്യഃ
ചിദാനന്ദരൂപഃ ശിവോഹം ശിവോഹം."

"അഹം നിൎവ്വികല്പോ നിരാകാരരൂപോ
വിഭുത്വാച്ച സൎവ്വത്ര സൎവ്വേന്ദ്രിയാണാം
ന ചാസംഗതോ നൈവ മുക്തിൎന്ന മേ യ-
ശ്ചിദാനന്ദരൂപഃ ശിവോഹം ശിവോഹം."

എന്നു് അങ്ങുതന്നെ പാടുന്നില്ലേ. ആ സ്ഥിതിക്കു് എൻെറ അപേക്ഷയെ സ്വീകരിക്കുവാൻ മടിക്കേണ്ടതായ കാര്യം എന്തുണ്ടു്. അങ്ങയാൽ സാദ്ധ്യമാകുന്നതെല്ലാം അൎക്കും എന്നും കൊടുക്കുവാൻ തയാറാണെന്നു അങ്ങുതന്നെ സ്വന്തം നാക്കെടുത്തു പറഞ്ഞതല്ലേ. ഇതു് അങ്ങയാൽ സാദ്ധ്യമാകുന്നതല്ലേ ഉള്ളു. അങ്ങനെ കൊടുക്കപ്പെട്ടതായ വാഗ്ദാനത്തെ ഭേദിച്ചു് ഒരുവൻ മലമൂത്രരക്തപൂതിളിന്നമായിരിക്കുന്ന ഈ മലീമസശരീരത്തെ ഇത്ര മുറുകെ പിടിക്കേണ്ടതായ കാര്യം എന്തുണ്ടു്?"

ഇങ്ങിനെയെല്ലാം ആ കാപാലികൻ പറയുന്നതു കേട്ടു്, ശങ്കരൻ:– "ഹേ ദുഷ്ടബുദ്ധി! നീ നിൻെറ ഈവക അധൎമ്മപ്രവൃത്തികൾ മൂലം ആപൽഗൎത്തത്തിലേക്കു ദ്രുതഗമനം ചെയ്തുകൊണ്ടിരിക്കയാണു്. മാതാവു്, ഈവക ദുഷ്പ്രവൃത്തികൾ ചെയ്യാൻ ഒരിക്കലും നിന്നെ അനുവദിക്കുകയില്ല. പ്രത്യുത, നിശ്ചയമായും നിന്നെ ശിക്ഷിക്കുകകൂടിച്ചെയ്യും."

കാപാലികൻ:—"ആ കാൎയ്യം അമ്മതന്നെ തീൎച്ചയാക്കിക്കൊള്ളട്ടെ. അങ്ങയുടെ ഉപദേശമൊന്നും അമ്മയ്ക്കു് വേണമെന്നില്ല. ഞാൻ ആവശ്യപ്പെട്ടതു് അങ്ങയെക്കൊണ്ടു സാധിക്കുമെങ്കിൽ തരിക. അമ്മ ശിക്ഷിക്കുമെങ്കിൽ ആ ശിക്ഷ ഞാൻ അനുഭവിച്ചുകൊള്ളാം."

ശങ്കരൻ:—"എന്നാൽ ശരി, ഞാൻ പറഞ്ഞ വാക്കു് ഒരിക്കലും മിത്ഥ്യയായി ഭവിക്കയില്ല. സത്യത്തെക്കാൾ അധികമായി ഞാനെൻെറ ജീവനെ സ്നേഹിക്കുന്നതും ഇല്ല. രാത്രി ഞാൻ സമാധിയിൽ ഇരിക്കുമ്പോൾ അങ്ങു വന്നു വേണ്ടതു് എടുത്തുകൊണ്ടു പൊയ്ക്കൊള്ളണം. അതിനുവേണ്ട സൌകൎയ്യങ്ങൾ എല്ലാം ഞാൻ ഏൎപ്പെടുത്തിവച്ചേക്കാം."

കാപാലികനു സന്തോഷമായി; ആ മൂഢഭക്തൻ ശങ്കരനെ വണങ്ങി അവിടെനിന്നു പോകുകയുംചെയ്തു.

അതിൻശേഷം ശങ്കരൻ—

"മത്സമഃ പാതകീ നാസ്തി
പാപഘ്നീ ത്വത്സമാ നഹി
ഏവം ജ്ഞാത്വാ മഹാദേവി!
യഥാ യോഗ്യം തഥാ കുരു."

അന്നുരാത്രി, ശങ്കരാചാൎയ്യർ പതിവിനു വിരുദ്ധമായി തൻെറ ശിഷ്യന്മാരെയെല്ലാം ദൂരെ പറഞ്ഞയച്ചു്, വാതിലുകളെല്ലാം തുറന്നു മലൎത്തിവച്ചു സമാധിസ്ഥനായി. ഈ അസാധാരണസമ്പ്രദായം കണ്ടപ്പോൾ സ്വാമികളുടെ പ്രിയശിഷ്യനായ പത്മപാദനു് ഉള്ളിൽ

എന്തോ ഒരു സംശയം തോന്നി. "ഇതിൽ ഏതെങ്കിലും ഒരുരഹസ്യം ഉണ്ടാകാതെ ഇരിക്കയില്ല. അതു് ശിഷ്യന്മാരെ ആരേയും അറിയിക്കരുതെന്നുവച്ചാണു് ഈ ഒരുക്കങ്ങളെല്ലാം ചെയ്യുതിരിക്കുന്നതു്. ഇന്നുരാത്രി ഏതെങ്കിലും ദേവനോ, ദേവിയോ പ്രത്യക്ഷമാകുന്നുണ്ടാവാം. ആ രഹസ്യം എന്താണെന്നു കണ്ടുപിടിച്ചേ മതിയാകൂ" എന്നിങ്ങനെ വിചാരിച്ചു് ഒരുഭാഗത്തു് ഒളിച്ചിരിക്കയായി. അർദ്ധരാത്രിയായപ്പോഴുണ്ടു് ഒരുക്രൂരനായ കാപാലികൻ, നഗ്നമാക്കിപ്പിടിച്ച വാളോടുകൂടി ഗുരുസന്നിധിയിലേക്കു പോകുന്നു. ഇതുകണ്ടു് ആ ശിഷ്യൻ അത്ഭുതപ്പെട്ടുപോയി; എങ്കിലും നിശ്ശബ്ദനായി പിന്നാലെ ചെന്നു. വാതിൽ തുറന്നിട്ടിരിക്കുന്നതും ശങ്കരൻമാത്രം അവിടെ അനങ്ങാതെ ഇരിക്കുന്നതും കണ്ടപ്പോൾ കാപാലികനു വളരെസന്തോഷമായി. ശങ്കരൻെറ തല വെട്ടിയെടുത്തു് കാളിക്കു ബലികൊടുക്കുവാനുള്ള അത്യാർത്തിയോടെ അടുത്തു. ആ കാപാലികൻ വാളുയർത്തിയതും, പത്മപാദൻ ചാടിവീണു്, ആ വാൾ പിടിച്ചുവാങ്ങി ആ കാപാലികൻെറ വക്ഷസ്സിൽത്തന്നെ കുത്തിയിറക്കിയതും, കാപാലികൻ കുത്തേററു മറിഞ്ഞുവീണതും എല്ലാം ഒന്നായിക്കഴിഞ്ഞു. അപ്പോഴേയ്ക്കും പത്മപാദൻെറ വിളിയും, അവിടുത്തെ കോലാഹലവും എല്ലാം കേട്ടു മററു ശിഷ്യന്മാരും ഓടിയെത്തി. ആചാര്യസ്വാമികളും സമാധിയിൽനിന്നു വിരമിച്ചു അവിടെയുണ്ടു് ആ കാപാലികൻ മരിച്ചു കിടക്കുന്നു; ശിഷ്യന്മാർ മിഴിച്ചുനില്ക്കുന്നു. അതുവരെ ഉണ്ടായ സംഭവങ്ങൾ എല്ലാം പത്മപാദൻ ആചാര്യദേവനേയും അതിനു മുമ്പിൽ, ഇതിനു കാരണമായിത്തീർന്ന സംഭവങ്ങളെയെല്ലാം ആചാര്യസ്വാമികൾ ശിഷ്യന്മാരെയും പറഞ്ഞുകേൾപ്പിച്ചു ഒടുവിൽ ആചാര്യസ്വാമികൾ അവസാനിപ്പിച്ചതു് ഇങ്ങിനെയായിരുന്നു. "കാളി ദുഷ്കർമ്മകൃത്തിനെ യഥായോഗ്യം ശിക്ഷിച്ചു് ദേവിക്കു് ആവക ദുഷ്ക്രിയകളിൽ ഉള്ള വെറുപ്പിനെ പ്രസ്പഷ്ടമാക്കിയിരിക്കുന്നു. ദുഷ്പ്രവൃത്തികളുടെ ഫലമാകുന്ന ക്രൂരസർപ്പം, ദുഷ്കൃത്തിൻെറ തലയ്ക്കുതന്നെ വളഞ്ഞു കൊത്തുന്നതാണു്. ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മവും രക്ഷിക്കും; ധർമ്മത്തെ ശിക്ഷിക്കുന്നവനെ ധർമ്മവും ശിക്ഷിക്കും അധർമ്മപ്രവൃത്തി ചെയ്യാനുള്ള കാപാലികൻെറ തള്ളിക്കയററത്തിൽ അവൻ കാൽതെററി നാശഗർത്തത്തിൽ പതിച്ചുപോയി. ഇതിൽനിന്നു് നിങ്ങൾ ഈ ഒരു പാഠം പഠിച്ചുകൊള്ളണം. "അധർമ്മങ്ങളൊന്നും മാതാവിനു് ഇഷ്ടമല്ല."

## ൪൫. ശിഷ്യന്മാരുടെ അനുകരണഭ്രമം.

---

ശ്രീമത് ശങ്കരാചാൎയ്യസ്വാമികൾ തന്റെ ശ്രേഷ്ഠമായ അദ്വൈതസിദ്ധാന്തത്തെ ഭാരതത്തിൽ എങ്ങും സ്ഥിരപ്രതിഷ്ഠമാക്കിത്തീൎത്തു. സന്ധിക്കു തെല്ലുപോലും അനുകൂലിക്കാത്തതും വിട്ടൊഴിച്ചിൽ തെല്ലുപോലും ഇല്ലാത്തതുമായ ഒരു സിദ്ധാന്തമാണതു്. "ബ്രഹ്മം മാത്രം സത്യം, മറ്റെല്ലാം മിത്ഥ്യ" ഇതാണു് ആ അദ്വൈതവാദത്തിന്റെ മൂലസിദ്ധാന്തം ബ്രഹ്മസ്വരൂപം, സച്ചിദാനന്ദം, നിത്യം, നിരാകാരം, നിൎഗ്ഗുണം, ഏകം, അദ്വൈതം എന്നെല്ലാം അതിനെ വ്യാഖ്യാനിക്കാം ഗ്രഹിക്കുവാൻ ബഹുവിഷമം. ഇതുകൊണ്ടാണു് ശങ്കരന്റെ അദ്വൈതം ശ്രേഷ്ഠവും സന്ധിക്കു് അനുകൂലിക്കാത്തതും എന്നു പിന്നീടു് ഉണ്ടായിരുന്നവരും, ശങ്കരനെ പിൻതുടരുവാനും, ഗ്രഹിക്കുവാനും വേണ്ടിടത്തോളം ബുദ്ധിശക്തിയില്ലാത്തവരുമായ പലരും, ആചാൎയ്യന്മാർപോലും വാദിച്ചിട്ടുള്ളതു്.

ആചാൎയ്യസ്വാമികളുടെ സ്വന്തശിഷ്യന്മാർ, ഈ സിദ്ധാന്തത്തിന്റെ പരിധിയെ വൎദ്ധിപ്പിക്കുന്നതിൽ അത്യന്തം ഉൽസുകരായിത്തീൎന്നു. എന്തിനേറെ പറയുന്നു; വീൎത്തുവീൎത്തു —'സാകാര ഈശ്വരനെ ആവശ്യമില്ല', 'പൂജകൊണ്ടും പ്രാൎത്ഥനകൊണ്ടും പ്രയോജനമൊന്നുമില്ല'. 'ഈശ്വരാനുഗ്രഹം എന്ന ഒന്നില്ല', 'ഒന്നുംതന്നെ വേണ്ട', "ശിവോഹം ശിവോഹം" എന്നു ജപിച്ചുകൊണ്ടിരുന്നേച്ചാൽമാത്രം മതി, എന്നുവരെ എത്തി ഗുരുസ്വാമികൾ ഇതു മനസ്സിലാക്കി ഉള്ളുകൊണ്ടൊന്നു മെല്ലെ ചിരിച്ചു

ഒരുദിവസം പ്രഭാതത്തിൽ, സൂൎയ്യോദയത്തിനുമുമ്പു്, സ്വാമികളും ശിഷ്യന്മാരുംകൂടി ഗംഗാസ്നാനത്തിനു പുറപ്പെട്ടു. സ്നാനം കഴിഞ്ഞപ്പോഴേക്കു് സൂൎയ്യനും ഉദിച്ചുകഴിഞ്ഞു. ഹിന്തുക്കളെല്ലാം നാമം ജപിച്ചും, സ്തോത്രങ്ങൾ പാടിയും ഈശ്വരഭജനംചെയ്തുകൊണ്ടിരിക്കുന്ന ആ സമയത്തു ഒരു വയ്യാകരണബ്രാഹ്മണൻ അവിടെ ഇരുന്നു വ്യാകരണസൂത്രങ്ങൾ ഉരുവിട്ടുകയായിരുന്നു. ശങ്കരാചാൎയ്യസ്വാമികൾ ആ വയ്യാകരണന്റെ അടുത്തു ചെന്നു് ഇങ്ങിനെ പറഞ്ഞു:—

ഭജ ഗോവിന്ദം, ഭജ ഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതേ!
സമ്പ്രാപ്തേ സന്നിഹിതേ കാലേ
നഹിനഹി രക്ഷതി ഡുകൃഞ്കരണേ;

മൂഢ ജഹീഹി ധനാഗമതൃഷ്ണാം
കുരു സദ്ബുദ്ധിം മനസി വിതൃഷ്ണാം
യല്ലഭസേ നിജകർമ്മോപാത്തം
വിത്തം തേന വിനോദയ ചിത്തം. (ഭജ)

"അല്ലയോ മൂഢബുദ്ധിയായ ബ്രാഹ്മണ! നീ ഗോവിന്ദനെ ഭജിച്ചുകൊള്ളുക. നിൻെറ ഈ ആയുഷ്കാലം അവസാനിക്കുമ്പോൾ, നീ കാലഗ്രഹഗ്രസ്തനായിത്തീരുമ്പോൾ, ഈ വ്യാകരണസൂത്രങ്ങൾ ഒന്നും നിന്നെ രക്ഷിക്കുകയില്ല. അന്നു ഗോവിന്ദനേ ഉണ്ടാകൂ. പണത്തിനുള്ള മോഹം വെടിയുക; ശക്തിസമ്പാദിക്കുവാനുള്ള ആഗ്രഹം ഉപേക്ഷിക്കുക; പഠിപ്പിലുള്ള അഹംഭാവം ത്യജിക്കുക; ഈശ്വരനെ ആത്മാർത്ഥം ആഗ്രഹിച്ചുകൊള്ളുക. അങ്ങിനെ നിനക്കു ധന്യനായിത്തീരാം."

ആ വയ്യാകരണൻെറ ഹൃദയം ഈശ്വരവിശ്വാസംകൊണ്ടു നിറഞ്ഞു, ആ ഈശ്വരപ്രേമം നേത്രങ്ങളിൽക്കൂടെ അശ്രുരൂപേണ പുറത്തു പ്രവഹിക്കുവാൻതുടങ്ങി. "സ്വാമീ! എനിക്കു് ഈശ്വരമാഹാത്മ്യം ഉപദേശിച്ചുതരുവാൻ ദയയുണ്ടാകണം" എന്നു് ആ ബ്രാഹ്മണൻ അഭ്യർത്ഥിച്ചതനുസരിച്ചു് ശങ്കരാചാര്യസ്വാമികൾ ആ ബ്രാഹ്മണനു ഭക്തിമാർഗ്ഗപ്രകാരമുള്ള ഭജനരീതി ഉപദേശിച്ചു.

ഗുരുവും ശിഷ്യന്മാരും ആശ്രമത്തിൽ തിരിച്ചെത്തി ആശ്രമത്തിലെങ്ങും എന്തെന്നില്ലാത്ത ഒരു ഇളക്കം. സാധാരണ പതിവുപോലെ അന്നു് അദ്വൈതസിദ്ധാന്തം ഉപദേശിക്കാതെ, ഗുരുദേവൻ ആ ബ്രാഹ്മണനു് സാകാരേശ്വരഭാവത്തേയും, പ്രാർത്ഥനയേയും, ഈശ്വരകാരുണ്യത്തേയും മററുംപററി പരസ്യമായി ഉപദേശിച്ചതു് എന്തുകൊണ്ടാണു് എന്നുള്ളതായിരുന്നു അവരുടെ സംഭാഷണവിഷയം. ഒടുവിൽ ഗുരുദേവനോടുതന്നെ ചോദിച്ചു് സംശയം തീർക്കാം എന്നുറച്ചു് പത്മപാദപ്രഭൃതികൾ ആചാര്യസന്നിധിയിൽ എത്തി.

പത്മപാദൻ:— "സ്വാമി! ഇന്നു് സ്വാമി സാകാരഈശ്വരനേയും, പ്രാർത്ഥനയേയും, ഈശ്വരാനുഗ്രഹത്തേയുംപററിയാണല്ലോ സംസാരിച്ചതു്. ഇവയുടെ ആവശ്യകതയെപ്പററി അവിടുന്നു് ഉപദേശിക്കുവാനുള്ള കാരണം എന്തു്?"

"പറയാം നീ കയർജാലം കണ്ടിട്ടുണ്ടോ?"

"കണ്ടിട്ടുണ്ടു സ്വാമി!"

അതിൽ, കളിക്കാരൻ ആകാശത്തിൽ കയറി മറയാറില്ലേ. ആ കളിക്കാരൻ അങ്ങിനെ മറയുന്നതിനു മുമ്പായി ഒരു കയർ പിടിച്ചു കയറുകയല്ലേ പതിവു്?"

അതേ, സ്വാമി!"

"ആ കയറാണു സാകാരഈശ്വരൻ. ജനനമരണസമുദ്രമാകുന്ന രംഗത്തിൽനിന്നു് മേല്പോട്ടുകയറി രക്ഷപ്പെട്ടുവാൻ സഹായമായി കയറൊന്നു കൂടിയേകഴിയൂ ആ കയറു് ഗോവിന്ദനായാലും ശരി, ശങ്കരനായാലും ശരി. ദീർഘദൂരം ചാടുന്ന ഒരു അഭ്യാസി ആദ്യം ഒരു വടിയൂന്നി മേല്പോട്ടു കുതിക്കുന്നതും, പൊങ്ങിക്കഴിഞ്ഞാൽപിന്നെ ആ വടിയെ ഉപേക്ഷിച്ചു് നിർദ്ദിഷ്ടസ്ഥാനത്തു ചാടിവീഴുന്നതും കണ്ടിട്ടില്ലേ? അതുപോലെതന്നെ ഒരു ഭക്തനു് ആദ്യകാലങ്ങളിൽ അവലംബമായി ഒരു സാകാരഈശ്വരൻ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാകുന്നു."

പത്മപാദൻ:—"എന്നാൽ ജീവന്മുക്താവസ്ഥയെ പ്രാപിച്ചിരിക്കുന്ന ഒരു ജ്ഞാനിക്കു സാകാരഈശ്വരന്റെ ആവശ്യമുണ്ടോ?"

സ്വാമികൾ:—"അതില്ല, തീർച്ചയായും ഇല്ല. ജീവന്മുക്തനു് സാകാരഈശ്വരന്റെ സഹായം ആവശ്യമേ ഇല്ല" എന്നു പറഞ്ഞുകൊണ്ടു മെല്ലെ ഒന്നു ചിരിച്ചു.

ഇതിനുശേഷം ഏതാനും കാലത്തേക്കു ഗുരുനാഥനും ശിഷ്യന്മാരുംകൂടി ഈശ്വരസ്തോത്രങ്ങൾ പാടിക്കൊണ്ടിരിക്കുക പതിവായി. അങ്ങിനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആചാര്യസ്വാമികൾ ആ സമ്പ്രദായം നിർത്തി. അപ്പോൾ ശിഷ്യന്മാരും നിർത്തി. പിന്നെ പത്മപാദൻ പറയുകയാണു്:—

പത്മപാദൻ:—"നമ്മളെല്ലാം ചാടി പൊങ്ങിക്കഴിഞ്ഞു. ഊന്നുവടിയുടെ ആവശ്യമൊന്നും നമ്മൾക്കില്ല. നമ്മുടെ ഗുരുദേവനെപ്പോലെ നാം എല്ലാവരും ജീവന്മുക്തന്മാർതന്നെ."

ഈ സംഭാഷണം ആചാര്യസ്വാമികളും കേൾക്കുവാനിടയായി. "ആകട്ടെ, ഈ അന്ധന്മാരുടെ ഭോഷത്തമെല്ലാം ഇവർക്കു ഒരു പ്രത്യക്ഷോദാഹരണംകൊണ്ടു ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം" എന്നു് അദ്ദേഹം തീർച്ചയാക്കി.

ഒരു ദിവസം സ്വാമികളും ശിഷ്യന്മാരുംകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, മാർഗ്ഗമദ്ധ്യേ സ്വാമികൾ ഒരു മദ്യഷാപ്പിൽ ചെന്നുകയറി, അവിടെനിന്നും കുറേ കള്ളു വാങ്ങി കഴിച്ചു. ശിഷ്യന്മാരും ചെയ്തു അതുപോലെതന്നെ. എന്താ ജീവന്മുക്തന്മാരല്ലേ! സ്വാമികൾ ഇതു കാണായ്കയല്ല. എങ്കിലും അദ്ദേഹം ഒന്നും കാണാത്തഭാവത്തിൽ മിണ്ടാതിരുന്നതേയുള്ളു. അവരെല്ലാം അവിടെനിന്നു് ഇറങ്ങി യാത്രയായി. പോകുന്നവഴിക്കുണ്ടു് ഒരു കൊല്ലപ്പുര. ആചാര്യസ്വാമികൾ അവിടെ കയറിച്ചെന്നു് ഉരുകിക്കിടക്കുന്ന ലോഹം ഒരുപാത്രം മുക്കി കുടിച്ചു് ശിഷ്യന്മാരോടു കുടിക്കുവാൻ പറഞ്ഞു. അവരെല്ലാം അമ്പരന്നു നില്പായി.

സ്വാമികൾ:—“എന്താ നോക്കിനില്ക്കുന്നതു്! കള്ളു കുടിച്ചതുപോലെ ഇതും തെല്ലങ്ങു കുടിച്ചുകൂടെയോ? നിങ്ങളെല്ലാം ജീവൻമുക്തന്മാരല്ലേ. കള്ളെന്നോ ഉരുകിയ ലോഹമെന്നോ ഉള്ള വ്യത്യാസം ഏതും ഇല്ലല്ലോ!”

ശിഷ്യന്മാർ:—“ഞങ്ങൾക്കു് അവിടേയ്ക്കുള്ളതുപോലുള്ള ദിവ്യത്വം വല്ലതും ഉണ്ടോ.”

സ്വാമികൾ:—“ഇല്ല, അല്ലേ? എന്നാൽപിന്നെ ഈ നാട്യങ്ങൾ എല്ലാം എന്തിനു്? എന്റെ ദുസ്സ്വഭാവങ്ങൾ കണ്ടുപഠിക്കുവാൻ നിങ്ങൾക്കെന്തു സാമർത്ഥ്യം! എന്നാൽ എന്റെ സൽഭാവങ്ങൾ ഒന്നുംതന്നെ അനുകരിക്കുവാൻ നിങ്ങൾക്കൊട്ടു സാധിക്കയും ഇല്ല; അല്ലേ? കള്ളു കുടിക്കുവാനും, സാകാരഈശ്വരനെ നിഷേധിക്കുവാനും നിങ്ങൾ ജീവൻമുക്തന്മാരും മിടുക്കന്മാരും ആയിത്തീർന്നു. എന്നാൽ ഉരുകിയ ലോഹം കുടിക്കുവാനും ഈശ്വരാനുഭൂതിയിൽ നിമഗ്നരാകുവാനും നിങ്ങളെക്കൊണ്ടു സാധിക്കുകയും ഇല്ല; അതിനുള്ള വിരുതും ഇല്ല. ജീവന്മുക്തി നന്നായില്ലേ!”

---

## ൪൬. മായ.

ഹോയിസ്ലാരാജാവായ വിഷ്ണുവർദ്ധനൻ ഒരു തികഞ്ഞ വൈഷ്ണവനാണു്. “ഈ കാണുന്നതെല്ലാം മായയാണു്; ഇല്ലാത്തതാണു്; ഉള്ളതായി ഒന്നുംതന്നെയില്ല; ബ്രഹ്മംമാത്രം സത്യം”എന്നിങ്ങനെയുള്ള ആചാര്യസ്വാമികളുടെ അദ്വൈതസിദ്ധാന്തം അദ്ദേഹത്തിനു് ഒട്ടുംതന്നെ പത്ഥ്യമല്ല. ഈ അസംബന്ധപ്രലപനക്കാരുടെ മതത്തിലുള്ള മണ്ടത്തരം അവർക്കു് ഒന്നു ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം എന്നു് അദ്ദേഹം നിശ്ചയിച്ചു.

ഒരിക്കൽ, അന്നത്തെ ശൃംഗേരിമഠത്തിലെ ശങ്കരാചാര്യസ്വാമികളെ അദ്ദേഹത്തിന്റെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുവരുത്തി. സ്വാമികൾ അവിടെ എഴുന്നള്ളി ലോകമെല്ലാം മിത്ഥ്യയാണെന്നുള്ള അദ്വൈതസിദ്ധാന്തത്തെ ബഹുകേമമായി വാദിച്ചുറപ്പിക്കുകയാണു്. ഈ സന്യാസിപ്രവരൻ ഇങ്ങിനെ വാദകോലാഹലം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഒരു മദകരിയെ അദ്ദേഹത്തിന്റെ നേരേ അഴിച്ചുവിട്ടേയ്ക്കണമെന്നു്, രാജാവു മുൻകൂട്ടിത്തന്നെ ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു. ആന വരുന്നതു കണ്ടപ്പോൾ അദ്വൈതബ്രാഹ്മണനു് ഇരിപ്പുറച്ചില്ല. എഴുന്നേററു് ഓടടാ ഓട്ടം.

അതുകണ്ടു് രാജാവു്:—"സ്വാമി! ഗുരോ! ഇരിക്കണം, ഇരിക്കണം, ഓട്ടന്നതെന്തിനു്? ഓടേണ്ടയാവശ്യം എന്തുണ്ടു്. എല്ലാം മിത്ഥ്യ. ആനവരുന്നു എന്നുള്ളതും മിത്ഥ്യ. മായയേ മായ."

ഓട്ടത്തിനിടയിൽ ശങ്കരാചാൎയ്യർ:—"അതേ രാജൻ, അതേ! ഞാൻ ഓടുന്നു എന്നുള്ളതും മായ, ലോകംതന്നെ മായയേ മായ."

---

## ൪൭. സന്ന്യാസിയും വേശ്യയും.

പണ്ടു് ഒരുദിക്കിൽ ഒരുവേശ്യാഗൃഹത്തിനു് എതിർവശമായി ഒരു സന്ന്യാസാശ്രമം ഉണ്ടായിരുന്നു. ആ ആശ്രമത്തിൽ ഒരു സന്ന്യാസിയും വേശ്യാഗൃഹത്തിൽ ഒരു ദാസിയും താമസിച്ചുവന്നു. പൂജ, ജപം, ധ്യാനം മുതലായവയാണു് ആ സന്ന്യാസിയുടെ ദിനകൃത്യങ്ങൾ. ദാസിയുടെ കാൎയ്യം പ്രത്യേകം പറയേണ്ടതുമില്ലല്ലൊ. എതിർവശത്തുള്ള വേശ്യാഗൃഹത്തിൽ ആളുകൾ പൊയ്ക്കൊണ്ടും വന്നുകൊണ്ടും ഇരിക്കുന്നതു് ആ സന്ന്യാസിക്കു കാണാം. സാധുസന്ന്യാസി വളരെ വിഷമിച്ചു. "എന്തൊരധൎമ്മമാണിതു്. ഇത്ര പാപിയായിപ്പോയല്ലോ ആ സഹോദരി!" എന്നെല്ലാം വിചാരിച്ചു് ദയയോടുകൂടി അവളുടെ പാപത്തിന്റെ സീമ കണ്ടുപിടിക്കുവാൻ, അവിടെ പോയുംവന്നും ഇരിക്കുന്നവരുടെ ഒരു കണക്കെടുക്കുവാൻതീൎച്ചയാക്കി. സന്ന്യാസി സദാ "രാമരാമ" എന്നുതന്നെ ജപിച്ചുകൊണ്ടിരിക്കുന്നു എങ്കിലും മനസ്സെല്ലാം വേശ്യാഗൃഹത്തിൽ പോകുന്നവരെ നോക്കുന്നതിലും, എണ്ണുന്നതിലും, കണക്കാക്കുന്നതിലുംതന്നെ നിതരാം വ്യാപരിച്ചുകൊണ്ടിരുന്നതേയുള്ളൂ.

ആ വേശ്യയാകട്ടെ, നേരെ വിപരീതം, തന്റെ നികൃഷ്ടാവസ്ഥയെപ്പററി ചിന്തിച്ചു ദുഃഖിതയായിത്തീൎന്നു. "ഞാൻ എന്തൊരു മഹാപാപി ആയിപ്പോയി. ഈവിധം കുത്സിതമായ ജീവിതം നയിക്കുവാനാണല്ലോ എനിക്കു യോഗം വന്നതു്. ആ ധന്യാത്മാവിനെ നോക്കുക. എത്ര ഭാഗ്യവാൻ! എപ്പോഴും ഈശ്വരധ്യാനത്തിലും പൂജയിലുംതന്നെ കാലം കഴിച്ചുകൂട്ടുന്നു" എന്നിങ്ങനെയുള്ള ഓരോ ചിന്തകളോടുകൂടി അവളുടെ മനസ്സു് ഈശ്വരനിൽത്തന്നെ നിക്ഷിപ്തമായിരുന്നു.

കാലക്രമേണ, ആ സന്ന്യാസിയും വേശ്യയും കാലഗതിക്കനുസരിച്ചു് ഒരേസമയംതന്നെ അന്തൎദ്ധാനം ചെയ്തപ്പോൾ, സന്ന്യാസിയെ, അദ്ദേഹത്തിന്റെവിശ്വാസത്തിനുവിപരീതമായി നരകത്തിലേക്കും,

വേശ്യയെ സ്വൎഗ്ഗലോകത്തിലേക്കുമാണ കൊണ്ടുപോയതു്. ഈ പ്രത്യക്ഷപക്ഷഭേദത്തിന്റെ കാരണം എന്താണെന്നു് സന്യാസിഉടനേ തന്നെ യമധൎമ്മരാജാവിനോടു ചോദ്യം ചെയ്തപ്പോൾ, യമധൎമ്മൻ പറഞ്ഞ സമാധാനം ഇങ്ങനെ ആയിരുന്നു:—

യമധൎമ്മൻ:—"നിന്റെശരീരംമാത്രമേ ഈശ്വരനെ ആരാധിക്കുന്നതിൽ നിയുക്തമായിരുന്നുള്ളൂ. മനസ്സാകട്ടെ ആ വേശ്യയുടെ വേശ്യാവൃത്തിയിലും, അവളുടെ വീട്ടിൽ പൊയ്ക്കൊണ്ടും വന്നുകൊണ്ടും ഇരുന്ന പാപികളെ എണ്ണി കണക്കാക്കുന്നതിലും വ്യാപൃതമായിത്തീൎന്നു. എന്നാൽ ആ വേശ്യയുടെ ശരീരം കേവലം നികൃഷ്ടമായ വൃത്തിയിൽ ഏൎപ്പെടുത്തപ്പെട്ടിരുന്നു എങ്കിലും അവളുടെ ഹൃദയം പരിശുദ്ധമായ ഈശ്വരചിന്തയിലായിരുന്നു വ്യാപൃതമായിരുന്നതു്. അതിനാലാണ നിന്നെ നരകത്തിലേക്കും, അവളെ സ്വൎഗ്ഗത്തിലേക്കുംകൊണ്ടുപോന്നതു്. കീഴോട്ടുനോക്കുക. നിന്റെ ശരീരംകൊണ്ടു നീ സൽകൃത്യം ചെയ്തു; അതിനാൽ അതാ ജനങ്ങൾ നിന്റെ ശരീരത്തെ, പട്ടിൽപ്പൊതിഞ്ഞു വാദ്യഘോഷങ്ങളോടുകൂടി ശ്മശാനത്തിലേക്കു് എടുത്തുകൊണ്ടുപോകുന്നു. അവൾ ശരീരംകൊണ്ടു്, ഹീനകൃത്യം ചെയ്തു; അതിനാൽ അവളുടെ ശരീരം, യാതൊരാഡംബരവും കൂടാതെ കെട്ടിയെടുത്തുംകൊണ്ടുപോകുന്നു."

---

## ൪൯. മനുഷ്യനെക്കൊല്ലി.

---

ഒരു ദിവസം രാവിലെ രണ്ടു സ്നേഹിതന്മാർ ഒരുമിച്ചു് ഒരു ജനസഞ്ചാരം കുറഞ്ഞ ദിക്കിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അവിടെ അടുത്തുണ്ടായിരുന്ന ഒരു പടപ്പിൽനിന്നു് ഒരുവിദ്വാൻ, അത്യന്തം ഭയവിഹ്വലതയോടുകൂടെ ഓടിവരുന്നതായി അവർ കണ്ടു "അങ്ങു് ഇത്രയൊക്കെ ഭയപ്പെടുന്നതെന്തിനു്?" എന്നു് അവർ ചോദിച്ചപ്പോൾ ആ ആൾ "അതാ കാണുന്ന ആ പടപ്പിൽ ഒരു ആളെക്കൊല്ലി കിടപ്പുണ്ടു" എന്നാണ പറഞ്ഞതു്.

എന്തു്! "വ്യാഘ്രമോ?" എന്നായി യാത്രക്കാർ, അല്പം അത്ഭുതഭാവത്തിൽ.

"അല്ല; വ്യാഘ്രമൊന്നുമല്ല. അതിനേക്കാൾ ഭയങ്കരമായതാണു്. ഞാൻ അവിടെ ഒരു ഔഷധം എടുത്തുകൊണ്ടിരുന്നപ്പോഴാണു കണ്ടതു്" എന്നു് വിദ്വാൻ പറഞ്ഞു.

"എന്നാൽ എന്താണതു്" എന്നു് യാത്രക്കാർ.

"എന്താണെന്നോ! ഒരുപാടു് സ്വർണ്ണനാണയം" എന്നു് ആ വിദ്വാൻ അറിയിച്ചു.

"എവിടെ; എവിടെ?" എന്നു് യാത്രക്കാർ രണ്ടുപേരും ഒരേ സ്വരത്തിൽ അന്വേഷിക്കുകയായി.

"അതാ, അവിടെ ആ പടപ്പിൽ കിടപ്പുണ്ടു്" എന്നും പറഞ്ഞുകൊണ്ടു് ആ വിദ്വാൻ അദ്ദേഹത്തിൻെറ പാട്ടിൽ നടകൊണ്ടു. യാത്രക്കാർ രണ്ടും ആ ആറം കാണിച്ചുകൊടുത്ത സ്ഥാനത്തുചെന്നു നോക്കിയപ്പോൾ ഉണ്ടു് അവിടെ കിടക്കുന്നു ഒരുപാടു് സ്വർണ്ണനാണയങ്ങൾ. "ഈ ജ്ഞാനികൾ എന്തു മറയന്മാരാണു്! ഇന്നത്തെ ജീവദാതാവായിരിക്കുന്ന സ്വർണ്ണം മനുഷ്യനെക്കൊല്ലിയാണത്രെ. ദിവാസ്വപ്നം കാണുന്നവർ വെറും ദിവാസ്വപ്നക്കാർ."

"അതെന്തെങ്കിലും ആകട്ടെ. നമുക്കിനി എന്താണു വേണ്ടതു എന്നു് ആലോചിക്കാം. ഇപ്പോൾ ഈ പകൽസമയത്തു ഇവിടെ നിന്നു് ഇതും എടുത്തുകൊണ്ടു പോകുന്നതു അത്ര നന്നല്ല. വല്ലവരും അറിഞ്ഞെങ്കിലോ. അതുകൊണ്ടു് അതുവേണ്ട. രാത്രിവന്നു, ആരും അറിയാതെ എടുത്തുകൊണ്ടുപോകാം. അതാണു നല്ലതു്. ഇപ്പോൾ ഒരാൾ പോയി കുറേ ആഹാരം വാങ്ങിക്കൊണ്ടുവരണം. മറേറ ആൾ ഇവിടെത്തന്നെ കാത്തിരിക്കുകയും വേണം." ഇങ്ങിനെ അവർ രണ്ടുകൂട്ടരും സമ്മതിച്ചു. ഒരാൾ അവിടെ കാത്തിരിക്കുകയും മറേറ ആൾ ആഹാരംകൊണ്ടുവരാനായി യാത്രയാകുകയും ചെയ്തു.

തൻെറ കൂട്ടുകാരൻ ഇങ്ങിനെ ആഹാരം കൊണ്ടുവരുവാൻ പോയസമയം, അവിടെ തനിയേതന്നെ കാത്തിരിപ്പായ മറേറവൻ ഇങ്ങിനെ വിചാരിക്കുവാൻതുടങ്ങി. "ഇന്നു ഞാൻ തനിയേതന്നെ പുറപ്പെടാഞ്ഞതു് വളരെ കഷ്ടമായിപ്പോയി. ഇപ്പോൾ ഉള്ളതിൽ പകുതി മററവനു കൊടുത്തേ മതിയാകു നിധിയാണെങ്കിൽ അത്ര വളരെയൊട്ടില്ലതാനും. എനിക്കു ഒരു വലിയ കുടുംബമില്ലേ. അവരെയെല്ലാം സംരക്ഷിക്കുവാൻ ഇത്രയും ഇല്ലെങ്കിൽ മതിയാകുമോ. അതിനാൽ മററവനു് ഒരു കാശുപോലും കൊടുക്കാതെ കഴിക്കണം. അവൻവന്നാൽ പെട്ടെന്നു് അവൻെറ മീതേ ചാടിവീണു് നെഞ്ചിനു നോക്കി ഒരു കുത്തുവച്ചുകൊടുക്കാം. ആരു് അറിയുവാനാണു്. പണമെല്ലാം എനിക്കുതന്നെ എടുക്കുകയും ചെയ്യാം." അങ്ങിനെ തീർച്ചയാക്കി ആ ദുരാഗ്രഹി അവൻെറ കത്തി മൂർച്ചയാക്കിക്കൊണ്ടിരിപ്പായി.

ആഹാരം കൊണ്ടുവരുവാൻ പോയവനും വെറുതേ ഇരുന്നില്ല. അവൻ വിചാരിക്കുകയാണു്:—ആ വിദ്വാനു് പകുതി സ്വർണ്ണം കൊടുക്കേണ്ടതായ കാര്യംഎന്തുണ്ടു്? എനിക്കാണെങ്കിൽ കടം

ഒരുപാട്ടു്; വയസ്സുകാലവുമായി, കയ്യിൽ കാശൊന്നും ഇല്ലതാനും. അയാൾക്കു് അങ്ങിനെയൊന്നും വിചാരിക്കാനില്ലല്ലോ. മാത്രമല്ല ധനികന്മാരായ ബന്ധുക്കളും ഇല്ലേ? അതുകൊണ്ടു് പകുതി സ്വർണ്ണം ഞാൻ അവനു് തീർച്ചയായും കൊടുക്കില്ല. അതിനു് ഒരുവിദ്യ എടുക്കാം. ഇവിടെവച്ചു് ഞാൻ എന്റെ ഭക്ഷണംകഴിച്ചു്, അവനുള്ളതിൽ കുറേ വിഷം കലൎത്തി കൊണ്ടുപോകാം. അതുകഴിക്കുമ്പോൾ അവന്റെ കഥകഴിയും; ആരും അറിയുകയുംഇല്ല. സ്വർണ്ണം മുഴുവനും എനിക്കുതന്നെ കരസ്ഥമാക്കുകയും ചെയ്യാം" ഇങ്ങിനെ വിചാരിച്ചു് അയാൾ ചെന്നു് കുറേ ഭക്ഷണംവാങ്ങി, അതിൽനിന്നു് തനിക്കു വേണ്ടിടത്തോളം എടുത്തുകഴിച്ചു് ബാക്കിയുള്ളതിൽ വിഷം കലൎത്തിക്കൊണ്ടു് കൂട്ടുകാരന്റെ അരികിലേയ്ക്കു ചെന്നു. അവിടെ എത്തിയപ്പോഴേയ്ക്കു കഴിഞ്ഞു, മറേറവൻ കത്തിയുമായി ചാടിവീഴലും, ഒരൊററക്കുത്തിനു് പുള്ളിക്കാരനെ യാത്രയാക്കലും.

ഇങ്ങിനെ ആ മഹാപാതകം പ്രവൎത്തിച്ചുകൊണ്ടു് അയാൾ വിചാരിക്കുകയാണു്:—"പാവംപിടിച്ച മനുഷ്യൻ! പകുതി പൊന്നിനുവേണ്ടി ജീവൻകളഞ്ഞു. എനിക്കു നല്ല വിശപ്പുതോന്നുന്നു; ഏതായാലും ഭക്ഷണംകഴിക്കട്ടെ" എന്നു്. ഇതനുസരിച്ചു്, തന്റെ കൂട്ടുകാരൻ കൊണ്ടുവന്ന ഭക്ഷണപ്പൊതി കെട്ടഴിച്ചു് അതിലുണ്ടായിരുന്നതെല്ലാം അത്യാൎത്തിയോടെ വാരി അകത്താക്കി. അരേ അരനാഴിക; അപ്പോഴേയ്ക്കു കഴിഞ്ഞു ആയാളുടെയും കഥ. ഈ മരണം വളരെ വ്യഥയോടുകൂടിയതായിരുന്നു. ആ മരണവേദനയുടെ ഇടയിൽ അയാൾ പറയുകയാണു്:—"ആ ജ്ഞാനി പറഞ്ഞതെത്ര പരമാൎത്ഥം!" എന്നു്.

## ൪൯. മണ്ടനുപററിയ കിണ്ടം.

പണ്ടു് ഗോവിന്ദൻ എന്നു പേരായി ഒരു മരമണ്ടൻ ഉണ്ടായിരുന്നു. ഒരു ബുദ്ധിയും ഇല്ലാത്തസാധു; ആരു എന്തുപറഞ്ഞാലും വിശ്വസിക്കും. സ്വതന്ത്രമായി ഒന്നുംതന്നെ ആലോചിക്കുവാനും പ്രവൎത്തിക്കുവാനും ഉള്ള ബുദ്ധി ഇല്ല. കാട്ടു്, കടുവാ എന്നിവയൊന്നും അവൻ കേട്ടതേ അല്ല. ഈ പച്ചപ്പാവം ഒരിക്കൽ തന്റെ സഹോദരിയുടെ വീട്ടിൽ വിരുന്നിനുപോയി താമസിക്കുക ആയിരുന്നു. ഈ വീടു ഒരു വലിയ വനത്തിനു സമീപമായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ഇങ്ങിനെ വിരുന്നുണ്ടിരിക്കുന്ന കാലത്തു ഒരുദിവസം ഗോവിന്ദൻ ഉച്ചയ്ക്കു മൃഷ്ടാന്നഭക്ഷണം കഴിച്ചു വനമദ്ധ്യയുള്ള രാജ

പാതയിൽക്കൂടി നടക്കുവാൻപോയി. ഉത്സാഹഭരിതനായിത്തന്നെ ഇരുന്നു ആ പാവം. കുറച്ചുദൂരം ചെന്നപ്പോൾ അവിടെയുണ്ട് ഒരുവൻ പുലിവാലും പിടിച്ചുകൊണ്ടു നില്ക്കുന്നു. അടുത്തടുത്തു നില്ക്കുന്ന രണ്ടു തടിയൻ മരങ്ങൾക്കിടയിൽക്കൂടി, ഇപ്പുറം കിടക്കുന്ന വാലാണു് ആ പരാക്രമി പിടിച്ചുകൊണ്ടു നില്ക്കുന്നതു്. പിടി വിടുവിച്ചു പോകുവാനായി ആ ക്രൂരമൃഗം കഴിയുന്നതെല്ലാം ശ്രമിക്കുന്നുണ്ടു്; പക്ഷേ ഫലപ്പെടുന്നില്ലെന്നേയുള്ളു. അത്രയ്ക്കു കരുത്തോടുകൂടിയായിരുന്നു അവന്റെ പിടി. മരത്തിന്റെ വലിപ്പംനിമിത്തം ആ വ്യാഘ്രത്തിനു് അവനെ ഒന്നുംതന്നെ ചെയ്യുവാൻ സാധിക്കുന്നതും ഇല്ല. എങ്കിലും അവന്റെ കായബലം ക്രമേണ ക്ഷയിച്ചുകൊണ്ടുവരികയാണു്. ഇനി അധികനേരം നില്ക്കുവാൻ നിവൃത്തിയില്ല എന്ന ദിക്കിൽ എത്തിയിരിക്കുന്നു. ഈ ഘട്ടത്തിലാണു നമ്മുടെ ഗോവിന്ദന്റെ പ്രവേശനം. അവനെ കണ്ടപ്പോൾ ആ സമർത്ഥൻ വിളിച്ചുപറയുകയാണു്:—

"സഹോദര! ഈ വാലുംപിടിച്ചു് ഇവിടെ അല്പനേരം നില്ക്കണേ. ഇതു ഞാൻ വളർത്തുന്ന ഒരു മൃഗമാണു്. ഇതിനെ ഇങ്ങോട്ടു കൊണ്ടുവന്നവഴിക്കു് അതിന്റെ കയറു് ഊരിവീണുപോയി ഞാൻ ക്ഷണനേരംകൊണ്ടു് അതുചെന്നുനോക്കി എടുത്തുകൊണ്ടുവരാം."

ഇങ്ങിനെ പുലിവാലുപിടിച്ചവൻ പറഞ്ഞതുകേട്ടപ്പോൾ "ഞാൻ എത്രനേരം പിടിച്ചുകൊണ്ടു നില്ക്കേണ്ടിവരും" എന്നായി ഗോവിന്ദൻ.

"താമസമില്ല; കവിഞ്ഞാൽ പത്തുമിനിട്ടു്. ഇവിടെനിന്നു് ഒരു ഫർലോംഗ് അപ്പുറത്താണു കയറു വീണുകിടക്കുന്നതു്. ഞാൻ കണ്ടതല്ലേ; ഇതിന്റെ പിന്നാലെതന്നെ ഓടിപ്പോന്നില്ലെങ്കിൽ ഇതു കാട്ടിൽക്കയറി മറഞ്ഞെങ്കിലോ; എനിക്കു മൃഗംനഷ്ടപ്പെട്ടുപോകയില്ലേ; എന്നു വിചാരിച്ചു ഞാൻ ഇതിന്റെ പിന്നാലെ ഓടിപ്പോന്നു. ഇതിനെ ഇവിടെ വാലുപിടിച്ചുനിർത്തിയിരിക്കയാണു്." "എന്നാൽ അങ്ങിനെയാകട്ടെ, വേഗംപോയി കയറെടുത്തുകൊണ്ടുവന്നേയ്ക്കണം. പത്തുമിനിട്ടുനേരം ഞാൻ ഇവിടെ വാൽപിടിച്ചുകൊണ്ടുനില്ക്കാം. അതിനകത്തു വന്നില്ലെങ്കിൽ പുലി പോയേക്കുമേ!"

ഇങ്ങിനെ പറഞ്ഞുകൊണ്ടു ഗോവിന്ദൻ പുലിവാലു് ഏറ്റുപിടിച്ചു മററവനെ പറഞ്ഞയച്ചു. അവനാകട്ടെ നിമിഷാന്തരത്തിൽ ആ വൻകാട്ടിൽ കയറി മറയുകയുംചെയ്തു. അകലെച്ചെന്നു് ഏററവും ഉയരമുള്ള മരത്തിൽകയറി അവിടെ ഉറപ്പിച്ചിരിപ്പായി. അങ്ങിനെ ഇരുന്നുകൊണ്ടു് അവൻ വിചാരിക്കുകയാണു്:—"ആ വിഡ്ഢി വന്നില്ലായിരുന്നു എങ്കിൽ ഇന്നു് എന്റെ കഥകഴിഞ്ഞിരുന്നേനെ" എന്നു്.

പത്തുമിനിട്ടനേരം കാത്തിരുന്നു ഗോവിന്ദൻ. പുലിക്കാരനേയും ഇല്ല കാണുന്നു; കയറും ഇല്ല കാണുന്നു. ശ്രമാധിക്യംകൊണ്ടു് ആ സാധു ക്ഷീണിച്ചുവരികയായി. മിനിട്ടു പത്തു പിന്നേയും കഴിഞ്ഞു. "വേഗം വാ, വേഗം വാ! ഇല്ലെങ്കിൽ ഞാൻ വാലുവിട്ടുപോകുമേ" എന്നു് അവൻ പലവുരു ഉറക്കെ വിളിച്ചു പറഞ്ഞുനോക്കി. ഒന്നിനും ഇല്ല മറുപടി, ആളിനേയും ഇല്ല കാണുന്നു "അവനു് ഇത്ര ജാഗ്രത ഇല്ലെങ്കിൽ അവൻെറ മൃഗത്തെസൂക്ഷിക്കുവാൻ ഞാൻ ഇത്രയൊക്കെ ജാഗ്രത വയ്ക്കേണ്ടതായ ആവശ്യം എന്തുണ്ടു്. അവൻെറ ഈ അശ്രദ്ധയ്ക്കു് അവൻെറ മൃഗം പോകുക എന്നുള്ളതുതന്നെയാണു ശരിയായശിക്ഷ" എന്നിങ്ങനെ ഗോവിന്ദൻ തന്നെത്താൻ വിചാരിച്ചു് ഒടുവിൽ അമർഷത്തോടെ പുലിയുടെ വാലു അങ്ങുവിട്ടേച്ചു. പിടിവിട്ടതും, കോപാവിഷ്ടനായ ആ വ്യാഘ്രം അവൻെറമേൽ ചാടിവീണു് അവനെ കടിച്ചുകീറിയതും ഒന്നായിക്കഴിഞ്ഞു.

---

## ൫൦. ശിവ! ശിവ!!

---

ഒരു തെന്നിന്ത്യൻപട്ടണത്തിൽ പണ്ടൊരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. മുപ്പതുസംവത്സരം തികച്ചും ധർമ്മനിഷ്ഠയുള്ള ഒരു ബ്രാഹ്മണനായിത്തന്നെ ഇദ്ദേഹം ജീവിതം നയിച്ചശേഷം ഏതോ സംഗതിവശാൽ അദ്ദേഹത്തിനു ക്രിസ്തുമതം സ്വീകരിക്കേണ്ടതായി വന്നു ജ്ഞാനസ്നാനത്തിനുമുമ്പു് ഒരു തികഞ്ഞ ശൈവഭക്തനായ ആ ബ്രാഹ്മണൻ, അതിനുശേഷം ഒരു തികഞ്ഞ ക്രിസ്ത്യാനിയായിത്തന്നെയാണു ജീവിച്ചതു്. ഇരുപതുകൊല്ലം അങ്ങിനേയും കഴിഞ്ഞു. ഇപ്പോഴേയ്ക്കു് ആ ഇരട്ടജന്മികൾ വയസ്സു് അൻപതായിട്ടുണ്ടു്. ഈ ഇരുപതുകൊല്ലത്തെ ക്രിസ്തീയജീവിതംകൊണ്ടു തൻെറ പൂർവ്വമതവിശ്വാസങ്ങൾ എല്ലാം നിശ്ശേഷം നശിച്ചുപോയിരിക്കുന്നു എന്നും ഇപ്പോൾ ജന്മക്രിസ്ത്യാനിയെപ്പോലെ താനും സർവ്വസംഗതികളിലും തനിക്രിസ്ത്യാനിയായിക്കഴിഞ്ഞിരിക്കുന്നു എന്നും, പൂർവ്വമതത്തിലെ യാതൊരു ലാഞ്ഛനയും തന്നിൽ അവശേഷിച്ചു കിടപ്പില്ലെന്നും, വേണമെങ്കിൽ ആരെങ്കിലും പരിശോധിച്ചു നോക്കിക്കൊള്ളട്ടെ എന്നും മററും ഈ പുത്തൻക്കൂററുകാരൻ സ്ഥാനത്തും അസ്ഥാനത്തും ആത്മസ്തുത്യം ചെയ്തുകൊണ്ടിരുന്നു. ഒരു മനഃശാസ്ത്രവിദഗ്ദ്ധനു് ഈ ആത്മപ്രശംസകേട്ടപ്പോൾ തെല്ലും തൃപ്തിവന്നില്ല. അങ്ങിനെ വരുവാൻ തരമില്ലെന്നു് ആ വിദ്വാൻ നിശ്ചയിച്ചു. ഏതായാലും ഒന്നുപരീക്ഷിക്കുകതന്നെ വേണമെന്നും അദ്ദേഹം ഉറച്ചു.

"ആകട്ടെ, നിങ്ങൾ പറഞ്ഞതിൽ എനിക്കത്ര വിശ്വാസം തോന്നുന്നില്ല, ഞാൻ ഒന്നു പരിശോധിക്കാം. പക്ഷേ സ്വല്പം വേദനപ്പെട്ടേക്കാനുംമതി. അതിനു വല്ല വിരോധവും ഉണ്ടോ?" എന്നു ഒരു അവസരത്തിൽ ചോദിച്ചതിനു "ഛെ! ഒരു വിരോധവുമില്ല. എത്ര വേദന വേണമെങ്കിലും സഹിക്കാം" എന്നായിരുന്നു സമാധാനം

"എന്നാൽ പത്തുമിനിട്ടുനേരം കണ്ണടച്ച് ഇരിക്കുക" എന്നു മനഃശാസ്ത്രജ്ഞൻ ആവശ്യപ്പെട്ടപ്രകാരം ആ ആൾ ഇരിപ്പായി. ഇതിനിടയ്ക്ക്, ഒരു ഇരുമ്പുകമ്പി നല്ലപോലെ പഴുപ്പിച്ചുകൊണ്ടുവന്ന് ആ ആളുടെ കാൽക്ക് അങ്ങ് 'ശേ—ശേ!'എന്നുവച്ചുകൊടുത്തു. അപ്രതീക്ഷിതമായ ഈ ക്രൂരദണ്ഡനം ഏററപ്പോൾ ആ സാധു "ശിവ! ശിവ! ശിവ! ശിവ!" എന്ന് ഉറക്കെ നിലവിളിച്ചുപോയി.

അതുകേട്ട്, "ഹാ-ഹാ!" എന്ന വിജയധ്വനിപുരസ്സരം ആ ശാസ്ത്രജ്ഞൻ പറയുകയാണ്:—"തൊട്ടിലിലെശീലം ചുടലവരെ; കണ്ടില്ലേ നിങ്ങൾക്കു വേദനതട്ടിയപ്പോൾ ക്രിസ്തുവിനെ തള്ളിനീക്കി ശിവൻ പുറത്തുചാടിയത്."

## ഠ.ഫ. കൊച്ചുണ്ണൻ.

---

ഒരു വനത്തിനരികിൽ ഒരു വീട്ടിൽ ജാനകി എന്നു പേരായ ഒരു വിധവയും, രാമൻ എന്നു പേരായ അവളുടെ ഏകസന്താനവും താമസിച്ചിരുന്നു. രാമന് ഏഴുവയസ്സുപ്രായമായപ്പോൾ, അവനെ എഴുത്തുപള്ളിയിൽ അയയ്ക്കുവാൻ ജാനകി ആഗ്രഹിച്ചു. ആ വനത്തിനപ്പുറത്ത് ഒരു ആശാൻ ഒരു പള്ളിപ്പുരകെട്ടി അവിടെവച്ചു കുട്ടികളെ നിലത്തെഴുത്തു പഠിപ്പിക്കുന്നുണ്ടായിരുന്നു. രാമനെ അങ്ങോട്ടയയ്ക്കുവാനാണു ജാനകി ആഗ്രഹിച്ചതു്. അമ്മ മകനെ വിളിച്ച് ഒരുദിവസം ഈ വിവരമെല്ലാംപറഞ്ഞപ്പോൾ ഏഴുവയസ്സുമാത്രം പ്രായമായിരുന്ന ആ കുട്ടിക്കു ഭയമാണുണ്ടായതു്.

"അമ്മേ! ഞാൻ ഈ കാട്ടുകടന്ന് പോകേണ്ടതു എങ്ങിനെയാണ്? എന്റെകൂടെ അമ്മകൂടെവരുമോ?" എന്ന് രാമൻ ചോദിച്ചതിന്—

"ഇല്ല. മകനേ! ഞാൻകൂടെ നീ ഒന്നിച്ച്‌വന്നാൽപ്പിന്നെ ഈ വീട്ടുകാര്യം അന്വേഷിക്കുവാൻ ഇവിടെ ആരുണ്ട്? നമ്മുടെ ഉപജീ

വനത്തിന്ന് വല്ലതും തെണ്ടിയുണ്ടാക്കണ്ടയോ? എന്നാൽ നീ പേടിക്കേണ്ട. ആ കാട്ടിൽ നിൻെറ കൊച്ചണ്ണൻ നില്പുണ്ട്. നിനക്ക് എപ്പോഴെങ്കിലും പേടിയായാൽ 'കൊച്ചണ്ണാ! കൊച്ചണ്ണാ!' എന്ന് വിളിച്ചുകൊള്ളുക. അപ്പോൾ അവൻ നിൻെറ അടുത്തുവരും" എന്നായിരുന്നു അമ്മയുടെ സമാധാനം.

അതുകേട്ട്, രാമൻ—"അമ്മേ! കൊച്ചണ്ണൻ എന്നും കാട്ടിൽ തന്നെ താമസിക്കുന്നതു് എന്താണു്?"

ജാനകി:—"അതാണ്ട് അവനിഷ്ടം. എന്നാൽ നീ ഇതിനെപ്പററി ഒന്നും അവനോട്ട് ചോദിക്കരുത്. അങ്ങിനെ ചോദിക്കുന്നതൊന്നും അവന്ന് ഇഷ്ടമല്ല. മാത്രമല്ല, അങ്ങിനെയെല്ലാം ചോദിച്ച് അസഹ്യപ്പെടുത്തിയാൽ അവൻ പിന്നെ നീ വിളിക്കുമ്പോൾ വന്നില്ലെന്നും വരാം."

രാമൻ:—"അമ്മേ! ഞാൻ ഒന്നും ചോദിക്കയില്ല. കൊച്ചണ്ണൻ അവിടെയുണ്ടെങ്കിൽ പിന്നെ എനിക്ക് ഒരുപേടിയും ഇല്ല. ഞാൻ ഇന്നുമുതല്ക്കുതന്നെ പള്ളിപ്പുരയിൽ പൊയ്ക്കൊള്ളാം."

ഇങ്ങിനെ രാമൻ പള്ളിപ്പുരയിലേയ്ക്കു് പുറപ്പെട്ടു. എന്നാൽ കാട്ടിൽകടന്നപ്പോഴയ്ക്കും രാമന്ന് ഭയമായി പാവം! കൊച്ചുകുഞ്ഞല്ലേ! അവൻ "കൊച്ചണ്ണാ! കൊച്ചണ്ണാ!" എന്ന് ഉറക്കെ നിലവിളിച്ചു. അപ്പോൾ ഉണ്ട്, പത്ത് പതിനഞ്ച് വയസ്സ് പ്രായംവരുന്ന ഒരു കുട്ടി, ഒരു ഓടക്കുഴലും കയ്യിൽ പിടിച്ചുകൊണ്ടു വരുന്നു. രാമൻെറ അടുത്തെത്തി

കൊച്ചണ്ണൻ:—"രാമാ! നിനക്കെന്തുവേണം?"

രാമൻ—"എനിക്ക് ഈ കാട്ടിൽക്കൂടെ കടന്നു പള്ളിപ്പുരയിൽപോകണം. തനിച്ചു പോകുവാൻ പേടിയുണ്ട്. അണ്ണൻകൂടെ വരണം"

"അങ്ങിനെയാകട്ടെ" എന്നുപറഞ്ഞു് അവർരണ്ടുപേരുംകൂടി പുറപ്പെട്ടു. കൊച്ചണ്ണൻ ഓടക്കുഴലും വായിച്ച് അനുജൻെറ കൂടെത്തന്നെ ചെന്നു. വനത്തിൻെറ അവസാനത്തിൽ എത്തിയപ്പോൾ രാമൻ പള്ളിക്കൂടത്തിലേയ്ക്കും കൊച്ചണ്ണൻ വനത്തിലേയ്ക്കും പോയി.

രാമൻ പള്ളിപ്പുരയിൽച്ചെന്നു ഗുരുവിനു ശിഷ്യപ്പെട്ടു.

ഗുരു—"രാമ! നീ തനിയേ ആ കാട്ടിൽക്കൂടെ വന്നതെങ്ങിനെ?"

രാമൻ:—"എൻെറ കൊച്ചണ്ണൻകൂടെ വന്നിരുന്നു."

ഗുരു:—"അവനവിടെ എന്താ ചെയ്യുന്നതു്?"

രാമൻ:—"കൊച്ചണ്ണൻ കാട്ടിൽ താമസിച്ചു കന്നുകാലികളെമേയ്ക്കുകയാണു്."

ഗുരു:—"ഓഹോ."

അതിനശേഷം രാമൻ എന്നും പള്ളിക്കൂടത്തിൽപ്പോക പതിവായി. ദിവസേന അവന്റെ കൊച്ചണ്ണൻ അവനു് തുണപോയും ഇരുന്നു.

ദിവസങ്ങൾ കുറേ കഴിഞ്ഞു. ഗുരുപുത്രിയുടെ വിവാഹം അടുത്തെത്തിത്തുടങ്ങി. ശിഷ്യന്മാരെല്ലാം ഈ വിവാഹത്തിനു യഥാശക്തി സംഭാവനചെയ്യണമെന്നാണ് വച്ചിട്ടുള്ളതു്. കൂട്ടത്തിൽ രാമനും വല്ലതും സംഭാവനചെയ്യേണ്ടതായിട്ടുണ്ടു്. അതിനാൽ ഒരുദിവസം വൈകുന്നേരം പള്ളിക്കൂടംവിട്ടു വന്നശേഷം രാമൻ അവന്റെ അമ്മയോടു ചോദിക്കുകയാണ്:—

രാമൻ:—"അമ്മേ! ഗുരുനാഥന്റെ പുത്രിയുടെ കല്യാണം നാളെയാണ്. പള്ളിപ്പുരയിൽ പഠിക്കുന്നവരെല്ലാം ഗുരുനാഥനു് ഓരോന്നു് കൊണ്ടുവന്നു് കൊടുക്കുന്നുണ്ടു്. എനിക്കും വല്ലതും കൊടുക്കണം. അതിനു് അമ്മ എന്തെങ്കിലും ഒന്നു് തന്നയച്ചേ കഴിയൂ. ഞാൻമാത്രം എന്റെ ഗുരുഭക്തി കാണിക്കാതിരുന്നാലോ?"

ജാനകി:—"മകനേ! ഞാൻ എന്തു തന്നയയ്ക്കാനാണു്? എന്റെ കയ്യിൽ യാതൊന്നും ഇല്ലല്ലോ നീ ഒരുകാര്യം ചെയ്യു്. നിന്റെ കാട്ടിലുള്ള കൊച്ചണ്ണനോടു ചോദിച്ചുനോക്കു്. അവൻ പക്ഷേ വല്ലതും തന്നു് അയച്ചേയ്ക്കുവാനും മതി."

രാമൻ:– ആകട്ടെ! ഞാൻ ചോദിക്കാം."

പിറേറദിവസം, പതിവുപോലെ കൊച്ചണ്ണനെ കണ്ടസമയത്തു്, രാമൻ വിവരങ്ങൾ എല്ലാം പറഞ്ഞറിയിക്കുകയും, ഗുരുനാഥനു കൊടുക്കുവാൻ എന്തെങ്കിലും കിട്ടണം എന്നു് ആവശ്യപ്പെടുകയും ചെയ്തു. കൊച്ചണ്ണൻ ഒരുകുടുക്ക പാലു കൊണ്ടുവന്നു രാമൻവശം കൊടുത്തു്, അതു ഗുരുവിനു കാഴ്ചവച്ചുകൊള്ളുവാൻ ഉപദേശിച്ചു. രാമൻ സന്തോഷത്തോടുകൂടെ അതു വാങ്ങി, കൊച്ചണ്ണനെ വണങ്ങി, നേരെ ഗുരുസന്നിധിയിലേയ്ക്കു തിരിച്ചു. അവിടെ എത്തിയപ്പോഴയ്ക്കും വിവാഹമുഹൂർത്തം ഏതാണ്ടു സമീപിച്ചുകഴിഞ്ഞിരിക്കുന്നു. വധുവും വരനും മറെറല്ലാവരും സന്നിഹിതരായിട്ടുണ്ടു്. രാമന്റെ സതീർത്ഥ്യന്മാരെല്ലാം ഒരോ വിലപിടിച്ച സമ്മാനങ്ങൾ കൊടുത്തുതുടങ്ങി. ഒന്നൊരു രാജകുമാരൻ; ആ ശിഷ്യന്റെ വകയായി ഒരുകൂട്ടു സ്വർണ്ണമാല; മറെറാരുവൻ ഒരു കച്ചവടക്കാരന്റെ പുത്രൻ; അവന്റെ വകയായി വധുവിനു് ഒരു മുത്തുമാല. വേറെ ഒരുവൻ ഒരുവണ്ടി കുമ്പളങ്ങ; നാലാമതു ഒരുവൻ പത്തുകുടം തൈരു് എന്നിങ്ങിനെ പലരും, പലതും. ഈ തിരക്കിൽ യാതൊരു സങ്കോചവുംകൂടാതെ രാമനും ഗുരുവിന്റെ മുമ്പിൽ തള്ളിക്കയറി, അവന്റെ പാൽകുടുക്കയും തൂക്കിപ്പിടിച്ചുകൊണ്ടു അവിടെ നില്പായി.

"ഇതു എന്താണ്  കുഞ്ഞേ!" എന്നു ഗുരു ചോദിച്ചതിനു "ഒരുകുടുക്ക പാൽ" എന്നുപറഞ്ഞുകൊണ്ടു രാമൻ അവൻെറ പാൽ കുടുക്ക ഗുരുവിനു കാണിച്ചുകൊടുത്തു. ഗുരുനാഥൻ അതുകണ്ടു സന്തോഷത്തോടെ ഒന്നു ചിരിച്ചു രാമനോടായി, "വളരെ സന്തോഷം" എന്നും, മററുള്ളവരോടായി—"അവൻെറ അമ്മ വളരെ സാധുവാണ്; മററൊന്നും തരുവാനായി അവരം ശക്തയല്ല" എന്നും പറഞ്ഞുകൊണ്ടു ഒരു വേലക്കാരനെ വിളിച്ച് "ഇതു വാങ്ങിക്കൊണ്ടുപോയി ഒരു പാത്രത്തിൽ പകന്നുവയ്ക്കണം. ആത്മാർത്ഥമായി കൊണ്ടുവരുന്നതൊന്നും ഉപേക്ഷിക്കുവാൻ പാടില്ല" എന്നു ആജ്ഞാപിച്ചു. ആ ദുഷ്ടന് ഈ പാൽകുടുക്ക കണ്ടപ്പോഠം തോന്നിയതു രാമനെ 'പത്തു പള്ളുകൊടുത്താൽ എന്താ' എന്നാണ്. ഏതായാലും അതു ഉണ്ടായില്ല. മററുള്ളവർ കളിയാക്കി ചിരിക്കുന്നതിനിടയിൽ ആ ആഠം ആ കുടുക്കവാങ്ങി, അതിൽ ഉണ്ടായിരുന്ന പാൽ ഒരു വലിയ പാത്രത്തിലേയ്ക്ക് ഒഴിക്കുകയായി. "ഹ! ഹ!! എന്താശ്ചര്യം! ആ ചെറുകുടുക്കയിൽനിന്നു പ്രവഹിക്കുവാൻ തുടങ്ങിയ പാൽകൊണ്ട് ആ വലിയ തൊട്ടിനിറഞ്ഞു വഴിഞ്ഞുതുടങ്ങി; അവിടം എല്ലാം പാൽകൊണ്ടു മൂടി. എല്ലാവരും, കളിയാക്കിച്ചിരിച്ചവരും, എല്ലാം അമ്പരന്നു നില്പായി.

ഗുരു, രാമനോടായി—"കുഞ്ഞേ! നിനക്ക് ഈ പാൽകുടുക്ക എവിടെനിന്നു് കിട്ടി?"

രാമൻ:—"കാലികളെ മേച്ചും, ഓടക്കുഴൽ വിളിച്ചും ഈ അടുത്തുള്ള കാട്ടിൽ താമസിക്കുന്ന കൊച്ചണ്ണൻ തന്നതാണ്."

ഗുരു:—"അവൻെറ പേരു് എന്താണ്?"

രാമൻ: "എനിക്കു് അറിഞ്ഞുകൂടാ. കൊച്ചണ്ണൻ ഒരിക്കലും വീട്ടിൽ വരാറില്ല. എപ്പോഴും ഓടക്കുഴൽ വിളിച്ചും കാലികളെ മേച്ചും കാട്ടിൽത്തന്നെയാണ് താമസം."

ഗുരു:—"അതു് ശ്രീഗോവിന്ദഭഗവാൻതന്നെ ആയിരിക്കണം. ഈ കാലമെല്ലാം ഞാൻ ആദ്ധ്യാത്മികചിന്തയിലും ഈശ്വരഭജനത്തിലും മാത്രമായിത്തന്നെ കഴിച്ചുകൂട്ടി. എന്നിട്ടും എനിക്ക് ആ ഭക്തവത്സലനെ ഒരിക്കൽപ്പോലും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഈ കുട്ടി ഭഗവാനെ ദിവസേന കാണുന്നുവല്ലോ. ഇവൻ എന്തൊരു ധന്യൻ! കുഞ്ഞേ രാമ! നിൻെറ ആ സഹോദരൻ എവിടെയാണ്? എനിക്ക് ഒന്നു കാണിച്ചുതരാമോ?"

രാമൻ.—"അതിനെന്താ! തീച്ചയായും കാണിച്ചുതരാം. എൻെറ കൂടെ വന്നാൽമതി."

ഗുരു പുറപ്പെട്ടുകഴിഞ്ഞു. അവിടെ കൂടിയിരുന്നവരെല്ലാം ഗുരുവിൻെറ പിന്നാലെകൂടി. ശിഷ്യന്മാരും, പുരോഹിതന്മാരും, വധുവും വരനും, എല്ലാം, ശ്രീകൃഷ്ണനെ പ്രത്യക്ഷമായി കാണുവാനുള്ള ആഗ്രഹത്തോടുകൂടി പുറപ്പെട്ടുകഴിഞ്ഞു. ഇങ്ങിനെഎല്ലാവരും വനത്തിൽ പ്രവേശിച്ചപ്പോൾ രാമൻ "കൊച്ചുണ്ണി! കൊച്ചുണ്ണി!" എന്നു് ഉറക്കെ വിളിക്കുകയായി. ആരും വരുന്നില്ല. രാമൻ പിന്നേയും, "കൊച്ചുണ്ണി! കൊച്ചുണ്ണി!! നിങ്ങൾ എവിടെയാണു്? ഞാൻ, രാമനാണു് വിളിക്കുന്നതു്" എന്നിങ്ങനെ വീണ്ടും നിലവിളിച്ചുപറഞ്ഞു. അപ്പോൾ അതിദൂരത്തിൽനിന്നു് ഇങ്ങനെ ഒരു അശരീരി കേൾക്കാറായി:—

"ക്ഷീണരും നിസ്സഹായരും സാധുക്കളും ഭക്തന്മാരും വിളിച്ചാൽമാത്രമേ ഞാൻ വരികയുള്ളൂ. ഏകാന്തത്തിൽ മനസ്താപത്തോടുകൂടി വിളിക്കുന്നവൎക്കുമാത്രം എന്നെ കാണാം. അല്ലാതെ, എന്നെ കണുവാനായി വന്നുകൂടുന്ന ജനക്കൂട്ടത്തിൻെറ മുമ്പിൽ ഞാൻ പ്രത്യക്ഷനാകയില്ല. ഇന്നേവരെ നീ ഒരു വെറും സാധുവായ ബാലനായിരുന്നു. ഞാൻ നിൻെറ യഥാൎത്ഥ 'കൊച്ചുണ്ണൻ' ആണെന്നുകൂടിയും നീ വിശ്വസിച്ചു. അതുകൊണ്ടാണു് ഞാൻ നിൻെറ മുമ്പിൽ മനുഷ്യരൂപം എടുത്തു് പ്രത്യക്ഷനായതും നിന്നോടുകൂടി കളിച്ചതും. ഇനിമേൽ അതിനു് സാദ്ധ്യമല്ല. ഇനിമേൽ നിനക്കു് നിൻെറ കൊച്ചുണ്ണനെ കാണുവാനും സാധിക്കയില്ല."

## ൬൨. പിച്ചയില്ലെന്നുപറവാൻ ആൎക്കധികാരം!

ഒരുദിവസം ഒരു യാചകൻ ഭിക്ഷയ്ക്കായി ഒരു വീട്ടിൽ കയറിച്ചെന്നു ഗൃഹിണി അപ്പോൾ അവിടെ ഇല്ലാതിരുന്നതുകൊണ്ടു് മരുമകൾ വന്നു് പിച്ചയില്ലെന്നുപറഞ്ഞു് അവനെ യാത്രയാക്കി. അവൻ പോകുവാൻ പുറപ്പെട്ടപ്പോളുണ്ടു് അമ്മായിയുടെ വരവു്. "എന്താ ഭിക്ഷക്കാരൻ പോകുന്നതു്?" എന്നു് ആ ഗൃഹിണി ചോദിച്ചു.

ആ സാധു:—"അമ്മേ! അവിടത്തെ കൊച്ചമ്മ ഭിക്ഷയില്ലെന്നു പറഞ്ഞു. അതാണു് മടങ്ങിയതു്" എന്നായി.

ഗൃഹിണി കോപത്തോടുകൂടി "എന്തു്! അവൾ അങ്ങിനെ പറഞ്ഞുവോ? ഭിക്ഷയില്ലെന്നു പറയുവാൻ അവൾക്കുള്ള അധികാരം! ഞാനല്ലേ ഗൃഹനായിക? അവൾ അല്ലല്ലോ. അതുയ്ക്കായോ ധിക്കാരം. ഈയാൾ എൻെറകൂടെവരൂ. അധികാരമില്ലാത്തവർ പറയുന്ന

തുകേട്ട് ഇറങ്ങിപ്പോകുവാൻ ഇത്ര വിഡ്ഢിയോ താൻ. ഉണ്ടെന്നും ഇല്ലെന്നും പറയുവാനുള്ള അധികാരം ഗൃഹനായികയ്ക്കല്ലാതെ മററാക്കാണ്? താൻ വരു.''

ഭിക്ഷക്കാരന് വളരെ സന്തോഷമായി. അന്ന് കുറുക്കനെത്തന്നെ കണികണ്ടു എന്ന് ആ ആൾ നിശ്ചയിച്ചു. "അമ്മ ദയാഗുണം മൂർത്തീകരിച്ചുവന്ന അവതാരംതന്നെയാണ്" എന്നുപുകഴ്ത്തിയും കൊണ്ട് പിന്നാലെ കൂടി. വീട്ടിൽ എത്തിയ ഉടനെ അമ്മായി മരുമകളെ വിളിച്ച്:—"നീ ഭിക്ഷയില്ലെന്നു പറഞ്ഞതു് പരമാർത്ഥം തന്നെയാണോ?" എന്നു ഗർജ്ജിച്ചു. ആ പാവം സമ്മതിക്കാതെ എന്തുചെയ്യും. അനധികൃതമായ അവളുടെ ധിക്കാരപ്രവൃത്തിയെ ആക്ഷേപിച്ചുകൊണ്ട് ആ നായിക ഒരുപാടെല്ലാം ഭർത്സിക്കാതിരുന്നില്ല. പണ്ടു കേട്ടിട്ടില്ലാത്തവിധത്തിൽ ഒരു ദയാബുദ്ധി അന്ന് ആ യാചകനിൽ പ്രകടീകൃതമായിക്കണ്ടതുകൊണ്ട് മരുമകൾ അതിശയിക്കുകയാണ് ഉണ്ടായതു്. ഒടുവിൽ ഗൃഹിണി:—"അധികപ്രസംഗി! നിനക്കിത്ര ധിക്കാരമായിപ്പോയോ? ഇവിടെ ഭിക്ഷയുണ്ടെന്നും ഇല്ലെന്നും പറയുവാൻ നിനക്കെന്തു്അധികാരമാണുള്ളതു്! ഈ വീട്ടിലെ നായിക ഞാനാണെന്ന് നിനക്ക് അറിഞ്ഞുകൂടെ? ഉണ്ടെന്നും ഇല്ലെന്നും പറയുവാൻ ഇവിടെ എനിക്കല്ലാതെ മററാക്കാണ് അധികാരം? ഇനിയൊരിക്കൽ കാണട്ടെ; അപ്പോൾ കാണിച്ചുതരാം" എന്നുംമററും ശാസിച്ചശേഷം, അത്യാഗ്രഹത്തോടുകൂടികാത്തുനില്ക്കുന്നയാചകനോടായി—"എടോ ഭിക്ഷക്കാര! താൻ ഇവിടെവരു. ഈ വീട്ടിലെ സർവ്വാധികാരവും ഉള്ള ഞാൻ പറയുന്നു, തനിക്കിവിടെ ഭിക്ഷയില്ലെന്ന്. പൊയ്ക്കോളു. ഇനിമേലിൽ ഗൃഹിണികളല്ലാത്തവരുടെ, അനധികൃതമായ നിഷേധത്തെ താൻ വകവയ്ക്കരുതു്, മനസ്സിലായോ. തനിക്ക് ഭിക്ഷയില്ല; പൊയ്ക്കോളു."

യാചകൻ ഇതു കേട്ട് വിഷാദിച്ച് തലയുംതാഴ്ത്തി നടയായി.

---

## ൫൩. ആനയെ പൊക്കി.

ഒരു രാജ്യത്തു് ശങ്കരൻ എന്നു പേരായി അതിബലിഷ്ഠനായ ഒരു യുവാവുണ്ടായിരുന്നു വയസ്സ് ഇരുപതേ ഉള്ളു. എങ്കിലും അവൻെറ കായബലം അനിതരയുവസാധാരണമായിത്തന്നെ ഇരുന്നു. മനസ്സിനാണെങ്കിൽ യാതൊരു വിചാരവും ഇല്ല. അവന് വേണ്ടതെല്ലാം അവൻെറ അമ്മതന്നെ ചെയ്തുകൊടുക്കും ഒരുപ്രവൃ

ത്തി എടുക്കുവാനും അവനെ അവൻെറ അമ്മ സമ്മതിക്കുകയില്ല. ശങ്കരൻെറ ജോലി, ഊണുകഴിക്കുക, തെണ്ടിനടക്കുക ഇത്രമാത്രം. കൊട്ടാരത്തിലെ വലിയ കൊമ്പനാനതന്നെ നേരിട്ടുവന്നാൽ അവൻ ഒരു തരിമ്പും കൂസുകയില്ല. അതിനെ പൊക്കിയെടുത്തു് വഴിയരികിലേക്കു മാററിവച്ചു പൊയ്ക്കളയും. ഇതിനൊന്നും ഒരു പ്രയാസവും അവനില്ല. അത്രയ്ക്കു ബലവാനായിരുന്നു ശങ്കരൻ.

ഒരുദിവസം വിക്രമാദിത്യമഹാരാജാവു് കൊട്ടാരസൗധത്തിലെ ഒരു ജാലകത്തിൽക്കൂടെ നോക്കിക്കൊണ്ടിരുന്നപ്പോൾ ശങ്കരൻ നിർദ്ദാക്ഷിണ്യം, ആനയെ തൂക്കിയെടുത്തു മാററിവച്ചു് ആവഴി കടന്നുപോകുന്നതു കണ്ടു. അദ്ദേഹത്തിനു് അത്യത്ഭുതം തോന്നി, മന്ത്രിയെ വിളിച്ചു്:—“ഹേ! ഭട്ടി! ശങ്കരൻെറ ആ അസാധാരണസാമർത്ഥ്യത്തിനുള്ള കാരണം എന്താണു്?” എന്നു ചോദിച്ചു. അതിനു് ഭട്ടി:—“പ്രഭോ! മററൊന്നുമല്ല; അവൻെറ മനസ്സിൽ യാതൊരു വിചാരവും ഇല്ലാതിരിക്കുന്നതാണു് ഈ ബലിഷ്ഠതയ്ക്കു് കാരണം. മനുഷ്യനെ ബലഹീനനാക്കിത്തീക്കുന്നതു് അവൻെറ ഉള്ളിലെ വിചാരമാണു്. ഇതിൻെറ പരമാത്ഥം പരീക്ഷിച്ചറിയണമെങ്കിൽ അവനിൽ കുറച്ചു വിചാരശല്യം കുത്തിവച്ചു നോക്കുക. എന്നാൽ അവൻ പെട്ടെന്നു് ഒരു സാധാരണക്കാരനായിത്തീരുന്നതുകാണാം.”

“ആകട്ടെ; അതൊന്നു് പരീക്ഷിക്കുകതന്നെ”എന്നു് വിക്രമാദിത്യൻ പറഞ്ഞു അതുകേട്ടു് ഭട്ടി, ആ യുവാവിൻെറ വീട്ടിൽച്ചെന്നു്, അമ്മയെ വിളിച്ചു്—“അമ്മേ! നിങ്ങളുടെ മകൻ അടുത്തതവണ ഭക്ഷണംകഴിക്കുവാൻവരുമ്പോൾ;അരിയില്ലാതിരുന്നതുകൊണ്ടു ഭക്ഷണംപാകംചെയ്യാൻ സാധിച്ചില്ലെന്നും, ദിവസേന ഓരോ ഇടങ്ങഴി അരിയെങ്കിലും അവൻ എവിടെനിന്നെങ്കിലും സമ്പാദിച്ചു കൊണ്ടുവന്നു തരണം എന്നും പറയണം. അങ്ങിനെ നിങ്ങൾ പറയുന്നതായാൽ ഞാൻ നിങ്ങൾക്കു് ഒരുന്തുറു വരാഹൻ തരാൻ നിശ്ചയിച്ചിട്ടുണ്ടു്” എന്നു പറഞ്ഞുകേൾപ്പിച്ചു. ഒരുന്തുറു വരാഹൻ എന്നു കേട്ടപ്പോൾ അമ്മയ്ക്കു് എന്തുംചെയ്യാം എന്നായി. തൻെറ പ്രവൃത്തിയുടെ ഫലമായി മകനു് സംഭവിക്കുവാൻപോകുന്നതു് എന്താണെന്നുള്ളതിനെപ്പററി ആ ദുർമ്മോഹിത്തള്ള ചിന്തിച്ചതേയില്ല.

നേരം മദ്ധ്യാഹ്നമായിക്കഴിഞ്ഞു. ശങ്കരൻ, പതിവുപോലെ ഓടിക്കടന്നുവന്നു്:—“അമ്മേ! വിശക്കുന്നു, ചോറു് ചോറു്; വേഗമാകട്ടെ” എന്നായി.

അതുകേട്ടു് വൃദ്ധ:—“മകനേ! ഇന്നിവിടെ വയ്ക്കുവാൻ അരി ഇല്ല മേലിൽ നീ ഇങ്ങനെ തെണ്ടിനടന്നാൽമതിയോ. നാം

പട്ടിണികിടന്നു് ചാകുകയല്ലേ ഉള്ളൂ. എവിടെയെങ്കിലും പോയി, നമ്മുടെ ചെലവിനു് ദിവസേന ഓരോ ഇടങ്ങഴി അരിയെങ്കിലും സമ്പാദിച്ചുകൊണ്ടുവരണം. അല്ലാതെ നിവൃത്തിയില്ല" എന്നു പറഞ്ഞു.

ശങ്കരൻെറ മുഖം വാടി. അവൻ പരിഭ്രമിച്ചു. ദിവസേന ഓരോ ഇടങ്ങഴി അരിവീതം അവൻ എങ്ങിനെ സമ്പാദിക്കുവാനാണു്? ഈ വിചാരത്തോടുകൂടി ആ യുവാവു് അവിടെനിന്നു് ഇറങ്ങി നടയായി. അവൻെറ മുഖത്തു് മുമ്പുണ്ടായിരുന്ന പ്രസന്നതയൊന്നും ഇപ്പോൾ കാണ്മാനില്ല, മാത്രമല്ല, ഒരു വിചാരപടലംമൂടി ആ മുഖം മ്ലാനമായും ഇരിക്കുന്നു.

കൊട്ടാരഹർമ്മ്യത്തിലെ ജാലകത്തിൽക്കൂടെ വിക്രമാദിത്യനും ഭട്ടിയും ഇതെല്ലാം കണ്ടുംകൊണ്ടു് ഇരിക്കുന്നുണ്ടു്. ശങ്കരൻെറ മുഖത്തിനു് ഇത്രവേഗം നേരിട്ട ഭാവഭേദം കണ്ടു് അവർ രണ്ടുപേരും വളരെവളരെ അത്ഭുതപ്പെട്ടു. ശങ്കരനു് എതിർമുഖമായി അപ്പോൾ വരുന്നുണ്ടു് ഒരു പൂച്ച ആനയ്ക്കുകൂടെ വഴിമാറിക്കൊടുക്കുക പതിവില്ലാതിരുന്ന ആ അത്ഭുതപരാക്രമി, അപ്പോൾ അതാ ആ പൂച്ചയ്ക്കു് വഴിതെററി അകലെ മാറിപ്പോകുന്നു. രാജാവു് 'ആകട്ടെ; നോക്കാം' എന്ന വിചാരത്തോടുകൂടി, കൊട്ടാരത്തിലെ ഗജശ്രേഷ്ഠനെ ശങ്കരൻെറ നേരേ അഴിച്ചുവിടുവാൻ ആജ്ഞാപിച്ചു. ആ ഗജശ്രേഷ്ഠൻ ശങ്കരനു് എതിർമുഖമായി ചെല്ലുകയും ആയി പതിവുപോലെ തന്നെ തൂക്കിഎടുത്തുവയ്ക്കും എന്നായിരുന്നു. ആ യുവാവിൻെറ ഭുജശക്തി പലതവണയും അനുഭവിച്ചറിഞ്ഞിട്ടുള്ള ഗജശ്രേഷ്ഠൻെറ വിചാരം. എന്നാൽ അടുത്തെത്തിയപ്പോൾ വഴിതെററുവാനുള്ള ഭാവമായി. ആന വിട്ടില്ല; ശങ്കരൻ മാറിയിടത്തേക്കുതന്നെ ആനയും മാറി. പതിവുപോലെ എടുത്തുവെയ്ക്കട്ടെ എന്നുതന്നെ അതു വിചാരിച്ചു ഒഴിഞ്ഞുപോകുവാൻ തരമില്ലെന്നു കണ്ടപ്പോൾ പതിവുപോലെ ഒന്നു പൊക്കിനോക്കാം എന്നുവിചാരിച്ചു് ശങ്കരൻ തൻെറ കൈകൾകൊണ്ടു് അതിൻെറ തടിച്ചശരീരം മെല്ലെ പിടിച്ചു് ഒന്നു ഉയർത്തുവാൻ നോക്കി. ങെ, ഹേ. അനക്കുന്നില്ല. ശങ്കരൻ ലജ്ജിച്ചു. ശങ്കരൻെറ ഈ പരാജയം കണ്ടു് ആനയും അതിശയിച്ചു. ഇതെല്ലാം കണ്ടു് വിക്രമാദിത്യൻ പറയുകയാണു്:—"ഭട്ടി! നീ പറഞ്ഞതു് ശരിതന്നെ. മനഃശല്യംതന്നെയാണു് ആരോഗ്യത്തിൻെറ പരമശത്രു."

## ൫൪. രാജാവും ശില്പിയും.

ഒരു മഹാശക്തനായിരുന്ന കലിംഗരാജാവു്, അനവധിലക്ഷം വരാഹൻ ചെലവുചെയ്തു ജഗന്നാഥത്തിലെ മഹാക്ഷേത്രം പണികഴിപ്പിച്ചു. ക്ഷേത്രപ്പണിയെല്ലാം തീൎന്നശേഷം, അതിലേയ്ക്കു് ഉചിതമായ ഒരു വിഗ്രഹം പണിചെയ്യിക്കുവാൻ വിദഗ്ദ്ധശില്പിയെ അന്വേഷിക്കുകയായി. ഒരുലക്ഷം വരാഹൻ ആയിരുന്നു വിഗ്രഹപ്പണിക്കു നിശ്ചയിച്ചിരുന്ന പ്രതിഫലം. എന്നാൽ വിഗ്രഹം ശരിയായില്ലെങ്കിൽ ശില്പിയുടെ തലപോകുകയുംചെയ്യും. കുറേക്കാലത്തേയ്ക്കു് ഈ പ്രയാസമുള്ള ജോലി കയ്യേല്ക്കുവാൻ ആരും ഉണ്ടായില്ല. ഒടുവിൽ ഒരു ശില്പി ധൈൎയ്യപ്പെട്ടു രാജസന്നിധിയിൽച്ചെന്നു്, ഒരു കരാറിന്മേൽ അവർ ആ വിഗ്രഹപ്പണി കയ്യേല്ക്കാം എന്നു് അറിയിച്ചു.

രാജാവു്:—"എന്തു കരാറാണതു്? കേൾക്കട്ടെ."

ശില്പി:—മററൊന്നുമല്ല, തിരുമേനി! യാതൊരുകാരണവശാലും മുപ്പതുദിവസത്തേക്കു് ആരുംതന്നെ ക്ഷേത്രത്തിൽ പ്രവേശിക്കരുതു്. അങ്ങിനെ ഏൎപ്പാടു ചെയ്യാമെന്നുണ്ടെങ്കിൽ ജഗന്നാഥന്റെ തൽസ്വരൂപത്തിൽ ഒരു ഒന്നാന്തരം വിഗ്രഹം അടിയൻ ഉണ്ടാക്കിത്തരാം."

രാജാവിനു വളരെ സന്തോഷമായി. അതു് എത്ര എളുപ്പമായ സംഗതി! അങ്ങിനെതന്നെ സമ്മതിച്ചിരിക്കുന്നു എന്നു കല്പനയായി. അതനുസരിച്ചു് ആ ശില്പി ഒരുമാസത്തേക്കു വേണ്ട ഭക്ഷണസാധനങ്ങൾ മുതലായവയെല്ലാം ശേഖരിച്ചു് അവയോടുകൂടി ക്ഷേത്രത്തിനകത്തുകടന്നു വാതിലുകളെല്ലാം ഭദ്രമായി ബന്ധിച്ചു.

ദിവസംതോറും ക്ഷേത്രത്തിൽനിന്നു് അതിഭയങ്കരമായ ശബ്ദം കേൾക്കുന്നുണ്ടു്. അതിന്റെ കാരണമേതും ആൎക്കും മനസ്സിലാകുന്നതുമില്ല. എല്ലാവരും അത്ഭുതപരതന്ത്രരായി തീൎന്നിരിക്കുകയാണു്. പത്താംദിവസം രാജാവു സദസ്യരോടായി ഇങ്ങിനെ ചോദിച്ചു:—അവൻ അവിടെ ഇത്രവലിയ കോലാഹലമെല്ലാം ഉണ്ടാക്കുന്നതു് എന്തിനായിട്ടാണു്? ഒരു വിഗ്രഹംമാത്രം ഉണ്ടാക്കുവാനല്ലേ ഉള്ളു; ആ ക്ഷേത്രം പണിചെയ്തിരുന്നകാലത്തുകൂടി ഇത്ര വലിയ കോലാഹലം ഉണ്ടായിട്ടില്ലല്ലോ. അന്നത്തെ ജോലിക്കാർ അയ്യായിരം. ഇന്നു് ഒരുവൻ. എന്നിട്ടും കേൾക്കണേ പണ്ടെങ്ങും കേട്ടിട്ടില്ലാത്ത കോലാഹലം."

പാൎശ്വവാസികൾ:—"എന്താണെന്നു് അടിയങ്ങൾക്കുംമനസ്സിലാകുന്നില്ല. അത്ഭുതമായിത്തന്നെ ഇരിക്കുന്നു. കല്പിച്ചാൽ ചെന്നു നോക്കിവരാം."

രാജാവ്:—"അതു പാടില്ല. മുപ്പതുദിവസത്തേയ്ക്ക് ആരേയും ഉള്ളിൽ കടക്കുവാൻ അനുവദിക്കയില്ലെന്നു ഞാൻഏററിട്ടുണ്ട്.

പിന്നേയും ദിവസം ചെല്ലുന്തോറും ശബ്ദവും കൂടിക്കൊണ്ടുതന്നെ വരുന്നതേയുള്ളു. അതിനുള്ളിൽ നടക്കുന്നതു് എന്താണെന്നു് അറിയുവാൻ രാജാവു പൂർവ്വാധികം അക്ഷമനായും തീൎന്നിരിക്കുന്നു. ദിവസം ഇരുപതും കഴിഞ്ഞു. രാജാവു പാർശ്വവാസികളെനോക്കി:-

രാജാവ്:—"ഇതെന്തായിരിക്കാം? ഇതിൻെറ സാരമൊന്നും മനസ്സിലാകുന്നില്ലല്ലോ."

പാർശ്വവാസികളിൽ ഒരുവൻ:—"അവൻ ഒരുപക്ഷേ അതിനുള്ളിലുള്ള കൽത്തൂണുകൾ എല്ലാം തച്ചുടയ്ക്കുകയായിരിക്കാം."

രാജാവ്:—"എന്തു്! എൻെറ ഈ മനോഹരമായ ക്ഷേത്രം അലങ്കോലപ്പെടുത്തുവാൻ വന്നിരിക്കുന്ന പിശാചോ അവൻ? എന്താണു് ഇനിവേണ്ടതു്? മുപ്പതുദിവസത്തേയ്ക്കു ക്ഷേത്രത്തിൽ ആരേയും പ്രവേശിപ്പിക്കുകയില്ലെന്നു ഞാൻ വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലോ."

മറെറാരു പാർശ്വവാസി:—"ക്ഷേത്രത്തിൽ പ്രവേശിപ്പിക്കരുതെന്നല്ലേ ഉള്ളു. നമുക്കു ക്ഷേത്രവാതുക്കൽപ്പോയി അവനെ വിളിച്ചുചോദിക്കാം. അതിൽ അബദ്ധമൊന്നും വരാനില്ലല്ലോ. അപ്പോൾ ഈ ശബ്ദത്തിനെല്ലാം കാരണം എന്താണെന്നു് അവനോടു ചോദിച്ചു മനസ്സിലാക്കുകയുംചെയ്യാം."

രാജാവ്:—"നല്ലകൗശലം. നമുക്കു് ഇപ്പോൾത്തന്നെപോയി നോക്കാം."

ഇങ്ങനെ നിശ്ചയിച്ചു് അവർ എല്ലാം ക്ഷേത്രസന്നിധിയിൽ ചെന്നു ശില്പിയെ വിളിയായി എത്ര വിളിച്ചിട്ടും ഒരു മറുപടിയും ഇല്ല. ആ ഭയങ്കരശബ്ദം പൂവ്വാധികം പുറപ്പെട്ടുകൊണ്ടുതന്നെ ഇരിക്കുന്നതുമുണ്ടു്. രാജാവു തൻെറ പടഹപ്രയോഗക്കാരേയും ഭേരിയടിക്കാരേയും മററുംവരുത്തി അവരുടെ ഉഗ്രവാദ്യങ്ങൾ എല്ലാം അത്യുഗ്രം ഘോഷിക്കുവാൻ ആജ്ഞാപിച്ചു. ചെകിടടയുംപടി ശബ്ദകോലാഹലവും ആയി. ടെ! ഹെ! എന്നിട്ടുമില്ല സമാധാനം. ശബ്ദം പൂർവ്വാധികം ഉച്ചത്തിൽ പുറപ്പെട്ടുകൊണ്ടുതന്നെ ഇരിക്കുകയാണു്.

"നമുക്കു് ഉള്ളിൽ കടന്നുനോക്കാം" എന്നായി മന്ത്രി.

"പാടില്ല; മുപ്പതുദിവസത്തേയ്ക്കു് ആരും ഉള്ളിൽ കടക്കയില്ലെന്നു ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ടു്. അതിനു വിപരീതം പ്രവൎത്തിക്കുന്നതായാൽ ആ ദിവ്യവിഗ്രഹം ഒരുപക്ഷേ നഷ്ടപ്പെട്ടേക്കുവാനും മതി.

രാജാവും പരിചാരകന്മാരും കൊട്ടാരത്തിലേയ്ക്കുതന്നെ മടങ്ങി. അന്നുരാത്രി ക്ഷേത്രത്തിലെ ബഹളം പൂർവ്വാധികം ഭയങ്കരമായിത്തിന്നു. മാത്രമല്ല, ആ രാത്രി മുഴുവനും ഇടവിടാതെ ആ കോലാഹലം തന്നെ തുടൎന്നുകൊണ്ടിരിക്കുകയുംചെയ്തു. പിറേറദിവസം കാലത്തു രാജാവു തന്റെ മന്ത്രിമാരേയും മററു അന്തേവാസികളേയും വിളിച്ചു വരുത്തി ആലോചനയായി.

രാജാവു്:—എന്തൊരു കോലാഹലം ആണിതു്. ഇത്രകാലവും പകൽസമയം മാത്രമേ ഈ കോലാഹലമെല്ലാം ഉണ്ടായിരുന്നുള്ളു. ഇന്നലെ രാത്രിയും ഉണ്ടായല്ലോ!"

മന്ത്രി:—"തിരുമേനി! ഈ പുരംതന്നെ വേഗംഇടിഞ്ഞുപൊളിഞ്ഞു പോകുംപോലെയല്ലേ തോന്നുന്നതു്! ഇങ്ങനെ അമാന്തിച്ചിരുന്നാൽ പന്തിയല്ല. നമുക്കു വാതിൽതുറന്നു നോക്കിയാൽ എന്താണു്? ഇവിടെ അതാണു കൎത്തവ്യമായിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു.

രാജാവു്:—"അങ്ങിനെചെയ്താൽ ആ ദിവ്യവിഗ്രഹം നഷ്ടപ്പെട്ടു പോയെങ്കിലോ?"

മന്ത്രി:—"പോയാൽ പോകട്ടെ. ക്ഷേത്രംതന്നെ ഇടിഞ്ഞുപൊളിഞ്ഞുപോകുന്നതിൽ ഭേദമല്ലേ അതു്! അവൻ ഏററപോലെ വിഗ്രഹം പണിതീൎത്തുതന്നില്ലെങ്കിലും വേണ്ടില്ല. ക്ഷേത്രമെങ്കിലും നാശമാകാതിരിക്കട്ടെ."

ഇത്രയും കേട്ടപ്പോഴയ്ക്കു് രാജാവിന്റെ ഭയം വൎദ്ധിച്ചു. അദ്ദേഹം പറഞ്ഞു:—"പരമാൎത്ഥംതന്നെ. ആ പാപി ക്ഷേത്രത്തിനുള്ളിൽ ഉള്ളതെല്ലാം തച്ചുടച്ചേയ്ക്കുവാനും മതി. അല്ലെങ്കിൽ ഒരു വിഗ്രഹം ഉണ്ടാക്കുന്നതിനു് ഇത്രയൊക്കെ കോലാഹലം കൂട്ടേണ്ടതായ ആവശ്യം വല്ലതും ഉണ്ടോ? മാത്രമല്ല; ഇപ്പോൾ രാത്രിയിലും ഇല്ലാതായല്ലോ സൈ്വരം. എന്തൊരുപദ്രവം ആണിതു്? അവൻ അവിടെ വെളിച്ചംകൂടാതെ രാത്രി എന്തുകാണിക്കുവാനാണു്?"

മന്ത്രി:—"സ്തംഭങ്ങൾ തച്ചുടയ്ക്കുന്നതിനു് വെളിച്ചം എന്തിനാ?"

രാജാവു്:—"ശരി. ശരി. ഇതിന്റെ എല്ലാം രഹസ്യം അതുതന്നെ. വരിൻ, നമുക്കു് ഉള്ളിൽ കടന്നുനോക്കാം വാതിൽ പോയാൽ പോകട്ടെ. മററു ഭാഗങ്ങളെങ്കിലും കേടുവരാതെ രക്ഷിക്കുവാൻ സാധിച്ചാൽ, വാതിലിന്റെ നാശം അത്ര സാരമുള്ളതായി കണക്കാക്കാനില്ല."

എല്ലാവരും ക്ഷേത്രസന്നിധിയിൽ എത്തിക്കഴിഞ്ഞു. വാതിൽ അകത്തുനിന്നു് ഭദ്രമായി ബന്ധിച്ചിട്ടുണ്ടു്. രാജാജ്ഞപ്രകാരം അതു് ഭേദിക്കപ്പെട്ടു. രാജാവും, മന്ത്രിമാരും, അന്തേവാസികളും എല്ലാം അകത്തുകടന്നു. അവിടെ ഒരേടത്തുണ്ടു്, വേണ്ടപോലെ വൃത്തിയാ

കാത്ത ഒരു വിഗ്രഹത്തിന്നരികെ ആ വൃദ്ധശില്പി നില്ക്കുന്നു. പ്രവൃത്തിതന്നെ വൃത്തിയായിട്ടില്ല; അവയവങ്ങൾ ഒന്നും വ്യക്തമായിട്ടില്ല; ആകെപ്പാടെ കാഴ്ചയ്ക്കു് ഒരു ഭംഗിയും ഇല്ല; അങ്ങിനെ ഒരു വിഗ്രഹം. അതു കണ്ടപ്പോൾ രാജാവിനു് അതിയായ കോപം വന്നു. അദ്ദേഹം അട്ടഹസിച്ചുകൊണ്ടു് ചോദിച്ചു:—"ദുഷ്ട! ഇതാണോ ഭഗവാൻ ജഗന്നാഥന്റെ വിഗ്രഹം! നിന്റെ തല വീശിക്കളയുന്നുണ്ടു്; നോക്കിക്കോ!"

ശില്പി, ചിരിച്ചുംകൊണ്ടു്—"തിരുമേനി! അവിടുത്തെ വാഗ്ദാനം അവിടുന്നു് നിറവേററിയോ? ഇന്നയ്ക്കു് ദിവസം ഇരുപത്തിഒന്നല്ലേ ആയുള്ളു. ഹേ! അക്ഷമനായ രാജൻ! പ്രപഞ്ചനിയന്താവായ ജഗന്നാഥന്റെ യഥാർത്ഥവിഗ്രഹം കാണുവാനായി മുപ്പതുദിവസത്തേക്കെങ്കിലും മനസ്സടക്കിവച്ചുകൂടായിരുന്നുവോ. ഒരു രാജാവു് ഇത്ര സാഹസികനായിപ്പോയാലോ."

ഇതുകേട്ടപ്പോഴാണു് തന്റെ സാഹസപ്രവൃത്തിയെപ്പററി അദ്ദേഹത്തിനു് പശ്ചാത്താപം ജനിച്ചതു്. ക്ഷേത്രത്തിലെ യാതൊന്നും ശില്പി തൊട്ടിട്ടുപോലും ഇല്ല. എന്തുകാട്ടാം. അദ്ദേഹം ആ വൃത്തികെട്ട വിഗ്രഹംനോക്കി മനസ്താപത്തോടെ ചോദിക്കുകയാണു്: "ഇനി ഈ വിഗ്രഹംകൊണ്ടു് എന്തുചെയ്യാനാണു്?" എന്നു്. അതിനു് ഉത്തരമായി,

ശില്പി:—"സംശയിക്കുവാനൊന്നുമില്ല. ഇതിനെത്തന്നെ ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചുകൊള്ളുക. ഈശ്വരൻ സുന്ദരവസ്തുവിൽ സ്ഥിതിചെയ്യുന്നതുപോലെതന്നെ വികൃതവസ്തുവിലും സ്ഥിതിചെയ്യുന്നുണ്ടു്. അവയവസംപൂർണ്ണനിൽ എന്നപോലെതന്നെ അവയവവികലനിലും ഉണ്ടു് ഈശ്വരൻ. നല്ലതെന്നും ചീത്തയെന്നും ഉള്ള വ്യത്യാസമൊന്നും ഈശ്വരനില്ല. ഈ പരമാർത്ഥം ഈ വിഗ്രഹത്തിൽനിന്നു് ആരാധകന്മാർ അനുഭവപ്പെടുത്തുന്നതായിരിക്കും."

ഇങ്ങിനെ പറഞ്ഞുകൊണ്ടു് അവിടെത്തന്നെ അന്തർദ്ധാനം ചെയ്ത ആ ശില്പി സാക്ഷാൽ ഈശ്വരൻ അല്ലാതെ മററാരും ആയിരുന്നില്ല.

---

## ൫൭. വെറും ശബ്ദബഹളം.

---

ഒരു വീട്ടിൽ ഒരു വിരുന്നുസല്ക്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു വിരുതൻ അവിടെ ചെന്നുകയറി. ഇവനെ ആരും ക്ഷണിച്ചി

ക്കുന്നില്ല. ഇവൻെറ പ്രവേശനം ഗൃഹസ്ഥന്നു് ഒട്ടും ഇഷ്ടമായതുമില്ല. സ്ഥിതിയില്ല, നിലയില്ല, ഗതിയില്ല, നിഷ്ഠയില്ല എന്നെല്ലാം വിചാരിച്ചു് ആദിയിൽ അവനെ സ്വീകരിക്കുവാൻതന്നെ അദ്ദേഹം മടിച്ചു. ആഗതന്നു് ഇതു മനസ്സിലായി. ആ ആൾ സഗൌരവം ഗൃഹസ്ഥനെ വിളിച്ചുപറയുകയാണു്:—"പിന്നെ! നിങ്ങൾ മന്ത്രിക്കുന്നതും ചിന്തിക്കുന്നതും എല്ലാം എനിക്കു് മനസ്സിലായി. നിങ്ങൾ എന്നെസല്ക്കരിക്കുന്നതിൽ വല്ല ഉപേക്ഷയും വരുത്തിയാൽ—"നോക്കിക്കോള്ളിൻ! ഇന്നാൾ ഒരുദിവസം ആ അടുത്തഗ്രാമത്തിലുണ്ടായ ഒരു സദ്യയ്ക്കു് എന്നെ സല്ക്കരിക്കുവാൻ അവർ മടിച്ചസമയം ഞാൻ പ്രവൎത്തിച്ചതുപോലെതന്നെ ഇവിടേയും പ്രവൎത്തിക്കും. നല്ലവണ്ണം ഓൎമ്മിച്ചശേഷം യഥേഷ്ടം പ്രവൎത്തിച്ചുകൊള്ളുക. ഞാൻ പറഞ്ഞില്ലെന്നുവേണ്ട കേട്ടോ."

വീട്ടുകാരൻ ഈ മിരട്ടുകേട്ടു് അമ്പരന്നുപോയി. തൻെറ വീട്ടിൽ അമംഗളസംഭവങ്ങൾ ഒന്നും ഉണ്ടാകരുതല്ലോ എന്നുവിചാരിച്ചു്, ആ വിദ്വാനെ സല്ക്കരിക്കുവാൻതന്നെ തീൎച്ചയാക്കി. തൻെറ ഹിതത്തിന്നു് വിരോധമായും, ഏതാനും അസൌകൎയ്യങ്ങൾ എല്ലാംസഹിച്ചും, അവനെ മൂക്കററംഊട്ടി. എല്ലാവരുടേയും ഭക്ഷണംകഴിഞ്ഞു്, 'പാൻസുപാരി'വാങ്ങി പോകുവാനുള്ള പുറപ്പാടായി. അപ്പോൾ ആ സാധുഗൃഹസ്ഥൻ നമ്മുടെ വിരുതനോടു് ചോദിക്കുകയാണു്:—"അല്ലേ! നിങ്ങൾ പറഞ്ഞല്ലോ, അന്നൊരുദിവസം അയൽഗ്രാമത്തിൽനടന്ന സദ്യയ്ക്കു്, നിങ്ങളെ വേണ്ടതുപോലെ ആദരിക്കാതിരുന്നസമയം നിങ്ങൾ എന്തൊക്കെയോ പ്രവൎത്തിച്ചു എന്നു്. എന്തായിരുന്നു അതു്?

"ഞാൻ അന്നുമുഴുവൻ പട്ടിണികിടന്നു" അതുതന്നെ.

---

## ൫൬. സമൎത്ഥനായ ഗൃഹസ്ഥൻ.

കൃഷ്ണൻ എന്നുപേരായ ഒരു വിരുതനും ആ ആളുടെ ഭാൎയ്യയും കൂടി ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. ഒരുദിവസംരാത്രി ഊണും കഴിഞ്ഞു് ഭാൎയ്യയും ഭൎത്താവുംകൂടി ഓരോ വെടിപറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഒരു ഉരത്ത തസ്കരൻ അവിടെ തട്ടിൻപുറത്തുകയറി ഒളിച്ചിരിക്കുന്നതായി കൃഷ്ണൻ കണ്ടു. ഈ തസ്കരൻ പലതവണ ശിക്ഷഅനുഭവിച്ചവനും, മഹാക്രൂരനും, എന്തുംചെയ്വാൻ മടിയില്ലാത്തവനും ആയിരുന്നു: എന്തു കാണിക്കാനാണു്! നിലവിളിക്കുകയോമ

ററാചെയ്താൽ, കള്ളൻ ചാടി രക്ഷപ്പെട്ടുപോകുന്നകാര്യം തീച്ച്; വല്ലതും പിടലിക്കു് നാലു് തന്നാലും ആയി. വീട്ടുകാർ വല്ലാതെ പരിഭ്രമിക്കും. അവരുടെ ഇപ്പോഴത്തെ ശരീരസ്ഥിതിയും അത്ര ആശാസ്യമായവിധത്തിൽ ഉള്ളതല്ല. വിളികേട്ടു് വല്ലവരും വരുന്നതായാൽത്തന്നെ അതു് ഒരുകാലത്തു്. ഒന്നുംമിണ്ടാതെ കണ്ണുമടച്ചിരുന്നേയ്ക്കാം എന്നുവച്ചാൽ രാത്രി അവിടെയുള്ളതെല്ലാം ആ തിരുടൻ തട്ടിക്കൊണ്ടുപോകുന്നകാര്യം തീച്ച്. വല്ല ദേഹോപദ്രവവുംചെയ്താൽ അതും ഇരിപ്പതുതന്നെ.' എന്നെല്ലാം വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾക്കു ഒരു വിദ്യതോന്നി. അയൽവീട്ടിലെ രാമൻഎന്നപേരായി ഒരു സമത്ഥൻ ഉണ്ടല്ലോ. നല്ലശരീരം നല്ലബലം, നല്ല ചുണ, നല്ലധൈയ്യം; ഇതിനുമുമ്പു് പല കള്ളന്മാരേയും പിടിച്ചിട്ടുള്ള ആളാണു്. അവനെ ഇവിടെ വരുത്തണം; ഈ കള്ളൻ ഒട്ടു് അറിയുകയും അരുതു്. അതിനു് ഇങ്ങനെചെയ്യാം എന്നുവിചാരിച്ചുകൊണ്ടു് ഗർഭിണിയായ ഭാര്യയോടു പറയുന്നു:—

കൃഷ്ണൻ:—"ഓമനേ! നീ പ്രസവിക്കാറായല്ലോ. കുട്ടി ആണായിരിക്കും. അതു് എനിക്കറിയാം. അവനു് ഞാൻ രാമൻ എന്നാണു് പേരിടുക. വളരെ ലാളിച്ചുവേണം വളത്തുവാൻ. കണ്ടമാനം വിടുകയേഅരുതു്. അഞ്ചുവയസ്സായാൽ ഉടനേതന്നെ പള്ളിക്കൂടത്തിൽ അയച്ചേക്കണം. അവിടെ കളിച്ചുനില്ക്കാനൊന്നും അയയ്ക്കരുതു്. ഒമ്പതുമണിക്കു് ഇവിടെനിന്നു് പൊയ്ക്കൊള്ളട്ടെ. കൃത്യം അഞ്ചുമണിക്കു് തിരിച്ചെത്തുകയുംവേണം. കേട്ടോ."

അതുകേട്ടു് ഭാര്യ:—"ഒരുസമയം അവൻ അഞ്ചുമണിക്കുതന്നെ തിരിച്ചുവന്നില്ലെങ്കിലോ?"

കൃഷ്ണൻ:—"ഞാൻ അവനെ ഇങ്ങിനെ രാമാ, രാമാ" എന്നു ഉറക്കെ വിളിക്കും. "വിളിക്കുന്ന ഉച്ചത്തിൽ 'രാമാ, രാമാ' എന്നു വിളിച്ചുകൊണ്ടാണു പറയുന്നതു്.

ഭാര്യ:—"എന്നിട്ടും വന്നില്ലെങ്കിലോ?"

കൃഷ്ണൻ:—"എന്നാൽ ഞാൻ—"രാമാ! രാമാ! രാമാ! രാമാ! വേഗം വാ, ഓടിവാ," എന്നിങ്ങനെ പിന്നേയും തിരക്കിട്ടു വിളിക്കും." കൃഷ്ണൻ അങ്ങിനെ തിരക്കിട്ടുവിളിച്ചുകൊണ്ടുതന്നെയാണു് പറയുന്നതു്. ഈ വിളികേട്ടു് അയൽവീട്ടിലെ രാമനും, മററുചിലരും ഓടിവന്നു് ഇത്ര തിരക്കിട്ടുവിളിക്കുന്നതിൻെറ കാരണം അന്വേഷിച്ചു.

കൃഷ്ണൻ:—അതാ"ആ തട്ടിൻപുറത്തു് നിന്നെ കാത്തുകൊണ്ടു് ഒരാൾ ഇരിക്കുന്നു" എന്നു പറഞ്ഞു് അവിടെ ഒളിച്ചുകൊണ്ടിരിക്കുന്ന തസ്കരനെ ചൂണ്ടിക്കാണിച്ചുകൊടുത്തു.

അവനെ പിടിച്ചുകെട്ടി പോലീസ്സിൽ ഏല്പിച്ചു കേസ്സായി; ഒടുവിൽ ഒരു ദീർഘകാലത്തേയ്ക്കു് അവനെ തടവിലേക്കു് അയയ്ക്കുകയുംചെയ്തു.

തന്നെ ഇങ്ങിനെ പററിച്ചതിനു പകരംചോദിക്കുന്നുണ്ടു് എന്നു് ആ കള്ളൻ മനസ്സുകൊണ്ടുറച്ചു. ജയിലിൽനിന്നു വിട്ടുവന്നു് അധികം കഴിയുന്നതിനുമുമ്പായിത്തന്നെ ഒരുദിവസം സന്ധ്യയ്ക്കു് കൃഷ്ണൻെറ വീട്ടിൽ ചെന്നുകയറി. അകത്തു കടന്നാൽ വല്ല ആപത്തും വന്നുചേൎന്നെങ്കിലോ എന്നു ഭയപ്പെട്ടു്, ഇത്തവണ വലിയ കരുതലോടുകൂടി വടക്കുപുറത്തു മുററത്തുള്ള കുപ്പക്കുഴിയിൽ ആയിരുന്നു ഒളിച്ചിരുന്നതു്.

രാത്രി പതിവുപോലെ ഊണുകഴിഞ്ഞു് കൃഷ്ണൻ ആ കുപ്പയുടെ അരികേപോയി, കൈവായ് കഴുകി തുപ്പിയപ്പോൾ, ആതുപ്പൽവീണ സ്ഥലത്തു് എന്തോ ഒന്നു് മെല്ലെ ഇളകുന്നതുപോലെ അയാൾക്കു തോന്നി. സംശയമായി. ഇതിൽ ഏതോ കളവുണ്ടു് എന്നുതന്നെ അയാൾ നിശ്ചയിച്ചു. ഭാൎയ്യയോടു പിന്നേയും പിന്നേയും വെള്ളം കൊണ്ടുവരുവാൻ പറഞ്ഞു. ഭാൎയ്യ കൊണ്ടുവന്ന വെള്ളമെല്ലാംവാങ്ങി, ഭൎത്താവു് വായ്കഴുകി ആ കള്ളൻ ഒളിച്ചിരുന്നിടത്തേയ്ക്കുതന്നെ തുപ്പുകയുംആയി. 'ഇക്കുറി പിടിക്കുവാൻ ഇടകൊടുക്കില്ല' എന്ന ദൃഢനിശ്ചയത്തോടുകൂടി, ഈ തുപ്പലെല്ലാം ഏററിട്ടും ആ കള്ളൻ അവിടെത്തന്നെ അനങ്ങാതിരുന്നതേയുള്ളു. ഒടുവിൽ കൃഷ്ണൻെറ ഭാൎയ്യയാണു് കുഴങ്ങിയതു്. വെള്ളം കൊണ്ടുവന്നുകൊണ്ടുവന്നു് അവൾ തോററു. തൻെറ ഭൎത്താവിൻെറ ഈ അസാധാരണസ്വഭാവംകണ്ടു് അവൾ ചോദിക്കുകയായി:—"എന്താണു് ഇന്നു് അവിടുത്തെ വായ് വിഡ്ഢക്കുഴി ആയിരിക്കുന്നുവോ? ഇത്രയൊക്കെ കഴുകീട്ടും വൃത്തിയാകാതിരിക്കുവാൻ! എന്നെക്കൊണ്ടു് ഇനി വെള്ളം കൊണ്ടുവരുവാനൊന്നും സാധിക്കയില്ല. എൻെറ മുതുകു് ഒടിയാറായി."

ഇതുകേട്ടപ്പോൾ ഒരു കവിൾവെള്ളംകൊണ്ടു് അവളുടെ മുഖത്തും വെച്ചുകൊടുത്തു 'ഫൂ' എന്നൊരു തുപ്പു്. 'ഫോ മറയത്തു്' എന്നൊരാട്ടും തുടൎന്നുകൊണ്ടു് പുറപ്പെട്ടു അവൾ തുടങ്ങി നിലവിളിക്കുവാൻ. ബഹളം ഇന്നപ്രകാരം എന്നു പറയുവാനില്ല. തൻെറ ഭൎത്താവിനു് ബുദ്ധിഭ്രമം വന്നുപോയിരിക്കുന്നു എന്നു ഭയപ്പെട്ടാണു് അവൾ ഈ ലഹളകളെല്ലാം കൂട്ടുന്നതു്. ഇതുകേട്ടു് രാമനും മറേറതാനും അയൽപക്കക്കാരും ഓടിവന്നു് ഈ കതുകന്തത്തിൻെറയെല്ലാം കാരണം എന്താണെന്നു് ചോദിച്ചു. അതുകേട്ടു്:—

കൃഷ്ണൻ:—"ഈ കഴുതപ്പെണ്ണു്—ഞാൻ വേണ്ടതെല്ലാംകൊടുത്തു് സംരക്ഷിച്ചുപോരുന്ന ഈ കഴുതപ്പെണ്ണു്—കണ്ടില്ലേ; ഞാൻ

അവളുടെ മുഖത്തൊന്നു തുപ്പിയപ്പോഴയ്ക്കു് കാണിച്ചുകൂട്ടുന്ന കോലാഹലങ്ങൾ. എന്നാൽ ഇവനെ നോക്കണം (ചവറിന്നടിയിൽ ഇരിക്കുന്ന തസ്കരനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഞാൻ ഇവനു് എന്തുകൊട്ടത്തിട്ടാണു് അവൻ ഇത്ര സമാധാനത്തോടും ശാന്തതയോടുംകൂടി ഈ ശരവർഷംതുപ്പൽ എല്ലാം സഹിച്ചുകൊണ്ടിരിക്കുന്നതു്!”

അവിടെ കൂടിയിരുന്നവൎക്കു് കാൎയ്യം മനസ്സിലായി. കപ്പയിൽ ഒളിച്ചിരുന്ന കള്ളനെ പിടികൂടി ബന്ധനത്തിൽ ആക്കി. ഇത്തവണ മജിസ്ട്രേട്ടു് അവനു് പൂൎവ്വാധികം നീണ്ടകാലത്തേക്കുള്ള ശിക്ഷകല്പിക്കുകയുംചെയ്തു.

---

## ൫൦. രാജാവും നടനും.

---

പണ്ടു് തിരുവിതാംകൂറിൽ, കഥകളിഭ്രാന്തനായ ഒരു രാജാവു് ഉണ്ടായിരുന്നു. ഒരുദിവസം കൊട്ടാരം സർവ്വാധികാൎയ്യക്കാർ തിരുമുമ്പിൽച്ചെന്നു് ഒരു ഒന്നാന്തരം കഥകളിയോഗക്കാർ വന്നിട്ടുണ്ടെന്നും അതിൽ ബഹുസമൎത്ഥനായ വേഷക്കാരൻ ഉണ്ടെന്നും തിരുമനസ്സറിയിച്ചു.

രാജാവു്:—“ഏതു വേഷത്തിനാണു് അധികം പറവുക?”

സർവ്വാധി:—“രാവണന്റെ വേഷം അതികേമമാണു്. ഇങ്ങിനെ തന്മയമായി ആടുവാൻ ഒരു വേഷക്കാരൻ വേറെ ഇല്ലെന്നാണു് എല്ലാവരും പറയുന്നതു്.”

രാജാവു്:—“ങ്ഹാ! ഏതു രാവണനാണു് പ്രധാനം?”

സർവാധി:—“തോരണയുദ്ധത്തിലെ ‘അഴകുരാവണൻ’ ആണു് അതിവിശേഷം.”

രാജാവു്:—“എന്നാൽ കൊട്ടാരത്തിൽ ഒരു അരങ്ങു് കളിക്കട്ടെ.”

ആട്ടം നിശ്ചയിച്ചു. അന്നത്തെ വേഷം കേമമാക്കണം എന്നു തന്നെ വേഷക്കാരനും നിശ്ചയിച്ചു. തിരക്കിനോട്ടം കഴിഞ്ഞു. ഹനുമാനുമായുള്ള സംഭാഷണത്തിന്നു് രംഗത്തിലെ സിംഹാസനത്തിൽ തെളിഞ്ഞുകയറി ഇരിപ്പായി. സംഭാഷണമദ്ധ്യേ, ആ കപികുഞ്ജരൻ ശ്രീരാമനെ പ്രശംസിച്ചു് സംസാരിച്ചതുകേട്ടപ്പോൾ, പ്രതാപിയായ ലങ്കേശ്വരനു് ദ്വേഷ്യംവന്നു. രാമനിന്ദയുംകൂടി പുറപ്പാടായി. ഇതിനിടയിൽ ‘എന്റെ മുമ്പിൽ ഇരിക്കുവാൻ യോഗ്യതയുള്ള രാജാക്കന്മാർ ആരുംതന്നെ ഇന്നു് ഭൂമണ്ഡലത്തിലില്ല. ഞാൻ എഴുന്നേറ്റു് ഒരുവനെ ഉപചരിക്കുകയെന്നുള്ളതു് പിന്നെയല്ലേ! എല്ലാവരും

എൻെറ സാമന്തന്മാർ!" എന്നിങ്ങനെക്കൂടി ആടി. ഇത്രയും ആയപ്പോഴാണ് മഹാരാജാവു തൻെറ പരിചാരകന്മാരോടുകൂടി കഥകളി കാണ്മാൻ രംഗത്തിലേയ്ക്കു പുറപ്പെട്ടതു്. രാവണവേഷധാരിയായ നടൻ തിരുമനസ്സുകൊണ്ടു് എഴുന്നള്ളിയതു് കണ്ടപ്പോൾ താണുവണങ്ങി ഓച്ഛാനിച്ചുനില്പായി.

അതുകണ്ടു് രാജാവു് കാര്യക്കാരെനോക്കി "ഛീ! നീ ഇത്രയൊക്കെ സ്തുതിച്ചതു് ഇവനെയാണോ? സൂര്യവംശകുലാലങ്കാരവും രാജാധിരാജനും ആയ അയോദ്ധ്യാരാമനെ കേവലം ഒരു തൃണംപോലെ ഭത്സിച്ച രാവണൻ, എന്നെപ്പോലെ നിസ്സാരനായ ഒരു രാജാവിനെ കാണുമ്പോൾ കുമ്പിടുകയോ! വഷളു്!" എന്നു് അരുളിച്ചെയ്തുകൊണ്ടു് രംഗം വിട്ടുപോയി.

---

## ൭൫. മന്ത്രിയും ചേവുകക്കാരനും.

തിരുവനന്തപുരംകൊട്ടാരത്തിലെ ഒരു ചേവുകക്കാരൻ ഒരുദിവസം ഏകാകിയായിരിക്കുമ്പോൾ തന്നെത്താൻ ഇങ്ങനെ പറഞ്ഞു:- "എന്തൊരു ന്യായമില്ലാത്ത കാലമാണിതു്! നോക്കണേ! ഞാൻ രാവും പകലും ഇടവിടാതെ കിടന്നു കഷ്ടപ്പെടുന്നു. എന്നിട്ടും എനിക്കു കിട്ടുന്ന ശമ്പളം എന്താ? ഏഴേ ഏഴു രൂപാമാത്രം. ദിവാനെ നോക്കുക. അദ്ദേഹത്തിന്നു് എന്തൊരുജോലിയാണുള്ളതു്? മോട്ടാർ കാറിൽ കയറി ഉരുണ്ടു കളിക്കണം. കടലാസ്സിൽ ഒപ്പിടണം. എവിടെ ചെന്നാലും ഉണ്ടു് സല്ക്കരിക്കുവാൻ ആളു്. ജോലിയാണെങ്കിൽ ഒരുമണ്ണും ഇല്ലതാനും. തടിച്ച ശമ്പളമോ രൂപാ രണ്ടായിരം! എന്തൊരനീതിയാണിതു്." മഹാരാജാവു് ഈ ഏകാന്തപ്രലപനം മറവിൽനിന്നു കേൾക്കുന്നുണ്ടായിരുന്നു. ഈ ബുദ്ധിശൂന്യമായ അഭിപ്രായത്തിൻെറ അർത്ഥമില്ലായ്മയെ അവനു ബോദ്ധ്യമാക്കിക്കൊടുക്കണം എന്നു രാജാവു നിശ്ചയിച്ചു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം അകലെയുള്ള രാജവീഥിയിൽക്കൂടെ ഒരു പല്ലക്കു കടന്നുപോകുന്നതായി രാജാവു കണ്ടു. ഉടനേതന്നെ ആ ചേവുകക്കാരനെ വിളിച്ചു്, ആ പല്ലക്കിൽ പോകുന്നതു് ആരാണെന്നു അന്വേഷിച്ചു വരുവാൻ കല്പനയായി. രാജകല്പനയല്ലേ! അവൻ ഓടി. അല്പസമയത്തിനുള്ളിൽ മടങ്ങിവന്നു് "ശങ്കരാചാര്യസ്വാമികളാണു്" എന്നറിയിച്ചു.

"ഏതു മഠത്തിലെ?" എന്നായി രാജാവു്. അതു് അവന്നറി

യാമോ! രണ്ടാമതും ഓടിക്കിതച്ചു പോയി തിരിച്ചുവന്നു് "ശൃംഗേരിമഠത്തിലെ" എന്നു ബോധിപ്പിച്ചു.

"സ്വാമികൾ ഇപ്പോൾ എവിടെനിന്നാണു് എഴുന്നള്ളുന്നതു്?" എന്നായി തമ്പുരാൻ. അതുണ്ടോ അവൻ അന്വേഷിച്ചു. വീണ്ടും ഓടിച്ചെന്നു വിവരം അറിഞ്ഞുവന്നു് "ചെങ്കോട്ടയിൽനിന്നാണു് എഴുന്നള്ളുന്നതു്" എന്നു ബോധിപ്പിച്ചു.

"എവിടെ പോകുകയാണു്?" എന്നു വീണ്ടും കല്പിച്ചു ചോദിച്ചപ്പൊഴും ചേവുകക്കാരനു് ഓട്ടംതന്നെ. പാവം ഓടി ക്ഷീണിച്ചു മടങ്ങിവന്നു് "കാലടിക്കു് എഴുന്നള്ളുകയാണു്" എന്നുണർത്തിച്ചു.

രാജാവു പിന്നെയും വിടാനുള്ള ഭാവമല്ല. "സ്വാമികൾക്കു് ഇവിടെ താമസമുണ്ടോ?" എന്നായി അടുത്ത അന്വേഷണം. ഗ്രഹപ്പിഴക്കാരൻ ചേവുകക്കാരനു പിന്നെയും ഓട്ടംതന്നെ. തിരിച്ചെത്തി "ഉണ്ടു്" എന്നറിയിച്ചു.

"എത്ര ദിവസത്തേക്കു്" എന്നായി രാജാവു്. പാവം കുഴങ്ങി പിന്നെയും ഓടി. ക്ഷീണിച്ചുവിയത്തു് ഒരുവിധം മടങ്ങിവന്നു് "ഒരു ദിവസത്തേയ്ക്കു്" എന്നു ബോധിപ്പിച്ചു.

പിന്നെയും രാജാവു വിടാനുള്ളഭാവമല്ല. "സ്വാമികൾ ഇവിടെ എവിടെയാണു വിശ്രമിക്കുന്നതു്" എന്നായി. ചേവുകക്കാരനു് ഓട്ടവാൻ വഹിയാ. എന്താനിവൃത്തി! ഓടാതേയും കഴിയുമോ! രാജകല്പനയല്ലേ! ചതക്കാം പിതക്കാം എന്നു പിന്നെയും ഓടിച്ചെന്നു വിവരമന്വേഷിച്ചു മടങ്ങിവന്നു് "ക്ഷേത്രത്തോടുചേൎന്നുള്ള മഠത്തിലാണു്" എന്നറിയിച്ചു.

"സ്വാമികൾക്കു് എന്നെ കാണുവാൻ സൗകൎയ്യമുണ്ടാകുമോ?" എന്നു രാജാവു പിന്നെയും ചോദിച്ചു. ചേവുകക്കാരൻ കുഴങ്ങി. പല്ലക്കാണെങ്കിൽ ദൂരെ എത്തിയിരിക്കുന്നു. ഓടി അവൻ പിന്നെയും. തിരിച്ചുവന്നു് "സൌകൎയ്യമുണ്ടാകും" എന്നുണർത്തിച്ചു.

"എപ്പോൾ" എന്നായി രാജാവു്. ആ ശനിപ്പിഴക്കാരനുവന്ന അനൎത്ഥം! രാജശാസനകേട്ടു് പിന്നേയും കുത്തിയിഴഞ്ഞു പോകുകയായി. ഇപ്പോഴയ്ക്കു പല്ലക്കു് ആശ്രമത്തിനുസമീപം എത്തിക്കഴിഞ്ഞിരിക്കുന്നു. അവിടെ ചെന്നു വിവരംഅന്വേഷിച്ചു മടങ്ങിവന്നു. "നാളെഉച്ചതിരിഞ്ഞു മൂന്നുമണിക്കു്" എന്നറിയിച്ചതും, അവൻ രാജസന്നിധിയിൽത്തന്നെ തളൎന്നു വീണതും ഒന്നായിക്കഴിഞ്ഞു.

പിന്നെ രാജാവു് ദിവാനെ ആളയച്ചു വരുത്തി, വിവരങ്ങളൊന്നും അറിയാത്തഭാവത്തിൽ "ഇന്നു രാവിലെ ആരാണു് പല്ലക്കിൽ കടന്നുപോയതു്" എന്നു് അറിഞ്ഞുവരുവാൻ പറഞ്ഞയച്ചു. ദിവാനും വിവരമൊന്നും അറിവുണ്ടായിരുന്നില്ല. എങ്കിലും ആ ബുദ്ധിമാൻപോയി, ഒരു നാഴികയ്ക്കുള്ളിൽ വിവരങ്ങൾ അറിഞ്ഞുവന്നു.

അപ്പോഴും ആ ചേവുകക്കാരൻ രാജസന്നിധിയിൽത്തന്നെ നില്പുണ്ടു്.

ദിവാൻ ബോധിപ്പിക്കുകയാണു്:—"തിരുമേനി! രാവിലെ പല്ലക്കിൽക്കൂടെ കടന്നുപോയതു് ശൃംഗേരിമഠത്തിലെ ശങ്കരാചാൎയ്യസ്വാമികളാണു്. ആചാൎയ്യർ ചെങ്കോട്ടയിൽനിന്നു് ഈ വഴി കാലടിക്കു ള്ള എഴുന്നള്ളത്താകുന്നു. ഇവിടത്തെ മഠത്തിൽ ഒരു ദിവസത്തെ വിശ്രമം ഉണ്ടായിരിക്കും. നാളെ ഉച്ചതിരിഞ്ഞു മൂന്നുമണിക്കു് അവിടുത്തെ മുഖംകാണിക്കുവാൻ സൌകൎയ്യമുണ്ടായിരിക്കുന്നതാണു്. സൗകൎയ്യപ്പെടുന്നപക്ഷം പത്മനാഭസ്വാമിക്ഷേത്രത്തിലെ അൎച്ചന ഇന്നു വൈകുന്നേരം സ്വാമികൾതന്നെ നടത്തുവാൻ നോക്കാമെന്നു് ഏററിട്ടുണ്ടു്." ഇതു കേട്ടു് രാജാവു് ചേവുകക്കാരന്റെ നേരേതിരിഞ്ഞു് ഇങ്ങിനെ അരുളിച്ചെയ്തു:—"നീ കണ്ടുവോ! ഒമ്പതു പ്രാവശ്യത്തെ നടത്തകൊണ്ടും അഞ്ചുമണിക്കൂറുനേരത്തെ അത്യദ്ധ്വാനംകൊണ്ടും നീ സാധിച്ചകാൎയ്യം സാധിക്കുവാൻ ദിവാനു് ഒരൊററ നടത്തയും അരമണിക്കൂർനേരവുംമാത്രമേ വേണ്ടിവന്നുള്ളു. പ്രതിമാസം നിനക്കു് ഏഴുരൂപയും ദിവാനു് രണ്ടായിരംരൂപയും കൊടുക്കുവാനുള്ള കാരണം നിനക്കിപ്പോൾ മനസ്സിലായോ?"

ചേവുകക്കാരൻ ലജ്ജിച്ചു തലതാഴ്ത്തി.

---

## ൫൭. ലുബ്ധനായ കച്ചവടക്കാരനും മടയനായ ശിഷ്യനും.

---

ഒരു കച്ചവടക്കാരനു് ഒരിക്കൽ വ്യാപാരസംബന്ധമായി ഒരു ദീൎഘയാത്ര ചെയ്യേണ്ടതായിവന്നു. ആ യാത്രയുടെ ഏതാനുംഭാഗം ഒരു വനത്തിൽക്കൂടെയാണു് വേണ്ടിയിരുന്നതു്. അതിനാൽ കൂട്ടിനു് ഒരാൾകൂടെ ഉണ്ടായാൽ കൊള്ളാമെന്നു് ആ ആൾ വിചാരിച്ചു. അൻപതുരൂപാ കിട്ടിയാൽ കൂടെ പോരാം എന്നു പലരും പറഞ്ഞു. അത്രയൊന്നും കൊടുക്കുവാൻ ആ ലുബ്ധനു സമ്മതമുണ്ടായിരുന്നില്ല. ഒടുവിൽ ഒരു മടയപ്രമാണി വന്നു പത്തുരൂപാ കിട്ടിയാൽ പോരാം എന്നു സമ്മതിച്ചു. കച്ചവടക്കാരനു സന്തോഷമായി. ആദായമില്ലേ! ഏതായാലും ഉടൻതന്നെ പണം കൊടുത്തു് ഏൎപ്പാടു പൂൎത്തിയാക്കിക്കഴിഞ്ഞു. കൂട്ടുകാരൻ രൂപാ പത്തും കൈനീട്ടി വാങ്ങി, തന്റെ മുണ്ടിന്റെ കോൺതലപ്പത്തു കെട്ടിമുറുക്കി ഭദ്രമാക്കി യാത്രക്കാരനുമൊന്നിച്ചു പുറപ്പാടായി. പത്തഞ്ഞൂറു രൂപാ ഒരു സഞ്ചിയിലാക്കി കെട്ടി ആ കച്ചവടക്കാരനും എടുത്തിട്ടുണ്ടു്. നേരം ഏതാണ്ടു സന്ധ്യയാകാറായപ്പോഴേക്കും ഈ യാത്രക്കാർ ഒരു ഘോരാര

ണ്യപ്രാന്തത്തിൽ എത്തിച്ചേൎന്നു. ഈ വനത്തിൽ അതിക്രൂരന്മാരായ തസ്കരന്മാരുടെ ഒരു സംഘം നിവസിക്കുന്നുണ്ടു്. ഇതു പരസ്യമായ ഒരു രഹസ്യംമാത്രമാണു്. ഈ യാത്രക്കാർ വനത്തിൽ എത്തിയപ്പോഴേക്കും, ആ തസ്കരസംഘം ദൂരത്തിൽനിന്നുവരുന്നതായി കച്ചവടക്കാരൻ കണ്ടു. അവനു കാൎയ്യം മനസ്സിലായി. അതിനാൽ പിന്നോക്കം തിരിഞ്ഞു്:—"എടോ, ആ വരുന്നതു് ഒരുക്കൂട്ടം കള്ളന്മാരാണു്. അവർ കാണാതിരിക്കുവാൻ നീ ഈ വള്ളിമുടിലാരത്തിൽ എവിടെയെങ്കിലും വേഗം ഒളിച്ചിരുന്നുകൊള്ളണം" എന്നു പറഞ്ഞു് ആ കച്ചവടക്കാരൻ ഒരു വള്ളിക്കുടിലിൽ കയറി ഒളിച്ചു. ശിഷ്യനു കിട്ടിയ മുടിലാരം അത്ര വലിയതായിരുന്നില്ല. ആ പൂച്ചപ്പുത്തിക്കാരനായ പെരുവങ്കൻ ആ പടപ്പിനുള്ളിൽ തലതിരുകിവച്ചു്, ഒളിച്ചു എന്ന ഭാവത്തിൽ ഇരിപ്പായി. എന്നാൽ അവന്റെ കാലുകൾരണ്ടും വഴിയിലേക്കുതന്നെ തള്ളിനില്ക്കുന്നുമുണ്ടായിരുന്നു.

തസ്കരപ്രമാണി മുമ്പിലും അനുചരന്മാർപിമ്പിലും ആയാണു് വരവു്. എല്ലാവരും കുതിരപ്പുറത്തുതന്നെ. നേരം സന്ധ്യയായിത്തുടങ്ങി. അതുകൊണ്ടു് വഴിയിലേക്കു തെറിച്ചുനിന്നിരുന്ന കാലുകളെ ആ തലയാളി കണ്ടില്ല. എന്നാൽ ആയാളെ വഹിച്ചിരുന്ന കുതിരയുടെ പാദം അവന്റെ കാലിന്മേൽ തട്ടി കുതിര ഒന്നു ത്രസിച്ചു. അതിനാൽ ആ അഗ്രഗാമി മററുള്ളവരോടായി:—"കൂട്ടരേ! സൂക്ഷിക്കണേ. ഇവിടെ വഴിയിൽ ഒരു മരത്തിന്റെ വേരു് പൊങ്ങിനില്പുണ്ടു്."

"മരത്തിന്റെ വേരു്", എന്നു പറഞ്ഞതു കേട്ടപ്പോൾ നമ്മുടെ മടയച്ചാൎക്കു ദേഷ്യംവന്നു. "എടോ, എടോ! എന്റെ കാലു് മരത്തിന്റെ വേരാണോ? എന്നെ ആക്ഷേപിക്കത്തക്കവണ്ണം താൻ അത്ര വളൎന്നുവോ?" എന്നു ചോദിച്ചു. ഇതു കേട്ടു് ആ തസ്കരപ്രമാണി അതിശയിച്ചു. ഇതിനകം അവനെ പിടികൂടിയുംകഴിഞ്ഞു.

തസ്കരപ്രമാണി:—"നിന്റെ കയ്യിൽ പണം വല്ലതും ഉണ്ടോ?"

മടയൻ:—"ഞാൻ ഒരു ഇരപ്പാളിയാണെന്നാണോ നിന്റെ വിചാരം? എന്റെ കയ്യിൽ ഉണ്ടു് ഇതാ് രൂപ പത്തു്. ഒന്നുംരണ്ടുംമററുമല്ല" എന്നു പറഞ്ഞു് തന്റെ മുണ്ടിന്റെകോൺതലക്കെട്ടു് തൊട്ടുകാണിച്ചുകൊടുത്തു. കള്ളന്മാർ ആ കെട്ടു് അഴിച്ചു പരിശോധിച്ചുനോക്കിയപ്പോൾ, അവൻ പറഞ്ഞതുപോലെ തന്നെ ഉണ്ടു് രൂപാ പത്തും അതിൽ ഇരിക്കുന്നു. അതുകണ്ടു്,

തസ്കരപ്രമാണി:—"കൂട്ടരേ! ഇതു് കള്ളനാണയം ആയിരിക്കുവാനും മതി. നമ്മളെ കുടുക്കിലകപ്പെടുത്തുവാൻവേണ്ടി മനഃപൂൎവ്വം എടുത്തുകൂട്ടുന്ന വിദ്യവല്ലതുമായിരിക്കാം ഇതു്. അല്ലാത്തപ

ക്ഷം വല്ലമണ്ടനും തന്റെ പണം സൂക്ഷിച്ചുവച്ചിരിക്കുന്ന് സ്ഥലം ഇത്ര എളുപ്പം കാണിച്ചുതരുന്നതാണോ?"

അതുകേട്ടു് ആ വങ്കപ്രഭു പിന്നെയും കോപത്തോടുകൂടി പറയുന്നു:—"താൻ എന്താ പറയുന്നതു്! ഞാൻ തന്നെപ്പോലെ കള്ളം പറയുന്നവനൊന്നുമല്ല. എനിക്കു് ഈ രൂപാ പത്തും ഒരു ധനികനായ കച്ചവടക്കാരൻ തന്നതാണു്. നിങ്ങൾക്കിതിനെപ്പററി വല്ല സംശയവുമുണ്ടെങ്കിൽ അദ്ദേഹത്തോടുതന്നെ നേരിട്ടു ചോദിച്ചുകൊള്ളുക. അദ്ദേഹം അതാ ആ പടപ്പിൽ ഒളിച്ചിരിപ്പുണ്ടു്. അദ്ദേഹം വശമുള്ള അഞ്ഞൂറു രൂപായിലും ഇല്ല കള്ളനാണയം ഒന്നുപോലും."

തസ്കരപ്പരിഷ ആ വള്ളിമുടിലാരം തിരഞ്ഞു് അതിൽനിന്നും കച്ചവടക്കാരനെ പിടിച്ചിറക്കിക്കൊണ്ടുവന്നു; അവൻെറ രൂപാ അഞ്ഞൂറും കയ്യുശമാക്കി, അവരെ വെറുംകയ്യോടെ പറഞ്ഞയച്ചു.

---

## ൩൦. സമത്ഥനും മണ്ടനും കൂട്ടുകൃഷിക്കാർ.

---

ഒരു സമത്ഥനും ഒരു മണ്ടനും കൂടിച്ചേൎന്നു് ഒരിക്കൽ കൂട്ടുകൃഷി നടത്തുവാൻ നിശ്ചയിച്ചു. ആദ്യം ആരംഭിച്ചതു ചേനകൃഷിയാണു്. വിത്തെല്ലാംവച്ചു്, ചേനകളെല്ലാം നല്ലപോലെ പൊടിച്ചു വളൎന്നു നില്ക്കുന്നസമയം സമത്ഥൻ തൻെറ കൂട്ടുകാരനോടു പറയുകയാണു്: "കൂട്ടുകാര! നമ്മുടെ ഇക്കുറിയത്തെ വിളവു സാമാന്യം തരക്കേടില്ല. നിൻെറ ഓഹരിക്കു് എന്താണു വേണ്ടതു്? തറയ്ക്കുമീതേയുള്ളതോ, അതോ തറയ്ക്കുതാഴെയുള്ളതോ?"

മണ്ടൻ, വണ്ണിച്ചു വളൎന്നുനില്ക്കുന്ന ചേനത്തടകൾ കണ്ടു്, വേഗത്തിൽ—"എനിക്കു തറയ്ക്കു മീതേയുള്ളതു മതി" എന്നായി. "തനിക്കതു കൂടിയേകഴിയൂ എങ്കിൽ ഞാൻ എന്തുകാണിക്കുവാനാണു്. എനിക്കേതായാലും മോശംതന്നെ. പോട്ടെ; ഞാൻ സമ്മതിച്ചു." എന്നു മറേറവനും പറഞ്ഞു. അങ്ങിനെ അത്തവണത്തെ കൃഷി അവർ ഭാഗിച്ചെടുത്തു.

കുറച്ചുകഴിഞ്ഞപ്പോഴാണു് വിഡ്ഢിക്കൂട്ടുകാരനു കാൎയ്യം മനസ്സിലായതു്. "ആകട്ടെ! ഇനിയത്തെ തവണ ഞാൻ തീച്ചയായും അവനെ പററിക്കുന്നുണ്ടു്" എന്നു വിചാരിച്ചു് വീണ്ടും കൂട്ടുകാരനോടു് അടുത്തുകൂടി. അത്തവണ നേന്ത്രവാഴകൃഷിക്കാണു പുറപ്പെട്ടതു്. വാഴവച്ചു; എല്ലാം നന്നായി വളൎന്നു. ഏതാണ്ടു കുലയ്ക്കുടുത്ത കാലമായി. അപ്പോൾ—

സമർത്ഥൻ:—"ഇത്തവണ കൂട്ടുകാരനു ഏതുഭാഗമാണു വേണ്ടതു്?"

കൂട്ടുകാരൻ:—"ഇക്കുറി എന്നെ പററിക്കാമെന്നു വിചാരിക്കേണ്ട. എനിക്കു തറയ്ക്കടിയിലുള്ളതുതന്നെ വേണം. മുകളിലുള്ളതു് താൻ എടുത്തോളു."

അങ്ങിനെതന്നെ സമ്മതിച്ചു. 'വിഡ്ഢി എന്നും വിഡ്ഢിതന്നെ.'

---

## ൯൧ സർപ്പവും സന്യാസവും.

---

ഒരു സർപ്പത്തിനു് ഒരിക്കൽ പെട്ടെന്നു ആദ്ധ്യാത്മികബുദ്ധി ജാതമായി. തന്റെ പഴയ ദുസ്സ്വഭാവങ്ങൾ എല്ലാം ഉപേക്ഷിക്കുവാൻ അതു നിശ്ചയിച്ചു. അതിനാൽ ഒരു മഹാത്മാവിന്റെ അടുത്തുചെന്നു്, അദ്ദേഹത്തെ ഗുരുവാക്കി വരിച്ചു, താൻ മേലിൽ ചെയ്യേണ്ടതു എന്തെല്ലാമാണെന്നു് ഉപദേശിച്ചുകൊടുക്കുവാനായി അദ്ദേഹത്തോടപേക്ഷിച്ചു. "ഗാഢമായ ധ്യാനത്തിൽ മനസ്സിനെ ഉറപ്പിച്ചുകൊള്ളണം. കോപകാരണങ്ങൾ എന്തെല്ലാം ഉണ്ടായാലും മററൊരുജീവിയെ ഒരിക്കലും ഒട്ടും ഉപദ്രവിക്കരുതു്" എന്നായിരുന്നു ഗുരു കൊടുത്ത ഉപദേശം. സർപ്പം അതിനെ സ്വീകരിച്ചു്, യാതൊരു ജീവിയേയും യാതൊരു കാരണവശാലും യാതൊരുവിധത്തിലും ഉപദ്രവിക്കയില്ലെന്നുറച്ചു. തദനന്തരം ഒരു ക്ഷേത്രസന്നിധിയിൽച്ചെന്നു വഴിയരികെയുള്ളപുൽത്തകിടിയിൽ ധ്യാനനിഷ്ഠനായി കിടപ്പായി. ആദ്യമാദ്യം ഈസർപ്പത്തെക്കണ്ടവരെല്ലാം ഭയന്നു ദൂരത്തോടി മറയുകയാണു ഉണ്ടായതെങ്കിലും, അതു ചീറുകയാകട്ടെ, ആരുടേയുംനേരെ ഓടിച്ചെല്ലുകയാകട്ടെ ചെയ്യുന്നില്ലെന്നു മനസ്സിലായപ്പോൾ ആളുകൾക്കു ക്രമേണ ധൈര്യം കൂടിവന്നു. കുട്ടികൾ എല്ലാം ചുററിക്കൂടി. "ഇതു സർപ്പമൊന്നും അല്ല; സർപ്പത്തെപ്പോലെ ഇരിക്കുന്ന ഏതോ ഒരു ഇഴജന്തു എന്നുമാത്രം. അല്ലെങ്കിൽ വളരെ വയസ്സായി ഒന്നിനും കഴിവില്ലാത്തതായിരിക്കാം. നമുക്കു കല്ലെടുത്തു് എറിഞ്ഞുനോക്കാം. വാലുപിടിച്ചു് ഇഴച്ചുംകൊണ്ടു നടക്കുകയും ആകാം. വരിൻ! എന്നായി. കുട്ടികൾ കല്ലുപെറുക്കി ഏറു തുടങ്ങി. ഏറുകൊണ്ടു് ആ സർപ്പത്തിന്റെ ശരീരമെല്ലാം വ്രണപ്പെട്ടു. എന്നിട്ടും അഹിംസാധർമ്മത്തെ പാലിക്കുന്ന ആ സർപ്പം, കിടന്നേടത്തുനിന്നു് ഇളകിയതുമില്ല, ആരേയും ഉപദ്രവിക്കുവാൻ പുറപ്പെട്ടതും ഇല്ല. കുട്ടികൾ ഇതുകൊണ്ടും മതിയാക്കുവാനല്ലഭാവം. അവക്കു് ആ സർപ്പത്തെപ്പററിയുള്ളഭയം നിശ്ശേഷം അസ്തമിച്ചുപോയിരിക്കുന്നു. അവർ വടിയെടുത്തുകൊണ്ടുവന്നു അതിനെ നിർദ്ദയം പ്രഹരിക്കുകയായി; ഒരു കയർകൊ

ണ്ടുവന്നു്, തലയ്ക്കൊരു കുടുക്കിട്ടു തെരുവുനീളെ വലിച്ചുകൊണ്ടു നടക്കുകയായി. ഈ കുട്ടികളുടെ ക്രൂക്കും വിളിയും കോലാഹലങ്ങളും എല്ലാം കേട്ടിട്ടും ആ സാധുസർപ്പത്തിന്റെ ഭാഗം നില്ക്കുവാൻ ഒരുവൻപോലും ഉണ്ടായില്ല. നേരം സന്ധ്യയായി. കുട്ടികൾ ആ സർപ്പത്തെ കെട്ടിവലിച്ചു, ക്ഷേത്രത്തിനടുത്തുള്ള പ്രഥമരംഗത്തിലേയ്ക്കു തന്നെ കൊണ്ടുവന്നു. എന്നിട്ടു് അവർ പറയുകയാണു്:—"ഇന്നു നേരം ഇരുട്ടിപ്പോയല്ലോ. നാളെ രാവിലെ നിങ്ങൾ എല്ലാവരും വരണേ. ഒരു ഒന്നാംതരം കളികളിച്ചുകളയാം."

അല്പപ്രാണനായ ആ സർപ്പം കുറേനേരത്തേയ്ക്കു് അനങ്ങാൻ വഹിയാതെ, അവർ കൊണ്ടുവന്നിട്ടകിടപ്പിൽത്തന്നെകിടന്നു. അതിനുശേഷം, ഒരുവിധം അല്പമൊക്കെ ഇഴയാം എന്നായപ്പോൾ മെല്ലെ പുറപ്പെട്ടു ഗുരുസന്നിധിയിൽ എത്തി.

സർപ്പം:—സ്വാമി ഉപദേശിച്ചപ്രകാരമുള്ള അഹിംസാധർമ്മം സ്വീകരിച്ചതുകൊണ്ടു് ഞാൻ എന്തെല്ലാം അനർത്ഥങ്ങളാണു് അനുഭവിക്കേണ്ടിവന്നതു്?

ഗുരു:—"അതിന്റെ ആവശ്യം? നീ ചീററാതിരുന്നതു് എന്തുകൊണ്ടു്. നീ ഒന്നിനേയും ഉപദ്രവിക്കരുതു് എന്നല്ലേ ഞാൻ പറഞ്ഞുള്ളു. ചീററിഅടുത്തു പേടിപ്പിക്കരുതു് എന്നു ഞാൻ പറഞ്ഞുവോ. അങ്ങിനെ ചെയ്യുന്നതു് ഹിംസയാണോ? നീ എന്തുകൊണ്ടു് അങ്ങിനെ ചെയ്തില്ല. ആത്മരക്ഷയ്ക്കായി ചീററി അടുക്കുന്നതിനെ ഈശ്വരൻ വിരോധിച്ചിട്ടില്ല."

ഇതുകേട്ടു സർപ്പം തിരിച്ചുപോയി, ആ ക്ഷേത്രസന്നിധിയിൽ ത്തന്നെചെന്നു കിടപ്പായി. പിറേറദിവസം നേരം പുലന്നപ്പോഴേയ്ക്കും, കുട്ടികളെല്ലാം ഒരു വലിയ മുള്ളുവടിയും വലിച്ചു പാമ്പുകിടക്കുന്നേടത്തേയ്ക്കു് ഓടി എത്തുകയായി. "പാമ്പു് എവിടെ; നമ്മുടെ കിഴവൻപാമ്പു് എവിടെ; നമുക്കു് ഇന്നതിനെ തെരുവുനീളെ വലിച്ചുകൊണ്ടു നടക്കണം. ഈ മുള്ളുകളെല്ലാം അതിന്റെ ദേഹത്തിൽ കുത്തിക്കയററുകയുംവേണം" എന്നിങ്ങനെ ക്രൂകിവിളിച്ചുകൊണ്ടാണു് അവർ ഓടിവന്നതു്. പാമ്പിനു കാൎയ്യം മനസ്സിലായി. ഉടനേതന്നെ അതിന്റെ ഫണം പൊക്കിപ്പിടിച്ചു 'ഹിസ്സ്' എന്നു ചീററലോടുകൂടി നിലത്തൊരു കൊത്തുവച്ചുകൊടുത്തു. 'പാമ്പു ചീററുന്നേ! പാമ്പു ചീററുന്നേ!' എന്നു പറഞ്ഞുകൊണ്ടു കുട്ടികൾ ഓട്ടോടോട്ടം. ചിലർ ഉരുണ്ടുവീണു, ചിലർ മറിഞ്ഞുവീണു, ചിലരുടെ കാലുപൊട്ടി, ചിലരുടെ തലകീറി, വിഷമത്തോടുവിഷമം. പിന്നെ ആ പാമ്പുകിടക്കുന്നേടത്തേക്കെങ്ങും കുട്ടികൾ തിരിഞ്ഞുനോക്കിയതേ ഇല്ല. പാമ്പിന്റെ ധ്യാനത്തിനും ധാരണയ്ക്കും തടസ്സമൊന്നും സംഭവിച്ചതും ഇല്ല.

# ൧൨. പിതൃതർപ്പണം.

ഒരിക്കൽ നാനാകഗുരു ഹരിദ്വാരത്തിൽ ഗംഗാസ്നാനത്തിനു ചെന്നപ്പോൾ അവിടെ അനവധി ബ്രാഹ്മണർ സ്നാനംചെയ്യുന്നുണ്ടായിരുന്നു. എല്ലാവരും കുളികഴിഞ്ഞശേഷം ഗംഗയിൽനിന്നു വെള്ളം മുക്കിയെടുത്തു മുന്നോട്ട് ഒഴിക്കുന്നതായി ഗുരു കണ്ടു. നാനാകനും കൂട്ടത്തിൽ ഇറങ്ങി കുളിച്ചു പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ട് വെള്ളം മുക്കി ഒഴിച്ചുതുടങ്ങി. ഇതുകണ്ട് അത്ഭുതപ്പെട്ട ബ്രാഹ്മണർ നാനാകന്റെ അടുത്തുചെന്ന് അദ്ദേഹംചെയ്ത ആ പ്രവൃത്തിയുടെ സാരം എന്താണെന്ന് അന്വേഷിച്ചു.

നാനാകൻ:—"നിങ്ങൾ ഈ ചെയ്തതിന്റെ സാരം എന്താണ്?"

ബ്രാഹ്മണർ:—"ഞങ്ങൾ ഗംഗാജലംകൊണ്ടു പിതൃക്കൾക്കു തർപ്പണം ചെയ്കയല്ലേ?"

നാനാകൻ:—ഞാൻ ഗംഗാജലംകൊണ്ട് എന്റെ പഞ്ചാബിലെ തോട്ടം നനയ്ക്കുകയാണ്.

ബ്രാഹ്മണർ:—"എന്തുമണ്ടത്തരം! ഇവിടെഒഴിക്കുന്നവെള്ളം പഞ്ചാബിലുള്ള തോട്ടത്തിൽ എത്തുന്നത് എങ്ങനെയാണ്?"

നാനാകൻ:—"എന്തുകൊണ്ട് എത്തില്ല. ഇവിടെ അർപ്പിക്കുന്ന വെള്ളം അതിലുംദൂരത്ത് എത്തുമെന്നു വിദ്വാന്മാരായ നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിൽ ഞാൻ ഒഴിക്കുന്നവെള്ളം അടുത്തുള്ള എന്റെ തോട്ടത്തിൽ എത്തുമെന്നു വിചാരിക്കുന്നതിൽ എന്താണ് അസാംഗത്യമുള്ളത്?"

ഇതുകേട്ട് അല്പനേരത്തേയ്ക്ക്, സമാധാനമൊന്നും പറയുവാനില്ലാതെ അവർ സ്തംഭിച്ചുനിന്നതേയുള്ളു. അതിനുശേഷം ഒരു ബ്രാഹ്മണൻ മുന്നോട്ടുവന്ന് ഗുരുവിനോട് ഇങ്ങിനെ ചോദിച്ചു.—

ബ്രാഹ്മണൻ:—"എന്നാൽ പിന്നെ ഞങ്ങൾ എന്തുചെയ്യണമെന്നാണ് നിങ്ങൾ ഉപദേശിക്കുന്നത്?"

നാനാകൻ:—"ഈ നിരർത്ഥകങ്ങളായ ആചാരങ്ങൾ എല്ലാം ഉപേക്ഷിക്കണം. 'ഹരിഃ' എന്ന തിരുനാമം ജപിക്കുകമാത്രം ചെയ്തുകൊള്ളുക."

ബ്രാഹ്മണൻ:—ഞങ്ങൾ കൊടുക്കുന്ന അർഘ്യം പൂർവ്വപിതാക്കളിൽ ചെന്നെത്തുകയില്ലെന്നും, എന്നാൽ ഞങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദം അതിലും ദൂരത്തിലുള്ള ഹരിപാദംവരെ ചെന്നെത്തുമെന്നും ആണോ പറയുന്നത്. നിങ്ങൾ ഈ പറയുന്നതു

ശരിയാണെങ്കിൽ ഞങ്ങൾ ഈ ചെയ്യുന്നതും ശരിതന്നെ ആകുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ടു് അവർ വീണ്ടും തപ്പണം ആരംഭിച്ചു.

---

## ൩൨. സൂക്ഷിപ്പ്.

---

ഒരു രാജ്യത്തു പരമലുബ്ധനായ ഒരു ധനികൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരുപാടു ധനമെല്ലാം ശേഖരിച്ചുവച്ചിരിപ്പുണ്ടു്. എന്നിട്ടും തൃപ്തിയായിട്ടില്ല. ഇപ്പോഴും അതിവേഗം, നിക്ഷേപസംഖ്യ വർദ്ധിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതേയുള്ളു. ഒരുദിവസം നാനാകഗുരു ഈ ലുബ്ധനായ ധനികൻെറ അടുത്തുവന്നു്, അദ്ദേഹത്തിൻെറ വകയായുള്ള പത്തുവീടുകളിൽ ഒന്നു സാധുക്കളുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കണം എന്നു് അപേക്ഷിച്ചു. ഒരു പൈപോലും ദാനം ചെയ്യുന്ന സ്വഭാവക്കാരനല്ല ആ ലുബ്ധൻ. ദാനം പിന്നെയല്ലേ? സ്വന്തംആവശ്യങ്ങൾക്കുകൂടിയും ചെലവാക്കുന്ന പതിവില്ല. ഈ ആൾക്കാണെങ്കിൽ പത്തു് ഒന്നാന്തരം വീടുകൾ ഉണ്ടുതാനും. ഇവയിൽ ഒന്നാണു ഗുരു ആവശ്യപ്പെട്ടതു്. ഗുരുവിൻെറ ആ അപേക്ഷ കേട്ടു പറയുകയാണു്:—"ഗുരുജി! അങ്ങു് ആവശ്യപ്പെടുന്നതുപോലെ ഒരു വീടു് ഒഴിഞ്ഞുതരുവാൻ എനിക്കു് അതിയായ ആഗ്രഹമുണ്ടു്. പക്ഷേ എന്തുചെയ്യാം. പത്തുവീടു വേണമെന്നു ഞാൻ വളരെക്കാലമായി ആഗ്രഹിച്ചിട്ടുള്ളതാണു്. അതിൽ ഒന്നെങ്കിലും കുറവായിരുന്നു എങ്കിൽ, ഒന്നോ രണ്ടോ വിട്ടുതരുന്നതിനു് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. ഇപ്പോൾ പത്തേയുള്ളു. അത്രയും ഞാൻ മോഹിച്ചതും ആണു്.

ഇതുകേട്ടു ഗുരു ഒന്നും മിണ്ടിയില്ല. അപ്പോൾ ഉണ്ടു് ഒരുയാചകൻവരുന്നു. ഒരുനേരത്തെ ആഹാരം ആണു് അവനു ആവശ്യം. അതുകേട്ടു് ആ കുബേരൻ:—"നിൻെറ കയ്യിൽ പാത്രം വല്ലതുമുണ്ടോ?" എന്നു ചോദിച്ചു. ഉടനേതന്നെ ആ യാചകൻ അവൻെറ പൊക്കണത്തിൽനിന്നു് ഒരു തളിക എടുത്തുകാണിച്ചു അതുകണ്ടു് ആ ആൾ പറയുകയാണു്:—"ഒരു ഘാതകൻ അവൻെറകഠാരി ഒളിവിൽനിന്നെടുത്തു കുത്തുവാനോങ്ങുന്നതുപോലെയല്ലേ നീ തളികയെടുത്തു കാണിക്കുന്നതു്? എനിക്കു പേടിയായിപ്പോയി! ഇങ്ങിനെയുള്ള യാചകന്മാൎക്കു് ഇവിടെ ഒന്നും കൊടുക്കുവാൻ നിശ്ചയിച്ചിട്ടില്ല. നിൻെറ കിണ്ണംകൊണ്ടുപോയി വിററുകിട്ടുന്നപണംകൊണ്ടു് ആഹാരംവാങ്ങി കഴിക്കു്. പൊയ്ക്കോ, ഇവിടെയൊന്നും നില്ക്കണ്ട"

എന്നായി. നാനാകൻ ഇതെല്ലാം കേട്ടശേഷം, ഒന്നുംമിണ്ടാതെ അവിടെനിന്നു് ഇറങ്ങിപ്പോയി.

പിറേറദിവസം ഗുരു ഒരു സൂചിയുംകൊണ്ടു് കോടീശ്വരസന്നിധിയിൽ വന്നിരിക്കുകയാണു്. "നിനക്കു് ഈ സൂചി സൂക്ഷിച്ചുതരാമോ?" എന്നു നാനാകൻ ചോദിച്ചു. "ഹോഹോ! അതിനെന്താവിരോധം. അങ്ങയ്ക്കു വേണ്ടതെല്ലാം ചെയ്യാൻ ഞാൻ എപ്പോഴും സന്നദ്ധനാണു്. ഇതു് എപ്പോൾ തിരിച്ചുവേണ്ടിവരും?"

"ഓ ഇപ്പോൾ എങ്ങും വേണ്ടിവരുമെന്നു തോന്നുന്നില്ല. മരണശേഷം പരലോകത്തിൽവച്ചു തിരിച്ചുവാങ്ങിക്കൊള്ളാം" എന്നു നാനാകൻ അറിയിച്ചപ്പോൾ:—

"ഗുരുജി! ഞാൻ ആ സൂചി പരലോകത്തിലേക്കു കൊണ്ടുപോകുന്നതെങ്ങിനെയാണു്?"

"ങെ! നിനക്കെന്താ അതിനു ബുദ്ധിമുട്ടു്. ഏതായാലും ഒരു പാടു പണം കൊണ്ടുപോകുന്നുണ്ടല്ലോ. ആ പണപ്പെട്ടികളുടെ കൂടെ ഈ സൂചിയും ഇരുന്നുകൊള്ളട്ടെ. ഒരു സൂചി വയ്ക്കുവാൻ എത്ര സ്ഥലം വേണം?"

ഇതു കേട്ടപ്പോഴാണു് താൻ പണംശേഖരിച്ചുവയ്ക്കുന്നതിലുള്ള അത്ഥശൂന്യത ആ ലുബ്ധപ്രഭുവിനു മനസ്സിലായതു്. അവൻ സ്തംഭിച്ചുനിന്നുപോയി. നാനാകൻ വീണ്ടും പറയുന്നു:—താൻ സമ്പാദിച്ചുവച്ച പണം ഒന്നും മരിക്കുമ്പോൾ കൂടെ വരുന്നില്ലെന്നും, അതെല്ലാം തീച്ച്യയായും ഇവിടെ ഇട്ടേച്ചുതന്നെ പോകുകയാണെന്നും വിശ്വാസം വരുമ്പോൾ ആ ലുബ്ധനുണ്ടാകുന്ന മനസ്താപം എത്രമാത്രം ആയിരിക്കണം!" ഇതുകേട്ടു ലജ്ജിച്ചുകൊണ്ടുനിന്ന ധനികൻ പറയുകയാണു്—"അവൻ സമ്പാദിച്ചുവെച്ച പണമെല്ലാം അവന്റെ കൂടെ പോകുകയും,ബാക്കിയുള്ളവക്കൊന്നും അവശേഷിക്കാതിരിക്കുകയും ചെയ്താൽ അവന്റെ ആളുകൾക്കുണ്ടാകുന്ന അത്ഭുതവും എന്തായിരിക്കും!"

നാനാകൻ:—"ശരിതന്നെയാണു്. എന്നാൽ വിദ്വാന്മാരായവർ അവരവരെപ്പററിമാത്രമേ വിഷമിക്കാറുള്ളു. അന്യന്മാരെപ്പററി ഇല്ല. നീ ഈ ഒരുക്കൂട്ടിവച്ചിരിക്കുന്ന ധനമെല്ലാം നിന്റെകൂടെ പരലോകത്തേയ്ക്കു വരികയില്ല എന്നു നീ അറിയുന്നില്ലേ. അതുകൊണ്ടു് അതിൽനിന്നു കുറെ സാധുക്കൾക്കായിവിനിയോഗിച്ചാൽ എന്താ? അങ്ങിനെ ചെയ്യുന്നതായാൽ നീ നഗ്നനായും നിസ്സഹായനായും നിർദ്ധനനായും പരലോകത്തു കടന്നുചെല്ലുമ്പോൾ, ഈശ്വരൻ നിനക്കു് അവിടത്തെ അമിതവിഭൂതിയിൽനിന്നു് ഒരുഭാഗം തരുന്നതായിരിക്കും. അതിനുവേണ്ടി ധമ്മംചെയ്യുക.

കോടീശ്വരനു ബോദ്ധ്യംവന്നു. ഉടനേതന്നെ ഒരു കെട്ടിടവും പതിനായിരം ഉറുപ്പികയും സാധുജനസംരക്ഷണാത്ഥം ഗുരുവിനെ ഏല്പിച്ചുകൊടുക്കുകയും അതിനുശേഷം സാധുക്കൾക്കു ധാരാളം പണം ധമ്മം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. ഇതുകണ്ടു് മകൻ— "അച്ഛാ! ഇപ്പോൾ അവിടുന്നു ചിലവാക്കുന്നതെത്രയാണു്?" എന്നു് ഒരുദിവസം ചോദിച്ചതിനു് "ഞാൻ സൂക്ഷിക്കുന്നതു് എത്രയാണെന്നുചോദിക്കു്" എന്നായിരുന്നു അച്ഛന്റെ സമാധാനം.

---

## ൩൪. സൽബുദ്ധികളും ദുർബുദ്ധികളും.

---

നാനാകഗുരു തന്റെ മട്ടനൻ എന്ന ശിഷ്യനോടുകൂടി ദേശാടനം ചെയ്തുകൊണ്ടിരിക്കുന്ന കാലത്തു് ഒരിക്കൽ ഒരു കുഗ്രാമത്തിൽ ചെന്നുചേരുവാൻ ഇടയായി. ആ ഗ്രാമീണർ അദ്ദേഹത്തെ ആദരിച്ചതുമില്ല. ആ ദിവസം മുഴവനും ഗുരുവും ശിഷ്യനും അവിടെ അനാഹാരം ദീക്ഷിക്കേണ്ടതായിത്തന്നെ വന്നു. മട്ടനൻ, വിശക്കുന്നു എന്നും ദാഹിക്കുന്നു എന്നും കുറേക്കെ പരാതി പറഞ്ഞുനോക്കി; എങ്കിലും അതിനെല്ലാം നാനാകന്റെ സമാധാനം—"കുഞ്ഞേ! മട്ടന! അതെല്ലാം സഹിച്ചുകൊള്ളുക. ഈശ്വരന്റെ മാഗ്ഗം അനിരുദ്ധമായതാണു്. അവിടുന്നു ചെയ്യുന്നതെല്ലാം നമ്മുടെ ഗുണത്തിനുവേണ്ടിമാത്രം ആയിരിക്കുകയേ ഉള്ളൂ." എന്നു പറഞ്ഞു. പിറേറ ദിവസം കാലത്തു ഗുരുശിഷ്യന്മാർ ആ സ്ഥലംവിട്ടു പോയപ്പോൾ "ഈ ഗ്രാമം എന്നും നിലനില്ക്കട്ടെ" എന്നാണു് ആ ഗുരു ആശംസിച്ചതു്.

അടുത്ത ഗ്രാമത്തിൽ എത്തി. ആ ഗ്രാമവാസികൾ ഗുരുശിഷ്യന്മാരെ ആദരപുരസ്സരം സ്വീകരിച്ചു കൂട്ടിക്കൊണ്ടുപോയി, നാനാവിധവിഭവങ്ങളോടുകൂടി സല്ക്കരിച്ചു ശുശ്രൂഷിച്ചു. എന്നാൽ പിറേറ ദിവസം അവർ ആ ഗ്രാമംവിട്ടുപോയപ്പോൾ നാനാകൻ ശപിച്ചതു്—"ഈ ഗ്രാമം വിജനസ്ഥലമായി ഭവിക്കട്ടെ; ഇവിടത്തെ നിവാസികൾ ഭൂമുഖത്തെല്ലാം ചിന്നിച്ചിതറുമാറാകട്ടെ" എന്നായിരുന്നു. മട്ടനനു് ഇതു കേട്ടപ്പോൾ അത്ഭുതമാണു് തോന്നിയതു്. ആ ശിഷ്യൻ ചോദിക്കുകയാണു്:—ഗുരുജി! അവിടുന്നു് എന്തൊരു അത്ഭുതപ്രഭാവനാണു്? ആ ഗഹ്ണീയമായ ഗ്രാമം എന്നെന്നും നിലനില്ക്കട്ടെ എന്നും; ഈ പുണ്യപ്രദേശം നശിച്ചുപോകട്ടെ എന്നും അങ്ങു നിർദ്ദേശിക്കുവാനുള്ള കാരണമെന്തു്? ഈ പ്രവൃത്തി യുക്തിക്കു തെല്ലും ചേരുന്നതായിരിക്കുന്നില്ലല്ലോ?

നാനാകൻ:—ഇതിൽ അത്ഭുതപ്പെട്ടവാൻ എന്തുണ്ടു്? ആകാശത്തിൽ നക്ഷത്രങ്ങൾ എന്നപോലെ ദൂരദൂരപ്രദേശങ്ങളിൽ ദീപവും പ്രകാശവും പ്രദാനം ചെയ്യാനായി, സജ്ജനങ്ങൾ ഭൂമിയിൽ എങ്ങും ചിന്നിച്ചിതറിക്കിടക്കണം. എന്നാൽ ദുർജ്ജനങ്ങൾ അങ്ങിനെ പരന്നു കിടന്നുകൂടാ. അവർ ഒരിടത്തുതന്നെ കൂടിയിരിക്കുകയും, പ്ലേഗ്ഗ്രോഗികളെപ്പോലെ അവരെ മററുള്ളവരിൽനിന്നു് അകററിനിത്തുകയും വേണ്ടതാകുന്നു."

---

## ൯൭. ഈശ്വരൻ എവിടെ ഇല്ല?

---

സുപ്രസിദ്ധ കവയിത്രിയായ അവ്വ ഒരിക്കൽ ഒരു ശിവക്ഷേത്രത്തിൽ ഇരിക്കുകയായിരുന്നു. വിഗ്രഹത്തിനു് എതിരായി കാലുകൾ രണ്ടും നീട്ടിക്കൊണ്ടാണു് ആ ദിവ്യസ്ത്രീ ഇരിക്കുന്നതു്. ശാന്തിക്കാരൻ ഇതു കണ്ടു. പക്ഷേ ആ ഭൂസുരനു് ഇതൊട്ടും പററിയില്ല. അതിനാൽ കോപാക്രാന്തനായി ചോദിക്കുകയാണു്:—

ശാന്തി:—ഭഗവാന്റെ മുമ്പിലേക്കു കാൽ നീട്ടുവാൻ നിനക്കു് ഇത്ര ധിക്കാരമോ?

കവയിത്രി:—"സ്വാമി ക്ഷമിക്കണം. ഞാൻ അറിവില്ലാത്ത ഒരു പെണ്ണാണു്. ദയയുണ്ടായി, ഈശ്വരനില്ലാത്ത സ്ഥലം ഏതാണെന്നു പറഞ്ഞുതന്നാൽ ഞാൻ അങ്ങോട്ടു കാൽ നീട്ടിക്കൊള്ളാം."

ഇതുകേട്ടു ശാന്തിക്കാരൻ ലജ്ജിച്ചു മിണ്ടാതെനിന്നതേഉള്ളൂ.

---

## ൯൮. ഭക്തിമാഹാത്മ്യം.

---

വേനൽക്കാലത്തു് ഒരുദിവസം രാവിലെ കനിഷ്കചക്രവത്തി വേഷപ്രച്ഛന്നനായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചുററിസ്സഞ്ചരിക്കുക ആയിരുന്നു. ഈ യാത്രാമദ്ധ്യേ, വഴിക്കരികെയുള്ള ഒരു വയലിൽ ഒരു ഇടയച്ചെറുക്കൻ ധൃതഗതിയിൽ മണ്ണുകൊണ്ടു് ഒരു വിഹാരം പണിചെയ്തുകൊണ്ടിരിക്കുന്നതുകണ്ടു് ഒന്നു തന്നെത്താൻ ചിരിച്ചു. അന്നു വൈകുന്നേരവും ചക്രവത്തി ആ വഴിയേതന്നെ മടങ്ങിവരുമ്പോഴും ഉണ്ടു്, ആ ബാലൻ അവിടെത്തന്നെ ധൃതിയായി

ജോലിചെയ്തുകൊണ്ടിരിക്കുന്നു. അപ്പോഴേയ്ക്കു് ഏതാണ്ടു് ആറടി ഉയരംപൊങ്ങിക്കഴിഞ്ഞിട്ടുണ്ടു്. ചക്രവർത്തി ആ ബാലന്റെ അതന്ദ്രിതമായ ശ്രദ്ധകണ്ടു് അടുത്തുചെന്നു ചോദിക്കുന്നു:—

കനിഷ്കൻ:—“എടോ കുട്ടി! നി എന്താ ചെയ്യുന്നതു്?”

ബാലൻ:—“ഞാൻ ഒരു ക്ഷേത്രം പണിയുകയാണു്.”

കനിഷ്കൻ:—“ആർക്കാണു് ക്ഷേത്രം?”

“ശ്രീബുദ്ധഭഗവാനു്.”

“അത്ര വലിയ മഹാനു് ഇത്ര ചെറിയ ക്ഷേത്രം മതിയോ?”

ഇതുകേട്ടു് കനിഷ്കനെ പണ്ടു കണ്ടിട്ടില്ലാത്ത ആ ബാലൻ പറയുകയാണു്:—“ഒരു വലിയക്ഷേത്രം പണിചെയ്യിക്കുവാൻ ഞാനാരാ, കനിഷ്കചക്രവർത്തിയോ മറ്റോആരാണോ? ഓരോരുത്തരും അവരവരുടെ ശക്തിക്കു് അനുസരിച്ചുള്ള ക്ഷേത്രം പണിചെയ്തുകൊള്ളണം എന്നേയുള്ളു. അങ്ങിനെ ചെയ്യുന്നതിൽ ലജ്ജിക്കുവാൻ ഒന്നും ഇല്ല. ഞാൻ ഒരു ഇടയപ്പയ്യനല്ലേ. എന്നെക്കൊണ്ടു് ഇങ്ങിനെ ഒരു ക്ഷേത്രം ഉണ്ടാക്കുവാനേ സാധിക്കുകയുള്ളു.”

ആ കുട്ടിയുടെ ഏവംവിധമുള്ള ഭക്തിപ്രചുരിമകണ്ടപ്പോൾ, ചക്രവർത്തിക്കു് അത്ഭുതംതോന്നിപ്പറയുന്നു:—“എടോ കുട്ടി! കനിഷ്ക ചക്രവർത്തി ഒരു ക്ഷേത്രം പണിചെയ്യിക്കുകയാണെങ്കിൽ അതിനു് എത്ര ഉയരം ഉണ്ടായിരിക്കണം എന്നാണു് നിന്റെ അഭിപ്രായം?”

കുട്ടി:—“ചുരുങ്ങിയതു് ഒരു നാന്നൂറു് അടിയെങ്കിലും. അതിൽ സ്വർണ്ണംകൊണ്ടു് ഒരു ബുദ്ധപ്രതിമ. ഇങ്ങിനെയെല്ലാം ആണു് വേണ്ടതു്. എന്നാൽ അങ്ങുന്നേ! അങ്ങിനെ ഒന്നും ഉണ്ടാകുമെന്നു് വിചാരിക്കേണ്ട. പിന്നെയും സാധുക്കളായ മറ്റുള്ളവരേ വല്ലതും ഒക്കെ ചെയ്യുകയുള്ളു.”

കനിഷ്കൻ കൊട്ടാരത്തിൽ മടങ്ങി എത്തി. ഉടനേതന്നെ ക്ഷേത്രം പണിചെയ്യിക്കുവാനുള്ള ആരംഭവും ആയി. നാന്നൂറടിഉയരത്തിലുള്ള ഒരു ക്ഷേത്രംതന്നെ പണികഴിപ്പിച്ചു. അതിൽ സ്വർണ്ണവിഗ്രഹംതന്നെ പ്രതിഷ്ഠിക്കുകയുംചെയ്തു. ഈ ക്ഷേത്രംപണിക്കു് ഏഴു് ദീർഘസംവത്സരങ്ങളാണു് വേണ്ടിവന്നതു്. പണി പൂർത്തിയായശേഷം കനിഷ്കചക്രവർത്തി പണ്ടത്തെ ഇടയബാലനെ ആളയച്ചു വരുത്തി. എന്നാൽ ഇപ്പോഴേയ്ക്കു് ആ ബാലൻ ഒരു ബുദ്ധസന്യാസിയായിക്കഴിഞ്ഞിരിക്കുന്നു. ആ സന്യാസി ചക്രവർത്തിയുടെ മുമ്പിൽ ആഗതനായി എങ്കിലും അദ്ദേഹം പണ്ടു് വേനൽക്കാലത്തു് ഒരുദിവസം രാവിലെ കണ്ട സഞ്ചാരിതന്നെയാണു് എന്നു്, ഇന്നത്തെ ആഡംബരബഹുലമായ വസ്ത്രാലങ്കാരങ്ങൾക്കു് ഇടയിൽക്കൂടെ കണ്ടെത്തുവാൻ ആ ഭിക്ഷുവിനു സാധിച്ചില്ല.

കനിഷ്കൻ പറഞ്ഞു:—“സഹോദര! ഞാൻ ഒരിക്കലും ഒരു ക്ഷേത്രം

പണിചെയ്യിക്കയില്ല എന്നല്ലേ പറയുന്നതു്! ഇപ്പോൾ എങ്ങിനെ ഇരിക്കുന്നു! എന്താ, ഇതു പോരേ? അങ്ങയ്ക്കു് തൃപ്തിയായോ?”

സന്ന്യാസി:—“രാജൻ! ക്ഷേത്രം വളരെവളരെക്കേമം. അന്നു് ആ അശ്വാരൂഢനോടു് ചിലവിഡ്ഢിത്തങ്ങളെല്ലാം പറഞ്ഞുപോയല്ലോ എന്നു് വിചാരിച്ചു് ഞാൻ ഇപ്പോൾ പശ്ചാത്തപിക്കുന്നു. അന്നു് എനിക്കു തോന്നിയതു അങ്ങിനെ പറഞ്ഞുപോയി എന്നേയുള്ളു. അതിനു് ക്ഷമാപണം ചെയ്തുകൊള്ളുന്നു. ആ അശ്വാരൂഢൻ, ഞാൻപറഞ്ഞതെല്ലാം ഇവിടെവന്നു് അറിയിക്കുമെന്നു വിചാരിച്ചതും ഇല്ല. എങ്കിൽ എന്റെ അന്നത്തെ ആ അവിവേകമായ പ്രവൃത്തിയിൽനിന്നു് ഇങ്ങിനെ ഒരു സൽഫലം ഉണ്ടായല്ലോ എന്നു് വിചാരിച്ചു ഞാൻ സന്തോഷിക്കുകയും ചെയ്യുന്നു.”

കനിഷ്കൻ:—“അന്നത്തെ ആ യാത്രക്കാരൻ ഞാനല്ലാതെ മററാരും ആയിരുന്നില്ല” എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ വസ്ത്രാഭരണാദികൾ എല്ലാം മാററി അന്നത്തെ സഞ്ചാരിവേഷത്തിൽ നിന്നുകൊണ്ടു് ഇങ്ങിനെ വീണ്ടും പറഞ്ഞു:—“ഞാൻ അങ്ങയെ ഈ ക്ഷേത്രത്തിലെ മേൽശാന്തിയായി നിയമിച്ചിരിക്കുന്നു. ഇവിടത്തെ കർമ്മങ്ങളെല്ലാം യഥാവിധി നിർവ്വഹിച്ചുകൊള്ളണം.

## ൩൭. ശശിധരന്റെ അപേക്ഷ.

ദഹീറിന്റെ പുത്രനും സമർത്ഥനും ആയി പണ്ടു് ശശിധരൻ എന്നു പേരായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് വങ്ഗരാജ്യം ഭരിച്ചിരുന്നതു് സമർത്ഥനായ ഒരു രാജാവായിരുന്നില്ല. പൌരാവലിയുടെ സുഖസൌകര്യാദികളെപ്പററി യാതൊരു ആലോചനയുംകൂടാതെ അനാവശ്യമായി ധാരാളം പണം ചെലവാക്കും, സേവകന്മാർക്കും കപടഭക്തന്മാർക്കും ആവർത്തിച്ചാവർത്തിച്ചു് വിരുത്തികളും ബിരുദങ്ങളും സംഭാവനകളും ആനുകൂല്യങ്ങളും ചെയ്തുകൊടുക്കും; പകിടകളിയിലാണു് എപ്പോഴും താല്പര്യം; യുദ്ധസാമർത്ഥ്യം എന്നാൽ എന്തെന്നുതന്നെ മറന്നമട്ടായി; പ്രജാരഞ്ജനം വിസ്മൃതിയിൽത്തള്ളപ്പെട്ടു; എന്തിനേറെ പറയുന്നു? രാജോചിതമായ സന്മാർഗ്ഗങ്ങളെല്ലാംത്യജിച്ചു്, കേവലം ഒരു സാധാരണക്കാരൻപോലും അനഭിലഷണീയമായി കരുതുന്ന അപഥങ്ങളിൽക്കൂടിയായി സ

ഞ്ചാരം. രാജാവിൻെറ ഈവിധമുള്ള ദുസ്സ്വഭാവങ്ങൾ പാടെ വിപാട നംചെയ്യണം എന്നുള്ള വിചാരത്തോടുകൂടി, ബുദ്ധിമാനായ ശശൻ ചിന്താപ്രചോദകമായ ചതുരങ്ഗക്കളി കണ്ടുപിടിച്ച് രാജസന്നിധി യിൽ അതിനെ പ്രദശിപ്പിച്ചു. കളിഭ്രാന്തനായ രാജാവിന് വളരെ സന്തോഷമായി. അദ്ദേഹം പകിടകളിഉപേക്ഷിച്ച് ചതുരങ്ഗത്തിൽ മുങ്ങി. പിന്നെ രാവും പകലും ചതുരങ്ഗംതന്നെ. കുതിരയെ പിടിക്കാ നെന്താ വേണ്ടതു്; മറേറവനെ തടുക്കുവാൻ എന്താ വേണ്ടതു്; അ ങ്ങോട്ടു കടക്കുവാനെന്താ വേണ്ടതു്; ആ മന്ത്രിയുടെ തള്ളിക്കയററം എങ്ങിനെ നിരോധിക്കാം; ആ തേർ തുറസ്സിൽ പിടിച്ചാൽ എന്തു ചെയ്യും; കമ്പിയിൽനിന്ന് എങ്ങിനെഒഴിയാം; എങ്ങിനെ അടിയറ വുപറയിക്കാം, ഇങ്ങിനെരാജോചിതമായ സംഗതികളെപ്പററിയായി എല്ലായ്പ്പോഴും ആലോചന. അദ്ദേഹത്തിനു നഷ്ടപ്പെട്ടുപോയിരുന്ന മാനസികങ്ങളായ പല ഗുണങ്ങളേയും ഈവിധമുള്ള ചിന്താരീതിയു ടെ ഫലമായി വീണ്ടെടുക്കുവാനും സമരചാതുരിയിൽ ചില വിലയേ റിയ പരിശീലനം ഗ്രഹിക്കുവാനുംകഴിഞ്ഞു. അതിനുപുറമേ, രാജാ വിൻെറ സുരക്ഷിതമായ നിലനില്പിനു പ്രജാവലിയുടെ അസന്ദിഗ്ദ്ധ മായ സഹകരണം എത്രമാത്രം അപരിഹാര്യമായിരിക്കുന്നു എന്ന് മനസ്സിലാക്കുവാൻകൂടിയും അദ്ദേഹത്തിന് സാധിച്ചു. കനിഷ്കനു വ ളരെ സന്തോഷമായി. അതുകൊണ്ടു് ശശനു തക്കതായ ഒരു സമ്മാ നം കൊടുക്കണമെന്ന് ചക്രവത്തി തീച്ച്പ്പെടുത്തി. അതിനാൽ ശ ശനെവരുത്തി:—"അവിടുത്തേയ്ക്കു ആവശ്യമുള്ളതു എന്തും ചോദിച്ചു കൊള്ളുക. തരുവാൻ ഞാൻ സന്നദ്ധനാണ്" എന്ന് അറിയിച്ചു. അതുകേട്ടു ശശൻ:—"തിരുമേനി വിജയിച്ചാലും! എൻെറ ചതുര ങ്ഗപ്പലകയിൽ ഒന്നാമത്തെ കള്ളിയിൽ ഒരുമണിനെല്ല് വയ്ക്കണം; രണ്ടാമത്തേതിൽ രണ്ടെണ്ണം വയ്ക്കണം; മൂന്നാമത്തേതിൽ നാലെ ണ്ണം വയ്ക്കണം; നാലാമത്തേതിൽ പതിനാറെണ്ണം വയ്ക്കണം; അഞ്ചാമത്തേതിൽ ഇരുന്നൂററിഅമ്പത്താറുമണി വയ്ക്കണം. ഈ തോതിന് വദ്ധിപ്പിച്ചു വദ്ധിപ്പിച്ച് അറുപത്തിനാലു കള്ളികളിലും വച്ചുകൊള്ളണം. ഒരു കള്ളിയിലുള്ള നെല്ലുമണിയുടെ സംഖ്യയെ ആ സംഖ്യകൊണ്ടുതന്നെ ഗുണിച്ചാൽ കിട്ടുന്ന സംഖ്യയായിരി ക്കണം അടുത്തകള്ളിയിൽ വയ്ക്കുന്നനെല്ലുമണികളുടെ സംഖ്യ. ഇങ്ങിനെ വച്ചശേഷം അതെല്ലാം എനിക്കു തരുവാൻ കല്പനയാ യാൽമതി" എന്നു അറിയിച്ചു. "അത്രയേവേണ്ടൂ?" രാജാവു് നിസ്സാരമാക്കി പറയുകയാണ്, അതിനെന്താവിഷമം! ഇപ്പോൾത്ത ന്നെ കല്പന കൊടുത്തേക്കാമല്ലോ." ശശൻ ഇതുകേട്ടു് ഉള്ളുകൊ ണ്ടൊന്ന് മെല്ലെ ചിരിച്ച് "അതുമാത്രംമതി" എന്നു പറഞ്ഞുകൊ ണ്ടു് തിരുമുമ്പിൽനിന്നും പോന്നു. കനിഷ്കചക്രവത്തി ഉടനേതന്നെ

പ്രധാനമന്ത്രിയെ വരുത്തി ശശൻെറ നിർദ്ദേശപ്രകാരം വരുന്ന ധാന്യം ഉടനെതന്നെ ആ ബ്രാഹ്മണനെ ഏല്പിച്ചുകൊള്ളണം എന്നു് ആജ്ഞാപിച്ചും കഴിഞ്ഞു.

നാലുദിവസം മുഴുവനും ആ മന്ത്രി മുടങ്ങാതെ ഇരുന്നു് കണക്കു കൂട്ടിയശേഷം രാജസന്നിധിയിൽ തിരിച്ചുചെന്നു് ഇങ്ങിനെ ബോധിപ്പിച്ചു:—“പ്രഭോ! ഈ കണക്കുപ്രകാരം കൊടുക്കേണ്ടതിനു വേണ്ടുവോളം ധാന്യം ഈ രാജ്യത്തിൽ എല്ലാം തിരഞ്ഞാലും കിട്ടുവാനില്ല. മററു വല്ലടത്തു നിന്നും വാങ്ങിക്കളയാം എന്നുവച്ചാൽ അതിനു കൊടുക്കേണ്ടിവരുന്ന വിലയോളം വരുന്ന പണവും നമ്മുടെ രാജ്യത്തിൽ എട്ടക്കവാനില്ല. അത്ര ധാന്യം ഒന്നായി കൂട്ടിവച്ചാൽ അതിൻെറ വലിപ്പം ഹിമാലയപർവ്വതത്തിനെക്കാളും വലുതായിരിക്കും. അതിനു് അഞ്ചൂറുലക്ഷം ഉറുപ്പിക വിലവരികയും ചെയ്യും. “രാജാവു് അന്ധാളിച്ചു.” എന്തു്! അങ്ങിനെയാണോ? എന്ന ഒരു അവിശ്വാസംകൂടിയും തോന്നിപ്പോയി മന്ത്രി അതുവരെ കണക്കുകൂട്ടിയ കടലാസുകളെല്ലാം രാജാവിനെ കൊണ്ടുചെന്നു കാണിച്ചു താൻ പറഞ്ഞതിൻെറ പരമാത്ഥത്തെ ബോദ്ധ്യപ്പെടുത്തിക്കൊടുത്തു.

ചക്രവത്തി കുഴക്കിലായി. “ഇനി എന്താ വേണ്ടതു്?” എന്നു് ശശനോടുതന്നെ ചോദിച്ചു. “തിരുമേനി” ശശൻ അറിയിക്കുകയാണു്: “അടിയൻെറ അപേക്ഷയെ ഇതാ പിൻവലിച്ചിരിക്കുന്നു. ഇങ്ങിനെ ചെയ്യേണ്ടിവരുമെന്നു് എനിക്കു മുൻകൂട്ടിത്തന്നെ അറിയാമായിരുന്നതേഉള്ളു. തിരുമുമ്പിൽസേവന്മാരുടെയും, സ്തുതിപാഠകന്മാരുടേയും, പ്രഥമദൃഷ്ടിയിൽ നിസ്സാരങ്ങൾഎന്നു് തോന്നിപ്പോകുന്ന അപേക്ഷകൾ തിരുമേനിയുടെ രാജ്യത്തേയും, തിരുമേനിയുടെ ഭരണത്തേയും എത്രമാത്രം ഗഹ്ണീയമായവിധം അധഃപതിപ്പിക്കുന്നുഎന്നു് തിരുമേനിയെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടിമാത്രമാണു് ഈ അപേക്ഷ കൊണ്ടുവന്നതു്.”

ഇതുകേട്ടു് കനിഷ്ക ചക്രവത്തി വളരെ സന്തോഷിച്ചു. അദ്ദേഹം സ്തുതിപാഠകന്മാരെയും തിരുമുമ്പിൽസേവന്മാരെയും എല്ലാം ആട്ടിഓടിച്ചു്, അവക്കു് കൊടുത്തിരുന്ന വിരുത്തികളും സഹായധനങ്ങളും എല്ലാം നിത്തൽചെയ്തു്, ശശധരനെ മന്ത്രിയാക്കി അതുമുതൽ തൃപ്തികരമായും ശ്രേയസ്കരമായും വങ്ഗരാജ്യം ഭരിച്ചുപോരികയുംചെയ്തു.

## ൩൨. ദൃഢവിശ്വാസം.

പുണ്ഡരീകൻ സുപ്രസിദ്ധനായ വിഷ്ണുഭക്തനാണു്. ശ്രീനാരായണൻ പാലാഴിയിൽ, അനന്തതല്പത്തിൽ പള്ളികുറിപ്പുകൊള്ളുന്നു എന്നുതന്നെയാണു് ആ ഭക്തന്റെ വിശ്വാസം ആകാശത്തിൽ കാണുന്ന ശുഭ്രവൎണ്ണത്തെ പാലാഴിയെന്നു പറയാറുണ്ടു്. അതുപോലെതന്നെ 'പാല്ക്കാ' ഇടക്കടലിനെ ഭൂമിയിലെ പാലാഴി എന്നും വൎണ്ണിക്കാറുണ്ടു്. നാരായണനെ നേരിട്ടുകണ്ടേ കഴിയൂ എന്നു് ഈ പുണ്ഡരീകഭക്തൻ തീൎച്ചയാക്കി. ആകാശത്തിലേക്കു കയറുവാൻ ഏതായാലും നിവൃത്തിയില്ല. അതിനാൽ പാല്ക്കാ ഇടക്കടലിൽത്തന്നെചെന്നു് തിരയുവാൻ തീൎച്ചയാക്കി അവിടെ എത്തി. രാവിലെ എഴുനേററു്, സ്നാനം കഴിച്ചു് സന്ധ്യാവന്ദനാദികളെല്ലാം അനുഷ്ഠിച്ചു. വെള്ളം വററുമ്പോൾ അടിയിൽക്കിടന്നുറങ്ങുന്ന നാരായണനെ കാണാം എന്ന വിചാരത്തോടുകൂടി തന്റെ കയ്യിൽ ഉണ്ടായിരുന്ന ഒരു ചെറിയ ചെമ്പുപാത്രംകൊണ്ടു് പുണ്ഡരീകൻ സമുദ്രത്തിലെ വെള്ളംമുക്കി വററിക്കുവാൻ തുടങ്ങി. അതികഠിനമായ വെയിൽ ഒന്നും ആ ഭക്തൻ അറിയുന്നില്ല; സമുദ്രത്തിലെ വെള്ളത്തിന്റെ തുകയെപ്പററി വിചാരമേ ഇല്ല; താൻ കോരിഒഴിക്കുന്ന വെള്ളം മണലിൽക്കൂടെ ചോന്നു് സമുദ്രത്തിൽത്തന്നെ വീണ്ടും ചേരുന്നു എന്നുള്ള ബോധവും പുണ്ഡരീകനു ഇല്ല; ഒരു വിശ്രമവുംകൂടാതെ വെള്ളം വററിക്കലോടുവററിക്കൽ!

സൂൎയ്യാസ്തമയം അടുക്കാറായപ്പോൾ മഹാവിഷ്ണു ഒരു വൃദ്ധബ്രാഹ്മണന്റെ വേഷത്തിൽ ആ ഭക്തശിരോമണിയുടെ അടുത്തുചെന്നു "ഹേ എന്തൊരു ഭോഷത്തമാണു ഈ കാണിക്കുന്നതു്?" എന്നു ചോദിച്ചു. അതിനു പുണ്ഡരീകന്റെ സമാധാനംകേട്ടപ്പോൾ ആ വൃദ്ധബ്രാഹ്മണൻ വീണ്ടും ചിരിച്ചുകൊണ്ടു് പറയുകയാണു്:—നീ എന്തൊരു മുഠാളനാണു് പുണ്ഡരീക! കല്പാന്തംവരെ ശ്രമിച്ചാലും, ഈ ചെറിയ പാത്രംകൊണ്ടു് സമുദ്രജലമെല്ലാം മുക്കിവററിക്കുവാൻ നിന്നാൽ സാദ്ധ്യമാകുന്നതാണോ? നീ മുക്കിഒഴിക്കുന്ന വെള്ളംതന്നെ മണലിൽക്കൂടെ ചോന്നു് വീണ്ടുംസമുദ്രത്തിൽത്തന്നെ വന്നുചേരുന്നതു് നീ കാണുന്നില്ലേ? ശുദ്ധമണ്ടത്തരത്തിൽനിന്നു് വിരമിച്ചു വീട്ടിൽപ്പോയി ഭക്ഷണം കഴിക്കരുതോ?

പുണ്ഡരീകൻ—"സഹോദര! അങ്ങയ്ക്കു് എന്നോടു് അനുഭാവമുണ്ടെങ്കിൽ ദയയുണ്ടായി ഒരു പാത്രം എടുത്തുകൊണ്ടുവന്നു് എന്നോടുകൂടി വെള്ളംമുക്കി വാൎത്തുകൊള്ളുക. ഇല്ലെങ്കിൽ അങ്ങയുടെ വഴിക്കു പൊയ്ക്കൊള്ളുകയേ വേണ്ടു. ഞാൻതന്നെ എന്റെ

ജോലി നിവ്വഹിച്ചുകൊള്ളാം." എന്നിങ്ങനെ പറഞ്ഞുകൊണ്ടും, വൃദ്ധബ്രാഹ്മണനെ അലക്ഷ്യമാക്കിയും വീണ്ടും വെള്ളംമുക്കിവാക്കുന്നതിൽത്തന്നെ നിതരാം ജാഗരൂകനായി ഭവിച്ചു. അപ്പോൾ മഹാവിഷ്ണു സ്വന്തരൂപത്തിൽ ആ ഭക്താഗ്രേസരന്റെ മുമ്പിൽ പ്രത്യക്ഷനായി ഇങ്ങനെ അരുളിച്ചെയ്തു:—"പുണ്ഡരീക! ഈവിധമുള്ള വിശ്വാസം ദുർല്ലഭമാണ്. നിന്റെ വിശ്വാസംപോലെയുള്ള വിശ്വാസത്തിന്നു പൎവ്വതങ്ങളെക്കൂടെ ഇളക്കുവാനും, സമുദ്രങ്ങളെക്കൂടെ വററിക്കുവാനും, ആകാശത്തിലേയ്ക്കു ഏണികെട്ടുവാനും സാധിക്കുകതന്നെ ചെയ്യും. ഇങ്ങനെയുള്ള ഭക്തന്മാർ എനിക്കു ഏററവും പ്രിയന്മാർ ആകുന്നു."

---

## ൩൯. ശിവൻമാത്രം സത്യം.

വിക്രമൻ എന്നു പേരായി പണ്ടൊരു ചോളരാജാവുണ്ടായിരുന്നു. ഇദ്ദേഹം ഒരു മുഴുത്ത ശിവഭക്തനാണ്. 'ശിവഭക്തൻ' എന്നുമാത്രം പറഞ്ഞാൽപ്പോരാ, ഒരു ധൎമ്മോന്മത്തൻകൂടെ ആയിരുന്നു. രാമാനുജപക്ഷക്കാരായ ചില വൈഷ്ണവന്മാർ, വിഷ്ണുവാണ് ശിവനെക്കാൾ വലിയവൻ എന്നു വാദിക്കുന്നതു കേട്ടപ്പോൾ വിക്രമനു ദേഷ്യംവന്നു. ഈ ദുഷ്പ്രവാദം നിൎത്തുവാനായി അദ്ദേഹം ഒരു സത്യപ്രതിജ്ഞ തയ്യാറാക്കിച്ച് അതിൽ എല്ലാവരെക്കൊണ്ടും ഒപ്പിടുവിക്കുവാൻ നിശ്ചയിച്ചു. "ശിവൻതന്നെ പരമേശ്വരൻ; സത്യസ്വരൂപനും സനാതനനും ആയ ഈശ്വരൻ ശിവൻതന്നെ. ശിവനുപരി ആരും ഇല്ല" എന്നിങ്ങനെ ആയിരുന്നു ആ സത്യപ്രതിജ്ഞ. വിഷ്ണുഭക്തന്മാരെല്ലാം ഇതു സമ്മതിച്ചു പ്രതിജ്ഞയിൽ ഒപ്പിട്ടുകൊടുത്തുകൊള്ളണം. ഇല്ലാത്തപക്ഷം ശിരച്ഛേദനം ഫലം.

രാജാവു വൈഷ്ണവന്മാരെയെല്ലാം രാജധാനിയിൽവരുത്തി ഈ പ്രതിജ്ഞയിൽ ഒപ്പുവെപ്പിക്കുകയായി. മഹാരാജാവിന്റെ ശാസനം അനുസ്സരിച്ചു രാജസദസ്സിൽ എത്തിയ ഒരു വൃദ്ധബ്രാഹ്മണനോടു ഈ സത്യപ്രതിജ്ഞയിൽ കയ്യൊപ്പുവെക്കുവാൻ വിക്രമനൃപതി ആവശ്യപ്പെട്ടു. അപ്പോൾ ആ സാധു ബ്രാഹ്മണൻ:—"പ്രഭോ! ശിവൻ പരമേശ്വരനാണെന്നു സത്യപ്രതിജ്ഞ അടങ്ങിയിരിക്കുന്ന ഈ പുസ്തകം കേടുവരാതെ എന്നെന്നും നിലനില്ക്കുന്ന ഒന്നാണോ?" എന്നു രാജാവിനോടു ചോദിച്ചു. "ഒരിക്കലും അല്ല; കവിഞ്ഞപക്ഷം ഇരുനൂറോ മുന്നൂറോകൊല്ലം. അതിൽ അധികം നിലനില്ക്കയില്ല."

എന്നായി രാജാവു്. "എന്നാൽ അവിടുത്തെ ശിവൻെറ പരമേശ്വരത്വത്തിനു് ഇതാണു് പ്രമാണമെങ്കിൽ ആ അവസ്ഥ ഇരുന്തറോ മുന്തുറോകൊല്ലം കഴിയുമ്പോൾ നശിച്ചുപോകുമല്ലോ. ശിവൻെറ ശാശ്വതമായ പ്രാമാണ്യം ശാശ്വതമല്ലാത്ത ഒന്നിൽ രേഖപ്പെടുത്തിവയ്ക്കുന്നതു ശരിയാണോ?" എന്നു് ആ ബ്രാഹ്മണൻ വീണ്ടും ചോദിച്ചു. അതുകേട്ടപ്പോൾ അതിലെ വാദമുഖം വിക്രമരാജാവു സ്വീകരിക്കുകയും, പ്രതിജ്ഞാപത്രത്തിൽ ഒപ്പുവയ്ക്കാത്തവരെ ശിരച്ഛേദം ചെയ്യുമെന്ന കല്പനയെ പിൻവലിക്കുകയുംചെയ്തു.

---

## ൧൦. ഇനിയും ചിറകു മുളച്ചില്ല.

ദക്ഷിണയിന്ത്യയിൽ പണ്ടു പരാന്നം എന്നപേരായി അതിപ്രസിദ്ധമായ ഒരു ബുദ്ധവിഹാരമുണ്ടായിരുന്നു. ഗൌതമബുദ്ധനുമുമ്പു ഉണ്ടായിരുന്ന കാശ്യപബുദ്ധനായിക്കൊണ്ടുള്ളതായിരുന്നുഈ വിഹാരം. ഈ വിഹാരത്തിനു് അഞ്ചുനിലകൾ ഉണ്ടു്. ഈ അഞ്ചും ഒരൊററപ്പാറക്കല്ലിൽ വെട്ടിയുണ്ടാക്കിയതും ആയിരുന്നു. ആദ്യത്തെനിലയിൽ അഞ്ഞൂറും, രണ്ടാമത്തേതിൽ നാന്തൂറും, മൂന്നാമത്തേതിൽ മുന്തൂറും, നാലാമത്തേതിൽ ഇരുന്തൂറും, അഞ്ചാമത്തേതിൽ ഒരുന്തൂറും, അറകൾ ആണു് ഉണ്ടായിരുന്നതു്. എല്ലാററിനും മുകളിൽ ഉള്ള ഒരു ഉറവിൽനിന്നു് ഒഴുകിവരുന്നവെള്ളം ചെറിയകൈവഴിയായി ഈ മുറികളിലെല്ലാം ഒഴുകിക്കൊണ്ടാണു കീഴ്പ്പോട്ടുപോകുന്നതു്. അടുത്തെങ്ങും കൃഷിയുമില്ല കൃഷിക്കാരുള്ള ഗ്രാമങ്ങളും ഇല്ല. അവിടേയ്ക്കു് ഏററവും അടുത്തെന്നു പറയാവുന്നഗ്രാമം ഏഴുനാഴികയകലെയുള്ള ഒരു ബിലഗ്രാമമാണു്. ആ ഗ്രാമത്തിലുള്ള ബിലന്മാരുടെ വിശ്വാസം പരാന്നവിഹാരത്തിലുള്ള ബൌദ്ധഭിക്ഷുക്കളെല്ലാം പറക്കുവാൻ കഴിയുന്നവരാണെന്നും, ഈ ഉന്നതഹർമ്മ്യത്തിലേക്കു കയറുന്നതു പറന്നിട്ടാണെന്നും ആയിരുന്നു.

ഇങ്ങിനെയിരിക്കുന്നകാലത്തു് ഒരുദിവസം ചീനന്മാരായ ചില സഞ്ചാരികൾ ഈ വിഹാരത്തെ ലക്ഷ്യമാക്കിപ്പോകുന്നതു ബിലന്മാർ കണ്ടു. "നിങ്ങൾ എന്തിനാനടക്കുന്നതു്? നിങ്ങൾക്കു പറന്നാൽ എന്താ?" എന്നായി അവർ. അതിനു ചീനന്മാരുടെ സമാധാനം, ഞങ്ങൾ ഈ മതത്തിൽ ഈയിടെ കൂടിയതേയുള്ളു. ചിറകുകൾ ഇനിയും മുളച്ചുകഴിഞ്ഞിട്ടില്ല" എന്നായിരുന്നു. "അതു ശരിതന്നെ" എന്നു കേട്ടവരെല്ലാം പൂർണ്ണമായി വിശ്വസിക്കുകയുംചെയ്തു.

---

## ൯൯. നഗ്നസന്യാസി.

അഹമ്മദബാദിൽ ഒരിക്കൽ ഒരു അമേരിക്കൻ ക്രിസ്ത്യൻപാതിരി വന്നിരുന്നസമയം, അന്നു് അവിടെ ഇരിപ്പുണ്ടായിരുന്ന ഒരു നഗ്നസന്യാസിയെ കാണുവാൻ അദ്ദേഹത്തിനു സംഗതിയായി. ഈ ജിനസന്യാസി വഴിയരികിൽ ഒരു മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. ചുററുപാടും അനേകംസ്ത്രീകളും പുരുഷന്മാരും കൂട്ടംകൂടി നില്പുണ്ടു്. ഇതുകണ്ടപ്പോൾ പരിഷ്കാരിയായ ക്രിസ്തീയപുരോഹിതനു് ഒട്ടും രസമായില്ല. അദ്ദേഹം സന്യാസിയുടെ അടുത്തുചെന്നു നീരസസ്വരത്തിൽ ഇങ്ങിനെ ചോദിച്ചു:—

"തനിക്കു ലജ്ജയില്ലയോ?"

"ങ്ടെ! എന്തിനു്?"

"ഇങ്ങിനെ നഗ്നനായി ഇവിടെ ഇരിക്കുവാൻ!"

"ഇതിനെന്താ വിരോധം! നിങ്ങൾ നിങ്ങളുടെ മൂക്കു മൂടാതെ സഞ്ചരിക്കാറില്ലേ?"

"എന്നാൽ എൻെറ നഗ്നമായ മൂക്കിനെക്കൊണ്ടു് ഒരുപദ്രവവും ഇല്ലല്ലോ."

"എൻെറ അവയവങ്ങളെക്കൊണ്ടും ഇല്ല ഉപദ്രവം. നിങ്ങൾ നിങ്ങളുടെ മൂക്കിനെമാത്രമേ സ്വാധീനമാക്കിവച്ചിട്ടുള്ളു. ഞാൻ എൻെറ സവ്വ അവയവങ്ങളേയും സ്വാധീനമാക്കിയിരിക്കുന്നു. അതുകൊണ്ടു നിങ്ങൾക്കു് മൂക്കുമൂടാതെ ഇരിക്കാവുന്നതുപോലെ എനിക്കു ശരീരം മൂടാതെയും ഇരിക്കാം."

## ൱. എനിക്കു് ഈ ഉപ്പാണു് ഇഷ്ടം.

കേരളത്തിലെ ഒരു മഹാകവിയായിരുന്ന കുഞ്ചൻനമ്പ്യാർ; ഇദ്ദേഹത്തിൻെറ പ്രസിദ്ധി ഒരു വെറും കവിയുടേതുപോലെമാത്രം ഉള്ളതല്ലായിരുന്നു. ഒരു വലിയ സമർത്ഥനെന്നനിലയിലും പ്രത്യുല്പന്നമതി എന്നനിലയിലും അദ്ദേഹത്തെ ജനങ്ങൾ ആദരിച്ചും ബഹുമാനിച്ചുംവന്നു. തിരുവിതാംകൂറിലെ മഹാരാജാവു് ഒരിക്കൽ ഇദ്ദേഹത്തിൻെറ മന്നത്തരം ഒന്നു പരിശോധിക്കണം എന്നു തീച്ച്യാക്കി. ഒരു സദ്യയ്ക്കു് അദ്ദേഹത്തെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു ഇങ്ങനെ ഒരേപ്പാടുകൂടി അദ്ദേഹം മുൻകൂട്ടി ചെയ്തിരുന്നു. "എല്ലാ

വരും ഒന്നിച്ചു് ഉണ്ണാനിരിക്കണം. പായസം വിളമ്പുന്നസമയം പഞ്ചസാരപ്പായസത്തിൽ, പഞ്ചസാരയ്ക്കുപകരം ആരോ എങ്ങിനെയോ ഉപ്പുകൂടിപ്പോയി എന്നും അതുകൊണ്ടു് അതു കഴിക്കുവാൻകൊള്ളരുതാതെ ആയിരിക്കുന്നു എന്നും മഹാരാജാവു പറയും. മററുള്ളവരെല്ലാം അതു ശരിവച്ചുകൊള്ളണം. ഇങ്ങിനെ എല്ലാവരുംചേൎന്നു പറയുന്നതിനെ നമ്പ്യാർ ഒരാൾമാത്രം അനുസരിക്കാതിരിക്കയില്ല. മൎയ്യാദയ്ക്കുവേണ്ടിമാത്രം ആയിട്ടെങ്കിലും ഒത്തുമൂളുന്നതാണു്. അങ്ങിനെ നമ്മൾ പറയുന്നതുകേട്ടു സമ്മതിച്ചു് ആ വിരുതൻ പായസം കഴിക്കാതിരിക്കുകയാണെങ്കിൽ "സമൎത്ഥൻ' എന്നുള്ള പ്രശസ്തിക്കു് ആയാൾ അനൎഹൻതന്നെയെന്നു നമുക്കു തീൎച്ചയാക്കാം" ഇങ്ങിനെയെല്ലാമായിരുന്നു എല്ലാവരുംകൂടി നമ്പ്യാരെ പററിക്കുവാൻ ഒരുക്കിവച്ചിരുന്ന കെണി.

സദ്യദിവസമായി. എല്ലാവരും ഭക്ഷണത്തിനിരുന്നു. പഞ്ചസാരപ്പായസം എടുത്തു. അപ്പോൾ മഹാരാജാവു്:—"ഛെ! മണ്ടന്മാർ ആരോ പഞ്ചസാരയ്ക്കുപകരം ഉപ്പാണു ചേൎത്തതു് എന്നു തോന്നുന്നു. ഏതായാലും കഴിക്കുവാൻ കൊള്ളില്ല. കൊണ്ടുപോ. വേറെ വല്ലതും ഉണ്ടെങ്കിൽ വരട്ടെ" എന്നായി. കേട്ടുകൊണ്ടിരുന്നവരെല്ലാം "ശരിതന്നെ, ശരിതന്നെ, ശുദ്ധവഷളു്! കഴിക്കുവാൻ കൊള്ളില്ല" എന്നു് മഹാരാജാവിനെ അനുകരിച്ചു് പറഞ്ഞു. ആരും പായസം കൈകൊണ്ടു് തൊട്ടതുപോലും ഇല്ല. നമ്പ്യാർ ഇതൊന്നും കേൾക്കുന്ന ഭാവമേ നടിക്കാതെ വിളമ്പിയതെല്ലാം സുഖമായി വാരിക്കഴിച്ചു. 'കുറേക്കൂടെ കൊണ്ടുവരട്ടെ' എന്നായി. അതുകേട്ടു് മഹാരാജാവു്:—"എന്താ നമ്പ്യാൎക്കു് ഉപ്പുരസം തോന്നുന്നില്ലേ?" എന്നു ചോദിച്ചു. അതിനു്, "ഏറാൻ, അടിയനു് ഈ ഉപ്പു് വളരെ പത്ഥ്യമാണു്" എന്നായി നമ്പ്യാർ. അതുകേട്ടു് എല്ലാവരും നമ്പ്യാരുടെ പ്രത്യുല്പന്നമതിത്വത്തേയും സാമൎത്ഥ്യത്തേയും പുകഴ്ത്തി. മഹാരാജാവു് പാരിതോഷികമായി ഒരു സുവൎണ്ണമാലയും സമ്മാനിച്ചു.

---

## ൩൨. സൎപ്പത്തിന്റെ മദ്ധ്യസ്ഥത.

---

അറേബിയാക്കാരനായ ഒരു തങ്ങൾ, കേരളത്തിലെ സുപ്രസിദ്ധചക്രവൎത്തിയായ ചേരമാൻപെരുമാളെ മാനസാന്തരപ്പെടുത്തി ഇസ്ലാംമതത്തിൽ ചേൎത്തു. തന്റെ പ്രജകളും പ്രഭുക്കന്മാരും എല്ലാം തന്നെപ്പോലെതന്നെ, ഇസ്ലാംമതം സ്വീകരിച്ചുകൊള്ളണം എന്നു

ആ പുതിയ ഇസ്ലാംചക്രവത്തി നിർബ്ബന്ധിച്ചു. എങ്കിലും അവക്കാക്കും അതിനു ഇഷ്ടമുണ്ടായിരുന്നില്ല. ഒടുവിൽ, ഒരു സത്യപരീക്ഷ നടത്തി അതിൻെറ ഫലമനുസരിച്ചു പ്രവത്തിക്കാമെന്നാണ് എല്ലാവരുംകൂടി തീച്ചയാക്കിയതു്. പരീക്ഷ എന്താ? ഓരോരുത്തർ ഓരോന്നു് അഭിപ്രായപ്പെട്ടു; എങ്കിലും സവ്വസമ്മതമായി സ്വീകരിച്ചതു് ഒരു ബ്രാഹ്മണൻെറ നിർദ്ദേശപ്രകാരം ഉള്ളതായിരുന്നു. 'അറബിത്തങ്ങളും, ഹിന്ദുപുരോഹിതനും ഓരോസപ്പത്തെ പിടിച്ചു് കുടത്തിലാക്കി, അതിൻെറ വായ് മൂടിക്കെട്ടി, അന്യോന്യം കൈമാറണം. അങ്ങിനെ കിട്ടിയ സപ്പക്കുടത്തെ ഓരോരുത്തരും തച്ചുടച്ചു്, അതിന്നു ചെയ്യാൻ കഴിയുന്ന ദുഷ്കൃത്യങ്ങൾ ഏതും ചെയ്തുകൊള്ളുവാൻ അതിലെ സപ്പത്തെ തങ്ങളുടെ ഈശ്വരൻെറ പേരിൽ ആഹ്വാനം ചെയ്തുകൊള്ളണം. ഈ പരീക്ഷയിൽ അപകടംകൂടാതെ രക്ഷപ്പെട്ടുന്നവനാണ് വിജയി. ഇസ്ലാംപുരോഹിതനാണ വിജയം സിദ്ധിക്കുന്നതെങ്കിൽ ഹിന്ദുപ്രഭുക്കളും പ്രജകളും എല്ലാം, തീച്ചയായും ഇസ്ലാംമതം വിശ്വസിച്ചുകൊള്ളണം. ബ്രാഹ്മണപുരോഹിതനാണു് വിജയിആകുന്നതു് എങ്കിൽ ഹിന്ദുക്കൾക്കെല്ലാം ഹിന്ദുക്കളായിത്തന്നെ ഇരിക്കാം. ചേരമാൻപെരുമാൾമാത്രം രാജ്യം വിട്ടു് മക്കത്തേയ്ക്കു പൊയ്ക്കൊണ്ടാൽ മതി. എന്നാൽ അങ്ങിനെ പോകുന്നതിനുമുമ്പായി കേരളത്തെ തിരുവിതാംകൂർ, കൊച്ചി, മലയാളം എന്നിങ്ങിനെ മൂന്നു ഖണ്ഡമായി ഭാഗിച്ചു് അതാതുപ്രദേശത്തെ അതാതുദേശങ്ങളിലെ പ്രഭുക്കന്മാക്കു് ഏല്പിച്ചുകൊടുക്കുകയും വേണം." ഇങ്ങിനെ ആയിരുന്നു വ്യവസ്ഥ.

'നിശ്ചിതദിവസമായി. ബ്രാഹ്മണനും ഇസ്ലാമും സപ്പങ്ങളെ പിടിക്കുവാനായി ഒരു വനവിഭാഗത്തിലേയ്ക്കു് പുറപ്പെട്ടു. അവിടെ ചെന്നു് ആ ബ്രാഹ്മണപുരോഹിതൻ, അഞ്ചടി നീളം വരുന്ന ഒരു കൃഷ്ണസപ്പത്തെ, തങ്ങൾ കാൺകെ പിടികൂടി, ഒരു കുടത്തിലാക്കി, അതിൻെറ വായ് മൂടിക്കെട്ടി, മുദ്രവച്ചു് ഭദ്രമാക്കി. ഇന്ത്യയിലെ സപ്പങ്ങളെപ്പററിയും അവയുടെ സ്വഭാവങ്ങളെപ്പററിയും യാതൊരു വിവരവും ഇല്ലാതിരുന്ന അറബിപുരോഹിതൻ, അഞ്ചടിയിൽ അധികം നീളമുള്ള ഒന്നിനെ പിടിച്ചേ, തൻെറ പ്രതാപത്തിനു് മതിയാകയുള്ളു എന്ന ദുരഭിമാനത്തോടുകൂടി ചെന്നു് പിടികൂടിയതു് ഒരു വലിയ ചേരയെയാണ്. അതിനേയും വേറെ ഒരു കുടത്തിലാക്കി ആ കുടത്തിൻെറ വായും മൂടിക്കെട്ടി മുദ്രവച്ചു് ഭദ്രമാക്കി തദനന്തരം ഈ കുടങ്ങളോടുകൂടി ഇരുകൂട്ടരും രാജസന്നിധിയിൽ ഹാജരായിക്കഴിഞ്ഞു. രാജകല്പന അനുസരിച്ചു് തങ്ങളുടെ കുടങ്ങൾ അവർ അന്യോന്യം കൈമാറുകയും ചെയ്തു.

തൻെറ കൈവശം വന്നിരിക്കുന്ന കുടത്തിലെ ഇഴജാതി, വെറും

ചേരമാത്രമാണെന്നു് അറിയാമായിരുന്ന ബ്രാഹ്മണൻ, യാതൊരു ഭയവുംകൂടാതെ കുടം തച്ചുടച്ചുകൊണ്ടു്—"ഹേ സർപ്പമേ! നിന്നാലാവുന്നതെല്ലാം ചെയ്തുകൊള്ളുവാൻ ഞാൻ നിന്നെ, പരമേശ്വരൻെറ പേരിൽ ആഹ്വാനംചെയ്യുന്നു" എന്നു പറഞ്ഞു. ചേരയുടെ മരണഭീതി! കുടം പൊട്ടിത്തകൎന്നപ്പോൾ അതിലുണ്ടായിരുന്ന ചേര ജീവരക്ഷയ്ക്കായി അതിവേഗം ഓടി രക്ഷപ്പെടുകയാണുണ്ടായതു്.

തനിക്കു് അത്രപോലും ഭയമില്ലെന്നു കാണിക്കുവാനുള്ള വ്യാമോഹത്തോടുകൂടി ആ അറബിത്തങ്ങളും അദ്ദേഹംവശമുള്ള കുടം തച്ചുടച്ചു്—"ഹേ സർപ്പമേ! നിന്നാലാവുന്നതെല്ലാം ചെയ്തുകൊള്ളുവാൻ ഞാൻ നിന്നെ അള്ളാഹുവിൻെറപേരിൽ ആഹ്വാനംചെയ്യുന്നു"എന്നു പറഞ്ഞു. കുടം ഉടഞ്ഞതും അതിൽനിന്നു് അത്യുഗ്രമായ കോപത്തോടുകൂടി ചീററിക്കൊണ്ടു പുറത്തുവന്ന കൃഷ്ണസർപ്പം തങ്ങളെ ദംശിച്ചതും ഒന്നായിക്കഴിഞ്ഞു. തങ്ങൾ ആ വിഷമേററു് അല്പനേരത്തിനുള്ളിൽ മരിച്ചുപോകുകയും ചെയ്തു. പിന്നെ പറയുവാനുണ്ടോ!

കേരളത്തിലെ ഹിന്ദുപ്രഭുക്കന്മാരും, പ്രജകളും എല്ലാം ഹിന്ദുക്കളായിത്തന്നെ ഇരുന്നു. ചേരമാൻപെരുമാൾ തൻെറ രാജ്യം മൂന്നായി ഭാഗിച്ചു് ഉത്തരഭാഗം (മലയാളം) കോലത്തിരി (സാമൂതിരി)രാജാവിനും, മദ്ധ്യഭാഗം (കൊച്ചി) പെരുമ്പടപ്പ (കൊച്ചി) രാജാവിനും ദക്ഷിണഭാഗം വഞ്ചി (തിരുവിതാംകൂർ) രാജാവിനും ഏല്പിച്ചുകൊടുത്തു് മക്കത്തേയ്ക്കു തീർത്ഥയാത്രചെയ്തു. ഇങ്ങിനെയാണു് മലയാളത്തിൽ സർപ്പം ഹിന്ദുമതം രക്ഷിച്ചതും പൂർവ്വാധികം പൂജാർഹനായിത്തീർന്നതും.

## ൪൰. സത്യപരിപാലനം.

ശിവാജിമഹാരാജാവിൻെറ ഗുരുവായിരുന്ന ദാദാജികോണ്ഡദേവൻ എന്ന ബ്രാഹ്മണശ്രേഷ്ഠൻ സത്യവ്രതത്തിൻെറ മൂർദ്ധാഭിഷിക്തോദാഹരണമായിരുന്നു. ഒരു തലനാരിടയ്ക്കുപോലും സത്യത്തിൽനിന്നു് അദ്ദേഹം വ്യതിചലിക്കയില്ല. ശിവാജിയുടെ അച്ഛനും തൻെറ യജമാനനും ആയിരുന്ന ഷാജിയുടെ ആവശ്യത്തിനുവേണ്ടി ഈ ബ്രാഹ്മണൻ ഒരു ഒട്ടുമാവിൻതോട്ടം വച്ചുപിടിപ്പിച്ചിട്ടുണ്ടായിരുന്നു. ആ തോട്ടത്തിൽനിന്നു് ഒരു മാങ്ങപോലും എടുക്കുന്നവൻെറ കൈ വെട്ടിക്കളയും എന്നായിരുന്നു ആ ഹരിശ്ചന്ദ്രപ്രഭാവൻെറ ഉഗ്രപ്രതിജ്ഞ.

മാവുകളെല്ലാം വളൎന്നു, ധാരാളമായി കായ് പിടിച്ചിട്ടുണ്ടു്. കണ്ടാൽ ആൎക്കും കൌതുകം തോന്നും. ഒരുദിവസം ചെന്നു നോക്കിയപ്പോൾ ഒരു മാവിന്മേൽ ഒരു മാങ്ങാ പഴുത്തുനില്ക്കുന്നതായി ദാദാജി കണ്ടു. അതിൻെറ കൌതുകത്താൽ അപഹൃതചിത്തനായ ആ ബ്രാഹ്മണൻ തൻെറ സത്യപ്രതിജ്ഞയെ മറന്നു് അതു പൊട്ടിച്ചെടുത്തു. ഇത്രയും ആയപ്പോഴാണു് പ്രതിജ്ഞയെപ്പററി ഓൎമ്മ വന്നതു്. എന്താ നിവൃത്തി; കൈ ഒന്നു് പോയാലും തരക്കേടില്ല; സത്യപ്രതിജ്ഞയെ നിറവേററുകതന്നെവേണമെന്നു് അദ്ദേഹം നിശ്ചയിച്ചു. തൻെറ കയ്യ് ഒന്നു് വെട്ടിക്കളയുവാനുള്ള പുറപ്പാടായി. ശിവാജിയും ജീജീബായിയുംകൂടി പ്രാൎത്ഥിച്ചുനോക്കി അങ്ങിനെ ചെയ്യരുതെന്നു്. അതും കോണ്ടദേവൻ സ്വീകരിച്ചില്ല. ഒടുവിൽ, രാജസ്ഥാനത്തിൽനിന്നു്—"ദാദാജികോണ്ടദേവൻ കൈ വെട്ടിക്കളയരുതു്" എന്നൊരു നിരോധനാജ്ഞ പുറപ്പെടുവിച്ചു. സ്വാമിഭക്തനും രാജഭക്തനും ആയ ആ ബ്രാഹ്മണന്നു് ഈ നിരോധനാജ്ഞയെ ലംഘിക്കുവാനുള്ള ശക്തി ഉണ്ടായില്ല. അതുകൊണ്ടു് കൈ വെട്ടിയതും ഇല്ല. എന്നാൽ താൻ ഒരു കള്ളനാണു് എന്നു കാണിക്കുവാനായി പിന്നീടു് കഴുത്തിൽ ഒരു ഇരുമ്പുവളയം ഇട്ടുകൊണ്ടാണു് ആ ഹരിശ്ചന്ദ്രൻെറ അയൽവീട്ടുകാരൻ ജീവിച്ചതു്.

എന്നാൽ ഇപ്രകാരമുള്ള നൈഷ്ഠികസത്യവ്രതത്തെ തൻെറ ശിഷ്യനായ ശിവാജിയിൽ ദൃഢപ്രതിഷ്ഠമാക്കുവാൻ ആ ബ്രാഹ്മണനുരു പഠിച്ച വിദ്യ പതിനെട്ടുംപരിശോധിച്ചിട്ടും വിഫലമായി പരിണമിച്ചതേയുള്ളു. ശിവാജി വിജയപുരി, സൂറത്തു്, കാണ്ഡദേശം മുതലായ പല മുകിലസ്ഥലങ്ങളും കൊള്ളചെയ്തു. മാത്രമല്ല, കൊള്ള ചെയ്തു് പണം കൊണ്ടുവരുമ്പോൾ ഉണ്ടാകാറുള്ളതുപോലെയുള്ള ആനന്ദം മറെറാരിക്കലും ശിവാജിക്കു് ഉണ്ടായിരുന്നതുമില്ല.

ഇങ്ങനെയിരിക്കെ, ദാദാജിയുടെ ആദൎശത്തെപ്പററി ശിവാജിക്കുള്ള അഭിപ്രായം എന്താണെന്നു് ഒരു ദിവസം ഒരു സ്നേഹിതൻ ശിവാജിയോടു ചോദിക്കുവാൻ സംഗതിയായി. അതിന്നു് ശിവാജിയുടെ സമാധാനം ഇങ്ങിനെ ആയിരുന്നു:—"കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്ന ഒരു അനുചരന്നു് അതു വളരെനല്ലതാണു്. എന്നാൽ തങ്ങളുടെ നഷ്ടപ്പെട്ടുപോയ സ്വാതന്ത്ര്യത്തെ വീണ്ടെടുക്കുവാൻ യത്നിക്കുന്ന പൌരന്മാരുടെ നേതാവിന്നു് അതു ഒട്ടും യോജിച്ചതല്ല. ഞാൻ ഈ ഉപദേശം അനുസരിച്ചിരുന്നുഎന്നുവരികിൽ, ബിജയപ്പൂരിനേയും മുകിലരേയും ആശ്രയിച്ചു് ഇന്നും അവരുടെ കീഴിൽത്തന്നെ ഇരിക്കേണ്ടതായിരുന്നില്ലേ? ഹിന്ദുക്കളേയും മഹാരാഷ്ട്രരേയും സ്വതന്ത്രരാക്കുവാൻ എന്നെക്കൊണ്ടു് സാധിക്കുമായിരുന്നുവോ? പ്രിയപ്പെട്ട ദാദാജിയുടെ ധൎമ്മസിദ്ധാന്തം ഭഞ്ജിക്കപ്പെട്ടു

എന്നുള്ളതു് പരമാൎത്ഥംതന്നെ; എന്നാൽ അതുപോലെതന്നെ ഹൈന്ദവധൎമ്മം രക്ഷിക്കപ്പെട്ടു എന്നുള്ളതും മറെറാരു പരമാൎത്ഥം ആകുന്നു"

"ഈസ്റ്റിന്ത്യാക്കമ്പനി തുടങ്ങിയുള്ള കച്ചവടസംഘങ്ങൾപോലും, ഇന്ത്യയിൽ രാജാധികാരം സ്ഥാപിക്കുവാൻവേണ്ടി ഇത്തരം സത്യലംഘനം ചെയ്യുന്നുണ്ടു്. അധികവില ചുമത്താതെ നല്ല സാമാനങ്ങൾ നോക്കിക്കൊടുക്കുന്നതായാൽ, നാം സൂറത്തിൽനിന്നെടുത്ത വസ്ത്രങ്ങളിൽനിന്നു് ആറായിരം രൂപായ്ക്കുവരുന്ന വസ്ത്രങ്ങൾ എടുക്കാമെന്നു് അവർ സമ്മതിച്ചതു് ഇതുകൊണ്ടല്ലയോ. മറെറാരുവിധം പറയുകയാണെങ്കിൽ, സത്യത്തെ പാവനമായി അവരും കരുതാതിരുന്നില്ല; എന്നാൽ അസത്യംകൊണ്ടു് അധികം ആദായം ഉണ്ടാകുന്നേടത്തു് സത്യത്തെ അവർ അത്ര മുറുകെപ്പിടിച്ചതുമില്ല."

"ദാദാജിയുടെ കാൎയ്യം അങ്ങിനെയാണോ? അദ്ദേഹത്തിനു് സത്യം ഒരു വെറും ഗുണംമാത്രമല്ല; ധൎമ്മംതന്നെ ആകുന്നു. അദ്ദേഹം ആയിരുന്നുവെങ്കിൽ, എത്രതന്നെ വിലകുറച്ചുകൊടുത്താലും ആ വസ്ത്രം സ്വീകരിക്കുമായിരുന്നുവോ? ഫലം നോക്കണം. അടുത്തകാലത്തുതന്നെ ഈസ്റ്റിന്ത്യാക്കമ്പനി ഇന്ത്യയിൽ തീൎച്ചയായും ഒരു രാജ്യം സ്ഥാപിക്കുകതന്നെ ചെയ്യും. ദാദാജിയാകട്ടെ അദ്ദേഹത്തിന്റെ ആയുഷ്കാലംമുഴുവനും കേവലം ദാസ്യത്തിൽത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്യും."

---

## ൬൭. ഒരു മണിക്കൂർ നേരത്തെ.

---

ക്രിസ്താബ്ദം ആയിരത്തിഅറുന്നൂററിഅറുപത്തിനാലിൽ ശിവാജി തന്റെ നാലായിരം അനുചരന്മാരോടുകൂടി സൂറത്തിൽ പ്രവേശിച്ചു. കവൎന്നെടുക്കുന്ന സ്വത്തിൽ പങ്കുപററുവാനുള്ള ആഗ്രഹത്തോടുകൂടി വേറെ രണ്ടു രാജാക്കന്മാരും അവരുടെ ആറായിരം അനുചരന്മാരും ശിവാജിയോടു ചേൎന്നു ഇങ്ങിനെ ശിവാജിയും കൂട്ടുകാരും അവിടെ എത്തിയശേഷം, ഒരു കൂടിയാലോചനയിൽ സംബന്ധിക്കുവാനായി സൂറത്തിലെ ഗവൎണ്ണരേയും, ഹാജിസേത്തു് ബെഗ്ഗ്, ബഹർജി ബോറാ, ഹാജികാസിം എന്നീമൂന്നു കച്ചവടപ്രമുഖരേയും ക്ഷണിച്ചുനോക്കി. എങ്കിലും അവർ ആരുംതന്നെ, ശിവാജി ആവശ്യപ്പെട്ടപ്ര

കൾ കൂടിയാലോചനയിൽ ഭാഗഭാക്കുകളാകുവാൻ സന്നദ്ധരായില്ല. സൂറത്തിനെ അഗ്നിയിൽനിന്നും ആയുധത്തിൽനിന്നും രക്ഷിക്കുവാൻ പര്യാപ്തമാകുന്നവ്യവസ്ഥകളെ ആലോചിച്ചു തീരുമാനിക്കുവാൻവേണ്ടിയായിരുന്നു കൂടിയാലോചന സങ്കല്പിക്കപ്പെട്ടിരുന്നതു്. എന്നാൽ ആലോചനകൾ ഒന്നും നടന്നതുമില്ല; രക്ഷാമാർഗ്ഗങ്ങളൊന്നും ആരാഞ്ഞതുമില്ല; വ്യവസ്ഥകൾ ഒന്നും സ്വീകരിക്കപ്പെട്ടതും ഇല്ല. അതിനാൽ ശിവാജിയുടെ ആളുകൾ സൂറത്തിനെ ആക്രമിച്ചു് തോന്നിയപോലെ, അനിയന്ത്രിതമായി, കൊള്ളചെയ്യുകതന്നെയാണു് ഉണ്ടായതു്. ഗവർണ്ണറും പ്രഭുക്കന്മാരും എല്ലാം പട്ടണം കയ്യൊഴിച്ചു് ആത്മരക്ഷയ്ക്കായി കോട്ടയ്ക്കകത്തു കടന്നുകൂടി. ശിവാജിയുടെ ആളുകൾ അവരെ ഭയപ്പെടുത്തുവാനായി ആ കോട്ടയെ നിരോധിക്കുവാനും തുടങ്ങി.

മൂന്നുദിവസം മുഴുവനും മഹാരാഷ്ട്രർ സൂറത്തിനെ കൊള്ളചെയ്തും, ചുട്ടെരിച്ചും, അടിച്ചുടച്ചുംകഴിച്ചുകൂട്ടി. പട്ടണത്തിന്റെ മൂന്നിൽ രണ്ടുഭാഗവും വിജനപ്രദേശമായിക്കഴിഞ്ഞു. പുകകൊണ്ടു് പകൽ രാത്രിപോലെ ഇരുട്ടാക്കിയും തീകൊണ്ടു രാത്രി പകൽപോലെപ്രകാശമാനമാക്കിയും ആണു് കൊള്ളകളെല്ലാം നടത്തിയതു്. ബഹർജി ബോറയുടെ ഷാപ്പു് കൊള്ളചെയ്തും ചുട്ടെരിച്ചും നശിപ്പിച്ചു. ഹാജിസേത്തു്ബഗ്ഗിന്റെ വാസസ്ഥലവും പണ്ടകശാലകളും ഒട്ടുമുക്കാലും ശരിയായി. ആ ഘട്ടത്തിൽ ചില രസംനിറച്ച വീപ്പകൾ തുറന്ന സമയം അവ മറിഞ്ഞു് രസം തറയിലെങ്ങും പരന്നു. അതിന്നടുത്ത മറെറാരു വീട്ടു് തീവച്ചു. ഈ കെട്ടിടം ഇംഗ്ലീഷുകാരുടെ തൊഴിൽശാലയ്ക്കു വളരെ അടുത്തുള്ളഒന്നായിരുന്നു. തങ്ങളുടെ കെട്ടിടങ്ങൾക്കു കൂടെ തീ പററിപ്പോയേക്കുമോ എന്നു് ഇംഗ്ലീഷുകാർ ഭയപ്പെടാതിരുന്നില്ല. അതിനാൽ തെരുവിൽ അക്രമം പ്രവർത്തിച്ചുകൊണ്ടു നില്ക്കുന്ന ഇരുപത്തഞ്ചു് കുതിരച്ചേകോന്മാരോടു് എതിരിടുവാനായി തൊഴിൽശാലയിൽനിന്നു് ഒരു ചെറിയസൈന്യത്തെ നിയോഗിച്ചു. ഈ സൈന്യവിഭാഗങ്ങൾ തമ്മിൽ ഉണ്ടായ കൂട്ടിമുട്ടലിൽ ഒരു മഹാരാഷ്ട്രക്കാരനു് വെടികൊണ്ടും ഒരു ഇംഗ്ലീഷുകാരനു് അമ്പുകൊണ്ടും മറെറാരു ഇംഗ്ലീഷുകാരനു് വാളുകൊണ്ടും പരുക്കേററു. കഴിഞ്ഞതിൽ അധികമായ കൊള്ളഒന്നും ഉണ്ടാകാതിരിക്കുവാൻവേണ്ടി ഇംഗ്ലീഷുകാർതന്നെ സേത്തു്ബഗ്ഗിന്റെവീട്ടിൽ ചില ഭടന്മാരെ കാവലും നിർത്തി. അതുകണ്ടപ്പോൾ ശിവാജിക്കു് ദേഷ്യംവന്നു. ഒരു വെള്ളിയാഴ്ച വൈകുന്നേരം ആയിരുന്നു ഇതു്. തൽക്ഷണം ശിവാജി ഒരു ദൂതനെ നിയോഗിച്ചു് ഇംഗ്ലീഷുകാരെ അറിയിച്ചതു് ഇങ്ങനെ ആയിരുന്നു:—“നിങ്ങൾ ഒന്നുകിൽ മൂന്നുലക്ഷം ഉറുപ്പിക തന്നുകൊള്ളണം. അല്ലെങ്കിൽ ഹാജിസേത്തു്ബഗ്ഗിന്റെ വീട്ടിൽനിന്നു പി

ന്മാരി, അവിടെ ശേഷിപ്പുള്ളതും കൊള്ളചെയ്യുവാൻ ഞങ്ങളെ അനുവദിച്ചുകൊള്ളണം. ഇങ്ങിനെ പ്രവൎത്തിക്കുവാൻ സമ്മതമില്ലാത്ത പക്ഷം; ശിവാജിതന്നെ സൈന്യത്തോടുകൂടി തൊഴിൽശാലയിലേക്കു ചെല്ലുന്നതും അവിടെ കാണുന്നവരെയെല്ലാം നിഗ്രഹിക്കുന്നതും കെട്ടിടങ്ങളെല്ലാം ഇടിച്ചു നിരത്തുന്നതും ആയിരിക്കും."

അവിടത്തെ പ്രസിഡണ്ടും അദ്ദേഹത്തിന്റെ ആലോചനാസഭയുംകൂടി ആലോചിച്ചു ശനിയാഴ്ച രാവിലെ കൊടുത്ത മറുപടി;—"വിചാരിച്ചിരിക്കുന്നതിൽ ഒരു മണിക്കൂർ നേരത്തെ വന്നുകൊള്ളുക. ഞങ്ങൾ തയ്യാറായിരുന്നുകൊള്ളാം. ഞങ്ങൾ ഓടിപ്പോകുമെന്നൊന്നും വിചാരിക്കേണ്ട" എന്നായിരുന്നു. ധിക്കാരപൂൎവ്വകമായിരുന്ന ഈ മറുപടിക്ക് അതു് ഉദ്ദേശിച്ചിരുന്നതുപോലെയുള്ള ഫലംതന്നെയാണു് ഉണ്ടായത്. ശിവാജിക്കു സഹിക്കവയ്യാത്ത കോപംവന്നു. തന്റെ സേനാനായകന്മാർ ശിവാജിസമക്ഷം ചെന്നു്—"ഉടനേതന്നെ ആ ഗൎവ്വിഷ്ഠന്മാരുടെ നേരേ ചെന്നു് അവരെ ഒരു നല്ലപാഠം പഠിപ്പിച്ചുവിടണം" എന്നു് അഭിപ്രായപ്പെട്ടു. അതിനു ശിവാജിയുടെ സമാധാനം:—"വേണ്ട. നാം ലഹളയ്ക്കു് ഒരുങ്ങിനില്ക്കുന്ന ഉഗ്രസൎപ്പങ്ങൾ ഒന്നും അല്ല; കൊള്ളകൊണ്ടു പുളവീൎപ്പിച്ചു കിടക്കുന്ന വ്യാഘ്രവീരന്മാരാണു്. ഇവിടെയാണെങ്കിൽ, നാട്ടിലേക്കു കടത്തിക്കൊണ്ടുപോകേണ്ട സാമാനങ്ങൾ അനവധി കിടക്കുന്നു. ഈ അല്പപ്രാണികളോടു ശണ്ഠയ്ക്കു നില്ക്കുവാനുള്ള സമയം നമുക്കില്ല. അഥവാ അങ്ങിനെയൊക്കെ ചെയ്താൽത്തന്നെ അവരുടെ കയ്യിൽനിന്നു കിട്ടാവുന്ന സ്വത്തു നന്നേ കുറവായേ ഇരിക്കൂ. ആ അല്പജ്ഞന്മാർ അതിനുവേണ്ടി അവസാനംവരെ മല്ലടിക്കുകയും ചെയ്യും."

## ൬൯. ഈശ്വരപതാക.

മഹാരാഷ്ട്രനായകനായ സിവാജി, രാമദാസസ്വാമികളെ തന്റെ ഗുരുവായിസ്വീകരിച്ചു് അദ്ദേഹത്തിനു് അനവധി ധനധാന്യങ്ങൾ ദാനംചെയ്തു്, സജ്ജനഗിരിമഠത്തിൽ വിശ്രമിപ്പിച്ചു. സ്വാമികൾ സാധാരണയായി ഭിക്ഷയെടുത്താണു് ഉപജീവിച്ചിരുന്നതു്. മേലിൽ അങ്ങനെ ഭിക്ഷയ്ക്കു പോകരുതെന്നായിരുന്നു സിവാജിയുടെ ആഗ്രഹം. എന്നാൽ അങ്ങിനെ പണവും ധനവും എല്ലാം കൊടുത്തതിനുശേഷവും ഗുരു മുടങ്ങാതെ ഭിക്ഷയ്ക്കുതന്നെ പൊയ്ക്കൊണ്ടി

ശന്നതയുള്ളു. അതുകണ്ടപ്പോൾ തോന്നി സിവാജിക്കു താൻ കൊടുത്തതു മതിയായിരിക്കയില്ല എന്നു്. അതിനാൽ സിവാജി ഒരു ഭാവാവസ്ഥയിൽ തന്റെ സമസ്തരാജ്യവും അതിലെ സമസ്തവിഭൂതികളും മേലിൽ ഉണ്ടാകുന്ന സർവ്വസമ്പത്തുകളും രാമദാസസ്വാമിക്കു തീറെഴുതി അദ്ദേഹത്തിന്റെകാല്ക്കൽ അടിയറവച്ചു. രാമദാസസ്വാമികൾ ആ ദാനത്തെ സ്വീകരിച്ചു്, സിവാജിയെത്തന്നെ തന്റെ ഏജന്റാക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു:—"കുഞ്ഞേ! ഇന്നുമുതൽ നിന്റേതായി ഒരു പൈപോലും ഇല്ല. സകലതും ഈശ്വരനുള്ളതു്; ഈശ്വരന്റെ സ്വത്തു്. അതുകൊണ്ടു് ഒരു പ്രതിനിധിയെന്ന നിലയിൽ നീ എനിക്കുവേണ്ടി എല്ലാം നോക്കിക്കൊണ്ടു നടന്നുകൊള്ളണം."

സിവാജി:—"കല്പനപോലെ. ഇനിമേൽ അവിടുന്നു ഭിക്ഷയ്ക്കുപോകയില്ലെന്നു ഞാൻ വിചാരിക്കുന്നു."

രാമദാസ്:—"ഒ! അതു ചെയ്യാതിരിക്കാൻ നിവൃത്തിയില്ല."

സിവാജി:—"എന്തുകൊണ്ടു്?"

രാമദാസ്:—"എന്റെ ഭിക്ഷാടനം എനിക്കുവേണ്ടി ഉള്ളതല്ല. ഞാൻ ഓരോ ദിവസവും എന്റെ ഭക്ഷണം അർഹിക്കുന്നുണ്ടെന്നോ ഇല്ലെന്നോ എന്താണു് ജനങ്ങൾ വിചാരിക്കുന്നതു് എന്നു ഞാൻ നോക്കേണ്ടതായിരിക്കുന്നു. അവരുടെ പാപങ്ങൾ എല്ലാം ദഹിപ്പിച്ചുകളയേണ്ടതിനു വേണ്ടുന്നേടത്തോളം അഗ്നി എന്റെ ഉദരത്തിലുണ്ടെന്നുള്ള വിശ്വാസത്തോടുകൂടിയാണു് അവർ എനിക്കു ഭിക്ഷ തരുന്നതു്. അവരുടെ ആഗ്രഹനിവൃത്തി വരുത്തുവാൻ എന്നെക്കൊണ്ടു് എപ്പോൾ സാധിക്കാതായിത്തീരുന്നുവോ അപ്പോൾ ഞാൻ പട്ടിണികിടക്കുവാൻ തയ്യാറായിക്കൊള്ളണം. എന്റെ ജീവിതോദ്ദേശ്യം സഫലമായതായും കരുതിക്കൊള്ളണം. എന്റെ ജീവസന്ധാരണത്തിനു് അത്യാവശ്യമായിരിക്കുന്നേടത്തോളം അവർ തരാതാകുമ്പോൾ എന്നെക്കൊണ്ടുള്ള പ്രയോജനം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു എന്നു ഞാൻ അറിഞ്ഞുകൊള്ളേണ്ടതാണു്. ഉള്ളിൽക്കൂടിയുണ്ടാകുന്ന അഴുകലിനെ ഇല്ലായ്മചെയ്യാനായി എല്ലാ പൊതുജനപ്രതിനിധികളും പൊതുസ്ഥാപനങ്ങളും, ദിവസേന തങ്ങളുടെ നിലനില്പിനുള്ള ആവശ്യകതയെപ്പററി ഏവംവിധം ആത്മപരിശോധനചെയ്തുനോക്കേണ്ടതാണു്.

സിവാജിക്കു വളരെ പഥ്യമായി. പിറേറദിവസംതന്നെ ആ മഹാരാഷ്ട്രനേതാവു "ഭഗവാൻജണ്ട്" (ഈശ്വരപതാക) എന്ന കാഷായപതാകയെ തന്റെ കൊടിയായി സ്വീകരിക്കുകയും ചെയ്തു. എന്നാൽ "ഈ നിറം എന്തിനായിട്ടാണു്? മററു വല്ല നിറവുമാ

കരുതോ?" എന്നു് അദ്ദേഹത്തിൻെറ മന്ത്രിമാർ ചോദിച്ചു. അതി
ന്നു സിവാജി പറഞ്ഞ സമാധാനം ഇങ്ങിനെയായിരുന്നു:—"അതു്
എൻെറ ഗുരുവിൻെറ കൊടിയാണു്. ഞാൻ സദാ ഈശ്വരസൃഷ്ടി
യിൽത്തന്നെ ഇരിക്കുന്നു എന്നു് ആ കൊടി എന്നെ ഓർമ്മപ്പെടുത്തി
ക്കൊണ്ടേ ഇരിക്കും. ധർമ്മസംരക്ഷണത്തിന്നു്, ആവശ്യമായിവരു
മ്പോൾ ഞാൻ പ്രജാവലിക്കുവേണ്ടി സകലതും ഉപേക്ഷിക്കുവാൻത
യ്യാറായിരിക്കും എന്നു് അവർ ഇതുകൊണ്ടു് മനസ്സിലാക്കുകയും
ചെയ്യും."

വർഷങ്ങൾ പലതുകഴിഞ്ഞു. തൻെറ മരണം ആസന്നമായി
രിക്കുന്നു എന്നു് സിവാജിക്കു് ഒരു ആത്മാനുഭൂതി ഉണ്ടായി. ഈ
ഉഗ്രപ്രതാപി തൻെറ രാജ്ഞിമാരേയും പുത്രന്മാരായ സംബാജി, രാ
ജാറാം ഇവരേയും പ്രധാനമന്ത്രി ത്ര്യംബകനേയും വൈസറായി (പ്ര
തിപുരുഷൻ) അന്നാജിയേയും അടുത്തു വിളിച്ചുവരുത്തി. രാജകീയ
ഭണ്ഡാരം, കരംപതിവുകണക്കു്, കോട്ടകളുടേയും പട്ടാളങ്ങളുടേയും
പട്ടിക മുതലായവയെല്ലാം തൻെറ പുത്രനായ സംബാജിക്കു കാണി
ച്ചുകൊടുത്തു ഇങ്ങിനെയുള്ള വിഭൂതികൾക്കും, ഈശ്വരപതാകയ്ക്കും
ഉചിതനായ അനന്തരാവകാശിയായിരുന്നുകൊള്ളണമെന്നും ഹിന്ദു
ക്കൾ നിക്ഷേപിക്കുന്ന ഉന്നതാഭിലാഷങ്ങൾക്കു നിദാനമായിരുന്നു
കൊള്ളണമെന്നും ഉൽബോധിപ്പിച്ചുകൊണ്ടു പറഞ്ഞു:—

സിവാജി:—"നി നിൻെറ സഹോദരനുമായോ, നിൻെറ ചിററമ്മ
മാരുമായോ പിണങ്ങരുതു്. ബ്രാഹ്മണരുടേയും കായസ്ഥന്മാ
രുടേയും ഇടയിൽ നിഷ്പക്ഷവാദിയായി നിന്നുകൊള്ളണം. മ
ന്ത്രവാദികളേയും മുറിവൈദ്യന്മാരേയു ം അടുപ്പിക്കരുതു്. ഞാൻ
താമസിയാതെ മരിച്ചുപോകും. പിന്നെ ഈശ്വരപതാകയെ
സൂക്ഷിക്കുവാൻ നീ മാത്രമേ ഉണ്ടായിരിക്കയുള്ളു."

ത്ര്യംബകൻ:—"പേടിക്കുവാൻഎന്തുണ്ടു്? തിരുമേനി മുകിലരെ കി
ടുകിടെ വിറപ്പിച്ചുകഴിഞ്ഞിരിക്കുന്നുവല്ലോ. അവർ ഇനി ന
മ്മോടു് എതിക്കുമെന്നു വിചാരിക്കുവാനേ ഇല്ല."

സിവാജി:—"ഇല്ല, അവരെ അത്ര ഭയപ്പെടുവാനൊന്നുമില്ല. ഞാൻ
ജ്വലിപ്പിച്ചിരിക്കുന്ന അഗ്നി ശമിപ്പിക്കുവാൻ അവർ അല്പം
വിഷമിക്കുകതന്നെചെയ്യും. ഇനി ഒരു നൂറുകൊല്ലത്തേയ്ക്കു്
അവരെക്കൊണ്ടു് വല്ല ഉപദ്രവവുമുണ്ടാകുമെന്നു ഭയപ്പെടേണ്ട
തേ ഇല്ല.

സംബാജി:—"പിന്നെ ആരെയാണു് ഭയപ്പെടുവാനുള്ളതു്. വേരററു
കിടക്കുന്ന വിജയപുരിക്കാരെയോ?"

സിവാജി:—"അല്ല, അവരേയും എനിക്കു് ഭയമില്ല."

സംബാജി:—"പിതാവു് പിന്നെ ആരെയാണു് ഭയപ്പെടുന്നതു്?"

സിവാജി:—"എൻെറ ഭയമെല്ലാം നമ്മളെപ്പററിമാത്രമാണ്. നീയും രാജാരാമനും തമ്മിൽ കലഹിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു. രാജ്ഞികൾ തമ്മിൽത്തന്നെ തല്ലുകൂട്ടുമോ എന്നും ഞാൻ സംശയിക്കാതിരിക്കുന്നില്ല. നമ്മുടെ സ്വന്തംപ്രജകൾതന്നെയാണെങ്കിലും ജാത്യഹങ്കാരമുള്ള ബ്രാഹ്മണരും, ജാത്യഭിമാനമുള്ളകായസ്ഥന്മാരും മഹാരാഷ്ട്രക്കാരും ഭയപ്പെടേണ്ടവർ തന്നെയാണ്. ത്ര്യംബകനും അന്നാജിയും തമ്മിൽത്തന്നെ കലഹം ഉണ്ടാകയില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ ഏററവുംവലിയപേടികളെല്ലാം നമ്മളെപ്പററിത്തന്നെആകുന്നു."

ത്ര്യംബകൻ:—"ഈ കലഹങ്ങളെയെല്ലാം ഞങ്ങൾ നിയന്ത്രണാധീനമാക്കിക്കൊള്ളാം. അതിനെപ്പററി ഒന്നും തിരുമേനി വിഷാദിക്കേണ്ടതായ ആവശ്യമില്ല. സമാധാനമായി കിടന്നുകൊള്ളുക."

സിവാജി.—"എന്നെപ്പററി എനിക്കു ഒരു ഭയവും ഇല്ല. ശരീരത്തെ ചുട്ടു് വെണ്ണീറാക്കും; ആത്മാവിനാണെങ്കിൽ നാശവും ഇല്ല. നിങ്ങളെപ്പററിയും, ഹിന്തുസമുദായത്തെപ്പററിയും നമ്മുടെ പതാകയെപ്പററിയുംമാത്രമേ എനിക്കു ഭയമുള്ളു. ഇവയെ സംരക്ഷിച്ചുകൊണ്ടുപോകുകഎന്നുള്ളതു് ഞാൻ വിചാരിച്ചതിലും അധികം ഭയങ്കരമായ പ്രവൃത്തിയാണ്. അഹിന്തുക്കളെ ഒടിക്കുകയെന്നുള്ളതല്ല പ്രയാസം. ആന്തർഭാഗത്തുനിന്നു് ഉത്ഭവിക്കുന്ന സ്വന്തം ശത്രുക്കളെ തോല്പിക്കുക എന്നുള്ളതാണ് എല്ലാററിലും വലിയ സംഗതി. ഒരു സിവാജിയെക്കൊണ്ടു് ഹിന്തുസമുദായത്തെരക്ഷിക്കുവാൻ സാധിക്കുകയില്ല. അതിനു് ഒരു പുരുഷായുസ്സുകാലവും മതിയാകയില്ല. ഈ സമുദായത്തെ രക്ഷിക്കുവാൻ അനേകം ജനങ്ങളും അനേകം പുരുഷായുസ്സും ആവശ്യമായിവരും."

ത്ര്യംബകൻ:—"ഒരുകാലത്തു് തീർച്ചയായും ഹിന്തുസമുദായം സുരക്ഷിതമായിത്തീരും; തിരുമേനി ആരംഭിച്ചുവച്ച കൃത്യം അന്നു് പരിപൂർത്തി ആയിത്തീരുകയും ചെയ്യും. എന്നാൽ അതിനെ തൃക്കൺപാർക്കുവാൻ തിരുമേനിക്കു് ആയുസ്സ് മതിയാകാതെ പോകുന്നതിലേ നിരാശയുള്ളു."

സിവാജി:—"അതു പക്ഷേ ഉപകാരമായിരിക്കുവാനും മതി. ഹിന്ദുസമുദായത്തെ സുരക്ഷിതമാക്കിത്തീർക്കുവാൻ, അതിലെ പല ആചാരങ്ങളേയും മാമൂലുകളേയും ബലികഴിക്കേണ്ടതായിവരുന്നതാണ്. അവ ഒരുസമയം എനിക്കു വളരെ പ്രിയമായവയും ഞാൻ ഏററവും അഭിമാനത്തോടുകൂടി സംരക്ഷിക്കുന്നവയും ആയിരിക്കുവാനും മതി. ഉദാഹരണത്തിനായി ജാതി

ഏപ്പാടിനെത്തന്നെ എടുത്തുനോക്കുക. ഈ ഹൈന്ദവഏപ്പാടിനെ മാതൃപീഠത്തിൽ ബലികഴിക്കേണ്ടതായി വന്നേക്കുവാനാണു് എളുപ്പം. അങ്ങിനെ വരുന്നതു് എനിക്കു് ഇഷ്ടമായില്ലെന്നും വരാം. ആ സ്ഥിതിക്കു് അതെല്ലാം കാണാതിരിക്കുന്നതല്ലേ നല്ലതു്. ഹിന്ദുക്കളെ രക്ഷിക്കുവാനുള്ള ഭാരം ഞാൻ മററുള്ളവരെ ഭരമേല്പിക്കേണ്ടതായിരിക്കുന്നു. ഞാൻ ഇനി എന്നെത്തന്നെ രക്ഷിക്കുന്നതിൽ മനസ്സിരുത്തിക്കൊള്ളട്ടെ. ആ ഈശ്വരപതാക കൊണ്ടുവന്നു് എൻെറ കൺമുമ്പിൽ പിടിക്കുക ബ്രാഹ്മണർ വേദവും ഗീതയും പാരായണം ചെയ്യട്ടെ. യാത്രാദാനം മുതലായ അവസാനകർമ്മങ്ങളും നടക്കട്ടെ."

ഇപ്രകാരമെല്ലാം ചെയ്തുകഴിഞ്ഞു. അപ്പോഴേയ്ക്കും സിവാജിയുടെ കായികശക്തി മിക്കവാറും നശിച്ചു മട്ടായി. അങ്ങിനെ ആ ഉഗ്രപ്രതാപി ഏററവും താണസ്വരത്തിൽ പറഞ്ഞു:—"ആ ഈശ്വരപതാക അതാ എൻെറ നേരേ വിശിക്കൊണ്ടിരിക്കുന്നു. എന്നെ അങ്ങോട്ടു വിളിക്കുകയാണു്. ഞാൻ അതിൻെറ പിന്നാലെ പോകട്ടെ. ഓം, ശാന്തി ശാന്തി." ഇങ്ങിനെ പറഞ്ഞുകൊണ്ടു് സിവാജി മഹാരാജു്, ഐഹികചിന്തകളിൽനിന്നു് വിരമിച്ചു് ശാശ്വതമായ ശാന്തിപദത്തിൽ അഭയം പ്രാപിച്ചു.

---

## ൧൦. അതും നന്മയ്ക്കുതന്നെ.

---

പണ്ടു് ഒരു രാജ്യത്തിൽ അതിപ്രസിദ്ധനായ ഒരു ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധൻ ഉണ്ടായിരുന്നു. അവിടത്തെ രാജാവു് ഈ ബ്രാഹ്മണപണ്ഡിതൻെറ പ്രശസ്തിയെപ്പററി കേട്ടു. അതൊന്നു നേരിട്ടു പരിശോധിക്കണം എന്നുള്ള വിചാരത്തോടുകൂടി ഒരു ദിവസം വൈകുന്നേരം ആ ജ്യോത്സ്യനെ ആളെ അയച്ചു വരുത്തി "എൻെറകയ്യിൽ എന്താണു് പറഞ്ഞാട്ടെ" എന്നു ചോദിച്ചു. രാജാവു് മൂന്നു പുഷ്യരാഗരത്നങ്ങൾ തൻെറ കയ്യിൽ മടക്കി പിടിച്ചുകൊണ്ടാണു് ഇങ്ങിനെ ചോദിച്ചതു്. ബ്രാഹ്മണൻ വിഷമിച്ചു. എന്തു പറയുവാനാണു്! അബദ്ധം വല്ലതും പുറപ്പെട്ടുവിച്ചുപോയാൽ ആ രാജസന്നിധിയിൽ തനിക്കു ജോലി ഒന്നും കിട്ടുകയില്ലെന്നുള്ളകാര്യം തീർച്ച്. തൻെറ പേരിനുകൂടിയും അതുനിമിത്തം ഹാനിസംഭവിക്കുകയുംചെയ്യും. ഇങ്ങിനെ വിചാരിച്ചു് വലിയ വിഷാദത്തോടുകൂടി ആ അഗ്രശാലയുടെ നാലുഭാഗവും നിരുദ്ദേശ്യം ഒന്നു നോക്കിയ സമയം അക

ലെ ഇരുട്ടുള്ള സ്ഥലത്തു് എന്തോ ഒന്നു പ്രകാശിക്കുന്നതായി ആ ജ്യോതിഷപണ്ഡിതൻ കണ്ടു "പൂച്ചക്കണ്ണുപോലെ ഇരിക്കുന്നു" എന്നു് മനസ്സറിയാതെ ആ ആൾ പറഞ്ഞുപോയി. അതു കേട്ടപ്പോൾ രാജാവു് അത്ഭുതത്തോടുകൂടി:—"സമ്മതിച്ചു; അതു ശരിതന്നെ; എത്രയുണ്ടു് എന്നുകൂടി പറഞ്ഞാട്ടെ?" എന്നായി. ആദ്യത്തെ വിജയംകൊണ്ടു് മനസ്സിനു് ഒട്ടൊക്കെ സമാധാനം സിദ്ധിച്ച ആ ബ്രാഹ്മണജ്യോത്സ്യൻ പിന്നേയും നിമിത്തംതന്നെ തേടുകയായി. അപ്പോൾ ഉണ്ടു് അടുത്ത ഒരു ക്ഷേത്രത്തിൽനിന്നു് ശംഖനാദം കേൾക്കുന്നു. "ഒന്നു്, രണ്ടു്, മൂന്നു്" എന്നു് ജ്യോതിശ്ശാസ്ത്രനിപുണൻ എണ്ണി. "വളരെശ്ശരി" എന്നു രാജാവു് അത്യുത്സാഹത്തോടെ ഉച്ചസ്വരത്തിൽ സമ്മതിച്ചു. രാജാവിനു് വളരെ സന്തോഷമായി. അതിൻെറ ഫലമായി ആ ബ്രാഹ്മണനെ കൊട്ടാരജ്യോത്സ്യനായും തൻെറ അംഗരക്ഷകനായിക്കൂടിയും നിയമിച്ചു.

ആദ്യത്തെ പരിശോധനയിൽ ഏവംവിധം വിജയിയായിത്തീന്നതുകൊണ്ടു് പിന്നെ എപ്പൊഴം എന്തിനും ആ ബ്രാഹ്മണൻ "അതും നന്മയ്ക്കുതന്നെ" എന്നു പറയുക പതിവായിത്തീൻ. കൊട്ടാരത്തിൽ ഉദ്യോഗം കിട്ടി ഇപ്പോഴേയ്ക്കു് സംവത്സരം ഒന്നു കഴിഞ്ഞിരിക്കുന്നു. രാജാവു് അടുത്തുള്ള വനത്തിൽ വേട്ടയ്ക്കു പോകുവാൻ നിശ്ചയിച്ചിരിക്കുകയാണു്. രാവിലെ എഴുന്നേററു തൻെറ വാളെടുത്തു് തുടച്ചുകൊണ്ടിരിക്കുമ്പോൾ യദൃച്ഛയാ അദ്ദേഹത്തിൻെറ ചൂണ്ടുവിരൽ അല്പം മുറിഞ്ഞുപോയി. രക്തം ഒരുപാടു പോയി എന്നല്ല, വേദനയും ധാരാളം ഉണ്ടായി. അതു കണ്ടുകൊണ്ടുനിന്ന ബ്രാഹ്മണവിദ്വാൻ "അതും നന്മയ്ക്കുതന്നെ" എന്ന പഴയ പല്ലവിതന്നെ ഇപ്പോഴം പാടിയതു കേട്ടപ്പോൾ രാജാവിനു് ദേഷ്യംവന്നു- എൻെറ മുമ്പിൽനിന്നു് ഇക്ഷണം പൊയ്ക്കൊള്ളുക. ഇനിമേലിൽ എൻെറ ദൃഷ്ടിക്കു് കാണുകയേ അരുതു്" എന്നു കല്പിച്ചു. അതു കേട്ടപ്പൊഴം "അതും നന്മയ്ക്കുതന്നെ" എന്ന പഴയ പല്ലവി പിന്നേയും പാടിക്കൊണ്ടു് അവിടെനിന്നു പോയി. രാജാവു് ഇതുകണ്ടു്, കോപത്തോടെ പൽ കടിക്കുകയും ശാന്തഭാവം കണ്ടു് അത്ഭുതപ്പെടുകയും ചെയ്തു.

കുറേക്കഴിഞ്ഞു രാജാവു് വേട്ടയ്ക്കു് പുറപ്പാടായി. ഉത്സാഹത്തിരത്തള്ളൽകൊണ്ടു് അദ്ദേഹം തൻെറ അനുചരന്മാരെ പിന്നിട്ടു് വളരെ മുമ്പോട്ടുപോകുകയും ഏകാകിയായി ഘോരാരണ്യത്തിൽകയറി മറയുകയും ചെയ്തു. രാജാവിനു് വിശപ്പും ദാഹവും വർദ്ധിച്ചുവശായി. ആ വനത്തിൽ കാളിഭക്തന്മാരായ ഒരുകൂട്ടം തസ്കരന്മാർ അധിവസിച്ചിരുന്നു. തങ്ങളുടെ സർവ്വാഭീഷ്ടസിദ്ധികൾക്കായി ഇഷ്ടദേവതയായ കാളിക്കു് ഒരു മനുഷ്യബലി കൊടുക്കുവാൻ അവർ ഒരു

ക്കൂട്ടിവരികയാണു്. അതിന്നു് ശരിയായ ഒരു പുരുഷനെ കിട്ടണം. രാജാവോ ബ്രാഹ്മണനോ ആയാൽ അധികം നന്നു്. ഇങ്ങിനെ ഇരിക്കുമ്പോഴാണു് മേൽവിവരിച്ചപ്രകാരം ഏകാകിയായ രാജാവു് വിശന്നും ക്ഷീണിച്ചും അവരുടെ മുമ്പിൽ എത്തിവീണതു്. തേടിയവള്ളി കാലിൽ തടഞ്ഞതുകൊണ്ടു് അവർ സന്തോഷിച്ചു. അവർ രാജാവിനെ കടന്നു പിടിയുംകൂടി. "ഈ തടിയനെ ബലികൊടുക്കുവാൻകൊള്ളാം. അംഗവൈകല്യങ്ങൾ ഒന്നും ഇല്ലെന്നാണു തോന്നുന്നതു്. ഏതായാലും നല്ലപോലെ പരിശോധിക്കുവിൻ. അംഗവൈകല്യം ഉള്ളവരെ കാളിമാതാവിന്നു് ബലികഴിക്കുവാൻ പാടില്ല" എന്നു് അവരുടെ പ്രമാണി ആജ്ഞാപിച്ചതനുസരിച്ചു് രാജാവിനെ നഖശിഖാന്തം പരിശോധനനടത്തിക്കഴിഞ്ഞു. ചൂണ്ടുവിരൽ അല്പം മുറിഞ്ഞിട്ടുണ്ടു്. അതുകണ്ടപ്പോൾ എന്നാൽ "അവനെ ബലിക്കു് കൊള്ളുകയില്ല, വിട്ടയച്ചേക്കണം" എന്നായി തസ്കരനേതാവു്. അതനുസരിച്ചു് അവർ രാജാവിനെ വിട്ടയയ്ക്കുകയും ചെയ്തു.

ദൈവഗത്യാ, ഏവംവിധം രക്ഷപ്രാപിച്ചതുകൊണ്ടു് രാജാവു വളരെ സന്തോഷിച്ചു. അല്പം കഴിഞ്ഞപ്പോഴേയ്ക്കു് അദ്ദേഹത്തിന്റെ അനുചരന്മാരും വന്നുചേർന്നു. എല്ലാവരുംകൂടി കൊട്ടാരത്തിൽ മടങ്ങിയെത്തിയശേഷം അദ്ദേഹം ജ്യോത്സ്യബ്രാഹ്മണനെ ആളയച്ചുവരുത്തി ഇങ്ങിനെ ചോദിച്ചു:—

രാജാവു്:—"എന്റെ നന്ദികെട്ട പ്രവൃത്തിക്കു് ഞാൻ മാപ്പുചോദിച്ചുകൊള്ളുന്നു. എന്റെ കൈമുറിഞ്ഞതു് നന്മയ്ക്കായിത്തന്നെ പരിണമിക്കുകയും ചെയ്തു. അങ്ങിനെ എന്റെ വിരൽ മുറിഞ്ഞുപോയിരുന്നില്ലാഎന്നുവരികിൽ, ആ തസ്കരന്മാർ എന്നെപ്പിടിച്ചു് തീർച്ചയായും ബലികഴിക്കുമായിരുന്നേനെ. എന്നാൽ ഞാൻ അങ്ങയെ ആക്ഷേപിച്ചു് കൊട്ടാരത്തിൽനിന്നു പുറത്താക്കിയപ്പോൾ യാതൊരു ക്ഷോഭവുംകൂടാതെ "അതും നന്മയ്ക്കുതന്നെ" എന്നു പറയുവാനുള്ള കാരണം എന്താണു്?"

ജ്യോത്സ്യൻ—"തിരുമേനികാണുന്നില്ലയോ! അവിടത്തെ അംഗരക്ഷകനായ ഞാൻ അവിടുന്നു് എഴുന്നള്ളുന്നേടത്തെല്ലാം അവിടുത്തെപിന്നാലേ പോകേണ്ടതായി വരികയില്ലേ; അന്നു് തിരുമേനി എന്നെ പറഞ്ഞയച്ചില്ലായിരുന്നുഎങ്കിൽ, ഞാനും തിരുമേനിയോടുകൂടി വേട്ടയ്ക്കു വരുമായിരുന്നില്ലേ; ഞാൻ ഒരു ബ്രാഹ്മണൻ, അംഗവൈകല്യവും ഇല്ല. ആ സ്ഥിതിക്കു് അങ്ങയെ ഉപേക്ഷിച്ചു അവർ തീർച്ചയായും എന്നെ പിടിച്ചു ബലികഴിക്കുകതന്നെ ചെയ്യുമായിരുന്നില്ലേ? അതിനാൽ

അങ്ങ് എന്നെ ശിക്ഷിച്ചു പുറത്താക്കിയതു് എന്റെയും നന്മയ്ക്കായിത്തന്നെ പരിണമിച്ചു.”

രാജാവ്, ഇതുകേട്ടു ചിരിച്ചു. ആ ജ്യോതിശ്ശാസ്ത്രവിശാരദനു് ഒരു പണക്കിഴി സമ്മാനിച്ചു് അദ്ദേഹത്തെ ഒരു പൌരപ്രധാനിയാക്കി.

## ൭൮. സാംബഗർഭം.

പണ്ടു് ഒരു രാജ്യത്തിൽ അതിയോഗ്യനായ ഒരു സന്യാസിയുണ്ടായിരുന്നു. അസൂയാലുക്കൾ എന്നും എവിടെയും സാധാരണവും ആണല്ലോ. ഈ സന്യാസിക്കും ഉണ്ടായിരുന്നു അത്തരത്തിൽ കുറേ ശത്രുക്കൾ. ഈ സന്യാസിയുടെ പ്രശസ്തിയും, അദ്ദേഹത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസവും ദിനംദിനം വർദ്ധിച്ചുവരുന്നതുകണ്ടു് അവർ വിഷാദിച്ചു. അതിനെ എങ്ങിനെയെങ്കിലും തടയണം, സന്യാസിയെ അപമാനിക്കുകയും വേണം എന്നു് അവർ തീർച്ചയാക്കി.

ആ ദിക്കിൽ പിച്ചു എന്നു പേരായി ഒരുവൻ ഉണ്ടു്. മുഖംകണ്ടാൽ ഒട്ടൊക്കെ ഒരു സ്ത്രീയുടെ മുഖംപോലെയിരിക്കും. കൊഴുത്തു തടിച്ച ഒരാൾ ആകയാൽ വക്ഷോജങ്ങൾ മാംസളങ്ങളുമാണു്. ആളോ തിരുമണ്ടൻ. ഈ പാവത്തെ ചെന്നു് പിടികൂടി, പറഞ്ഞു ഇളക്കി ആ ആളെക്കൊണ്ടു് ഒരു പെണ്ണിന്റെവേഷംകെട്ടിച്ചു. ഗർഭമുണ്ടെന്നും ആളു സന്യാസിയാണെന്നും ആക്കിവച്ചു. വയററത്തു കുറേ പഞ്ഞിയും തുണിയുംമററും വച്ചുകെട്ടി സാമാന്യം വീർപ്പും ഉണ്ടാക്കി. പിച്ചു ഈ ചതിപ്രയോഗത്തെപ്പററി ഒരു വാക്കുപോലും ആരോടും—തന്റെ ഭാര്യയോടുകൂടിയും—പറഞ്ഞില്ല. “സ്ത്രീകളെ വിശ്വസിച്ചുകൂടാ” എന്നു് അവൻ കേട്ടിട്ടുണ്ടു്. അതു് അവനു് വിശ്വാസവും ഉണ്ടു്. ഗർഭാരംഭംമുതൽ പിച്ചുവിന്റെ താമസം ഭാര്യവീട്ടിലല്ല; അവിടെ അത്ര ധാരാളമായി പോകാറുമില്ല. ഭർത്താവിന്റെ വയർ ക്രമേണ വീർത്തുവരുന്നതുകണ്ടു് ആയാളുടെ ഭാര്യ അതിന്റെ കാരണം എന്താണെന്നു നിർബ്ബന്ധിച്ചുചോദിച്ചപ്പോൾ ഏററവും രഹസ്യമായി—മററാരോടും പറയുകയില്ലെന്നു ഭാര്യയെക്കൊണ്ടു് സത്യംചെയ്യിച്ചുകൊണ്ടു—പറഞ്ഞതു് “എടീ, എനിക്കു് ഗർഭമുണ്ടു്” എന്നായിരുന്നു.

ഭാര്യ:—എന്തു്! ആണുങ്ങൾക്കു ഗർഭമുണ്ടാകുകയോ? നിങ്ങൾ ഇത്ര നാളായി എനിക്കൊരു കുട്ടിയെ തന്നില്ലല്ലോ.”

"ഇതല്ലേ കാരണം! ഗർഭമുള്ളൊരാൾ മറെറാരാളെ ഗർഭം ധരിപ്പിക്കുന്നതു എങ്ങിനെ? നീ എൻെറ ഗർഭത്തെപ്പററി ആരോടും ശബ്ദിച്ചുപോകരുതേ! ഇതൊരു അത്യത്ഭുതസംഗതിയല്ലേ? മിണ്ടിപ്പോകരുതു്" എന്നു പിച്ചു ഭദ്രമായി പറഞ്ഞേൽപ്പിച്ചു. "ആരോടും പറയുകയില്ല" എന്നുതന്നെ പിച്ചുവിൻെറ ഭാര്യയും ഏററു.

അവൾ ഗ്രാമക്കിണററിൽ വെള്ളംകോരുവാൻ പോയിരിക്കുകയാണു്. ഭർത്താവിനു് ഗർഭമുണ്ടായിരിക്കുന്ന അതിശയവർത്തമാനത്തെപ്പററി ചിന്തിച്ചുചിന്തിച്ചു് അവൾ അത്ഭുതപ്പെടുന്നു. അവൾ തന്നെത്താൻ ചിരിക്കുകകൂടി ചെയ്യുന്നുണ്ടു്. മററുള്ള സ്ത്രീകൾ കണ്ടു ഇവളുടെ ഒതുക്കിക്കൊണ്ടുള്ള ചിരി. അവർ കാരണം അന്വേഷിക്കുകയായി. അവളെ ചിരിപ്പിക്കുന്ന നേരമ്പോക്കു് മററുള്ളവരോടും പറയുവാൻ നിർബ്ബന്ധിക്കുകയായി. ആദ്യമാദ്യം "ഒന്നുമില്ല, ഒന്നുമില്ല" എന്നു പറഞ്ഞുകൊണ്ടവൾ വളരെയൊക്കെ മടിച്ചുനോക്കി. "ഒന്നുമില്ല, ഒന്നുമില്ല" എന്നുപറഞ്ഞു് നിഷേധിക്കുന്നതുതന്നെ ചിരിച്ചുംകൊണ്ടായിരുന്നതിനാൽ, അവൾ പറയുന്നതു വെറും കള്ളമാണെന്നുള്ളതിലേയ്ക്കു് മററു തെളിവുകൾഒന്നും ആവശ്യമായിരുന്നില്ല. അതിനാൽ അവസാനത്തിൽ അവൾക്കു തുറന്നുപറയാതെ നിവൃത്തിയില്ലെന്നായി. ഇഷ്ടതോഴിയെക്കൊണ്ടു് ഒരുപാടെല്ലാം സത്യംചെയ്യിച്ചുശേഷം അവൾ പറയുകയാണു്:—

"നിങ്ങൾ ഈയ്യിടെഎങ്ങാനും എൻെറ ഭർത്താവിനെ കാണാറുണ്ടോ?"

"ഉണ്ടു്."

"വല്ല വിശേഷവിധിയും തോന്നുന്നുവോ?"

"വയർ കുറച്ചു വീർത്തിട്ടുണ്ടു് എന്നല്ലാതെ മററു വിശേഷങ്ങൾ ഒന്നും ഞാൻ കണ്ടില്ല. ഈയിടെ തീററി കുറെ അധികമായിരിക്കും എന്നു് ഞാൻ വിചാരിച്ചു."

"തീററി ഒന്നും അല്ല അതു്" അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

"പിന്നെ എന്താണു്?" എന്നായി തോഴി; വല്ല രോഗമോമറേറാ ആയിരിക്കുമോ?"

"ഉം-ഉം. രോഗം അതൊന്നുമല്ല ഞാൻ പ്രസവിച്ചു് എനിക്കു് കുട്ടിയൊന്നുമില്ലല്ലോ. അതിനാൽ ആ ആൾതന്നെ പ്രസവിച്ചു് കുട്ടിയെ ഉണ്ടാക്കുവാൻപോകുകയാണു്."

"എന്തു്! നേരുപറയൂ!" എന്നായി ആ തോഴി. പുരുഷൻ പ്രസവിക്കുവാൻ പോകുന്നു എന്ന വർത്തമാനം കേട്ടു് അത്ഭുതപ്പെട്ടുപോയ ആ സ്ത്രീ കയ്യിലിരുന്ന കുടം താഴെവീണു് ഉടഞ്ഞുപോയ

തൊന്നും അറിയുന്നതേ ഇല്ല. "പരമാൎത്ഥംതന്നെയോ? എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല."

"ഞാനും വിശ്വസിച്ചില്ല, തന്നെത്താൻ ഏററു പറയുന്നതുവരെ."

"അദ്ദേഹംതന്നെ നിന്നോട് ഏററുപറഞ്ഞുവോ?"

"പിന്നെ! എന്നോടു നേരിട്ടുപറഞ്ഞതല്ലേ. നിങ്ങൾ മററാരോടും പറയരുതേ."

"ഇല്ലേ ഇല്ല."

രഹസ്യം പെണ്ണോടുപെണ്ണ് പരക്കുവാൻതുടങ്ങി. പറയുന്നതെല്ലാം രഹസ്യപ്രതിജ്ഞചെയ്യിച്ചുകൊണ്ടുതന്നെയാണുതാനും. ചില സ്ത്രീകൾ ഈ രഹസ്യവൃത്താന്തം തങ്ങളിൽത്തന്നെ ഒതുക്കിവയ്ക്കുവാൻ തികച്ചും സാമൎത്ഥ്യമുള്ളവരാകാതിരുന്നതുകൊണ്ട് തങ്ങളുടെ ഭൎത്താക്കന്മാരുടെ ചെകിട്ടിൽ വളരെ രഹസ്യമായി ഓതിക്കൊടുത്തു. ഭൎത്താക്കന്മാരും അത്ഭുതപ്പെട്ട് അവരുടെ സ്നേഹിതന്മാരോടു പറയുകയായി. എല്ലാം ബഹുരഹസ്യം. എന്തിനേറെ പറയുന്നു! പരന്നുപരന്ന് നാടെങ്ങും അറിഞ്ഞു. സന്യാസിയുടെ ചില ശിഷ്യന്മാർ കൂടെയും ഈ വൎത്തമാനം കേൾക്കുവാൻ ഇടയായി.

സന്യാസി അടുത്തുള്ള ഒരു വലിയ ഗ്രാമത്തിൽപ്പോയി അവിടെ മതപ്രസംഗം ചെയ്തുകൊണ്ടിരിക്കുകയാണ്. രഹസ്യമായി പിച്ചുവും അവിടെ ചെന്നുചേൎന്നു. ഒരു ഒന്നാന്തരം പെണ്ണിനെപ്പോലെയാണു വേഷംകെട്ടിയിരിക്കുന്നത്. ആരുതന്നെകണ്ടാലും സംശയിക്കുകയില്ല; അഞ്ചെട്ടുമാസം ഗൎഭവും ഉണ്ട്. സന്യാസി പ്രസംഗം അവസാനിപ്പിച്ചപ്പോൾ ഈകപടഗൎഭിണി അടുത്തുചെന്നു സന്യാസിയുടെ കൈക്കു കടന്നുപിടികൂടി, തനിക്കും തന്റെ വയററിൽകിടക്കുന്ന കുഞ്ഞിനും ചെലവിനുതരണമെന്നു ഉറക്കെയുറക്കെ ചോദിക്കുകയായി. സഭയിൽ എങ്ങും വലിയ ക്ഷോഭം. താൻ ഇതൊന്നും അറിഞ്ഞവനല്ലെന്നു സന്യാസി തന്റെനിരപരാധിത്വത്തെ പ്രഖ്യാപനംചെയ്യുന്നുണ്ട്; എങ്കിലും സഭാവാസികൾ രണ്ടുഭാഗക്കാരായി പിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. സന്യാസിഭാഗത്തെ അനുകൂലിക്കുന്നതുപോലെതന്നെയുള്ള ഒരുവലിയഭാഗം സ്ത്രീഭാഗത്തെ അനുകൂലിക്കുന്നതായും ഉണ്ട്. ഇങ്ങിനെ വാഗ്വാദം അതികലശലായി നടന്നുകൊണ്ടിരിക്കുമ്പോൾ, പിച്ചുവിന്റെ ഗൂഢതന്ത്രങ്ങളെപ്പററിഏതാണ്ടൊക്കെ വിവരമുണ്ടായിരുന്ന ഒരു ശിഷ്യൻ ധൈൎയ്യസമേതം പിച്ചുവിന്റെ അരികിൽ തള്ളിക്കയറിച്ചെന്ന്, അവൻ വയററത്തുവച്ചുകെട്ടിയിരുന്ന പഞ്ഞിഭാണ്ഡമെല്ലാം ബലാല്ക്കാരേണ വലിച്ചു ദൂരത്തെറിഞ്ഞു. "ഇതൊരു കുട്ടിയൊന്നുമല്ല; വെറും പഞ്ഞിമെത്ത; ഇവൻ

പെണ്ണുമല്ല വെറും പാച്ചൻ" എന്നുപറഞ്ഞു് സന്യാസിയുടെ നിരപരാധിത്വത്തെ തെളിയിച്ചു.

പിച്ചുവിൻെറ തല മൊട്ടയടിച്ചു, അവനെ ഒരു കോവർകഴുതപ്പുറത്തേററി പിൻതിരിച്ചു് ഇരുത്തി, പട്ടണത്തിലെങ്ങും ഘോഷയാത്രയായി കൊണ്ടുനടന്നു.

---

## ൯൯. വിഴുങ്ങിയെ വിഴുങ്ങി.

ബീറാർരാജാവിൻെറ ഓമനപ്പുത്രിയാണു് ലോപാമുദ്ര. അവൾ സാർവഭൂടികളെപ്പോലും അതിശയിപ്പിക്കുന്ന സൌന്ദൎയ്യധോരണിയോടും ഏററവും ഹൃദയാവൎജ്ജകമായസ്വഭാവവൈശിഷ്ട്യത്തോടും കൂടിയവളായി പ്രശോഭിച്ചു ഈ അലൌകികസുഷമാധാമത്തിനു് വിവാഹകാലമായപ്പോൾ ലോകവന്ദ്യനായ അഗസ്ത്യമഹൎഷി അവിടെ ആഗതനായി ആ കന്യകയെ പാണിഗ്രഹണംചെയ്യുവാൻആവശ്യപ്പെട്ടു. ഒരുദരിദ്രഭിക്ഷുവിനു് ലോകോത്തരസുന്ദരിയായ തങ്ങളുടെ ഏകപുത്രിയെ വിവാഹംചെയ്തുകൊടുക്കുവാൻ അച്ഛനമ്മമാൎക്കു് തെല്ലും ഇഷ്ടമുണ്ടായിരുന്നില്ല. എന്നാൽ വിവാഹംചെയ്തുകൊടുക്കുവാൻ വിസമ്മതിക്കുന്നതായാൽ ആ മഹൎഷിവൎയ്യൻ ശപിച്ചെങ്കിലോ എന്നു് അവർ ഭയപ്പെടാതെയും ഇരുന്നില്ല. ഏതായാലും വലിയ വിഷമത്തിലായി. ഇതറിഞ്ഞു് ലോപാമുദ്ര അവരുടെ സന്നിധിയിൽ ചെന്നു് "ഞാൻനിമിത്തം നിങ്ങൾ വ്യസനിക്കേണ്ടതായ ആവശ്യം ഒന്നുമില്ല. സന്തോഷത്തോടുകൂടി എന്നെ അഗസ്ത്യമഹൎഷിക്കു് നൽകിക്കൊള്ളണം" എന്നു് അറിയിച്ചു. മാതാപിതാക്കന്മാർ ഉടനേതന്നെ അത്യന്തം വിലപിടിച്ച വസ്ത്രാഭരണാദികൾകൊണ്ടു് അലങ്കരിച്ചു്, കന്യകയെ അഗസ്ത്യമഹൎഷിക്കായി ദാനംചെയ്യുകയുംചെയ്തു.

വിവാഹാനന്തരം അഗസ്ത്യമഹൎഷി, ലോപാമുദ്രയെ നോക്കി:—"നിൻെറ വിലപിടിച്ച ആഭരണങ്ങളും വസ്ത്രങ്ങളും എല്ലാം അങ്ങു് ദൂരെക്കളഞ്ഞേക്കു്. ഒരു സാധാരണസാരിമാത്രം ധരിച്ചു് എൻെറ പിന്നാലെ വന്നാൽമതി. ഒരു ദരിദ്രൻെറ ഭാൎയ്യ അവളുടെ സ്ഥിതിക്കു് അനുസരണമായിവേണം ജീവിക്കുവാൻ" എന്നുപറഞ്ഞു. നിമിഷാന്തരത്തിൽ ആ സാദ്ധ്വി അങ്ങിനെതന്നെ പ്രവൎത്തിക്കുകയുംചെയ്തു.

അഗസ്ത്യമഹൎഷി പിന്നെ ഗംഗാതീരത്തിൽ തപസ്സിനു പോകുകയാണുണ്ടായതു്. ലോപാമുദ്ര ഏററവും വാത്സല്യത്തോടുകൂടി

ഭർത്താവിനെ ശുശ്രൂഷിച്ചും ഇരുന്നു. ചിരകാലം ഇങ്ങിനെ കഴിച്ചുകൂട്ടിയതിനുശേഷം അഗസ്ത്യമഹർഷി തപസ്സിൽനിന്നു വിരമിച്ച്, തന്റെ സഹധർമ്മചാരിണിയുമായി ഗാർഹസ്ഥ്യജീവിതം ആരംഭിക്കുവാൻ ആഗ്രഹിച്ചു. അപ്പോൾ ലോപാമുദ്ര:—"ഭർത്താവേ! ഞാൻ പിതൃഗൃഹത്തിൽ താമസിച്ചിരുന്നകാലത്ത് എനിക്ക് ഉണ്ടായിരുന്നതുപോലെയുള്ള വിലപിടിച്ച ആഭരണങ്ങളും വസ്ത്രങ്ങളും എല്ലാം വാങ്ങിത്തരുവാൻ അവിടുത്തേയ്ക്കു ദയവുണ്ടാകണം" എന്ന് അറിയിച്ചു.

അക്കാലത്ത് സുധർവാണൻ എന്നു പേരായി ഒരു ധനികരാജാവ് ഉണ്ടായിരുന്നു. അഗസ്ത്യൻ ആ രാജാവിന്റെ സന്നിധിയിൽ ചെന്ന് കുറെ ധനം ആവശ്യപ്പെട്ടുനോക്കി. അപ്പോൾ ആ രാജാവു തന്റെ വരവുചെലവുകണക്കുകളെല്ലാം മഹർഷിയെ കാണിച്ചുകൊടുത്തു. വരവും ചെലവും ഒരുപോലെ ഇരിക്കുന്നു. ഒരൊററ പൈ പോലും അധികമില്ല. അദ്ദേഹംതന്നെ കുറെ പണം അത്യാവശ്യപ്പെട്ടിരിക്കുകയാണ് എന്നുകൂടി അറിയാറായി. മഹർഷിയും രാജാവുംകൂടി അവിടെനിന്ന് പ്രധനാശ്വൻ എന്നുപേരായ മറെറാരു രാജാവിന്റെ സന്നിധിയിലേക്ക് പുറപ്പെട്ടു. പ്രധനാശ്വൻ, സുധർവാണനെക്കാൾ ധനികനാണെന്നാണ് പൊതുജനവിശ്വാസം. അവിടെ ചെന്ന് അർത്ഥിച്ചപ്പോഴും ഇല്ല അർത്ഥികൾക്കു കൊടുക്കുവാൻ അവിടെഒന്നും. മൂന്നാളുംകൂടിയായി പിന്നത്തെ യാത്ര. ത്രിദശ്വൻ എന്നു പേരായുണ്ട് മറെറാരു രാജാവ്. ഇദ്ദേഹം എല്ലാ രാജാക്കന്മാരെക്കാളും ധനികനാണെന്നാണ് ബഹുജനവിശ്വാസം. എല്ലാവരും അവിടെ ചെന്ന് അർത്ഥിക്കുകയായി. ഹതവിധി! അവിടേയും ഇല്ല പണമൊന്നും. വരവുള്ളതിനെല്ലാം ചെലവും ഉണ്ട്. മററുചെലവുകൾക്ക് ആവശ്യമുള്ള പണമൊന്നും അഗസ്ത്യനു വേണ്ട. ചെലവില്ലാതെ കെട്ടിസൂക്ഷിക്കുവാനുള്ളപണം അഗസ്ത്യൻ ചെന്നിടത്തെങ്ങും കണ്ടെത്തുമില്ല. അതിനാൽ അവർ നാലുപേരുംകൂടി പിന്നെ ഇല്വലവാതാപികളുടെ അടുക്കലേയ്ക്കു പുറപ്പെട്ടു.

ഇല്വലനും വാതാപിയും രണ്ട് അസുരസഹോദരന്മാരാണ്. ഇവരുടെ ധനത്തിന് ഒരു കയ്യുംകണക്കുമൊന്നുമില്ല. അവധിരഹിതം, സീമാതീതം. എന്നാൽ സമീപം ചെല്ലുന്നവരെയെല്ലാം കൊന്നുതിന്നുന്ന ഒരു ദുഃസ്വഭാവംകൂടി ഇവർക്കുണ്ട്. ഈ ഹിംസ ഇവർ ചെയ്തിരുന്നത് ഒരു പ്രത്യേകസമ്പ്രദായത്തിൽ ആയിരുന്നു. വാതാപി ഒരു ആട്ടിന്റെ വേഷം ധരിക്കും ഇല്വലൻ ആ ആട്ടിനെ കൊന്ന്, മാംസം എടുത്തു പാകംചെയ്തു അതിഥികളെ സല്ക്കരിക്കും. ഭക്ഷണമെല്ലാം കഴിഞ്ഞാൽ ഇല്വലൻ, 'വാതാപി-വാതാപി'

എന്നു് വിളിക്കുകയായി. ആ വിളികേട്ടാൽ വാതാപി ആ അതിഥികളുടെ ഉദരം പിളൎന്നു് പുറത്തേയ്ക്കു വരികയുംചെയ്യും. പിന്നെ സഹോദരന്മാർ രണ്ടുപേരുംകൂടിയിരുന്നു് അതിഥികളെ സുഖമായി ഭക്ഷിക്കുകയും ആയി. ഇങ്ങിനെ ആയിരുന്നു അവരുടെ പതിവു്. ഒട്ടുവളരെ മഹൎഷിമാരെയും ഭിക്ഷുക്കളേയും അവർ ഇങ്ങിനെ ആഹാരമാക്കീട്ടുണ്ടു്.

ഈ ഭയങ്കരസമ്പ്രദായത്തെപ്പററി ആ മൂന്നു രാജാക്കന്മാരും അഗസ്ത്യമഹൎഷിയെ പറഞ്ഞുകേൾപ്പിക്കുകയും, അതുകൊണ്ടു് അവരെ സമീപിക്കുന്നതു് സൂക്ഷിച്ചുവേണമെന്നു് ഉൽബോധിപ്പിക്കുകയും ചെയ്തു. അതുകേട്ടു് അഗസ്ത്യൻ:—"ഏതു് അസുരനേയും ദഹിപ്പിക്കേണ്ടതിന്നു് വേണ്ടുന്നേടത്തോളം അഗ്നി എന്റെ ഉദരത്തിൽ ഉണ്ടു് അതൊന്നും നിങ്ങൾ പേടിക്കേണ്ട. സധൈര്യം എന്റെകൂടെ വന്നേച്ചാൽ മതി" എന്നു പറഞ്ഞു്, എല്ലാവരുംകൂടി പുറപ്പാടായി. ഇല്വലൻ ഇവരെ സബഹുമാനം സ്വീകരിച്ചു് കുശലപ്രശ്നംചെയ്തു. മഹൎഷിയും രാജാക്കന്മാരും അവരുടെ ആഗമനവൃത്താന്തമെല്ലാം പറഞ്ഞുകേൾപ്പിച്ചപ്പോൾ അസുരപ്രമാണികൾക്കു് വളരെ സന്തോഷമായി എന്നുമാത്രമല്ല, അവർ ഓരോരുത്തൎക്കും നൂറായിരം ഉറുപ്പികയും ആവശ്യംപോലെ വസ്ത്രാഭരണങ്ങളും കൊടുക്കാമെന്നു് വാഗ്ദാനംചെയ്തുകൊണ്ടു് അവരെ ഭക്ഷണത്തിന്നു് ക്ഷണിക്കുകകൂടിച്ചെയ്തു. വാതാപി ആടായി, ഇല്വലൻ ആ ആടിനെവെട്ടി മാംസമെടുത്തു പാകപ്പെടുത്തിക്കഴിഞ്ഞു. മുൻകൂട്ടി ശട്ടം കെട്ടിയിരുന്നതുപോലെ അഗസ്ത്യമഹൎഷിതന്നെ വാതാപിമാംസം മുഴവനും ഭക്ഷിച്ചുതീൎത്തു. ആ മഹൎഷിക്കുപിണഞ്ഞ ബുദ്ധിമോശം ഓൎത്തു് ഇല്വലൻ മനസ്സുകൊണ്ടു് സന്തോഷിക്കുകയും ആ മഹൎഷിയേയും കൂട്ടുകാരായ മൂന്നു രാജാക്കന്മാരെയുംകൊണ്ടു് ഒരു ഒന്നാന്തരം തീററികഴിച്ചുകളയാമെന്നു വിചാരിച്ചു് ആഹ്ലാദിക്കുകയുംചെയ്തു. അഗസ്ത്യമഹൎഷി മാംസമെല്ലാം ഭക്ഷിച്ചുകഴിഞ്ഞു എന്നായപ്പോൾ, ഇല്വലൻ സാധാരണപോലെ 'വാതാപി-വാതാപി' എന്നു വിളിച്ചു. ഇല്ല; പുറത്തുവരുന്നില്ല വാതാപി. വെറും ഒരു ഏമ്പക്കംമാത്രമാണു് അഗസ്ത്യന്റെ ഉദരത്തിൽനിന്നു പുറപ്പെട്ടതു്. അതുകണ്ടു് അഗസ്ത്യൻ ചിരിച്ചുകൊണ്ടു് പറയുകയാണു്:—"വാതാപിയുടെ ദഹിക്കാത്തഭാഗം ഇത്രമാത്രം. എന്റെ കുഞ്ഞേ! ഇല്വലാ! ഇതുപോലെ പത്തു് വാതാപികളെ ദഹിപ്പിക്കുവാനുള്ള അഗ്നി ഈ ഉദരത്തിൽ ഉണ്ടു്." അതുകേട്ടു് ഇല്വലൻ വല്ലാതെ ഭയപ്പെട്ടു. സ്വന്തരക്ഷയെപ്പററിക്കൂടിയും അവന്നു ഭയമായി. ഈ നാലു് അതിഥികൾക്കും അവൻ പത്തുലക്ഷം ഉറുപ്പികയും കണക്കില്ലാതെ ആഭരണങ്ങളും വസ്ത്രങ്ങളും കൊടുത്തു് അവരെ

യാത്രയാക്കി. അഗസ്ത്യൻ അവകൊണ്ടുപോയി ലോപാമുദ്രയ്ക്ക് ഇഷ്ടമുള്ളതെല്ലാം വാങ്ങിക്കൊടുത്തു് ആ സാദ്ധ്വീരത്നത്തെ സന്തോഷിപ്പിച്ചു മധുവിധു മംഗളമായി കൊണ്ടാടി.

---

## ൮൦. ഗണപതിയുടെ പരാക്രമം.

"നമ്മൾ എല്ലാം ജീവികളിലും ഉണ്ടല്ലോ. അതുകൊണ്ടു് നമുക്ക് എല്ലാരൂപങ്ങളും സ്വീകരിച്ചു് വിഹരിക്കാം" എന്നു് ഒരുദിവസം പരമശിവൻ ശ്രീപാർവ്വതിയോടു് പറഞ്ഞു. പാർവ്വതിദേവിക്കും അതു സമ്മതമായി. അതനുസരിച്ചു് പാർവ്വതീപരമേശ്വരന്മാർ വാരണാകൃതി പൂണ്ടു് ക്രീഡിക്കുന്ന കാലത്തു് ദേവിക്കു് ഗർഭമുണ്ടായി. താൻ ഒരു ആനക്കുട്ടിയെ പ്രസവിച്ചേയ്ക്കുമോ എന്നു് ദേവി സംശയിച്ചു. ആനക്കുട്ടി! ഛെ!! അതു ദേവിക്കു് തെല്ലും രുചിച്ചില്ല. ഭയമായി. വിവരമെല്ലാം ഭർത്താവിനെ അറിയിച്ചപ്പോൾ ഭഗവാൻ പറഞ്ഞതു്:—"അതിനെന്താദോഷം" എന്നായിരുന്നു. ദേവി വീണ്ടും വീണ്ടും അപേക്ഷിക്കുകയായി; അഭ്യർത്ഥിക്കുകയായി. ഒടുവിൽ—"ആകട്ടെ. നിന്റെ കുഞ്ഞിനു് വാരണവദനം ഉണ്ടാകാതിരിക്കവയ്യ. എന്നാൽ ശരീരം മനുഷ്യശരീരമായും ഇരിക്കും. ആ പുത്രൻ അതിബുദ്ധിമാനായും, അതിസമർത്ഥനായും, മനുഷ്യർക്ക് അവരുടെ വിഘ്നങ്ങൾ തരണംചെയ്യുന്നതിനു് ഏററവും സഹായിയായും തീരും" എന്നു് ഒടുവിൽ അനുഗ്രഹിച്ചു. പാർവ്വതിക്കു് ഗർഭം പൂർത്തിയായി; ദേവി ഒരു ഉണ്ണിയെ പ്രസവിച്ചു. ആ പുത്രനാണു ഗണപതി. ഈ പുത്രൻ ദേവന്മാർക്കും മനുഷ്യർക്കും ഏററവും പ്രിയനായിത്തീൎന്നു എന്നുമാത്രമല്ല, ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളുംകൂടെ ആ ബാലനെ ബഹുമാനിച്ചു. തങ്ങളെ പൂജിക്കുന്നവരെല്ലാം, ആദ്യമായി ഗണപതിയെ പൂജിച്ചുകൊള്ളണം എന്നുകൂടിയും അവർ ആജ്ഞാപിച്ചു. തുമ്പിക്കൈ, വാരണമുഖം, ശൂർപ്പകർണ്ണം, ഏകദന്തം, ലംബോദരം ഇവയോടും സർവ്വസൽഗുണസമ്പത്തോടുംകൂടിയ ഈ വിഘ്നരാജൻ ദേവന്മാരുടെഇടയിൽക്കൂടി സുപ്രസിദ്ധനും പൂജ്യനും ആയിത്തീൎന്നു.

പ്രഭുത്വത്തിന്റെ ചിഹ്നങ്ങൾ ഒന്നും ഗണപതിയിൽ ഇല്ല. വാഹനം ഒരു മൂഷികൻ; ആഹാരത്തിൽമാത്രം ജിജ്ഞാസ! ഈ ഗണപതിയുടെ ഇളയസഹോദരനാണു സുബ്രഹ്മണ്യൻ. പക്ഷേ ആ സഹോദരന്റെ പ്രകൃതമെല്ലാം ഒന്നു വേറെയാണു്. ആളുതന്നെ ഒരു ശൃംഗാരക്കുഴമ്പു്. കാഴ്ചയ്ക്കു ബഹുസുന്ദരൻ. മട്ടെല്ലാം വലിയ

പ്രഭുവിൻേറതു്. വാഹനം മയൂരം,ആയുധം വേലു് പോരേ അന്തരം!

ജ്യേഷ്ഠനെക്കാളും യോഗ്യൻ താനാണു് എന്ന ഒരു അഹംഭാവം സുബ്രഹ്മണ്യനു തോന്നി. എല്ലാ ദേവന്മാരും അഗ്രപൂജ ഗണപതിക്കു ചെയ്യുന്നതിൽ ആ അസൂയാലുവിനു് ഇഷ്ടംതോന്നിയില്ല. അറിവിലും ആത്മാഭിമാനത്തിലും, പഠിപ്പിലും ബുദ്ധിസാമൎത്ഥ്യത്തിലും താൻ ഗണപതിയെക്കാൾ തെല്ലും പിന്നാക്കമല്ലാത്തസ്ഥിതിക്കു്, ഗണപതിക്കുമാത്രം അഗ്രപൂജനൽകുന്നതിനെപ്പററി സുബ്രഹ്മണ്യൻ ഒരിക്കൽ പാൎവ്വതീപരമേശ്വരന്മാരോടു് ആവലാതി പറയുകയുണ്ടായി. അതുകേട്ടു് ആ മാതാപിതാക്കന്മാർ പറഞ്ഞു:—"അങ്ങിനെയാണോ? അതു ഞങ്ങൾ അറിഞ്ഞില്ല; ആകട്ടെ ഒന്നു പരിശോധിച്ചുകളയാം" എന്നു്. ഇതിനുശേഷം ഒരുദിവസം ആ വന്ദ്യഗുരുക്കന്മാർ ഗണപതിയേയും സുബ്രഹ്മണ്യനേയും അരികെ വിളിച്ചു്— "മക്കളേ! ആദ്യമായി പ്രപഞ്ചം ചുററിവരുന്നവൎക്കു് ഒരു സമ്മാനം നിശ്ചയിച്ചിട്ടുണ്ടു്" എന്നു് അറിയിച്ചു. സാമൎത്ഥ്യപരീക്ഷ ഇങ്ങിനെയാണെന്നു് അറിഞ്ഞപ്പോൾ സുബ്രഹ്മണ്യനു് അതിയായ സന്തോഷമാണു് ഉണ്ടായതു്. ജ്യേഷ്ഠൻെറ വലിയ വയറുംവലിച്ചു് എലിയുടെ പുറത്തുകയറിയുള്ള സഞ്ചാരം! സുബ്രഹ്മണ്യൻ മയിലിൻ പുറത്തു കയറി അതിവേഗം യാത്ര ആരംഭിച്ചു കഴിഞ്ഞു; എങ്കിലും പ്രപഞ്ചത്തിന്നു് ഒരു പ്രദക്ഷിണംവച്ചു തിരിച്ചെത്തുവാൻ ഏഴു കൊല്ലം ഇടവിടാതെ അതിവേഗം സഞ്ചരിക്കേണ്ടതായിവന്നു. ഗണപതിയാകട്ടെ, ഏഴു സെക്കൻറുനേരംകൊണ്ടു തൻെറ മാതാപിതാക്കന്മാരെ ഒന്നു പ്രദക്ഷിണം ചെയ്തുവന്നു് സ്വസ്ഥനായിരിപ്പായി. ഏഴുകൊല്ലം കഴിഞ്ഞു്, വിജയശ്രീലാളിതനെന്ന അഹംഭാവത്തോടുകൂടി സുബ്രഹ്മണ്യൻ മടങ്ങിവന്നു് സമ്മാനം ചോദിച്ചു തൻെറ യാത്രയ്ക്കിടയിൽ താൻ ഗണപതിജ്യേഷ്ഠനെ ഒരിടത്തുപോലും കാണുക ഉണ്ടായില്ല എന്നുകൂടി ആ സഹോദരദ്രോഹി കേവലം ഹാസ്യസ്വരത്തിൽ പറയാതിരുന്നില്ല. അതുകേട്ടു ഗണപതി ചിരിച്ചുകൊണ്ടു് പറയുകയാണു്:—"ഒരുവൻ എണ്ണ ആട്ടിയെടുത്തു. മറേറവൻ വെറും ചക്കിട്ടു് ആയിരംപ്രാവശ്യം തിരിച്ചു. നീ ഏഴുകൊല്ലംകൊണ്ടു് ഈ ഒഴിഞ്ഞ പ്രപഞ്ചം ഒന്നു ചുററിത്തിരിഞ്ഞു. ഞാൻ ഏഴു സെക്കൻറുനേരംകൊണ്ടു് സജീവപ്രപഞ്ചമായ എൻെറ മാതാപിതാക്കന്മാരെ പ്രദക്ഷിണംവച്ചു് സമ്മാനം വാങ്ങി. ഞാൻ അതു് നിനക്കു് കാണിച്ചുതരണോ?" സുബ്രഹ്മണ്യൻ ഇതുകേട്ടു ഇച്ഛാഭംഗത്തോടെ ചുണ്ടുംകടിച്ചു അവിടെനിന്നു പോയി ദേവേന്ദ്രസന്നിധിയിൽച്ചെന്നു്, സുരസൈന്യനായകത്വം കയ്യേററു് പാരമ്പൎയ്യരീത്യാ ഭരണം നടത്തിവന്നു. വിഘ്നേശ്വരൻ ശിവഗണങ്ങളുടെ പതിയായും തീൎന്നു.

കാലം പിന്നെയും പലതുകഴിഞ്ഞു. രാക്ഷസരാജാവായ രാവണൻ ഹിമവൽസാനുവിൽപ്പോയി, ചിരകാലം അതികഠിനതപം ചെയ്തു് പരമശിവനെ പ്രത്യക്ഷമാക്കി ശിവനിൽനിന്നു് ശങ്കരലിംഗവും വാങ്ങിക്കൊണ്ടു് ലങ്കയിലേക്കുള്ള പുറപ്പാടായി. ആ ലിംഗം രാവണന്റെ വശം ഇരിക്കുന്നേടത്തോളംകാലം രാവണനെ ആരും ജയിക്കുവാൻ സാധിക്കുകയില്ല; അത്രയ്ക്കാണു് അതിന്റെ പ്രഭാവം. എന്നാൽ അതിനെ ലങ്കയിൽ എത്തിക്കുന്നതുവരെ എവിടേയുംവെച്ചുപോകരുതെന്നു് പ്രത്യേകം വ്യവസ്ഥയുണ്ടായിരുന്നു. നിലത്തു വച്ചുപോയാൽ അവിടെ വേരുറച്ചുപോകും. പിന്നെ അവിടെനിന്നു് എടുക്കുവാൻ സാധിക്കുകയും ഇല്ല.

രാവണനു് ഇങ്ങിനെ ഒരുവരംകിട്ടിയതറിഞ്ഞു് ദേവന്മാർ വളരെ ഭയപ്പെട്ടു. അവർ പറഞ്ഞു:—രാവണൻ ലങ്കയിൽ എത്തുന്നതിനുമുമ്പായി നമുക്കു് രാവണന്റെ കയ്യിൽനിന്നു് ആ ലിംഗം എങ്ങിനെയെങ്കിലും താഴെ വയ്പിക്കണം ഇല്ലാത്തപക്ഷം ആ രാക്ഷസരാജാവു് ദേവന്മാരെയും മനുഷ്യരെയുംഎല്ലാം നിശ്ശേഷം ഇല്ലാതാക്കുന്നതാണു്. "അതിനു എന്താ വേണ്ടതു്"എന്നായി ആലോചന. മററു മാർഗ്ഗങ്ങൾ ഒന്നും കാണാതിരുന്നതുകൊണ്ടു് അവർ ഗണപതിയെ സമീപിച്ചു് "ഇവിടുന്നുതന്നെ വിചാരിച്ചാലേ നിവൃത്തിയുള്ളൂ" എന്നു പ്രാർത്ഥിക്കുകയായി ഗണപതി ആ കാര്യം കയ്യേററു് പന്ത്രണ്ടു വയസ്സു പ്രായമുള്ള ഒരു വിപ്രന്റെവേഷത്തിൽ രാവണന്റെ പിന്നാലെക്കൂടി നടന്നുനടന്നു രണ്ടാളുംകൂടി ഗോകർണ്ണത്തു് എത്തി. രാവണനു് മൂത്രവിസർജ്ജനം കൂടിയേകഴിയൂ. മൂത്രവിസർജ്ജനം ചെയ്യുമ്പോൾ ശിവലിംഗം കയ്യിൽവച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല; അതിനെ നിലത്തു വയ്ക്കുവാനും നിവൃത്തിയില്ല. അതിനാൽ മൂത്രവിസർജ്ജനവും ശൌചവും കഴിയുന്നതുവരെ ശിവലിംഗം ആരുടെയെങ്കിലും കയ്യിൽ ഏല്പിച്ചേ കഴിയൂ ആരുടെ കയ്യിൽകൊടുക്കാം എന്നു് ആലോചിച്ചുനോക്കിയപ്പോഴുണ്ടു് പിന്നാലെ വരുന്ന ആ സാധുബ്രാഹ്മണബാലൻ. രാവണനു് സന്തോഷമായി. വേഗം ആ വടുവേ വിളിച്ചു ശിവലിംഗം അവന്റെ കയ്യിൽക്കൊടുത്തു പറഞ്ഞു. താൻ മൂത്രവിസർജ്ജനവും ശൌചവും കഴിച്ചുവരുന്നതുവരെ അതിനെ ഭദ്രമായി വച്ചുകൊള്ളണമെന്നും യാതൊരു സംഗതിവശാലും ശിവലിംഗം താഴെവച്ചുപോകരുതെന്നും പ്രത്യേകംഏല്പിച്ചു.

വടു അതു സമ്മതിച്ചു് ശിവലിംഗം വാങ്ങിയെങ്കിലും ഇങ്ങിനെ കൂടെ പറയാതിരുന്നില്ല:—"ശരിതന്നെ; ശിവലിംഗം കയ്യിൽ പിടിച്ചുകൊണ്ടു് ഞാൻ ഇവിടെത്തന്നെ നിന്നുകൊള്ളാം. എന്നാൽ ഞാൻ ഒരു അത്യാവശ്യകാര്യംപ്രമാണിച്ചു പോകുകയാണു്. അധികനേരം നില്ക്കുവാനൊന്നും എനിക്കു തരമില്ല. എനിക്കു പോകാ

റായാൽ ഞാൻ മൂന്നുപ്രാവശ്യം വിളിക്കും, അതിനകം വന്നുകൊള്ളണം. വരാത്തപക്ഷം ശിവലിംഗം നിലത്തുവച്ച് പോകേണ്ടതായിന്നത്തെ വരുന്നതാണ്." രാവണൻ അപ്രകാരംതന്നെ സമ്മതിച്ചു. 'വേഗംവരാമല്ലോ' എന്നുമാത്രമേ കപടമൊന്നും ശങ്കിക്കാത്ത രാക്ഷസരാജാവു് വിചാരിച്ചുള്ളു. ശിവലിംഗം ബ്രാഹ്മണബാലനെ ഏല്പിച്ച് രാവണൻ മൂത്രവിസർജ്ജനത്തിനു് പോയി ഇരുന്നുകഴിഞ്ഞു. വിസർജ്ജനം ആരംഭിച്ചു എന്നു കണ്ടപ്പോൾ ആ കപടവേഷധാരിയായ വിപ്രൻ 'രാവണ, രാവണ, രാവണ' എന്നു മൂന്നുപ്രാവശ്യം ഒന്നിനൊന്നു പുറകെയായി വിളിച്ച് രാവണനു് എഴുന്നേററുവരുവാൻ വേണ്ടസമയം കാത്തുനില്ക്കാതെ ശിവലിംഗം താഴത്തു വച്ചും വച്ച് ഓടിക്കളഞ്ഞു. രാവണൻ ബദ്ധപ്പെട്ടുചെന്നു് നോക്കിയപ്പോഴയ്ക്കും ആ ലിംഗം നിലത്തുറച്ചുകഴിഞ്ഞിട്ടുണ്ട്. അതിനെ അവിടെനിന്നു് വലിച്ചിളക്കുവാൻ ചെയ്ത ശ്രമങ്ങൾ എല്ലാം വിഫലങ്ങളായി ഭവിച്ചതേ ഉള്ളു. രാവണന്റെ അജയ്യശക്തി നഷ്ടപ്പെട്ടുകഴിഞ്ഞു. ദേവന്മാക്കു് വളരെ സന്തോഷമായി' അവർ ഗണപതിയുടെ സാമർത്ഥ്യത്തെ വാഴ്ത്തി.

കാലം പിന്നെയുംകഴിഞ്ഞു വളരെ; അങ്ങിനെയിരിക്കെ ഒരുദിവസം പരമശിവൻ മനുഷ്യജന്മികളിൽ അനുകമ്പാർദ്രഹൃദയനായിരിക്കുമ്പോൾ, സോമനാഥലിംഗത്തിൽ അർച്ചിക്കുന്ന ഭക്തന്മാക്കെല്ലാം സ്വർഗ്ഗം സിദ്ധിക്കുമെന്നു് അരുളിച്ചെയ്യുക ഉണ്ടായി. എല്ലാവരും ഏററവും ഭയങ്കരകൃത്യങ്ങൾ ചെയ്ത മഹാപാപികൾ പോലും സോമനാഥനെ ആരാധിക്കുകയായി. ഇങ്ങിനെ സോമനാഥാരാധനക്കാരെക്കൊണ്ട് സ്വർഗ്ഗം നിറഞ്ഞു. ഇന്ദ്രനും ദേവന്മാരും ഭയവിഹ്വലരായി. വീണ്ടുംവീണ്ടും നിമിഷംപ്രതിയെന്നവണ്ണം ആയിരമായിരം കണക്കിനു് കണ്ട ചാത്തനും ചടയനും എല്ലാം ഓടിയോടി ചെന്നുകൊണ്ടിരിക്കയാണു്. "ഇങ്ങിനെയായാൽ കുറച്ച് കഴിയുമ്പോഴയ്ക്കും ദേവന്മാക്കു് ആക്കും സ്വർഗ്ഗത്തിൽ സ്ഥലമില്ലെന്നു വരും. നരകം സ്വർഗ്ഗത്തെക്കാൾ വിശാലവും സുഖപ്രദവും ആയിത്തീരുകയും ചെയ്യും,' എന്നെല്ലാം ദേവന്മാർ പരാതിപ്പെട്ടു. ഇതിൽനിന്നു് ഒരു രക്ഷാമാർഗ്ഗം കണ്ടുപിടിക്കുവാൻ അവരെക്കൊണ്ടുസാദ്ധ്യമായില്ല. ഒടുവിൽ എല്ലാവരും കൂടിച്ചേർന്നു് സങ്കടനിവൃത്തിവരുത്തിക്കൊടുക്കുവാനായി ഗണപതിയോടാണു് അപേക്ഷിച്ചതു്. ആ ഭക്തവത്സലൻ അവരുടെ സങ്കടത്തിനു് അചിരേണ പരിഹാരം ഉണ്ടാക്കിക്കൊടുക്കാമെന്നും ഏററു.

ഗണപതി,സോമനാഥക്ഷേത്രസന്നിധിയിൽ ചെന്നു് ഇരിപ്പായി. ഭക്തവേഷധാരികളായ അനേകം അനർഹന്മാരുണ്ട്, സ്വർഗ്ഗത്തിലേയ്ക്കു് ചെല്ലുവാനുള്ള അത്യുൽകണ്ഠയോടുകൂടി ഓടിഓടി വരു

ന്നു, ഒന്നല്ല പത്തല്ല, ആയിരമായിരകണക്കിന്നു്. ഗണപതി അവരോടായി പറയുകയാണു്:—"സഹോദരന്മാരേ! നിങ്ങൾ എല്ലാം എവിടെ പോകുകയാണു്? എന്താണു ഇത്ര ധൃതി" എന്നു ചോദിച്ചപ്പോൾ അവർ സംഗതികൾ എല്ലാം വിഘ്നേശ്വരസ്വാമിയെ സാവധാനം പറഞ്ഞുകേൾപ്പിച്ചു.

"അതു് എത്ര നിസ്സാരം" ഇവരുടെ ഏവംവിധമുള്ള സമാധാനംകേട്ട ഗണപതി പറയുകയാണു്:—"അനുഭവിക്കുവാൻ ജീവനോടുകൂടി ഇരിപ്പില്ലാത്ത കാലത്തു് ഏതാനുംഗുണങ്ങളെല്ലാം കിട്ടുമെന്നുള്ള വ്യാമോഹംകൊണ്ടു് എന്താ പ്രയോജനം. നിങ്ങൾ എന്നെ ആരാധിച്ചുകൊള്ളുവിൻ. ഈ ജന്മത്തിൽത്തന്നെ നിങ്ങൾക്കു വേണ്ടതെല്ലാം ഞാൻ തരാമല്ലോ" എന്നിങ്ങനെ പറഞ്ഞുകൊണ്ടു് ഗണപതി ശ്രോതാക്കളുടെ കൂട്ടത്തിൽനിന്നു് ഒരു വൃദ്ധനെ വിളിച്ചു്, 'അമ്മാമനു എന്താണു വേണ്ടതു്?' എന്നു ചോദിച്ചു.

വൃദ്ധൻ:—"എനിക്കു് ഉണ്ണുവാൻ ആഹാരമില്ല; കേറിക്കിടക്കുവാൻ വീടുമില്ല; അങ്ങിനെ പട്ടിണി കിടന്നും കണ്ടവരുടെ തിണ്ണനിരങ്ങിയും കഷ്ടപ്പെടുകയാണു്. സ്വർഗ്ഗത്തിൽ പോകണമെന്നു ഞാൻ ആഗ്രഹിക്കുന്നതു് ഈ ദുഃഖത്തിൽനിന്നു് ഒരു നിവൃത്തിയുണ്ടാകുവാൻവേണ്ടിയാകുന്നു."

"അത്രയേ വേണ്ടു!" എന്നുപറഞ്ഞുകൊണ്ടു ഗണപതി ആ വൃദ്ധനു് ഒരു ഒന്നാന്തരം വീടും സുഖജീവിതത്തിനാവശ്യമുള്ള സകലവിഭൂതികളും ദാനം ചെയ്തു. വൃദ്ധൻ നമസ്കരിച്ചു യാത്രയുമായി.

മറ്റൊരാൾക്കു് ഒരു പുത്രൻ വേണം. ആ ദമ്പതികൾക്കു് അഞ്ചാറു് സന്താനങ്ങളെ കൊടുക്കാമെന്നു് ഗണപതി ഏററു. അവർ ഗണപതിക്കു് നാളികേരം ഉടച്ചു യാത്രയായി.

ഒരു കുട്ടിക്കു് പരീക്ഷയിൽ ജയിക്കണം. അവനു് ഒരു വിജയം മാത്രമല്ല, ഒന്നാംക്ലാസിൽത്തന്നെ ഒരു വിജയം ഗണപതി വാഗ്ദാനം ചെയ്തു. ആ വിദ്യാർത്ഥിയും സ്വർഗ്ഗത്തിലേയ്ക്കുകയറുവാനുള്ള ആഗ്രഹം ഉപേക്ഷിച്ചു് വന്നവഴിക്കു യാത്രയായി.

മറ്റൊരാൾക്കു് വയററിൽ വേദന. അതും ഗണപതി ക്ഷണേന മാററിക്കൊടുത്തു. ആ ആളും വീട്ടിലേക്കു് മടങ്ങി.

ഇങ്ങിനെ സോമനാഥയാത്രക്കാരെല്ലാം ഗണപതിയെ വണങ്ങി അവരവരുടെ വീട്ടിലേയ്ക്കു മടങ്ങി, എന്നല്ല, സോമനാഥനെ ഉപേക്ഷിച്ചു് ഗണനാഥനെത്തന്നെ ആശ്രയിക്കുവാൻ മററുള്ളവരോടുപദേശിക്കുകയും ചെയ്തു. സ്വർഗ്ഗത്തിലേയ്ക്കുള്ള തള്ളിക്കയററം നിന്നു. ഭൂമിയിൽ ഗണപതി, മററു ഹൈന്ദവദേവന്മാരെക്കാൾ പ്രശസ്തിയും പ്രചാരവും ഉള്ള ദേവദേവനായിത്തീരുകയും ചെയ്തു.

# പുതിയകഥകൾ.

## ൮൧. സ്ത്രീചാപല്യം.

അബലകളാണു്, ചപലകളാണു്, ഭീരുക്കളാണു് എന്നുംമററും പറഞ്ഞു് സ്ത്രീലോകത്തെ ആകമാനം സദാ പഴിച്ചുകൊണ്ടിരുന്ന ഒരു പൗരുഷവാദി ഒരുദിവസം അവൻെറ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി'സിദ്ധാന്തക്കാരനല്ലാതിരുന്ന ഒരു സ്നേഹിതനും ഒന്നിച്ചു് ഒരു സക്സ്സുകാണുവാൻ പോയി. അവിടെവെച്ചു് ഒരു പെൺകുട്ടി, ഒരു സിംഹത്തിൻെറ വായിൽ തലയിടുന്നതായിക്കണ്ടു് ആ സ്നേഹിതൻ ചോദിക്കുകയാണു്:—"ഹൈ! കണ്ടില്ലേ! സ്ത്രീകൾക്കു മനക്കരുത്തില്ലെന്നല്ലേ നിങ്ങൾ പറയാറുള്ളതു്. ഇപ്പോഴോ, എന്തുപറയുന്നു? നിങ്ങൾക്കു് അങ്ങനെ ചെയ്യാമോ?"

ആതുകേട്ട മറേറ ആൾ:—"അവർ സമ്മതിച്ചാൽ ഞാൻ തീർച്ചയായും ചെയ്യാം എന്നായി. സക്സ്സ്അധികൃതന്മാർ അതിനു് അനുവദിക്കയില്ലെന്നുള്ളവിശ്വാസത്തോടുകൂടിയായിരുന്നു ആ ആൾ തൻെറ സിദ്ധാന്തസ്ഥാപനത്തിനായി ഇങ്ങിനെ ഒരു ധാർഷ്ട്യം പ്രയോഗിച്ചതു്. എന്നാൽ മറേറ ആൾക്കു് ആ സക്സ്സ് അധികൃതന്മാരുമായി പരിചയം ഉണ്ടായിരുന്നതുകൊണ്ടു്, അവരെ ചെന്നുകണ്ടു് ആവശ്യമുള്ള അനുവാദം വാങ്ങിവരുവാൻ പ്രയാസം ഉണ്ടായില്ല. 'എന്നാൽ വരൂ' അവർ സമ്മതിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു് ആ മനുഷ്യൻ തൻെറ സ്നേഹിതനെ ക്ഷണിച്ചു. ഇങ്ങിനെയുള്ള ഒരു പരിതോവസ്ഥയിൽ എത്തിച്ചേരുമെന്നു് ആ പൗരുഷവാദി വിചാരിച്ചിരുന്നതേഇല്ല. എന്താ നിവൃത്തി, ഇനി മാറാമോ, അതും പാടില്ല. ഏതായാലും ധൈര്യം അഭിനയിച്ചുകൊണ്ടു് ആ ആൾ അവിടെനിന്നു് എഴുനേററു് രംഗത്തിലേയ്ക്കുനടന്നു. സഭാവാസികളെല്ലാം കൈകൊട്ടി അയാളെ പ്രോത്സാഹിപ്പിക്കുകയുംചെയ്തു. അടുത്തുചെന്നമാത്രയിൽ സിംഹം അതിൻെറ വായ് തുറന്നതുകണ്ടു് അവൻ ഭയപ്പെട്ടുപോയി എങ്കിലും തൻെറ ഭീരുത്വം കണ്ടു് അപഹസിച്ചു ചിരിക്കുന്ന സക്സ്സ്പെൺകുട്ടികളെ കണ്ടപ്പോൾ അവൻ വീണ്ടും ധൈര്യം അവലംബിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—'നിങ്ങൾ അത്ര

ചിരിക്കുകയൊന്നും വേണ്ട. സിംഹത്തിന്റെ വായിൽ തല യിടുവാൻ എനിക്കു യാതൊരു പ്രയാസവും ഇല്ല ഇതാ നോക്കിക്കൊള്ളിൻ.'

"ശരി, ശരി, അതിന്നു പക്ഷേ നിങ്ങളെക്കൊണ്ടു സാധിക്കു മായിരിക്കാം. എന്നാൽ ആ തല തിരിച്ചുകിട്ടുന്നകാര്യം"—എന്നു സൎക്കസ്സ് പെൺകുട്ടികൾ.

"അതെന്താ! നിങ്ങളെപ്പോലെയുള്ള ഒരു പെൺകുട്ടിക്കു ചെയ്യാൻ സാധിക്കുമെങ്കിൽ എന്നെപ്പോലെയുള്ള ഒരു പുരുഷന്നു എന്തു കൊണ്ടു സാധിക്കുകയില്ല" എന്നുപറഞ്ഞു ശിരസ്സിൽനിന്നു തൊപ്പി യെടുത്തു, തലമുടിയെല്ലാം കൈകൊണ്ടു ഒന്നു മിനുക്കി വൃത്തിയാക്കി, സിംഹവക്ത്രത്തിലേയ്ക്കു തള്ളിക്കയററി. സിംഹവക്ത്രത്തിൽ മനുഷ്യശിരസ്സ്! അവന്റെ ധൈൎയ്യം നിശ്ശേഷം അസ്തമിച്ചുകഴിഞ്ഞു; പേടികൊണ്ടു ശരീരം തണുത്തു; തലയും കഴുത്തും ഉടലുമെല്ലാം കിടുകിടെ വിറച്ചു. സിംഹത്തിനു കാൎയ്യം മനസ്സിലായിക്കഴിഞ്ഞു. ഒരു ഇളയ ശിരസ്സ് തന്റെ വായിൽ സ്വമേധയാ തള്ളിക്കയറി വന്നിരിക്കുന്നതുകണ്ടു മൃഗരാജൻ സന്തോഷിച്ചു. 'ടപ്പ്'എന്നൊരു ശബ്ദം, കൃത്രിമധീരന്റെ ശിരസ്സ് ചമ്മന്തിയായിക്കഴിഞ്ഞു. ഇതു കണ്ടു മറെറാസ്നേഹിതൻ പറയുകയാണു:—"അവന്റെ ജനനത്തിനും സ്ത്രീ കാരണമായിത്തീൎന്നു; അവന്റെ മരണത്തിനും സ്ത്രീ കാരണമായിത്തീൎന്നു. ആത്മസംരക്ഷണത്തിനുവേണ്ടി സിദ്ധാന്തങ്ങളെ ബലികഴിക്കുന്നതിൽ തെററില്ല."

---

## ൮൨. ക്ഷണഭംഗുരം.

"ലോകത്തിൽ കാണപ്പെടുന്ന സകലവസ്തുക്കളും ക്ഷണഭംഗുരങ്ങൾ ആണു; ഒരുനിമിഷത്തിലധികം നേരത്തേയ്ക്കു ഒന്നുംതന്നെ നിലനില്ക്കുന്നില്ല" എന്നു ഒരു വിദ്വാൻ ഒരിക്കൽ ഒരുപ്രസംഗമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ നാം ദിവസേന ഒരേ വസ്തുവെത്തന്നെ കാണുന്നുണ്ടല്ലോ. അതു എങ്ങിനെയാണു? എന്നു എതിർവാദക്കാരൻ ചോദിച്ചു. അവയെല്ലാം ഒരേവിധം ഇരിക്കുന്നു എന്നു തോന്നുന്നതേയുള്ളു; വാസ്തവം അങ്ങനെയല്ല; ഇപ്പോൾ കണ്ടതല്ല പിന്നെ കാണുന്നതു. അനുനിമിഷം മാറിമാറിക്കൊണ്ടിരിക്കുകയാണു എന്നെല്ലാമായിരുന്നു പ്രസംഗകൎത്താവിന്റെ സമാധാനം. ഇതുകേട്ടു എതിർവാദി തല്ക്കാലം ഒന്നും മിണ്ടി

യില്ല. സഭ പിരിയാറായപ്പോൾ ആ സമൎത്ഥൻ പ്രസംഗകൎത്താവി ൻെറ അടുത്തുകൂടി, ആ ആൾ മററുള്ളവരുമായി ഓരോന്നു സംസാരി ച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ, ആ ആൾ അറിയാതെ, ആ ആളുടെ ഒരു പുസ്തകം കൈക്കലാക്കി അവിടെനിന്നു കടന്നു. പിറേറദിവസം 'ക്ഷണഭംഗുരസിദ്ധാന്തി' അവിടെയെല്ലാം പുസ്തകം തിരയുകയായി. അതുണ്ടു് ആ എതിർവാദിയുടെകയ്യിൽ ഇരിക്കുന്നു. പ്രസംഗകൎത്താ വിന്നു ദേഷ്യം വന്നു. "എടാ, കള്ള! നീ എന്തിനെടാ എൻെറപു സ്തകം കട്ടതു്?" എന്നു് ആക്രോശിച്ചു.

"ഢണെയ! നിൻെറ പുസ്തകമോ? അതു കാണാതായതു് എ പ്പോഴാണു്! അതു് ആരുടേതാണു്?" എന്നായി എതിർവാദി.

"എന്തു്! ആരുടേതെന്നോ? എൻേറതല്ലാതെ മററു് ആ രുടേതാണു്? ഞാൻ ഈ മേശപ്പുറത്തു വച്ചിരുന്നു. ഇന്നലെഅല്ലേ ഇവിടെനിന്നു കാണാതായതു്."

"നിങ്ങളുടെ ഇന്നലത്തെ പുസ്തകം ഇന്നലെത്തന്നെ നശിച്ചു പോയിരിക്കണം. ക്ഷണഭംഗുരമല്ലേ. ഇന്നലത്തെ നിങ്ങളും ഇന്ന ലെത്തന്നെ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഈ പുസ്തകം വേറേ ഒന്നു്; നിങ്ങൾ വേറെ ഒരാൾ. ഇന്നലത്തേതാണെന്നു വെറുതേതോ ന്നുകയാണു്. ആ തോന്നൽ വെറും അബദ്ധം. നിങ്ങളും പുസ്തക വും ഇന്നലത്തേതുതന്നെയാണു് ഇന്നും എന്നു നിങ്ങൾ സമ്മതിക്കു ന്നപക്ഷം വാദത്തിൽ ഞാൻ ജയിച്ചിരിക്കുന്നു; ഒന്നല്ല എന്നാണു പറയുന്നതെങ്കിൽ എനിക്കു പുസ്തകം ലഭിക്കുന്നു. ഇതിൽ ഏതാണു വേണ്ടതെന്നു തിരഞ്ഞെടുത്തുകൊള്ളുക."

"പുസ്തകം ഇങ്ങോട്ടു തന്നാട്ടെ. വാദത്തിൽ നിങ്ങൾ എന്നെ തോല്പിച്ചുകഴിഞ്ഞു എന്നു ഞാൻ വേണമെങ്കിൽ സമ്മതിച്ചേക്കാം. എൻെറ വസ്തുക്കളും എൻെറ പേർതന്നെയും ഞാൻ കളയാതെ സൂക്ഷിച്ചുകൊള്ളട്ടെ."

---

## ൮൩. മറയും മറയ്ക്കപ്പെട്ടതും.

---

"യാഥാൎത്ഥ്യം അയഥാൎത്ഥ്യത്താൽ, സത്യം അസത്യത്താൽ, ഈശ്വരൻ മായയാൽമൂടപ്പെട്ടിരിക്കുകയാണു്; നിങ്ങൾ ഈ മറയെ നീക്കി അതിനുള്ളിൽ ഇരിക്കുന്നസത്യത്തേയും ഈശ്വരനേയും അനു ഭവപ്പെടുത്തിക്കൊള്ളണം"എന്നു് ഒരു തത്വജ്ഞാനി ഒരിക്കൽ ഉപ ദേശിക്കുകയുണ്ടായി.

അതുകേട്ടു് ഒരു നിരീശ്വരവാദി:—"അതിനു കിടന്നു ബുദ്ധിമു

ട്ടേണ്ടതായ കാര്യം എന്തുണ്ട്? മറ എല്ലായ്പ്പോഴും മറയ്ക്കപ്പെടുന്ന തിനെക്കാരം വലിയതായിരിക്കുമല്ലോ. അതുകൊണ്ട് അസത്യം സ ത്യത്തെക്കാളും, മായ ഈശ്വരനെക്കാളും വലുതായിരിക്കണം" എന്നു് എതിർവാദം ചെയ്തു.

"ഈശ്വരനിൽനിന്നും സത്യത്തിൽനിന്നും ഒരൊററക്കിരണമെ ങ്കിലും ലഭിക്കുവാൻ സാദ്ധ്യമല്ലാത്തവിധം നിങ്ങരം അത്രയ്ക്കു് അക ലെയാണെങ്കിൽ അങ്ങിനെ തോന്നിയേക്കാം. പലപ്പോഴും കാർമേ ഘങ്ങരം സൂര്യനെ നിശ്ശേഷംമറയ്ക്കുന്നതായി നിങ്ങരം കാണാറില്ലേ. എന്നാൽ മേഘം സൂര്യനെക്കാരം വലുതാണെന്നു വിചാരിക്കുന്ന മ ണ്ടന്മാർ വല്ലവരുമുണ്ടോ? മേഘം സൂര്യനിൽനിന്നു വളരെ അകന്നും ഭൂമിക്കു വളരെ അടുത്തും ആയി സ്ഥിതിചെയ്യുന്നതുകൊണ്ടാണു് മേഘം സൂര്യനെക്കാരം വലുതാണെന്നു തോന്നിപ്പോകുന്നതു്."

---

## ൮൪. താജ്മഹൽ ഇന്ത്യനോ?

---

ഒരിക്കൽ ഡാംഭികനായ ഒരു യൂറോപ്യൻ തന്റെ ഇന്ത്യൻസ്നേ ഹിതനോടായി:—"താജ്മഹളിന്റെ സ്വരൂപസൃഷ്ടിചെയ്തതു് ഒരു ഇത്താലിയനാണു്; ഇന്ത്യനൊന്നും അല്ല" എന്നു തെല്ലു് അഹംഭാ വത്തോടുകൂടി പറയുകയുണ്ടായി.

"ജോലിക്കാരെല്ലാം ഇന്ത്യാക്കാരായിരുന്നുവല്ലോ" എന്നു് അതി നുത്തരമായി ഇന്ത്യാക്കാരൻ പറഞ്ഞു.

"ഓ! അതു സാരമില്ല; ഒരു ഗ്രന്ഥകാരൻ തന്റെ ഗ്രന്ഥം പ റഞ്ഞുകൊടുക്കുന്നു; എഴുത്തുകാരൻ അതുകേട്ടു പകത്തുന്നു. ഈ എഴു ത്തുകാരനു് ആ പുസ്തകത്തിന്റെ കർത്തൃത്വത്തിൽ എന്തുപങ്കാണു് ഉള്ളതു്?" എന്നായി യൂറോപ്യൻ

"താജ്മഹളിന്റെ ആശയം ജനിച്ചതെങ്കിലും ഒരു ഇന്ത്യൻ വനിതയിൽനിന്നാണല്ലോ."

"അല്ല, പേർഷ്യൻ വനിതയിൽനിന്നാണു്."

"പണിചെയ്യിച്ചതെങ്കിലും ഇന്ത്യനാണല്ലോ."

"അല്ല, മുകിലനാണു്."

"സാമാനങ്ങളെങ്കിലും ഇന്ത്യനല്ലയോ?

"അല്ല, ഇററലിയിൽനിന്നും പേർഷ്യയിൽനിന്നും കൊണ്ടുവ ന്ന വെണ്ണക്കല്ലുകൊണ്ടാണു പണിചെയ്യിച്ചിട്ടുള്ളതു്."

"ചെലവാക്കിയ പണമെങ്കിലും ഇന്ത്യയിലേതല്ലേ?"

"അല്ല; തിമൂർ പേഷ്യയിൽനിന്നു് കൊള്ളചെയ്തെടുത്ത പണത്തിൽ ശേഷിപ്പുണ്ടായിരുന്നതുകൊണ്ടായിരിക്കണം അതു് പണികഴിപ്പിച്ചിരിക്കുക."

"കെട്ടിടം ഇന്ത്യയിൽ അല്ലേ?" എന്നു് സൌമ്യനായ ഇന്ത്യൻ ചോദിച്ചപ്പോൾ യൂറോപ്യൻപ്രമാണി പറയുകയാണു്:—"അതേ, നിർഭാഗ്യവശാൽ അതുമാത്രം ഇന്ത്യയിൽ ആയിപ്പോയി. എന്നാൽ ഒരു ഗവർണർജനറാൾ വിചാരിച്ചിരുന്നുഎങ്കിൽ താജ്മഹളിന്റെ ചുട്ടുകട്ടകളും ഹർമ്മ്യങ്ങളും സ്തൂപങ്ങളും ഗോപുരങ്ങളും എല്ലാം ഒരു തരികൂടി ഇവിടെ ശേഷിപ്പിക്കാതെ അമേരിക്കയിലേക്കു് കപ്പൽകയററാമായിരു"ന്നെന്നു ആ യൂറോപ്യൻ ഇച്ഛാഭംഗത്തോടെ പറഞ്ഞു.

"ഏതായാലും ഇന്ത്യനായി ചിലതെങ്കിലും അവശേഷിച്ചിരിപ്പുണ്ടല്ലോ. പാദുകംമുതൽ സ്തൂപംവരെ സർവ്വം വിദേശീയമായിരിക്കുന്ന താജ്മഹളിനെ കാണുവാനായി സമസ്തലോകവും ഇന്ത്യയിലേക്കല്ലേ വരേണ്ടിയിരിക്കുന്നതു്" എന്നു് ഇന്ത്യൻസ്നേഹിതൻ പ്രസ്താവിച്ചു.

---

## ൮൫. ശിശുശുശ്രൂഷാകേന്ദ്രം.

---

തെക്കേഇന്ത്യയിലൊരിടത്തു് ഒരിക്കൽ ഒരു ശിശുശുശ്രൂഷാകേന്ദ്രമാരംഭിക്കുകയുണ്ടായി. ആഴ്ചയിൽ ഒരിക്കൽ എല്ലാ കുട്ടികളേയും അവിടെ കൊണ്ടുവരണം എന്നാണു് നിശ്ചയം. അങ്ങിനെ കൊണ്ടുവരുന്ന കുട്ടികളെയെല്ലാം വൃത്തിയായി എണ്ണതേച്ചുകുളിപ്പിച്ചു് അവൎക്കു് മതിയാകുന്നതുവരെ പാലും ബിസ്കററും കൊടുക്കുക പതിവാണു്. ഇതിന്റെ അദ്ധ്യക്ഷൻ ഒരു സൎക്കാരുദ്യോഗസ്ഥൻ ആയിരുന്നു. തന്റെ മേൽനോട്ടത്തിലുള്ള കേന്ദ്രം അതികേമമായിനടക്കുന്നു എന്നു് ആ ആൾക്കുണ്ടു് ഒരഹംഭാവം. ആ നാട്ടുകാരെല്ലാം തന്നെയും തന്റെ സഹപ്രവൎത്തകന്മാരെയും അതിയായി ശ്ലാഘിക്കുന്നുണ്ടായിരിക്കുമെന്നും, അവരെല്ലാം കൃതജ്ഞതയുള്ളവരായിത്തന്നെ ഇരിക്കുമെന്നും അദ്ദേഹം വിചാരിച്ചു. അവരുടെ നിഷ്കപടമായസ്തുതിമൊഴികൾ കേൾക്കുവാൻ ആ ഉദ്യോഗസ്ഥനു് വലിയ കൊതിയായി. ഇദ്ദേഹം ഒരു ദിവസം വേഷപ്രച്ഛന്നനായി ശുശ്രൂഷാകേന്ദ്രത്തിൽ ചെന്നു. ഒരുപാടു് കുട്ടികളെ അവിടെ കൊണ്ടുവന്നിട്ടു് കുട്ടികളെ തേച്ചുകുളിപ്പിച്ചുകഴിഞ്ഞപ്പോഴേയ്ക്കും അവിടെ അവരുടെ വിളിയോടുവിളി ആയി. പാലും ബിസ്കററും കിട്ടേണ്ട താമസം;

അത്യാൎത്തിയോടെ വാങ്ങി കഴിക്കുന്നു. ഇതെല്ലാം കണ്ടു് ഉദ്യോഗസ്ഥൻ ഒരു കുഞ്ഞിന്റെ തള്ളയോടു് ചോദിക്കുകയാണു്:—

ഉദ്യോഗസ്ഥൻ:—“ഈ കേന്ദ്രം എങ്ങനെ ഇരിക്കുന്നു. ഇതിനെപ്പററി നിങ്ങൾക്കുള്ള അഭിപ്രായം എന്താണു്?”

“എനിക്കു് ഒട്ടും പിടിച്ചിട്ടില്ല” എന്നു് ആ സ്ത്രീ അലക്ഷ്യമായി പറഞ്ഞു.

“നിങ്ങൾ ഇങ്ങനെ പറയുന്നതു് എന്തുകൊണ്ടാണു്?” ഉദ്യോഗസ്ഥൻ അത്ഭുതപരതന്ത്രനായി ചോദിക്കുകയാണു്.

“ഇതു നടത്തുന്നവൎക്കു യാതൊരുബോധവും ഇല്ല. വെറും മണ്ടശ്ശിരോമണികൾ. ഭാവംകണ്ടാൽ ഒന്നും പറയണ്ട. ഞങ്ങളുടെ കുട്ടികൾക്കു സൂപ്പും, പാലും, ബിസ്കററും മററും എന്നും കൊടുക്കുവാൻ ഞങ്ങളെക്കൊണ്ടു സാധിക്കുന്നതാണോ? ഇവിടെ വരുമ്പോൾ കിട്ടുന്നതു് ആഴ്ചയിൽ ഒരിക്കൽ ബാക്കി ആറുദിവസവും കുട്ടികൾ അവിടെക്കിടന്നു് കയററുകുകയാണു്. ഞങ്ങൾ എന്തുചെയ്യാനാ! ഇങ്ങിനെയുള്ള ഏൎപ്പാടുകൾ നടപ്പിലാക്കുമ്പോൾ, നാട്ടിൻപുറങ്ങളിലെ സ്ഥിതിഗതികളെ നല്ലപോലെ ചിന്തിക്കാതിരുന്നാൽ, പ്രത്യേകഗുണങ്ങൾ ഒന്നും ഉണ്ടാകുവാനിടയില്ലെന്നു് ഈ തിരുമണ്ടന്മാർ എന്നു് അറിയുവാനാണാവോ?

ഈ ഉദ്യോഗസ്ഥനു് പിടിപ്പതായി.

---

## ൮൩. ത്രിവിധദൃഷ്ടികൾ.

ഇന്ത്യയിൽ താമസക്കാരനായിരുന്ന ഒരു ഇംഗ്ലീഷുകാരനു് ഒരു ഇന്ത്യൻമഹാത്മാവെഴുതിയ ഒരു മതഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തൎജ്ജമ വായിക്കുവാൻ ഒരിക്കൽ ഇടയായി. “ഈശ്വരനെ കണ്ടതിനുശേഷംമാത്രമാണു് ഈശ്വരനെ കാണുവാൻ സാധിക്കുന്നതല്ല എന്നു് ഒരുവനു ബോദ്ധ്യംവരുന്നതു്” എന്നു് അതിൽ ഒരിടത്തു പ്രസ്താവിച്ചിരുന്നു. സായിപ്പു് അതുകണ്ടു് അന്ധാളിച്ചു. പിന്നെ അതിനെപ്പററി അദ്ദേഹം ഒരു ഇന്ത്യൻസ്നേഹിതനോടു പറയുകയാണു്:—“അദ്ദേഹം ഒരു വലിയ വിദ്വാനാണെന്നായിരുന്നു എന്റെ വിശ്വാസം. ഈ പ്രസ്താവന കണ്ടിരുന്നില്ലെങ്കിൽ ഞാൻ ഇന്നും അങ്ങിനെതന്നെ വിശ്വസിക്കുമായിരുന്നു. ഇപ്പോഴാകട്ടെ ഈ ഭോഷത്ത്വംകണ്ടു് അതിശയിക്കാതിരിക്കുന്നതെങ്ങിനെ? ഒരു വിദ്വാനു് ഇത്രവലിയ മണ്ടത്തം എഴുതുവാൻ സാധിക്കുമോ?”

"നിങ്ങൾ വിചാരിക്കുന്നതുപോലെ യോഗ്യനായ ഒരാൾ പറയുന്നതു മണ്ടത്തരമായിരിക്കയില്ല എന്നു നിങ്ങൾക്കു വിചാരിച്ചുകൂടായിരുന്നുവോ?" എന്നായി ഇൻഡ്യൻസ്നേഹിതന്റെ ചോദ്യം.

'അതെങ്ങിനെ സാധിക്കും. ഇതിൽനിന്നു എന്തൊരൎത്ഥമാണു നിങ്ങൾക്കു ഉണ്ടാക്കുവാൻ സാധിക്കുന്നതു്?" എന്നു ഇംഗ്ലീഷുകാരൻ വീണ്ടും അതിശയിച്ചു ചോദിച്ചു.

"സാധാരണബുദ്ധിക്കു് അറിയാവുന്നതല്ലേ ഇതിലുള്ളു." ഇന്ത്യൻ പറയുകയാണു്:—"നിങ്ങൾ എന്നെ പ്രത്യക്ഷമായി കാണുന്നതു് ഏതൊരുപ്രകാരമോ, അപ്രകാരംതന്നെ ഈശ്വരനേയും തങ്ങളുടെ മാംസചക്ഷുസ്സുകൊണ്ടു പ്രസ്പഷ്ടം കാണണം എന്നാണു പല പല ഭക്തന്മാരുടേയും ആഗ്രഹം. എന്നാൽ ഈശ്വരനു ശരീരം ഇല്ലാത്തതുകൊണ്ടു് ഈശ്വരനെ കാണുവാൻ ആൎക്കും സാധിക്കുകയും ഇല്ല. ഈശ്വരൻ സാകാരനായിരുന്നാൽ കൂടെയും, ആ ശരീരം നമ്മുടെ മാംസചക്ഷുസ്സുകൾക്കു ഗോചരമായി ഭവിക്കയില്ല. കണ്ണുകളുടെ ശക്തി കേവലം പരിമിതമാണു്. വിദ്ധ്യുൽശക്തി മുതലായി ലൌകികങ്ങളായ പലതും ഇന്നു നമ്മുടെ ദൃഷ്ടികൾകൊണ്ടു കാണുവാൻ സാധിക്കുന്നില്ലല്ലോ. അതുകൊണ്ടു് ഈശ്വരനെ കാണുവാൻ മനുഷ്യനു മാനസചക്ഷുസ്സുകൊണ്ടു നോക്കുക എന്ന ഏകോപായംമാത്രമേ ഉള്ളു. അങ്ങിനെ മാനസചക്ഷുസ്സുകൊണ്ടു് ഈശ്വരനെ കാണുമ്പോഴാണു മുമ്പു കണ്ടതെല്ലാം വെറും മായയാണെന്നും ഈശ്വരനെ മാംസചക്ഷുസ്സുകൊണ്ടു കാണുവാൻ സാധിക്കുന്നതല്ലെന്നും ബോദ്ധ്യംവരുന്നതു്. ഈ പ്രസ്താവനയുടെ അൎത്ഥം ഇതാകുന്നു.'

"മാനസചക്ഷുസ്സുകൊണ്ടു കാണുക എന്നുള്ളതിന്റെ അൎത്ഥം എന്താണു്? അതു വെറും സങ്കല്പം മാത്രമല്ലയോ?" എന്നു ഇംഗ്ലീഷുകാരൻ പിന്നെയും ചോദിച്ചു

'അല്ല; മുഴുവനും അങ്ങിനെയല്ല. നിങ്ങൾ ഉറക്കത്തിൽ വെയിലു്, നിലാവു്, മരങ്ങൾ, ചെടികൾ, മൃഗങ്ങൾ, പക്ഷികൾ, പുരുഷന്മാർ, സ്ത്രീകൾ, വൃദ്ധന്മാർ, കുട്ടികൾ ഇവരെയെല്ലാം സ്വപ്നം കാണാറില്ലേ. കാണുന്നതെല്ലാം ജാഗ്രത്തിൽ എന്നപോലെ പ്രസ്പഷ്ടമായിട്ടും അല്ലേ. ഇതെല്ലാം കാണുവാൻ നിങ്ങൾ കണ്ണു തുറന്നുവച്ചുകൊണ്ടാണൊ ഉറങ്ങുന്നതു്? അതിനാൽ കാണുവാൻ ഈ സ്ഥൂലചക്ഷുസ്സല്ലാതെ മറെറാരു ചക്ഷുസ്സുകൂടെ ഉണ്ടെന്നു സ്പഷ്ടമാകുന്നില്ലയോ. മാനസചക്ഷുസ്സ് എന്നു പറയപ്പെടുന്നതു് ഇതാണു്. വെറും സങ്കല്പം ഒന്നുമല്ല; പ്രത്യക്ഷകാഴ്ചതന്നെ ആകുന്നു" എന്നു് ഇന്ത്യൻ വ്യാഖ്യാനിച്ചു.

"ഇതെല്ലാം പരമാൎത്ഥംതന്നെ.' ഇംഗ്ലീഷുകാരൻ പറയുക

യാണ്:—'എന്നാൽ ഇതെല്ലാം ആ തത്വചിന്തകൻതന്നെ പറഞ്ഞിരുന്നു എങ്കിൽ എത്ര നന്നായിരുന്നു."

"അതെന്തിനു്?" ഇന്ത്യൻ വീണ്ടും പറയുകയാണു്:—"ബീജഗണിതത്തിൽ ഏതെങ്കിലും ഒരു ഉപരിഗ്രന്ഥം എടുത്തുനോക്കിയാൽ അതിൽ "ഠ" എന്ന സംജ്ഞയെപ്പററി വല്ല വിവരവും കാണുന്നതാണോ. ആ പുസ്തകം വായിക്കുവാൻതുടങ്ങുന്നതിനു മുമ്പായി ആ വിദ്യാൎത്ഥി അതെല്ലാം അറിഞ്ഞിരിക്കണം എന്നാണു നിശ്ചയം. അതുപോലെ ഈ പുസ്തകം വായിക്കുവാൻ പുറപ്പെടുന്നവനും ത്രിവിധദൃഷ്ടികളെപ്പററി സാമാന്യബോധം മുൻകൂട്ടി സമ്പാദിച്ചിരിക്കുമെന്നാണു് ഗ്രന്ഥകൎത്താവു വിചാരിച്ചിട്ടുള്ളതു്.

"ത്രിവിധദൃഷ്ടികളോ? അതെന്താണു്?" ഇംഗ്ലീഷുകാരൻ അത്ഭുതപ്പെട്ടു ചോദിച്ചു.

അതേ. ത്രിവിധദൃഷ്ടികൾ—മാംസദൃഷ്ടി, മനോദൃഷ്ടി, വിശ്വാസദൃഷ്ടി ഇവയാണു്.

---

## ൮൧. ഡാക്ടർബഹളം.

---

ഇപ്പോൾ കുറേ ഏറെജാതി വൈദ്യന്മാർ ഇറങ്ങീട്ടുണ്ടു്. ഇംഗ്ലീഷുവൈദ്യൻ, ആയുൎവേദവൈദ്യൻ, യുനാനിവൈദ്യൻ, സിദ്ധവൈദ്യൻ, ഹോമിയോവൈദ്യൻ, ക്രോമിയോ (വൎണ്ണചികിത്സ)വൈദ്യൻ, ഹൈഡ്രോ (ജലചികിത്സ)വൈദ്യൻ എന്നുവേണ്ട പലരും പലതും. എല്ലാവൎക്കും ഉണ്ടു് ഒരുസംഘം അനുയായികളും. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇവരെക്കൊണ്ടു് നിവൃത്തിയില്ലാതായിരിക്കുന്നു. ഇതെല്ലാംകണ്ടു് അഭ്യസ്തവിദ്യനായ ഒരു മദിരാശിക്കാരൻ ഇവയിൽ ഏതാണു നല്ല സമ്പ്രദായമെന്നു് ആരായുവാൻ തീൎച്ചയാക്കി, അന്വേഷണങ്ങളും പരിശോധനകളും നടത്തിനോക്കുകയുമുണ്ടായി. രണ്ടുകൊല്ലം തികച്ചും ഇങ്ങനെ കഴിച്ചുകൂട്ടിയശേഷം. അദ്ദേഹം ഒരു പത്രപ്രവൎത്തകനുമായുള്ള അഭിമുഖസംഭാഷണത്തിൽ തന്റെ തീരുമാനത്തെപ്പററി ഇങ്ങിനെയാണു് രേഖപ്പെടുത്തിയിരിക്കുന്നതു്.

"എല്ലാററിലുംവച്ചു നല്ല സമ്പ്രദായം ഏതാണെന്നാണു് അങ്ങയുടെ അഭിപ്രായം" എന്നു പത്രപ്രവൎത്തകൻ ചോദിച്ചു.

"അതു് എനിക്കു് അറിഞ്ഞുകൂടാ" പരിശോധകൻ പറഞ്ഞു. "എല്ലാററിലും ചില ചില ഗുണങ്ങൾ എല്ലാം ഉണ്ടു്. ഇംഗ്ലീഷുവൈദ്യസമ്പ്രദായത്തിനാണു് അധികം പ്രചാരമെന്നു തോന്നുന്നു.

അതിനു് ഒരു ശരിയായ വ്യവസ്ഥയും അതിൽ സാമാന്യം രക്ഷയും ഇല്ലാശ്ശയില്ല. എന്നാൽ ഈയിടെയായി കുത്തിവെക്കൽ എന്ന ഒരു വിദ്യ കടന്നുകൂടിയിട്ടുണ്ടു്. എന്തിനും ഏതിനും കുത്തിവെപ്പുതന്നെ. ഒരു ശരണവും ഇല്ല. അവസാനം നിങ്ങളുടെ ശരീരം രോഗങ്ങളുടെ ഒരു ക്രൂത്തരംഗായി പരിണമിക്കുകയായി. സന്നിപാതജ്വരം, വിഷൂചിക, വസൂരി, പ്ലേഗ്ഗ്, മലമ്പനി എന്നുവേണ്ട എന്തെല്ലാം വിഷങ്ങളാണു് അവർ ശരീരത്തിൽ കുത്തിവയ്ക്കുന്നതെന്നു ദൈവത്തിനു മാത്രം അറിയാം. ചാണകം ആയുർവേദഭിഷക്കുകൾക്കു പത്ഥ്യമാണെങ്കിൽ കുതിരച്ചാണകം അലോപ്പതിവൈദ്യന്മാക്കു് അപത്ഥ്യമാണു്. രണ്ടിനും മതിയായ കാരണങ്ങൾ ഒന്നും ഇല്ലാതാനും. അലോപ്പതിവൈദ്യൻ എന്റെ ബുദ്ധികൊണ്ടു് അറിയുവാൻ വയ്യാത്തവിധം വലിപ്പമുള്ള 'തത്വജ്ഞാനഭണ്ഡാഗാരനായകപ്രമാണി'യും ആകുന്നു."

എന്താ സേർ! അങ്ങിനെ പറയുന്നതു്? ഇതിന്റെ സാരം എനിക്കു മനസ്സിലാകുന്നില്ല.

രോഗി ജീവിച്ചാലുംശരി. രോഗി മരിച്ചാലുംശരി, ബില്ല് ഒന്നു വരുന്നകാര്യം തീച്ച്.

പൃച്ഛകൻ ചിരിച്ചുകൊണ്ടു വീണ്ടും ചോദിക്കുകയാണു്:— ആയുർവേദം, യുനാനി, സിദ്ധം എന്നീ സമ്പ്രദായങ്ങളെപ്പററി സേർ എന്തുപറയുന്നു?

'എന്തുപറയുവാനാണു്. അവ എത്തിയേടത്തോളം നല്ലതുതന്നെ. പക്ഷേ വേണ്ടിടത്തോളം എത്തിക്കഴിഞ്ഞില്ലെന്നേയുള്ളു. കഷായം, കുഴമ്പു്, ചൂർണ്ണം, ഗുളിക മുതലായവ മനുഷ്യക്കുവേണ്ടിയുള്ളവയാണെന്നും, അല്ലാതെ മനുഷ്യർ അവയുടെ പ്രയോഗരംഗമായി സൃഷ്ടിക്കപ്പെട്ടവരല്ലെന്നും അവർ മനസ്സിലാക്കേണ്ടതായിട്ടുണ്ടു്. മാത്രമല്ല, രോഗം ഭേദമാകുവാനുള്ള കാലത്തിന്റെ വ്യാപ്തി ഒരു പുരുഷായുസ്സേയുള്ളു എന്നും അവർഅവശ്യംഅറിഞ്ഞിരിക്കേണ്ടതാകുന്നു.'

"ഹോമിയോപ്പതിയോ സേർ!"

"ഈ സമ്പ്രദായപ്രകാരം അനേകം രോഗങ്ങൾ ഭേദപ്പെട്ടത്തിയ പല അത്ഭുതകഥകളും ഞാൻ കേൾക്കുകയുണ്ടായിട്ടുണ്ടു്. ഞാൻ ഒരിക്കൽ അവരുടെ ഒരു ഗുളിക വാങ്ങുകയുണ്ടായി. അതു വായിൽവീണോ, വേറേവല്ലേടത്തുംപോയോ, പല്ലുകൾക്കിടയിലെങ്ങാനും ഒട്ടിയിരുന്നോ, അതോ വയററിലേയ്ക്കു് ഇറങ്ങിയോ എന്നൊന്നും പറയുവാൻ വഹിയാ. അത്രയ്ക്കു് അണുപ്രമാണമായിരുന്നു അതു്. ഈ സ്ഥിതിക്കു ഹോമിയോസമ്പ്രദായത്തിനു് എന്തെങ്കിലും ഗുണം സങ്കല്പിക്കുവാനോ, ദോഷംസങ്കല്പിക്കുവാനോ എന്നെക്കൊണ്ടു് സാധിക്കുകയില്ല.

"ക്രോമോപതി (വൎണ്ണചികിത്സാസമ്പ്രദായം)യോ സേർ?"

"നിഷ്പ്രഭമായി കിടക്കുകയായിരുന്നു ചിരകാലമായി ആ സമ്പ്രദായം. എന്നാൽ ഈയിടെയായി അല്പസ്വല്പം പ്രകാശിക്കുവാൻ തുടങ്ങീട്ടുണ്ട്. ഈ കൂട്ടർ കാൎയ്യത്തെ കാരണമായി തെററിദ്ധരിക്കുന്നുണ്ടോ എന്നാണു് എനിക്കുള്ള സംശയം. വൎണ്ണത്തെ ഉണ്ടാക്കുന്നതു് ആരോഗ്യമാണു്; അല്ലാതെ വൎണ്ണം ആരോഗ്യത്തെ ഉണ്ടാക്കുകയല്ല."

"ഹൈഡ്രോപ്പതി (ജലചികിത്സാസമ്പ്രദായം)യൊ സേർ?"

'എല്ലാസമ്പ്രദായക്കാരും ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ വെള്ളം ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഈ സമ്പ്രദായത്തെ ഏതു സമ്പ്രദായത്തോടുകൂടി വേണമെങ്കിലും കൂട്ടിച്ചേൎത്തു കൊള്ളാം."

"അതുകൊണ്ട് സേർ, അങ്ങയുടെ മൊത്തത്തിൽ ഉള്ള അഭിപ്രായം എന്താണു്?"

"ഏതുസമ്പ്രദായം വേണമെങ്കിലും നിങ്ങൾ പരിശോധിച്ചു നോക്കിക്കൊള്ളുവിൻ. അതുകൊണ്ടു നിങ്ങൾ മനസ്താപിക്കേണ്ടതായി വരികയില്ല. ഈ സമ്പ്രദായങ്ങളിൽ ഏതെങ്കിലും നിങ്ങൾ പരിശോധിച്ചു നോക്കാതിരിക്കുകയാണെങ്കിൽ അതുകൊണ്ടും നിങ്ങൾ മനസ്താപിക്കേണ്ടതായിവരികയില്ല."

---

## ൫൫. വിഷവൈദ്യൻെറ ദൂതലക്ഷണം.

ഒരുദിക്കിൽ പ്രസിദ്ധനായഒരു വിഷവൈദ്യൻ ഉണ്ടായിരുന്നു. നിമിത്തങ്ങൾകൊണ്ടു ഫലം പറയുന്നതിൽ ഈ വൈദ്യൻ വളരെ വിദഗ്ദ്ധനും ആയിരുന്നു. ആരെങ്കിലുംചെന്നു വിഷഭയത്തെപ്പററി പറഞ്ഞാൽമതി; അവൻെറ നില, ഭാവം, ആകൃതി, പ്രകൃതി മുതലായവകളെക്കൊണ്ട് രോഗം സാദ്ധ്യമാണോ, അസാദ്ധ്യമാണോ എന്നുഖണ്ഡിച്ചുപറയുവാൻ ആ വൈദ്യനു പ്രയാസമേതുംഉണ്ടായിരുന്നില്ല രോഗിയെ കാണേണ്ടതായ ആവശ്യമൊന്നും ആ വൈദ്യനില്ല.

ഇദ്ദേഹത്തിൻെറമകൻ താമസിക്കുന്നതു് ഒരുന്തുരുനാഴികഅകലെയാണു് ഒരുദിവസം രാത്രി, ഈ മിടുക്കനെ ഒന്നു പരിക്ഷിക്കണം എന്നു നിശ്ചയിച്ചു്, ഒരാൾചെന്നു വൈദ്യനെവിളിച്ചുണത്തി:— "പറയുവാൻ എനക്കു വളരെ വ്യസനമുണ്ടു്. എന്തുചെയ്യാം, നിവൃ

ത്തിയില്ലല്ലോ. ഇന്നലെ നിങ്ങളുടെ മകനെ വിഷംതീണ്ടിയിരിക്കുന്നു" എന്നു് അറിയിച്ചു അതുകേട്ടു് അത്യന്തപരിഭ്രമത്തോടുകൂടി: "എന്തു്! എന്റെ മകനെയോ? എന്റെ മകനെയോ?" എന്നുചോദിച്ചു. "അതേ, ചികിത്സയ്ക്കായി ഞാൻ അവനെ ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. വെളിയിൽ ചിലരുമായി സംസാരിച്ചുനില്ക്കുകയാണു്" എന്നായിരുന്നു മറുപടി. "പരിഭ്രമിക്കാനൊന്നുമില്ല; ഈ ദംശനം ഒട്ടും ആപല്ക്കരമായതല്ലതന്നെ. അതെനിക്കു രീച്ച്യയായും പറയുവാൻ സാധിക്കും" എന്നു് ആ ഭിഷഗ്വരൻ ശാന്തമായി പറഞ്ഞു.

---

## ൨൯. അപ്രതീക്ഷിതമായ സമാധാനം.

---

ഒരു സ്കൂൾഇൻസ്പെക്ടർ ഒരിക്കൽ ഒരു പ്രാഥമികപള്ളിക്കൂടം പരിശോധിക്കുന്നതിനിടയിൽ ഒരു ചെറിയ കുട്ടിയോടു്:—"ഏഴെട്ടു എത്ര?'' എന്നു ചോദിച്ചു. അതുകേട്ടു് ആ കൊച്ചുകുട്ടി പൊട്ടിച്ചിരിച്ചുപോയി. ഇൻസ്പെക്ടർ പിന്നെയും പിന്നെയും പലതവണ ആവർത്തിച്ചു് ചോദിച്ചുനോക്കി എങ്കിലും, ചോദ്യം മുറുകുന്നേടത്തോളം കുട്ടി പൂർവ്വാധികം ഉച്ചത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നതേ ഉള്ളു. ഒടുവിൽ ഇൻസ്പെക്ടർ ഈ ശ്രമം നിഷ്ഫലമെന്നു കരുതി, അതിൽനിന്നു വിരമിച്ചു് ക്ലാസ്സുമുറിവിട്ടു പുറത്തിറങ്ങിപ്പോയി ഇൻസ്പെക്ടർ പുറത്തിറങ്ങിയശേഷം ക്ലാസിലെ അദ്ധ്യാപകൻ ആ കുട്ടിയെ വിളിച്ചു്-ഇൻസ്പെക്ടരുടെ ചോദ്യത്തിനു് സമാധാനംപറയാതെ, പൊട്ടനെപ്പോലെപൊട്ടിച്ചിരിക്കുകമാത്രം ചെയ്തതെന്താണെന്നു ചോദിച്ചു അതിനു് കുട്ടിപറഞ്ഞ സമാധാനം ഇങ്ങിനെ ആയിരുന്നു:—"എന്താസേറേ! ഇൻസ്പെക്ടർ വളരെ പഠിപ്പുള്ള ആളാണെന്നല്ലേ ഞാൻവിചാരിച്ചിരുന്നതു്! അദ്ദേഹം എന്നോടു ചോദിക്കുകയാണു് 'ഏഴെട്ടു് എത്രയാണു്' എന്നു്. അതുകൂടെ അദ്ദേഹത്തിനു് നിശ്ചയമില്ലല്ലോ. പിന്നെ എന്തു് ഇൻസ്പെക്ടരാണു് ഇൻസ്പെക്ടർ. ഹ. ഹ. ഹ!"

---

## ൩൦. മരവും പലകയും.

---

ഒരുവൻ, വെള്ളപ്പൊക്കകാലത്തു് ഒരുദിവസം ആററിൽ ഇറങ്ങി കുളിച്ചുകൊണ്ടിരിക്കുമ്പോൾ അബദ്ധത്തിൽ കാൽ തെററി വെ

ള്ളത്തിൽ വീണുപോയി. ആ സാധുവിന്നു നീന്തുവാൻ അറിവില്ലാ തിരുന്നതുകൊണ്ടു് ഒഴുക്കിൽപ്പെട്ടു് ഒഴുകിത്തുടങ്ങി. കുറേ താഴെ, കരയിൽനിന്നു് പത്തിരുപതുവാര അകലെയായി വെള്ളത്തിൽ ഒരു മരം നില്പുണ്ടു്. ഈ ദുർഭഗൻ അതിന്മേൽ പിടിച്ചുകയറി തല്ക്കാലം ആ ആപത്തിൽനിന്നു രക്ഷപ്പെട്ടു. പത്തുപതിനഞ്ചു മിനിട്ടുനേരം അവൻ ആ മരത്തിന്മേൽത്തന്നെ പിന്നേയും ഇരുന്നുനോക്കി ആരേയും എങ്ങും കാണുന്നില്ല. തന്നെത്താൻ കരപററുവാനും സാധിക്കുകയില്ല. ഇങ്ങിനെ എത്രനേരം ഇരിക്കേണ്ടിവരും എന്നറിയാതെ അവൻ വ്യസനിച്ചു അപ്പോൾ ഉണ്ടു് ഒരു പലക ഒലിച്ചുവരുന്നു. അതു് കുറേക്കൂടെകരയ്ക്കടുത്താണു് മാത്രമല്ല, ആ പലക കരയിലേയ്ക്കു് നീങ്ങിപ്പോകുന്നതായും അവനു തോന്നി. "ഹ! ആ പലക നോക്കുക. അതു കരയ്ക്കു് എത്ര അടുത്തിരിക്കുന്നു. മാത്രമല്ല, അതിന്റെ ഗതിതന്നെ കരയിലേയ്ക്കും ആകുന്നു. ഈ കൊള്ളരുതാത്ത മരത്തെ ഉപേക്ഷിച്ചു് ആ പലകയെ അവലംബിക്കുന്നതാണു് ഭേദം. എന്നാൽ എനിക്കു് താമസിയാതെ കരയ്ക്കെത്താം. ഈ മരത്തിന്മേൽ ഞാൻ എത്രകാലം ഇരുന്നാലും ഇവിടെത്തന്നെ ഇരിക്കുകയല്ലാതെ ഒരിഞ്ചുപോലും കരയ്ക്കടുക്കുകയില്ല. അതിനാൽ മരത്തെയുപേക്ഷിച്ചു് പലകയെ പിടിക്കുന്നതുതന്നെയാണു് ബുദ്ധിപൂർവ്വകമായിരിക്കുന്നതു്. എന്നിങ്ങനെ പറഞ്ഞുകൊണ്ടു് അവൻ ആ മരം വിട്ടു പലകമേലയ്ക്കൊരു ചാട്ടംകൊടുത്തു. ആ പലക ചാട്ടത്തിന്റെ ശക്തികൊണ്ടു് വെള്ളത്തിൽ താഴുകയും പിടിയിൽനിന്നു് വിട്ടുപോകുകയും നീന്തൽ അറിയാത്ത ആ ദുർഭഗൻ വെള്ളംകുടിച്ചു മരിച്ചുപോകുകയും ചെയ്തു.

---

## ൯൭. ഒരു മതഭ്രാന്തന്റെ അപേക്ഷ.

ടിപ്പുസുൽത്താൻ മൈസൂർരാജ്യം വാണുകൊണ്ടിരിക്കുന്നകാലമാണു്. 'പൂർണ്ണയ്യ' എന്ന ബ്രാഹ്മണനെ പ്രധാനമന്ത്രിയായി നിയമിക്കുകയും ചെയ്തിരിക്കുന്നു. ഒരു ഇസ്ലാംമതഭ്രാന്തനു ഈ ബ്രാഹ്മണനിയമനം ഒട്ടും രസമായില്ല. അതിനാൽ ആ പരധർമ്മവിദ്വേഷി സുൽത്താന്റെ അരികിൽച്ചെന്നു് ചോദിക്കുന്നു.

വിദ്വേഷി—"മഹാരാജാവേ! ഇസ്ലാംമതത്തിന്റെ നേതാവായകമായ അവിടുന്നു്, ഒരു ആത്മാർത്ഥവിശ്വാസിയായിരുന്നിട്ടും അവിശ്വാസിയായ ബ്രാഹ്മണനെ പിടിച്ചു് മന്ത്രിയാക്കിയിരിക്കുന്ന

തെന്തിനാണ്? ഒരു മുസൽമാനെ എന്തുകൊണ്ട് ഈ സ്ഥാനത്തേയ്ക്കു് നിയമിച്ചുകൂടാ?"

സുൽത്താൻ —"ശരിയാണ്. ഒരു മുസ്ലിമിനെത്തന്നെ പ്രധാന മന്ത്രിയാക്കേണ്ടതായിരുന്നു. ആകട്ടെ, പൂർണ്ണയ്യായുടെ സാമത്ഥ്യത്തിൽ പകുതിസാമത്ഥ്യമെങ്കിലും ഉള്ള ഒരു മുസൽമാൻ ഉണ്ടെങ്കിൽ അവനെ ഇവിടെ കൂട്ടിക്കൊണ്ടുവരിക. അവനെ മന്ത്രിയായി നിയമിക്കുവാൻ എനിക്ക് സന്തോഷമേ ഉണ്ടായിരിക്കുകയുള്ളൂ.

വിദ്വേഷി: എൻെറ അറിവിൽ പെട്ടിടത്തോളം അങ്ങിനെ ആരേയും കാണുന്നില്ലല്ലോ!

സുൽത്താൻ:—"അങ്ങിനെയാണോ! എന്നാൽ പൂർണ്ണയ്യായെ ഒരു ഇസ്ലാം ആകുവാൻ പ്രേരിപ്പിച്ചുനോക്കുക. അതും എനിക്കു സന്തോഷംതന്നെ ആകുന്നു."

വിദ്വേഷി:—"പൂർണ്ണയ്യ ഒരിക്കലും അതിന്നനുകൂലിക്കുകയില്ല."

സുൽത്താൻ:—"എന്നാൽ ഞാൻ വിചാരിച്ചാൽ നിവൃത്തിയൊന്നും ഇല്ല. പൂർണ്ണയ്യായുടെ സാമത്ഥ്യത്തിൽ പകുതിസാമത്ഥ്യം പോലും ഇല്ലാത്ത ഒരു മുസൽമാനെ പ്രധാനമന്ത്രിയായി നിയമിക്കുന്നതു് ഒരു മുസൽമാനെ മൈസൂർരാജ്യം ഭരിക്കുവാൻ അയോഗ്യനാക്കിത്തീക്കുന്നതായിരിക്കും.

---

## ൪൨. കോഹിനോർരത്നവും സൗന്ദര്യവും.

---

മഹാനായ റഞ്ചിത്ത്സിങ്ങ് മരിക്കാറായിക്കിടക്കുന്ന കാലമാണ്. അദ്ദേഹത്തിന്നു പ്രിയതമവും ലോകപ്രസിദ്ധവുമായ 'കോഹിനോർമഹാരത്നം' കയ്യിൽ ഇരിപ്പുണ്ടു്. ഈ ദിവ്യരത്നത്തെ പുരിയിലെ 'ജഗന്നാഥ' സ്വാമിക്കു് അടിയറവയ്ക്കുവാനാണു തീച്ചയാക്കിയിരിക്കുന്നതു്. ഈ വിവരം അറിഞ്ഞു് രാജസദസ്സിലെ അതിസുന്ദരിയായ ഒരു ദാസി രാജസന്നിധിയിൽ ചെന്നു് ഇങ്ങിനെ അറിയിച്ചു:—

ദാസി:—"മഹാപ്രഭോ! ലോകത്തിലെ അതിമനോഹരമായ കോഹിനോർരത്നം ജഗന്നാഥത്തിലെ ആ വൃത്തികെട്ട വിഗ്രഹം അണിയുകയാണെങ്കിൽ, അതിൽപ്പരം ദയനീയമായി മററെന്താണു് ഉണ്ടാകുവാനുള്ളതു്?"

രഞ്ജിത്ത്സിങ്ങ്:—"എന്നെപ്പോലെ വൃത്തികെട്ട ഒരാളല്ലേ ഈ രത്നം ഇത്രകാലവും അണിഞ്ഞിരുന്നതു്. ഇനി അതിനെ ഒരു വൃത്തികെട്ട വിഗ്രഹംതന്നെ അണിയുന്നതായാൽ എന്താണു് ദോഷംവരാനുള്ളതു്? ലോകത്തിലെ ഏററവും സുന്ദരിയായ സ്ത്രീക്കുകൂടി കൊടുക്കുവാൻ വിസമ്മതിച്ചിരുന്ന ഞാൻ, ഇപ്പോൾ അതിനെ ഒരു വൃത്തികെട്ട വിഗ്രഹത്തിനായി അടിയറവയ്ക്കുവാൻ സമ്മതിച്ചിരിക്കുന്നതിൽ എന്തോ വിശേഷവിധി ഉണ്ടാകാതിരിക്കയില്ലെന്നു് നിങ്ങൾക്കു മനസ്സിലാക്കുവാൻകഴിയുന്നില്ലേ? ഏവംവിധമുള്ള ഭക്തിക്കു് വിഷയമായിരിക്കുന്നവിഗ്രഹം കേവലം വൃത്തികെട്ടതൊന്നും ആയിരിക്കയില്ല.

---

## ൯൩. ദേവിമാരുടെ വിജയം.

---

ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻ ഇവരാണു ഹിന്ദുക്കളുടെ ത്രിമൂർത്തികൾ. ബ്രഹ്മാവു സൃഷ്ടിക്കുന്നു, വിഷ്ണു സംരക്ഷിക്കുന്നു, മഹേശ്വരൻ സംഹരിക്കുന്നു. പ്രാപഞ്ചികവിഷയങ്ങളെപ്പററി ഇവർ ചെയ്യുന്ന തീരുമാനങ്ങളിൽ അവരുടെ ഭാര്യമാരായ സരസ്വതി, ലക്ഷ്മി, പാർവ്വതി ഇവരുടെ അഭിപ്രായം എത്രമാത്രം അന്വേഷിക്കേണ്ടതുണ്ടു് എന്നതിനെപ്പററി ആലോചിച്ചു തീരുമാനിക്കുവാനായി പണ്ടൊരു കൂടിയാലോചന നടത്തുകയുണ്ടായി. ആ യോഗത്തിൽവച്ചു തീരുമാനിച്ചതു്, പ്രാപഞ്ചികവിഷയത്തെ പരാമർശിച്ചു്, ദേവിമാരുമായി ആലോചിക്കേണ്ടതായ കാര്യമൊന്നും ഇല്ലെന്നും അവർ മൂർത്തികളുടെ സ്വകാര്യജീവിതത്തിൽമാത്രം ഭാഗഭാക്കുകളായിരുന്നാൽമതിയെന്നും ആയിരുന്നു. ഈ തീരുമാനം ദേവിമാരെ അറിയിച്ചപ്പോൾ അവരും അവരുടെ പ്രതിഷേധത്തെ രേഖപ്പെടുത്തുവാനും അവകാശവാദം ചെയ്യുവാനും ആയി ഒരു യോഗം കൂടി. ഈ യോഗം കൂടിയിരുന്നതു് മഹാലയ അമാവാസിദിവസമായിരുന്നു. (പിറേറന്നു നവരാത്രി ആരംഭിക്കുകയായി.) ഈ പ്രതിഷേധയോഗത്തിൽവച്ചു്, ദേവിമാർ മൂന്നുപേരും, അവരുടെ അവകാശം പൂർണ്ണമായി അനുവദിച്ചുകിട്ടുന്നതുവരെ തങ്ങളുടെ ഭർത്താക്കന്മാരുമായി നിസ്സഹകരിക്കുവാൻ തീർച്ചയാക്കി.

വിദ്യാദേവതയായ സരസ്വതി സത്യദേവനായ ബ്രഹ്മാവിനെ വിട്ടുപിരിഞ്ഞു. ലോകം അസ്വസ്ഥതയിൽ ആണ്ടു. ലവംപോലും അറിവില്ലാതെ വെറും സത്യപ്രകൃതിമാത്രമായി അവശേഷിച്ച ബ്ര

ഹ്മാവിനെ അത്ര ബഹുമാനിക്കാതെയായി. ആ ദേവനെ കേവലം ഒരു മിണ്ടാപ്രാണിയുടെക്കൂട്ടത്തിൽ തള്ളപ്പെട്ടുകയും ചെയ്തു. സത്യസമ്പർക്കമില്ലാത്ത ശുദ്ധജ്ഞാനംമാത്രമായിത്തീർന്ന സരസ്വതീദേവിയെ ബഹുമാനിക്കുവാനും അധികംപേർ ഉണ്ടായില്ല. എന്നാൽ വിദ്വൽപരിഷകളുടെ ഇടയിൽ ദുർല്ലഭം ചിലർ ഇല്ലാതെയുമിരുന്നില്ല. ഒമ്പതുദിവസം ബ്രഹ്മാവ് വാശിപിടിച്ചു നിന്നുനോക്കി. പ്രയോജനമൊന്നും ഉണ്ടാകാതിരുന്നതുകൊണ്ട് പത്താംദിവസം വിജയദശമിനാൾ—ബ്രഹ്മാവ് സരസ്വതിക്കു കീഴടങ്ങുകയും തുല്യാവകാശം അനുവദിച്ചുകൊടുക്കുകയും ചെയ്തു ബ്രഹ്മാവും സരസ്വതിയും, അതായത് സത്യവും വിദ്യയും പുനഃസംഘടനം ചെയ്ത ആ വിജയദശമിദിവസത്തെ ഇന്നും സരസ്വതിപൂജയ്ക്കും പൊതുവിൽ ഉത്സവത്തിന്നുമായി വിനിയോഗിച്ചുവരുന്നു.

ധനദേവതയായ ലക്ഷ്മീദേവിയും സംരക്ഷണാധികാരിയായ ഭർത്താവിൻെറനേരെ മത്സരത്തിനു പുറപ്പെട്ടു. പാലാഴിയിൽ അനന്തതല്പത്തിലാണല്ലോ ഭഗവാൻ പള്ളിക്കുറിപ്പുകൊള്ളുന്നത്. ദേവി ആദ്യമായി അതിലെ പാലെല്ലാം ഇല്ലാതാക്കി. വിഷ്ണു വിഷമിച്ചു; എങ്കിലും നിലംമതി എന്ന സമാധാനത്തോടുകൂടി പാലാഴിക്കടിയിലുള്ള തറയിൽ മെത്തവച്ച് അവിടെ കിടപ്പായി. ദേവി ആ തറയും അങ്ങ് നീക്കംചെയ്തു പിന്നെ ഭഗവാൻെറ കിടപ്പ് വായുവിൽ അങ്ങനെ തൂങ്ങിക്കളിച്ചുകൊണ്ടായിത്തീർന്നു. ഭഗവാൻ അതുകൊണ്ടും കൂട്ടാക്കിയില്ല. ലക്ഷ്മീദേവി മെല്ലെ ആ വായുവും അവിടെനിന്നങ്ങ് എടുത്തു. വിഷ്ണുവതാ വെറും ശൂന്യത്തിൽ! ഭരണാധികാരിക്കു ഭരിക്കുവാൻ ശൂന്യത്തിൽ എന്തുണ്ട്? ഭഗവാൻ വിഷമിച്ചു. "ഞാൻ ഇവിടെ എന്തിനെയാണ് സംരക്ഷിക്കേണ്ടത്?" എന്നായി. ഇതുകേട്ട് ദേവി—"അങ്ങനെ വരട്ടെ! ഇപ്പോഴം മനസ്സിലായോ; നിങ്ങൾ ഭരിക്കുന്നതെല്ലാം എൻെറ സമ്പത്തു വച്ചുകൊണ്ടാണെന്ന്? അതുകൊണ്ട് ഭരണകാര്യത്തിൽ നിങ്ങൾ എന്നോട് ആലോചിച്ചുകൊണ്ടുതന്നെ നടക്കണം." വിഷ്ണു സമ്മതിച്ചു. ഇതും വിജയദശമിദിവസംതന്നെആയിരുന്നു അതുകൊണ്ടാണ് ഇന്നും വിജയദശമിദിവസം മഹാലക്ഷ്മിയെ പൂജിക്കുന്നതും ആനന്ദൈശ്വര്യങ്ങളുടെ, അതായത് വിഷ്ണുലക്ഷ്മിമാരുടെ പുനഃസംഘടനയുടെ സ്മരണയ്ക്കായി ഉത്സവം കൊണ്ടാടുന്നതും

ശ്മശാനദേവതയാണ് പാർവ്വതീദേവി. സംഹാരമൂർത്തിയായ പരമശിവൻെറ സഹധർമ്മചാരിണിയായ ഈ ദേവിയും തുടങ്ങി ഭർത്താവുമായൊരുമത്സരം പക്ഷേ ഈ മത്സരത്തിൻെറ സ്വഭാവമൊന്നു വേറെ ആയിരുന്നു ശിവൻ കുറേ ദാംഭികനായ ഒരാളാണെന്ന് പാർവ്വതിക്കറിയാം. പ്രതാപം ഭ്രമിച്ച് അവിവേകമായി എന്തും

പ്രവൎത്തിക്കും. വീണ്ടുവിചാരം കുറേ കുറവാണ്. ഇതൊന്നു മനസ്സിലാക്കിക്കൊടുക്കണം; സ്വാതന്ത്ര്യം കുറേകുറയ്ക്കുകയുംവേണമെന്നു ദേവി നിശ്ചയിച്ചു അതിനാൽ മഹിഷാസുരനെ പറഞ്ഞിളക്കി ശിവന്റെ അടുത്തേയ്ക്കു് അയച്ചു ദേവന്മാരാലോ, അസുരന്മാരാലോ, മനുഷ്യരാലോ താൻ വദ്ധ്യനായിത്തീരരുതു് എന്നുള്ളവരമായിരുന്നു മഹിഷാസുരൻ അഭ്യൎത്ഥിച്ചതു്. ശിവൻ അങ്ങനെതന്നെ ഒരുവരം അവനു ദാനം ചെയ്യുകയുംചെയ്തു. അസുരനല്ലേ ആള്! മദംകൊണ്ടു ദൎപ്പിതനായ ആ അസുരപ്രമാണി ഉടനേതന്നെ 'ഇട്ടകൈക്കു കടിക്കുവാൻ' ഉള്ള പുറപ്പാടായി ശിവൻ ഓടി; അതുപോലെതന്നെ മററു ദേവന്മാരും ഓടടാഓട്ടം! മനുഷ്യരേയും സുരരേയും ലക്ഷക്കണക്കിനാണ് ആ അസുരൻ ദിവസേന പിടിച്ചുതിന്നുന്നതു്. എന്താ നിവൃത്തി! എല്ലാവരും കൂടിച്ചേൎന്നു് സങ്കടനിവൃത്തി ഉണ്ടാക്കിത്തരണം എന്നു് എല്ലാ ദേവന്മാരോടും അപേക്ഷിച്ചുനോക്കി. പരമശിവൻ കൊടുത്ത വരമല്ലേ! അവർ എന്തുചെയ്യുവാനാണ്. ദേവിമാരെക്കൊണ്ടും നിവൃത്തി ഏതും ഉണ്ടായില്ല. "അസുരന്റെ അടുത്തു് വിദ്യകൊണ്ടെന്തു പ്രയോജനം!" എന്നുപറഞ്ഞു സരസ്വതി ഒഴിഞ്ഞു. "പണംകൊടുത്തു തൃപ്തിപ്പെടുത്തി ഒരു അസുരനെ മനുഷ്യഹിംസയിൽനിന്നും ദേവഹിംസയിൽനിന്നും വിരമിപ്പിക്കുവാൻ സാധിക്കുന്നതാണോ?" എന്നു ചോദിച്ചുകൊണ്ടു് ലക്ഷ്മീദേവിയും ഒഴിഞ്ഞു. പിന്നെ എല്ലാവരുംകൂടി പാൎവ്വതീദേവിയുടെസന്നിധിയിൽ ചെന്നു് ഈ പരമസങ്കടത്തിനു് ഏതെങ്കിലും നിവൃത്തിയുണ്ടാക്കിക്കൊടുക്കണം എന്നു് അപേക്ഷിക്കുകയായി. ഇതിനു സമാധാനമായി ദേവി പറഞ്ഞതു്—"ശിവന്റെ നടപടിപ്പിശകുകളെ ശിവൻ സമ്മതിക്കുകയും, മേലിൽ എല്ലാസംഗതികളും എന്നോടാലോചിച്ചു് പ്രവൎത്തിച്ചുകൊള്ളാമെന്നു് ഏല്ക്കുകയുംചെയ്യുന്നതായാൽ ഞാൻ ഇതിനു് ഏതെങ്കിലും ഉപശാന്തി ഉണ്ടാക്കുവാൻ ശ്രമിക്കാം" എന്നായിരുന്നു. അതുകേട്ടു് വിഷ്ണുവും ബ്രഹ്മാവും ദേവന്മാരും മനുഷ്യരും എല്ലാം കൂടി പുറപ്പെട്ടു്, പരമശിവൻ ഒളിച്ചിരിക്കുന്നേടം കണ്ടെത്തി, വിവരങ്ങൾ എല്ലാം അറിയിച്ചു. ദേവിയുടെ ഇഷ്ടപ്രകാരം നടന്നുകൊള്ളാമെന്നു് വാഗ്ദാനംചെയ്വാനും സമ്മതിപ്പിച്ചു. പ്രാപഞ്ചികരക്ഷയ്ക്കു മററു ഉപായങ്ങൾ ഇല്ലെന്നുകണ്ടു് പരമശിവൻ അങ്ങിനെതന്നെ വാഗ്ദാനം ചെയ്യുകയും ചെയ്തു

പാൎവ്വതീദേവി സിംഹവാഹനത്തിന്മേൽഏറി മഹിഷാസുരനു നേരേ പുറപ്പെട്ടുകഴിഞ്ഞു. ദേവി അസുരസമീപം ചെന്നു്:—"നീ ഒരു വെറും അസുരൻ; ഒരു പെണ്ണായ എന്നോടു് എതിൎത്തുനില്ക്കുവാൻ നിനക്കു ശക്തിപോര" എന്നു് സാടോപം ഗൎജ്ജിച്ചു. ഈ

പറഞ്ഞതു് വെറും പരമാത്ഥംമാത്രമാണെന്നു് അസുരപ്രമാണിക്കു് ബോധ്യം ഉണ്ടായിരുന്നതിനാൽ വിജയത്തിൽ വലിയ വിശ്വാസം ഇല്ലാത്തവനായിത്തീൎന്നു. എങ്കിലും തൻെറ സൈന്യങ്ങളുടെ മുന്നണിയിൽ കടന്നുനിന്നു് ഘോരഘോരം പോരാടി. ഘോരനായ മഹിഷാസുരനും ഘോരഘോരയായ മഹിഷാസുരമൎദ്ദിനിയുംതമ്മിൽ ഉണ്ടായ യുദ്ധം ഇന്നപ്രകാരമെന്നു വൎണ്ണിക്കുവാൻ ആരാലും സാധിക്കുകയില്ല. അണ്ഡകടാഹം നന്നെ കിടുകിടെ വിറച്ചു. സപ്തവാരിധികളും കലങ്ങി. കുലപൎവ്വതങ്ങൾ എല്ലാം കുലുങ്ങി; ഒടുവിൽ ഭഗവതിക്കു തന്നെയാണു് വിജയം സിദ്ധിച്ചതു്. മഹിഷാസുരൻ ഹതനായി; മഹിഷാസുരൻെറ അന്തമില്ലാത്ത ഭടന്മാരും ഹതരായിക്കഴിഞ്ഞു. ദേവിയുടെ ചുററുപാടും ലക്ഷോപലക്ഷം ശവങ്ങളാണു് വീണുകിടക്കുന്നതു്.

ഈ വിശ്വസനലഹരികൊണ്ടുണ്ടായ മതിഭ്രംശത്തോടുകൂടി ദേവി സംഹാരതാണ്ഡവം ആരംഭിച്ചിരിക്കുകയാണു്. ബന്ധു എന്നോ ശത്രു എന്നോ; വദ്ധ്യനെന്നോ അവദ്ധ്യനെന്നോ ഉള്ള ഭേദങ്ങൾ ഒന്നും ഇപ്പോൾ ദേവിക്കു് ഉണ്ടെന്നുതോന്നുന്നില്ല. അടുത്തുചെല്ലുന്ന ഭക്തന്മാർകൂടെ പാദഹതിയേററു് അസ്തമിച്ചുപോകുന്നു. ദേവിയെ സമീപിക്കുവാൻ ആൎക്കും ഇല്ല ധൈൎയ്യം. ലോകംതന്നെ അല്പനിമിഷത്തിനുള്ളിൽ പൊടിഞ്ഞുപോകും എന്ന മട്ടായി.

“വെളുക്കാൻ തേച്ചു പാണ്ഡു പിടിക്കുകയാണോ ചെയ്തതു്. മഹിഷാസുരനെ തടയാതെ വിട്ടിരുന്നു എങ്കിൽ ഏതാനും സംവത്സരങ്ങൾകൊണ്ടേ ലോകം നശിക്കുമായിരുന്നുള്ളു ദേവി ഇതാ അല്പം നാഴികയ്ക്കുള്ളിൽത്തന്നെ ഭസ്മമാക്കുമെന്നുതോന്നുന്നു. ഹാ! നിസ്സഹായിയായ ലോകമേ! നിൻെറ കഥ എത്ര ദയനീയം!!” എന്നിങ്ങനെ ബ്രഹ്മാവു വിലപിക്കുവാൻ തുടങ്ങി.

അതുകണ്ടു മഹാവിഷ്ണു പറയുകയാണു്:– “വേഗംചെന്നു ലോകത്തെ രക്ഷിച്ചുകൊള്ളണം” എന്നു്. അതുകേട്ടു്,

ബ്രഹ്മാവു്:—“അതു് എന്നെക്കൊണ്ടു് ആകുന്ന കാൎയ്യമല്ല. ഞാൻ തന്നെ അസുരനെപ്പേടിച്ചു് ഒളിച്ചിരിക്കുകയാകുന്നു ദേവി ആ അസുരനെക്കാൾ എത്രയോമടങ്ങു് അധികം ശക്തിയുള്ളവളാണു്. ഞാൻ ചെന്നു് ദേവിയോടെതിരിടുന്നതെങ്ങിനെ? അവിടുന്നുതന്നെ പോയി ദേവിയെ ഈ പ്രചണ്ഡതാണ്ഡവത്തിൽനിന്നും വിരമിപ്പിക്കുക. ദേവി അവിടുത്തെ സഹോദരിയും ആണല്ലോ”

വിഷ്ണു:—എനിക്കു് അതിനു് വിരോധമുണ്ടായിട്ടല്ല. എന്നാൽ വിവാഹിതകളായ സ്ത്രീകൾക്കു് ഇക്കാലത്തു് സഹോദരന്മാരോടു

ഉണ്ടാകുന്ന ബഹുമാനം കേവലം തുച്ഛമായിട്ടാണു് കണ്ടുവരാറുള്ളതു്. മാത്രമല്ല, സ്ത്രീയെ നിയന്ത്രിക്കുവാൻ ഏററവും ഉചിതനായ ആൾ അവളുടെ ഭർത്താവും ആകുന്നു അതുകൊണ്ടു നമുക്കു് പരമശിവനെത്തന്നെ പറഞ്ഞയയ്ക്കുവാൻ ശ്രമിക്കണം.

എന്തിനേറെ പറയുന്നു; എല്ലാവരുംകൂടി ശിവനെ നിർബ്ബന്ധിക്കുകയായി. സമ്മതിക്കാതെ എന്താ നിവൃത്തി. ആ ദേവദേവൻ ദേവിയെ സമാധാനിപ്പിക്കുവാൻ പുറപ്പെട്ടുകഴിഞ്ഞു.

എന്നാൽ നല്ല വിശ്വാസത്തോടുകൂടിയുള്ള പുറപ്പാടായിരുന്നില്ല അതു്. ലോകനാശം വരുത്തുവാനുള്ള ദേവിയുടെ പ്രചണ്ഡതാണ്ഡവമാണായതെന്നു് പരമശിവൻ അറിയാതെയുമിരുന്നില്ല. ഏതായാലും അടുത്തുചെന്നു ദേവി കണ്ടതേ ഇല്ല ഈ പുറപ്പാടു്. ദേവിയുടെ താണ്ഡവവേഗത്തിൽപ്പെട്ടു് പരമശിവൻ നിലംപതിച്ചുപോയി. അതും ദേവി അറിഞ്ഞില്ല പിന്നെ ആ വീണുകിടക്കുന്ന ശിവൻെറ വക്ഷഃസ്ഥലത്തുകയറിനിന്നായി താണ്ഡവം. ആ കഥയും ദേവി അറിയുന്നില്ല. ഇത്രയും കണ്ടപ്പോഴേയ്ക്കു് വിഷ്ണുവും ബ്രഹ്മാവും മററുള്ളവരും ഭയവിഹ്വലരായി അത്യുച്ചം നിലവിളിച്ചു.

"പതിവ്രതകൾ ആരുംതന്നെ പണ്ടു് ഇങ്ങിനെ ചെയ്യുകയുണ്ടായിട്ടില്ല" എന്നു് അവർ ഉറക്കെ ആക്ഷേപിച്ചുപറഞ്ഞു അപ്പോഴാണു് പാർവ്വതീദേവി താഴത്തേയ്ക്കു നോക്കിയതും താൻ നൃത്തം ചെയ്യുന്നതു് പരമശിവൻെറ വക്ഷഃസ്ഥലത്തിൽ കയറ നിന്നുകൊണ്ടാണെന്നു് ദേവിക്കു് മനസ്സിലായതും. ദേവിക്കു് വസ്ത്രമില്ല; ആഭരണമില്ല; അലങ്കാരമില്ല ദേവി ലജ്ജിച്ചു നാക്കുകടിച്ചുപോയി. അതിനാൽ അസുരസൈന്യങ്ങളുടെ കൈകൾ വെട്ടിയെടുത്തു മാലയായി കെട്ടി അരയ്ക്കുചുററും ചാർത്തി. ഏതാനും ചില അസുരന്മാരുടെ തല വെട്ടിയെടുത്തു് മണികളാക്കിയും, മഹിഷാസുരൻെറശിരസ്സ് നടുനായകമാക്കിയും മാലകെട്ടി കഴുത്തിലിട്ടു. പിന്നെയാണു് ഭർത്താവിനെ പിടിച്ചെഴുന്നേല്പിച്ചതും ആലിംഗനം ചെയ്തതും. ഈ ആലിംഗനത്തിൽ പാർവ്വതീപരമേശ്വരന്മാരുടെ ശരീരം അന്യോന്യം യോജിച്ചുപോയി; ഭഗവാൻ 'അർദ്ധനാരീശ്വരൻ' ആയും തീർന്നു. വിജയദശമിദിവസം കാലത്തെ സംഭവമാണു് ഇതെല്ലാം. ഈ ദിവസം ശ്രീപാർവ്വതിയെ പ്രത്യേകമായി പൂജിക്കുകയും ശിവനും ശക്തിയും ആയ പാർവ്വതീപരമേശ്വരന്മാരുടെ പുനഃസംഘടനയുടെ സ്മരണക്കായി ഉത്സവം കൊണ്ടാടുകയും ഇന്നും പതിവാണു്.

## ൯൮. മടി മരണത്തിലേക്കു്.

കേളുവും നാണപ്പനും രണ്ടു തികഞ്ഞ മടിയന്മാരാണു്. രണ്ടുപേൎക്കും കഴിച്ചിലിനു വകയൊന്നും ഇല്ല. ദിവസേന കൂലിപ്പണിയെടുത്തു കിട്ടുന്നതുകൊണ്ടുവേണം ഉപജീവിക്കുവാൻ. ധാരാളം കൂലിക്കാർ പണിയെടുക്കുന്നേടത്തേ ഇവർ ജോലിക്കു പോകയുള്ളു. തരംപറയാനും പടപറയുവാനും ബഹുവിരുതു്. കഠിനമായ പ്രവൃത്തി ഒന്നുംതന്നെ തൊടുകപോലും ഇല്ല. രണ്ടും മൂന്നും മിനിട്ടുകൂടുമ്പോൾ തല ഒന്നു ചൊറിയണം; പണിആയുധം ഒന്നു നേരേയാക്കണം; അരമണിക്കൂർ കൂടുമ്പോൾ മുണ്ടു് ഒന്നു അഴിച്ചുചുററണം; വെള്ളം കുടിക്കണം; മൂത്രംഒഴിക്കണം; ഇവ ഒന്നുംതന്നെ ആവശ്യമായിട്ടല്ല അത്രനേരം പണിയെടുക്കാതെ കഴിക്കാമല്ലോ എന്നാണു് വിചാരം. ഇവരുടെ സ്വഭാവം ക്രമേണ എല്ലാവൎക്കും മനസ്സിലായി; അതിനുശേഷം അവരെ ആരും പണിക്കു വിളിക്കാതെയും ആയി. പട്ടിണികിടന്നു നന്നേ വിഷമിച്ചു. ഒരുദിവസം അടുത്തുള്ള ഒരു വീട്ടിൽ ഭിക്ഷയാചിക്കുവാൻചെന്നു അവിടെ ഒരു നല്ല മൂപ്പിനുണ്ടു്. അദ്ദേഹത്തോടുപറയുകയാണു്:—"അമ്മാമ! ഞങ്ങൾക്കു വിശപ്പുകൊണ്ടു ഒരു നിവൃത്തിയും ഇല്ല. പട്ടിണികിടന്നു ചാകാറായിരിക്കുന്നു" എന്നു്. അതുകേട്ടു് മൂപ്പിന്നു ഇങ്ങിനെപറഞ്ഞു:—അതേ, അങ്ങിനെതന്നെവരും. ആ രോഗത്തിനു് ഈ ലക്ഷണം സാധാരണമാണു്. മടി മരണത്തിൽ കൊണ്ടുചെന്നു ചാടിക്കും എന്നുള്ളതു് പരമാൎത്ഥമാണു്. ഞാൻ ഒരു കഥപറഞ്ഞുതരാം കേട്ടുകൊള്ളുവിൻ"

"പണ്ടു് ഒരു രാജ്യത്തു് ബഹുമടിയനായ ഒരു ഒട്ടകം ഉണ്ടായിരുന്നു. ഒരുജോലിയും എടുക്കുവാൻ അതിനു കഴിയുകയില്ല. അതു് ഒരുദിവസം ഈശ്വരനോടു് തനിക്കു് ഒരു നീളമുള്ള കഴുത്തു കിട്ടണമെന്നു് അഭ്യൎത്ഥിച്ചു കഴുത്തിനു ചുരുങ്ങിയതു ഒരുമൈൽ എങ്കിലും നീളം വേണമെന്നായിരുന്നു അതിൻെറ മോഹം. എന്നാൽ ഇരതേടി എങ്ങും പോകാതെ കഴിക്കാമല്ലോ. യാതൊരു ബുദ്ധിമുട്ടുംകൂടാതെ നിന്നേടത്തുനിന്നുതന്നെ തിന്നാൽ മതിയല്ലോ. ഇങ്ങിനെ ആയിരുന്നു ആ മടിയൻെറ ആഗ്രഹവും പ്രാൎത്ഥനയും ഈശ്വരൻ അങ്ങിനെതന്നെ ഒരു വരവും കൊടുത്തു കുറേദിവസത്തേയ്ക്കു ഒട്ടകത്തിനു് വളരെ സന്തോഷമായി. മടി; മടി; നിന്നേടത്തുനിന്നു നീങ്ങുവാൻതന്നെ ബഹുവിഷമം. ഇതു അടുത്തുള്ള ചില കുറുക്കന്മാർ മനസ്സിലാക്കി. ഒട്ടകം ഇളകുന്നില്ല; ശുദ്ധശവംപോലെ നിന്നേടത്തുതന്നെ നില്ക്കുന്നതേയുള്ളു. കഴുത്താണെങ്കിൽ ഒരുപാടു് നീ

ളും അതൊട്ടു വളയ്ക്കുവാനും വഹിയാ. നമുക്കു് ഒന്നു് പരിശോധിക്കാം' എന്നിങ്ങനെ വിചാരിച്ചു ഒട്ടകത്തിന്റെ അടുത്തുചെന്നു് പുറത്തു് ചാടിക്കയറി. ഒട്ടകം അപ്പോഴും മടികൊണ്ടു് ഇളകുന്നില്ല. ഗോമായുക്കൾ കഴുത്തിന്റെ അടിബ്ഭാഗം കരളുകയായി. ആ ഉഷ്ട്രപ്രമാണി നോക്കിക്കൊണ്ടുതന്നേ നിന്നു. കഴുത്തു് കടിച്ചുറക്കുന്നതുവരെ ഒന്നും ചെയ്വാൻ അതിനെക്കൊണ്ടു് സാധിച്ചില്ല. ചാകുമ്പോൾ ഒട്ടകം പറയുകയാണു്:—"ഞാൻ മടി അഭ്യസിക്കാതിരുന്നിരുന്നു എങ്കിൽ ഇങ്ങിനെ മരിക്കേണ്ടിവരികയില്ലായിരുന്നേനെ" എന്നു്.

കേളുവും നാണപ്പനും ഈ കഥയിൽനിന്നു ഒരു ഗുണപാഠം പഠിച്ചു. അവര ആ വൃദ്ധനെ വണങ്ങിപ്പോയി. പിറ്റേദിവസം മുതൽ മടികളഞ്ഞു, ഉത്സാഹികളായ നല്ലവേലക്കാരായി, സുഖജീവിതം നയിക്കുകയും ചെയ്തു.

---

## ൯൫. രക്കപ്പന്റെ കഴുത.

---

രക്കപ്പൻ ഒരു വലിയ 'ധോബി'യാണു്. മലയാളത്തിൽ ഒരു വലിയ ഗ്രാമത്തിലാണു് താമസം. അവനു് ഒരു കഴുതയുണ്ടു്. ബഹുസമർത്ഥത്തി; ഒരു പട്ടക്രൂററൻകഴുത. അതിനും അതിന്റെ യജമാനനും തമ്മിൽ പല സംഗതികളിലും ഉണ്ടു നല്ല യോജിപ്പു്. നാട്ടുകാർക്കു് രണ്ടിനേയും വളരെഭയമാണു്. വണ്ണാൻ വസ്ത്രം പൊളിക്കുവാൻ വിരുതനായിരുന്നതുപോലെ കഴുത വേലി പൊളിക്കുവാനും വിരുതുകൂടിയതായിരുന്നു കള്ളു് രണ്ടുകൂട്ടർക്കും പ്രിയമാണു്. അവനവനു് അവകാശപ്പെടാത്തതു് അപഹരിക്കുവാൻ വിരുതു ഇരുകൂട്ടർക്കും കൂടും. രജകൻ വസ്ത്രഭാണ്ഡം ഏററുവാനാണു് ഇതിനെ സാധാരണയായി ഉപയോഗിച്ചിരുന്നതു്. കാട്ടുകളിൽനിന്നു് വിറകുകെട്ടു് കൊണ്ടുവരുവാനും ചിലപ്പോഴെല്ലാം ഉപയോഗിക്കാറുണ്ടെന്നേയുള്ളു. രാത്രിയായാൽ രക്കപ്പൻ തന്റെ കഴുതയെ അങ്ങു് അഴിച്ചുവിട്ടേയ്ക്കും. പിന്നെ പുലരുന്നതുവരെ അതിനു് സക്കീട്ടുതന്നെ. കണ്ടവരുടെ കൃഷിസ്ഥലങ്ങളിലും മലക്കറിത്തോട്ടങ്ങളിലും ആണു് ആ ഗർദ്ദഭറാണിയുടെ സൈരവിഹാരം. നെല്ലാണെങ്കിൽ നെല്ലു്, പയറാണെങ്കിൽ പയറു്, കരിമ്പാണെങ്കിൽ കരിമ്പു്. വാഴയാണെങ്കിൽ വാഴ, കുമ്പളമാണെങ്കിൽ കുമ്പളം, വെള്ളരിയാണെങ്കിൽ വെള്ളരി, എന്തായാലുമില്ല അലംഭാവം കണ്ണിനുമുമ്പിൽ കണ്ടതെല്ലാം അപ്പടി അടിച്ചുകൊള്ളും. പുലരുന്നതിനുമുമ്പു്.

താൻ ഇതൊന്നും കണ്ടതുമില്ല, കേട്ടതുമില്ല എന്ന ഭാവത്തിൽ വീട്ടിൽച്ചെന്നു നില്ക്കുകയും ചെയ്യും. ഇങ്ങനെ കണ്ടതെല്ലാം കട്ടുതിന്നു തിന്നു് അതു് നല്ലതുപോലെ തടിച്ചുകൊഴുത്തുവശായി. 'ഗ്രാമത്തിലെ ധാന്യങ്ങളും നല്ലനല്ല മലക്കറികളും സൂക്ഷിച്ചുവയ്ക്കുന്ന പത്തായമാണതു്" എന്നു നേരംപോക്കായി ചില രസികന്മാർ അതിനെ ഉൽപ്രേക്ഷിക്കാറുണ്ടു്. രക്കപ്പന്റെ കഴുത തിന്നാത്തതായി കോലുവർഗ്ഗത്തിൽ 'വെള്ളിക്കോ'ലും ഇലവർഗ്ഗത്തിൽ 'കടുത്തില'യും മാത്രമേ ഉള്ളു. എത്ര തിന്നാലും മതിയാകയുമില്ല. ഇതെല്ലാം അയൽഗ്രാമങ്ങളിൽ എങ്ങും പ്രസിദ്ധമാണു്! രക്കപ്പനു് അതു് ആദായം ഉണ്ടു്. കഴുതയെ വളർത്തുന്നവകയ്ക്കു് ഒരു പൈപോലും ചെലവില്ല. ഒരുകൊടിപ്പുല്ലോ, ഒരിഴവയ്ക്കോലോ വാങ്ങിക്കൊടുക്കുക എന്ന ഒരു പതിവേ അവൻ കേട്ടതുമില്ല, അറിഞ്ഞതും ഇല്ല. അങ്ങേ അററം കുടിക്കുവാൻ കുറച്ചു വെള്ളംമാത്രം കൊടുക്കും. രാത്രിയിലെ തിണ്ണനിരങ്ങലും കട്ടുതീററിയും എല്ലാംകഴിച്ചു് പുലരുന്നതിനുമുമ്പായി രക്കപ്പന്റെ വീട്ടിൽ, ഒരു പരമസാധുവിനെപ്പോലെ ഹാജരായിക്കഴിയും അപ്പോൾ കണ്ടാൽ എന്തൊരനുസരണയുള്ള മൃഗം. രക്കപ്പനു് കഴുതയേയും, കഴുതയ്ക്കു രക്കപ്പനേയും നല്ലപോലെ അറിയാം. അതു പ്രഭു തന്റെ അടിമയുടെ വയർ തട്ടിനോക്കി പലപ്പോഴും ഇങ്ങനെ അഭിമാനിക്കുക പതിവാണു്:—"നീയാണെടീ മിടുക്കി. ഉടമസ്ഥന്മാരുടെ സമ്മതംകൂടാതെ നീ തട്ടിയെടുക്കുന്നതിന്റെ നാലിൽ ഒരു ഭാഗംപോലും ആ കൃഷിക്കാർ എനിക്കു് സ്വന്തം മനസ്സാലെ തരികയില്ല. അതുകൊണ്ടു് അവരെ ഇങ്ങനെതന്നെവേണം പററിക്കുവാൻ"

എന്നാൽ ഈ ഗർദ്ദഭവനിത രാത്രികാലങ്ങളിൽകാണിച്ചുകൂട്ടാറുള്ള കൊള്ളകൾക്കെല്ലാം കൃഷിക്കാർ മനസാ അനുവദിച്ചുകൊണ്ടിരിക്കുകയല്ല ചെയ്തിരുന്നതു്. ഇതു് 'കാത്തുചെലവാകുന്ന വിരുന്നുകാരനല്ല'എന്നു് അവർ അറിയാതെയുംപറയാതെയും ഇരുന്നതുമില്ല. അവർ ഒരിക്കൽ രക്കപ്പന്റെ അടുത്തുതന്നെചെന്നു് പരാതിപ്പെട്ടുനോക്കി. അപ്പോൾ ഡോബി പറയുകയാണു്:—"അല്ല! നോക്കിൻ ഞാൻ എന്തുചെയ്യാനാണു്. എത്രയായാലും കഴുത കഴുതതന്നെയല്ലേ. അതിനുണ്ടോ വിവേകബുദ്ധിവല്ലതും! കട്ടുതിന്നുമ്പോൾ നിങ്ങൾക്കു് അതിനെ പിടിക്കാമെങ്കിൽ പിടിച്ചു് എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക" എന്നു്. ഇതുകേട്ടപ്പോൾ കൃഷിക്കാർക്കു് സന്തോഷമായി അന്നുരാത്രി അവരിൽ പത്തുപേർ ഒന്നായിച്ചേർന്നു് കഴുതയെ പിടികൂടുവാൻ നിശ്ചയിച്ചു. രാത്രിയായപ്പോൾ പതിവുപോലെയുണ്ടു് 'പുള്ളിക്കാരി' വരുന്നു. കാവൽക്കാർ പത്തുപേരും വടിയും കല്ലുമായി എററു. കഴുത ഓട്ടമോട്ടം കാവൽക്കാർ പി

ന്നാലെക്കൂടി. കാവൽക്കാർ ഓടിയും ഓടിച്ചുംകൊണ്ടു് പല വയലകളും തോട്ടങ്ങളും പിന്നിട്ടു; എന്നല്ലാതെ കഴുതയെ പിടികൂടുവാൻ അവരെക്കൊണ്ടു സാധിച്ചില്ല. തങ്ങളുടെ കൃഷിസ്ഥലങ്ങൾ എല്ലാം വിശേഷമായി അറിയാവുന്നവരാണു് കൃഷിക്കാർ; എന്നാൽ എല്ലാവരുടേയും കൃഷിസ്ഥലങ്ങൾഎല്ലാം അതിവിശേഷമായി അറിയാവുന്നതാണു് കഴുത. മുട്ടക്കകളും വയലുകളും വേലിപ്പിഴകളും നൂത്തകളും തോടുകളും ചാലുകളും കഴുതയ്ക്കറിയാവുന്നതുപോലെ മനുഷ്യർക്കുമില്ല അറിവു്. നിത്യപരിചയംകൊണ്ടു് പകലത്തെപ്പോലെ തന്നെ രാത്രിയിലും അതിനു് കണ്ണുകാണാം. ഒരുമണിക്കൂർനേരം ഇങ്ങനെ 'നേരും കിടവും'ഇട്ടു് രണ്ടുകൂട്ടരും ഓടി. എപ്പോഴും കഴുത മുമ്പിൽത്തന്നെ. മാത്രമല്ല, ആ ഖരയുവതി തന്റെ അനുചരന്മാരെയെല്ലാം ഒന്നു് കളിയാക്കുവാനുള്ള ഭാവമായി. കുറച്ചുദൂരം ഓടി അവിടെ നിന്നു ഇവരെയെല്ലാം ഒന്നു കടാക്ഷിച്ചു് വല്ലതുമൊക്കെ കടിച്ചുതിന്നുവാൻ തുടങ്ങും. ഇപ്പോൾ സ്വാധീനമാക്കിക്കളയാം എന്നു വിചാരിച്ചു്, ഈർഷ്യയോടും നൈരാശ്യത്തോടുംകൂടി ഓട്ടിപ്പുകാർ ഓടി അടുത്തെത്തുമ്പോൾ, യുവതീസാധാരണമായ സാമർത്ഥ്യത്തോടുകൂടി ഒന്നു കുണുങ്ങി അവിടെ നിന്നോട്ടംകൊടുക്കും. കുറേ ദൂരത്തുചെന്നശേഷം പിന്നെയും തുടങ്ങുകയായി മുന്നേപ്പോലെതന്നെ, വെറും അലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവൃത്തി. ഇങ്ങനെ ആ രാത്രിമുഴുവനും ഓടിയും ഓടിച്ചും, കളിയാക്കയും ദേഷ്യപ്പെടുത്തിയും കഴിച്ചുകൂട്ടി. പ്രയോജനമേതും ഉണ്ടായില്ല. അടുത്തരാത്രി വേറെ പത്തുപേരാണു് അരിശംതുള്ളി പുറപ്പെട്ടതു്. കഴുത അന്നു് അവരേയും, തലേദിവസത്തിലെന്നപോലെ പററിച്ചുവിട്ടു. മൂന്നാം ദിവസം മൂന്നാമതു് ഒരു സംഘം. ഫലത്തിനു് വ്യത്യാസം ഏതും ഉണ്ടായതുമില്ല. അതോടുകൂടി കഴുതയെ പിടിക്കുവാനുള്ള ശ്രമത്തിനു് വിരാമമിട്ടു. ക്ഷാമം, അനാവൃഷ്ടി, ദുർഭരണം എന്നിവകൊണ്ടു് ഉണ്ടാകാറുള്ളതുപോലെ 'ഗർദ്ദഭദോഷം'കൂടി അപരിഹാര്യമായ മറെറാരു ഈതിബാധയായി അവർ കണക്കാക്കി.

---

## ൯൬. രണ്ടുകഴുതകൾ.

ഗ്രാമപ്രമാണിയുടെ കുഞ്ഞിനു നല്ല സുഖമില്ല. ആയുർവേദവൈദ്യനെ കൂട്ടിക്കൊണ്ടുവന്നു കാണിച്ചു. വൈദ്യൻ ബഹുദകമനാണു്. ആഴക്ക കഴുതപ്പാൽ കൊടുക്കണമെന്നാണു് അദ്ദേഹത്തിന്റെ

വിധി. രക്കപ്പന്റെ കഴുത ഒന്നല്ലാതെ അവിടെ അടുത്തെങ്ങും വേറെ കഴുതയില്ല. അതിന്റെ കുട്ടി ചത്തിട്ടു ദിവസം രണ്ടു ആയിട്ടുള്ളു. അതിനാൽ പാൽ ഉണ്ടെന്നുള്ളകാര്യം നിശ്ചയം. പക്ഷേ അതു് കറന്നെടുക്കുന്നതു് എങ്ങനെയാണു് എന്നേയുള്ളൂ. ഗ്രാമപ്രമാണിതന്നെയാണു രക്കപ്പന്റെ അടുത്തുചെന്നു പാൽ ആവശ്യപ്പെട്ടിട്ടുള്ളതു്. രക്കപ്പൻ പറഞ്ഞു:— അങ്ങുന്നേ! എനിക്കു് ഒരു വിരോധവും ഇല്ല. കഴിയുമെങ്കിൽ കറന്നെടുത്തുകൊള്ളണം. അതിന്റെ പാൽകറക്കുവാൻ ഞാൻ ഇതിനുമുമ്പു് ഒരിക്കലും ശ്രമിക്കുക ഉണ്ടായിട്ടില്ല." ആവശ്യം ഗ്രാമപ്രമാണിക്കല്ലേ! ആ ആൾ ഒരു പാത്രവും ആയി കഴുതയുടെ അരികെചെന്നു, ആദ്യമായി അതിന്റെ അകിടു കഴുകിക്കളയാം എന്നുവച്ചു് അല്പം വെള്ളമെടുത്തു തളിച്ചു. പണ്ടെങ്ങാനുമുണ്ടോ കഴുത ഇങ്ങിനെ ഒന്നു കണ്ടിട്ടു"! തണുത്തവെള്ളം അകിടിൽ തട്ടിയപ്പോൾ അതു വെച്ചുകൊടുത്തു ഒരു ചവിട്ടു. ചെന്നുകൊണ്ടതു പാൽകറവുക്കാരന്റെ ഇടത്തെ കാൽമുട്ടിൽതന്നെ. ചിരട്ടയങ്ങു മറിഞ്ഞു. വേദനയോ അസഹ്യം! കാൽമുട്ടു തടവിക്കൊണ്ടു് ഗ്രാമാധികാരി ചോദിക്കുകയാണു്:—"ഇതു് എന്തൊരു വികൃതിമൃഗം?' എന്നു്. അതുകേട്ടു രക്കപ്പൻ:—"ശുദ്ധമേ കഴുത അങ്ങുന്നേ. ഒരു പെൺകഴുതയേ, പെൺകഴുത. ഇങ്ങിനെയുള്ള ഒരു കഴുതയിൽനിന്നു് ഇതിൽ അധികമായി മററുവല്ലതും ആഗ്രഹിക്കാമോ? അവിടുന്നു വിവരമുള്ള ആളല്ലേ?" എന്നു സാവധാനം പറഞ്ഞു. ഗ്രാമാധികാരിക്കു ദേഷ്യംവന്നു. അതിനു നാലുകൊടുക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു ഒരുവടിയുമായി അടുത്തു. അവർ രാത്രി എടുത്തു പുറപ്പെടുവിക്കാറുള്ള മർദ്ദനത്തിന്റെ പ്രകാരാന്തരമാണു് ഇതെന്നു നിശ്ചയിച്ചു്, അതും രാത്രിയിലെ വിദ്യതന്നെ എടുക്കുവാൻ ഉറച്ചു. ഒരൊററക്കുടച്ചിൽ. കഴുത ഓട്ടംപിടിച്ചും കഴിഞ്ഞു. ഗ്രാമപ്രമാണിയുണ്ടു വടിയുംവലിച്ചു പിന്നാലെ ചെല്ലുന്നു. കണ്ടവരെല്ലാം ചിരിയോടുചിരി. 'രണ്ടുകഴുത ഓടുന്നതുനോക്കുക' എന്നു പറഞ്ഞുകൊണ്ടു ചിലർ കൈകൊട്ടിയാർത്തു. ഗ്രാമപ്രമാണി ലജ്ജിച്ചു് ഓട്ടം നിർത്തി വീട്ടിലേയ്ക്കു മടങ്ങുകയുംചെയ്തു.

## ൯൦. കഴുതയുടെ പാൽകുടി.

പാൽകറപ്പു് ഒന്നുകൂടി ആവർത്തിച്ചു പരീക്ഷിക്കണമെന്നു ഗ്രാമാധികാരി വിചാരിച്ചില്ല. എന്നാൽ ആയുർവേദവൈദ്യനു ബഹു

നിർബന്ധം. "എങ്ങിനെയെങ്കിലും ഒരുതുടം കഴുതപ്പാൽ കൊണ്ടു വന്നേകഴിയൂ"എന്നായിഅദ്ദേഹം. അധികാരി(പാവ്ത്ത്യകാർ) കോൽക്കാരന്മാരെ (മുതൽപടിമാരെ)വിളിച്ച് ഏല്പിച്ചു. "എവിടെനിന്നെങ്കിലും കഴുതപ്പാൽ കൊണ്ടുവന്നേക്കണം. ആൾ ഒന്നക്ക് ഓരോ രൂപ തന്നേക്കാം" എന്ന് അദ്ദേഹംപറഞ്ഞു. ആവശ്യം മേലധികാരിയുടേതു്; പോരെങ്കൽ സമ്മാനം ഓരോരൂപ. പിന്നെ പറവാനുണ്ടോ! പിറേറദിവസം നേരം പുലന്നപ്പോഴേക്ക് അവർ രക്കപ്പന്റെ വീട്ടിൽ എത്തിക്കഴിഞ്ഞു. കഴുതയുണ്ടു് അവിടെ ഒരു വെറും പാവംപോലെ നില്ക്കുന്നു. അതിന്റെ തലയും കാലും പിടിച്ചു കെട്ടിക്കൊടുക്കുവാൻ അവർ രക്കപ്പനോടു ആവശ്യപ്പെട്ടു. രക്കപ്പൻ അവരുടെ സഹായത്തോടുകൂടി അതിനെ കെട്ടിനിർത്തി കൊടുക്കുകയുംചെയ്തു. ഒരു കോൽക്കാരൻ ഒരു ഭയങ്കരവടി ഓങ്ങിപ്പിടിച്ചുംകൊണ്ടു കഴുതയുടെ മുമ്പിൽത്തന്നെ നില്പുണ്ടു്. മറേറവൻ പാൽകറക്കുവാൻപുറപ്പെട്ടിരിക്കയാണു്. തലേദിവസത്തെവൈഷമ്യത്തിനെല്ലാം കാരണം,പച്ചവെള്ളംകൊണ്ടു കഴുതയുടെ അകിടുകഴുകുവാൻപുറപ്പെട്ടതാണെന്നു് അവക്കു് അറിയാമായിരുന്നു. അതിനാൽ അന്നു് അകിടു കഴുകുവാനേ അവർ വിചാരിച്ചില്ല. നിലത്തെങ്ങും ഇററുവീഴുന്ന പാൽ നഷ്ടപ്പെട്ടുപോകരുതെന്ന വിചാരത്തോടുകൂടി ഈ ബുദ്ധിമാന്മാർ പാൽ കറക്കുന്നതു് ഒരു പരന്ന പാത്രത്തിലേയ്ക്കാണു്. പാൽ 'ചുരത്തി' കൊടുക്കാതിരിക്കുവാൻ ആ കഴുത 'പഠിച്ചവിദ്യ പതിനെട്ടും' പരിശോധിച്ചുനോക്കി; കുടഞ്ഞുനോക്കി, ചവിട്ടിനോക്കി കിടന്നുനോക്കി, ഒന്നുകൊണ്ടും ഒരു പ്രയോജനവും ഉണ്ടായില്ല. ഇങ്ങനെ അരമണിക്കൂറുനേരത്തെ മല്ലുപിടി കഴിഞ്ഞപ്പോഴേക്കും പാൽകറവുകാക്കു രണ്ടുമൂന്നുതുടം പാൽ കിട്ടി. അവർ മരിയാക്കി മാറിനിന്നു. രക്കപ്പൻചെന്നു കഴുതയെ അഴിച്ചുവിടുകയുംചെയ്തു അതാ ഒരൊററച്ചാട്ടം! കറന്നുവെച്ചിരിക്കുന്ന പാൽ എല്ലാം ഒരൊററവലിക്കു് അകത്താക്കി കഴുത അവിടെനിന്നു കുതികുതിച്ചുകഴിഞ്ഞു.

"കഴുതയ്ക്കു ഭ്രാന്താണു്" എന്നായി രക്കപ്പൻ. "അതോ നമ്മൾക്കോ?" എന്നു കോൽക്കാരന്മാരും ചോദിച്ചു.

---

## ൻവ്യ. പാനകോലാഹലം

---

ഗ്രാമാധികാരിയുടെ പുത്രൻ സ്വാസ്ഥ്യനായിക്കഴിഞ്ഞിരിക്കുന്നു. കഴുതപ്പാലിന്റെ ആവശ്യം ഇനിയില്ല. തന്നെയും തന്റെ കീഴുദ്യോ

ഗൃഹസ്ഥന്മാരെയും അപഹാസപാത്രങ്ങളാക്കിത്തീർത്ത ആ കഴുതയുടെ നേരേ ഗ്രാമാധികാരി ഉഗ്രമായി കോപിച്ചിരിക്കുകയാണു്. ഇങ്ങിനെ ഇരിക്കെ ഒരുദിവസം കാലത്തു് ആ കഴുത പതിവുപോലെ അതിന്റെ നിശാപര്യടനമെല്ലാം കഴിച്ചു രക്കപ്പന്റെ വീട്ടിലേയ്ക്കുമടങ്ങി വരുംവഴിക്കു് അധികാരിയും കിങ്കരന്മാരുംകൂടി അതിനെ പിടിച്ചു കെട്ടി പൌണ്ടിൽ കൊണ്ടുപോയടച്ചു. വെള്ളരിത്തോട്ടത്തിൽ കടന്നു് വിളവെല്ലാം നശിപ്പിച്ചു എന്നഭാവത്തിലാണു പിടിച്ചുകെട്ടിയിരിക്കുന്നതു്. ഇതുകൊണ്ടു രക്കപ്പൻ ഭയപ്പെട്ടു കാൽക്കൽവന്നുവീണു കൊള്ളുമെന്നും, പൌണ്ടുഫീസ്സെല്ലാം കൊടുത്തു കഴുതയെമോചിപ്പിച്ചുകൊണ്ടുപോകുമെന്നും അങ്ങിനെ അവൻ ഒരു നല്ലപാഠംപഠിച്ചുകൊള്ളുമെന്നും ആയിരുന്നു ആ അധികാരപ്രമത്തൻ വിചാരിച്ചിരുന്നതു്. പക്ഷേ സംഭവിച്ചതു മറെറാരുപ്രകാരമായിപ്പോയി. രക്കപ്പനു് ഇതുകൊണ്ടൊന്നും ഒരു പരിഭ്രമവും ഉണ്ടായില്ല. കഴുതപോയ കാര്യംതന്നെ അവൻ ഗണ്യമാക്കിയതും ഇല്ല. പൌണ്ടുഫീസും തീററിക്കൂലിയുംകൊടുത്തു് അതിനെ വിടുവിച്ചുകൊണ്ടുപോകുവാനും അവൻ തയ്യാറായില്ല. എന്താ നിവൃത്തി! കഴുതയ്ക്കു തീററികൊടുക്കണം. ആരുകൊടുക്കുവാനാണു്? ഗ്രാമാധികാരിക്കു് അതിനൊട്ടു താല്പര്യവും ഇല്ല. തീററി കൊടുക്കേണ്ടാ എന്നുവെച്ചാലോ; അതു പട്ടിണികിടന്നു ചത്തുപോകും. അങ്ങിനെ വരുന്നതു തന്റെപേരിൽ ഔദ്യോഗികമായ അതൃപ്തിക്കു കാരണമായുംതീരും. ഇങ്ങിനെ വിചാരിച്ചു്, പിടിച്ചടച്ചതിന്റെ മൂന്നാംദിവസംരാത്രി ആരുംഅറിയാതെ അതിനെ ഒഴിച്ചുവിട്ടു പുള്ളി തടവുചാടി എന്നൊരു അപശ്രുതിയും പരത്തി.

മൂന്നുദിവസങ്ങളായി അതിനു യാതൊന്നും തിന്നുവാൻ കിട്ടീട്ടില്ല. കുടിക്കുവാൻ തെല്ലു പച്ചവെള്ളംപോലും കിട്ടിയിട്ടു നാഴിക പത്തുപതിനഞ്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ പുറത്തുകടന്ന ഉടനെ നാലുപാടും അത്യാർത്തിയോടെ ചുററിത്തിരയുകയാണു്. നേരം ഏതാണ്ടു് പുലരാറായപ്പോൾ വഴിമദ്ധ്യേ ഒരു വലിയ കള്ളിൻകലം ഇരിക്കുന്നതായി കഴുതകണ്ടു. അതിൽ പകുതിമുക്കാൽഭാഗവും കള്ളുണ്ടു്. ചെത്തുകാർ അരികെയുള്ള വൃക്ഷങ്ങളിൽ കയറി കള്ളു് എടുത്തുകൊണ്ടുവന്നു് ഈ തള്ളക്കലത്തിൽ പകർന്നുകൊണ്ടിരിക്കുകയാണു്. നിറഞ്ഞിട്ടുവേണം ഷാപ്പിലേക്കു എടുത്തുകൊണ്ടുപോകുവാൻ. കഴുത പണ്ടു കള്ളു കുടിച്ചിട്ടില്ല; ആ വലിയ കലത്തിൽ എന്താണെന്നുകൂടി അതിനു് അറിവുണ്ടായിരുന്നതും ഇല്ല. വെള്ളമാണെന്നാണു് അതിന്റെ ഊഹം. അതിൽ തലയിട്ടു കുടിക്കുകയായി. നല്ലരുചി ആഹ്ലാദകരമായിരിക്കുന്നതും ഉണ്ടു്. എന്തിനു, ആ കഴുത അതെല്ലാം അത്യാർത്തിയോടെ കുടിച്ചുവററിച്ചു. ഒരുതുള്ളി

വെള്ളം ചേരാത്ത നാലുഗ്ല്യാലൻ കള്ളു് അകത്തു കടന്നാലത്തെ കഥ പറയുവാനുണ്ടോ! അതു ലഹരിപിടിച്ചു ചാടിക്കളിക്കുവാനും പല്ലിളിക്കുവാനും കരയുവാനുംതുടങ്ങി. അപ്പോഴേയ്ക്കു ചെത്തുകാർ താഴത്തിറങ്ങിവന്നു കഴുതയുടെ ദുസ്സാമർത്ഥ്യംകണ്ടു കോപിച്ചു്, കള്ളിൻകുടം താഴത്തുവച്ചു്, കഴുതയുടെ പിന്നാലെ ഓട്ടമായി. പിടിക്കുവാൻ സാധിക്കയില്ലെന്നു വന്നപ്പോൾ കല്ലും കട്ടയും വലിച്ചു ഏറുതുടങ്ങി. ഒരു ഏറു് അപ്പോൾ അതിലെ പൊയ്ക്കൊണ്ടിരുന്ന ഒരു ആശാരിയുടെമുഖത്തുകൊണ്ടു രണ്ടുപല്ലു് അണ്ണാക്കിൽതെറിച്ചു. അവൻ അവിടെ രക്തപ്രളയത്തിൽ കിടന്നു നിലവിളിക്കുകയായി. അതൊന്നും മററുള്ളവർ കേൾക്കുവാനുള്ളഭാവമില്ല. അവരെല്ലാം അവിടെനിന്നു കടന്നുകളഞ്ഞു. ഒരു സെക്കൻറു കഴിഞ്ഞപ്പോൾ ഉണ്ടു് കഴുത അവിടെക്കിടന്നുവട്ടംതിരിയുന്നു. അതു കണ്ടപ്പോഴാണു് ആശാരിക്കു കാര്യങ്ങൾ മനസ്സിലായതു്. നിമിഷാന്തരത്തിൽ ആ കഴുത ഒരു ഉയൎന്ന വരമ്പിൽനിന്നു താഴത്തുള്ള വയലിലേയ്ക്കു ചാടിക്കഴിഞ്ഞു. ആ വരമ്പിനടിയിൽ നട്ടുകൊണ്ടിരുന്ന കൃഷിക്കാരനെ കഴുത കണ്ടില്ല. അതിനാൽ ആ ജന്തു ചാടിവീണതു ആ കൃഷിക്കാരൻെറ നട്ടുപുറത്താണു്. ഒരു നിമിഷനേരത്തേയ്ക്കു കഴുത മനുഷ്യനെ സവാരി ചെയ്യുന്നതുപോലെ തോന്നി. മറുനിമിഷത്തിൽ കഴുതയും മനുഷ്യനുംകൂടി കെട്ടിപ്പിടിച്ചു ഉരുളുകയായി. കൃഷിക്കാരൻെറ ശരീരത്തിൽ അവിടവിടെയായി ചില്ലറ പരുക്കുകളെല്ലാംപററി. അവൻ ഒരു കരിക്കോലും ഊരിയെടുത്തു കഴുതയുടെ പിന്നാലെചെന്നു. ഇതെല്ലാം കണ്ടുകൊണ്ടു് ആ വയലിൽത്തന്നെ ജോലിചെയ്തുകൊണ്ടിരുന്ന മറെറാരു ജോലിക്കാരൻ, കൂട്ടുകാരനെ സഹായിക്കുവാനായിഓടിച്ചെന്നു കഴുതയുടെ വാലിൽ കടന്നുപിടികൂടി. കഴുത വെച്ചുകൊടുത്തു ഒരു ചവിട്ടു്. ആ ചവിട്ടേററു് അവൻ അവിടെക്കിടന്നു നിലവിളിയായി.

കഴുത തടവുചാടിയിരിക്കുന്നവിവരം രക്കപ്പൻ കേട്ടു. എന്നാൽ നേരം പുലൎന്നിട്ടും അതു് വീട്ടിൽ വന്നുചേൎന്നില്ല. അങ്ങിനെ പണ്ടു കണ്ടിട്ടുള്ളതല്ലാത്തതിനാൽ രക്കപ്പൻ അത്ഭുതപ്പെട്ടു. അവൻ കഴുതയെ തിരഞ്ഞു പുറപ്പാടായി നടന്നുനടന്നു് അതിനെ കണ്ടെത്തിയപ്പോൾ ഉണ്ടു് അതു് ഒരിടത്തു സുഖമായിനിന്നു മേയുന്നു. ഡോംബിക്കു സന്തോഷമായി. അവൻ തൻെറ മൃഗത്തെ വാത്സല്യസമേതം അരികെ വിളിച്ചു തൊട്ടുതടവി ലാളിച്ചു. അതു മററുള്ളവരെ ഉപദ്രവിച്ചതിലൊന്നും രക്കപ്പനു കേസ്സില്ല; മററുള്ളവരെല്ലാം അതിനെ ഉപദ്രവിച്ചുവല്ലോ എന്നാണു രക്കപ്പൻെറ വ്യസനം. എന്നാൽ ആ ഭയങ്കരഗർദ്ദഭം, കേവലം ഒരു ആട്ടിൻകുട്ടിയെപ്പോലെ രക്കപ്പൻെറ സമീപം നില്ക്കുന്നതു കണ്ടപ്പോൾ, പകവീട്ടുവാനുള്ള ഉല്ക്കണ്ഠ

യോട്ടുകൂടി കൃഷിക്കാരനും, അവൻെറക്കൂട്ടുകാരനും, ആശാരിയും മററും വലിയ വടികളും വലിച്ചുകൊണ്ടു് അതിൻെറ നേരേചെന്നു. അതു കണ്ടു രക്കപ്പൻ പറയുകയാണു്:—

രക്കപ്പൻ:—"മാളോരേ! നിങ്ങൾ ഇതിനെ തല്ലരുതു്. കഴിഞ്ഞമൂന്നു ദിവസങ്ങളായി ഇതു മൊരംപട്ടിണികിടക്കുകയാണു്. നിങ്ങൾക്കു ദയയുണ്ടാകണം."

ആശാരി:—"എൻെറ വായിലെ രണ്ടുപല്ലു കളയിച്ചതു് ഈ വികൃതി കഴുതയല്ലേ ഞാൻ ഇതിനെ ഇടിച്ചു സമ്മന്തിയാക്കുന്നുണ്ടു്."

കൃഷിക്കാരൻ:—"ഇതു് എൻെറ പുറത്തുചാടിയില്ലേ? എന്നിട്ടല്ലേ എനിക്കു് ഈ പത്രക്കുകൾ എല്ലാം പററിയതു്. ഞാൻ അതിൻെറ കഴുത്തു് അറുക്കുന്നുണ്ടു്. നിങ്ങൾ നോക്കിക്കൊള്ളണം."

വേലക്കാരൻ:—"എൻെറ കാൽ ചവിട്ടിഒടിച്ച ദുഷ്ടയല്ലേ ഇതു്? അതിൻെറ കാൽ തല്ലിയൊടിച്ചേ ഞാൻ നില്ക്കൂ."

രക്കപ്പനു നിവൃത്തിയില്ലാതായി. അവൻ വേഗം ആ കഴുതയുടെ വാലു് പിടിച്ചുതിരിച്ചു്, "ഹേ, ഹോ!" എന്നു് ഒന്നു് അലറിക്കൊണ്ടു് ഒരു തള്ളുവെച്ചുകൊടുത്തു. കഴുത ഓടിമറഞ്ഞു. അതിൻെറ പിന്നാലെ രക്കപ്പനും പോയി.

---

## ൻൻ. കഴുതയുടെ കച്ചേരിപ്രവേശം.

---

ചെത്തുകാർ ചെന്നു് ഷാപ്പുകാരനോടു് ആവലാതി പറഞ്ഞു. ഷാപ്പുകാരൻ ബെഞ്ചുമജിസ്ത്രേട്ടുകോടതിയിൽ, രക്കപ്പനേയും അവൻെറ കഴുതയേയും പ്രതികളാക്കി അന്യായം ബോധിപ്പിച്ചു. ആശാരി, കൃഷിക്കാരൻ, കൂലിക്കാരൻ ഇവരും പരാതിക്കാർതന്നെ. ബെഞ്ചമജിസ്ത്രേട്ടുകോടതിപ്രസിഡൻറു് സുബ്ബയ്യർ ആണു്. അദ്ദേഹവും ബെഞ്ചിലെ മററു് അംഗങ്ങളും, കഴുതയുടെ പരാക്രമങ്ങളെപ്പററിയുള്ള പരാതി കേട്ടപ്പോൾ ഉള്ളുകൊണ്ടൊന്നു ചിരിച്ചു ഇതു് സാധാരണ ലോകസമ്പ്രദായമാണല്ലോ. മററുള്ളവരുടെ ബുദ്ധിമുട്ടുകൾ കാണുമ്പോൾ ഒരു രസം. പരീക്ഷയിൽ തോററ ഒരു വിദ്യാർത്ഥിക്കു് തൻെറ സ്നേഹിതൻകൂടെ പരീക്ഷയിൽ തോററു എന്നു കേൾക്കുന്നതു് എന്തൊരാശ്വാസമാണു്!

ന്യായപരിപാലനവിഷയത്തിൽ ബദ്ധശ്രദ്ധമായതായിരുന്നു ആ ബെഞ്ചുകോടതി. അതിൻെറ അദ്ധ്യക്ഷനോ ഒരു സുഗ്രീവാജ്ഞ

ക്കാരൻ 'വെട്ടു് ഒന്നെങ്കിൽ കണ്ടം രണ്ടു്' എന്നാണു് അദ്ദേഹത്തിൻെറ നിയമം. പ്രതികളെ പിടിച്ചു് ഹാജരാക്കുവാൻ ഉത്തരവായിക്കഴിഞ്ഞു അതു് അനുസരിച്ചു് അരമണിക്കൂറിനിടയിൽ രക്കപ്പെൻ ഹാജരാക്കപ്പെട്ടുംകഴിഞ്ഞു. അവൻ അവിടെ വിറച്ചുകൊണ്ടു് നില്ക്കുകയാണു്. ഏതാണ്ടു് നാലഞ്ചുനാഴികനേരം അവിടെയെല്ലാം ഇട്ടു് ഓടിച്ചിട്ടും രണ്ടാംപ്രതിയെ അറസ്റ്റു്ചെയ്യാനോ, കോടതിയിൽ ഹാജരാക്കുവാനോ പോലീസുകാരനെക്കൊണ്ടു് സാധിച്ചില്ല ഒടുവൽ ഓടി ക്ഷീണിച്ചു് വിവർണ്ണനായി, കോടതിയിൽ വന്നു്, കഴുതയെ ബന്ധനസ്ഥനാക്കുവാൻ സാധിക്കാത്ത വിവരം റിപ്പോർട്ടുചെയ്തു.

സുബ്ബയ്യൻ:—"ഞങ്ങൾ ഇവിടെ രണ്ടുമണിക്കൂർനേരത്തോളമായി കാത്തിരിക്കുന്നു. ഇനിയും കാത്തിരിക്കുവാൻ കോടതിക്കു് തയ്യാറില്ല. രണ്ടാംപ്രതിയെ ക്ഷണം ഹാജരാക്കിക്കൊള്ളണം, ഉദ്യോഗം വേണമെങ്കിൽ. ഉത്തരവു് ഉത്തരവാണു്."

പോലീസുകാരൻ:—"സ്വാമി! കഴുത കഴുതയും ആകുന്നു. അതിനു് ഉത്തരവു് എന്നോ കല്പന എന്നോ ഒന്നും അറിഞ്ഞുകൂടാ."

സുബ്ബയ്യൻ:—"താൻ കഴുതയല്ലല്ലോ. ഉത്തരവിനെ അലക്ഷ്യമാക്കിയാൽ ഉണ്ടാകുന്ന അനുഭവം തനിക്കു് അറിഞ്ഞുകൂടേ?"

പോലീസുകാരൻ:—"സ്വാമീ! എനക്കറിയാം. ഇവിടെനിന്നു് ഏതെങ്കിലും ഒരു മാർഗ്ഗം നിർദ്ദേശിച്ചാൽ ഞാൻ അതനുസരിച്ചു പ്രവർത്തിച്ചുകൊള്ളാം. ആ ഗ്രാമക്കാർ എല്ലാവരുംകൂടി ശ്രമിച്ചിട്ടും രണ്ടാംപ്രതിയെ പിടിക്കുവാൻ സാധിച്ചിട്ടില്ല. ആ സ്ഥിതിക്കു് ഞാൻ തനിയെ വിചാരിച്ചാൽ എന്തു സാധിക്കുവാനാണു്? ഞാനും ആ ഗ്രാമക്കാരുംകൂടിച്ചേർന്നു് വിദ്യകൾ പതിനെട്ടും പരിശോധിച്ചുനോക്കി. ഒരു നിവൃത്തിയും ഉണ്ടായിട്ടില്ല."

സുബ്ബയ്യൻ:—"ഈ കള്ളജാമിയെക്കൂടെ കൂട്ടിക്കൊണ്ടുപൊയ്ക്കൊള്ളണം. ആ കഴുത എല്ലാദിവസവും കാലത്തു് ഇവൻെറ വീട്ടിൽ വരുന്നുണ്ടെന്നല്ലേ പറയുന്നതു്. അവൻ പറയുന്നതെല്ലാം അനുസരിക്കുമെന്നും, അവൻെറ അടുത്തു് ഒരു വെറും ആട്ടിൻകുട്ടിയെപ്പോലെയാണു് അതിൻെറ പെരുമാററമെന്നും വാദികൾ പറയുന്നു. അതിനാൽ ഇവനേയും കൂട്ടിക്കൊണ്ടു പോയി രണ്ടുനാഴികയ്ക്കകം കഴുതയെ ഇവിടെഹാജരാക്കിക്കൊള്ളണം. അല്ലാത്തപക്ഷം 'കോർട്ടലക്ഷ്യ'ക്കുററത്തിനു് ഇവനെ തൽക്ഷണം അറസ്റ്റു്ചെയ്തു് അകത്താക്കിക്കൊള്ളുക."

പോലീസുകാനു് ഒരുവിധം സമാധാനമായി; രക്കപ്പെനേയും

കൂട്ടിക്കൊണ്ട് അവിടെനിന്നു പുറപ്പെട്ടുകഴിഞ്ഞു. പോകുന്നവഴിക്ക് ആ സമാധാനപാലകൻ ഉപദേശിക്കുകയാണു :—എടാ! രക്കപ്പാ! നിൻെറ വിദ്യകൾ ഒന്നും സ്വാമിയുടെ അടുത്തു് നടപ്പില്ല കേട്ടോ. കല്പനപോലെ രണ്ടുനാഴികയ്ക്കകം കഴുതയെ പിടിച്ച് ഹാജരാക്കിയില്ലെങ്കിൽ മജിസ്ട്രേട്ട്സ്വാമി നിൻെറ വീടും മററു വസ്തുക്കളുംഎല്ലാം കണ്ടുകെട്ടി, നിന്നെ തടവിലേയ്ക്കു് അയയ്ക്കും. നിൻെറ കഴുതയെ വെടിവച്ചുകൊല്ലുകയുംചെയ്യും. നല്ലപോലെ ഓർമ്മിച്ചോ.

രക്കപ്പൻ എന്തുപറയുവാനാണു്. അവൻ ചെന്നു നോക്കിയപ്പോൾ ഉണ്ടു് ആ കഴുത രക്കപ്പൻെറ വീട്ടിൽ വടക്കെ ഇറയത്തു് ഒരു പാവത്തെപ്പോലെ തൂങ്ങി നില്ക്കുന്നു. മററെല്ലാവരേയും അകലെ മാററി നിർത്തി, രക്കപ്പൻമാത്രം, വാ വാ എന്നു വിളിച്ചുകൊണ്ടു് അങ്ങോട്ടു ചെന്നു കഴുത സാവധാനം അവനെ സമീപിച്ചു. രക്കപ്പൻ അതിനെ തൊട്ടുതടവി; അപ്പോഴേയ്ക്കും പോലീസുകാരനും മററും കയറുമായി വന്നു് അതിനെ ബന്ധനത്തിലാക്കുകയും ചെയ്തു. അതുകണ്ടു്—

രക്കപ്പൻ:—ദൈവമേ! ഞാൻ എൻെറ കഴുതയോടു് ഇത്ര കൃതഘ്നനായിപ്പോയല്ലോ. ഹാ കഷ്ടം! എനിക്കു് ഇതുകൊണ്ടു് മേലിൽ അനർത്ഥമേ വരികയുള്ളൂ.

പോലീസുകാരൻ:—"രക്കപ്പാ! നീയും ഒരുകഴുതയാകാതിരിക്കു്. ഈ കഴുത ജീവിച്ചിരുന്നാൽ നിനക്കു് ഉണ്ടാകാവുന്നതിൽ പതിന്മടങ്ങു ഗുണം നിനക്കു് ഇതിൻെറ മരണംകൊണ്ടു് ഉണ്ടായാൽ പോരേ?"

പോലീസുകാരൻ ഇത്രയും പറഞ്ഞതും, അടുത്തിരുന്നിരുന്ന ഒരു ഗൌളി "കില കില"ശബ്ദിച്ചതും ഒന്നായിക്കഴിഞ്ഞു. ഈ പറഞ്ഞതു് പരമാർത്ഥമായിത്തന്നെ പരിണമിക്കും എന്നുള്ളതിൻെറ ഒരു മുന്നറിയിപ്പായിരുന്നു അതു്. പോലീസുകാരൻ തുടർന്നു പറയുന്നു:—"രക്കപ്പാ! നീ ഇതു് കേട്ടുവോ?"

രക്കപ്പൻ:—"കേൾക്കാൻ ഞാൻ കേട്ടു. പക്ഷേ ഗൌളി ശബ്ദിക്കുന്നതു് മനുഷ്യരുടെ ഭാവിയെ സൂചിപ്പിക്കുന്നു എന്നു പലരും പറഞ്ഞുകേട്ടിട്ടുണ്ടെന്നല്ലാതെ, കഴുതകളെപ്പററി പല്ലിക്കു് കാര്യമൊന്നും ഉള്ളതായി എനിക്കു് അറിവില്ല"

പോലീസുകാരൻ:—"കാര്യമുണ്ടു് രക്കപ്പാ, കാര്യമുണ്ടു്. അധികം ജനങ്ങളും കഴുതകളെക്കാൾ വളരെയൊന്നും വ്യത്യാസപ്പെട്ടവരല്ലെന്നു് നീ അറിയുന്നില്ലയോ."

കൃതകൃത്യനായ പോലീസുകാരൻ പ്രതികൾ രണ്ടുപേരെയും കോടതിയിൽ ഹാജരാക്കി. ഗ്രാമനാഥനും ഒരു വലിയ ജനക്കൂട്ടവും ഈ പ്രതികളുടെ പിന്നാലെ അനുയാത്രചെയ്തിരുന്നു. ഇവരെക്കൊ

ണ്ടു് കോടതി നിറഞ്ഞു. സുബ്ബയ്യനും കൂട്ടുകാരും അറസ്റ്റ് ചെയ്തു് കൊണ്ടുവരുന്ന പ്രതികളെ ബഹുമാനിക്കുവാൻ എന്നപോലെ വാതുക്കലേയ്ക്കു് എഴുന്നേററു ചെന്നു. ഇതിനുമുമ്പു് ഒരു കുററക്കാരനേയും ആ ന്യായക്കോടതി ഇങ്ങനെ ബഹുമാനിക്കുക ഉണ്ടായിട്ടില്ല.

സുബ്ബയ്യൻ, പോലീസുകാരനോടു്:—"നന്നായി. നീ ഇവരെ അറസ്റ്റ് ചെയ്തുകൊണ്ടുവന്നതുകൊണ്ടു് ഞാൻ സന്തോഷിക്കുന്നു. കണ്ടിട്ടു് ഇതത്ര വികൃതിയാണെന്നൊന്നും തോന്നുന്നില്ലല്ലോ. സാധു കഴുത."

കൃഷിക്കാരൻ:—"രക്കപ്പൻ അതിനെ ഒന്നു് വിട്ടുനോക്കട്ടെ; അപ്പോൾ കാണാം അതിൻെറ സാധുത്വം"

സുബ്ബയ്യൻ:—"രക്കപ്പാ! ആ കഴുതയെ അങ്ങു് വിട്ടാട്ടെ."

രക്കപ്പൻ കഴുതയെ കയറൂരി വിട്ടു. പിൻഭാഗത്തു കൂടിനില്പുണ്ടു് ഒരുപാടു് ആളുകൾ. അതുകൊണ്ടു് അതിനു് ആ ഭാഗത്തിൽ കൂടെ രക്ഷപ്പെടുവാൻ വിഷമം. എന്താ നിവൃത്തി! പ്രാണരക്ഷയ്ക്കായി മുമ്പോട്ടു് കോടതിയുടെഅകത്തേയ്ക്കുതന്നെ വെച്ചുകൊടുത്തു ഒരു ചാട്ടം. വക്കീൽ കോമൻനായരുടെ കാലിന്നു് ഒരു ചവിട്ടു; ആ ആൾ നിലവിളിച്ചു് അവിടെ മറിഞ്ഞു. ഇരട്ടക്കളത്രം (അതാണു് അദ്ദേഹത്തിൻെറ യോഗ്യത) മല്ലിനാഥയ്യർ രക്ഷപ്പെടുവാൻ ചെയ്ത ശ്രമത്തിനിടയിൽ മലച്ചുകെട്ടി 'ചക്കപെധോം' എന്നു് ഒരു വീഴ്ച. തലപ്പാവ് ദൂരെത്തെറിച്ചപ്പോൾ പുറത്തു ചാടിയ കുടുമ കണ്ടു്, കഴുത പുൽക്കൊടിയാണെന്നു ശങ്കിച്ചു് ഒരു കടി. മുടിയെല്ലാം കഴുതയുടെ വായിൽ. വക്കീൽസ്വാമി വിളിയോടുവിളി മുടി ചവച്ചു നോക്കിയപ്പോൾ കഴുതയ്ക്കു് സ്വാദൊന്നും തോന്നിയില്ല. കുറേ ചവച്ചശേഷം അയ്യയുടെതലയിൽത്തന്നെ തുപ്പി പ്രസിഡണ്ടിൻെറ ബഞ്ചുമേടയിലേക്കായി കയററം. അപ്പോഴേയ്ക്കു് സുബ്ബയ്യൻ സ്വാമി അവിടെനിന്നും എഴുന്നേററു് ആലോചനാമുറിയിലേയ്ക്കു് കടന്നിരിക്കുന്നു. ബാക്കി മെമ്പർമാരെല്ലാം അതിനുമുമ്പായിത്തന്നെ അവിടെ കടന്നു് സ്ഥലം പിടിച്ചവരാണു്. പ്രസിഡണ്ടിൻെറ മേശപ്പുറത്തുണ്ടായിരുന്ന റിക്കാർഡുകളെല്ലാം, കഴുത രുചിനോക്കി പീട്ടാക്കിക്കഴിഞ്ഞിരിക്കുന്നു പിന്നെ പരിശോധനാധികാരിയെപ്പോലെ അവിടെനിന്നും പുറത്തിറങ്ങി യാത്രയുമായി. കൂടിനിന്നിരുന്ന ജനക്കൂട്ടം ഹസ്തതാഡനംമുഴക്കി യാത്രക്കാരനെ അനുമോദിച്ചു.

കഴുത പൊയ്ക്കളഞ്ഞു എന്നു് നല്ലപോലെ ഉറപ്പായതിനുശേഷം പ്രസിഡണ്ടു് സുബ്ബയ്യൻസ്വാമി ആലോചനാമുറിയിൽനിന്നും പുറത്തിറങ്ങി ബഞ്ചുമേടയിൽപ്രവേശിച്ചു. അപ്പോഴേയ്ക്കും, അങ്ങുമിങ്ങും ഒളിച്ചിരുന്ന മററു മെമ്പർമാരും ഓരോരുത്തരായി വന്നു

ചേൻ. ഉത്സാഹഭരിതനായ പോലീസുകാരൻ, പട്ടാളമുറപ്രകാരം സല്യൂട്ട്ചെയ്ത് ഉത്തരവും പ്രതീക്ഷിച്ചു നില്പായി.

സുബ്ബയ്യൻ:—ഈ കഴുതയെ വെടിവയ്ക്കണം. ഇതിനു മുഴുത്ത ഭ്രാന്താണ് പക്ഷെ ഞാൻ ചട്ടമൊന്നു നോക്കിക്കൊള്ളട്ടെ. ചട്ടവിരോധമായി ഒന്നും പ്രവൎത്തിച്ചുപോകരുതല്ലോ.

എന്നു പറഞ്ഞു. അതോടുകൂടി അന്നത്തെ കോടതിയും പിരിഞ്ഞു.

## ൧00. സമ്മാനംവരിച്ച കഴുത.

ഹാജിയാർ ഒരു തികഞ്ഞ കൊള്ളക്കാരനാണ്. കൊള്ളയും കൊലയും ഉണ്ടെങ്കിൽ അതിലെല്ലാം ഹാജിയാരുമുണ്ട്. ഇതുവരെയായി ആ അക്രമിയെ പിടിക്കുവാൻ പോലീസുകാരെക്കൊണ്ടു സാധിച്ചിട്ടില്ല. അവർ തഞ്ചവും തരവും നോക്കി നടക്കുന്നതേയുള്ളു.

രക്കപ്പന്റെ കഴുത കച്ചേരിലഹള നടത്തിയ അതേദിവസം വൈകുന്നേരംതന്നെ ഹാജിയാർ ആ ഗ്രാമത്തിൽ പ്രവേശിച്ചിരുന്നു. പോലീസ്സൂപ്രണ്ടിനു ഈ വിവരം മനസ്സിലായി അതിനാൽ തസ്കരപ്രമാണിയായ ഹാജിയാർ ആ ഗ്രാമത്തിൽ ഒരു ഒഴിഞ്ഞ വീട്ടിൽ ഒളിച്ചിരിപ്പുണ്ടെന്നും അവന്റെ വാസസ്ഥലത്തെപ്പററി പോലീസുകാൎക്കറിവുണ്ടെന്നു അവനു മനസ്സിലാക്കുവാൻ സാധിക്കുന്നതിനു മുമ്പായി അവനെ ബന്ധനത്തിലാക്കിക്കൊള്ളണമെന്നും ജീവനോടുകൂടി പിടിക്കുവാൻ സാദ്ധ്യമല്ലെന്നു തോന്നുന്നപക്ഷം വെടിവയ്ക്കുന്നതിനുകൂടി വിരോധമില്ലെന്നും കാണിച്ചു ആ സൂപ്രണ്ടു ഗ്രാമത്തിലെ പോലീസ്അധികൃതനു ഒരു കത്തയച്ചിരുന്നു. ആ കത്തിൽത്തന്നെ അവൻ നിരാശാഭരിതനായ ഒരു കുററവാളിയായതുകൊണ്ടു എന്തു അക്രമം ചെയ്വാനും മടിക്കയില്ലെന്നും അവൻ ഒരു നല്ല വെടിക്കാരൻ കൂടെയാണെന്നും, അവനെ പിടിക്കുവാൻ ചെല്ലുന്നതായാൽ ഒരു സമയം അവൻ ചെല്ലുന്നവരെയോ അഥവാ അവനെത്തന്നെയോ വെടിവച്ചേയ്ക്കുവാൻ ഇടയുണ്ടെന്നും, അതുകൊണ്ടു നല്ലതുപോലെ സൂക്ഷിച്ചുകൊള്ളണമെന്നും, ഹാജിയെ ജീവനോടുകൂടിയോ കൂടാതെയോ പിടിച്ചു ഏല്പിക്കുന്നവൎക്കു ഒരായിരം രൂപാ സമ്മാനം നിശ്ചയിച്ചിട്ടുണ്ടെന്നും, ഒരു സബ്ഇൻസ്പെക്ടരുടെ കീഴിൽ പന്ത്രണ്ടു പോലീസുകാർ അടുത്ത ദിവസം അവിടെ എത്തുമെന്നും, അവൎക്കു വേണ്ട സഹായങ്ങളുംഒത്താശകളുംഎല്ലാം ചെയ്തുകൊടുക്കണമെന്നും മററുംഎഴുതീട്ടുണ്ടായിരുന്നു ഈ കത്തു കിട്ടിയയുടനേ പോലീസധി

കൃതൻ സുബ്ബയ്യൻസ്വാമിയുടെ അരികിൽ ഓടിച്ചെന്നു്, കത്തു് അദ്ദേഹത്തെ കാണിച്ചു് ഉപദേശം പ്രാൎത്ഥിച്ചു. ഉടനേതന്നെ "രക്കപ്പനെ വിളിക്കുക; എനിക്കു് ഒരു ഉപായം തോന്നുന്നുണ്ടു്" എന്നായി അദ്ദേഹം. അതനുസരിച്ചു് രക്കപ്പൻ വന്നു. സുബ്ബയ്യരും, രക്കപ്പനും, പോലീസ് അധികൃതനും, ഗ്രാമാധികാരിയും, മാസപ്പടിക്കാരും, കള്ളുഷാപ്പുകാരനും, ആശാരിയും, കൃഷിക്കാരനും, വേലക്കാരനും കൂടി ആലോചിച്ചു് ഒരു പ്ലാൻ തയ്യാറാക്കി.

അന്നു രാത്രിയിൽ നാലു ഗ്യാലൻ കള്ളും, ആറു ഡ്രാം റാക്കും, ഒരു രൂപാത്തൂക്കം കഞ്ചാവും കൂട്ടിച്ചേൎത്തു് രക്കപ്പന്റെ കഴുതയ്ക്കു കൊടുത്തു അതിനു് ഒരു ലക്കം ബോധവും ഇല്ലാതായി. അതിനുശേഷം ഹാജി ഒളിച്ചിരിക്കുന്ന വീട്ടിൽ കടത്തിവിട്ടു് പുറത്തുനിന്നു് വാതിലുകൾ ബന്ധിച്ചു. ഹാജിക്കു് അകത്തു വെളിച്ചമൊന്നും ഉണ്ടായിരുന്നില്ല. പുറത്തു് കുറെ ആളുകളുടെ ലഹളയും, വാതിൽ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന ശബ്ദവും ആയാൾ കേൾക്കുകമാത്രം ചെയ്തു. തന്നെ പിടിക്കുവാനുള്ള ആളുകളുടെ വരവാണെന്നുതന്നെ അവൻ തീൎച്ചയാക്കി. കൈത്തോക്കെടുത്തു് ആറു് നിര തന്റെ നേൎക്കു വരുന്നവന്റെയും, ഒന്നു തന്റെ നെഞ്ചിനു നേരെതന്നെയും ഒഴിച്ചു. വന്നവനും നിന്നവനും വെടിയേററു് ചത്തു മലച്ചു. ധീരാഗ്രേസരനായ സുബ്ബയ്യൻസ്വാമിക്കു് ഒരു നൂറു് ആളുകളുടെ അകമ്പടിയോടുകൂടി അകത്തു കടന്നു നോക്കുവാൻ ധൈൎയ്യക്കേടേതുമുണ്ടായില്ല. പന്തം ധാരാളം കത്തിച്ചു പിടിപ്പിച്ചും അനേകം പോലീസുകാരെയും ഗ്രാമക്കാരെയും മുമ്പിൽ നടത്തിയുംകൊണ്ടു് തോരണയുദ്ധത്തിലെ രാവണനെപ്പോലെ സുബ്ബയ്യൻസ്വാമി പുറപ്പാടായി. അതാ അവിടെ കഴുതയും ഉണ്ടു് ഹാജിയും ഉണ്ടു്, ചത്തുകിടക്കുന്നു. കൈത്തോക്കു് ഒന്നു് വേറെ ഒരേടത്തു് ഉണ്ടുകൾ ആറും കഴുതയുടെ ദേഹത്തിൽ കടന്നിട്ടുണ്ടു്. ഒന്നു ഞെരങ്ങുകകൂടി ചെയ്യാതെ അതു് അന്തിമശ്വാസംവലിച്ചുകഴിഞ്ഞിരുക്കുന്നു.

എവിടെ നോക്കിയാലും സന്തോഷംതന്നെ. ആ തസ്കരപ്രമാണിയെ പിടിച്ച വിവരം സുബ്ബയ്യൻസ്വാമി ഡിസ്ട്രിക്ട്സൂപ്രഡണ്ടിനു കമ്പിയയച്ചു. പിറേറദിവസം കാലത്തു് അദ്ദേഹംതന്നെ സ്ഥലത്തെത്തി പരിശോധനകൾനടത്തി ആയിരംരൂപാ സമ്മാനമായി കൊടുക്കുകയും ചെയ്തു. അതിൽനിന്നു് സുബ്ബയ്യൻ, പോലീസധികാരി, ഗ്രാമാധികാരി, രണ്ടു മാസപ്പടിക്കാർ, ആശാരി, കൃഷിക്കാരൻ, ജോലിക്കാരൻ, രക്കപ്പൻ ഇങ്ങിനെ ഒമ്പതുപേർ നൂറുരൂപാവീതം തൊള്ളായിരം രൂപാ പങ്കിട്ടെടുത്തു. ശേഷിച്ച നൂറുരൂപാകൊണ്ടു് കഴുതയുടെ ശരീരം എടുപ്പിച്ചുകൊണ്ടു് അതിഗംഭീരമായ ഒരു ഘോഷയാത്രയായി കൊണ്ടുപോയി സംസ്കരിച്ചു് പണ്ടാരി

ക്കലും ഉണ്ടായിട്ടില്ലാത്തവിധം അതിനെ ബഹുമാനിച്ചു. രക്കപ്പൻ ഇതെല്ലാം കണ്ടു് കരഞ്ഞുകൊണ്ടു്:—"അതൊരു വെറും കഴുതതന്നെആയിരുന്നുവെങ്കിലും ഞാൻ അതിനെ എൻെറ സ്വന്തം കുഞ്ഞിനെപ്പോലെയാണു് സ്നേഹിച്ചിരുന്നതു്" എന്നു പറഞ്ഞതു കേട്ടപ്പോൾ ആ പോലീസ്അധികാരി പറയുകയാണു്:—"ശബ്ദിക്കുന്നതു് മനുഷ്യർമാത്രമല്ല കഴുതയുംകൂടിയും പറയും എന്നു് ഇപ്പോൾ നിനക്കു് ബോദ്ധ്യമായില്ലേ?"

---

## ൧൦൧. ജാനകിയുടെ വെള്ളിത്താമ്പാളം.

---

മാധവിക്കു് അഞ്ചു് ആൺമക്കൾ ഉണ്ടു്. അവർ അഞ്ചുപേരും വിവാഹംചെയ്തവരുമാണു്. അമ്മായിയും അഞ്ചു മക്കളും അവരുടെ അഞ്ചു മരുമക്കളുംകൂടി ഒന്നിച്ചു് ഒരു വീട്ടിലാണു താമസം. മരുമക്കളിൽ നാലുപേരും ഇടത്തരക്കാർതന്നെ. എന്നാൽ എല്ലാററിലും ഇളയമകൾ ജാനകി അങ്ങിനെയല്ല. അവൾ ഒരു പ്രഭുകുടുംബത്തിലെ അംഗം; ജഡ്ജിയുടെ പുത്രി. അമ്മായിയും മററു മരുമക്കളും അയൽപക്കക്കാരുംഒക്കെ ജാനകിയെ വളരെ പ്രശംസിക്കും. അതൊക്കെ കേൾക്കുമ്പോൾ അവളും തന്നെത്താൻ അറിയാതെ ഒന്നു് ഞെളിയുകയും ചെയ്യും. ഇങ്ങിനെയിരിക്കെ ഒരുദിവസം അയൽക്കാരിയും ധനികയും ആയ ഒരു സ്ത്രീ മാധവിഅമ്മയുടെ വീട്ടിൽ വിരുന്നുവന്നു. ആരെങ്കിലും വിരുന്നുവന്നാൽ, വീട്ടിലുള്ളവർ ആഗതയെ സ്വീകരിച്ചിരുത്തി താംബൂലം സൽക്കരിച്ചു ഒന്നിച്ചിരുന്നു സല്ലപിക്കുകയാണു നാട്ടുനടപ്പു്. അതുതന്നെയാണു മര്യാദയും. സാധുക്കളാണെങ്കിൽ താംബൂലം സല്ക്കരിക്കുന്നതു നിക്കൾതാമ്പാളത്തിലായാൽ മതി ഇടത്തരക്കാർക്കു് അതുപോരാ; അവർ പിത്തളത്താമ്പാളം ഉപയോഗിച്ചേ മതിയാകൂ. ഉയർന്നതരത്തിലുള്ളവർ വെള്ളിത്താമ്പാളംതന്നെ ഉപയോഗിക്കണം. വലിയ ധനികന്മാർ സ്വർണ്ണത്തളികകൂടിയും ഉപയോഗിക്കാറില്ലെന്നില്ല. ഇതെല്ലാം ഉപചരിക്കുന്നവരുടെ അവസ്ഥ അനുസരിച്ചിരിക്കും.

മാധവിഅമ്മ ആഗതയെ സ്വീകരിച്ചുകൊണ്ടുപോയി ഉപചാരപുരസ്സരം ഇരുത്തിയശേഷം മുറുക്കുവാൻ സല്ക്കരിക്കേണ്ടതിനു് ജാനകിയുടെ വെള്ളിത്താമ്പാളം അന്വേഷിക്കുകയായി. തിരച്ചിലോടു തിരച്ചിൽ! അമ്മായിയും മരുമക്കളുംകൂടി ഇനി തിരയുവാൻ അവിടെ മുക്കുകളും മൂലകളും ഒന്നും ബാക്കിയില്ല. എന്നിട്ടും താമ്പാളം കാണുവാനില്ല. വേലക്കാരത്തിയെ പിടിച്ചു് ചോദ്യംചെയ്തു

നോക്കി. അവരം കണ്ടതേ ഇല്ലപോലും. ഇപ്പോഴെല്ലാം അതി ഥി തനിയേതന്നെ ഇരിക്കുകയാണ്. അതിനാൽ ആ ധനിക വീട്ടുകാരിയെ വിളിച്ച്, ആദ്യം വളരെ ശാന്തമായി—അത്ര ധൃതിയായി വെള്ളിത്താമ്പാളമൊന്നും തിരയേണ്ടതില്ലെന്നും, അതു അവിടത്തന്നെ എങ്ങാനും മറഞ്ഞിരിപ്പുണ്ടായിരിക്കും എന്നും വഴിയെ കണ്ടെത്താമെന്നും തല്ക്കാലം പിത്തളത്താമ്പാളത്തിൽ മുറുക്കുവാൻ കൊണ്ടുവന്നാൽ മതിയെന്നുംമററും പറഞ്ഞുനോക്കി. പക്ഷേ ഈ അഭിപ്രായത്തെ ഗൃഹിണി സ്വീകരിച്ചില്ല. "എന്തു്! നിങ്ങൾക്കു പിത്തളത്താമ്പാളത്തിൽ മുറുക്കുവാൻ കൊണ്ടുവരികയോ? എന്തു കുറവ്! നിങ്ങൾക്കു നിങ്ങളുടെ സ്ഥിതിയെപ്പററി ബഹുമാനമേതുമില്ലെങ്കിലും ഞങ്ങൾക്കു അങ്ങിനെ വിചാരിക്കുവാൻ പാടുണ്ടോ!" എന്നെല്ലാം സഗൌരവം ചോദിക്കുകയാണു ചെയ്തതു്. പി-ത്താ-ള എന്നു അലക്ഷ്യമാക്കി പറഞ്ഞതു എത്രയോ നിന്ദ്യമായ രീതിയിൽ ആയിരുന്നു. അതു കേൾക്കുവാൻ അന്നു് അവിടെ പിത്തള ഉണ്ടായിരുന്നു എങ്കിൽ, അയ്യോ പാവം! അതു് അതിൻെറ നികൃഷ്ടാവസ്ഥ ഓർത്തു ലജ്ജിച്ചു തലതാഴ്ത്തിപ്പോകുമായിരുന്നേനെ. ഇതുകേട്ടു് ആഗത പിന്നെയും കുറച്ചുനേരംക്കൂടി മിണ്ടാതിരുന്നുനോക്കി. മിനിട്ടു പതിനഞ്ചു പിന്നേയും കഴിഞ്ഞു. ഇതിനകത്തു ചുരുങ്ങിയതും ഒരു പതിനഞ്ചുപ്രാവശ്യം കോട്ടുവായിട്ടിട്ടുണ്ടു്. ഇരുന്നിരുന്നു് അവർക്കു മടുത്തു. ക്ഷമയുടെ അടിത്തട്ടുവരെ താണു. പിന്നെയും ഗൃഹിണിയെ വിളിച്ചു ഒരിക്കൽക്കൂടെ ഇങ്ങിനെ പറഞ്ഞുനോക്കി—"അതു് അവിടെ എവിടെയെങ്കിലും ഇരിക്കുന്നുണ്ടാകും വെച്ചസ്ഥലം ഓർമ്മയില്ലാഞ്ഞിട്ടാണു്. ഇപ്പോൾ കിടന്നു പരിഭ്രമിക്കുന്നതെന്തിനു്! വല്ലതാമ്പാളത്തിലും കുറച്ചു മുറുക്കുവാൻ കൊണ്ടുവരൂ. നമുക്കു് ഒന്നു മുറുക്കി കുറച്ചുനേരം വല്ലതുമൊക്കെ പറഞ്ഞുകൊണ്ടിരിക്കാം."

"എന്നാലോ, നിങ്ങൾ നോക്കണേ!" ആ അമ്മാവി പറയുകയാണു്, "ഇവിടെയുള്ളവരുടെ കാൎയ്യമെല്ലാം ഇങ്ങിനെയാണു്. ഒന്നിനുമില്ല ഒരു ഓർമ്മയും സൂക്ഷ്മവും. വല്ലവരും കട്ടുകൊണ്ടുപോയോ എന്നുതന്നെ ആൎക്കു് അറിയാം." ഇത്രയും പറഞ്ഞപ്പോഴേക്കും ആ വൃദ്ധയുടെ മുഖം ഭയംകൊണ്ടു വിവൎണ്ണമായിരിക്കുന്നതായി ആ ധനിക കണ്ടു.

"അതിലെ ലതകളേ എത്ര കൌതുകമുള്ളതാണു്! ഇത്ര നന്നായി ഞാൻ വേറെ എങ്ങും കണ്ടിട്ടില്ല" എന്നായി മൂത്തസഹോദരി.

"അക്കാ! അതിലെ വ്യാളമുഖമോ? എത്ര മനോഹരം!" എന്നായി രണ്ടാമത്തേവൾ.

"എന്തൊരുമിനുസം! കണ്ണാടി, കണ്ണാടിപോലെയല്ലേ ഇരിക്കു നതു്" എന്നു മൂന്നാമത്തവളുടെ വക.

"ആകെപ്പാടെ ഇത്രനല്ല ഒരു താമ്പാളം ഞാനെങ്ങും കണ്ടിട്ടി ല്ല." എന്നായി നാലാമത്തവൾ.

"ചുരുങ്ങിയതു് ഒരു നൂറുരൂപായെങ്കിലും വിലപിടിക്കും" എന്നു അമ്മായി വാഴ്ത്തി.

"എങ്ങിനെ ഇല്ലാതിരിക്കും! ജഡ്ജിയദ്ദേഹം കൊടുത്ത തല്ലേ" എന്നു് ആഗതയും പുകഴ്ത്തി.

ജാനകിമാത്രം ഒന്നും മിണ്ടിയില്ല. "അങ്ങിനെയല്ലേ വരാൻ നിവൃത്തിയുള്ളു. അവളുടെ താമ്പാളത്തെ അവൾതന്നെ പ്രശംസി ച്ചാലോ" എന്നു് ആഗതയും വിചാരിച്ചു. ഇത്ര വിശേഷമായ ഒരു താമ്പാളം കാണാതെപോയാലുള്ള നഷ്ടത്തെ ഓർത്തു് ഭയത്തോടുകൂടി പിന്നെയും ആഗത ഒരു പതിനഞ്ചുമിനിട്ടുനേരംകൂടി തനിയെത ന്നെ ഇരുന്നുനോക്കി. പ്രയോജനമേതും ഉണ്ടായില്ല. വീട്ടുകാർതി രച്ചിൽ നിർത്തുന്നതുമില്ല; തന്നോടു് കുശലപ്രശ്നംചെയ്യാൻവരുന്ന ഭാവവും ഇല്ല. ഇങ്ങനെ തനിയെ ഇരുന്നു മുഷിഞ്ഞു് ഒടുവിൽ ഗൃ ഹിണിയുടെ അടുത്തുചെന്നു് ഇങ്ങനെ പറഞ്ഞു:—"പിന്നെ, പരിഭ്ര മിക്കാതിരിക്കിൻ. ഇവിടെ ഒരുപാടു് പാത്രങ്ങൾ ഉണ്ടല്ലോ; അവ യുടെയിടയിൽ എങ്ങാനും മറഞ്ഞു കിടക്കുന്നുണ്ടായിരിക്കും. അല്ലാതെ ആരും മോഷ്ടിച്ചിട്ടുംമററും ഉണ്ടായിരിക്കയില്ല."

"എനിക്കും തോന്നുന്നതു് അങ്ങിനെതന്നെയാണു്" ഗൃഹിണി പറയുകയാണു്. "ഞങ്ങൾ സാമാനങ്ങൾ എല്ലാം ഭദ്രമായി സൂക്ഷി ക്കാറാണു പതിവു്. വേലക്കാരത്തി നല്ല വിശ്വസ്തയുമാകുന്നു."

"ആരും കട്ടുകൊണ്ടുപോകുകയും മററും ഇല്ല! മൂത്തസഹോദ രിയുടെ വകയാണിതു്. ജാനകിയുടെ അച്ഛൻ ജഡ്ജിഅങ്ങത്തെ എല്ലാവർക്കും വലിയ ഭയമല്ലയോ. തൂക്കിക്കൊല്ലുവാൻകൂടെ അധി കാരമുള്ള ആളല്ലേ. അദ്ദേഹം കൊടുത്തതല്ലേ ആ വിശേഷപ്പെട്ട താമ്പാളം. അതു് ആരു് കക്കാനാണു്." ഇങ്ങിനെ ആയിരുന്നു സീതയുടെ അഭിപ്രായമെങ്കിലും താമ്പാളം കാണാതായതിൽ അധി കം പരിഭ്രമിച്ചതും അശ്രാന്തം അന്വേഷിച്ചതും മററാരും ആയിരു ന്നതുമില്ല.

"അതാരും കട്ടുകൊണ്ടുപോയിട്ടില്ല" എന്നുമാത്രമേ ജാനകി പറഞ്ഞുള്ളു.

"അതേ, അതേ; ഇവിടെ എങ്ങാനുംതന്നെ കാണും. ത ല്ക്കാലം ഒരു പിത്തളത്താമ്പാളത്തിൽ മുറുക്കുവാൻ കൊണ്ടുവരിൻ. നമുക്കു് സുഖമായിരുന്നൊന്നു മുറുക്കി കുറച്ചുനേരം നല്ലപിക്കാം" എന്നു് ആഗത പിന്നേയും അഭിപ്രായപ്പെട്ടു. "അഥവാ, ആരെങ്കി

ലും കട്ടുകൊണ്ടുപോയി എന്നു വന്നാൽത്തന്നെയും അതുപോലെ വേറെ ഒന്നു് വാങ്ങിക്കൊടുക്കുവാൻ കഴിയുന്ന ആളാണല്ലോ അവളുടെ അച്ഛൻ, ജഡ്ജിഅങ്ങുന്നു്."

ഗൃഹിണിക്കു് സമ്മതമായി. പിത്തളത്താമ്പാളത്തിൽത്തന്നെ മുറുക്കുവാൻ കൊണ്ടുവന്നു എല്ലാവരും കൂടിയിരുന്നു് മുറുക്കി, രണ്ടു മണിക്കൂർനേരംവരെ ഓരോ വെടിപറഞ്ഞു കഴിച്ചുകൂട്ടിയശേഷം—കാണാതായ താമ്പാളം താമസിയാതെ കണ്ടുകിട്ടുമെന്നു ആശംസിച്ചുകൊണ്ടു് അവരെ ഉത്സാഹപ്പെടുത്തി ആഗത അവിടെനിന്നു് പോകുകയുംചെയ്തു.

പിറേറ ആഴ്ചയിലേക്കായിരുന്നു പ്രതിസന്ദർശനം നിശ്ചയിച്ചിരുന്നതു്. മാധവിഅമ്മയ്ക്കു് നല്ല സുഖമില്ല. അതിനാൽ പ്രതിനിധിയായി മൂത്തമരുമകൾ സീതയെത്തന്നെ നിയമിച്ചു അവർ ചെന്നു കയറിയക്ഷണം ആ ധനിക ചോദിച്ചതു്:—"ജാനകിയുടെ, അന്നു് കാണാതെപോയ വെള്ളിത്താമ്പാളം പിന്നീടു് കാണുക ഉണ്ടായോ?" എന്നാണു്.

"ഇല്ല", സീത പറഞ്ഞു. "എന്നാൽ ഒരുമാസത്തിനകം കിട്ടേണ്ടിയിരിക്കുന്നു."

"എന്തു്!" ധനിക സഹതാപത്തോടെ ചോദിക്കുകയാണു്, "വല്ലവരും വിക്കിക്കൊണ്ടുപോയതുതന്നെയോ? കൂട്ടവും കുറിയും ആയി; അല്ലേ? ഇപ്പോൾ ഏതുകോടതിയിലാണു് ഇരിക്കുന്നതു്."

"ആരും കട്ടതുമില്ല, കോടതിയിലെങ്ങും എത്തിയതും ഇല്ല." എന്നായി സീത.

"പിന്നെ സംഭവിച്ചതെന്തു്?" എന്നു ധനിക സസംഭ്രമം ചോദിച്ചു.

"അങ്ങിനെ ഒരു താമ്പാളം മുമ്പേതന്നെ ഉണ്ടായിരുന്നതേ ഇല്ല" എന്നു സീത സാവധാനം അറിയിച്ചു.

"എന്താണീ പറയുന്നതു്! പിന്നെ നിങ്ങൾ അന്നു് അത്രയൊക്കെക്കിടന്നു് തിരഞ്ഞതെന്തിനു്?" ആ ധനിക അത്ഭുതപരതന്ത്രയായി ചോദിക്കുകയാണു്, "അങ്ങിനെല്ലാം വിസ്തരിച്ചു വർണ്ണിച്ചതെങ്ങനെ? ഒരു മാസത്തിനകം കിട്ടുമെന്നു് ഇപ്പോൾ പറയുവാനും കാരണം എന്തു്?"

"ഞങ്ങൾ അന്നു് തിരഞ്ഞതെല്ലാം", സീത വ്യാഖ്യാനിക്കുന്നു, 'ജഡ്ജിയുടെ പുത്രിക്കു് ഒരു വെള്ളിത്താമ്പാളം ഇല്ലെന്നുവരുത്തരുതല്ലോ എന്നു് വിചാരിച്ചായിരുന്നു. ഇത്രനാളായിട്ടും അവൾക്കു് ഒരു നല്ല വെള്ളിത്താമ്പാളം വാങ്ങിക്കൊടുക്കണമെന്നു് അദ്ദേഹത്തിനു് തോന്നിട്ടില്ല. അതുകൊണ്ടു് അന്നു് അങ്ങനെ ഒരു വിദ്യ എടുത്തതായിരുന്നു. നീണ്ടുനിന്ന തിരച്ചിലും വിസ്തരിച്ചുള്ള വിവരണവും,

അങ്ങനെ ഒരു താമ്പാളമുണ്ടെന്നു് നിങ്ങളെ നിസ്സന്ദേഹം വിശ്വസിപ്പിക്കുവാൻ സൃഷ്ടിക്കപ്പെട്ട വെറുംവിദ്യകൾമാത്രം. അത്രതന്നെയുമല്ല; ജഡ്ജിഅദ്ദേഹം ജാനകിക്കു് ഏതുതരം താമ്പാളം കൊടുക്കണമെന്നാണു ഞങ്ങൾ ആഗ്രഹിക്കുന്നതെന്നുകൂടി അതുകൊണ്ടുവ്യക്തമാക്കിട്ടുണ്ടു്. അതിൽപ്പിന്നെ അത്തരത്തിലുള്ള ഒരു താമ്പാളം ഉണ്ടാക്കിക്കുവാൻ ജഡ്ജിഅദ്ദേഹത്തെ ജാനകി പ്രേരിപ്പിച്ചിട്ടുണ്ടെന്നാണു് അറിവു്. അതുകൊണ്ടു് അതു് ഒരുമാസത്തിനകം കിട്ടിയേക്കുവാനും മതി. ഇതിനെല്ലാം കാരണമായിത്തീന്നതു് നിങ്ങളുടെ വരവു് ഒന്നുമാത്രവും ആകുന്നു.”

---

## ൯൦൨. എല്ലാ ഒരുക്കങ്ങളും.

---

ഒരിക്കൽ ഒരു ധനാഢ്യനായ പ്രഭു തന്റെ ഏകപുത്രിയുടെ വിവാഹമാഘോഷിക്കുവാൻ തീൎച്ചയാക്കി. ഇദ്ദേഹം ഒരു ക്രൂരപ്രകൃതികൂടെ ആയിരുന്നതുകൊണ്ടു് എല്ലാവൎക്കും വലിയഭയമാണു്. തന്റെ പുത്രിയുടെ വിവാഹാടിയന്തിരം അതികേമമായി ആഘോഷിക്കണം എന്നായിരുന്നു ആ ദുശ്ശാസനപ്രതാപിയുടെ നിശ്ചയം. എന്നാൽ കല്യാണത്തിനുവേണ്ട ഏൎപ്പാടുകൾ ഒന്നുംതന്നെ നേരിട്ടുചെയ്യുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഒന്നാമതായി അതിലുള്ള അലസത; രണ്ടാമതായി, ഈവക നിസ്സാരസംഗതികളിൽ കയ്യിടുന്നതു് തന്റെ അന്തസ്സിനും പ്രതാപത്തിനും പോരാത്തതാണെന്നുള്ള ദുരഭിമാനം. പറയുന്നതുകേൾക്കുവാൻ ധാരാളം ഭൃത്യപ്പരിഷയുള്ളപ്പോൾ താൻതന്നെ ഏവംവിധമുള്ള നിസ്സാരസംഗതികളിൽ ശ്രദ്ധിക്കുന്നതു് ഒരുതരം സ്ഥിതികേടാണെന്നുതന്നെ അദ്ദേഹം നിശ്ചയിച്ചു. എന്നാൽ തന്റെ സ്വന്തം ഭൃത്യന്മാൎക്കുതന്നെ തന്നിൽ പ്രീതിയില്ലെന്നുള്ള വിവരം ഒരുപക്ഷേ ആ ഭോഷൻ ധരിച്ചിരുന്നില്ലായിരിക്കാം. ഇദ്ദേഹം അവരെയെല്ലാം ശകാരിക്കും, അടിക്കും, ഇടിക്കും, ചവിട്ടും, മെതിക്കും, കാരണം കേവലം നിസ്സാരമായതേതായാലുംമതി; ജോലിക്കാരെ ജോലിയിൽനിന്നു് പിരിച്ചുവിടുവാനും അവൎക്കു് അപരാധം നിശ്ചയിക്കുവാനും. ഇദ്ദേഹത്തെക്കൊണ്ടു ഭൃത്യന്മാർ കുഴങ്ങി; അവർ ‘നിത്യവെള്ളു’ ആയി. ആ ദ്രോഹിയുടെകീഴിൽ ജോലിയെടുക്കുവാൻ ആൎക്കും ഇല്ലാതായി താല്പൎയ്യം. അടിയും ഇടിയും ചവിട്ടും കുത്തും സഹിച്ചു് വല്ലവരും അവിടെ വിടാതെ നില്പുണ്ടെങ്കിൽ അതു് അവരുടെ ദാരിദ്ര്യം ഒന്നിനെമാത്രം ഭയന്നാണു്.

ഭൃത്യന്മാരുടെ മേധാവിയായി വിചാരിപ്പുകാരൻ ഒരാറം ഉണ്ട്. കണക്കെഴുതുകയും ഭൃത്യന്മാരെക്കൊണ്ടു് ശരിയായി ജോലിചെയ്യിപ്പിക്കുകയും ആണു് വിചാരിപ്പുകാരൻെറ പ്രവൃത്തി. ഭൃത്യന്മാരോടുള്ള പെരുമാററത്തിൽ ഭേദമായപെരുമാററമൊന്നും വിചാരിപ്പുകാരനോടും അദ്ദേഹത്തിനില്ല. അടുക്കുന്നേടത്തോളം ശിക്ഷക്രൂരതലാണു്. കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയ്ക്കു് പതിനേഴ വിചാരിപ്പുകാരന്മാരെയായി ആ ദ്രോഹി പിരിച്ചയയ്ക്കുന്നു. കാരണങ്ങാം എല്ലാം ബഹുബഹു നിസ്സാരം.

പതിനെട്ടാമത്തെ വിചാരിപ്പുകാരനാണു് രാമൻ. ഈ ആറം മററുള്ളവരെ അപേക്ഷിച്ചു് കുറേക്കൂടി സമത്ഥനാകുന്നു. അതുകൊണ്ടു് വലിയ ശിക്ഷകളൊന്നുംകൂടാതെ ആറുമാസക്കാലം ഉദ്യോഗം ഭരിച്ചുകൊണ്ടുപോകുവാൻ അവനു് സാധിച്ചു എന്നു പറയാം. വിവാഹത്തിനു ഏതാണ്ടു് ഒരാഴ്ചയ്ക്കുമുമ്പു് കണക്കിൽ ഒരു ഭേദഗതി വരുത്തുവാൻ രാമനോടു് അവൻെറ യജമാനൻ ആജ്ഞാപിച്ചിരുന്നു. അതുപ്രകാരം തിരുത്തിയും ഇരുന്നു. എന്നാൽ ആ തിരുത്തു വേണ്ടതുപോലെ നന്നായില്ലെന്നു യജമാനനു തോന്നി, രാമൻെറ മുഖത്തു് ഒരു തുപ്പു് വെച്ചുകൊടുത്തു. രാമനു് അതു ഒട്ടും രസമായില്ല. 'ആകട്ടെ, ഇതിനു പകരംവീട്ടിക്കൊള്ളാം' എന്നുതന്നെ രാമനും നിശ്ചയിച്ചു. തൻെറ ഉദ്ദേശത്തെ സാധിപ്പിക്കുവാൻ തല്ക്കാലം മൌനംദീക്ഷിക്കുകതന്നെയാണു വേണ്ടതെന്നനിശ്ചയത്തോടുകൂടി ആ സമത്ഥൻ അപ്പോറം ഒന്നുംതന്നെ മിണ്ടിയില്ല. വല്ലതും മിണ്ടിപ്പോയാൽ തൻെറ ഉദ്യോഗം ഉടനെതന്നെ പണയത്തിലായിപ്പോകുമെന്നു് ആ സമത്ഥനു് അറിയാമായിരുന്നു.

ആ ദുശ്ശാസനപ്രതാപി ഒന്നും സംശയിച്ചില്ല; ദിവസങ്ങാം പിന്നേയും ചിലതു കഴിഞ്ഞു. ഇനി വിവാഹത്തിനു ദിവസം മൂന്നേ ഉള്ളു. ശ്രമങ്ങളും ഒരുക്കങ്ങളുംഎല്ലാം മുറയ്ക്കു നടക്കുന്നുണ്ടു്. പ്രഭു വിചാരിപ്പുകാരെ വിളിച്ചുപറയുകയാണു്:—"രാമാ! മകളുടെവിവാഹം തിങ്കളാഴ്ച കാലത്തു ഏഴമണിക്കാണല്ലോ. കെങ്കേമമായി ആഘോഷിക്കണം, കേട്ടോ, അതിനു് എന്തുതന്നെ ചെലവായാലുംതരക്കേടില്ല കേട്ടോ. എല്ലാം നിന്നെ ഏല്പിച്ചിരിക്കുന്നു നല്ലപോലെ ശ്രദ്ധിച്ചോ. ഞാൻ വിവാഹദിവസം മുഹൂത്തസമയത്തേ പന്തലിലേയ്ക്കു് വരികയുള്ളൂ. അപ്പോഴേയ്ക്കു് എല്ലാം ശരിയാക്കിവച്ചുകൊള്ളണം. വന്നുനോക്കുമ്പോറം അന്നു് അവിടെ ആവശ്യമുള്ളതും മേലിൽ എന്നെങ്കിലും ആ ദമ്പതികറംക്കു് ആവശ്യമായിവരുന്നതും എല്ലാം അവിടെ കാണണം. മനസ്സിലായോ. ഏതെങ്കിലുംഒന്നു പോലും ഇല്ലാതിരുന്നാൽ ഞാൻ നിന്നെ അവിടെയിട്ടുതന്നെ കാൽ

പ്പന്തടിക്കും, നോക്കിക്കോ. നിനക്ക് എന്നെ നല്ലപോലെ അറിയാമല്ലോ. നല്ലപോലെ ഓമ്മയിരുന്നുകൊള്ളട്ടെ"

"എന്നാൽ, അന്നവിടെ തയ്യാറാക്കിവെക്കേണ്ടുന്നവ എന്തെല്ലാമാണെന്നുള്ളതിന്ന് ഒരു ലിസ്റ്റ് തന്നേക്കണം. അതനുസരിച്ചു എല്ലാം തയ്യാറാക്കിവെച്ചുകൊള്ളാം" എന്ന് രാമൻ ബോധിപ്പിച്ചു.

"എന്തെടാ കഴുതേ! നീ പറഞ്ഞതു്? ഞാൻ നിനക്ക് ഒരു ലിസ്റ്റ് തരികയോ! നീ പറയുന്നതു കേട്ടുനടക്കാൻ ഇവിടെ ആരാടാ ഇരിക്കുന്നതു്! പിന്നെ എന്തിനാടാ നിങ്ങളെയെല്ലാം കെട്ടുത്ത ശമ്പളവും തന്നു തീററിപ്പോററുന്നതു്! അധികപ്രസംഗം പറയാതെ പോ മറയത്തു്. ഒന്നുമാത്രം നല്ലപോലെ കരുതിക്കോ, ധിക്കാരി! എന്തെങ്കിലും ഒന്നുപോലും അവിടെ ഇല്ലാതെപോയാൽ ഞാൻ നിന്നെ അവിടെയിട്ട് എല്ല് വെള്ളമാക്കിവിടുന്നുണ്ടു്; നോക്കിക്കോ."

രാമൻ തൊഴുതു കമ്പിട്ട് അവിടെനിന്നു പോയി. പക്ഷേ, പോകുന്നവഴിക്ക് ആ വിരുതൻ കണ്ണുകൊണ്ടൊന്നു ചിമിട്ടിയതു യജമാനൻ കണ്ടില്ലെന്നേയുള്ളൂ.

തിങ്കളാഴ്ച കാലത്തു മണി ഏഴടിച്ചു. കല്യാണപ്പന്തൽ നിറയെ ആളുകൾ വന്നു് ഇരിപ്പായിട്ടുണ്ട്. ഗൃഹസ്ഥനും അവിടെ പ്രവേശിച്ചുകഴിഞ്ഞു. 'വല്ലകണക്കിലും രാമനു നാലു കൊട്ടക്കണമല്ലോ' എന്നാണു് ആ പ്രഭുവിൻെറ മനോരാജ്യം. പന്തൽനിറയെ ആളുകൾ തിങ്ങി ഇരിപ്പുണ്ടെങ്കിലും, സാധാരണ ഈവക അവസരങ്ങളിൽ എങ്ങും ഉണ്ടാകാറുള്ളതുപോലെ, അവിടെ ഒരു ഒച്ചയാകട്ടെ, വിളിയാകട്ടെ, ഒന്നും കേൾക്കാനില്ല. ആഹ്ലാദലക്ഷണങ്ങളേ ഇല്ല. എന്നുതന്നെയല്ല, എല്ലാവരും മ്ലാനവദനരായി മൌനംഅവലംബിച്ച് ഇരിക്കുകയാണു. ഓരോരുത്തർ ഓരോന്നു കുശുകുശു പറയുന്നുണ്ടെങ്കിലും അവയൊന്നും പുറത്തു കേൾക്കുന്നതേ ഇല്ല.

വധുവിനും വരനും ഇരിക്കുവാനായി രണ്ടു ആസനങ്ങൾ അതിമനോഹരമായി അലങ്കരിച്ചുവച്ചിരിപ്പുണ്ട്. അവയ്ക്കുനേരേ മുമ്പിൽ, പന്തലിൻെറ മദ്ധ്യത്തിലായി രണ്ടു പ്രേതമഞ്ചങ്ങളും, അതിനു് ഉചിതമായവിധം അലങ്കരിച്ചുവച്ചിരിക്കുന്നു. പ്രഭു പന്തലിൽ കടന്ന ഉടനെ ആദ്യമായി കണ്ടതു് ഈ പ്രേതവാഹനങ്ങളെയാണു്. അദ്ദേഹം ക്രോധിച്ചു, കണ്ണുരുട്ടി, പൽകടിച്ചു, മുഷ്ടിചുരുട്ടി, "ഇതു് ഇവിടെ കൊണ്ടുവന്നുവെച്ച തെമ്മാടി ആരു്?" എന്നു് അട്ടഹസിച്ചു.

"അവിടുത്തെ കല്പന അനുസരിച്ചു ഞാനാണു് കൊണ്ടുവന്നുവെച്ചതു്" എന്നു് രാമൻ വളരെ സാവധാനത്തിലും വണക്കത്തോടുകൂടിയും പറഞ്ഞതുകേട്ടപ്പോൾ അവിടെ കൂടിയിരുന്നവരെല്ലാം അത്ഭുതപ്പെട്ടുപോയി. വധുവിനും വരനും അത്ഭുതമല്ല, ഭയമോ സങ്ക

ടമോ, അഥവാ അവ രണ്ടുംകൂടിയോ ആണ് ഉണ്ടായതു്. എങ്ങിനെ മറിച്ചുവരും? കല്യാണപ്പന്തലിൽ പ്രേതമഞ്ചം!

"എൻെറ കല്പനപ്രകാരമോ?" എന്നു പ്രഭു ഗജ്ജിച്ചു.

"അതേ, അവിടുത്തെ കല്പനപ്രകാരംതന്നെ" എന്നായി വിചാരിപ്പുകാരൻ രാമൻ. "വധുവിനും വരനും മേലിൽ എന്നെങ്കിലും ആവശ്യമായി വന്നേക്കാവുന്നവയെല്ലാം തയ്യാറാക്കിവെയ്ക്കണമെന്നു കല്പിച്ചതു് അവിടുന്നാണു്. അവയിൽ ഒന്നെങ്കിലും ഇല്ലാതായാൽ ഈ പന്തലിൽ ഇട്ടുതന്നെ എന്നെ 'ഫുട്ബാൾ'തട്ടുമെന്നുംകൂടി അവിടുന്നു് ആജ്ഞാപിക്കുകയുണ്ടായി. ഈ പ്രേതമഞ്ചം ഇവക്കു് എന്നെങ്കിലും ഒരിക്കൽ തീച്ചയായും ആവശ്യമായിവരും എന്നുള്ളതും നിരാക്ഷേപമായ സംഗതിയാണു്. അതുകൊണ്ടാണു് ഇവിടെ തയാറാക്കിവെച്ചതു്."

ഇങ്ങിനെ പറഞ്ഞുകൊണ്ടു രാമൻ അവിടെനിന്നും ഇറങ്ങി ഒരോട്ടം. അവിടെ കൂടിയിരുന്നവരെല്ലാം ചിരിയോടുചിരിയായി. നമ്മുടെ ധനികൻ കോപാവേശംകൊണ്ടു അവിടെ കിടന്നു തുള്ളുകയും ചെയ്യുന്നു. എന്തു കാട്ടാം!

---

## ൧൦൩. നല്ല സമാധാനം.

---

ഒരു ഹിന്തുരാജ്യത്തിൽ പണ്ടു സാധുവായ ഒരു രാജാവു് ഉണ്ടായിരുന്നു. സമത്ഥനായ മന്ത്രി, രാജാധികാരങ്ങൾ എല്ലാം കൈക്കലാക്കി; രാജാവിനെ കൊട്ടാരംവക വലിയക്ഷേത്രത്തിൽ ഭജനത്തിനാക്കിയിരിക്കുകയാണു്. അതിനുവേണ്ട ഏപ്പാടുകളെല്ലാം ചെയ്തുകൊടുത്തിട്ടും ഉണ്ടു്. കുളിക്കണം, ഭജിക്കണം—ഇതുമാത്രം രാജാവിൻെറ തൊഴിൽ. കായ്യവിചാരങ്ങൾ എല്ലാം മന്ത്രിയുടെ വക. രാജാവിന്നു് ഇതുകൊണ്ടു തെല്ലും തൃപ്തിയുണ്ടായില്ല; എന്നാൽ മഹാശക്തിമാനായിത്തീന്നിരിക്കുന്ന മന്ത്രിയുടെ സവ്വാധികാരത്തിനെതിരായി ഒരു വിരൽ ചൂണ്ടുവാനുള്ള ശേഷിപോലും അദ്ദേഹത്തിനു് ഉണ്ടായിരുന്നതും ഇല്ല. ഒരുദിവസം ഇദ്ദേഹം ക്ഷേത്രത്തിലെ പ്രധാനാചായ്യനെ പാട്ടിൽപ്പിടിച്ചു്, സന്ധിസംസാരിക്കുവാനായി മന്ത്രിസമീപം പറഞ്ഞയച്ചു. പുരോഹിതൻ എങ്ങും; പുരോഹിതൻ എന്നും, പുരോഹിതൻ തന്നെ. ദൈവത്വത്തിനും വേണം ദക്ഷിണ. രാജാവു കൊടുത്ത വലിയ ദക്ഷിണയെടുത്തു ആദ്യംതന്നെ ഭദ്രമായി സൂക്ഷിച്ചുവെച്ചാണു് 'തിരുമേനി' മന്ത്രിസന്നിധിയിലേയ്ക്കു പുറപ്പെ

ട്ടതു്. മന്ത്രിവയ്യൻ അദ്ദേഹത്തെ സാദരം സ്വീകരിച്ചിരുത്തി കുശലപ്രശ്നങ്ങൾ എല്ലാം ചെയ്തതിനുശേഷം,

പുരോഹിതൻ:—"അവിടുന്നു ധമ്മശാസ്ത്രങ്ങളും നീതിശാസ്ത്രങ്ങളും എല്ലാം നല്ലപോലെ പഠിച്ചിരിക്കുന്ന ആളാണല്ലോ. ധമ്മമൂത്തിതന്നെ ആണെന്നാണു് ഞങ്ങളുടെ എല്ലാം വിശ്വാസം. അങ്ങിനെയിരിക്കെ അവിടുന്നു രാജാവിൻെറ സവ്വാധികാരങ്ങളും ഇങ്ങിനെ കവൎന്നെടുത്തു്, അദ്ദേഹത്തെ ഈശ്വരഭജനത്തിനുമാത്രമായി തള്ളിവിട്ടതു നന്നായോ?"

മന്ത്രി:—"തിരുമേനി! മനുഷ്യകാൎയ്യമോ, ഈശ്വരകാൎയ്യമോ ഏതാണു് പ്രധാനം?"

പുരോഹിതൻ:—"അതിനെന്താ സംശയം; ഈശ്വരകാൎയ്യംതന്നെ."

മന്ത്രി:—"രാജാവോ, മന്ത്രിയോ ആരാണു പ്രധാനി?"

പുരോഹിതൻ:—"അതിനുംസംശയമില്ല; പ്രധാനി രാജാവുതന്നെ."

മന്ത്രി:—"ശരി, അതുകൊണ്ടുതന്നെയാണു് തിരുമേനി ഇപ്പോൾ അനീതിയെന്നു് ആക്ഷേപിക്കുന്ന ന്യായമായ വ്യവസ്ഥയെ ഞാൻ അവധാനപൂവ്വം ഏൎപ്പാടുചെയ്തിട്ടുള്ളതു്. രാജാവു മനുഷ്യരുടെ കൂട്ടത്തിൽ സവ്വപ്രധാനി ആയിരിക്കുന്നതുകൊണ്ടു് കാൎയ്യങ്ങളുടെ കൂട്ടത്തിൽ സവ്വപ്രധാനമായിരിക്കുന്ന ഈശ്വരകാൎയ്യങ്ങളെപ്പററി ചിന്തിക്കുവാൻ മഹാരാജാവുതിരുമനസ്സിനെത്തന്നെ സൗകൎയ്യപ്പെടുത്തിയിരിക്കുകയാകുന്നു. ഈ വെറും ഭൗതികങ്ങളായ വസ്തുക്കളെപ്പററിയുള്ള അനൎത്ഥചിന്തകൾ കൊണ്ടു് തിരുമനസ്സിലെ സവ്വപ്രധാനമായ പ്രവൃത്തിക്കു് വിഘാതമേതും സംഭവിക്കരുതല്ലോ എന്നുവിചാരിച്ചു് ആ ഭാഗം അവിടുത്തെ വിനീതഭൃത്യനായഞാൻ ഏറെറടുത്തിരിക്കുന്നു എന്നേയുള്ളൂ."

---

## ൫൦. അനുസരണക്കേടും അതിൻെറ കാരണവും.

---

അപ്പുഅയ്യൻ ഒരു ഊട്ടുപട്ടരാണു്. ഒരൊററക്കാശിനും നാളതുവരെ തെണ്ടിച്ചിട്ടില്ല. എങ്കിലും സന്താനഭാഗ്യം കുറവായ ഒരാളല്ല അപ്പയ്യൻ. അവരും ഊട്ടിലുണ്ടു വളൎന്നുകൊള്ളണം എന്നാണു പിതാവിൻെറ വിധി. അവരെപ്പററി ഒരന്വേഷണവും ഏ! ഹേ! നമ്മുടെ അപ്പയ്യക്കില്ല. മക്കളാരും പള്ളിക്കൂടം കണ്ടവരേഅല്ല. 'ഹരിയെന്നുള്ളൊരു അക്ഷരമവരുടെ അരികേക്കൂടെ പോയിട്ടില്ല,

എന്നുള്ളതാണ പരമാൎത്ഥം. ഊട്ടിലേയ്ക്കുകൂടെ അപ്പുഅയ്യൻ തന്റെ മക്കളെ കൂട്ടിക്കൊണ്ടുപോക പതിവില്ല. തന്റെപാട്ടിൽ താൻപോകും; അവരുടെ പാട്ടിൽ അവരും പോകും, അത്രതന്നെ.

ഒരുദിവസം അപ്പുഅയ്യൻ തന്റെ മൂത്തമകനെ വിളിച്ചു തന്റെ ഒരു പഴയ സ്നേഹിതനെ വിളിച്ചു കൂട്ടിക്കൊണ്ടുവരുവാൻപറഞ്ഞു. മഴ സാമാന്യം പെയ്യുന്നസമയമാണ്; കുടയാണെങ്കിൽ ഒട്ടില്ലതാനും. സ്ഥലവും നന്നേ അടുത്തല്ല പയ്യൻ നിഷേധിച്ചു; തന്നെക്കൊണ്ടാവില്ല എന്നുതന്നെ പറഞ്ഞു. അപ്പുഅയ്യനു ദേഷ്യംവന്നു, “പറഞ്ഞാൽ കേൾക്കില്ലേ!” എന്നു ചോദിച്ചുകൊണ്ട് വെച്ചുകൊടുത്തു ഒരടി. “എന്തിന്‌അനുസരിക്കണം?” എന്നു പ്രത്യാഖ്യാനംചെയ്തുകൊണ്ടു മകനും കാച്ചിക്കൊടുത്തു ഒന്നു്. “ഊട്ടുതെണ്ടുന്ന ഇരപ്പാളി! നിങ്ങൾ എനിക്കു തിന്നാൻ തരുന്നുണ്ടോ? ഉടുക്കാൻതരുന്നുണ്ടോ? പിന്നെ ഞാൻ നിങ്ങളെ അനുസരിക്കേണ്ടതായ കാൎയ്യം എന്തുണ്ടു്?” ഇത്രയുംകൂടി ആ ഉണ്ണിപ്പുത്രൻ പറയാതിരുന്നില്ല മകൻ ആളുകുറച്ചു ഉരത്തവനാണ്. മല്ലയുദ്ധം ഒന്നു നടത്തിക്കളെയാം എന്നുവച്ചാൽ പരാജയത്തിനേ തനിക്കു അൎഹതയുള്ളു എന്നു മനസ്സിലാക്കി അപ്പുഅയ്യൻ അതിനു പുറപ്പെടാതിരുന്നതു ഭാഗ്യമായി. അദ്ദേഹം അവിടെനിന്നിറങ്ങി മറെറാരു വീട്ടിൽ ചെന്നു കയറി. അവിടെ സൎവ്വസമ്മതനായ ഒരു വിദ്വാൻ ഉണ്ടു്. അദ്ദേഹത്തിന്റെ സമീപം ചെന്നു വിവരങ്ങൾ എല്ലാം കരഞ്ഞുകൊണ്ടു് അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു.

അതുകേട്ടു് ആ വിദ്വാൻ ഉപദേശിക്കുകയാണ്:—“അപ്പുഅയ്യരേ! നിങ്ങളുടെ മകൻ നിങ്ങൾ പറഞ്ഞതു കേട്ടില്ലെങ്കിൽ അതിൽ അതിശയിക്കുവാനെന്തുള്ളു? പുത്രൻ പിതാവിനെയും, ഭാൎയ്യ ഭൎത്താവിനെയും അനുസരിക്കുന്നതിന്റെ ശരിയായ നിദാനം പുത്രനെപ്പിതാവും ഭാൎയ്യയെ ഭൎത്താവും സംരക്ഷിക്കുന്നു എന്നുള്ളതല്ലാതെ മറെറാന്നും അല്ല. ശിഷ്യൻ ഗുരുനാഥനെ അനുസരിക്കുന്നതു് ഗുരുനാഥൻ ശിഷ്യനു വിദ്യാദാനം ചെയ്യുന്നതുകൊണ്ടാണ്. ഒരു പൌരൻ തന്റെ നേതാവിനെ അനുസരിക്കുന്നു എങ്കിൽ അതു് ആ നേതാവു സമുദായത്തെയോ, പുരത്തെയോ, രാഷ്ട്രത്തെയോ സേവിക്കുന്നതുകൊണ്ടായിരിക്കണം. അല്ലാതെ പേടികൊണ്ടു് ആരും ആരെയും അനുസരിക്കുന്നില്ല. നിങ്ങളാണെങ്കിൽ നിങ്ങളുടെ മകനെ സംരക്ഷിക്കുന്നില്ല, അവനെ വിദ്യാഭ്യാസം ചെയ്യിക്കുന്നില്ല, സമുദായത്തെയോ, പുരത്തെയോ, രാഷ്ട്രത്തെയോ യാതൊരുവിധത്തിലും സേവിക്കുന്നതും ഇല്ല. ആ സ്ഥിതിക്കു് അവൻ നിങ്ങളെ അനുസരിക്കേണ്ടുതായകാൎയ്യം എന്തുണ്ടു്?”

# ൧൦൫. പരിഹാരം കണ്ടുപിടിച്ചവിധം.

"പിണ്ഡം," "കൊള്ളിമാസം," അല്ലെങ്കിൽ "പുലകുളി" എന്ന ഒരു അടിയന്തിരം തെക്കേ ഇന്ത്യയിൽ പതിവുണ്ട്. മരിച്ചതിന്റെ പതിനൊന്നാംദിവസമോ പന്ത്രണ്ടാംദിവസമോ ആണ് ബ്രാഹ്മണർ അവരുടെ 'പിണ്ഡം' അടിയന്തിരം നടത്താറുള്ളതു്. പൊതുവിൽ ഒരു സദ്യകാണും. എന്നാൽ മാസഅടിയന്തിരത്തിലെ പ്രധാനചടങ്ങ് ബലിയാണ്. ഇതിന് രണ്ടുപേർ ഇണങ്ങണ്ണണം. മരിച്ചുപോയആളുടെ പ്രേതത്തിന്റെ സ്ഥാനത്തു് ഒരാൾ; അതിനുമുമ്പു മരിച്ചുപോയിട്ടുള്ള മററെല്ലാം പ്രേതങ്ങളുടേയും സ്ഥാനത്തു മററൊരാൾ; ഇങ്ങിനെയാണു രണ്ടുപേർ. യോഗ്യന്മാരായ ബ്രാഹ്മണരാരും കൊള്ളിച്ചോറുണ്ണാൻ വരികയില്ല. താണതരക്കാർ ആരെങ്കിലും വരും. 'പ്രേതച്ചോററുകാർ' എന്നാണ് അവരെ സാധാരണമായി പറയാറുള്ളതു്. ഈ സംഘത്തിൽ ആളുകൾ കുറേ ഏറെ ഉണ്ട്. കുറേ ഏറെ സമ്പാദ്യക്കാരും കാണും.

ഇവരുടെ ഭക്ഷണത്തിന് വിഭവങ്ങൾ എല്ലാം പൊടിപൊടിച്ചുവേണം. എന്നാലുമില്ല അവരുടെ അതിമോഹത്തിന് ഒരു വിരാമം. സാധാരണക്കാരുടെ അന്ധവിശ്വാസവയൽ ഇവരുടെ അതിമോഹവിത്തു് വിളവിറക്കുവാൻ പററിയ സ്ഥലമാണെന്ന് ഇവർ പലതവണ പരിശോധിച്ചറിഞ്ഞതാണ്. ഭക്ഷണം കൊടുത്തു സംതൃപ്തരാക്കണമെന്നും, ഇവരെക്കൊണ്ട് 'ഞങ്ങൾക്ക് തൃപ്തിയായി' എന്ന് ആശീർവ്ദിപ്പിക്കണമെന്നും, പോകുമ്പോൾ ഇരിക്കുവാൻ പലക, ഉടുക്കുവാൻ വസ്ത്രം, ഊന്നുവാൻ വടി, ചവിട്ടുവാൻ പാദുകം, പിടിക്കുവാൻ കുട, ഉണ്ണുവാൻ അരിഎന്നുവേണ്ട എല്ലാം തൃപ്തിയാകുവോളം കൊടുത്തയയ്ക്കണമെന്നും, അങ്ങിനെയായാൽ മാത്രമേ പിതൃപ്രീതിവരികയുള്ളു എന്നും ആണ് വച്ചിട്ടുള്ളതു്. പിതൃപ്രീതിക്കുവേണ്ടി എല്ലാവരും ഇങ്ങിനെതന്നെ ചെയ്യാറും പതിവാണ്. അല്ലാത്തപക്ഷം മരിച്ചുപോയ ആളുടെ ജീവൻ, ആവീടുവിട്ടുപോകാതെ അവിടെത്തന്നെ ചുററിപ്പററി നില്ക്കുകയേ ഉള്ളുവത്രെ അതുനിമിത്തം ശേഷിപ്പുള്ളവർക്ക് അതിയായ ആപത്തുകളും അനർത്ഥങ്ങളും എല്ലാം ഉണ്ടായിത്തീരുമെന്നും അവർ ഭയപ്പെടുന്നു. തങ്ങളുടെ ക്രൂരദംഷ്ട്രകളിൽ കുടുങ്ങുന്ന നിരപരാധികളുടെ ശേഷിയെ പരിഗണിച്ചാണ് ദക്ഷിണയുടെ തുക തീരുമാനിക്കാറുള്ളതു് എന്നു വേണമെങ്കിൽ ഭംഗവാക്കൊന്നു പറയാം. എങ്ങനെയൊക്കെ സമ്മതിച്ചാലും, സമ്മതിച്ചതൊന്ന് വേറെ; കൊടുക്കേണ്ടിവരുന്നതൊന്ന്വേറെ. ആദ്യത്തെ തുക ഊണ് മുറുകുന്നതോടുകൂടി പൊങ്ങിത്തുടങ്ങാതിരിക്ക

യില്ല. ഒടുവിൽ 'തൃപ്തിയായി' എന്നു് അനുഗ്രഹിക്കുന്ന ദശാസന്ധി വരെ അതിനു് ലജ്ജാഹീനം വല്ക്കിക്കുവാൻ അവകാശവും അധികാരവും ഉണ്ടെന്നാണു് വെയ്പ്പു്.

ഗംഗാധരൻ ആ ഉൾനാട്ടിലേയ്ക്കു് ഒരു വലിയജന്മി ആയിരുന്നു. എന്നാൽ ഇപ്പോഴേയ്ക്കു് സ്വത്തു് എല്ലാം കടത്തിലായി; ജന്മിപ്പട്ടം ഒന്നുമാത്രമേ ശേഷിപ്പുള്ളു. അദ്ദേഹത്തിൻെറ അമ്മ മരിച്ചു് അധികദിവസം ആയിട്ടില്ല. പിണ്ഡംഅടിയന്തിരത്തിനു് അദ്ദേഹം പിതൃഭോക്താക്കളെ ക്ഷണിച്ചിട്ടുണ്ടു്. അൻപതുരൂപാ കൊടുക്കാം എന്നാണു് ഏല്പാടു്. ഇതുതന്നെയും തനിക്കു തല്ക്കാലം എടുത്താൽ പൊങ്ങാത്ത ഒരു സംഖ്യയാണു്. എങ്കിലും അമ്മയുടെ കാര്യമല്ലേ എന്നുവച്ചു സമ്മതിച്ചു എന്നേയുള്ളു. അമ്മയെ പ്രതിനിധീകരിച്ചുകൊണ്ടു് ഒരാൾ, മററെല്ലാപിതൃക്കൾക്കുംവേണ്ടി മററൊരാൾ, ഇങ്ങിനെ രണ്ടു പിതൃഭോക്താക്കൾ പന്ത്രണ്ടാം അടിയന്തിരത്തിനു ഹാജരായി. എണ്ണതേപ്പും കുളിയും കഴിഞ്ഞു് അവർ ഭക്ഷണത്തിനു് ഇരുന്നു. കെങ്കേമമായ സദ്യ. നെയ്യും തൈരും മററും വലിയ വലിയ പാത്രങ്ങളിലാക്കിയാണു് വച്ചിരിക്കുന്നതു്. ഇവക്കു നെയ്യു് വിളമ്പുന്നതിനു് കണക്കൊന്നും പണ്ടേയില്ല. ഇവരിൽ ഒരു തീററിപ്പണ്ടം "ഞാൻ മരിക്കുമ്പോൾ എന്നെ ദഹിപ്പിക്കുവാൻ പ്രയാസമൊന്നും ഉണ്ടായിരിക്കയില്ല. ഒരു തീപ്പെട്ടിക്കോൽ മാത്രം ചെലവാക്കിയാൽ മതിയാകും. എൻെറ ശരീരം പന്തം കത്തുന്നതുപോലെനിന്നു് കത്തുന്നതുകാണാം. ഇതിനകത്തു് അത്രയും നെയ്യാണു്" എന്നിങ്ങനെ അഭിമാനിച്ചുകൊണ്ടു് നടക്കുക പലപ്പോഴും ഉണ്ടായിട്ടുണ്ടു്. പറയുന്നതു് വെറുതെ ഒന്നും അല്ലതാനും. മുപ്പതുകൊല്ലമായിരിക്കുന്ന ആഇരുക്കാലിത്തോൽക്കുടത്തിൽ നെയ്യു് "നിറയ്ക്കുവാൻ തുടങ്ങിയിട്ടു്." അക്കഥ അവിടെ ഇരിക്കട്ടെ; നമുക്കു് നമ്മുടെ കഥയിലേയ്ക്കുതന്നെ പ്രവേശിക്കാം.

ഭക്ഷണം, കൈകൊണ്ടു് തൊടുന്നതിനുമുമ്പായിത്തന്നെ പ്രതിഫലം രൂപാ അൻപതിൽനിന്നു് നൂറിലേയ്ക്കു ചാടിക്കയറി. ഗംഗാധരനു് ഈ പൈശാചികസമ്പ്രദായത്തെപ്പററി മുന്നറിവുണ്ടായിരുന്നു എങ്കിലും, മനമില്ലാമനസ്സോടെ, അതിനു് സമ്മതിയ്ക്കുകയാണു ചെയ്തതു്. പിതൃഭോക്താക്കൾ തല്ക്കാലം തൃപ്തിപ്പെട്ട രീതിയിൽ ഭക്ഷണം തുടങ്ങിയെങ്കിലും മൂന്നുനാലു് ഉരുള അകത്താക്കിയപ്പോഴേക്കും മട്ടുമാറി; ഇനി കൈകൊണ്ടു് തൊടണമെങ്കിൽ രൂപാ നൂററി അൻപതു് തികച്ചും കിട്ടിയേ കഴിയൂ എന്നായി. പാവം! ഗംഗാധരൻ എന്തുചെയ്യാനാണു്! എവിടെ നിന്നെടുത്തു കൊടുക്കുവാനാണു്! അവൻ വിചാരിച്ചാൽ ഒരു കഴിവും ഇല്ല. നൂറുരൂപായിൽത്തന്നെ നിത്തണമെന്നും വേറെ ഗതിയില്ലെന്നും' കരഞ്ഞു

പിഴിഞ്ഞു്,കാൽപിടിച്ചു് അപേക്ഷിച്ചുനോക്കി. പ്രയോജനമൊന്നും ഉണ്ടായില്ല. ഏതായാലും പിതൃക്കൾ വീട്ടുവിട്ടുപോയേ മതിയാകൂ; അവരെ പറഞ്ഞയയ്ക്കുവാൻ പിതൃഭോക്താക്കൾതന്നെ വിചാരിക്കുകയുംവേണം. എന്താ നിവൃത്തി. നൂററിഅൻപതെങ്കിൽ നൂററിഅൻപതു്; അതും ഗംഗാധരൻ സമ്മതിച്ചു. ഭക്ഷണം തുടന്നു. പ്രഥമൻ എടുക്കേണ്ട ദിക്കായി. അപ്പൊഴേയ്ക്കും ദക്ഷിണയുടെ സംഖ്യയിൽ അൻപതിൻെറ മറെറാരുവൎദ്ധനകൂടെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഗംഗാധരൻ പിന്നേയും കാലുപിടിച്ചു് അപേക്ഷിച്ചുനോക്കി; കരഞ്ഞുപിഴിഞ്ഞുപ്രാൎത്ഥിച്ചുനോക്കി; ഒന്നുകൊണ്ടുമില്ല ഒരു പ്രയോജനവും. "ഇരുനൂറുരൂപാ തികച്ചും തരുവാൻ സമ്മതമുണ്ടോ; അതോ ഞങ്ങൾ ഊൺ പകുതിയാക്കി എഴുനേല്ക്കണമോ" എന്നായി ആ മനുഷ്യാകൃതിയിലുള്ള പിശാചുക്കളുടെ ചോദ്യം. ഊൺ പൂൎത്തിയാക്കേണ്ടതു് അത്യാവശ്യം. ഇല്ലെങ്കിൽ പിതൃക്കൾ വീട്ടുവിട്ടുപോകയില്ലല്ലോ. പാവം ഗംഗാധരൻ വിഷമിച്ചു.

അവൻ വിചാരിക്കുകയായി. ഇവൻ പിതൃലോകത്തിൽ ഇരിക്കുന്ന അമ്മയുടെ പ്രതിനിധിയാണെന്നാണല്ലോ പറയുന്നതു്. പണം ചെലവാക്കുന്നസംഗതിയിൽ അമ്മയ്ക്കു വളരെമടിയായിരുന്നു എന്നു എനിക്കറിയാം. വിറകുവാങ്ങുവാൻ മടിച്ചു് അവർ ചാണകം വാരിക്കൊണ്ടുവന്നു് എത്രഎത്ര വരടിയാണു് ഉണക്കീട്ടുള്ളതു്. അങ്ങനെയുള്ള എൻെറ അമ്മയ്ക്കു, ഇത്രവളരെ പണം അനാവശ്യമായി ചെലവാക്കുന്നതിൽ താല്പൎയ്യം ഉണ്ടാകുവാനല്ല അവകാശം. അഥവാ അമ്മ ഇവിടെനിന്നു പോകാതിരുന്നാൽത്തന്നെ എന്താ ദോഷം അവൎക്കു നമ്മോടു് എന്തു വാത്സല്യമാണു് ഉള്ളതെന്നു് അറിയാമോ? അവരുടെ സാന്നിദ്ധ്യം തീൎച്ചയായും നമ്മുടെ ഗുണത്തിനായിക്കൊണ്ടേ പരിണമിക്കുകയുള്ളൂ. അവർ ഇവിടെ രാവും പകലും കാവൽ ഇരിപ്പായാൽ കള്ളന്മാരാരും കടക്കയില്ലെന്നുവരും. മാത്രമല്ല, വീടുംകൂടുമില്ലാതെ, എൻെറ അമ്മ തിമിരാന്ധമായ ബഹിർലോകത്തു തെണ്ടിത്തിരിഞ്ഞു നടക്കുന്നതുതന്നെ ആ പ്രിയപുത്രൻ ഗംഗാധരനു തെല്ലുപോലും പത്ഥ്യമായില്ല. അവൻ ഇങ്ങനെ പലതും പത്തുപതിനഞ്ചുമിനിട്ടുനേരം തിരിച്ചും മറിച്ചും ഇട്ടു് ആലോചിച്ചുനോക്കി; ഏതാണ്ടൊക്കെ തീരുമാനിക്കുകയുംചെയ്തു. പിന്നെ ഹൃൎണ്ണാശ്രുനേത്രങ്ങളോടുകൂടി, അവർ ആവശ്യപ്പെട്ട വലിയസംഖ്യ തികച്ചും കൊടുക്കാമെന്നുതന്നെ സമ്മതിച്ചു. പിതൃഭോക്താക്കൾ പ്രഥമനുമായി പിടികൂടി. അതു കഴിഞ്ഞു തയിർ എടുക്കാറായി. അപ്പോഴയ്ക്കും അതാ രൂപാ ഒരു നൂറുകൂടെ വൎദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. ഗംഗാധരൻ എന്തുചെയ്യാനാണു് അവൻ പുറത്തിറങ്ങിപ്പോയി; എന്തിനാ

ണാവോ; അല്പംകഴിഞ്ഞു മടങ്ങിവന്നു് അതുംകൊടുക്കാമെന്നു ഏററു. ഇപ്പോഠം വിഷാദഭാവമൊന്നും ഗംഗാധരൻെറ മുഖത്തു കാണ്മാനില്ല; എന്നുമാത്രമല്ല ഒരു പ്രസന്നതതന്നെ അവിടെ നടമാടുന്നതും ഉണ്ടു്. ഇതുകണ്ടപ്പോഠം ആ പിതൃഭോക്താക്കഠംക്കു അല്പം ആശ്ചര്യ്യം തോന്നാതിരുന്നില്ല; എങ്കിലും അവർ അതിനെപ്പററി അത്ര ഗൗരവമായി ഒന്നുംതന്നെ ആലോചിക്കുക ഉണ്ടായില്ല. ഭക്ഷണം കഴിഞ്ഞു. ദക്ഷിണവാങ്ങി അനുഗ്രഹിക്കേണ്ടതിനുള്ള സമയമായി 'അനുഗ്രഹിക്കണോ,ഉറുപ്പികാന്തുറുകൂടിവേണം'എന്നു അവർ പിടികൂടി ഗംഗാധരൻ യാതൊരു സങ്കോചവുംകൂടാതെ 'അങ്ങിനെയെങ്കിൽ അങ്ങിനെ' എന്നു സമ്മതിച്ചു. പിതൃഭോക്താക്കഠം അതിശയിച്ചു. "എന്തു ? ഇതു് ഇങ്ങനെ?" എന്നുകൂടി അവർ സംശയിച്ചു. 'പണം അത്രയും ഞങ്ങളെ എണ്ണി ഏല്പിക്കണം" എന്നായി അടുത്തപിടി. ഓഹോ, ഗംഗാധരൻ അതിനും തയ്യാർതന്നെ. ഉറുപ്പിക നാന്തുറും കൊണ്ടുവന്നു എണ്ണി തിട്ടപ്പെടുത്തി അവരുടെ മുമ്പിൽ നിരത്തിവച്ചുകൊടുത്തു. ഉറുപ്പാ നാന്തുറു്; പോരാ നൂറുകൂടിച്ചേർത്തു അഞ്ഞൂറു്. ഒരു ശരിയായ സംഖ്യയാക്കി കൊടുക്കണം എന്നായി ഒടുവിൽ, ശരി. ഉറുപ്പാ നൂറുകൂടി കൊണ്ടുവന്നു വച്ചുകൊടുത്തു. അവക്കു വളരെ സന്തോഷമായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഉറുപ്പിക അഞ്ഞൂറും കിഴികെട്ടിയെടുത്തു് "ഞങ്ങഠംക്കു പരിപൂണ്ണതൃപ്തിയായി. നിങ്ങഠംക്കു സവ്മംഗളം ഭവിക്കട്ടെ" എന്നു് അവർ ആശീവ്ദിച്ചു. പലകയും പാദുകവും കുടയും വടിയും അരിയും കൂട്ടാൻവെക്കാനും മുണ്ടും തുണിയും, വെററിലയും പാക്കും എല്ലാം കെട്ടിയെടുത്തു പുറപ്പാടായി. യമപുരി തെക്കാണെന്നാണു സങ്കല്പം. അതുകൊണ്ടു് അവർ തെക്കുനോക്കി യാത്രയുമായി.

കൊള്ളിച്ചോറുണ്ടുവരുന്നവനെക്കണ്ടാൽ എന്തെങ്കിലും ആപത്തുണ്ടാകുമെന്നാണു് പൊതുവിലുള്ള ഒരു ജനവിശ്വാസം. അതിനാൽ ഇവർ ദക്ഷിണയുംവാങ്ങി പുറപ്പെടാറായപ്പോഴയ്ക്കും ആ തെരുവിലെ ജനസഞ്ചാരമെല്ലാം നിന്നിരിക്കുന്നു. കുട്ടികഠം എല്ലാം ഓരോ മൂലയിൽ ഓടി ഒളിച്ചുകഴിഞ്ഞു. മാത്രമല്ല,അവർ പുറപ്പെട്ടപ്പോഴേക്കും ഒരാഠം പിതൃഭോക്താക്കഠം വരുന്നേ! പിതൃഭോക്താക്കഠം വരുന്നേ! മാറിക്കോളിൻ! മാറിക്കോളിൻ!' എന്നിങ്ങനെ ഉറക്കെ വിളിച്ചുപറയുന്നതും കേഠക്കാറായി എല്ലാവരും ഒളിച്ചുകഴിഞ്ഞു. ഒരൊററ കൊച്ചുകുഞ്ഞുപോലും ഇല്ല തെരുവീഥിയിൽ എങ്ങും. ഈ ബ്രാഹ്മണബാലംബോദരക്കു് ഇതൊട്ടും രസമായില്ല. ഇങ്ങിനെ ജനശൂന്യമായിക്കിടക്കുന്ന ഗ്രാമവീഥികണ്ടു് 'അമ്മ-പിതൃ-വേഷധാരി' തൻെറ കൂട്ടുകാരനോടു് പറയുകയാണു്:—"ഇവർ കാണിക്കുന്ന ധിക്കാരം കണ്ടില്ലേ. എന്തു മുറാളന്മാർ ആണിവർ! ഒരുനല്ല സാപ്പാടു്

അടിക്കുന്ന ശ്രമത്തിനു് അഞ്ചൂറു് രൂപാ തികച്ചും എണ്ണിത്തരുവാൻ അവർ തയ്യാർ; ഇവരുടെ ഭള്ളോ! ഇവക്കു് നമ്മോടുകൂടി പന്തിഭോജനം പാടില്ലത്രെ. നമ്മെ കാണുകകൂടി ചെയ്യുകയില്ല പോലും! വേണ്ടെങ്കിൽ വേണ്ട! എന്റെ അച്ചി നാണിക്കു് ഇതെല്ലാം കാണുമ്പോൾ സന്തോഷമാകാതിരിക്കയില്ല. അതു് എനിക്കറിയാം. ശൂദ്രസ്ത്രീയാണെങ്കിലും പെണ്ണെന്തു മിടുക്കി. ഇവരാരേയും ബഹുമാനിക്കേണ്ടതായ കാര്യമൊന്നും എനിക്കില്ല. ഇവരുടെ തണ്ടേ തണ്ടു! എന്നാലെലെ! ഒടുവിൽഒടുവിൽ ആയപ്പോഴയ്ക്കു് നാം പറയുന്നതെല്ലാം ഗംഗാധരൻ ചടചടാ എന്നു് സമ്മതിക്കുവാൻ കാരണമെന്തു്! മററു് രക്ഷാമാർഗ്ഗമൊന്നും ഇല്ലെന്നു കണ്ടതുകൊണ്ടായിരിക്കുവാനും മതി. പാവം! ഒരൊററ അന്ധവിശ്വാസത്തിന്റെ തൃപ്തിക്കായി രൂപാ അഞ്ചൂറാണു് ഒരു നൊടിക്കിടയിൽ പമ്പകടന്നതു്. ആ അഞ്ചൂറും കടം. സ്വത്തെല്ലാം മുമ്പേതന്നെ അന്യാധീനപ്പെട്ടും കഴിഞ്ഞിരിക്കുന്നു. നാം എന്തുവേണം! നമുക്കു കിട്ടുവാനുള്ളതു് കിട്ടാതെ കഴിയുമോ? പഴുത്തുകിടക്കുമ്പോൾ അടിച്ചാലല്ലേ പററുക?" ഈ അഭിപ്രായങ്ങളെല്ലാം കൂട്ടുകാരനും തലകുലുക്കി സമ്മതിച്ചു.

ഇങ്ങിനെ പറഞ്ഞുകൊണ്ടു നടന്നു് അവർ ആ ഗ്രാമാതിർത്തി പിന്നിട്ടു കഴിഞ്ഞു് അധികം ആളും തിരക്കും ഇല്ലാത്ത ഏതാണ്ടൊരു വിജനപ്രദേശത്തെത്തി. അതാ നാലു മുഹമ്മദീയർ പെട്ടെന്നു് അവരുടെ മീതേ ചാടിവീണിരിക്കുന്നു. നല്ല പ്രഹരംകൂട്ടി അവരുടെ കയ്യിൽ ഉണ്ടായിരുന്ന പണമെല്ലാം തട്ടിയെടുത്തും കഴിഞ്ഞു. "കള്ളന്മാരെ! കള്ളന്മാരെ!" എന്നു് അവർ നിലവിളിക്കുവാൻ ഭാവിച്ചപ്പോഴയ്ക്കും അടി ഈരണ്ടുകൂടെ ഏററു. "കള്ളന്മാരോ? എടാ! ഞങ്ങൾ കള്ളന്മാരോ? നിങ്ങളല്ലേ തീവെട്ടിക്കൊള്ളക്കാർ. ആ സാധു ഗംഗാധരനെ കൊല്ലാക്കൊലചെയ്യു ദുഷ്ടപ്പരിഷയല്ലേ നിങ്ങൾ. അതു് ഞങ്ങൾ സമ്മതിക്കുമോ?" എന്നായി അവരിൽ പ്രമാണി.

"നിങ്ങളെ ഗംഗാധരൻ പറഞ്ഞയച്ചിരിക്കുകയാണോ?" എന്നു് പിതൃഭോക്താക്കൾ ചോദിച്ചു.

"അതേ, അതിനെന്തുവേണം? ഇരുന്തുറുരൂപാ തരാൻ സമ്മതിക്കുന്നതുവരെ, നിങ്ങളോടു് ന്യായരഹിതമായി ഒന്നും തന്നെ പ്രവൎത്തിക്കണമെന്നു വിചാരിച്ചിരുന്നില്ല. അതുകൊണ്ടായിരുന്നു അത്രയും സമ്മതിക്കുവാൻ സങ്കോചവും അവജ്ഞയും കാണിച്ചിരുന്നതു്. പിന്നെ നിങ്ങൾ രൂപാ മുന്നൂറു് ചോദിച്ചപ്പോൾ നിങ്ങളുടെ അതിമോഹം കണ്ടു് മനസ്സുമുട്ടി. ഞങ്ങൾ ഓരോരുത്തൎക്കും പീസ്സു് രണ്ടര രൂപാ വീതമേ ഉള്ളു. അങ്ങിനെ രൂപാ പത്തു് ഞങ്ങൾക്കാദായം,

നാന്തുററിത്തൊണ്ണൂറു് ഗംഗാധരനു ലാഭം; അഞ്ഞൂറു നിങ്ങൾക്കു് നഷ്ടം. അത്രതന്നെ." എന്നിങ്ങനെ ആ നേതാവു അറിയിച്ചു.

"എന്നാൽ അമ്മയുടെ പ്രേതം ഇതുകൊണ്ടു് വിട്ടുപോകയില്ലല്ലോ" എന്നായി പിതൃഭോക്താവു്.

"നിങ്ങൾ വീടുവിട്ടപ്പോഴേ പ്രേതങ്ങളും വീടുവിട്ടിരിക്കുന്നു. പ്രേതം നിങ്ങളല്ലാതെ മററാരാനുമാണോ? എന്തൊരുബാധ; എന്തൊരനത്ഥം!" എന്നു് മുഹമ്മദീയനേതാവു് ചിരിച്ചുകൊണ്ടുപറഞ്ഞു. ആ ആൾതന്നെ തുടൻ്പറയുന്നു — "ഇനി നിങ്ങൾ ഗംഗാധരൻെറ വീട്ടിൽ കാലെടുത്തു് ഊന്നിപ്പോയാൽ നിങ്ങളുടെ എല്ലു് വെള്ളമാക്കുന്നുണ്ടു് എന്നുകൂടി നല്ലപോലെ ഓമ്മിച്ചുകൊള്ളുവിൻ."

"ഞങ്ങൾ മേലിൽ അവിടെ കടക്കുന്നേ ഇല്ല. ഇപ്പോൾ ഞങ്ങളെയങ്ങു് കൊല്ലാതെ വിട്ടേച്ചാൽ മതി" എന്നു പറഞ്ഞുകൊണ്ടു് അവരുടെ കയ്യിൽ ഉണ്ടായിരുന്ന പലക മുതലായവയെല്ലാം അവിടെ എറിഞ്ഞുകൊടുത്തു.

"ഫൂ! കഴുതകളേ! എടുക്കിൻ അതെല്ലാം. നിങ്ങളുടെ പലകയും വടിയും കുടയും ചെരിപ്പും ചോറും ഇവിടെ ആക്കും വേണ്ട. നിങ്ങൾതന്നെ കൊണ്ടുപെയ്ക്കൊള്ളുവിൻ. മരിച്ചവക്കു ഇതുകൊണ്ടുശാന്തി ലഭിക്കുമെങ്കിൽ അങ്ങിനെ ആയിക്കൊള്ളട്ടെ. ഇതിൽ ഏതെങ്കിലും ഇവിടെ ഇട്ടേച്ചുപോകുന്നപക്ഷം നിങ്ങളെ ഇവിടെ ജീവനോടെ കുഴിച്ചുമൂടുന്നുണ്ടു്; ഓമ്മിച്ചോളിൻ" എന്നു് അവരിൽ പ്രമാണി ആജ്ഞാപിച്ചു. പിതൃഭോക്താക്കൾ "എറാൻ"പറഞ്ഞു. അല്ലാതെ എന്തു ചെയ്യാനാണു്!

മുഹമ്മദീയനേതാവു് വീണ്ടും തുടൻ്പറയുകയാണു്:—"നിങ്ങൾ നല്ലപോലെ സൂക്ഷിച്ചോളിൻ ഇരപ്പാളികളേ! ഈ സംഭവത്തെപ്പററി വല്ലവരോടും വല്ലതും ശബ്ദിച്ചുപോയാൽ നിങ്ങൾ നിങ്ങളുടെ പിതൃഭക്തിക്കുതന്നെ വേഗം വട്ടംകൂട്ടിക്കൊള്ളുകയേ വേണ്ടു. മനസ്സിലായോ?"

"മനസ്സിലായെ! ഞങ്ങൾ ആരോടും ഒന്നും പറയില്ലെ!" എന്നു് അവർ പ്രതിജ്ഞചെയ്തു. ഗംഗാധരൻ അത്രവേഗം പരിഹാരം കണ്ടുപിടിച്ചതു് എങ്ങിനെ എന്നു് അപ്പോഴാണു് അവക്കു മനസ്സിലായതു്.

## ൧൦൩. ഒരു സമൎത്ഥനായ മടിയൻ.

ഒരു ദിക്കിൽ ഒരു മടിയനായ ബ്രാഹ്മണയുവാവുണ്ടായിരുന്നു. ആൾ കുറേ സമൎത്ഥനും ബലിഷ്ഠനുമാണു്. പ്രവൃത്തി ഒന്നുംതന്നെ എടുക്കവെഹിയ. ഇരുന്നേടത്തുനിന്നു മാറി ഇരിക്കുവാൻതന്നെ പ്രയാസം. അങ്ങുമിങ്ങും തെണ്ടിനടന്നു സമയം കഴിച്ചുകൊള്ളും; ഊട്ടിൽ തെണ്ടിയുണ്ടുകൊള്ളും; നമസ്കാരച്ചോറു പങ്കിട്ടുകൊള്ളും; ബ്രാഹ്മണസദ്യ എങ്ങാനുമുണ്ടായാൽ മുതൽപന്തിയിൽ സ്ഥലംപിടിച്ചുകൊള്ളും. ഇങ്ങിനെയിരിക്കെ ഒരുദിവസം സാമാന്യം ഭംഗിയായി നടന്നുവരുന്ന ഒരു കമ്പനിയിലെ ഡയറക്ടർ ഇദ്ദേഹത്തെ കണ്ടു് ഇങ്ങിനെ ചോദിച്ചു:—"നിങ്ങൾ നിങ്ങളുടെ സമയമെല്ലാം വൃഥാ ചെലവാക്കുന്നതു് എന്തിനാണു്. ഏതെങ്കിലുംതരത്തിലുള്ള വല്ല ജോലിയും എടുത്തുകൂടെയോ?"

"ഞാൻ എന്തിനു ജോലിചെയ്യണം?" ബ്രാഹ്മണൻ പറഞ്ഞു. "എനിക്കു ഭാൎയ്യയുണ്ടോ, മക്കളുണ്ടോ, ഞാൻ ദാമ്പത്യത്തിൽനിന്നു മനഃപൂൎവ്വം ഒഴിഞ്ഞുനിൽക്കുകയല്ലേ. അതൊരു സൊല്ല. ഒരേദിക്കിൽത്തന്നെ പുററുപോലെ ഉറച്ചിരുന്നുകൊള്ളണം. അങ്ങിനെ ഇരിക്കുന്നതുതന്നെ ജോലിഎടുക്കുന്നിതിലും വളരെ കഷ്ടം. 'പെണ്ണുകെട്ടിയാൽ കാലുകെട്ടി: പിള്ളപെററാൽ വായ്കെട്ടി'എന്നു പണ്ടുള്ളവർ പറഞ്ഞിരിക്കുന്നതു് എത്ര പരമാൎത്ഥം. ഞാൻ എൻെറ സാമൎത്ഥ്യംകൊണ്ടു് ഈവക ആപത്തുകളിൽനിന്നെല്ലാം ഒഴിഞ്ഞിരിക്കുകയാണു്. ഇതേവരെ ഒരു ജോലിയും എടുക്കേണ്ടതായി വന്നിട്ടില്ല എന്നു് ഇന്നെനിക്കു ധൈൎയ്യമായും സന്തോഷമായും പറയുവാൻ കഴിയും എന്നിട്ടും ഒരൊററനേരത്തെ സാപ്പാടുപോലും തെററിയട്ടുമില്ല. ഇതൊക്കെത്തന്നെയല്ലേ ഭാഗ്യം. അല്ലെങ്കിൽത്തന്നെ ജോലികൊണ്ടുള്ള പരമോദ്ദേശ്യംതന്നെ എന്താണു് എന്നൊന്നു ചിന്തിച്ചുനോക്കുക. തനിക്കു തിന്നാനും, തന്നെ ആശ്രയിച്ചു നിൽക്കുന്നവരെ തീററാനും; അല്ലാതെന്താ? എന്നെ ആശ്രയിച്ചു നിൽക്കുന്നവരായും ഞാൻ പുലൎത്തേണ്ടവരായും ആരുമില്ല; എന്നെത്തന്നെ മററുള്ളവർ പുലൎത്തുകയും ചെയ്യുന്നു. പിന്നെ ഞാൻ കിടന്നുപരിഭ്രമിക്കേണ്ടതായകാൎയ്യം എന്തുണ്ടു്?"

"എന്നാലും," മറെറആൾ പറയുകയാണു്, "ജോലിയുടെ മഹിമയും മാഹാത്മ്യവും ഒന്നു വേറെതന്നെയല്ലേ; ആലോചിച്ചുനോക്കണം!"

"എൻെറ സാറേ!" ബ്രാഹ്മണൻ പറഞ്ഞു, "നിങ്ങൾ നിൎദ്ദേശിക്കുന്നമാൎഗ്ഗത്തിൽക്കൂടെ ആലോചിക്കുവാൻ എനിക്കുനിവൃത്തിയ ി

ല്ല. ഞാൻ പ്രവൃത്തിയുടെ നികൃഷ്ടതയും നീചത്വവും ഒട്ടുവളരെ കണ്ടിട്ടുള്ള ഒരാളാണ്. ഒരു തോട്ടിയുടെ പ്രവൃത്തി മഹിമയും മാഹാത്മ്യവും ഉള്ളതാകുന്നതെങ്ങിനെ? മററുള്ളവൎക്ക് വേണമെങ്കിൽ അങ്ങിനെയൊക്കെ പറയാം. എന്നാൽ ആ തോട്ടിക്കുണ്ടോ ആ വിചാരം വരുന്നു! ഞാൻ ഒന്നു പറയാം സാറേ! വെറും ജീവസന്ധാരണത്തിനുമാത്രമായി ചെയ്യുന്ന എല്ലാത്തരം ജോലികളും ജോലിക്കാരനു് നികൃഷ്ടവും നീചവുംതന്നെയാണ്. എളുപ്പത്തിൽ വഞ്ചിക്കപ്പെടാവുന്നവരായ ഓഹരിക്കാരുടെയും നിരാശരായകീഴ്ജീവനക്കാരുടേയും പണം തട്ടിയെടുത്തു സഞ്ചിവീൎപ്പിക്കുന്നപണി തീൎച്ചയായും മഹിമയും മാഹാത്മ്യവും കൂടിയതായിരിക്കുന്നതിനുപുറമേ ഉന്മേഷകരവും ആദായകരവുംകൂടി ആയിരിക്കുന്നതാണ്. അതുപോലെതന്നെ തെണ്ടിനടക്കുന്നതും ആവശ്യപ്പെടാത്തേടത്തു വലിഞ്ഞുകയറി ഉപദേശം കുത്തിച്ചെലുത്തുന്നതുമായ സ്വയം വരിക്കപ്പെട്ട പ്രവൃത്തി, അതു ചെയ്യുന്നവൎക്കു സന്തോഷകരവും മഹിമയും മാഹാത്മ്യവും കൂടിയതുമായി തോന്നപ്പെടാവുന്നതാകുന്നു."

"എന്നാൽ നിങ്ങളുടെ സമയം ഫലപ്രദമായവിധം ചെലവാക്കുകയെങ്കിലുംചെയ്തുകൂടെയോ?" എന്നു കമ്പനിഡയറക്ടർചോദിച്ചു. "ഇങ്ങിനെ ജീവിച്ചിരിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണ്?"

"ശരി,ശരി", മടിയന്റെ പിത്തലാട്ടമാണ്, 'പ്രയോജനത്തെപ്പററി ഒരുവനുള്ള ആശയത്തെ ആശ്രയിച്ചാണ് ഈ സംഗതി നിലകൊള്ളുന്നതു്. അനേകം പാപികളെ സ്വൎഗ്ഗയാത്രയിൽ സഹായിക്കുന്ന ഒരുവൻ പരോപകാരിയൊന്നുമല്ലെന്നാണോ നിങ്ങളുടെ വിചാരം.'

"ഒരിക്കലും അല്ല," ബ്രാഹ്മണൻ ഉന്മേഷഭരിതനായി പറയുകയാണ്. അങ്ങിനെയുള്ളവൻ മനുഷ്യജന്മികൾക്കു നിസ്തുല്യമായ സഹായം ചെയ്യുന്ന പരമോപകാരിതന്നെയാണ്. ദീനൎക്കും ദരിദ്രൎക്കും ലൌകികസുഖങ്ങൾ സമ്പാദിക്കുവാൻ സഹായിക്കുന്നവൻ പരോപകാരിതന്നെ. എന്നാൽ സ്വൎഗ്ഗസമ്പാദനത്തിൽ പാപികളെ സഹായിക്കുന്നവനാണ് അതിലുംവലിയ, വളരെവളരെ വലിയ പരോപകാരി." ഇങ്ങനെ പറഞ്ഞുകൊണ്ടു തന്റെ രണ്ടാംതരത്തിലുള്ള പരോപകാരിത്വത്തെ ആ ഡയറക്ടർ സമൎത്ഥിക്കുവാൻ ശ്രമിച്ചു.

"എന്നാൽ" സമൎത്ഥനായ മടിയൻ ചിരിച്ചുകൊണ്ടു പറയുകയാണ്, "ഞാൻ ഒരു മഹാപരമോപകാരിയും, ഇന്നു ജീവിച്ചിരിപ്പുള്ളവരിൽ എല്ലാംവെച്ച് ഏററവും പ്രയോജനമുള്ളവനും ആകുന്നു. അവരുടെ കയ്യിൽനിന്നു ഭിക്ഷവാങ്ങി ഞാൻ അനേകായിരം പാപികളെ സ്വൎഗ്ഗം സമ്പാദിക്കുവാൻ നേരിട്ടു സഹായിച്ചിട്ടുണ്ട്."

# ൫൰൧. നവീനരീതി മണിഓർഡർ.

വലിയകാളേജിലെ സംസ്കൃതപണ്ഡിതർ കൃഷ്ണയ്യാശാസ്ത്രി ജന സമ്മതനായ ഒരു വിദ്വാൻ ആണു്. ആചാരക്രമങ്ങളൊന്നും ഒരു വരയിടയ്ക്കുപോലും തെററിക്കയില്ല. അതിലെല്ലാം വലിയ ശ്രദ്ധ യും വിശ്വാസവും ആകുന്നു. ഇംഗ്ലീഷുമായി പരിചയം കുറയും. ഒരു 'ഗുഡ്മോർണിംഗ്', ഗുഡ്ഈവിനിംഗ്"പരിചയത്തിൽ അധിക മൊന്നും ഇല്ല. എന്നാൽ ഭാവം അങ്ങിനെയൊന്നും അല്ലതാനും. എല്ലാ പ്രാചീനാചാരങ്ങളേയും യുക്തിവാദംചെയ്തു സമർത്ഥിക്കുവാൻ അദ്ദേഹത്തിനു വലിയ വാസനയാണു്. ആധുനികജീവിതത്തിൽ നിന്നു ഉദാഹരണങ്ങൾ എടുത്തുകാണിച്ചാലേ അദ്ദേഹത്തിനു തൃപ്തി യുള്ളു വാദസമരത്തിൽ ഉപമയാണു തന്റെ പ്രധാനായുധം. ഒരു ദിവസം പ്രശ്നവാദിയായ ഒരു ഹിന്തുയുവാവു്:—"സ്വാമി! ഇവിടെ അഗ്നിയിൽ ഹോമിക്കുന്ന ആജ്യം നമ്മുടെ മുമ്പിൽവച്ചുതന്നെ ദഹി ച്ചുപോകുന്നതായി നാം കണ്ടുകൊണ്ടിരിക്കെ അതു മറെറാരു സങ്കല്പ ലോകത്തിൽ എത്തുമെന്നും അവിടെ ചിലക്കു ലഭിക്കുമെന്നും നമുക്കു എങ്ങിനെ വിചാരിക്കാം" എന്നു ചോദിച്ചു. ഇതിനു പെട്ടെന്നു് ഒരു സമാധാനം പറയുവാൻ അദ്ദേഹത്തെക്കൊണ്ടു സാധിച്ചില്ല. അതു കണ്ടു് അല്പമൊരു മന്ദഹാസത്തോടുകൂടിനില്ക്കുന്ന യുവാവിനോടായി —"ദിവ്യമായ ആ പ്രാചീനാചാരത്തിന്റെ മസ്തകത്തിനുനേരേ പ്ര യോഗിച്ച ഈ പ്രഹരത്തിനു ഞാൻ മൂന്നു ദിവസത്തിനകം ശരിയായ സമാധാനം പറഞ്ഞുകൊള്ളാം" എന്നുമാത്രം പറഞ്ഞുകൊണ്ടു് അ വിടെനിന്നും വലിഞ്ഞുകളഞ്ഞു. അന്നു വൈകുന്നേരം വീട്ടിൽ എ ത്തിയപ്പോൾ സ്വാമിക്കു് ഒരു ഉത്സാഹവും കാണുവാനില്ല. അസാ ധാരണമായ ഏതോ ചില ചിന്തകളെല്ലാം അദ്ദേഹത്തെ അലട്ടുന്ന പ്രകാരം പ്രത്യക്ഷമാകുന്നതും ഉണ്ടു്. രാത്രി ആഹാരം കഴിച്ചതേ ഇല്ല. ഒരുഭരണി നെയ്യെടുത്തു അടുപ്പിലേക്കു ഒഴിക്കുകകൂടെയാണു് ചെയ്തതു്. ഇത്രയും കണ്ടപ്പോൾ അദ്ദേഹത്തിന്റെ സഹധർമ്മചാരി ണിക്കു സംഭ്രാന്തിയെക്കാൾ അധികം കോപമാണുണ്ടായതു്. സ്വാ മിയെ തലകീഴാക്കിപ്പിടിച്ചു നിലത്തു നാലു കുത്തിയാലോ എന്നുകൂടി ആ പതിവ്രത വിചാരിക്കാതിരുന്നില്ല. എന്നാൽ അതു "മര്യ്യാദയ ല്ലല്ലോ; മക്കളെല്ലാം നോക്കിക്കൊണ്ടിരിക്കെ അങ്ങിനെ ചെയ്യാമോ? അവരിൽ ചിലരെല്ലാം പ്രായമായവരും അല്ലേ" എന്നു വിചാരിച്ചു് അടങ്ങി.

പണ്ഡിതർ ഉറങ്ങാൻചെന്നു കിടന്നു; ഉറക്കം വരുന്നില്ല. ആലോ ചനയോടു് ആലോചന! തന്റെ സഹധർമ്മചാരിണി അടുത്തി

തന്നുകൊണ്ടു് ഒരു 'യവനികപ്രസംഗം' പൊടിപൊടിക്കുന്നുണ്ടു്. 'ഭ ത്താവിൻെറ ദുഷ്‌ച്ചെലവു്,'ആണു പ്രസംഗവിഷയം. നെയ്യെടുത്തു തീയിൽ ഒഴിച്ചതു് ഇതിനു പരമോദാഹരണമായി കൊണ്ടുവന്നിരിക്കുന്നു. "കുട്ടികൾക്കു പതിനഞ്ചു ദിവസത്തേക്കു വേണ്ട നെയ്യുണ്ടായിരുന്നില്ലേ. അതല്ലേ എടുത്തു വെറുതേ കളഞ്ഞതു്. നിങ്ങൾക്കു കുട്ടികളുടെ കാൎയ്യത്തെപ്പററി എന്തൊരന്വേഷണമാണുള്ളതു്. അവരെപ്പററി വല്ല വീണ്ടുവിചാരവും ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങിനെ പ്രവൎത്തിക്കുമായിരുന്നോ" എന്നുംമററും വഴക്കോടുവഴക്കു്. ചിന്താവിഷ്ടനായ ശാസ്ത്രി ഇതൊന്നും അറിയുന്നില്ല. കോപാവിഷ്ടയായ സ്വാമിനിയുടെ പ്രസംഗധോരണിക്കു് ഒരു ശമനം ഉണ്ടാകുന്നതും ഇല്ല. മണി ഒന്നടിക്കാറായി. ഇനിയും പ്രസംഗം അവസാനിച്ചിട്ടില്ല; അവസാനിപ്പിക്കുവാനുള്ളഭാവം ആയിട്ടുമില്ല. പക്ഷേ വിഷയത്തിനു അല്പമൊരു വ്യത്യാസം നേരിട്ടിരിക്കുന്നതുപോലെ തോന്നുന്നുണ്ടു്. അവർ പറയുകയാണു്:—'ഇങ്ങിനെയെല്ലാം നശിപ്പിച്ചാൽ എന്താ നിവൃത്തി! പിന്നെ അത്യാവശ്യത്തിനു പണമുണ്ടാകുന്നതെവിടുന്നു്. അടുത്തമാസത്തിൽ എൻെറ സാരിക്കു രൂപാ ഇരുപത്തഞ്ചു മണിഓർഡർ അയയ്ക്കേണ്ടേ. ഇങ്ങിനെ മുടിക്കുവാൻ തുടങ്ങിയാൽ പിന്നെ പണം എവിടെനിന്നുണ്ടാകുവാനാണു്?"

കൃഷ്ണയ്യാശാസ്ത്രി മെത്തയിൽനിന്നു ചാടിയെഴുന്നേററു് ഒരു ഭ്രാന്തനെപ്പോലെ പുറത്തിറങ്ങി ഓടിക്കഴിഞ്ഞു. ഭാൎയ്യയ്ക്കു പേടിയായി. സ്വാമിക്കു ഭ്രാന്തുതന്നെയാണെന്നു അവർ തീൎച്ചപ്പെടുത്തി. അല്ലെങ്കിൽ നെയ്യെടുത്തു് അടുപ്പിലൊഴിക്കുന്ന മണ്ടന്മാർ വല്ലവരും ഉണ്ടോ? ഇപ്പോൾ ഓടിപ്പോയിരിക്കുന്നതു് ആത്മഹത്യയ്ക്കോ മററോ ആയിരിക്കുമോ എന്നുകൂടി അവൎക്കൊരു സംശയം. എന്നാൽ ഏഴു കുട്ടികളും താനും ശേഷിപ്പു്! അഹോ ഭയങ്കരം! ആ സാധുസ്ത്രീ ഏതാനും കുട്ടികളെയുംകൂട്ടി പുറത്തിറങ്ങി ഭൎത്താവിനെ അന്വേഷിച്ചുകൊണ്ടു പുറപ്പെട്ടുകഴിഞ്ഞു.

ഇതിനകം കൃഷ്ണയ്യാശാസ്ത്രി നമ്മുടെ പ്രശ്നവാദിയുടെ വീട്ടിൽ പാഞ്ഞെത്തിക്കഴിഞ്ഞിരിക്കുന്നു. രാത്രിസമയമല്ലേ? എല്ലാവൎക്കും നല്ല ഉറക്കം; വാതിലെല്ലാം അടച്ചിരിക്കുകയാണു്, പുറത്തുനിന്നു വിളിയായി. കുറച്ചുകഴിഞ്ഞപ്പൊഴേക്കും ആളുണൎന്നു. ആദ്യം വിചാരിച്ചുപോയതു വല്ല കവൎച്ചക്കാരുംവന്നു വാതുക്കൽ ഇടിക്കുകയാണെന്നാണു്. അതുകൊണ്ടു പേടിച്ചു വിറയലോടുകൂടി അകത്തുനിന്നു് "ആരാണതു്" എന്നു ചോദിച്ചു.

"ഞാൻ, കൃഷ്ണയ്യാശാസ്ത്രി! വേഗം വാതിൽ തുറക്കൂ" എന്നു

ശാസ്ത്രി സമാധാനം പറഞ്ഞതു കേട്ട് ആയാൾ വന്നു വാതിൽ തുറന്നശേഷം "എന്താ, എന്താ" എന്നു സസംഭ്രമം ചോദിച്ചു.

"നിങ്ങൾ ഒരു തപാലാഫീസിൽനിന്നയയ്ക്കുന്ന മണിഓർഡർ സംഖ്യ അകലെ മറെറാരു സ്ഥലത്തിരിക്കുന്ന മേൽവിലാസക്കാരനു കിട്ടുന്നതെങ്ങിനെയാണു്? ഇവിടെ കൊടുക്കുന്ന പണം ഇവിടെത്തന്നെ സൂക്ഷിച്ചുവയ്ക്കുന്നതല്ലേയുള്ളു. അതിനുപകരം കൊടുക്കേണ്ട സ്ഥലത്തു വേറെ പണമല്ലേ എടുത്തുകൊടുക്കുന്നതു്. അല്ലാതെ ഇതേപണംതന്നെ അവിടെ ചെല്ലുന്നില്ലല്ലൊ. ഒരു കമ്പിമണിഓർഡറിൻെറ കാര്യം എടുത്തുനോക്കുക ഇവിടെ ഇപ്പോൾ കെട്ടുന്ന പണം, ഒരായിരം നാഴിക ദൂരത്തിൽ മറുനിമിഷം കൊടുക്കുന്നില്ലയോ. അതുപോലെതന്നെ, നമ്മുടെ നിർദ്ദേശപ്രകാരം ദേവന്മാർക്കും പിതൃക്കൾക്കും കൊടുക്കുവാനായി നാം ഇവിടെ അഗ്നിഭഗവാൻവശം ഏല്പിക്കുന്ന ആജ്യം ഇവിടെത്തന്നെ ചെലവാക്കി അതേതരത്തിലുള്ള അത്രയും ആജ്യം ആ ദേവൻ അവിടെ ദേവന്മാർക്കും പിതൃക്കൾക്കുംകൊടുക്കുകയാണു ചെയ്യുന്നതു്." ഇങ്ങിനെ പറഞ്ഞു് അദ്ദേഹം ആ പ്രശ്നവാദിയെ ആശ്ചര്യവീചികളിൽ താഴ്ത്തിയുംവച്ചു ജയഭേരിയും മുഴക്കി, തൽക്ഷണംതന്നെ അവിടെനിന്നു നടയായി. കുറച്ചുചെല്ലമ്പോഴേയ്ക്കുമുണ്ട് ഭാര്യയും കുട്ടികളും അന്വേഷിച്ചുവരുന്നു.

'നിങ്ങൾ ആത്മഹത്യയ്ക്കോ മറേറാ പുറപ്പെട്ടിരിക്കയാണെന്നല്ലേ ഞാൻ വിചാരിച്ചതു്. എന്നു ഭാര്യ പറഞ്ഞു'

"എന്തു്?" പണ്ഡിതൻ പറഞ്ഞു:—"ഞാൻ അങ്ങിനെ ഒരു ഹീനകൃത്യം ചെയ്യുമെന്നോ? എന്തൊരബദ്ധമാണീ കേൾക്കുന്നതു്. ആ പ്രശ്നവാദിയെ ഭസ്മീകരിക്കുവാൻവേണ്ടി ബദ്ധപ്പെട്ടു് പുറപ്പെട്ടതല്ലേ. ഇപ്പോൾ നോക്കണം! അവനെ തവിടുപൊടിയാക്കി വിട്ടിരിക്കുന്നതു്. എന്നാൽ എനിക്കു് അതിനുള്ള ആയുധം സജ്ജമാക്കിത്തന്നതു് നീയാണേ! ആ മണിഓർഡറിനെപ്പററി പറഞ്ഞില്ലേ, അതു് കേവലം ദൈവികമായിത്തന്നെ ഇരുന്നു "ഇങ്ങിനെ പറഞ്ഞു് അദ്ദേഹം തൻെറ ഭാര്യയെ പിടിച്ചു് ആലിങ്ഗനം ചെയ്തു്, മുതിന്ന സന്താനങ്ങൾ കാൺകെത്തന്നെ ഒന്നു ചുംബിച്ചു. സാമുദായികമര്യാദപ്രകാരം മുതിന്ന സന്താനങ്ങൾ കാൺകെ ഭാര്യയെ പിടിച്ചു് ആലിങ്ഗനം ചെയ്യുന്നതും ചുംബിക്കുന്നതും വിഹിതമല്ലെന്നുള്ളതൊന്നും ആ പണ്ഡിതൻ ആ സന്തോഷത്തള്ളലിൽ അനുസ്മരിക്കുക ഉണ്ടായില്ല.

## ൧൦൨. അല്പാല്പം ആയി.

അനാചാരവിധ്വംസനത്തിനായി ഏതാനും സംവത്സരങ്ങൾക്കുമുമ്പേ തിരുവിതാംകൂറിൽ ഒരു വലിയ പ്രക്ഷോഭണം ആരംഭിക്കുകയുണ്ടായി. തൊട്ടുകൂടായ്മ, അടുത്തുകൂടായ്മ, കണ്ടുകൂടായ്മ ഇവയായിരുന്നു പരിഹരിക്കപ്പെടേണ്ടവയായ മൂന്നു പ്രധാന അനാചാരങ്ങൾ. ഏതാനും ചില താണജാതിക്കാരെ ഉയർന്നജാതിക്കാരെന്നു പറയപ്പെടുന്ന മററു ചിലർക്കു തൊട്ടുകൂടാ; മററു ചിലരെ സമീപിച്ചുകൂടാ; വേറെ ചിലരെ കണ്ടുകൂടാ. കേവലം പൈശാചികങ്ങളായ ഈ മൂന്നു ദുരാചാരങ്ങളേയും ഉന്മൂലനം ചെയ്യണമെന്നുതന്നെ അവർ ഉറച്ചു. അപ്പോഴെയ്ക്കും അവർക്കെതിരായി പുറപ്പെട്ടു മറെറാരു സംഘം. രണ്ടുകൂട്ടരും തമ്മിൽ വഴക്കായി ഈ വഴക്കു് പരന്നു പരന്നു് മുക്കിലും മൂലയിലുംകൂടെ എത്തിച്ചേരുകയും ചെയ്തു. ചുണകെട്ട തത്വജ്ഞാനികൾകൂടെ അവരുടെ സ്വാഭാവികമായ അലക്ഷ്യഭാവത്തിൽ ഇതിനെപ്പററി വാദപ്രതിവാദം ചെയ്യുകയായി. ആനന്ദനും മുകുന്ദനും ഈ തരത്തിൽപ്പെട്ട രണ്ടു് സമുദായനേതാക്കന്മാരാണു്.

ഒരുദിവസം വൈകുന്നേരം ആനന്ദൻ പറയുകയാണു്: —'നോക്കിയാട്ടെ മുകുന്ദ! തീണ്ടൽ, തൊടീൽ, കാണൽ എന്നീ ത്രിദോഷങ്ങളുടെ പരിഹാരത്തിനുള്ള ഇന്നത്തെ പ്രക്ഷോഭണം അത്ര പെട്ടെന്നൊന്നും നിലംപതിച്ചതല്ല. എന്തു് വിചാരിക്കുന്നു?"

മുകുന്ദൻ:— "ഏതായാലും ഈ പ്രക്ഷോഭണത്തിൻെറ പുറപ്പാടു് അവിവേകവും ആപൽക്കരവും ആയിപ്പോയി. സാമുദായികപരിഷ്കാരങ്ങൾ എല്ലാംതന്നെ പടിപടിയായി വളർന്നുവരേണ്ടവയാണു്. അല്ലാതെ പെട്ടെന്നു ചാടിക്കയറിക്കളയാം എന്നു് വിചാരിക്കുന്നതു് ശരിയല്ല. അങ്ങിനെ പടിപടിയായി വളർന്നു്, വേരുറച്ചു്, പിടിക്കുന്നതേ വാടാതെ ചിരകാലം നില്ക്കുകയും പുഷ്ടിച്ചു വേണ്ടതുപോലെ ഫലിക്കുകയും ഉള്ളു. ഈ താണജാതിക്കാരുടെ കാര്യ്യം പ്രത്യേകിച്ചും അങ്ങിനെതന്നെയാകുന്നു. അനവധി നൂററാണ്ടുകളായി അവർ താണവരെന്നു മററുള്ളവരും അവർതന്നെയും സങ്കല്പിച്ചും സമ്മതിച്ചും കഴിഞ്ഞുകൂടിയ സ്ഥിതിക്കു പെട്ടെന്നു എല്ലാവരേയും സമന്മാരാക്കിത്തീർക്കുന്ന പരിഷ്കാരം ആർക്കും ആസ്വാദ്യമാകാതിരിക്കുവാനാണു് അവകാശം."

ആനന്ദൻ—എൻെറ അഭിപ്രായം അങ്ങിനെയല്ല. അനേകശതാബ്ദങ്ങളായി പുലർത്തിക്കൊണ്ടുവരുന്ന ഈ കുത്സിതസമ്പ്രദായ

ത്തെ കഴിയുന്നതുംവേഗം നിരാകരിക്കണമെന്നുതന്നെ ഞാൻ ആഗ്രഹിക്കുന്നു. ഇനിയും സാവധാനത്തിൽ മതി എന്നുള്ള അഭിപ്രായം തെററിനെ ശരിപ്പെടുത്തുവാൻ തയ്യാറില്ലെന്നുശഠിക്കുന്നതിൻെറ ഒരു വകഭേദം എന്നേ ഉള്ളൂ. അവക്കു ഉടനെതന്നെ ക്ഷേത്രപ്രവേശനം അനുവദിക്കുകയാണു് വേണ്ടതു്. അല്പാല്പം ആക്കേണ്ടതായ കാര്യം ഒന്നും ഇല്ല."

മുകുന്ദൻ—"അബദ്ധം അബദ്ധം. ചിരകാലമായി നിലവിൽ ഇരിക്കുന്ന ഈ ദുരിതത്തെ അല്പാല്പമായി, തുള്ളിതുള്ളിയായി, തരിതരിയായിമാത്രമേ നിവാരണംചെയ്യുകൂട്ടു എന്നാണു് എൻെറ ഏററവും പ്രബലമായ അഭിപ്രായം. ഇതുകൊണ്ടു് ഈ ദുരാചാരത്തിൻെറ അസഹ്യതയെ ഞാൻ ശരിയായി മനസ്സിലാക്കുന്നില്ലെന്നു് നിങ്ങൾ വിചാരിക്കുകയും അരുതു്. നിങ്ങളെപ്പോലെതന്നെ അതിൻെറ ദുരന്തഫലത്തെ ശരിയായി അറിയുന്നവനാണു് ഞാനും. എന്നാൽ അതിനെ നിവാരണംചെയ്യാൻ ഞാൻ അതിനെ ഇഷ്ടപ്പെടുന്ന മാർഗ്ഗം നിങ്ങൾ അഭിപ്രായപ്പെടുന്നതിൽനിന്നു് അല്പം വിഭിന്നമായതാണെന്നേഉള്ളൂ. അല്പാല്പമായി, തുള്ളിതുള്ളിയായി, തരിതരിയായി മുന്നോട്ടുകയറുന്നതിൽനിന്നു് ഭിന്നമായ മറെറാരു മാർഗ്ഗത്തിലും എനിക്കു് വിശ്വാസമില്ല.

'ഓ! അതിന്നെത്രകാലം പിടിക്കും! എത്ര ഭയങ്കരമായ മന്ദഗതി! അത്രയൊക്കെ കാത്തിരിക്കുവാൻ ആരെക്കൊണ്ടു സാധിക്കും! അതിന്നാവശ്യംതന്നെ എന്തുണ്ടു്?' എന്നു് ആനന്ദൻ ചിറുപ്പിരുത്തു.

"അതേ. ഞാൻ ആ ഭയങ്കരമായ മന്ദഗതിയെ അനുകൂലിക്കുന്നവനാണു്" എന്നായി മുകുന്ദൻ.

അതേ, അതേ. മററുള്ളവരെ സംബന്ധിക്കുന്ന കാര്യമല്ലേ. പിന്നെ എത്രതന്നെ മന്ദമായാലും നിങ്ങൾക്കു് എന്താ? എന്നു് ആനന്ദൻ ആക്ഷേപിച്ചു

"അതുകൊണ്ടല്ല" മുകുന്ദൻ എതിർത്തു. എന്നെസ്സംബന്ധിക്കുന്ന കാര്യം ആയാലും എൻെറ അഭിപ്രായം ഇതുതന്നെ ആയിരിക്കുകയേയുള്ളൂ തത്വാന്വേഷണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു തീരുമാനം ആണിതു്. അതിൽ ഞാനോ, നീയോ എന്ന ചോദ്യത്തിനൊന്നും അവകാശമില്ല

"അങ്ങിനെ അല്ലെന്നു ഞാൻ വേണമെങ്കിൽ തെളിയിച്ചുതരാം" എന്നു് ആനന്ദൻ ആഹ്വാനം ചെയ്തു.

"എന്നാൽ കാണട്ടെ" എന്നു മുകുന്ദനും കയറി ഏററു. തല്ക്കാലത്തേയ്ക്കു് അവരുടെ വാക്സമരവും അങ്ങിനെ അവസാനിച്ചു.

ദിവസങ്ങൾ കുറെ കഴിഞ്ഞു. അങ്ങിനെയിരിക്കെ ഒരു ദ്വാദശിദിവസം 'കാലുകഴകിച്ച്' ഊട്ടുന്നതിന് ആനന്ദൻ മുകുന്ദനെയാണ് ക്ഷണിച്ചത്. ആനന്ദനും മുകുന്ദനും തലേദിവസം ഏകാദശി ഉപവാസം നോററിരിക്കയാണ്. കാലുകഴകിച്ചൂട്ടലിന് ഒരു നല്ല സദ്യ സാധാരണ പതിവാകുന്നു. മുകുന്ദൻ കാലത്ത് എഴുന്നേററു കുളിച്ചു സന്ധ്യാവന്ദനാദികളെല്ലാം കഴിച്ചു ബകാസുരക്ഷുത്തോടുകൂടി ആനന്ദന്റെ വീട്ടിലേയ്ക്കു ചെന്നു.

ആനന്ദൻ മുകുന്ദനെ വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ച് അഗ്രശാലയിൽ കൂട്ടിക്കൊണ്ടുപോയി ഭക്ഷണത്തിന് ഇരുത്തി. രണ്ടുപലകയും ഇലയും ബഹുവൃത്തിയായി തുടച്ചുമിനുക്കി വെച്ചിരിപ്പുണ്ട്. ഒന്നിന്റെ മുമ്പിൽ മുകുന്ദനും, മറേറതിന്റെമുമ്പിൽ ആനന്ദനും ഇരുന്നു. പാകശാലയിൽ ദേഹണ്ഡം, പൊടിപൊടിക്കുന്നു. വിഭവങ്ങൾ പലതും ഉണ്ട്. അവിടെനിന്നു പുറപ്പെടുന്ന വാസന ഘുമ ഘുമ എന്ന് അടിക്കുന്നു. ഇതു മുകുന്ദന്റെ വിശപ്പിനെ ഒന്നുകൂടി ഉദ്ദീപിപ്പിച്ചിരിക്കുകയാണ്. ഭക്ഷണത്തെപ്പററി ഒന്ന് ആലോചിച്ചപ്പോഴേക്കും ആ തത്വചിന്തകന്റെ വായിൽ ചെറിയകപ്പലുകൾ ഓടിക്കാറായിക്കഴിഞ്ഞു. വിളമ്പേണ്ടതാമസം; ഒരു കയ്യുനോക്കിക്കളയാം എന്നുതന്നെ ആ ആൾ തീൎച്ചയാക്കിയിരിക്കുകയാണ്. അതാ ആനന്ദന്റെ ഭാൎയ്യ, ഗൃഹിണി, വിഭവങ്ങളുംകൊണ്ട് പുറപ്പെട്ടുകഴിഞ്ഞു. വളരെവളരെ വിനയത്തോടുകൂടി ഒരൊററവററും ഒരൊററത്തുള്ളി കൂട്ടാനുംമാത്രം മുകുന്ദന്റെഇലയിൽവിളമ്പിക്കൊണ്ടു മാറിനില്പായി. അതുകണ്ടു മുകുന്ദൻ അത്ഭുതപ്പെട്ടു. അദ്ദേഹത്തിനു ദേഷ്യം സഹിക്കവെയ്യാതായി. മുമ്പിലത്തെ വീരവാദങ്ങൾ എല്ലാം മറന്ന് ആ ക്ഷുധാൎത്തൻ എന്നെ ഇങ്ങിനെ അപമാനിച്ചതെന്തിന്? എന്നു സഗൌരവം ചോദിച്ചു ഇതിന് ആനന്ദൻ ചിരിച്ചുകൊണ്ട് ഇതിൽ ആക്ഷേപമേതും ഇല്ലെന്നും അരമണിക്കൂർകൂടെ കഴിയുമ്പോഴേക്കും ഇനിയൊരു വററുചോറും ഒരുതുള്ളി കൂട്ടാനുംകൂടി വിളമ്പുന്നതാണെന്നും അറിയിച്ചു.

ഏതുമരയനാണ് അത്രനേരം കാത്തിരിക്കുവാൻപോകുന്നത്? എന്നെക്കൊണ്ടാവില്ല. ഇങ്ങിനെ അപമാനിക്കുവാനാണൊ താൻ എന്നെ ക്ഷണിച്ചതെന്നു വിചാരിച്ചതുപോലുമില്ല എന്നും മററും മുകുന്ദൻ വളരെ ഗൌരവത്തോടും കോപത്തോടുംകൂടി പറഞ്ഞു. ആനന്ദന്റെ ഉദ്ദേശം എന്താണെന്നു കോപംകൊണ്ടു മതിഭ്രംശംവന്ന ആ സാധു ഇനിയും മനസ്സിലാക്കീട്ടില്ല.

എന്ത്! ആനന്ദൻ പൊട്ടിച്ചിരിച്ചുകൊണ്ടു പറയുകയാണ്: അല്പാല്പം, തുള്ളിതുള്ളി, തരിതരി എന്ന സമ്പ്രദായം ഒഴിച്ചു മററൊന്നിലും നിങ്ങൾക്കു വിശ്വാസമില്ലേന്നല്ലെ ഞാൻ വിചാരിച്ചത്.

ഇന്നലെ മുഴുവനും ഉപവാസം ദീക്ഷിച്ചിട്ടുള്ള സ്ഥിതിക്ക് പ്രത്യുകിച്ചും അങ്ങിനെയല്ലേ വരൂ."

തന്നെ കുണ്ടിൽ ചാടിച്ച കഥ ഇപ്പോഴാണ് മുകുന്ദനു മനസ്സിലായത്. ആ പാവം മഞ്ഞളിച്ചുപോയി. അതുകണ്ടു് ആനന്ദൻ നേരമ്പോക്കായി ഇങ്ങനെ പറഞ്ഞു:—"ആകട്ടെ, ഞാൻ ത്വരിതഗതിയിൽ വിശ്വാസിയായിരിക്കുന്നതുകൊണ്ടും, നിങ്ങൾ ആശ്രയിച്ചിരുന്നമാർഗ്ഗം ആശാസ്യമായതല്ലെന്നു് ഇപ്പോൾ നിങ്ങൾക്കുതന്നെ ബോദ്ധ്യമായിരിക്കുന്ന സ്ഥിതിക്കും നമുക്കു് ഇനി സുഖമായിരുന്നു് ഊണുകഴിക്കാം."

മുകുന്ദൻെറ പരാജയം കണ്ടു്, മറഞ്ഞുനിന്നു ചിരിച്ചുകൊണ്ടിരുന്ന ഗൃഹിണി പുറത്തേയ്ക്കുവന്നു, സാധാരണപോലെ രണ്ടുപേക്കും ആഹാരം വിളമ്പിക്കൊടുത്തു. ചതുവ്വിധവിഭവങ്ങളോടുകൂടി മൃഷ്ടാന്നഭോജനം കഴിഞ്ഞു പുറത്തുവന്നപ്പോഴേയ്ക്കുമുണ്ടു് തിരുവിതാംകൂർമഹാരാജാവു സകലഹിന്തുക്കൾക്കും പൊതുവേ സവ്വക്ഷേത്രങ്ങളും തുറന്നുകൊടുത്തിരിക്കുന്നു എന്ന വിവരം കേൾക്കാറാകുന്നു.

"ഏററവും നല്ല വത്തമാനം! നമ്മുടെ അടുത്തശ്രമം മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചരുളിച്ചെയ്തിരിക്കുന്നതുപോലെ എല്ലാ ഹൈന്ദവഹൃദയങ്ങളും തുറക്കുവാൻ വേണ്ടിയായിരിക്കണം" എന്നു് ആനന്ദൻ പറഞ്ഞതുകേട്ടു മുകുന്ദൻ:—"ഒന്നു നിങ്ങൾ തുറന്നുകഴിഞ്ഞല്ലോ."

---

## ൧൦൯. ദുഃഖൈകദൃക്കും ശുഭാപ്തിവിശ്വാസിയും.

---

"ശുഭാപ്തിവിശ്വാസംകൊണ്ടു ലൌകികമായ പ്രയോജനമൊന്നും ഉണ്ടാകുവാനില്ല. അതൊരു വെറും മിത്ഥ്യാബോധംമാത്രം. ഈ ലോകംതന്നെ ദുഃഖസ്വരൂപം. എവിടെനോക്കിയാലും ദുഃഖത്തോടുദുഃഖം. നിലയും വിളിയും ഹൃദയവേദനയും ഇച്ഛാഭംഗവുമില്ലാത്ത ദിക്കില്ല. അതുകൊണ്ടുസമസ്തവസ്തുക്കളിലും ദുരന്തദുഃഖത്തെയല്ലാതെ മറെറാന്നിനേയും ഒരു ജ്ഞാനിക്കു സമത്ഥിക്കുവാൻ സാധിക്കുന്നില്ല. അവനു് ഇവിടെ ജീവിക്കുവാൻതന്നെ ഇല്ല ആഗ്രഹം. മരണം അവനു് ഒരു അനുഗ്രഹംമാത്രമായാണു പരിണമിക്കുന്നതു്." എന്നിങ്ങനെ ഒരു ദുഃഖൈകദൃക്കു് ഒരു ശുഭാപ്തിവിശ്വാസിയോടു പറയുകയുണ്ടായി.

"നിങ്ങളുടെ ദുഃഖൈകദശിത്വംകൊണ്ടുള്ള ലൌകികപ്രയോജനം എന്താണു്? നിങ്ങൾ മരണത്തെ ആദരിക്കുന്നു; ഞാൻ പ്രത്യുത

ജീവിതത്തേയും ആദരിക്കുന്നു. അതുകൊണ്ടു്, ജീവിച്ചിരിക്കുന്ന ഒരുവനു നിങ്ങളെക്കൊണ്ടുണ്ടാകുന്നതിൽ അധികം പ്രയോജനം എന്നെക്കൊണ്ടാണു് ഉണ്ടാകുവാൻ ഉള്ളതു്. ജീവിതം ജീവിക്കത്തക്ക ഒന്നാണെന്നാണു് എൻെറ സിദ്ധാന്തം. നിങ്ങളുടെ സിദ്ധാന്തം മരണമാണു് അഭിലഷിക്കത്തക്കതെന്നും ആകുന്നു ഇങ്ങനെതന്നെയാണു നമ്മുടെ വാദമുഖങ്ങൾ എന്നു നിങ്ങളും വ്യക്തമായി സമ്മതിക്കുമെങ്കിൽ, ഇന്നുജീവിച്ചിരിപ്പുള്ളവരിൽ ഭൂരിപക്ഷവും എൻെറ ഭാഗത്തേയ്ക്കാണു് ഉണ്ടാകുക" എന്നു ശുഭാപ്തിവിശ്വാസി മറുപടി പറഞ്ഞു.

അതുകേട്ടു ദുഃഖൈകദൃക്ക പറയുകയാണു്:—"അതു ഞാനത്ര വിശ്വസിക്കുന്നില്ല. ജീവിതം ജീവിക്കത്തക്ക ഒന്നല്ലെന്നും, മരണം അഭിലഷിക്കത്തക്ക ഒന്നാണെന്നും വിചാരിക്കുന്നവർ ഇന്നു ലക്ഷക്കണക്കിനുണ്ടു് ഞാൻ ഈ സിദ്ധാന്തത്തെ പൂർണ്ണമായും അചഞ്ചലമായും വിശ്വസിക്കുന്നവനും ആകുന്നു."

ശുഭാപ്തിവിശ്വാസി.—"എന്നാൽ സാർ! നിങ്ങൾക്കു് ഇതിനുമുമ്പായിത്തന്നെ മരിച്ചുകൂടായിരുന്നില്ലേ. ആശിക്കുന്നതിനെ വരിക്കുന്നതിൽ നിങ്ങളെ തടുത്തതാരാണു്? ഈ ലോകത്തിൽനിന്നു നിങ്ങളുടെ ഈ ഹിംസ്രമായ തത്വജ്ഞാനത്തെ അങ്ങിനെ അക്കരെ കടത്താമായിരുന്നില്ലയോ? ഇനിയെങ്കിലും നിങ്ങൾ അങ്ങിനെ പ്രവൎത്തിക്കുമെന്നു ഞാൻ വിചാരിക്കുന്നു."

ദുഃഖൈകദൃക്കു് ലജ്ജിച്ചു മിണ്ടാതിരിപ്പായി.

---

## ൧൧൦. എൻേറതെല്ലാം ദരിദ്രൎക്കു്.

---

കടൽത്തീരത്തിലുള്ള ഒരു ചെറിയ ഹിന്ദുരാജ്യത്തിൽ പണ്ടു് ഒരു പ്രസിദ്ധനായ കച്ചവടക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം രോഗപീഡിതനായി മരണശയ്യയെ അവലംബിച്ചിരിക്കുകയാണു്. ഈ വിവരം അറിഞ്ഞു്, വല്ലതും കിട്ടിയെങ്കിലോ എന്നുള്ള ആഗ്രഹത്തോടുകൂടി ഒട്ടുവളരെ ദരിദ്രന്മാർ ആ കുടിയിരുപ്പിൽ വന്നിരുപ്പുണ്ടു്. ആ വലിയ കച്ചവടക്കാരൻ അവരെയെല്ലാം തൻെറമുമ്പിൽ വിളിച്ചുവരുത്തി അശ്രുപൂർണ്ണാക്ഷികളോടും ഗൽഗദസ്വരത്തോടുംകൂടി ഇങ്ങനെ പറഞ്ഞു:—

കച്ചവടക്കാരൻ—"സഹോദരന്മാരേ! ഞാൻ എന്റെ ജീവിതകാലം ഇത്രയും മഹാപാപിയായിത്തന്നെ കഴിച്ചുകൂട്ടി. ഈശ്വരനേയും സാധുക്കളേയും കേവലം വിസ്മരിച്ചുപോയി. എന്തുകാട്ടാം. കഴിഞ്ഞതു കഴിഞ്ഞതല്ലോ. ഇനി എനിക്കുള്ളതെല്ലാം സാധുക്കൾക്കു തരണം എന്നാണു ഞാൻ ദീർഘാലോചന ചെയ്തു തീർച്ചയാക്കിയിരിക്കുന്നതു്."

ഇതു കേട്ടപ്പോൾ, അവിടെ കൂടിയിരുന്ന സാധുക്കളിൽനിന്നു പുറപ്പെട്ട ആഹ്ളാദശബ്ദംകൊണ്ടു് ആ പ്രദേശമാസകലം മുഖരിതമായിത്തീർന്നു. ഈ നിശ്ചയപ്രകാരം കച്ചവടക്കാരന്റെ നാലുമക്കൾക്കും ഒന്നും കിട്ടുവാനില്ല. അതിനാൽ അവർ അവിടെ കിടന്നു് അതിദാരുണമായി നിലവിളിക്കുന്നുണ്ടു്. പക്ഷേ അതൊന്നും അത്ര പുറത്തുവരുന്നില്ല. എങ്കിലും ആ കച്ചവടക്കാരൻ അവരേയും അടുത്തുവിളിച്ചു സമാധാനപ്പെടുത്തി ഇങ്ങനെ പറഞ്ഞു:—"കുട്ടികളേ! നിങ്ങൾ ഇങ്ങിനെ കരയുന്നതെന്തിനു്? കഥയറിയാതെ ആട്ടംകാണുകയോ? ഇതെല്ലാം നിങ്ങളുടെ ശ്രേയസ്സിനുവേണ്ടിയാണു്. ഞാൻ സാധുക്കൾക്കായി ചെയ്യുന്ന ദാനംകൊണ്ടു നിങ്ങൾക്കു ഒരുവിധത്തിലും ഒരു ദോഷവും സംഭവിക്കുകയില്ല. ഞാൻ ഒഴിഞ്ഞകയ്യോടുകൂടിയാണു രംഗപ്രവേശംചെയ്തതു്. എന്നിട്ടും എന്റെ ജീവിതമെല്ലാം സുഖമായിത്തന്നെ കഴിച്ചുകൂട്ടുകയുംചെയ്തു. അതുകൊണ്ടു നിങ്ങളും ഓരോ പുതിയ കണക്കു പുസ്തകവുംകൊണ്ടു പുറപ്പെടുകയാണു നല്ലതു്."

കച്ചവടപ്രമാണിചെയ്ത ദാനത്തിന്റെ വിവരം പട്ടണത്തിലെങ്ങും കാട്ടുതീപോലെ പരന്നുകഴിഞ്ഞു. അപ്പൊഴേക്കും മൂവ്വായിരം സാധുക്കൾ ഒത്തുകൂടി വലിയകൊട്ടാരത്തിലേക്കു യാത്രയായി. ആ വണിക്പ്രഭുവിന്റെ അനന്തരാവകാശികളായി അവരെ പ്രഖ്യാപനംചെയ്യണം. "അദ്ദേഹത്തിന്റെ സർവ്വവും അദ്ദേഹം ഞങ്ങൾക്കു തന്നിരിക്കുന്നു. അതെല്ലാം ഞങ്ങൾക്കു കിട്ടിയേകഴിയൂ" എന്നു് അവർ ശാഠ്യംപിടിക്കുകയായി. ഇതിനു കച്ചവടക്കാരന്റെപുത്രന്മാർ നാലുപേരും തടസ്സംപറഞ്ഞുനോക്കാതിരുന്നില്ല. എങ്കിലും അതൊന്നും വിലവയ്ക്കുവാൻ ആരും ഉണ്ടായില്ലെന്നേയുള്ളു. കച്ചവടക്കാരനു് പൂർവ്വികമായ സ്വത്തൊന്നും ഇല്ലാത്തതുകൊണ്ടും, താൻ ദാനം ചെയ്തതെല്ലാം സ്വയാർജ്ജിതംമാത്രമായിരുന്നതുകൊണ്ടും ഈ ഇഷ്ടദാനം സാധുവാണെന്നാണു രാജാവു തീരുമാനിച്ചതു്. അതനുസരിച്ചു ആ കച്ചവടക്കാരന്റെ കടധനങ്ങളെല്ലാം മൂവ്വായിരം സാധുക്കൾക്കു തുല്യമായി ഭാഗിച്ചുകൊടുക്കുവാൻ കല്പനയായി. അതറിഞ്ഞപ്പോൾ സാധുക്കളുടെയിടയിൽ വലിയ ആഹ്ലാദം മുഴങ്ങി. അവരെല്ലാം ആ വണിക്പ്രഭുവെ ആശിർവ്വദിച്ചു. അദ്ദേഹം ഉടനെ മരി

ക്കട്ടേ! എന്നും എന്നും സ്വർഗ്ഗത്തിൽത്തന്നെ വാഴട്ടേ എന്നും പ്രാത്ഥിക്കുകയായി.

പ്രാത്ഥനയ്ക്കു ഫലമുണ്ടാകാതിരുന്നില്ല. മൂന്നുമണിക്കൂർ കഴിഞ്ഞപ്പോഴയ്ക്കും ആ വണിഗ്വരൻ ദിവംഗതനായിക്കഴിഞ്ഞു. രാജാവിന്റെ ആളുകൾ വന്നു കണക്കുകളെല്ലാം തിട്ടപ്പെടുത്തിയപ്പോൾ തരക്കേടൊന്നുമില്ല; മുപ്പതിനായിരം ഉറുപ്പികയ്ക്കു മുതലും, ഒരുലക്ഷത്തിഅൻപതിനായിരം ഉറുപ്പികയ്ക്കു കടവും ഉള്ളതായിട്ടാണുകണ്ടതു്. കടക്കാരെല്ലാം മുഴുവൻ സംഖ്യയും കിട്ടാതെ കഴികയില്ലെന്നു ശാഠ്യംപിടിച്ചു. കച്ചവടക്കാരന്റെ "എല്ലാം" ഒരുലക്ഷത്തിഇരുപതിനായിരം ഉറുപ്പിക കടം. ഈ കള്ളി അറിയാറായപ്പോഴേയ്ക്കും ആ ദരിദ്രന്മാരെല്ലാം ഓരോരുത്തരായി വലിഞ്ഞുകഴിഞ്ഞിരിക്കുന്നു. പക്ഷേ രാജാവു വിട്ടില്ല. അവരെയെല്ലാം പിടിച്ചുകൊണ്ടുവന്നു് ദാനാധാരപ്രകാരമുള്ള സമ്പാദ്യം സ്വീകരിക്കുവാൻ നിർബന്ധിച്ചു. ഓരോരുത്തരും നാല്പതിതുറുപ്പ്വീതം കടക്കാൎക്കു കൊടുക്കേണ്ടതായിട്ടാണുവന്നതു്. പണമില്ലാത്തവർ കടക്കാൎക്കു പണിയെടുത്തുകൊടുക്കേണ്ടിവന്നു അവരുടെ കടംവീട്ടുവാൻ. "ഇതെല്ലാം ഗുണത്തിനായിട്ടാണു്" എന്നു കച്ചവടക്കാരൻ പറഞ്ഞതിന്റെസാരം മനസ്സിലാക്കുവാൻ കാലതാമസം വളരെ നേരിട്ടുപോയി.

---

## ൧൧൧. ബഹുസമത്ഥനായ ഒരു ബാലൻ.

ഒരു ഗ്രാമത്തിൽ ഒരേപ്രായക്കാരും സ്നേഹിതന്മാരുമായി രണ്ടു ബാലന്മാർ ഉണ്ടായിരുന്നു. രണ്ടാളും പള്ളിക്കൂടത്തിൽ പോകുന്നുണ്ടു്. രണ്ടാളും പഠിക്കുന്നതു തേർഡ്ഫോറത്തിലാണു്; രണ്ടുപേൎക്കും ഒരേപ്രായം, പന്ത്രണ്ടുവയസ്സു്. ഒരുദിവസം കേട്ടു, ഇവരിൽ ഒരുവനു ഒരു ഷാപ്പിൽ സാമാനംഎടുത്തുകൊടുപ്പുകാരന്റെജോലി കിട്ടിയിരിക്കുന്നു എന്നും അവൻ പള്ളിക്കൂടംവിട്ടു പോയിരിക്കുന്നു എന്നും മാസം ൫ രൂപ ശമ്പളമെന്നും. എല്ലാവൎക്കും വളരെ അത്ഭുതംതോന്നി. അവൻ 'ബഹുസാമർത്ഥൻ—ബഹുസമത്ഥൻ' എന്നെല്ലാം കേൾക്കുന്നവർ കേൾക്കുന്നവർ പുകഴ്ത്തുകയായി. മറേറവന്റെ അമ്മയും കേട്ടു ഈ വിവരം. അവൎക്കു കുണ്ഠിതമാണുണ്ടായതു്. തന്റെ മകൻ സാമത്ഥ്യത്തിൽ മറേറവനെക്കാൾ അനേകം മൈൽ പിന്നാലെയാണെന്നു വിചാരിച്ചു് അവർ വിഷാദിച്ചു. ഈ വിഷാദം തന്റെ പുത്രനെ അറിയിക്കുകയുംചെയ്തു. അമ്മ പറയുകയാ

ണു്:—"എടാ! നിന്റെ കൂട്ടുകാരൻ, ഈ ചെറുപ്രായത്തിൽത്തന്നെ പണം സമ്പാദിക്കുവാൻ തുടങ്ങിയിരിക്കുന്നതു നീ കാണുന്നില്ലേ? ഇവിടെയാകട്ടെ, നീ നിന്റെ കാരണവന്മാർ വല്ലതും നേടിവച്ചിട്ടുണ്ടെങ്കിൽ അതു മുടങ്ങാതെ നശിപ്പിച്ചുകൊണ്ടും ഇരിക്കുന്നു." ഇതു കേട്ട ആ ചെറുപൈതൽ—'അമ്മേ! അതെല്ലാം നമുക്കു വഴിയെ കാണാം' എന്നുമാത്രമേ സമാധാനം പറഞ്ഞുള്ളു.

കൊല്ലം ഇരുപതു പിന്നേയും കഴിഞ്ഞു. ഇപ്പോഴും ആ 'ബഹുസമൎത്ഥനായ ബാലൻ' അതേഷാപ്പിൽത്തന്നെ പത്തുരൂപാശമ്പളത്തിൽ ഒരു വില്പനക്കാരനാണു്. എന്നാൽ, ആ പഴയ കൂട്ടുകാരനോ, എം. ഏ. പരിക്ഷ പാസ്സായി ഇരുനൂററിഅൻപതു രൂപാശമ്പളത്തിൽ ഒരു വലിയ ഉദ്യോഗസ്ഥനായിക്കഴിഞ്ഞിരിക്കുന്നു. ഈ എം. ഏ-ക്കാരൻ ഒരുദിവസം, തന്റെ കൂട്ടുകാരൻ ശമ്പളക്കാരനായിരിക്കുന്ന ഷാപ്പിന്റെ മുൻവശത്തുകൂടെ കടന്നുപോകുവാൻ ഇടയായി. അതു വില്പനക്കാരൻ കണ്ടു അവൻ ലജ്ജയോടുകൂടി അകത്തു ഓടിഒളിച്ചു് തന്നെത്താൻ ഇങ്ങനെ വിഷാദിച്ചു:—"അന്നു ഞാൻ ബഹുസമൎത്ഥനായ ഒരു ബാലൻ ആണെന്നു എല്ലാവരും വാഴ്ത്തി. എന്നാൽ എന്നെപ്പോലെ മഠയനായി മററാരും ഇല്ലെന്നാണു് ഇന്നു എനിക്കുതോന്നുന്നതു്. വേണ്ടുന്നേടത്തോളം അഭ്യാസവും ആയുധവും സ്വാധീനമാക്കുന്നതിനുമുമ്പായി ഞാൻ ജീവിതരണാങ്കണത്തിൽ സാഹസമായി പ്രവേശിച്ചുപോയി. അതിന്റെ ശിക്ഷ ഞാൻ അന്നുമുതൽ മുടങ്ങാതെ അനുഭവിച്ചുകൊണ്ടും ഇരിക്കുന്നു.

---

## ൧൧൨ അനിഷേദ്ധ്യമായ സമാധാനം.

---

ഇന്ത്യയിലെ ഒരു ധൎമ്മവൈദ്യശാലയിൽ ചികിത്സ നടത്തികൊണ്ടിരുന്ന ഒരു ഡാക്ടർ, ഒരു യോഗത്തിൽ അശ്രദ്ധമായി വിഷം കലൎത്തി ഒരു രോഗിയുടെ അസ്വാസ്ഥ്യം വൎദ്ധിപ്പിച്ചു എന്ന ഒരു കേസ്സു് ഉത്ഭവിച്ചു. വാദിഭാഗത്തേയ്ക്കു തെളിവു ധാരാളമുണ്ടു്. രോഗിയിൽ വിഷം പ്രയോഗിച്ചിരിക്കുന്നു എന്നുള്ളതിലേയ്ക്കു ഡാക്ടരുടെ ഡാപ്പുതന്നെ മതിയായ ലക്ഷ്യമാണല്ലോ. എല്ലാവൎക്കും ഡാക്ടരുടെ കാൎയ്യത്തെപ്പററി വലിയ ആശങ്കയായി. അദ്ദേഹത്തെ ശിക്ഷിക്കും എന്നുതന്നെ എല്ലാവരും ഉറപ്പിച്ചു എന്നാൽ ഡാക്ടൎക്കു ഒരു കോട്ടവുമില്ല കുറിയുമില്ല. കേസ്സിന്റെ ഗൗരവത്തെപ്പററി സംസാരിക്കുന്ന സ്നേഹിതന്മാരോടെല്ലാം അദ്ദേഹം പറഞ്ഞ

ഏകസമാധാനം 'നിങ്ങൾ ഇത്രയൊന്നും പരിഭ്രമിക്കണ്ട. എനിക്കു് അനിഷേദ്ധ്യമായ സമാധാനമുണ്ടു്" എന്നായിരുന്നു.

വാദിഭാഗം തെളിവെല്ലാം അവസാനിപ്പിച്ചപ്പോൾ ഡാക്ടർ കൊടുത്തമൊഴി ഇങ്ങിനെ ആയിരുന്നു—"എൻ്റെ കയ്യിൽനിന്നു ശ്രദ്ധക്കുറവേതെങ്കിലും അഥവാ ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ, അതുകൊണ്ടുള്ളദോഷം എൻ്റെ കമ്പൌണ്ടരുടെ അതിശ്രദ്ധകൊണ്ടു പരിഹരിക്കപ്പെട്ടിരിക്കുന്നു. ഇരട്ടിവെള്ളം ചേക്കാതെ ആ ആൾ ഒരൊററമരുന്നുപോലും ഇക്കാലം നാളതുവരെ കൊടുക്കുക ഉണ്ടായിട്ടില്ല. അങ്ങിനെവെള്ളം ചേൎന്നാൽ ശക്തികുറയാത്ത വിഷങ്ങൾ ദുർല്ലഭം. ഈ വിഷത്തിനു പ്രത്യേകിച്ചും യാതൊരുശക്തിയും ഉണ്ടായിരിക്കയില്ല. കോടതി പ്രത്യേകം ശ്രദ്ധിക്കേണ്ടതായ സംഗതിയാണിതു്. ഇതു 'നിഷേധിക്കുവാൻ കഴിവില്ലാത്ത ഒരു പരമാൎത്ഥ'മാണെന്നു വാദിഭാഗം സമ്മതിച്ചു. അവർ മജിസ്ട്രേട്ടിൻ്റെ അനുവാദത്തോടുകൂടി കേസ്സു് പിൻവലിക്കുകയും ഡാക്ടരെ വെറുതേ വിട്ടയയ്ക്കുകയും ചെയ്തു.

---

## ൧൧൩. രാജാവും വിമർശകനും.

---

അനിതരസാധാരണമായ ഗുണസമ്പത്തികളോടുകൂടി പണ്ടൊരിക്കൽ അതിപ്രസിദ്ധനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിൻ്റെ രാജ്യത്തിൽ രാജകാര്യങ്ങളുടേയും ഉദ്ദേശങ്ങളുടേയും ന്യായാന്യായങ്ങളെപ്പററിനിർഭയം വിമൎശനംചെയ്യുന്ന ഒരു പൌരനും ഉണ്ടായിരുന്നു. ഈ വിമൎശനങ്ങൾ ഒന്നും രാജാവിനു രസിച്ചില്ല. എങ്ങനെയെങ്കിലും അവനോടു പകവീട്ടണം എന്നുതന്നെ അദ്ദേഹം മനസ്സുകൊണ്ടുറച്ചു. ഇരുപത്തിഅഞ്ചുകൊല്ലത്തെ ശ്രേയസ്കരമായ ഭരണത്തിനുശേഷമേ ഈ ഉദ്ദേശത്തെ പുറത്തുകാട്ടുവാൻ അദ്ദേഹം ധൈര്യപ്പെട്ടുള്ളു. ജനങ്ങളെല്ലാം ആ വിശിഷ്ടഭരണത്തിൻ്റെ രജതജൂബിലി അത്യാഹ്ലാദത്തോടെ കൊണ്ടാടുകയാണു്. അന്നു ഈ വിമൎശകൻ "ഇരുപത്തഞ്ചുകൊല്ലത്തെഭരണം' വിമൎശനംചെയ്തുകൊണ്ടു് അതിരൂക്ഷമായ ഒരു നിരൂപണം പ്രസിദ്ധപ്പെടുത്തി. ഈ ലേഖനത്തെ അടിസ്ഥാനപ്പെടുത്തിയാണു് ആവിമൎശകനെ തൂക്കിക്കൊല്ലുവാനുള്ള രാജാജ്ഞ പുറപ്പെട്ടതു്. തൂക്കിക്കൊല്ലുന്നതിനു ഒരു മിനിട്ടുമുമ്പിൽ മുഖംകാണിക്കുവാൻ അനുവാദം കിട്ടണമെന്നു ആ കുററവാളി അപേക്ഷിച്ചു. അതിനെ തിരുമനസ്സുകൊണ്ടു് അനുവദി

ക്കകയുംചെയ്തു. അതനുസരിച്ചു അവനെ തിരുമുമ്പാകെ ഹാജരാക്കിയപ്പോഠം അടുത്തുചെന്നു.

മഹാരാജാവു്—"ഇങ്ങിനെ മരിക്കുവാൻ താനെന്തിനു പുറപ്പെട്ടു? താൻ തന്റെ രാജ്യത്തിനും രാജാവിനുംവേണ്ടി എന്തൊന്നാണു് ഇന്നേവരെ്ചെയ്തിട്ടുള്ളതു്? തന്നെ വിട്ടയച്ചാൽത്തന്നെയും അവക്കു എന്തൊരു ഗുണമാണു് ഉണ്ടാകുവാനുള്ളതു്?"

വിമശ്കൻ—"തിരുമേനി! നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്ന അടിയന്റെ വിമശനശരമാരികഠം തിരുമേനിയെ ഭരണവിഷയത്തിൽ പൂവാധികം ജാഗരൂകനാക്കിത്തീത്തു. ഒന്നിലും ഒരു ന്യൂനതയും ഉണ്ടാകാതിരിക്കുവാൻ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. ഇങ്ങിനെ തിരുമേനി യാതൊരനീതിയും പ്രവത്തിക്കാതായി—ഇതേവരെ രാജ്യംവാണ രാജാക്കന്മാരിലെല്ലാംവെച്ചു തിരുമേനി വിശ്രുതനായിത്തീന്നിട്ടുള്ളതിന്റെ രഹസ്യം ഇതാകുന്നു. അടിയൻ അടിയന്റെ മഹാരാജാവിനും മഹാരാഷ്ട്രത്തിനുംവേണ്ടി സാധിച്ചിട്ടുള്ള മഹാകാൎയ്യങ്ങഠം ഇത്രയും ആകുന്നു. അടിയനെ തൂക്കിലിടാതെ വിട്ടയച്ചാൽ അടിയന്റെ രാജാവിനു ഇന്നുള്ള സല്ക്കീൎത്തിയെ മേലിലും നിലനിൎത്തിക്കൊണ്ടുപോകാം. ഭയംകൂടാതെ ന്യായാന്യായവിവേചനംചെയ്യാനുള്ള സാമൎത്ഥ്യം അടിയന്റെ രാഷ്ട്രത്തിനും നഷ്ടമായിപ്പോകയില്ല. അടിയൻ ഈ പറഞ്ഞതിൽ ഏതെങ്കിലും കള്ളമുണ്ടെന്നു തിരുമേനിക്കു നെഞ്ചിൽ കൈവച്ചു പറയാമെന്നുണ്ടെങ്കിൽ തിരുമേനി അടിയനെ നിർദാക്ഷിണ്യം തൂക്കിലിട്ടുകൊള്ളണം. ഇല്ലാത്തപക്ഷം അടിയനെ വിട്ടയയ്ക്കുന്നതായിരിക്കും രാജോചിതമായ വീരകൃത്യം."

"അവനെ വിട്ടയയ്ക്കുക; അവൻ പറയുന്നതെല്ലാം പരമാൎത്ഥമാണു്" എന്നു പറഞ്ഞുകൊണ്ടു രാജാവു തൽക്ഷണംതന്നെ അവിടംവിട്ടു പൊയ്ക്കളഞ്ഞു. എന്നാൽ പശ്ചാത്താപാശ്രു തിരുമേനിയുടെ നേത്രങ്ങളിൽ തുളുമ്പിക്കൊണ്ടിരുന്നതു് എല്ലാവക്കും പ്രത്യക്ഷത്തിൽ കാണാമായിരുന്നു.

---

## ൧൫൪. അഞ്ചുനിമിഷത്തേയ്ക്കു്.

---

ഒരു രാജ്യത്തു മനഃശാസ്ത്രനിപുണനായ ഒരു ധനികൻ ഉണ്ടായിരുന്നു. ജാഗ്രദവസ്ഥയിൽ അഞ്ചുമിനിട്ടുനേരം യാതൊരു വിചാരവും കൂടാതെ ഇരിക്കുന്നവനു് അഞ്ഞൂറുറുപ്പിക സമ്മാനംകൊടുക്കാ

മെന്നു് അദ്ദേഹം ഒരിക്കൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തി. കുറേ കാലത്തേയ്ക്കു് ഈ സാഹസകൃത്യത്തിനു് ആരും തുനിഞ്ഞില്ല. ഒടുവിൽ ഒരുവൻ വന്നു് അഞ്ചുനിമിഷനേരം അദ്ദേഹത്തിൻെറ മുമ്പിൽ അനങ്ങാതെ നിന്നുകൊടുത്തു. ചിന്താവേഗത്തിൻെറ യാതൊരു ലാഞ്ഛനയും ഈ സമയത്തു് ആ ആളുടെ മുഖത്തു സ്ഫുരിച്ചിരുന്നതുമില്ല. ഇങ്ങിനെ അഞ്ചുമിനിട്ടു നിന്നശേഷം ആ ആൾ സമ്മാനം ആവശ്യപ്പെട്ടു.

മനഃശാസ്ത്രജ്ഞൻ—"നിങ്ങൾക്കു യാതൊരുവിധചിന്തയും ഉണ്ടായിരുന്നില്ലേ?"

മറേറആൾ—"ഇല്ല. എനിക്കു യാതൊരുവിധ ചിന്തയും ഉണ്ടായിരുന്നില്ല."

മനഃശാസ്ത്രജ്ഞൻ—"ഈ സമയമെല്ലാം മററു ചിന്തകൾ ഇല്ലാതാക്കണമെന്നും സമ്മാനം വാങ്ങണമെന്നുംകൂടി നിങ്ങൾ വിചാരിച്ചില്ലല്ലോ?"

മറേറആൾ—"ങേ! അതു ഞാൻ വിചാരിച്ചിരുന്നു."

എന്നു പറഞ്ഞു ലജ്ജയോടുകൂടി അവിടെനിന്നും വലിഞ്ഞുകളഞ്ഞു.

## ൧൧൮. നവ്യാശയവരണം

ഒരു നാട്ടിൻപുറംമിഡിൽസ്കൂളിലെ 'ഫസ്റ്റ്ഫോറം ടീച്ചർ" ആണു ഗോവിന്ദൻ. സർവ്വകലാശാലക്കാർ ഉപേക്ഷിച്ച 'മട്രിക്കുലേറു" ആണെങ്കിലും താൻ രണ്ടാംബൃഹസ്പതിതന്നെയാണെന്നാണു് അദ്ദേഹത്തിൻെറ അഭിമാനം. മററുഏതൊരാളെക്കാളും താഴെയൊന്നുമല്ലെന്നു അദ്ദേഹത്തിനു നല്ലപോലെ അറിയാം. ഒരുദിവസം ഈ അദ്ധ്യാപകൻ ഗലീലിയോയെപ്പററിയും അദ്ദേഹത്തെ മററുള്ളവർ നിർദ്ദയം മർദ്ദിച്ചതിനെപ്പററിയും ക്ലാസ്സിൽ പ്രസംഗിക്കുകയുണ്ടായി.

അദ്ധ്യാപകൻ പറഞ്ഞു:—"സൂര്യൻ ഒരേസ്ഥാനത്തുതന്നെ ഉറച്ചു നില്ക്കുകയാണെന്നും ഭൂമി സൂര്യനെ സദാ ചുററിക്കൊണ്ടിരിക്കുകയാണെന്നും ഉള്ള പച്ചപ്പരമാർത്ഥം മാത്രമേ ഗലീലിയോ പറഞ്ഞുള്ളു. ഇതിനാണു് അദ്ദേഹത്തെ അജ്ഞന്മാരും അവിവേകികളും ആയ സാഹസികൾ ശിക്ഷിച്ചതു്. അവരുടെ മസ്തിഷ്കത്തിൽ, പുതിയ ആശയങ്ങളെ സ്വീകരിക്കുന്നതിനു വേണ്ടുന്നേടത്തോളം സ്ഥലം ഇല്ലാതെപോയി."

ഒരു വിദ്യാൎത്ഥി, ഇതുകേട്ട് ഇങ്ങനെ ചോദിച്ചു:—"സാറെ സൂൎയ്യനും ചുററുന്നില്ലേ? സൂൎയ്യൻ സ്ഥിരമായി നില്ക്കുകയാണെന്നു് ഗലീലിയൊ പറഞ്ഞിട്ടുണ്ടെങ്കിൽ അതും തെററല്ലേ?"

ഗോവിന്ദൻ—"അല്ല, ഒരിക്കലും അല്ല. ഗലീലിയായ്ക്കു് തെററുപററിയിരിക്കയില്ല. സൂൎയ്യൻ ചലിക്കുന്നതുമില്ല. നിന്നോടു് ഈ വിഡ്ഢിത്തം പറഞ്ഞുതന്നതു് ആരാണു്? നമുക്കു് അതൊന്നും ശ്രദ്ധിക്കുകയേ വേണ്ടാ."

വിദ്യാൎത്ഥി—"സൂൎയ്യൻ ചലിക്കുന്നുണ്ടു്. അതു് പരമാൎത്ഥവും ആണു്. എന്നോടു് എൻെറ അമ്മാമൻ പറഞ്ഞതല്ലേ. ജ്യോതിശ്ശാസ്ത്രം എടുത്തു് എം. ഏ. പാസ്സായ ആളാണു് അദ്ദേഹം. അതു് ഒരിക്കലും തെററായിരിക്കയില്ല.

ശിഷ്യൻെറ ഏവംവിധമുള്ള അനുസരണക്കേടു് കണ്ടപ്പോൾ ഗുരുനാഥനു് ദേഷ്യംവന്നു. താൻ മെട്രിക്കുലേഷൻകൂടെ പാസ്സാകാത്ത ആളായതുകൊണ്ടു്, തന്നെ അപമാനിക്കണമെന്ന ഏക ഉദ്ദേശത്തോടുകൂടി ഒരു എം. ഏ-ക്കാരനെ ഇടയ്ക്കു് വലിച്ചിട്ടതാണെന്നു് അദ്ദേഹം വിചാരിച്ചു. ആ വിദ്യാൎത്ഥിയുടെ മാതുലനെപ്പോലെയുള്ള ഇന്നത്തെ വെറും പച്ച എം. ഏ-ക്കാർ, തൻെറകാലത്തെ പൊളിഞ്ഞ മെട്രിക്കുലേററുകൾക്കുപോലും തുല്യന്മാരല്ലെന്നു് അദ്ദേഹം അറിഞ്ഞു. മാത്രമല്ല, മററെ കുട്ടികൾ ചിരിക്കുന്നതായിക്കൂടെ ആ അദ്ധ്യാപകൻ കണ്ടു. അതിനാൽ തൻെറഅധികാരത്തെ സ്ഥാപിക്കുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നതായി ഗോവിന്ദൻ വിചാരിച്ചു. എന്തിനു്; ശിക്ഷയായി ആ കുട്ടിയോടു് ബെഞ്ചിൻെറ മുകളിൽ കയറി നില്ക്കുവാൻ ഗുരുനാഥൻ ആജ്ഞാപിച്ചു.

"സൂൎയ്യൻ ചുററിത്തിരിയുന്നു എന്ന തെററിദ്ധാരണ നീ ഇനിയെങ്കിലും ഉപേക്ഷിക്കുമോ?" എന്നു് ഗുരുനാഥൻ ചോദിച്ചു.

"പ്രയാസമാണു്. സൂൎയ്യൻ ചുററിത്തിരിയുകതന്നെ ചെയ്യുന്നുണ്ടു്" എന്നായിരുന്നു ശിഷ്യൻെറ സമാധാനം.

ഗുരുനാഥൻ ശിഷ്യനെ നല്ല അടി അടിച്ചുനോക്കി. അതുകൊണ്ടും പ്രയോജനം ഉണ്ടായില്ല. ഒടുവിൽ അവനെ ക്ലാസ്സിൽനിന്നു് പുറത്തിറക്കി, ഹെഡ്മാസ്റ്ററുടെ അടുത്തുചെന്നു് ആ ധിക്കാരിയെ പള്ളിക്കൂടത്തിൽനിന്നു് 'ഡിസ്സ്മിസ്സ്' ചെയ്യാൻ ശുപാൎശചെയ്തു. ഹെഡ്മാസ്റ്റർ ഒരു ബി. ഏ. ക്കാരനാണു്. പക്ഷേ ആ ആൾക്കും അറിഞ്ഞുകൂടാ സൂൎയ്യൻ ചുററിത്തിരിയുന്നുണ്ടെന്നുള്ള കഥ. ഒന്നാംഫാറത്തിലെ ഒരുകുട്ടി, സൂൎയ്യൻ ചുററിത്തിരിയുന്നുഎന്നുംമററും ഉള്ള ധൎമ്മവിരുദ്ധമായ സിദ്ധാന്തങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതിൽ അദ്ദേഹം കുപിതനായിത്തീൎന്നു എന്നുമാത്രമല്ല, ഗുരുനാഥൻെറ ഉപദേശത്തിനു് എതിരായി തെററായ ധാരണയെ വെച്ചുപുലൎത്തുന്നതു,

"ഡിസ്സ്മിസ്സ്" ചെയ്യാൻ മതിയായ കാരണമായിരിക്കുന്നുണ്ടെന്നു് വിധികല്പിക്കുകയും ചെയ്തു. സർവ്വകലാശാല കയ്യൊഴിച്ച മെട്രിക്കുലേററിനു് സന്തോഷമായി. ആ ആൾ ആത്മവിശ്വാസത്തോടുകൂടി പറയുകയാണു്:—"സാറെ! ആ മര്യനായ എം. ഏ. ക്കാരൻെറ കഥയൊന്നു് ഓൎത്തുനോക്കണേ. എത്ര ദയനീയമായിരിക്കുന്നു. കുട്ടിയുടെ അമ്മാമനാണത്രേ ആ വിദ്വാൻ. ആയാളാണു് ഈ വേണ്ടാത്തരമെല്ലാം അവനു് പറഞ്ഞുകൊടുത്തിരിക്കുന്നതത്രെ."

"എന്തു്! എം. ഏ-ക്കാരനോ? എന്നാൽ എനിക്കു് അദ്ദേഹത്തെക്കണ്ടു് ഒന്നു ചോദിക്കണം." എന്നായി ഹെഡ്മാസ്റ്റർ. ഈ ഹെഡ്മാസ്റ്റൎക്കു് ഡിഗ്രിയെ വളരെ ബഹുമാനമാണു്, അതുകൊണ്ടാണു് എം ഏ. ക്കാരൻ എന്നു കേട്ടപ്പോൾ വിരണ്ടതു്. എം.ഏ-ക്കാരൻ എന്തു അസംബന്ധം പറഞ്ഞാലും അതെല്ലാം വേദവാക്യമാണെന്നു് ആ അദ്ധ്യാപകതലവൻ സശിരഃകമ്പം സമ്മതിച്ചുകൊള്ളും. അന്നു വൈകുന്നേരംതന്നെ ബി. ഏ. ക്കാരൻ എം. ഏ. ക്കാരനെ ചെന്നു കണ്ടിരിക്കുന്നു.

ബി. ഏ.—"സൂൎയ്യൻ യഥാൎത്ഥത്തിൽ ചുററിത്തിരിയുന്നുണ്ടോ? അതോ സ്ഥിരമായി ഉറച്ചുനില്ക്കുകയോ?"

എം. ഏ:—"എന്താണിത്ര സംശയം? തീൎച്ചയായും തിരിയുന്നുണ്ടു്. സൂൎയ്യൻ മാത്രമാണോ! എല്ലാ നക്ഷത്രങ്ങളും, സ്ഥിരമെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നധ്രുവനക്ഷത്രംപോലും സദാ ചുററിക്കൊണ്ടുതന്നെ ഇരിക്കുന്നു." എന്നു പറഞ്ഞു്, ആ സിദ്ധാന്തത്തെ സ്ഥാപിക്കുവാനുള്ളഭാഗം ഉദ്ധരിച്ചു കാണിച്ചുകൊടുത്തു.

എം. ഏ-ക്കാരൻ പറഞ്ഞു; പോരെങ്കിൽ പുസ്തകത്തിലും കണ്ടു ഹെഡ്മാസ്റ്റൎക്കു് ഇതിൽ അധികമായി മറെറാന്നും വേണ്ടതില്ല. "നിങ്ങളുടെ ഭാഗിനേയനെ ക്ലാസിൽനിന്നു ഇറക്കിവിട്ട ഗോവിന്ദൻ മഹാവിഡ്ഢി. ഒരു പൊളിഞ്ഞ മെട്രിക്കുലേററിൽനിന്നു് ഇതിലധികമായി മറെറന്തു ആശിക്കാം?" എന്നു പറഞ്ഞുകൊണ്ടു അവർ അന്യോന്യം പിരിഞ്ഞു.

പിറേറദിവസം പള്ളിക്കൂടത്തിൽ മണിഅടിച്ചുഉടനെ ഹെഡ്മാസ്റ്റർ ഒന്നാംഫാറത്തിൽ ചെന്നു ഗോവിന്ദനെ വിളിച്ചു്, കുട്ടികൾ കേൾക്കെ പറയുകയാണു്:—"സൂൎയ്യൻ ചുററിത്തിരിയുന്നില്ല എന്ന നിങ്ങളുടെ വിചാരം കേവലം തെററുതന്നെ. ആ കുട്ടി പറഞ്ഞതാണുശരി അതിനാൽ അവനെ ക്ലാസിൽ ചേൎത്തിരിക്കുന്നു. അവൻ ശരിയായ അറിവു സമ്പാദിച്ചതിനും അതിനെ സധൈൎയ്യം നിലനിൎത്തിയതിനും ആയി ഒരു പുസ്തകം സമ്മാനിക്കുവാൻകൂടെ നിശ്ചയിച്ചിട്ടുണ്ടു്. ഹേ ഗോവിന്ദൻ! നിങ്ങൾ ഭേദപ്പെടുകയും തെററായ ധാരണകളെ ഉപേക്ഷിക്കുകയും, പുതിയ ആശയങ്ങളെ സ്വീകരിക്കു

വാനുള്ള സന്നദ്ധത സമ്പാദിക്കുകയും ചെയ്യാതിരുന്നാൽ നിങ്ങളെ സർവ്വീസിൽനിന്ന് പിരിച്ചുവിടുവാൻ ശുപാശ്ചെയ്യേണ്ടതിനു ഞാൻ നിർബ്ബന്ധിതനായിത്തീരുന്നതാണു്.

---

## ൧൧൩. അനുകരണം.

---

പണ്ടു് ഒരുരാജ്യത്തു് അതിവഷളനായ ഒരുവൻ ഉണ്ടായിരുന്നു. അവൻ പെണ്ണു രണ്ടുകെട്ടി; അതിൽ ഒന്നിനെ ഉപേക്ഷിച്ചു. കള്ളു കുടിക്കും, ചൂതുകളിക്കും, വമ്പുപറയും, വ്യഭിചരിക്കും, ഹിംസിക്കും ഇതെല്ലാമാണു് അയാളുടെ യോഗ്യത. ഒരുദിവസംഒരു മഹാത്മാവു് അവനോടു് ഒരുപാടെല്ലാംഗുണദോഷിച്ചശേഷം—"നിൻെറ ദുഃസ്വഭാവം കണ്ടു് നിനക്കുതന്നെ ലജ്ജ തോന്നുന്നില്ലേ?" എന്നു ചോദിച്ചു. "ഞാൻ എന്തിനു ലജ്ജിക്കണം; ശ്രീകൃഷ്ണനു് പതിനാറായിരത്തിഎട്ടു് ഭാൎയ്യമാർ ഉണ്ടായിരുന്നില്ലേ; ബുദ്ധദേവൻ സ്വന്തഭാൎയ്യയെ ഉപേക്ഷിച്ചില്ലേ; ഋഷികൾ മദ്യപാനം ചെയ്തില്ലേ; നളമഹാരാജാവു ചൂതുകളിച്ചില്ലേ; അൎജ്ജുനൻ വമ്പുപറഞ്ഞില്ലേ; ദേവേന്ദ്രൻ വ്യഭിചരിച്ചില്ലേ; പരശുരാമൻ ഹിംസിച്ചില്ലേ?"

"അതെല്ലാം ശരിതന്നെ."

"പിന്നെ എന്നെമാത്രം കുററം പറയുന്നതെന്തിനു്?"

"നീ ശ്രീകൃഷ്ണഭഗവാനെപ്പോലെ ലോകത്തിനു ഗീത ഉപദേശിച്ചില്ല; ശ്രീബുദ്ധദേവനെപ്പോലെ ലോകകല്യാണത്തിനുവേണ്ടി നിൻെറ ജീവിതത്തെ അർപ്പിച്ചില്ല; ഋഷികളെപ്പോലെ യജ്ഞങ്ങൾ ചെയ്തില്ല; നളമഹാരാജാവിനെപ്പോലെ രാജ്യഭരണംചെയ്തില്ല; അൎജ്ജുനനെപ്പോലെ ധൎമ്മയുദ്ധംചെയ്തില്ല; ദേവേന്ദ്രനെപ്പോലെ മഴ പെയ്യിച്ചില്ല; പരശുരാമനെപ്പോലെ സമുദ്രത്തിൽനിന്നു കര വീണ്ടെടുത്തിട്ടും ഇല്ല. നീ റോസാപുഷ്പം കൂടാതെയുള്ള വെറും മുൾച്ചെടിമാത്രം. അതിനാൽ കേവലം അപഹാസ്യനുംതന്നെ."

---

## ൧൧൪. എല്ലാം മോഷണംതന്നെ.

---

ഒരു കൃഷിക്കാരൻ തൻെറ വയലിൽ വിളവുകൊയ്തുകൊണ്ടിരിക്കുമ്പോൾ, ധാന്യങ്ങൾക്കിടയിൽ ഒരു കാട്ടെലിയെ കണ്ടു. "കഷ്ടപ്പെ

ട്ടും നഷ്ടപ്പെട്ടുമുണ്ടാക്കിയ ധാന്യത്തെ കട്ടെടുക്കുന്ന നിന്നെ ഇക്ഷണം കൊല്ലുന്നുണ്ടു്" എന്നു പറഞ്ഞുകൊണ്ടു് ആ കൃഷിക്കാരൻ ഒരു വടിയുമേന്തി എലിയുടെ നേരെ ചെന്നു. "നിൽക്കട്ടെ! ഞാൻ പറയുന്നതു കേട്ടശേഷം നിങ്ങൾ യുക്തംപോലെ ചെയ്തുകൊള്ളുക. ഞാൻ കക്കുന്നു എന്നുള്ളതു് പരമാൎത്ഥംതന്നെ. എന്നാൽ കക്കാതെ ആരുണ്ടു്. കക്കാത്ത മുതൽ ഏതുണ്ടു് എന്നു ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. ഈച്ചകൾ അത്യദ്ധ്വാനംചെയ്തുണ്ടാക്കുന്ന തേനിനെ നിശ്ശേഷം കവൎന്നെടുക്കുന്ന മനുഷ്യനെപ്പററി നിങ്ങൾ എന്തുപറയുന്നു! അവനും വദ്ധ്യൻതന്നെയോ? തേൻ എടുക്കുവാൻവേണ്ടി മനുഷ്യൻ ഈച്ചകളെ കൊന്നൊടുക്കുകകൂടി പതിവില്ലേ. ഞാൻ മനുഷ്യരുടെ ധാന്യം കട്ടെടുക്കുന്നുണ്ടെങ്കിലും അവരെ കൊല്ലുന്നില്ലല്ലോ. കട്ടെടുത്തതും പണിപ്പെട്ടു സമ്പാദിച്ചതും ആയ വസ്തുക്കൾ തമ്മിലുള്ള വ്യത്യാസം മനുഷ്യനു അറിയാവുന്നതുപോലെ ഞങ്ങൾ, എലികൾക്കു അറിയാവുന്നതാണോ? ആ സ്ഥിതിക്കു് മധുതസ്കരന്മാരായ മനുഷ്യരെ കൊല്ലാതെ എന്നെത്തന്നെ കൊല്ലുന്നതു് എന്തിനായിട്ടാണു്?"

ഇതുകേട്ടു് ആ കൃഷിക്കാരൻ അല്പനേരത്തേക്കു നിസ്തബ്ധനായി നിന്നുപോയി. പിന്നെ എലിയുടെ തലയ്ക്കു് ഒരൊററയടിവെച്ചുകൊടുത്തു് അതിനെ കൊല്ലുകയുംചെയ്തു. അപ്പോൾ ആ കൃഷിക്കാരൻ പറയുകയാണു്:—"ഹേ എലി! നീ പറഞ്ഞതെല്ലാം ശരി. നീ എന്റെ ധാന്യം മോഷ്ടിച്ചതിനു് ആദ്യം ഞാൻ നിന്നെ കൊല്ലട്ടെ; പിന്നെ ഈച്ചകൾക്കു ഇഷ്ടവും ശക്തിയുമുണ്ടെങ്കിൽ അവരുടെ തേനപഹരിച്ചതിനു എന്നെയും മററുള്ളവരെയും കൊന്നുകൊള്ളട്ടെ.

## ൧൧൮. എല്ലാററിലും സമം.

എല്ലാ മനുഷ്യരും എല്ലാ സംഗതികളിലും സമന്മാരാണു് എന്നൊരു സ്ഥിതിസമത്വവാദി ഒരിക്കൽ ഒരു പ്രസംഗാവസാനത്തിൽ ഉച്ചൈസ്തരം ഘോഷിക്കുകയുണ്ടായി. ആ യോഗത്തിൽ അനേകായിരം ജനങ്ങൾ സന്നിഹിതരായിരുന്നു. പ്രഭുക്കന്മാരെയും ഇടത്തരക്കാരെയും കഠിനകഠിനം ആക്ഷേപിച്ചുകൊണ്ടായിരുന്നു ആ സ്ഥിതിസമത്വവാദിയുടെ പ്രസംഗം അതിന്റെ അവസാനത്തിൽ ഒരു ഇടത്തരക്കാരൻ എഴുനേററു "എല്ലാസംഗതികളിലും എല്ലാവരും സമന്മാർതന്നെയാണോ?"എന്നു ചോദിച്ചു. അതിനു സമാധാനമായി"അതേ, സംശയമില്ലസത്യത്തിലുംസൽഗുണത്തിലുംബുദ്ധിശക്തി

യിലും എൻവേണ്ട എല്ലാററിലും സമന്മാർതന്നെ" എന്നു സാഹങ്കാരം സ്ഥിതിസമത്വവാദി സമാധാനം പറഞ്ഞു. "എന്നാൽ മററുള്ളവരെപ്പോലെ സത്യവാന്മാരും, മററുള്ളവരെപ്പോലെതന്നെ സൽഗ്ഗുണസമ്പന്നന്മാരും മററുള്ളവരെപ്പോലെതന്നെ ബുദ്ധിമാന്മാരുമായ പ്രഭുക്കന്മാരെയും ഇടത്തരക്കാരെയും നിങ്ങൾ ആക്ഷേപിക്കുന്നതെന്തിനാണു്?" എന്നായി ഇടത്തരക്കാരൻ.

## ൧൧൯. അദൃഷ്ടവാദം.

"എല്ലാം അദൃഷ്ടംപോലെ ഇരിക്കും. അദൃഷ്ടത്തെ തടുക്കുവാൻ ആരാലും സാദ്ധ്യമല്ല" എന്നു് ഒരുദിവസം ഒരു അദൃഷ്ടവാദി, വിധിയിൽ വിശ്വാസമില്ലാത്ത തൻെറ ഒരു സ്നേഹിതനോടു പറയുകയുണ്ടായി. ഇതുകേട്ടപ്പോൾ ഈ സിദ്ധാന്തിയെ ഒരു പാഠം പഠിപ്പിക്കണമെന്ന വിചാരത്തോടുകൂടി ആ സ്നേഹിതൻ എഴുന്നേററു് അദൃഷ്ടവാദിയുടെ കന്നംനോക്കി വച്ചുകൊടുത്തു ഒരടി. അടികൊണ്ടയുടനെ ആ ആളും എഴുന്നേററു മറേറവൻെറ കന്നംനോക്കിത്തന്നെ വച്ചുകൊടുത്തു കിട്ടിയതിൽ മൂന്നിരട്ടി കടുപ്പത്തിൽ മറെറാരടി. അതേററു്,

സ്നേഹിതൻ:—"ങ്ടെ! അദൃഷ്ടംവരുത്തിയതിനു നിങ്ങൾ എന്നെ അടിച്ചതെന്തിനു്?

അദൃഷ്ടവാദി:—"അദൃഷ്ടംവരുത്തിയതിനു നിങ്ങൾ എന്നോടുചോദിക്കുന്നതും എന്തിനു്? ആദ്യം നിങ്ങൾ എന്നെ അടിക്കണമെന്നും, അതിൻെറ മൂന്നിരട്ടി കടുപ്പത്തിൽ ഞാൻ അതിനെ മടക്കിത്തരണമെന്നും, പിന്നീടു നാം ഇപ്പോൾ സംസാരിക്കുന്നതുപോലെ സംസാരിക്കണമെന്നും അദൃഷ്ടം വിധിച്ചതാണു്. വിധിക്കുന്നതെല്ലാം അദൃഷ്ടംതന്നെ. അതിനെ തടുക്കുവാൻ ആരാലും സാധിക്കുകയും ഇല്ല."

## ൧൨൦. കിഴക്കു് കിഴക്കുതന്നെ.

"കിഴക്കു് കിഴക്കുതന്നെ; പടിഞ്ഞാറു പടിഞ്ഞാറുതന്നെ. അവയെ കൂട്ടിമുട്ടിക്കുവാൻ നിങ്ങൾ എത്രവിചാരിച്ചാലും സാധിക്ക

യില്ല"എന്നു് ഒരിക്കൽ ഒരു പ്രസംഗകർത്താവു പ്രസ്താവിക്കുകയുണ്ടായി. അതുകേട്ടു് ഒരു സ്കൂൾമാസ്റ്റർ പറഞ്ഞു:—"കിഴക്കിന്റെ കിഴക്കേ അററം പടിഞ്ഞാറിന്റെ പടിഞ്ഞാറേഅററമാണു്. ഭൂമിഉരുണ്ടിരിക്കുന്നതിനാൽ മറെറാരുവിധം സംഭവിക്ക വഹിയാ. ഭൂമി പരന്നതാണെന്നു ജനങ്ങൾ വിശ്വസിച്ചിരുന്ന ഒരുകാലം പണ്ടുണ്ടായിരുന്നു. അന്നു തീവണ്ടിയില്ല; തീക്കപ്പലില്ല, ആകാശവിമാനമില്ല, കമ്പിത്തപാലില്ല, ഒന്നുമില്ല. ഇപ്പോൾ നിങ്ങൾ ആവിഷ്കരിച്ചിരിക്കുന്ന ഈ സിദ്ധാന്തം ആപ്രാചീനകാലത്തു് ഉൽഭവിച്ചതാണു്. ലോകം ഉരുണ്ടതാണെന്നതെളിവായതിനും തീവണ്ടി, തീക്കപ്പൽ, ആകാശവിമാനം, കമ്പിയില്ലാക്കമ്പി ഇവകൾ ആവിർഭവിച്ചതിനുശേഷം ഈ സിദ്ധാന്തം പ്രാചീനാൽപ്രാചീനമായതായിപ്പോയിരിക്കുന്നു."

---

## ൧൨൧. വിദേശീയസാമാനങ്ങൾ ഒന്നുംവേണ്ട.

---

"ഞങ്ങൾക്കു് ഇവിടെ വിദേശീയസാമാനങ്ങൾ ഒന്നുംവേണ്ട" എന്നു് ഒരിക്കൽ ഒരുദേശഭക്തൻ തന്റെ വിശ്വംഭരനായ സ്നേഹിതനോടു പറയുകയുണ്ടായി.

"നിങ്ങൾ കുറച്ചേറെപിന്നോക്കം തിരിഞ്ഞുനോക്കുന്നതായാൽ ഭൂമിയുടെ അത്യഗാധമായ അന്തർഭാഗമൊഴികെയുള്ളതെല്ലാം വിദേശിയമാണെന്നുകാണാം. ഭൂമിയുടെ ബഹിർഭാഗംവിദേശി, വൃക്ഷങ്ങൾ വിദേശി, മൃഗങ്ങൾ വിദേശി, നിങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യർക്കുടെയും വിദേശി, മാററം എന്നതു് പ്രകൃതിക്കുള്ളതാണു്. സ്വദേശി, വിദേശി എന്നിവയുടെ അർത്ഥം ഇടവിടാതെമാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു." എന്നായി സ്നേഹിതൻ.

"ഈ മാററങ്ങൾക്കെല്ലാം കാരണം എന്താണു്?" എന്നു ദേശഭക്തൻ ചോദിച്ചു.

"കാലം മാറുന്നു; കാലത്തോടുകൂടി കാലത്തെ ആശ്രയിച്ചുനിൽക്കുന്നവയെല്ലാം മാറുകയുംവേണം." എന്നു സ്നേഹിതനും സമത്ഥിച്ചു.

---

## ൧൨൨. കനകപ്രേമം.

"കനകപ്രേമം മനുഷ്യനു ജന്മസിദ്ധമായതാണു്. ജനനംമുതൽ അവൻ കനകത്തെ സ്നേഹിക്കുന്നു." എന്നു് ഒരു മനുഷ്യദ്വേഷി അഭിപ്രായപ്പെട്ടു.

"അല്ല; അതു പിന്നീടു് ഉണ്ടായിത്തീരുന്ന സ്വഭാവമാണു്." എന്നായി തത്വജ്ഞാനി.

"തെളിയിക്കാമോ?" എന്നു മനുഷ്യദ്വേഷി ചോദിച്ചു.

"ഓഹോ" എന്നു തത്വജ്ഞാനിയും പറഞ്ഞു.

ഒരുവയസ്സുപ്രായമുള്ള ഒരു കുട്ടിയെക്കൊണ്ടുവന്നു നടുവിൽ ഇരുത്തി ഒരു നല്ലപഴം കാണിച്ചുകൊണ്ടു തത്വജ്ഞാനിയും ഒരുപവൻ കാണിച്ചുകൊണ്ടു മനുഷ്യദ്വേഷിയും ആ കുട്ടിയെ വശീകരിക്കുവാൻ ശ്രമിച്ചു. കുട്ടി പഴവും പവനുംകണ്ടു. വേഗം പഴത്തിന്റെ അടുക്കലേയ്ക്കുചെന്നു് തത്വജ്ഞാനിയുടെ കയ്യിൽനിന്നും അതു വാങ്ങിക്കൊണ്ടുപോന്നു.

ഇതുകണ്ടില്ലേ! കുട്ടികളെ തലതിരിക്കുന്നതു പരിശീലനമാണു്. അല്ലാതെ അവന്റെ പ്രകൃത്യാഉള്ള സ്വഭാവമല്ല. പണ്ടത്തെക്കാലത്തു് അപരിഷ്കൃതരായ ജനങ്ങൾ, സുലഭമായ സ്ഫടികമണികൾക്കുവേണ്ടി സ്വർണ്ണപ്പൊടി കൊടുക്കാറുണ്ടായിരുന്നതിന്റെ കാരണം ഇതത്രെ." എന്നു തത്വജ്ഞാനി വിജയസ്വരത്തിൽ ഉൽബോധിപ്പിച്ചു.

---

## ൧൨൩. സ്വർഗ്ഗമാർഗ്ഗം.

"സ്വർഗ്ഗത്തിലേയ്ക്കുള്ളമാർഗ്ഗം ഗതാഗതസൗകര്യം കുറഞ്ഞതാണു് എന്നല്ലാതെ മാർഗ്ഗംതന്നെ ഇല്ലായ്കയില്ല ഉൗ മാർഗ്ഗം എല്ലാവർക്കും കാണാകുന്നതേയുള്ളു. പക്ഷേ ആ വഴിയേ സഞ്ചരിക്കുവാനാണു വിഷമമെല്ലാം" എന്നു് ഒരിക്കൽ ഒരു ധർമ്മോപദേഷ്ടാവു കോഴിക്കോട്ടു കടൽപ്പുറത്തുവച്ചുചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി.

"ഈ വായുമാർഗ്ഗത്തിൽ ആ വഴി എവിടെ കിടക്കുന്നു? എനിക്കൊന്നും കാണ്മാനില്ലല്ലോ?" എന്നു് ഒരു മനുഷ്യദ്വേഷി, ആകാശത്തിലേക്കു തല ഉയർത്തിനോക്കിക്കൊണ്ടു ചോദിച്ചു. എല്ലാവരും

ചിരിയോടുചിരി. എന്നാൽ ആ ധൎമ്മോപദേശിക്കു പ്രകാരഭേദമേതും ഉണ്ടായില്ല. അദ്ദേഹം ലക്ഷദ്വീപു്, മാലദ്വീപു്, ബോമ്പായി, കറാച്ചി, കൊളമ്പു്, ഏഡൻ മുതലായ ദൂരസ്ഥലങ്ങളിലേയ്ക്കുള്ള മാൎഗ്ഗം കടലിൽ ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ ആ മനുഷ്യദ്വേഷിയോടു ആവശ്യപ്പെട്ടു. "അതിനു് എന്നെക്കൊണ്ടു സാധിക്കുമോ? കപ്പൽക്കാരോടു ചോദിക്കണം. അവർ കാണിച്ചുതരും" എന്നായിരുന്നു ആ ആളുടെ സമാധാനം.

"ശരിതന്നെ. വഴിയുണ്ടെന്നും അതു കപ്പൽക്കാൎക്കു് അറിയാമെന്നും നിങ്ങൾക്കു ബോദ്ധ്യമാണു്. എന്നാൽ ചൂണ്ടിക്കാണിച്ചുതരുവാൻ നിങ്ങളെക്കൊണ്ടു് ഒട്ടു സാധിക്കില്ലതാനും. അതുപോലെതന്നെ സ്വൎഗ്ഗത്തിലേയ്ക്കുള്ളമാൎഗ്ഗം നിങ്ങൾക്കു കാണുവാൻ കഴിയാതിരിക്കുന്നതിൽ എന്താണു് അത്ര അതിശയിക്കുവാനുള്ളതു്? ഗുരൂപദേശം സിദ്ധിച്ചവൎക്കുമാത്രമേ അതു കാണുവാൻ സാധിക്കയുള്ളൂ." എന്നു ധൎമ്മോപദേശി പറഞ്ഞു.

## ൱൨൪. ആവശ്യമുള്ളതൊന്നുമാത്രം.

മേടന്തുരു് ഒരു കുഗ്രാമമാണു്. അവിടെ ഒരു ലോവർസെക്കൻററിപള്ളിക്കൂടവും അതിൽ ആറേഴു് അദ്ധ്യാപകന്മാരും പത്തുമുന്നൂറു വിദ്യാൎത്ഥികളും ഉണ്ടു്. പരീക്ഷക്കാലത്തു് ഉത്തരം എഴുതുവാനുള്ളകടലാസ്സു് പള്ളിക്കൂടത്തിൽനിന്നു കൊടുക്കും; എങ്കിലുംവെച്ചെഴുതുവാനൊന്നും കൊടുക്കുകപതിവില്ല. അതിനാൽ വിദ്യാൎത്ഥികൾക്കു് അസൌകൎയ്യം ധാരാളം ഉണ്ടായിരുന്നു. പണക്കാരായ ദുൎല്ലഭം ചില വിദ്യാൎത്ഥികൾ സ്വന്തം പണംകൊടുത്തു് 'പാഡു്'വാങ്ങിക്കൊണ്ടുവന്നു് ഉപയോഗിക്കും. മററുള്ളവർഎല്ലാം കിടന്നു ബുദ്ധിമുട്ടുകതന്നെ. ഇതിനു് ഒരു നിവാരണോപായം കണ്ടുപിടിക്കുവാൻ പ്രധാനാദ്ധ്യാപകനും സഹായാദ്ധ്യാപകന്മാരുംകൂടി ആലോചനയായി. അപ്പോൾ ഒരു സമൎത്ഥൻവാദ്ധ്യാൎക്കുതോന്നി ഒരു ഉപായം. "മദ്രാസിൽഉള്ള പ്രധാനകമ്പനികളിലേക്കെല്ലാം, സാമാനം വാങ്ങുവാനാണെന്നുള്ള നാട്യത്തിൽ കാററ്ലോഗിനു് എഴുതിഅയയ്ക്കണം. അവരെല്ലാം അവരുടെ വിലവിവരപ്പട്ടിക അയച്ചുതരും. അതു വാങ്ങി, വെച്ചെഴുത്തായി ഉപയോഗിക്കാം. ഈ വലിയകമ്പനിക്കാരെല്ലാം ആവശ്യപ്പെടുന്നവൎക്കു് അവരുടെ 'കാററ്ലോഗു്' സൌജന്യമായി അയച്ചുകൊടുക്കാറുണ്ടു്. നമുക്കാണെങ്കിൽ ഓരോകാൎഡു്

എഴുതി അയയ്ക്കുവാൻ ആറാറു പൈ പ്രവീതമെ ചെലവുള്ളു. ഇതു കമ്പനിക്കാരെ തോല്പിക്കുകയാണല്ലോ എന്ന മര്യാദയൊന്നും ഇവിടെ ആലോചിക്കുവാൻ ഇല്ല; അവർ എത്രപേരെയാണു തോല്പിക്കുന്നതു്. 'കട്ടോനോട്ടു് കട്ടാൽ മൂന്നുമൂളക്കം.' ഇതു ധനികന്മാരിൽനിന്നു വാങ്ങി സാധുക്കൾക്കു കൊടുക്കുന്ന സമ്പ്രദായംമാത്രം. ഈ അഭിപ്രായം പ്രധാനാദ്ധ്യാപകനും മററു് അദ്ധ്യാപകന്മാൎക്കും വളരെ രുചിച്ചു; എന്നുമാത്രമല്ല, അവർ ഈ അദ്ധ്യാപകൻെറ പൊതുജനസേവാസാമൎത്ഥ്യത്തെ വളരെ വളരെ പ്രശംസിക്കുകയും ചെയ്തു. ഇതുകേട്ടപ്പോൾ ആ സമൎത്ഥൻ ഒന്നുകൂടെ പൊങ്ങി; മറെറാരു വിശേഷസാമൎത്ഥ്യം കൂടെ അദ്ദേഹത്തിനു തോന്നുകയുംചെയ്തു. പ്രധാനാദ്ധ്യാപകനും, മറെറല്ലാ സഹായാദ്ധ്യാപകന്മാരുംകൂടി കാററ്ലോഗിനു എഴുതി അയയ്ക്കണമെന്നും, അങ്ങിനെ ചെയ്യുന്നതു കമ്പനിക്കാൎക്കു പൊതുവിൽ വിശ്വാസം ജനിക്കുവാൻ പൎയ്യാപ്തമായിത്തീരും എന്നും ആയിരുന്നു ആ അഭിപ്രായം. എല്ലാവരും ശരിവച്ചു. ഉത്സാഹശീലനായ ആ അദ്ധ്യാപകൻ 'ഡംകുറി' പരിശോധിച്ചു മദ്രാസ്സിലെ ഇരുപത്തഞ്ചു വലിയ കമ്പനിക്കാരുടെ മേൽവിലാസം സമ്പാദിച്ചു പള്ളിക്കൂടത്തിൽ ആകെ മുന്നൂറു കുട്ടികളാണുള്ളതു്. ആറു വാദ്ധ്യാന്മാൎക്കും കൂടി ഒരേസമയം (25X6=150) നൂററിയൻപതു കാററ്ലോഗുകൾ കിട്ടും. അതനുസ്സരിച്ചു് ഓരോ അദ്ധ്യാപകനു് ഇരുപത്തഞ്ചുവിദ്യാൎത്ഥികൾവീതം നൂററിയൻപതു വിദ്യാൎത്ഥികളെ ഒന്നാമത്തെ സംഘമായി തിരഞ്ഞെടുത്തു് അവരോടു് ഓരോ പോസ്റ്റ്കാർഡ്വീതം കൊണ്ടുവരുവാൻ ഏൎപ്പാടുചെയ്തു. ഓരോ വിദ്യാൎത്ഥിയും ഓരോ കമ്പനി തിരഞ്ഞെടുത്തു. ഇങ്ങിനെ തിരഞ്ഞെടുക്കപ്പെട്ട ഇരുപത്തഞ്ചു കമ്പനിക്കാൎക്കും ആ ആറു് ഉപാദ്ധ്യായന്മാരും ഓരോ കർഡുവീതം എഴുതി ഒപ്പിട്ടു് അയയ്ക്കുകയും ചെയ്തു. കത്തുകളെല്ലാം ഒരേമാതൃകയിലാണു്; അതു് ഇങ്ങിനേയും ആയിരുന്നു:—

മാന്യരേ!

എനിക്കു നിങ്ങളുടെ കമ്പനിയിൽനിന്നു് ഏതാനും സാമാനങ്ങൾ വരുത്തുവാനുള്ളതുകൊണ്ടു് മടങ്ങുന്ന തപാലിൽത്തന്നെ നിങ്ങളുടെ പുതിയ കാററ്ലോഗു് അയച്ചുതരുവാൻ അപേക്ഷ.

എന്നു്,

നിങ്ങളുടെ വിശ്വസ്തതയുള്ള

എകസ്സ് (ഒപ്പ്)

ഹെഡ്മാസ്റ്റർ (സഹായാദ്ധ്യാപകൻ)

ബോർഡ്ലോവർ സെക്കൻററിപള്ളിക്കൂടം.

മോടന്തൂർ.

മോടന്തൂർ പോസ്റ്റ്.

വിദൂരമായ ഒരു കുഗ്രാമത്തിൽനിന്നു്, അവിചാരിതമായി ഏവംവിധം അന്വേഷണങ്ങൾ പ്രവഹിച്ചതുകണ്ടു് മദ്രാസ് കമ്പനിക്കാർ സന്തോഷിച്ചു തങ്ങളുടെ സാമാനങ്ങൾക്കു് ഒരു പുതിയ കമ്പോളം ഉണ്ടാകുവാനുള്ള ഭാവമാണെന്ന വിചാരത്തോടുകൂടി അവരെല്ലാം ഉടനെതന്നെ അവരുടെ വിലവിവരപ്പട്ടിക അയച്ചുകൊടുക്കുകയും ചെയ്തു. മോടന്തൂരിലെ തപാൽമാസ്റ്റർ ആൾ വളരെ പ്രസിദ്ധനാണു്. കാററലോഗും കലണ്ടരും വന്നാൽ തൽക്ഷണംതന്നെ പിടികൂടിയാൽ ഉണ്ടു്. അല്ലാത്തപക്ഷം പിന്നെ കൊടുക്കുക, കൊടുത്തയയ്ക്കുക എന്ന പതിവൊന്നും അവിടെ ഇല്ല ഈ സാമർത്ഥ്യത്തെ വലയം ചെയ്താണു് പോസ്ററുമാസ്റ്ററുടെ ഖ്യാതി ഏറിയഭാഗവും സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് അഞ്ചൽവരുന്ന സമയം കാത്തുനിന്നുകൊള്ളുവാൻ നമ്മുടെ സമർത്ഥനായ അദ്ധ്യാപകൻ ഒരു സൈന്യം കുട്ടികളെ തയ്യാർ ചെയ്തിരുന്നു. പിന്നെ കുറച്ചുദിവസത്തേയ്ക്കു് തപാൽ സഞ്ചിയുടെ ഭാരംനിമിത്തം മോഢന്തൂരിലെ അഞ്ചൽക്കാരൻ വിഷമിച്ചുപോയി. ഓരോ സഞ്ചിയിലും ഉണ്ടു് ഓരോകെട്ടു കാററ്ലോഗു്. ഏഴുദിവസംകൊണ്ടു് കാററുലോഗു് നൂററിഅൻപതും വന്നു ഭാഗിച്ചുകൊടുത്തുകഴിഞ്ഞു. ഒരൊററഒന്നുപോലും അമുക്കുവാൻ തപാൽമാസ്റ്ററെക്കൊണ്ടു് സാധിച്ചില്ല. അത്രയ്ക്കായിരുന്നു കുട്ടികളുടെ ശുഷ്കാന്തി.

കാററ്ലോഗു് ഓരോന്നു് കിട്ടിയപ്പോൾ കുട്ടികൾക്കുണ്ടായ സന്തോഷമൊന്നും പറയുവാനില്ല. ചിലതിനു് വലിപ്പം കൂടും, ചിലതിനു് കട്ടികൂടും, ചിലതിനു് ഭംഗികൂടും എന്നീ വ്യത്യാസങ്ങളെല്ലാം വിദ്യാർത്ഥികളുടെ ഇടയിൽ അല്പാല്പം ഘർഘരശബ്ദത്തിനു് കാരണമായിത്തീരാതിരുന്നില്ലെങ്കിലും അതൊന്നും അത്ര കാര്യമായില്ല. ആ നാട്ടിലെ പല പ്രമാണികളും ഇതു കണ്ടു. ഇത്ര നല്ലതും ഭംഗിയുള്ളതും ആയ പുസ്തകം വെറുതെ കിട്ടുകയാണെങ്കിൽ ഓരോന്നു് തങ്ങൾക്കും ഇരിക്കട്ടെ എന്നു അവർ വിചാരിച്ചു. എല്ലാവരും തുടങ്ങി എഴുത്തോടെഴുത്തു്. കച്ചവടക്കാർക്കു് പഞ്ചസാര മുതലായവ പൊതിയുവാൻകൊള്ളാം; കുട്ടികൾക്കു് ചിത്രംകാണുവാൻകൊള്ളാം; വൈദ്യന്മാർക്കു് മരുന്നുപൊതിയുവാൻകൊള്ളാം; വെറുതേ കിട്ടുന്നതല്ലേ, എല്ലാവർക്കും കൊള്ളാം എതിനുംകൊള്ളാം. ഈ ഇരുപത്തഞ്ചു കമ്പനികൾക്കും കാററുലോഗിനുള്ള ആവശ്യക്കാരെക്കൊണ്ടു് ഇരിക്കപ്പൊറുതിമുട്ടി. എന്നാൽ സകലഎഴുത്തുകളിലേയും വാചകം ഒന്നേ ഒന്നു്; മേൽ കാണിച്ചിട്ടുള്ളതിന്റെ തനിപ്പകർപ്പു്, വള്ളിക്കും പുള്ളിക്കുംകൂടിയില്ല വ്യത്യാസം. കമ്പനിക്കാർക്കു ഭയമായി. ഒരുകൊല്ലത്തേയ്ക്കു് വേണ്ടിവരുന്ന പട്ടിക അച്ചടിച്ചു് തയ്യാറാക്കിവച്ചിട്ടു് മാസം രണ്ടുകൂടി ആയിട്ടില്ല. ഇതിനകത്തുതന്നെ അവയുടെ നാടിത്ത

ട്ടു് കാണാറായമട്ടായിരിക്കുന്നു. മോടന്തൂരിലേയ്ക്കു് ആയിരമായിരം കണക്കിന്നു് കാററ്ലോഗ് പോയിട്ടുണ്ടെങ്കിലും അവിടെനിന്നു ഒരു മൊട്ടുസൂചിക്കപോലും ഉള്ള ഓർഡർ നാളതുവരെ കിട്ടിയിട്ടില്ല. അവർ മട്ടത്തു പിണഞ്ഞ ഭോഷത്വത്തെപ്പററി പശ്ചാത്തപിക്കുവാൻ തുടങ്ങി. എന്നിട്ടും ഇല്ല അപേക്ഷയ്ക്കു് കുറവൊന്നും. "മയിൽകുയിൽ സഹോദരന്മാരുടെ കാര്യം ഒന്നു എടുത്തുപറയേണ്ടതായിട്ടുണ്ടു്. അവരുടെ കാററ്ലോഗ്ഗു് വലിയതും ഭംഗിയുള്ളതും ആണു്". അതുകൊണ്ടു് എല്ലാവക്കും അതേ വേണ്ടു. നമ്മുടെ കൗശലക്കാരനായ അദ്ധ്യാപകൻ അൻപതു് വിദ്യാത്ഥികളെ പ്രത്യേകം തിരഞ്ഞെടുത്തു അവരെക്കൊണ്ടും ഈ കമ്പനിക്കുതന്നെ എഴുതിച്ചിട്ടുണ്ടു്. അതും ഈ നിർഭാഗ്യാവസരത്തിൽതന്നെ ആയിപ്പോയി. എഴുത്തിൻെറ രീതി ആദ്യത്തേതിൻെറ ശരിപ്പകപ്പെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. നാലുദിവസം കഴിഞ്ഞപ്പോഴേക്കും വിദ്യാത്ഥികൾ അൻപതും, അത്യാഗ്രഹത്തോടെ തപാലാഫീസിൽ ഹാജരായിട്ടുണ്ടു്. പക്ഷെ അവർ കാത്തിരുന്ന അൻപതു് കാററുലോഗ്ഗുകൾക്കു പകരം ഇത്തവണ കണ്ടതു ഒരു ചെറിയ പോസ്ററുകാർഡ്ഡാണു്. മോഡന്തൂർ ലോവർസെക്കൻററിസ്കൂളിലെ പ്രധാനാദ്ധ്യാപകനും സഹായാദ്ധ്യാപകന്മാക്കും, വിദ്യാത്ഥികൾക്കും, മോഡന്തൂരിലെ മററു നിവാസികൾക്കും കൂടിയുള്ള ഒരു നോട്ടീസ്സായിരുന്നു അതു്. അതിൽ ഇങ്ങിനെ പറഞ്ഞിരുന്നു:—

മദ്രാസു്,<br>ഏപ്രിൽ 11, 1926.

മാന്യരെ!

ഞങ്ങളുടെ കമ്പനിയിൽനിന്നു് നിങ്ങൾക്കു് അടിയന്തിരമായി വേണ്ടിവന്നിരിക്കുന്നതു് ഞങ്ങളുടെ ക്യാററ്ലോഗ്ഗു് ഒന്നുമാത്രമാണെന്നതോന്നുന്നു. എന്നാൽ അതിൻെറ തപാൽകൂലി വഹിക്കുവാൻ വേണ്ട ഔദാര്യംപോലും നിങ്ങൾക്കു, ഉള്ളതായി കാണുന്നതുമില്ല. ക്യാററ്ലോഗിനുള്ള നിങ്ങളുടെ അപേക്ഷകളെല്ലാം കുപ്പക്കൂടയിൽ തള്ളപ്പെട്ടിരിക്കുകയാണു്. നിങ്ങൾ മേലാലും ഇത്തരം വഞ്ചനകൾ പ്രയോഗിക്കുവാൻതന്നെയാണു് ഭാവമെങ്കിൽ നിങ്ങളുടെ പേരിൽ കൂട്ടായും, വെവ്വേറെയായും, ചതിക്കുററത്തിന്നു് ക്രിമിനൽനടപടി നടത്തുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിത്തീരുന്നതാണു്.

എന്നു്, നിങ്ങളുടെ വിശ്വസ്ഥതയുള്ള,<br>വായസബകം<br>മയിൽകുയിൽ സഹോദരന്മാക്കുവേണ്ടി.

മിക്കവാറും ഇതുപോലെതന്നെയുള്ള കാർഡുകൾ മററു കമ്പനികളിൽനിന്നും കിട്ടി. പ്രധാനാദ്ധ്യാപകനും മററ് സഹായാദ്ധ്യാപകന്മാരും വിഷാദിച്ചു. എന്നാൽ നമ്മുടെ സമർത്ഥൻ അദ്ധ്യാപകനു മാത്രം ക്ലേശലേശവും ഉണ്ടായില്ല. ആ ആൾ പറയുകയാണ്:—"അവക്കിഷ്ടംപോലെ അവർ അവിടെക്കിടന്നു ചിലയ്ക്കട്ടെ. നൂററിഅൻപതു കാററ്ലോഗുകൾ നമ്മൾ തട്ടിയെടുത്തതു് പരമാർത്ഥം. അതു കേവലം നിസ്സാരമായ സംഗതിയല്ലതാനും." മററുള്ളവരും അതിനെ തലകുലുക്കി ശരിവെച്ചു.

---

## ൧൨൫. എല്ലാം ഒരുപോലെ

---

പണ്ടൊരിക്കൽ ഒരു രാജ്യത്തിൽ സ്വേച്ഛാപ്രഭുവായ ഒരുരാജാവുണ്ടായിരുന്നു. തന്റെ വിസ്തൃതമായ രാജ്യത്തിലെങ്ങും എല്ലാം ഒരുപോലെ ഇരിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. ഒരേതരംവസ്ത്രം, ഒരേവിധആഹാരം,ഒരേതരം വിനോദം,ഒരേധർമ്മം, ഒരേഭാഷ, ഒരേവേഷം, ഒരേഗതി എന്നാണു രാജകല്പന. അനാശാസ്യപരമായ ഈ കല്പനനിമിത്തം പ്രജകളെല്ലാം രാജാവിനെ തീച്ചയായും വെറുക്കുമെന്നു് ആസ്ഥാനവിദൂഷകൻ അറിഞ്ഞിരുന്നു. രാജാവും പൗരന്മാരും ആയി ഇങ്ങിനെ ഒരു ഭിന്നിപ്പുണ്ടാകുന്നതു് ആരസികശിരോമണിക്കു തെല്ലും ഇഷ്ടമായില്ല. രാജാവിന്റെവിധി നിഷ്ഠൂരവും നിർമ്മര്യാദയും ആണെന്നു്, അദ്ദേഹത്തിന്റെ മുഖത്തുനോക്കി പറയുവാൻ താനല്ലാതെ മററാരും മുതിരുകയില്ലെന്നും വിദൂഷകൻ അറിഞ്ഞിരുന്നു. അതുകൊണ്ടു ഒരിക്കൽ രാജസന്നിധിയിൽചെന്നു് കാര്യങ്ങളെല്ലാം സധൈര്യം ഉണർത്തിച്ചുനോക്കി. അതുകൊണ്ടു് പ്രയോജനമേതും ഉണ്ടായില്ല. വിദൂഷകൻ തുടർന്നു പറഞ്ഞു:—"പ്രഭോ! ബഹുത്വം പ്രകൃതിനിയമമാണു്. ഭിന്നിപ്പിലെ സൌഭാഗ്യമുള്ളൂ. നോക്കണം, ഈ അഞ്ചു വിരലുകൾതന്നെ അഞ്ചുവിധമല്ലെ ഇരിക്കുന്നതു്. അവ ഒരേവിധമായിരുന്നാൽ ഇത്ര ഭംഗിയും സൌകര്യവും ഉണ്ടാകുന്നതാണോ? മലകളെല്ലാം ഒരേ ഉയരംനീളമായാൽ കാഴ്ചയ്ക്കു് എന്തു് അഭംഗിയായിരിക്കും. അതുപോലെതന്നെ ആറുകളെല്ലാം ഒരേവിധമായാൽ എത്രമോശം. വൃക്ഷങ്ങളും ലതകളും എല്ലാം ഒരേവിധമായാൽ എന്തു ഗുണമാണുള്ളതു്. ജന്തുക്കളെല്ലാം ഒരേജാതി, ഒരേതരം, ഒരേനിറം, ഒരേവലിപ്പം ഇങ്ങിനെയായാലുംനന്നോ; ഭിന്നിപ്പില്ലെങ്കിൽ ജീവിതംതന്നെഉണ്ടോ?" ഇങ്ങിനെയുള്ളയുക്തിവാ

ങ്ങളെക്കൊണ്ടും ഫലമുണ്ടായില്ലെന്നുപറഞ്ഞാൽ മതിയല്ലൊ. അതുകൊണ്ടു് ഒരുദിവസം, ലായംവക ആനകളുടെ കൊമ്പെല്ലാം ഒരേനീളത്തിൽ മുറിച്ചുകളയുവാൻ വിദൂഷകൻ ശട്ടംകെട്ടി. രാജാവിന്നു തൻെറ കൊമ്പനാനകളെ ആസ്പദമാക്കി വലിയ അഭിമാനമുണ്ടെന്നു് വിദൂഷകന്നു് അറിയാമായിരുന്നു.

ആനകളുടെ കൊമ്പെല്ലാം മുറിച്ചിരിക്കുന്നതുകണ്ടു് രാജാവു് ക്രോധിച്ചു. വിദൂഷകനെ വരുത്തി:—എടാ കള്ളാ! ഈ ചെയ്തതെന്തിനു്? എന്നു് സരോഷം ചോദിച്ചു. "എടാകള്ളാ! ഈ ചെയ്തതെന്തിനു്? എന്നു് വിദൂഷകൻ ഏററുപാടി. എടാകള്ളാ! ഞാൻ പറയുന്നതെല്ലാം ഒരു തത്തയെപ്പോലെ ഏററു പാടുവാനാണൊ നിന്നെ വിളിച്ചതു്? എന്നായി കോപിഷ്ഠനായ രാജാവു്. തിരുമേനി! വിദൂഷകൻ ചിരിച്ചുകൊണ്ടു് പറയുകയാണു്, ജീവിതത്തിലെല്ലാം ഒരേവിധം ഇരിക്കുന്നതാണു തിരുമേനിക്കു് ഇഷ്ടമെന്നു് അടിയൻ വിചാരിച്ചുപോയി. അതുകൊണ്ടാണു് ആനകളുടെ ദന്തങ്ങളെല്ലാം ഒരേവലിപ്പത്തിൽ മുറിപ്പിച്ചതും തിരുമേനിയുടെ വാക്കുകളെ തത്തയെപ്പോലെ പകത്തി പാടിയതും. രാജാവു് ഇതുകേട്ടു് ലജ്ജിച്ചു; തൻെറ അവിഹിതങ്ങളായ കല്പനകളെയെല്ലാം പിൻവലിക്കുകയും ചെയ്തു.

---

## ൧൨൩. പട്ടാളപരിശോധന.

---

രാജാവു് ഭരണം കയ്യേല്ക്കുമ്പോൾ പട്ടാളപരിശോധന നടത്തുന്ന സമ്പ്രദായംപണ്ടൊരു പ്രാചീനഹിന്തുരാജ്യത്തിൽ നടപ്പുണ്ടായിരുന്നു. പട്ടാളക്കാർക്കു് പരമ്പരാസിദ്ധമായ ധൈര്യവും യോഗ്യതയും നശിക്കാതെ നിലനില്ക്കുന്നുണ്ടൊ എന്ന പരിശോധന ആയിരുന്നു ഇതുകൊണ്ടു് നിർവ്വഹിച്ചിരുന്നതു്.

കൃതവർമ്മൻ രാജാധികാരം കയ്യേററ സമയം, മാമൂൽഅനുസരിച്ചു് ഇങ്ങിനെ ഒരു പരിശോധന നടത്തുകയുണ്ടായി. അവസാനം സൈന്യനിരയിൽനിന്നു് ഒരു പട്ടാളക്കാരനെ വിളിച്ചു്, നാല്പതടി ഉയരമുള്ള ഒരു മരത്തിൻെറ മുകളിൽ കയറി കീഴോട്ടു ചാടുവാൻ രാജാവു് ആജ്ഞാപിച്ചു. യാതൊരു സംശയവുംകൂടാതെ, ധീരനായ ആ ഭടൻ രാജാജ്ഞയനുസരിച്ചു്, നിർദ്ദാക്ഷിണ്യം മരത്തിന്മേൽ കയറി കീഴോട്ടുചാടി മരണം വരിച്ചു. അവൻെറ ഭാര്യയ്ക്കും വീട്ടുകാർക്കും രാജാവു് നല്ല അടുത്തൂൺ അനുവദിച്ചു. അവൻെറ ശവ

സംസ്കാരം സകലമാന പട്ടാളബഹുമാനങ്ങളോടുംകൂടി നടത്തുവാൻ കല്പനയായി. സൈന്യങ്ങൾക്ക് പരമ്പരാസിദ്ധമായ ധൈര്യവും സാമർത്ഥ്യവും ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതോടുകൂടി പരിശോധനയും അവസാനിച്ചു.

അന്ന് പട്ടാളപരിശോധന കാണ്മാൻ വന്നുചേർന്നിരുന്ന കാഴ്ചക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു വിദേശി, പ്രഥമദൃഷ്ടിയിൽ ക്രൂരമെന്നു തോന്നിപ്പോകുന്ന രാജാവിന്റെ ഈ ആജ്ഞകണ്ടു് സന്ത്രസ്തനായി അതെല്ലാം കേവലം മൃഗീയവും ക്രൂരവും ആണെന്ന് രാജാവിനെ അറിയിച്ചു. അതുകേട്ടു് അല്പ കൃതവർമ്മൻ പറഞ്ഞു. ഇതു് പൊതുവിലുള്ള യുദ്ധത്തെക്കാരം പൈശാചികമായതൊന്നും അല്ല. കല്പനയെ അക്ഷരംപ്രതി അനുസരിക്കുക; അചഞ്ചലമായ ധൈര്യം പ്രകടിപ്പിക്കുക; എപ്പോഴും മരിക്കുവാൻ തയാറായിരിക്കുക; ഇതാണു് യുദ്ധം. ഞാൻ ഒരേഒരു ഭടനെ തിരഞ്ഞെടുത്തു. പരിശോധിച്ചതുകൊണ്ടു് എന്റെ സൈന്യത്തിന്റെ ആകമാനമുള്ള ഭാവങ്ങളെല്ലാം പരീക്ഷിച്ച് കഴിഞ്ഞിരിക്കുന്നു. മരിച്ചവന്റെ ബന്ധുമിത്രങ്ങളെ യഥായോഗ്യം സല്ക്കരിക്കുകയും ചെയ്യും. തങ്ങളുടെ സൈന്യങ്ങളെ തികച്ചും യോഗ്യതയുള്ളവരാക്കിത്തീർക്കുവാൻ വേണ്ടി അനേകജീവൻ ബലികൊടുക്കപ്പെടുന്ന ഭയങ്കരയുദ്ധങ്ങളിൽ പല രാജാക്കന്മാരും പ്രവേശിക്കാറുണ്ടു്. ഞാനാകട്ടെ, ഇടയ്ക്കൊന്നും ഒരു ജീവനെ ബലികഴിച്ച് എന്റെ സൈന്യങ്ങളെ തികച്ചും യോഗ്യതയുള്ളവരാക്കിത്തീർക്കുന്നു. യുദ്ധരാക്ഷസൻ ജീവിച്ചിരിക്കുന്നോടത്തോളംകാലം ഇതും അപരിത്യാജ്യമായിത്തന്നെ ഇരിക്കും."

---

## ൧൨൨. സ്ത്രീകളുടെ അബലാത്വം.

---

"സ്ത്രീകൾ അബലകളാണു്; അവർ എന്നും അബലകളായിത്തന്നെ ഇരിക്കുകയും ചെയ്യും" എന്ന് ഒരു വെറും മനുഷ്യൻ ഒരിക്കൽ അലക്ഷ്യമാക്കി പറയുക ഉണ്ടായി. സ്ത്രീകൾക്കു് യുദ്ധംചെയ്യാൻ സാധിക്കുകയില്ല. അവരുടെ മറെറല്ലാന്യൂനതകളേയും അഥവാ, പരിഹരിക്കാം എന്നു വന്നാൽതന്നെയും, ശാരീരികമായ ഈ ന്യൂനതയെ പരിഹരിക്കുവാൻ സാധിക്കുന്നതായിരിക്കയില്ല. അതെന്നും അപരിഹാര്യമായിത്തന്നെ ഇരിക്കുകയേഉള്ളൂ. സ്വയരക്ഷയ്ക്കായി ഏതൊരു ജീവിക്കും അവശ്യം ഉണ്ടായിരിക്കേണ്ടതാണു് യുദ്ധസാമർത്ഥ്യം. അതില്ലാതെ, ആത്മരക്ഷയ്ക്കുവേണ്ടിക്കൂടിയും പുരുഷസഹാ

യം അവശ്യം ആവശ്യമുള്ളവരായി തീൎന്നിരിക്കുന്ന സ്ത്രീകൾ, അവരുടെ രക്ഷിതാക്കന്മാരായ പുരുഷന്മാൎക്ക് സമാനകളാണെന്ന് പറയുന്നതു്വെറും ഭോഷത്വത്തിൻെറ പ്രകാരാന്തരം എന്നേ പറയുവാനുള്ളു."

"ഇതേ മാതിരിയിലുള്ള യുക്തിവാദംകൊണ്ടുതന്നെ പുരുഷന്മാരെല്ലാം അയോഗ്യന്മാരാണെന്നും, എന്നും അയോഗ്യന്മാരായിത്തന്നെ ഇരിക്കുകയേയുള്ളു എന്നും സമൎത്ഥിക്കാവുന്നതാണു്" എന്നു് ഒരു സ്ത്രീ എതിൎവാദംചെയ്തു. "പുരുഷന്മാൎക്കു് പ്രസവിക്കുവാൻ സാധിക്കുകയില്ല. അവരുടെ മറ്റെല്ലാന്യൂനതകളേയും, അഥവാ, പരിഹരിക്കാമെന്നുവന്നാൽത്തന്നെയും, ശാരിരികമായ ഈ ന്യൂനതയെ പരിഹരിക്കുവാൻ സാധിക്കുന്നതായിരിക്കയില്ല. അതു് എന്നും അപരിഹാൎയ്യമായിത്തന്നെ ഇരിക്കുകയേ ഉള്ളു. ആത്മരക്ഷ എന്ന പ്രാഥമികാവകാശത്തെ സംരക്ഷിക്കുവാൻ സ്ത്രീസന്താനങ്ങളുടെ നിരന്തരസംരക്ഷണം ആവശ്യമായിരിക്കുന്ന പുരുഷന്മാർ സ്ത്രീകൾക്കു് തുല്യന്മാരാണെന്നു പറയുന്നതു ഭോഷത്വത്തിൻെറ വകഭേദം എന്നേ പറയുവാനുള്ളു."

---

## ൧൨൭. ബ്രാഹ്മണനും വേദങ്ങളും.

---

"ഹേ ബ്രാഹ്മണ! വേദങ്ങൾ എല്ലാം പഠിച്ചതുകൊണ്ടു നിങ്ങൾക്കു് എന്തൊരു പ്രയോജനമാണു് ഉണ്ടാകുവാനുള്ളതു്" എന്നു ഒരിക്കൽ ഒരു നിരീശ്വരവാദി, സൎവ്വദാ വേദപാരായണംതന്നെ ജോലിയാക്കിവെച്ചിരിക്കുന്ന ഒരു വൈദികബ്രാഹ്മണനോടു ചോദിച്ചു.

"ആദ്ധ്യാത്മികസമാശ്വാസനം" എന്നായിരുന്നു ആ വൈദികബ്രാഹ്മണൻെറ സമാധാനം.

"ഛേ! അതുകൊണ്ടുള്ളഗുണം" പണത്തിൻമീതെ യാതൊന്നും ഇല്ല. പണംമാത്രം സത്യം മറ്റെല്ലാംമിത്ഥ്യ"എന്നായി നിരീശ്വരവാദി.

"അങ്ങിനെയൊന്നുമല്ല" അതുകേട്ടു ബ്രാഹ്മണൻ പറഞ്ഞു. "ലോകത്തിൽ സൎവ്വപ്രധാനമായ സംഗതി പണമൊന്നുമല്ല."

'അല്ലാതെയൊന്നുമല്ല' 'നിരീശ്വരവാദി പറയുകയാണു്. "പണത്തിൻമീതെ പരുന്തുംപറക്കില്ല.' 'സൎവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി' എന്നു നിങ്ങൾ കേട്ടിട്ടില്ലെ?"

"അതെല്ലാം ശരിതന്നെ. നിങ്ങൾ നിങ്ങളുടെ മകനെ സ്നേഹിക്കുന്നതു് അവൻെറ വിലയോൎത്താണൊ? നിങ്ങൾക്കു നിങ്ങളുടെ

ഏകപുത്രനോ, നിങ്ങളുടെ സ്വത്തോ ഏതെങ്കിലും ഒന്നേ ലഭിക്കുകയുള്ളൂ എന്നുവന്നാൽ നിങ്ങൾ തിരഞ്ഞെടുക്കുന്നതേതായിരിക്കും” എന്നു ബ്രാഹ്മണൻ ചോദിച്ചു.

“തീർച്ചയായും എനിക്കു മകൻതന്നെ മതി” എന്നു നിരീശ്വരവാദി പെട്ടെന്നു സമാധാനം പറഞ്ഞു.

“അങ്ങിനെയാണോ? അപ്പോൾ പണത്തിന്നുമീതേയും ചിലതുണ്ട് അല്ലെ? ഒരു സന്താനലാഭത്തിൽ അത്രമാത്രം ആദ്ധ്യാത്മികസമാശ്വാസനം ഉണ്ടെങ്കിൽ, ദിവ്യങ്ങളായ വേദങ്ങൾ വായിക്കുമ്പോൾ ഉണ്ടാകുന്ന ആദ്ധ്യാത്മികസമാശ്വാസനത്തെ നിങ്ങൾക്കു തീർച്ചയായും ഊഹിക്കാവുന്നതേയുള്ളൂ.

## ൱൨൰. കള്ളസ്സാക്ഷിയെ പററിച്ചു.

ഒരു കുളത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചു, ഒരിക്കൽ ഒരു ജന്മിയും ദേശക്കാരുംതമ്മിൽ പ്രക്ഷോഭകരമായകേസ്സ് ഉത്ഭവിച്ചു. ജന്മി വളരെ ധനസ്ഥിതിയുള്ള ഒരാൾ ആയിരുന്നതുകൊണ്ട് ആ ഭാഗത്തേക്കു് അനുകൂലമായി കള്ളസ്സാക്ഷി പറയുവാൻ പലരേയും കോഴകൊടുത്തു തയ്യാറാക്കി വെച്ചിട്ടുണ്ട്. കുളം അത്ര വളരെ പഴയതൊന്നുമല്ല; നാല്പത്തിഅഞ്ചുസംവത്സരങ്ങൾക്കുമുമ്പെ,തന്റെ പിതാവു സ്വന്തപണം ചെലവുചെയ്തുണ്ടാക്കിച്ചിട്ടുള്ളതാണു്; ഇതിന്മേൽ മററാൎക്കും യാതൊരവകാശവും ഇല്ലാത്തതാകുന്നു എന്നൊക്കെയാണു ജന്മിഭാഗം വാദം.

രാജാക്കന്മാർ നേരിട്ടു ന്യായവിചാരം നടത്തിക്കൊണ്ടിരുന്നകാലമായിരുന്നു അതു്. നടപടികൾക്കൊന്നും ഇന്നത്തെപ്പോലെ വ്യവസ്ഥയും നിഷ്കൃഷ്ടയും ഉണ്ടായിരുന്നില്ല. ഏതെങ്കിലും പ്രകാരംകാൎയ്യത്തിന്റെ സത്യാവസ്ഥ കണ്ടുപിടിക്കണം എന്നല്ലാതെ നടപടിമുറയൊപ്പിച്ചു പരമാർത്ഥത്തെ എങ്ങനെയെങ്കിലും ബലികഴിക്കുവാൻ അന്നത്തെ ന്യായാധിപന്മാർ സന്നദ്ധരായില്ല. ജന്മിഭാഗം സാക്ഷികളുടെ കൂട്ടത്തിൽ പ്രധാനിയായ ഒരാൾ ഉണ്ടായിരുന്നു. ആൾ പൊതുവിൽ ജനസമ്മതനും വയോധികനും സത്യസന്ധനെന്നു വിശ്വസിക്കപ്പെട്ടവനും ആണ്. ഇദ്ദേഹത്തെ വലിയസംഖ്യ കൈക്കാണംകൊടുത്തു സ്വാധീനപ്പെടുത്തി വെച്ചിരിക്കുകയാകുന്നു. വിചാരണദിവസം ഈ സാക്ഷിയെ രാജസന്നിധിയിൽ ഹാജരാക്കി.

രാജാവു്:—“നിങ്ങൾ ജന്മിയുടെ ഒരു വലിയ പക്ഷവാദിയല്ലെ?”

സാക്ഷി:—“അല്ല.”

രാജാവു്:—"കള്ളസ്സാക്ഷി പറയുവാൻവേണ്ടി ജന്മി കൈക്കൂലിതന്നു നിങ്ങളെ വശപ്പെടുത്തികൊണ്ടുവന്നിരിക്കയല്ലെ?"

സാക്ഷി:—"തീൎച്ചയായും അല്ല."

രാജാവു്:—"ഈ ജന്മിയുടെ പിതാവു നാല്പത്തിഅഞ്ചു് സംവത്സരങ്ങൾക്കുമുമ്പു്, സ്വന്തപണം ചെലവുചെയ്തു കുഴിപ്പിച്ചകുളമാണു് ഇതു എന്നല്ലെ നിങ്ങൾ പറയുവാൻ പോകുന്നതു്?"

സാക്ഷി:—"തീൎച്ചയായും അല്ല." രാജാവു പരമാൎത്ഥം മനസ്സിലാക്കികഴിഞ്ഞിരിക്കുന്നു എന്നും, കള്ളസ്സാക്ഷി പറഞ്ഞാൽ തന്നെ ശിക്ഷിക്കുമെന്നും, അതുനിമിത്തം തന്റെ സല്കീൎത്തി എന്നന്നേക്കും കളങ്കപ്പെട്ടുപോകുമെന്നും അ ആൾ ഭയപ്പെട്ടു്, ഇങ്ങിനെ തുടൎന്നു:—"തീൎച്ചയായും അല്ല. ഈ കുളം വളരെ വളരെ പുരാതനമായ ഒന്നാണു്. അടിയന്നു ഇപ്പോൾ വയസ്സു് എൺപത്തിഏഴായി. ഏകദേശം അഞ്ചുവയസ്സു പ്രായമായതുമുതൽ ഈ കുളം കണ്ടിട്ടുണ്ടു്. അടിയന്റെ അപ്പൂപ്പനും അമ്മൂമ്മയും അവരുടെ കൊച്ചുന്നാൾ മുതൽക്കുതന്നെ ഈ കുളം കണ്ടിട്ടുണ്ടെന്നു് അവർ പറഞ്ഞുകേട്ടിട്ടും ഉണ്ടു്. സത്യം മാത്രം പറയുവാനായിട്ടാണു് അടിയൻ ഇവിടെ വന്നിട്ടുള്ളതെന്നു് ഇപ്പോൾ തിരുമേനിക്കു ബോദ്ധ്യമായിരിക്കണം."

രാജാവു്, ചിരിച്ചുകൊണ്ടു:—"ഈ ഉദ്ദേശത്തോടുകൂടിത്തന്നെയാണു നിങ്ങൾ ഇവിടെ വന്നതെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും നിങ്ങൾ പറഞ്ഞതെല്ലാം പരമാൎത്ഥമാണെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു."

## ൧൩൦. സാൎവ്വജനീനമായ ഏൎപ്പാടു്.

"സാൎവ്വജനീനമായ ഒന്നാമത്തെ ഏൎപ്പാടു് ഏതാണു്?" എന്നു ഒരിക്കൽ ഒരു രാജാവു തന്റെ വിദ്വൽസദസ്സിൽവെച്ചു പണ്ഡിതന്മാരോടു ചോദിച്ചു. സ്വീകാൎയ്യമായ സമാധാനം പറയുന്നവൎക്കു ഒരുവലിയ സമ്മാനംകൊടുക്കുന്നതാണെന്നുകൂടിയും പ്രസ്താവിച്ചിരുന്നു.

"സാൎവ്വജനീനമായ ഒന്നാമത്തെ ഏൎപ്പാടു 'കുടുംബസമ്പ്രദായം' ആണു്" എന്നു ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടു. അ ആൾ തുടൎന്നുപറഞ്ഞു:—"എല്ലാ വൎഗ്ഗക്കാൎക്കും ഉണ്ടു് കുടുംബയേൎപ്പാടു്. സമസ്തലോകത്തിലേയ്ക്കും പൊതുവിൽ ഏററവും പുരാതനമായി ഉണ്ടായിട്ടുള്ള ഏൎപ്പാടു് അതാകുന്നു."

പക്ഷേ ഈ അഭിപ്രായത്തെ അനാദരിക്കുന്നവരായി പലരും ഉണ്ടായി. "കുടുംബം എന്നതിൻെറ വ്യവസ്ഥിതമായ അൎത്ഥം അനുസരിച്ചുള്ള വിധത്തിൽ, കുടുംബയേപ്പാട്ട് ഇല്ലാതിരുന്ന ജനസമുദായം പലതും ഉണ്ട്. അവർ അന്ന കന്നുകാലികളെപ്പോലെ പററം പററമായി അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുടുംബയേപ്പാട്ടുള്ള സമുദായങ്ങളെത്തന്നെ എടുത്തുനോക്കിയാലും അവരുടെ ഇടയിൽ കുടുംബശബ്ദത്തിന്നുള്ള വ്യാപ്തി പല പ്രകാരമായിരിക്കുന്നതു കാണാം. ഹിന്ദുക്കളുടെ ഇടയിൽ കുടുംബം എന്നതു് എത്രയോ വിപുലമായ ഒന്നാകുന്നു. ശേഷക്കാരും ശേഷക്കാരുടെ ശേഷക്കാരും, മക്കളും മക്കളുടെ മക്കളും ആയി എത്രയെങ്കിലും തലമുറകൾ അതിൽ ഉൾപ്പെടുന്നു. യൂറോപ്യന്മാരുടെ കുടുംബത്തിൽ ഭൎത്താവ്, ഭാൎയ്യ സന്താനം ഇത്രയേയുള്ളു. അച്ഛനും അമ്മയുംകൂടി അവിടെ സ്ഥലമില്ല. അതുകൊണ്ടു ഈ അഭിപ്രായം സ്വീകാൎയ്യമല്ല. എന്നിങ്ങനെ ആയിരുന്നു അവരുടെ ആക്ഷേപം.

മററൊരാൾ അഭിപ്രായപ്പെട്ടു വിവാഹമാണ് സാൎവ്വജനീനമായ ഒന്നാമത്തെ ഏൎപ്പാട്ട് എന്നു്. ഈ അഭിപ്രായത്തെ എതിൎക്കുവാനും ചിലരുണ്ടായി. "അങ്ങിനെ ആയിരിക്കുവാൻ തരമില്ല. വിവാഹ ഏൎപ്പാടു ഇല്ലാതിരുന്ന സമുദായങ്ങൾ പലതും ഉണ്ടു്. അവരുടെ ഇടയിൽ സ്ത്രീപുരുഷന്മാർ കൂടിക്കലൎന്നു താമസിക്കുന്നു എന്നേ ഉള്ളു." എന്നു് അവർ വാദിച്ചു,

മൂന്നാമതു ഒരാൾ പറഞ്ഞു, ഈശ്വരനാണു ലോകത്തിലെ സാൎവ്വജനീനമായ ഒന്നാമത്തെ ഏൎപ്പാട്ട് എന്നു്. ഈ അഭിപ്രായത്തെ പരാജയപ്പെടുത്തുവാൻ അധികസമയമൊന്നും വേണ്ടിവന്നില്ല. "ആസ്തിക്യബോധമില്ലാത്ത പല സമുദായങ്ങളും ഉണ്ടായിട്ടുണ്ടു്. ആസ്തിക്യബോധമുള്ളവരുടെ ഇടയിൽതന്നെ ഈശ്വരൻെറ ആകാരത്തെപ്പററിയും ഗുണത്തെപ്പററിയും അഭിപ്രായഭേദങ്ങൾ ധാരാളം. ചിലർ നിരാകാരനെന്നു പറഞ്ഞാൽ ഉടനെ മററു ചിലർ സാകാരനെന്നു ശഠിക്കും. ചിലർ നിൎഗ്ഗുണനെന്നു പറഞ്ഞാൽ പെട്ടെന്നു് വേറെ ചിലർ സഗുണനെന്നു് വാദിക്കും. അതുകൊണ്ടു് അതും സാൎവ്വജനീനമെന്നു പറഞ്ഞുകൂടാ" എന്നായി എതിർവാദികൾ.

ഇത്രയും ആയപ്പോൾ ആ രാജസദസ്സിൽ ദൂരെ ഒരേടത്തു് അടങ്ങിയൊതുങ്ങി ഇരുന്നിരുന്ന ഒരുവൃദ്ധൻ എഴുന്നേററു:—"പൊന്നുതിരുമേനി! സാൎവ്വജനീനമായ ഒന്നാമത്തെ ഏൎപ്പാട്ടു കുടുംബവും അല്ല, വിവാഹവും അല്ല; ഈശ്വരനുംഅല്ല; ചൈത്താനാണു്. ചൈത്താനെ വകവെയ്ക്കാത്ത യാതൊരു സമുദായവും യാതൊരിടത്തും യാതൊരുകാലത്തും ഉണ്ടായിട്ടില്ല. മാത്രമല്ല, അവരുടെയെല്ലാംഅഭിപ്രായങ്ങളിൽ അത്ഭുതകരമായ യോജിപ്പു് കാണുന്നതുമുണ്ടു്. ഇരട്ടക്കുള

നഖരങ്ങളോടുകൂടിയ കാലടി, അത്യന്തദുസ്സ്വഭാവവും, തന്ത്രമില്ലാത്തസാമർത്ഥ്യം, രക്തത്തിന്നുള്ള ദുരാഗ്രഹം, ദുഷ്പ്രവൃത്തിയ്ക്കുള്ള അതിമോഹം, ശാശ്വതമായ അവധാനം, അതന്ദ്രിതമായ ഉത്സാഹം, എന്നിവയാണു് ചൈത്താനു എവിടെയും ആരോപിക്കപ്പെട്ടിട്ടുള്ള ഗുണങ്ങൾ. അതുകൊണ്ടു് സാർവ്വജനീനമായ ഒന്നാമത്തെ ഏർപ്പാടു് ഒന്നുണ്ടെങ്കിൽ അതു് ഈ ചൈത്താനല്ലാതെ മറെറാന്നും ആകുവാൻ തരമില്ല.”

ഈ അഭിപ്രായത്തെ എല്ലാവരും സ്വീകരിച്ചു. രാജാവു് ഈ ചൈത്താൻകാരന്നു സമ്മാനം കല്പിച്ചുകൊടുക്കുകയും ചെയ്തു.

---

## റനറ ദാസി.

---

സാംബൻ ഒരു ദരിദ്രബാലനാണു്. അച്ഛൻ മരിച്ചപ്പോൾ അവന്നു് അഞ്ചുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. വിധവയായ അവന്റെ അമ്മയ്ക്കു ഒരുകാശിന്റെ സ്വത്തുപോലും ഉണ്ടായിരുന്നില്ല എങ്കിലും അച്ഛനില്ലാത്ത ദുഃഖം മകനെ അറിയിക്കാതെ കഴിച്ചുകൂട്ടുവാൻവേണ്ടി ആ വിധവ വളരെയൊക്കെ സാഹസപ്പെട്ടു. അവന്നു വേണ്ടതുപോലെ ഭക്ഷണംകൊടുക്കുവാനും, അവനുവേണ്ടതുപോലെ വിദ്യാഭ്യാസം ചെയ്യിക്കുവാനും ഒരു അടിമയെപ്പോലെ അവൾ അഹോരാത്രം വേലചെയ്യേണ്ടതായിവന്നു. കാലത്തു് നേരത്തെ എഴുന്നേററു് തെരുവുനീളെ നടന്നു ചാണകംവാരിക്കൊണ്ടുവരും, അതുകൊണ്ടു് വരളി പരത്തി ഉണക്കിഗ്രാമക്കാൎക്കു വില്ക്കും. അവൾക്കൊരു എരുമയുള്ളതിനെ കറന്നു് പാലും തൈരും മോരും നെയ്യും വില്ക്കും. അയൽപ്രദേശങ്ങളിലുള്ള ധനികന്മാരുടെ വീടുകളിൽചെന്നു് നെല്ലുകുത്തിക്കൊടുക്കും. അരി വച്ചുകൊടുക്കും, പലഹാരം ഉണ്ടാക്കിക്കൊടുക്കും, മററു ഭൃത്യവേലകൾ എല്ലാം ചെയ്യും. ഇതിന്നെല്ലാം കിട്ടുന്ന കൂലി ഒരുനേരത്തെ സാപ്പാടു്. അങ്ങേഅററം ഒന്നോ രണ്ടോ ചെമ്പുതുട്ടുകൂടി. ഉപ്പിലിട്ടതും പലഹാരവും ഉണ്ടാക്കിക്കൊണ്ടുനടന്നു വില്ക്കുവാൻ സാംബന്റെ അമ്മ വളരെ സമർത്ഥയാണു്. ദിവസേന പറമ്പുകളിൽ പോയി പുല്ലുചെത്തിക്കൊണ്ടുവന്നു തന്റെ എരുമയ്ക്കു കൊടുക്കും; ശേഷമുണ്ടെങ്കിൽവിററുകാശാക്കുകയും ചെയ്യും. ഇങ്ങിനെയെല്ലാം അത്യദ്ധ്വാനം ചെയ്താണു് ആ സാധുവിധവ തന്റെ പുത്രന്നു ഉണ്ണാനും ഉടുക്കുവാനും വിദ്യാഭ്യാസത്തിന്നുകൂടിയും വേണ്ട പണം ഉണ്ടാക്കിക്കൊണ്ടിരുന്നതു്.

സാംബൻ കിട്ടുമ്പോഴെല്ലാം മൂക്കുമുട്ടെ അടിക്കും; മുടങ്ങാതെകിട്ടിക്കൊണ്ടിരിക്കുകയും വേണം. പത്തുപതിനാറുവയസ്സായപ്പൊഴയ്ക്കും അവൻ ഒരു മഹാരാക്ഷസനെപ്പോലെ വളൎന്നുവശായി. ആറടിമൂന്നിഞ്ച് ഉയരം, നാല്പത്തിരണ്ടു ഇഞ്ച് വണ്ണം! ഒന്നാന്തരം ഒത്ത ഒരാൾ. എപ്പോഴും വിലപിടിച്ച നല്ല വസ്ത്രങ്ങളേ ധരിക്കുകയുള്ളൂ. അവൻെറ അമ്മ, ആ സാധുവിധവ, വയൎന്നിറയെ ഭക്ഷണം കഴിക്കാറേ ഇല്ല; അവൾക്കു അതിന്നു ഗതിയും ഇല്ല. ഭക്ഷിക്കുന്നതു തന്നെ ഏററവും താണതരത്തിലുള്ള വല്ല അതും ഇതും മാത്രം. ധരിക്കുന്നതു് വല്ലവരും കൊടുക്കുന്ന വല്ല പഴന്തുണി. ഈ ബുദ്ധിമുട്ടുകൾ എല്ലാം എന്തിന്നുവേണ്ടി! മകന്നു് തീററികൊടുക്കുവാനും അവന്നുനല്ലനല്ല വസ്ത്രങ്ങൾ വാങ്ങികൊടുക്കുവാനും, അവനെ പഠിപ്പിക്കുവാനും വേണ്ടി മാത്രം. ഇങ്ങിനെ വയസ്സ് പതിനാറായപ്പോഴേക്കും ആ സാംബൻ മട്രിക്കുലേഷൻപരീക്ഷ പാസ്സായി. അമ്മയ്ക്കു്, ആ വിവരം അറിഞ്ഞപ്പോൾ ഉണ്ടായ സന്തോഷമൊന്നും പറയുവാനില്ല. തൻെറ മകന്നു് ഒരു വലിയ ഉദ്യോഗം കിട്ടും. വയസ്സുകാലത്തു അവൻ അമ്മയെ സംരക്ഷിക്കും എന്നെല്ലാംവിചാരിച്ചു്, ആ വിധവ ദിവസം എണ്ണിക്കഴിച്ചുകൊണ്ടിരിക്കുകയാണു്; മനസ്സമാധാനത്തോടുകൂടി, സ്വസ്ഥമായിരിക്കുവാനുള്ള കാലം അവൾ കാത്തുകൊണ്ടിരിക്കയാണു്. എന്നാൽ സാംബന്നു് അവൻെറ അമ്മയെ അത്ര വലിയ വാത്സല്യമൊന്നും ഉണ്ടായിരുന്നതും ഇല്ല. അവൻ കുട്ടിയല്ലെ; അതുകൊണ്ടായിരിക്കും. കുറച്ചുകൂടെ ചെല്ലട്ടെ; അപ്പോൾ എല്ലാം ശരിയായികൊള്ളും എന്നിങ്ങിനെ ആ വിധവ സമാധാനിച്ചു.

കൊല്ലങ്ങൾ പിന്നെയും നാലു് കഴിഞ്ഞു. ഇത്രകാലവും സാംബൻെറ പഠിപ്പു് കോളേജിൽ ആയിരുന്നതുകൊണ്ടു് വൎദ്ധിച്ചുവന്ന ചെലവു് നിൎവ്വഹിക്കുവാൻ സാധു വിധവ, ഇക്കാലത്തു് പൂൎവ്വാധികം ശ്രമപ്പെടേണ്ടതായി വന്നു. സാംബന്നു് ഒരു വാച്ചോ, ഒരു കോളറൊ, ഒരു ടൈയൊ ആവശ്യമായി വരുമ്പോൾ അവനെപ്പോലെ മാതൃസ്നേഹമുള്ള കുട്ടികൾ ഇല്ല. മററു സമയങ്ങളിൽ മട്ടെല്ലാം വേറെയാണു്. അപ്പോൾ എല്ലാം തൻെറ പുത്രൻ അനുസരണയും വാത്സല്യവും കുറഞ്ഞ ഒരു മൊരടനായിരിക്കുന്നു എന്നുകൂടെ ആ പ്രിയ മാതാവിന്നു് തോന്നിപ്പോകാറുണ്ടു്. ഏതായാലും നാലാം കൊല്ലത്തിൻെറ അവസാനം സാംബൻ ബഹുമാനത്തോടുകൂടി ബി. ഏ. പാസ്സായി. അവൻെറ അമ്മയ്ക്കു് വളരെ സന്തോഷവുമായി. അവരുടെ കൈ ഒഴിഞ്ഞപോലെയും അവരുടെ ജന്മോദ്ദേശ്യം സഫലമായതുപോലെയും അവൾക്കുതോന്നി.

ആ പ്രദേശത്തു് ധനികനായ ഒരു പൊതുക്കാൎയ്യപ്രസക്തൻ ഉണ്ടു്. അദ്ദേഹം സമൎത്ഥനായ ഒരു കാൎയ്യദൎശിയെ അന്വേഷിച്ചു

കൊണ്ടിരിക്കുകയാണു്. സാമാന്യം നല്ല ശമ്പളം കൊടുക്കും. സാംബൻെറ നീണ്ടുതടിച്ചആകൃതിയും പുറമെയുള്ള മിനുക്കിത്തുടച്ച പ്രകൃതിയും, വേഷവും ഭാഷയും മററും കണ്ടു് ആ ധനികൻ ആ യുവാവിനെത്തന്നെ തൻെറ സിക്രട്ടറി ആക്കാം എന്നു വിചാരിച്ചു. പരീക്ഷ പാസ്സായി നാലുമാസം കഴിഞ്ഞപ്പോഴക്കും, പ്രതിമാസം നൂററിഅമ്പതു രൂപാ ശമ്പളത്തിൽ ആ ഉദ്യോഗം സാംബനു തന്നെ കൊടുക്കാം എന്നായി. ഈ പൊതുജനപ്രസക്തന്നു് സാംബനെ വലിയ കാൎയ്യമാണു്. അതിനാൽ ഒരു ദിവസം സാംബൻെറകൂടെ അവൻെറ വീട്ടിലേക്കുകൂടെ പുറപ്പെട്ടു. അവിടെ മുററത്തു് ഒരുമൂലയിൽ ഉണ്ടു് സാംബൻെറ അമ്മ ഇരിക്കുന്നു. മുഷിഞ്ഞു് നാറിയ ഒരു കീറ പഴന്തുണി ഉടുത്തുകൊണ്ടു് അവിടെ ഇരുന്നു് ചാണകവരളി പരത്തുകയാണു്. വെറും എല്ലും തൊലിയും മാത്രം; ഒരു പണമിട മാംസംപോലും ആ ദേഹത്തിലെങ്ങും ഇല്ല. മുഖം മെലിഞ്ഞു്, എല്ലുപൊങ്ങി, പല്ലുപോയി ഏതാണ്ടു് പ്രേതവികൃതമായിരിക്കുന്നു. കണ്ണുകൾ രണ്ടും നിസ്സീമമായ ജോലികൊണ്ടും ക്ലേശംകൊണ്ടും തളന്നു് കുണ്ടിൽ പാഞ്ഞിരിക്കുന്നു.

സാംബനും വേറെ ഒരാളുംകൂടി കടന്നുവരുന്നതു കണ്ടപ്പോൾ ആ വികൃതസ്വരൂപം ആദരപുരസ്സരം എഴുന്നേററു് മകനോടു്—"നീ ഇതുനേരവും എവിടെ പോയിരുന്നു?" എന്നു ചോദിച്ചു. ഈ ചോദ്യത്തിന്നു് സാംബൻ അലക്ഷ്യമായി "ഞാൻ പ്രത്യേകിച്ചു് എവിടേയും പോയിരുന്നില്ല" എന്നുമാത്രം സമാധാനം പറഞ്ഞുകൊണ്ടു് അകത്തേയ്ക്കു കടന്നുപോയി. അസഹ്യമായ ദാരിദ്ര്യം ബാധിച്ച വീട്ടിലെ സാമാന്യം വൃത്തിയാക്കി അലങ്കരിച്ചുവെച്ചിരിക്കുന്ന മുറിയാണു സാംബൻേറതു്. പുറത്തിരിക്കുന്ന ആ സ്ത്രീ ആരാണെന്നു് ആ പ്രഭു ചോദിച്ചു. കീറപ്പഴന്തുണിക്കണ്ടം ഉടുത്തു് ചാണകവരളി പരത്തിക്കൊണ്ടിരിക്കുന്ന ആ വിരൂപ തൻെറ അമ്മയാണെന്നു പറയുവാൻ പരിഷ്കാരിയായ സാംബന്നു് മടിയും അനിഷ്ടവും തോന്നുകയാൽ, ചോദ്യം കേട്ട ഉടനെ "അതു് ദാസിയാണു്" എന്നു സങ്കോചമേതുംകൂടാതെ സമാധാനം പറഞ്ഞു. പ്രഭുവിന്നു് സാംബൻെറ പേരിൽ തൃപ്തിയാണു തോന്നിയതു്. "പിറേറദിവസം ഉത്തരവു അയയ്ക്കാം" എന്നു് വാഗ്ദാനം ചെയ്തുകൊണ്ടു് അദ്ദേഹം യാത്രയായി. പുറത്തു ഇറങ്ങിയ ഉടനേ കണ്ടതു് ഒരു സ്നേഹിതനെയാണു്. പ്രഭു സാംബൻെറ വീട്ടിൽ പോയിരുന്നതു എന്തിനാണു് എന്നു് ആ സ്നേഹിതൻ അന്വേഷിച്ചു.

"ഞാൻ ആ പയ്യനെ പ്രതിമാസം നൂററിയൻപതുരൂപാ ശമ്പളത്തിൽ എൻെറ പ്രൈവററുസിക്രട്ടറി ആയി നിയമിക്കുവാൻ വിചാരിച്ചിരിക്കുകയാണു്" എന്നായിരുന്നു മറുപടി.

"എനിക്ക് അതു വളരെ സന്തോഷമായിരിക്കുന്നു. അവൻെറ അമ്മ അവനെ ഈ നിലയിൽ കൊണ്ടുവരുവാൻ എത്രയാണു ബുദ്ധി മുട്ടിയിട്ടുള്ളതു് എന്നതിനു കയ്യും കണക്കും ഒന്നും ഇല്ല. ഈ നിയമനം ആ സാധുസ്ത്രീക്ക് ഒരു വലിയ അനുഗ്രഹമായിത്തീരുമല്ലൊ" എന്നായി സ്നേഹിതൻ

'അമ്മയൊ! ആ സ്ത്രീ എവിടെ? എനിക്ക് അവരെ ഒന്നു കണ്ടാൽകൊള്ളാം എന്നുണ്ടു്?" എന്നു ധനികൻ പറഞ്ഞു.

"എന്തു്! നിങ്ങൾ അവരെ കണ്ടില്ലെ? അവരല്ലേ ആ മുററത്തിരുന്നു ചാണകവറളി പരത്തുന്നതു ?" എന്നു സ്നേഹിതൻ അറിയിച്ചു

"നാരായണ! അവർ ആ പയ്യൻെറ അമ്മയാണൊ? അവിടത്തെ ദാസിയാണെന്നല്ലേ അവൻ എന്നോടു കള്ളം പറഞ്ഞതു്. ഇങ്ങിനെയുമുണ്ടൊ ഒരു കൃതഘ്നൻ! ഞാൻ ഒരിക്കലും അവനെ എൻെറ സിക്രട്ടറിയായി നിയമിക്കുകയില്ല, എന്നു ധനികൻ ശഠിച്ചു.

"ഈ സ്ഥിതിക്കു നിങ്ങളുടെ തീരുമാനത്തെപ്പററി പുനരാലോചിക്കണമെന്നു ഞാൻ ശുപാശ്ചെയ്യുന്നില്ല" എന്നു സ്നേഹിതനും പറഞ്ഞു" അവർ തമ്മിൽ പിരിഞ്ഞു.

അടുത്തദിവസം സാംബനെ ഉദ്യോഗത്തിൽനിയമിച്ച ഉത്തരവു പുറപ്പെട്ടില്ല. അതുകൊണ്ടു് അങ്ങോട്ടുചെന്നു് അന്വേഷിക്കുക തന്നെ എന്നു് ആ യുവാവു തീച്ചയാക്കി, വൃത്തിയായി ഒന്നു മുഖക്ഷൌരംഉള്ളപ്പെട്ടു, താൻെറ ഏററവും വിലപിടിച്ച വസ്ത്രങ്ങൾ എടുത്തണിഞ്ഞു; സുഗന്ധദ്രവ്യങ്ങൾ എല്ലാം പൂശി; നല്ല പച്ച സുന്ദരനെപ്പോലെ ധനികൻെറ അടുത്തുചെന്നു് "ഉത്തരവു അയയ്ക്കാതിരുന്നതു് എന്തുകൊണ്ടാണു്" എന്നു് അന്വേഷിച്ചു. "തൻെറ സമസ്ത സൌഭാഗ്യങ്ങൾക്കും ഏകനിദാനമായ മാതാവെ മാതാവല്ലെന്നു പറയുവാനും, മാത്രമല്ല, ഒരു ദാസിയാണെന്നു് അധിക്ഷേപിക്കുവാൻകൂടിയും തയ്യാറുള്ള കൃതഘ്നൻ ഒരു പൊതുജനദാസൻെറ സിക്രട്ടറിയായിരിക്കുവാൻ യോഗ്യനല്ലെന്നു ഞാൻ നിശ്ചയിച്ചതാണു് ഉത്തരവ് അയയ്ക്കാതിരിക്കുവാനുള്ള കാരണം എന്നു പറഞ്ഞുകൊണ്ടു തൻെറ പടികാവൽക്കാരനെ വിളിച്ചു സാംബനെ പുറത്താക്കുവാൻ ആജ്ഞാപിച്ചു.

---

## ൨൱൮. മുണ്ഡനം ചെയ്തതെന്തിന്നു്.

—————

ഹെ! സന്യാസി! നിങ്ങൾ ഒരു വിധവയെപ്പോലെ തല മൊട്ട അടിച്ചിരിക്കുന്നതെന്തിന്നു്?" എന്നു ഒരാൾ ചോദിച്ചു. അതിന്നു മറുപടിയായി:—

സന്യാസി:—"എന്റെ വിവാഹത്തിന്നു് ശൈഥില്യം വന്നതുകൊണ്ടുതന്നെ'

പൃച്ഛകൻ:—"നിങ്ങൾ ആരേയും വിവാഹം ചെയ്തിട്ടില്ലല്ലൊ?"

സന്യാസി:—"ഉണ്ടു്. ഞാൻ വിവാഹം ചെയ്തിട്ടുണ്ടു്."

പൃച്ഛകൻ:—"ആരെയാണു് നിങ്ങൾ വിവാഹം ചെയ്തിരിക്കുന്നതു്?" എന്നു് അത്ഭുതത്തോടെ ചോദിച്ചു.

സന്യാസി:—"ലോകത്തെ" എന്നു് സാവധാനം മറുപടി പറഞ്ഞു.

പൃച്ഛകൻ:—"എന്നാൽ ലോകം മരിച്ചിട്ടില്ലല്ലൊ" എന്നായി വിജയസ്വരത്തിൽ.

സന്യാസി:—"മരിച്ചുപോയി. എന്റെ ലോകം മരിച്ചുപോയിരിക്കുന്നു."

—————

## ൨൱൯ ശകുനം.

ഹിന്തുക്കളായ മലയാളികൾക്കു് ശകുനത്തിൽ വലിയ വിശ്വാസമാണു്. യാത്രപുറപ്പെടുമ്പോൾ ഒന്നാമതായി നേരിട്ടുവരുന്ന മൃഗം അല്ലെങ്കിൽ സാധനം എന്താണു് എന്നു് അന്വേഷിക്കുന്നതിൽ അവക്കു് താല്പയ്യം കൂടും. മദ്യം, മാംസം, അഗ്നി, ചന്ദനം, ഇരട്ടബ്രാഹ്മണൻ, വേശ്യാസ്ത്രീ, കന്യക മുതലായി ചിലതെല്ലാം നല്ല ശകുനങ്ങൾ എന്നും, വിറകു്, കഴുത, ഒററബ്രാഹ്മണൻ, പൂച്ച, ചൂലു്, മുറം, വിധവ മുതലായി ചിലതെല്ലാം ദുശ്ശകുനങ്ങൾ എന്നും സങ്കല്പിക്കപ്പെട്ടിരിക്കുന്നു. യാത്ര മംഗളകരമായി പയ്യവസാനിക്കേണമെങ്കിൽ നല്ല ശകുനം വരണം. എന്നാൽ ആദ്യം വരുന്നതു് എന്തായിരിക്കും എന്നു് ആക്കും മുൻകൂട്ടി തീച്ചയാക്കാവുന്ന കായ്യമല്ലാത്തതിനാൽ നല്ല ശകുനംകാത്തിരുന്നു പുറപ്പെടുന്ന സമ്പ്രദായം മലയാളികളുടെ ഇടയിൽ സാധാരണ നടപ്പുണ്ടു്.

അവിടെ ഒരു ഗ്രാമത്തിൽ തെക്കേതും വടക്കേതുമായി അടുത്തടുത്തു് രണ്ടു ബ്രാഹ്മണഗൃഹങ്ങൾ ഉണ്ടായിയിരുന്നു. അതിൽ ഒന്നിൽ

ഒരു വൃദ്ധബ്രാഹ്മണനും മറേറതിൽ ഒരു വിധവയും ആണു പാൎത്തിരുന്നതു്. ഒരുദിവസം കാലത്തു ഇവർ രണ്ടുപേൎക്കും ഓരോ അടിയന്തിരകാൎയ്യത്തിനായി യാത്രപുറപ്പെടേണ്ടിവന്നു. ഒരാൾക്കു തെക്കോട്ടും മറേറ ആൾക്കു വടക്കോട്ടും വേണം പോകുവാൻ. വിധവ പുറപ്പെട്ടു വാതുക്കൽ ഇറങ്ങി നോക്കിയപ്പോൾ ഉണ്ടു് വൃദ്ധബ്രാഹ്മണൻ എതിർമുഖമായിഇറങ്ങിനില്ക്കുന്നു. 'ഒററബ്രാഹ്മണനൊന്നുപെടുക്കും.' അതുകൊണ്ടു വിധവയുടെ ശകുനം നന്നായില്ല. "ദണ്ഡിമുണ്ഡിതനഗ്നഹീനവിധവാ...എതിൎത്തീടിൽ സദാ നിന്ദിതം." അതുകൊണ്ടു് ബ്രാഹ്മണൻെറ ശകുനവും നന്നായില്ല. ഇരുകൂട്ടരും പെട്ടെന്നു് അകത്തേയ്ക്കുതന്നെ കടന്നു. അല്പനേരം കഴിഞ്ഞപ്പോൾ മറേറ ആൾ ഇതിനകം പോയിട്ടുണ്ടായിരിക്കും എന്നു വിചാരിച്ചു ഇരുകൂട്ടരും രണ്ടാമതും പുറപ്പെട്ടു പുറത്തിറങ്ങി നോക്കിയപ്പോൾ ഉണ്ടു മുമ്പിലത്തെപ്പോലെതന്നെ ഒററപ്പട്ടരും വിധവയും മുഖത്തോടുമുഖം നോക്കിനില്ക്കുന്നു. ഉടനെതന്നെ ഇരുകൂട്ടരും മുന്നേപ്പോലെ അകത്തേയ്ക്കു വലിഞ്ഞു. ഇനി ഈ വിധം അബദ്ധം പററരുതെന്നു വിധവ നിശ്ചയിച്ചു. പററരുതു എന്നുതന്നെ ബ്രാഹ്മണനും ഉറച്ചു. ഒററബ്രാഹ്മണൻ തീൎച്ചയായും പോയിക്കഴിയുന്നതുവരെ, ദീൎഘസമയംകാത്തിരിക്കുക എന്നാണു വിധവയുടെ നിശ്ചയം. അതുപോലെതന്നെ വിധവ, തീൎച്ചയായും പോയിക്കഴിയുന്നതുവരെദീൎഘസമയം കാത്തിരിക്കുക എന്നുതന്നെ ബ്രാഹ്മണനും നിശ്ചയിച്ചു. കുറെ ഏറെനേരം താമസിച്ചശേഷം, മറേറ ആൾ തീൎച്ചയായും പോയിട്ടുണ്ടായിരിക്കും എന്ന നിശ്ചയത്തോടുകൂടി രണ്ടുകൂട്ടരും പുറത്തിറങ്ങിനോക്കിയപ്പോൾ ഉണ്ടു മുമ്പിലത്തെപ്പോലെ തന്നെ ദുൎശ്ശകുനം മുഖത്തു നോക്കിനില്ക്കുന്നു. ഒററബ്രാഹ്മണൻ വീണ്ടും അകത്തേയ്ക്കു വലിയുവാൻതന്നെ ഭാവിച്ചു. എങ്കിലും വിധവ ആ ബ്രാഹ്മണനെ വിളിച്ചുനിൎത്തി പറഞ്ഞതു ഇങ്ങിനെ ആയിരുന്നു.

വിധവ:—"സ്വാമി, നോക്കണം! നമ്മൾ രണ്ടുകൂട്ടരും ഇങ്ങിനെകാണിക്കുന്നതു തികച്ചും ഭോഷത്വം തന്നെയാണു്. നിങ്ങളുംഞാനും ശകുനത്തിന്നു കൊള്ളരുതാത്തവരാണെന്നാണു ജനങ്ങളുടെ അന്ധവിശ്വാസം. ഇതു നമ്മൾ ഇരുകൂട്ടൎക്കും ഒട്ടും ഇഷ്ടമുള്ള സംഗതിയും അല്ല. എന്നിട്ടും നിങ്ങൾ എന്നേയുംഞാൻ നിങ്ങളേയും, ശകുനത്തിനുകൊള്ളരുതാത്തവരായി കണക്കാക്കുകയും ചെയ്യുന്നു. ഇങ്ങിനെ നാം തന്നെ നമ്മുടെ പേരിലുള്ള അവിഖ്യാതിക്കു പ്രാബല്യം കൂട്ടുകയാണു ചെയ്യുന്നതു്. അതു ശരിയല്ല. നമ്മുടെ യാത്രയ്ക്കു താമസം നേരിട്ടുപോകുന്നു എന്നുള്ളതു മറെറാരാപത്തു്. ഇങ്ങനെ നാംതന്നെ നമ്മളെ അപമാനിക്കുന്നതെന്തിനാണു് പുറപ്പെടണം. നമുക്കു സധൈ

യ്യും പോയി നോക്കാം. എന്തു സംഭവിക്കുമെന്നു അറിയാമല്ലൊ."

ബ്രാഹ്മണനും സമ്മതിച്ചു. രണ്ടുപേരും ഉടൻതന്നെ, ദുശ്ശകുനത്തെ പരിഗണിക്കാതെ യാത്രപുറപ്പെട്ടുകയും ചെയ്തു.

---

## ൧൩൪ എത്രദൂരം കാണാം.

---

"ഒരാൾക്കു എത്രദൂരം കാണാം?" എന്നു ഒരിക്കൽ ഒരു പ്രസംഗകൎത്താവു പ്രസംഗമദ്ധ്യേ ചോദിച്ചു. അതിന്നു സമാധാനമായി ചിലർ ഒരുനാഴിക, ചിലർ മൂന്നുനാഴിക, ചിലർ അഞ്ചുനാഴിക, ചിലർ പത്തുനാഴിക, ചിലർ ഇരുപതുനാഴിക, എന്നിങ്ങനെ പലരും പലവിധം അഭിപ്രായപ്പെട്ടു. എന്നാൽ 'എത്രദൂരം കാണുവാൻ ആഗ്രഹിക്കുന്നുവൊ അത്രദൂരം, എന്നായിരുന്നു പ്രസംഗകൎത്താവിന്റെ സിദ്ധാന്തം.

"അതു വെറുതെ. ഒരുവന്നു ഹിമാലയത്തിൽക്കൂടെ കാണുവാൻ കഴിയുമൊ?" എന്നു ശ്രോതാക്കളിൽ ഒരുവൻ ചോദിച്ചു "കഴിയും, ഒരുവൻ ഇച്ഛിക്കുന്നു എങ്കിൽ. പലരും കാണുന്നതുമുണ്ടു്'" എന്നു സമാധാനം.

'ഒരുവന്നു സമുദ്രത്തിൽക്കൂടെ കാണാമൊ?" എന്നായി അടുത്ത ചോദ്യം. "കഴിയും, ഒരുവൻ ഇച്ഛിക്കുന്നുവെങ്കിൽ. പലരും കാണുന്നതുമുണ്ടു്'" എന്നായി.

"ഒരുവന്നു പരലോകം കാണുവാൻകഴിയുമൊ എന്നു് അവസാനമായി ഒരുവൻ ഉന്മത്തനെന്നപോലെ ചോദിച്ചപ്പൊഴും കഴിയും, ഒരുവൻ ഇച്ഛിക്കുന്നു എങ്കിൽ പലരും കാണുന്നതുമുണ്ടു്'. യന്ത്രവിദ്യാനിപുണമായ പ്രയോഗങ്ങളുടെ സഹായത്തോടുകൂടി സാമാന്യജനങ്ങൾപോലും നിരവധി പരലോകങ്ങൾ കാണുന്നില്ലെ!' എന്നായിരുന്നു ശാന്തവും സമാധാനവുമായ മറുപടി.

---

## ൧൩൫ അസാധാരണമായ അപേക്ഷ.

---

ഒരു മേളകസ്ഥാനത്തു (ക്ലബ്ബിൽ) ഒരിക്കൽ നാലു സ്നേഹിതന്മാർ ഒത്തുചേൎന്നു വെടിപറഞ്ഞുകൊണ്ടിരുന്നപ്പോൾ, അവരിൽ

ഒരാൾ മററുള്ളവരോടായി—"നിങ്ങളോടു മററുള്ളവർ ചെയ്തിട്ടുള്ള അപേക്ഷകളിലെല്ലാംവെച്ച് ഏററവും അസാധാരണമായ അപേക്ഷ ഏതാണ്?" എന്ന് ഒരു ചോദ്യം ചോദിച്ചു.

ഇതിന്നു സമാധാനമായി ഒരുവൻ—"എന്നോടു ചെയ്തിട്ടുള്ള അപേക്ഷകളിലെല്ലാംവെച്ച് ഏററവും അസാധാരണമായിട്ടുള്ളത് ഒരിക്കൽ ഒരു മദ്യപാനിയായ പട്ടാളക്കാരൻചെയ്തതാണ്. ആ ഭടൻ എന്നെ വിളിച്ച്—"ഇതാ! ഇവിടെ ഒന്നു വരണേ! ഞാൻ ഈ ഉണ്ട ഒന്നു നിങ്ങളിൽ ചെലുത്തിക്കൊള്ളട്ടെ" എന്ന് എന്നോട് അപേക്ഷിച്ചതാണ്. ഇത്ര അസാധാരണമായ ഒരു അപേക്ഷ മററാരാള് മററാരാളോടും മററാരിക്കലും ചെയ്തിട്ടുള്ളതായി ഞാൻ അറിയുന്നില്ല."

രണ്ടാമത്തെയാൾ ഒരു മജിസ്ത്രേട്ടാണ്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—"എന്നോടു ചെയ്തിട്ടുള്ള അപേക്ഷകളിൽഎല്ലാംവെച്ച് ഏററവും അസാധാരണമായിട്ടുള്ളത് ഒരിക്കൽ ഒരു കുററവാളിചെയ്ത അപേക്ഷയായിരുന്നു. അവൻെറപേരിലുള്ള കേസ് വിചാരണചെയ്തശേഷം അവനെ പിഴയ്ക്കു ശിക്ഷിക്കുവാനാണു നിശ്ചയിച്ചത്. 'നിനക്കു വല്ലതും പറയുവാനുണ്ടോ?' എന്നു ഞാൻ അവനോടുചോദിച്ചു. അപ്പോൾ അവൻപറയുകയാണ്:—'യജമാനനെ! എൻെറ പിഴ യജമാനൻതന്നെ, ദയയുണ്ടായി, അടച്ചുകൊള്ളണമെന്നാണ് എൻെറ അപേക്ഷ' എന്ന്. ഇങ്ങിനെ അസാധാരണമായ മററൊരപേക്ഷയും ആരും, എന്നും, ആരോടും ചെയ്യുകയുണ്ടായിട്ടില്ല.'

മൂന്നാമത്തെആൾ ഒരു ഡിപ്യൂട്ടിജയിലരാണ്. അദ്ദേഹം പറഞ്ഞു:—"എന്നോടു ചെയ്തിട്ടുള്ള അപേക്ഷകളിലെല്ലാംവച്ച് ഏററവും അസാധാരണമായിട്ടുള്ളത് ഒരു കൊലപ്പുള്ളി ഒരിക്കൽ ചെയ്തിട്ടുള്ളതാണ്. അവനെ തൂക്കിലിടുന്നതിന്നു മുമ്പായി പതിവനുസരിച്ചു 'നിനക്കു എന്തെങ്കിലും അപേക്ഷയുണ്ടോ?' എന്ന് ഞാൻ ചോദിച്ചു. അതിന്നു സമാധാനമായി അവൻ പറഞ്ഞത്—"ഉണ്ട്. ദൈവത്തെഓർത്തു ഒരു സ്ഥലംമാററത്തിന്നു മനസ്സുണ്ടാകണം. നിങ്ങൾ എൻെറ സ്ഥാനത്തേയ്ക്കും, ഞാൻ നിങ്ങളുടെസ്ഥാനത്തേയ്ക്കുമായി നമുക്കു ഒന്ന് ഒത്തുമാറിക്കളയാം, എന്ന്. ഇങ്ങിനെ അസാധാരണമായ ഒരു അപേക്ഷ ആരും, ആരോടും, എന്നും ചെയ്തതായി ഞാൻ കേട്ടിട്ടില്ല.

നാലാമത്തെആൾ—"ഞാൻ കേട്ടിട്ടുള്ളവകളിലെല്ലാംവെച്ച് ഏററവും അസാധാരണമായ അപേക്ഷ 'വിൽകിൻസ്' എന്നു പേരായ ഒരു മരസ്സാമാനവ്യാപാരി ചെയ്തിട്ടുള്ളതാണ്. അവൻ ഇങ്ങിനെ ഒരു പരസ്യം പ്രസിദ്ധംചെയ്തു. 'മേത്തരം ശവപ്പെട്ടികൾ—ശവത്തെ ശീതളമായും സുഖപ്രദമായും സൂക്ഷിക്കും. ശവസംസ്കാ

രം എവിടെയും ആകാം. ഈ ശവപ്പെട്ടികളിൽ അടക്കംചെയ്ത സംസ്കരിച്ച ശവങ്ങൾ അവസാനവിസ്താരദിവസംവരെ, സസുഖം നിദ്ര ചെയ്യുന്നതും, അന്നത്തെ ഭേരിനാദംകേട്ടാൽ പെട്ടെന്നു് ഉണൎന്നെഴുനേല്ക്കുന്നതും ആയിരിക്കും. പരമാനന്ദകരമായ സംസ്കാരം. ഒന്നു പരീക്ഷിച്ചുനോക്കുക."

---

## മനുന സവ്വോൽകൃഷ്ടജീവി.

---

ഒരിക്കൽ ഒരു ദിക്കിൽ അതിഗൎവ്വിഷ്ഠനായ ഒരു ധനികൻ ഉണ്ടായിരുന്നു. ധനത്തിന്റെ മത്തുകൊണ്ടു് ആ അഹംഭാവിക്കു വിദ്യയേയും സ്വഭാവത്തേയും കുലീനതയേയും സ്ഥിതിയേയും അതുപോലെതന്നെയുള്ള മററു യോഗ്യതകളേയുംപററി യാതൊരു ബഹുമാനവും ഇല്ല.

"യസ്യാസ്തി വിത്തം സ നരഃ കുലീന-
സ്സ പണ്ഡിതസ്സശ്രുതിമാൻ ഗുണജ്ഞഃ
സ ഏവ വക്താ സ ച ദൎശനീയ-
സ്സൎവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി."

എന്നു സദാ ചൊല്ലിക്കൊണ്ടിരിക്കും. എന്നാൽ ഈവക ഗുണങ്ങളിൽ ഒന്നുപോലും ആ വെറുംധനികനു് ഉണ്ടായിരുന്നതുമില്ല. ഈ ദാംഭികൻ ഒരിക്കൽ ഒരു മനുഷ്യദ്വേഷിയോടു ചോദിക്കുകയാണു്.—"ഈശ്വരസൃഷ്ടികളിൽവച്ചു സവ്വോൽകൃഷ്ടമായജീവി ഏതാണു്" എന്നു്. കുരങ്ങു, എന്നായിരുന്നു അതിന്നു സമാധാനം.

"എന്തു്? കുരങ്ങോ?" ആ ധനികൻ അത്ഭുതപരതന്ത്രനായി ചോദിച്ചു. "എന്താ താൻ പറയുന്നതു് ഭൂമിയിലുള്ള മറെറല്ലാജീവികളിലും, പ്രത്യേകിച്ചു വിശേഷബുദ്ധിയുള്ള മനുഷ്യരിലുംവെച്ചു ഉൽകൃഷ്ടമായജീവി കുരങ്ങാണോ? താൻ അങ്ങനെ പറയുവാനുള്ള കാരണമെന്തു്,

"കാരണം മറെറാന്നുമല്ല., ആ മനുഷ്യദ്വേഷി മറുപടിപറഞ്ഞു. "ഈശ്വരസൃഷ്ടികളിൽ സവ്വോൽകൃഷ്ടമെന്നു സാധാരണമായി കരുതിപ്പോരാറുള്ള മനുഷ്യരുടെ ഇടയിൽ പണത്തെയാണു വലിയ കാൎയ്യമായിവെച്ചിട്ടുള്ളതു്. പണസ്സഞ്ചി ഒന്നുണ്ടെങ്കിൽ ഏതു മരയനും വിദ്വാനായി, കുലീനനായി ഗുണജ്ഞനായി, സമൎത്ഥനായി, എന്നുവേണ്ട എല്ലാമായി. സഞ്ചിയുടെ മാഹാത്മ്യം അത്ര്യൽക്കൃഷ്ടമാണു്. എന്നാൽ മനുഷ്യർ ആരുംതന്നെ സഞ്ചിയുംകൊണ്ടു ജനിക്കുന്നില്ല.

കുരങ്ങ് ഒഴികെ മററൊരു ജന്തുവും സഞ്ചികളോടുകൂടി ജനിക്കുന്നതുമില്ല. പിന്നീടു സഞ്ചിയെ സൃഷ്ടിക്കുന്നതുമില്ല, എന്നാൽ കുരങ്ങന്മാരുടെ കഥ അങ്ങനെയല്ല. അവർ ഈരണ്ടു സഞ്ചികളോടുകൂടിയാണു് ജനിക്കുന്നതു്. (കുരങ്ങിൻെറ കോട്ടുവായിലുള്ള രണ്ടു സഞ്ചികളെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.) അതുകൊണ്ടു് ഈശ്വരസൃഷ്ടങ്ങളിൽ സർവോൽകൃഷ്ടമായ ജീവി കുരങ്ങുതന്നെയാണെന്നു നിങ്ങൾ സമ്മതിച്ചേ മതിയാകൂ."

---

## ഹൃനദെ പശുവിൻെറ സമാധാനം.

---

സർവരാജ്യങ്ങളും ചുററിസ്സഞ്ചരിക്കുന്ന ഒരു ലോകസഞ്ചാരി പണ്ടുണ്ടായിരുന്നു. അദ്ദേഹത്തിന്നു സകല ഭാഷകളും അറിയാം. മൃഗങ്ങളുടെ ഭാഷകൂടെ വശമാണു്. ഈ സഞ്ചാരി ഒരിക്കൽ ഒരു പശുവിനോടു "നിനക്കു് എവിടെ ജീവിക്കുവാനാണ് ഇഷ്ടം; ഇന്ത്യയിലോ ഇംഗ്ലണ്ടിലോ?" എന്നു ചോദിച്ചു. ഇതിന്നു "ഇന്ത്യയിൽ' എന്നായിരുന്നു പശുവിൻെറ സമാധാനം,

"ങെ! മററുള്ളവരെക്കാളും ഭേദമായി ഇന്ത്യാക്കാർ നിന്നെ ശുശ്രൂഷിക്കുന്നുണ്ടോ?" സഞ്ചാരി ചോദിച്ചു.

ഇല്ല, തീച്ചയായും ഇല്ല, അതെല്ലാം എനിക്കു് അറിയാവുന്നതുപോലെ നിങ്ങൾക്കും അറിയാമല്ലോ. എൻെറ സ്വേച്ഛപ്രകാരം വിടുകയാണെങ്കിൽ, ഞാൻ പറയാം. ഞാൻഇന്ത്യയിലും താമസിക്കുവാൻ ഇഷ്ടപ്പെടുകയില്ല, ഇംഗ്ലണ്ടിലും താമസിക്കുവാൻ ഇഷ്ടപ്പെടുകയില്ല. എനിക്കു നല്ലവണ്ണം തീററിതന്നു എന്നെ ബലികഴിക്കുന്നു ഇംഗ്ലണ്ടിൽ. ഇന്ത്യയിൽ ഒന്നുകിൽ പട്ടിണിയും ബലിയും. അല്ലെങ്കിൽ പട്ടിണിയും നിത്യദാരിദ്ര്യവും. ഈ സ്ഥിതിക്കു നോക്കുമ്പോൾ ഇംഗ്ലണ്ടിലെ ജീവിതമാണ് ഭേദമെന്നു തോന്നിപ്പോകും എന്നു പശുപറഞ്ഞു.

എന്നാൽ ഇന്ത്യയിൽ താമസിക്കുവാനാണ് നീ ഇഷ്ടപ്പെടുന്നതു് എന്നു പറയുവാനുള്ള കാരണം എന്താണു്? സഞ്ചാരി ചോദിച്ചു.

സാപ്പാടുമാത്രമാണൊ കാര്യം. അതിനെക്കാൾ തുലോംശ്രേഷ്ഠമായും ഉന്നതമായും മറെറാന്നില്ലെ, ആത്മാഭിമാനം. ഇന്ത്യയിൽ അത്യുൽകൃഷ്ടജാതിയായ ബ്രാഹ്മണക്കുതുല്യമാണു് എന്നെഗണിച്ചിട്ടുള്ളതു്. മാത്രമല്ല, ഭക്തിയോടുകൂടി ബഹുമാനിച്ചു പൂജിക്കുകയുംചെ

യ്യുന്നു. കൊല്ലത്തിൽ ഒരിക്കൽ 'മാട്ടുപ്പൊങ്ങൽ' എന്ന ഒരുദിവസം തന്നെ ഞങ്ങളുടെ പ്രത്യേക ഉത്സവത്തിന്നായി കൊണ്ടാടാറുണ്ടു്. അന്നു് എന്നെ മാലയണിയിച്ചു്, അലങ്കരിച്ചു, വാദ്യഘോഷങ്ങളോടു കൂടി ഊരുനീളെ കൊണ്ടുനടക്കുന്നു. എന്നെ കേവലം ഒരു മൃഗത്തെപ്പോലെയല്ല പരിഗണിക്കുന്നതെന്നും എന്നോടു് അങ്ങനെ ക്രൂരമായല്ല പെരുമാറാറുള്ളതെന്നുംഉള്ളതിലേയ്ക്കു് ഇതെല്ലാം മതിയായ തെളിവുകളല്ലേ. ഇംഗ്ലണ്ടിലെക്കഥ ഇങ്ങിനെവല്ലതുമാണോ? അവിടെ എനിക്കു കേവലം ഭിന്നമായതും വെറും മൃഗീയമായതുമായ ഒരുജീവിതംമാത്രമേഉള്ളു" എന്നായി പശു.

"എന്നാലും നീ ഇന്ത്യയിൽ പട്ടിണികിടക്കേണ്ടതായിവരുന്നുവല്ലൊ. നിന്നോടു ക്രൂരമായി പെരുമാറാറുമില്ലേ" എന്നു ലോകസഞ്ചാരി എതിർവാദംചെയ്തു.

"അതു ശരിതന്നെ. ഇന്ത്യയിൽ ഞാൻ മാത്രമാണൊ, എത്ര എത്ര ആയിരം ജനങ്ങളാണു പട്ടിണികിടക്കുന്നതു്. ഞാനും അവരോടുകൂടി പട്ടിണികിടക്കുന്നുഎന്നല്ലാതെന്താ? എന്നെ മനഃപൂർവ്വംപട്ടിണിയിടുന്നവർ കുറയും. പിന്നെ ക്രൂരമായ പെരുമാററം. അതും എനിക്കു പ്രത്യേകമായിട്ടുള്ളതല്ലല്ലോ. ഇന്ത്യൻസ്ത്രീലോകത്തോടു് ആകമാനമുള്ള പെരുമാററംതന്നെ അങ്ങിനെയുള്ളതല്ലെ. അവരുടെ അശ്രുപൂർണ്ണങ്ങളായ നേത്രങ്ങൾ കാണുമ്പോൾ, കറുത്തു, മൃദുവായി, പ്രേമാങ്കിതമായിരിക്കുന്ന അവരുടെമനോഹരനേത്രങ്ങൾ അശ്രുപൂർണ്ണങ്ങളായും അവരുടെ അളവററസങ്കടങ്ങളെ നിഗ്രഹനം ചെയ്യപ്പെടുന്നവയായും കാണപ്പെടുമ്പോൾ എൻെറസന്താപങ്ങൾഎല്ലാം നിശ്ശേഷം അസ്തമിച്ചുപോകുന്നു. അവരുടെ സങ്കടങ്ങളിൽ ഞാൻ എൻെറ ദുഃഖങ്ങളെ മറന്നുകളയുകയാണു ചെയ്യുന്നതു്. ദുഃഖങ്ങളിൽ തുല്യഭാക്കുകളായ ഞങ്ങൾ അന്യോന്യം മുഖത്തോടുമുഖംനോക്കി സമാധാനപ്പെടുകയാണു്. ഈ സമാധാനം എനിക്കു ഇംഗ്ലണ്ടിൽകിട്ടുകയില്ല നിശ്ചയം" എന്നു പശു സമാധാനം പറഞ്ഞു.

---

## ൧൩൮ അഴുകിയമത്തങ്ങ.

---

പുത്രന്മാർ മൂന്നുപേർ ഇരിക്കെ അച്ഛൻ മരിച്ചു. പിതാവുതൻെറ സ്വന്തം തോട്ടത്തിൽ സ്വന്തകൈകൾകൊണ്ടുതന്നെ കൃഷിചെയ്തുണ്ടാക്കിയ ഒരു മത്തങ്ങയാണു് അവൎക്കു പൈതൃകമായി കിട്ടിയതു്. ഈ പുത്രന്മാൎക്കു അച്ഛനെ വലിയകാൎയ്യമായിരുന്നു. ഈ

പിതൃഭക്തിനിമിത്തം, അച്ഛൻ കൃഷിചെയ്തുണ്ടാക്കിയ മത്തനെപ്പോലെ ഗുണംതികഞ്ഞ മററൊരു ഫലവും ലോകത്തിൽ ഇല്ലെന്നു് അവർ ഉറച്ചു. അതിന്നു വിപരീതമായി വല്ലവരും വല്ലതും പറഞ്ഞുപോയാൽ അവരോടു വലിയ വിരോധമാണു്. അവർ ആ മത്തനെ വീട്ടിലെ പ്രധാനമായ ഒരു സ്ഥലത്തു ഭക്ത്യാദരങ്ങളോടുകൂടി വെച്ചു സൂക്ഷിച്ചിരിക്കുകയാണു്. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോൾ ആ മത്തൻ കേടുവന്നു; അതു കെട്ടഴുകി അതിൻെറ ദുർഗ്ഗന്ധമെങ്ങും പരത്തുവാൻതുടങ്ങി. മക്കൾ മൂന്നുപേരുംകൂടി ഇനി എന്തു വേണം എന്നുള്ളതിനെപ്പററി ആലോചിക്കുകയാണു്.

ഒന്നാമൻപറഞ്ഞു—"അതു കെട്ടഴുകി നിശ്ശേഷം ഇല്ലാതായിത്തീരുന്നതുവരെ നാം അതിനെ സംരക്ഷിക്കുകതന്നെവേണം. അതു് എത്രമാത്രം നാറുന്നു, എത്രമാത്രം രോഗംപിടിപ്പിക്കുന്നു എന്നൊന്നും നാം ആലോചിക്കേണ്ടതായിട്ടില്ല. നമുക്കു കിട്ടിയപിതൃസ്വത്താണതു്. അതിനെ അതേ രൂപത്തിൽതന്നെ സംരക്ഷിക്കേണ്ടതാണു നമ്മുടെ കടമ. അതിന്നുവേണ്ടി നാം മരിച്ചാലും തരക്കേടില്ല. അതിനെ ആരും ശല്യപ്പെടുത്താതെ നാം നോക്കിക്കൊള്ളണം. നമ്മുടെ പിതാവു് അതിനെവേണ്ടതുപോലേ സംസ്കരിച്ചിട്ടുണ്ടു്. അദ്ദേഹം അതിന്നു തികച്ചും മതിയായആളും ആയിരുന്നു. അതിനെ പരിഷ്കരിക്കാനോ നന്നാക്കുവാനോ വേണ്ട യോഗ്യതയൊന്നും നമുക്കില്ല. ആകയാൽ അതിന്നൊന്നും ശ്രമിക്കാതിരിക്കുകയാണു നമ്മുടെ ഗുരുത്വത്തിന്നു ചേർന്നതു്."

രണ്ടാമൻ—"ഈ അഭിപ്രായം അത്ര ആദരണീയമാണെന്നു ഞാൻ വിചാരിക്കുന്നില്ല. പുഴുത്തു നാറിക്കിടക്കുന്ന ഇതിനെ വലിച്ചെറിയുന്നതിൽ ഗുരുത്വക്കേടോസൂക്ഷിക്കുന്നതിൽ ഗുരുത്വാധിക്യമൊ ഒന്നും വരുവാനില്ല. ഇതിനെ ദൂരെക്കളഞ്ഞു പുതിയ മത്തൻ വാങ്ങി ഇതിൻെറ സ്ഥാനത്തു സൂക്ഷിക്കുകയാണു ഗുരുത്വമുള്ള പുത്രന്മാരായ നമ്മൾ ചെയ്യേണ്ടതു്. അല്ലാതെ ഈ അഴുകിയ മത്തൻ വെച്ചുകൊണ്ടിരിക്കുന്നതു് അപമാനകരമാകുന്നു. ഇതു കേട്ടാൽ മററുള്ളവർ നമ്മെ പുച്ഛിക്കുകയേയുള്ളു. എല്ലാററിന്നുംപുറമേ, അതിൽനിന്നു അനേകം രോഗബീജങ്ങൾ ജനിച്ചു നമ്മെയെല്ലാം രോഗികളാക്കിത്തീർക്കുകയും ചെയ്യും. ഏതൊരു നല്ല മത്തനും പൈതൃകമായ മത്തനെപ്പോലെ നല്ലതാണെന്നാണു് എൻെറപക്ഷം. ഇന്നത്തെ സ്ഥിതിക്കു കേടുവരാത്ത ആ മത്തൻ കേടുവന്ന നമ്മുടെ മത്തനെക്കാൾ നന്നായിരിക്കുകകൂടി ചെയ്യും.

മൂന്നാമൻ:—"നിങ്ങളുടെ ഈ രണ്ടു് അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നില്ല. കെട്ടഴുകിയ സ്ഥൂലഭാഗത്തെ പരിത്യജിക്കുക തന്നെ വേണം. എന്നാൽ പുരാതയമായ ബീജം അതിൽ അഴുകാതെ കിടപ്പുണ്ടു്. അതെടുത്തു് അച്ഛൻ കൃഷിചെയ്തതു പോലെ നാമും കൃഷി ചെയ്തു പുതിയ മത്തൻ ഉണ്ടാക്കണം. അതു പൂർവികസ്വത്തായിരിക്കുന്നതിനുപുറമേ ശുദ്ധവും നല്ലതും ആയിരിക്കുന്നതാകുന്നു. കൃമികൾ തിന്നുതീർക്കുന്നതുവരെ ഈ അഴുകിയമത്തനെ സൂക്ഷിച്ചുവെയ്ക്കുന്നതുകൊണ്ടു ഗുണമൊന്നും വരാനില്ല. എന്നുമാത്രമല്ല; കേൾക്കുന്നവരെല്ലാം നമ്മെ പരിഹസിക്കുകയും ചെയ്യും. നമുക്കു് അതുനിമിത്തം ആപല്കരങ്ങളായ രോഗങ്ങൾ പിടിപെട്ടേക്കുവാനും മതി. നമ്മുടെ പൈതൃകമായ സമ്പത്തു നഷ്ടപ്പെട്ടുപോകുകയും ചെയ്യും. ഇതിനെ എടുത്തു ദൂരെക്കളഞ്ഞു വേറേ പുതിയതൊന്നു വാങ്ങുക എന്നുവച്ചാൽ അതും ഇതുപോലെതന്നെ മണ്ടത്തരമായേ ഇരിക്കയുള്ളു. അങ്ങിനെ ചെയ്യുന്നതുകൊണ്ടു നമ്മുടെ പൈതൃകമായ സ്വത്തു നഷ്ടമായിത്തീരുന്നു; പുതിയ മത്തൻ വാങ്ങുന്നതിനു പണം ചെലവാക്കേണ്ടതായി വരുന്നു; അങ്ങിനെ വാങ്ങുന്നതിനെ നമുക്കു നമ്മുടെ സ്വന്തമെന്നു പറയുവാൻ തരമില്ലാതായിത്തീരുന്നു. ഇതിനെല്ലാം പുറമെ അവയും കാലക്രമേണ ചീഞ്ഞഴുകി ചീത്തയായിപ്പോകുകയും ചെയ്യുന്നു. പുതുക്കൽ എന്നതു ജീവിതത്തിന്റെയും അഭിവൃദ്ധിയുടെയും സത്താണു്. കഴിഞ്ഞുപോയതിന്റെ ബീജത്തിൽനിന്നുണ്ടാകേണം വരുവാനുള്ളതിനെ സൃഷ്ടിക്കുവാൻ. പുതിയതിന്റെ വേരുകൾ ഭൂതത്തിൽ ഉറച്ചുനില്ക്കേണ്ടതും തന്നെ. കാലസ്ഥിതിക്കു് അനുസരണമായി വളങ്ങൾ വ്യത്യാസപ്പെട്ടത്താംഎന്നേയുള്ളൂ. ഫലങ്ങളെ ഗുണപുഷ്ടങ്ങളാക്കിത്തീർക്കുവാൻ 'ഒട്ടൽവെയ്ക്കൽ' സമ്പ്രദായം കൂടെ പ്രയോഗിക്കുന്നതിനും വിരോധമില്ല."

മൂന്നാമത്തെ സഹോദരന്റെ ഈ അഭിപ്രായം മററു രണ്ടു സഹോദരന്മാരും സ്വീകരിച്ചു.

## ൧൱൨൯. ഉചിതമായ ഉപദേശം.

ഒരു ദിക്കിൽ മണ്ടശ്ശിരോമണിയായ ഒരു ബാലൻ ഉണ്ടായിരുന്നു. ധനികന്മാരായ മാതാപിതാക്കന്മാരുടെ ഏകസന്താനമാണവൻ. അവർ വളരെ ലാളിച്ചാണു പുത്രനെ വളൎത്തിക്കൊണ്ടുവന്നതു്. മിടുക്കന്മാരായ അദ്ധ്യാപകന്മാരെ ഏൎപ്പെടുത്തി പഠിപ്പിച്ചിട്ടും ആ കുട്ടി ഒന്നും പഠിച്ചില്ല. ശ്രദ്ധവെയ്ക്കായ്കയും പഠിക്കായ്കയും ഒന്നും അല്ല. എത്രപഠിച്ചാലും മണ്ടയിൽ കയറുകയില്ല എന്നേയുള്ളു. ഒടുവിൽ ആ രാജ്യത്തിൽ കിട്ടാവുന്നതിൽവെച്ചു ഏററവും സമൎത്ഥനായ ഒരു അദ്ധ്യാപകനെ നിയമിച്ചുനോക്കി. അതുകൊണ്ടും പ്രയോജനമേതും ഉണ്ടായില്ല. ആ അദ്ധ്യാപകൻെറ ആറുമാസത്തെ ശിക്ഷണത്തിനുശേഷം, ഒരുദിവസം പിതാവു പുത്രനെ വിളിച്ചു നൂറിനെ ഏഴുകൊണ്ടു ഹരിക്കുവാൻ പറഞ്ഞു. കുട്ടിയ്ക്കു കിട്ടിയ ഉത്തരം 113. 2/7 ആയിരുന്നു. അതുകണ്ടു പിതാവു വിഭ്രാന്തനായി, അത്ഭുതമോ വ്യസനമോ നൈരാശ്യമോ ഏതാണു മുന്നിൽകടന്നു നിന്നതെന്നു ദൈവത്തിനുമാത്രം അറിയാം. ആ കുട്ടി ചെയ്തവഴി ഇങ്ങനെ ആയിരുന്നു:—

7 ) 100 (113. 2/7
7
———
93
91
———
2
———

ഇതുകണ്ടു പുത്രവത്സലനായ പിതാവു് അദ്ധ്യാപകനോടു ചോദിക്കുകയാണു്:—"അവനെന്താ തകരാറു്. ഞങ്ങൾ സമൎത്ഥന്മാരായ ഉപാദ്ധ്യായന്മാരെ നിയമിച്ചുനോക്കി. നല്ലനല്ല പുസ്തകങ്ങൾ വാങ്ങിക്കൊടുത്തുനോക്കി. നല്ലനല്ല കൂട്ടുകാരെ ശട്ടംകെട്ടിക്കൊടുത്തുനോക്കി. നല്ലനല്ല ഉപദേശങ്ങൾ കൊടുത്തുനോക്കി. ഇതുകൊണ്ടൊന്നും അവൻ നേരേയാകുന്നമട്ടല്ല കാണുന്നതു്. അവൻെറ ന്യൂനത നമുക്കു എങ്ങിനെ പരിഹരിക്കാം?"

"അവൻെറ തല ഒന്നു മാററിക്കൊടുക്കുക. അതാണു് അവനു് ആവശ്യം എന്നായിരുന്നു സംക്ഷുബ്ധനായ അദ്ധ്യാപകൻെറ മറുപടി,

## ൧൮൦ അതിലും കഷ്ടാവസ്ഥ

---

ഒരു യാചകൻ വഴിയരികിൽ ഇരുന്നു് അവൻെറ അവസാനമില്ലാത്തതും ദയനീയവും ആയ യാചനാധോരണികൊണ്ടു നിർബന്ധബുദ്ധിയായി യാത്രക്കാരെ നിതരാം അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. ഒരുദിവസം ആവഴി കടന്നുപോയ ഒരുകൂട്ടം യാത്രക്കാരെതടഞ്ഞുനിൎത്തി, ഭിക്ഷ യാചിച്ചുകൊണ്ടു് അവൻ പറയുകയാണു്;— യജമാനന്മാരെ, ഒന്നും ഇല്ലാത്തവനാണേ ഞാൻ. യാതൊന്നും ഇല്ലാത്തവനാണേ ഞാൻ. എനിക്കു വല്ലതും തന്നുപോകണേ. ഞാൻ മഹാ കഷ്ടാവസ്ഥയിലാണു്. എന്നെക്കാൾ ദയനീയമായ കഷ്ടാവസ്ഥയിൽ വല്ലവരും ഉണ്ടോ?

ഇതുകേട്ടു യാത്രക്കാരിൽ ഒരാൾ:—'ഉണ്ടേ ഉണ്ടു്. ധാരാളം പേരുണ്ടു്. നിനക്കു് ഒന്നും ഇല്ലായ്ക, എന്നതുണ്ടല്ലോ. കടവും ഇല്ല ധനവും ഇല്ല. അതെത്ര വലിയ കാൎയ്യം. എന്നാൽ ധനമൊന്നും ഇല്ലാതെയും, കടം ധാരാളം ഉണ്ടായും ഉണ്ടു് പലരും. നീ അവരെക്കാളെല്ലാം വളരെവളരെ ധന്യൻതന്നെ, അല്ലെങ്കിൽ ധന്യനായിരിക്കേണ്ടവൻതന്നെ."

ഒന്നാം ഭാഗം സമാപ്തം.

171510
39499
O:3M99:11
32J4.1

---

UNIVERSITY LIBRARY
14 SEP 1955
MADRAS.

S

9 DEC 1955